കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ജൂലൈ 27, ചൊവ്വ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 185 - നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ജൂലൈ 27, ചൊവ്വ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി	: ശ്രീ. അഹമ്മദ് ദേവർകോവിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. ആന്റണി രാജു
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി	: ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും വകുപ്പുമന്ത്രി	: ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

II. അടിയന്തരപ്രമേയം

കോവിഡ് മൂലമുള്ള പ്രതിസന്ധി

(അവതരണാനുമതി നിഷേധിച്ചു)

III. ശ്രദ്ധക്ഷണിക്കൽ

(1) പ്രീപ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ

- ശ്രീ. ഇ. ചന്ദ്രശേഖരൻ

(2) അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ്

- ശ്രീ. എ. കെ. എം. അഷ്റഫ്

IV. സബ്മിഷൻ

(1) ബയോഡാറ്റയിലെ വ്യാജ വിവരങ്ങൾ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) ദേശീയ ജലപാത

- ശ്രീ. പി. പി. ചിത്തരഞ്ജൻ

(3) ശമ്പളപരിഷ്കരണവും പെൻഷനും

- ശ്രീമതി സി. കെ. ആശ

(4) കടൽഭിത്തി നിർമ്മാണം

- ശ്രീ. എച്ച്. സലാം

(5) വൈവിദ്ധ്യവൽക്കരണം

- ശ്രീ. എം. വിജിൻ

(6) പരിസ്ഥിതിലോല നിയമത്തിന്റെ പരിധി

- ശ്രീ. സണ്ണി ജോസഫ്

(7) തുക ചെലവഴിക്കൽ

- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(8) കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

- ശ്രീ. പി. ടി. എ. റഹീം

(9) കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

- ശ്രീ. ലിന്റോ ജോസഫ്

(10) ഡയാലിസിസ് സെന്റർ

- ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

V. പ്രത്യേക അനുമതി

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

VI. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ - XXXVII – വ്യവസായങ്ങൾ
ധനാഭ്യർത്ഥന നമ്പർ - XXXIX – വൈദ്യുത പദ്ധതികൾ

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ജൂലൈ 27, ചൊവ്വ

വാല്യം 185} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 4

നിയമസഭ 2021 ജൂലൈ മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം ബഹുമാനപ്പെട്ട അംഗങ്ങൾ സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. **വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ...., ഓർഡർ ..... ചോദ്യം നമ്പർ *91

കാർഷിക ഉൽപ്പന്നങ്ങളുടെ വില സ്ഥിരത

1(*91) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി) കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഉത്സവകാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുമായി വിപണി ഇടപെടൽ നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) ഇത്തരം പ്രവർത്തനങ്ങൾക്ക് സംഭരണശാലകളുടെ കുറവ് ഒരു കാരണമായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) സംസ്ഥാനത്ത് കർഷകൻ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. 26/10/2020-ലെ G.O.(Ms) 80/2020/Agri. ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം-പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില അനുബന്ധമായി ചേർക്കുന്നു.[+] കൃഷി വകുപ്പിന്റെ Agriculture Information Management System എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുകയും ചെയ്യുന്നു. ഇങ്ങനെ

+ അനുബന്ധം - I

സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച അടിസ്ഥാന വിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് DBT- യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ ഈ ഇനത്തിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളെയും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ മാർക്കറ്റുകൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങാനും അതിലൂടെ വിലസ്ഥിരത ഉറപ്പാക്കാൻ കഴിയുകയും ചെയ്യുന്നു.

(ബി) ഉത്സവ കാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ

പൊതുവിപണികളിൽനിന്നും ലഭ്യമാകുന്ന അതായത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും പൊതു വിപണിയിലെ വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതുമാണ്. ഹോർട്ടികോർപ്പ്, VFPCK, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സംഭരണം ഏകോപിപ്പിക്കുന്നത്. ഓണം സമൃദ്ധി 2021 നടത്തുന്നതിലേയ്ക്കായി 19/07/2021 -ലെ G.O. (Rt) 602/2021/Agri പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2000 മാർക്കറ്റുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) ഇത്തരം പ്രവർത്തനങ്ങൾക്ക് സംഭരണശാലകളുടെ കുറവുണ്ട്. ആയത് പരിഹരിക്കാൻ ജില്ലാതല സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ വാങ്ങുന്നതിന് 112 ലക്ഷം രൂപയുടെ ഭരണാനുമതിയും കണ്ടെയ്നർ മോഡൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് 252 ലക്ഷം രൂപയുടെ ഭരണാനുമതിയും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വിപണന വാഹനം സജ്ജമാക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

സംഭരിച്ച ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുപയോഗിച്ച് വകുപ്പുവഴിയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴിയും സംഭരണശാലകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിച്ച് (എഫ്.പി.ഒ.) ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചുവരുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, തറവില പ്രഖ്യാപിച്ചിട്ട് ഏകദേശം 10 മാസം കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിച്ചു. തങ്ങളുടെ കാർഷികോൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ മതിയായ വില ലഭിക്കാതെവന്നാൽ അതിന് താങ്ങുവില നിശ്ചയിച്ച് സർക്കാർ പച്ചക്കറിയുൾപ്പെടെയുള്ളവ സംഭരിക്കുമെന്ന് പറയുന്നത് വളരെ ആശ്വാസമായാണ് കണക്കാക്കിയെങ്കിലും ഇതുവരെ ഇതിന്റെ പ്രയോജനം കേരളത്തിലെ കർഷകർക്ക് ലഭിച്ചിട്ടില്ല. പത്ത് മാസങ്ങളിലായി ജില്ലാതലത്തിൽ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനാളില്ലാതെ വലിയ

പ്രതിസന്ധി നേരിടുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കൃഷിക്കാർക്ക് പ്രയോജനംകിട്ടുന്ന വിധത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി താങ്ങുവില നിശ്ചയിച്ച് സംഭരിക്കുന്നതിനൊക്കെ സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചെങ്കിലും അതിനനുസരിച്ച് താഴെത്തട്ടിലേയ്ക്ക് ക്രമീകരണങ്ങളുണ്ടായിട്ടില്ല. എന്നാൽ സർക്കാരിന്റെ ഈ പ്രഖ്യാപനത്തിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കൃഷിക്കാർ ഈ രംഗത്ത് താൽപ്പര്യപൂർവ്വം മുന്നോട്ട് വരികയുംചെയ്തുവെങ്കിലും അതനുസരിച്ച് സഹായിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; നിശ്ചയിച്ച തറവിലയ്ക്കനുസരിച്ചുതന്നെ ഉൽപ്പന്നങ്ങളുടെ സംഭരിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമാക്കുമോ; ജില്ലാതലത്തിൽ ഇപ്പോഴുള്ള സംഭരണത്തിന് ഉത്തരവാദികളില്ലാത്ത വിധത്തിൽ നിൽക്കുന്ന ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇന്ത്യയിൽ ആദ്യമായിട്ടാണ് പഴം-പച്ചക്കറികൾക്ക് സംഭരണവില നിശ്ചയിക്കുന്ന സംവിധാനം പ്രാവർത്തികമാക്കിയത്. നമ്മുടെ മുമ്പിൽ യാതൊരു തരത്തിലുള്ള

മാതൃകകളും ഉണ്ടായിരുന്നില്ല. രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിലേയ്ക്ക് ഇത് നടപ്പാക്കാൻ സാധിച്ചു. കേന്ദ്രസർക്കാർ കണക്കുകൂട്ടിയിരുന്ന മാനദണ്ഡങ്ങളിൽ നമ്മുടേതായ കൂടുതൽ ആനുകൂല്യങ്ങൾകൂടി ചേർത്ത് പുതിയൊരു രീതി അവലംബിക്കുകയായിരുന്നു. നിരവധി കർഷകർ Agriculture Information Management System (AIMS) എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ഇടനിലക്കാരോ മറ്റാളുകളോ തങ്ങളുടെ ആനുകൂല്യങ്ങൾ അപഹരിച്ചുകൊണ്ടുപോകാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തിയപ്പോൾ 61225 പഴം-പച്ചക്കറി കർഷകരാണ് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തത്. അതിന്റെ അർത്ഥം കർഷകർ ഈ രംഗത്തേയ്ക്ക് താല്പര്യപൂർവ്വം മുന്നോട്ട് വരുന്നുണ്ടെന്നതാണ്. ജനപ്രതിനിധികളുൾപ്പെടെയുള്ളവർ നല്ലരീതിയിൽ പരിശ്രമിച്ചാൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്താൻ കഴിയും. സംഭരണത്തിലും അടിസ്ഥാനവില സംബന്ധിച്ചും അടുത്തകാലത്തുണ്ടായ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കാലവർഷക്കെടുതികളാണ്. നമ്മുടെ നിയന്ത്രണത്തിലല്ലാത്ത ഇത്തരം പ്രശ്നങ്ങളുടെ പേരിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നിരവധിയുണ്ട്. മാത്രമല്ല, സംഭരണത്തിന്റെ കാര്യത്തിൽ, പഴങ്ങളും പച്ചക്കറികളും കൂടുതൽ നാൾ കേടുകൂടാതെ ഇരിക്കുന്നില്ലെന്നുള്ളതുകൊണ്ടുതന്നെ അവയെ അത്തരത്തിൽ

സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വില നിശ്ചയിച്ചതിന്റെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നുണ്ടെന്നുള്ളതാണ് യാഥാർഥ്യം. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 4907 ഹെക്ടർ തരിശ്ശു ഭൂമിയിൽ കൃഷി ചെയ്യുവെന്ന് പറയുന്നത് സംസ്ഥാന സർക്കാരിന്റെ ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള കൃഷിയെക്കുറിച്ചാണ്. അപ്പോൾ അത്രയും ആനുകൂല്യം ഈ നാട്ടിൽ കർഷകർക്ക് ലഭിച്ചുവെന്നുള്ളതാണ് ഇതിൽനിന്നെല്ലാം മനസ്സിലാവുന്നത്. ഇവിടെ ആദ്യമായി നടപ്പിലാക്കിയ ഒരു പദ്ധതിയെന്നനിലയ്ക്ക് ഏതെങ്കിലുംതരത്തിൽ പോരായ്മകളോ കുറവുകളോ ശ്രദ്ധയിൽപ്പെട്ടാൽ അതെല്ലാം പരിഹരിക്കുന്നതിന് യാതൊരു മടിയുമുണ്ടാകുകയില്ല. സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ കഴിയുന്ന എല്ലാകാര്യങ്ങളും ഇതിനുള്ളിൽനിന്നുകൊണ്ട് ചെയ്യാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഏതെങ്കിലും വിളകളുമായിട്ടുണ്ടാകുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് അടിയന്തരമായി ഇടപെട്ട് അത് പരിഹരിക്കുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത് ജനപ്രതിനിധികളെല്ലാവരും ഇക്കാര്യത്തിൽ സഹകരിക്കണമെ

ന്നാണ്, ഞങ്ങളെല്ലാം സഹകരിച്ചിരുന്നു. എന്നാൽ ഇപ്പോൾ വലിയ ഉപദ്രവമാകുന്നു, കൃഷിക്കാരോട് സമാധാനം പറയാൻ പറ്റുന്നില്ല. ഇത് ആദ്യമായി ആരംഭിച്ച പദ്ധതിയാണെന്ന് അങ്ങ് പറഞ്ഞു. എന്നാൽ പദ്ധതിയുടെ പ്രയോജനം യഥാർത്ഥ കൃഷിക്കാരന് ലഭിക്കണം. ഞാൻ ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട കുറുപ്പന്തറ കേന്ദ്രമായാണ് വിവിധ ക്ലസ്റ്ററുകളിൽനിന്നുള്ള പച്ചക്കറികൾ സംഭരിക്കുന്നത്. കഴിഞ്ഞ 10 മാസംകൊണ്ട് സംഭരിച്ച ഉൽപ്പന്നങ്ങളുടെ വില കർഷകർക്ക് നൽകിയിട്ടില്ല. ഹോർട്ടികോർപ്പ് ഒരു സംരംഭം ആദ്യം ഉണ്ടാക്കി, ഇപ്പോൾ തിരിഞ്ഞുനോക്കുന്നില്ല. സംഭരിച്ച ഉൽപ്പന്നങ്ങളുടെ തുക ഇതുവരെ കൊടുക്കാത്തതുകൊണ്ട് 10 മാസമായി കർഷകർ നട്ടംതിരിയുകയാണ്, അങ്ങ് ഈ പ്രശ്നം ഗൗരവമായി കാണണം. ഇത് ഇന്ത്യയിലാദ്യമായി കേരളത്തിൽ നടപ്പാക്കി, നല്ല കാര്യം. പക്ഷേ ഇത് കർഷകന് ഗുണംചെയ്യാതെ ഉപദ്രവമാകുന്ന സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കണം. ഹോർട്ടികോർപ്പ് വഴി കൃഷിക്കാരിൽനിന്ന് സംഭരിച്ച പച്ചക്കറി ഉൾപ്പെടെയുള്ളവയുടെ തറവില നിശ്ചയിച്ച ഇനങ്ങൾക്കെല്ലാം

തുക എത്രയുംപെട്ടെന്ന് കൊടുത്തുതീർക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോയെന്ന് അങ്ങ് വ്യക്തമാക്കണം.

<u>ശ്രീ. പി. പ്രസാദ്</u>: സർ, സംഭരണത്തിന്റെ കാര്യത്തിൽ കുറച്ച് സ്ഥലങ്ങളിൽ മാത്രമാണ് പ്രശ്നങ്ങളുള്ളത്. സംഭരിച്ച മുഴുവൻ പച്ചക്കറികളുടെയും തുക കർഷകർക്ക് കൊടുത്തുതീർക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. ചിലയിടങ്ങളിൽ അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിലാദ്യമായി ഇത്തരമൊരു പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വിപുലമായ ആലോചനായോഗങ്ങൾ - ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ബാങ്ക് പ്രതിനിധികളുടെയും യോഗങ്ങൾ ചേർന്നു. സംഭരണത്തിന്റെ കാര്യത്തിൽ ശക്തമായ സംവിധാനം കേരളത്തിൽ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇത് തുടരുകയും ചെയ്യും. പണം നൽകുന്നതിന് നേരിട്ട കാലതാമസം ഒഴിവാക്കി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണിയും യു.ഡി.എഫ്.-ഉം ഒരു കിലോഗ്രാം

റബ്ബറിന്റെ സംഭരണ വില 250 രൂപയാക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അതുപോലെ നാളികേരത്തിന് ഇപ്പോഴത്തെ സംഭരണ വില 32 രൂപയാണ്. മാർക്കറ്റിൽ ഒരു കിലോ നാളികേരത്തിന് 35 രൂപയുണ്ട്. റബ്ബറിന്റെ മിനിമം പ്രൈസ് കിലോഗ്രാമിന് 250 രൂപയും നാളികേരത്തിന് 40 രൂപയുമാക്കി ഉയർത്തി കർഷകർക്ക് പ്രയോജനം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ നാളികേര സംഭരണത്തിന് നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയാണ് മാർക്കറ്റിലുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിൽ അടിയന്തരയോഗം ചേർന്ന് നാളികേരം സംഭരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ എല്ലായിടത്തും ഒരുപോലെ നാളികേരത്തിന്റെ വില കുറഞ്ഞതായിട്ടല്ല ബോദ്ധ്യപ്പെട്ടിട്ടുള്ളത്. വില കുറയുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ഉദ്യോഗസ്ഥരുടെ യോഗംചേർന്ന് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാൻ കേരഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ നാഫെഡ് (NAFED)-ന്റെ പ്രതിനിധികളുമുണ്ടായിരുന്നു. ഓരോ തവണയും വില കുറഞ്ഞ്, വിലത്തകർച്ചയിലേയ്ക്കെത്തുമ്പോൾ ഇത്തരത്തിലുള്ള ഇടപെടലുകളുടെ

ഭാഗമായി മാർക്കറ്റിൽ വിലകൂടുന്നുവെന്നുള്ളതാണ് അനുഭവം. അപ്രകാരമുള്ള ഇടപെടൽ നാളികേരത്തിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. റബ്ബർ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ അല്ലെങ്കിൽപ്പോലും കേരളത്തിന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടും റബ്ബറിന്റെ കാര്യത്തിൽ സഹായിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കേരളം അങ്ങനെയൊരു നിലപാട് സ്വീകരിച്ചതുകൊണ്ട് റബ്ബറിന്റെ വില 150 രൂപയിൽനിന്നും 170 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന തീരുമാനം നടപ്പിലാക്കുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സംഭരിച്ച പച്ചക്കറികളുടെ വിലനൽകുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. (VFPCK) എന്നീ സ്ഥാപനങ്ങളുടെ ലക്ഷ്യം കർഷകരിൽനിന്നും പച്ചക്കറികളും പഴങ്ങളും സംഭരിക്കുകയെന്നുള്ളതാണ്. ഹോർട്ടികോർപ്പ് തമിഴ്നാടിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറികൾ കൊണ്ടുവന്ന് ഇവിടെ വിൽപ്പന നടത്തുന്നുവെന്നത് ഇതിനുമുൻപും ലഭിച്ചിട്ടുള്ള ഒരു പരാതിയാണ്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം സർക്കാർ മോണിറ്റർ ചെയ്യുന്നുണ്ടോ; ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ തുടർച്ചയായി വരുമ്പോൾ അതിനെതിരെ എന്ത് നടപടി

സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, പച്ചക്കറിക്കടയിലേയ്ക്ക് ഒരാൾ പോയാൽ അവർക്കാവശ്യമായ സാധനങ്ങളുടെ ലിസ്റ്റിൽ ഉരുളക്കിഴങ്ങ്, സവാള ഇങ്ങനെ പറഞ്ഞാണ് ഇനങ്ങൾ വാങ്ങാൻ തുടങ്ങുന്നത്. ഉരുളക്കിഴങ്ങും സവാളയും കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവന്നേ മതിയാവൂ. അതൊന്നും കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന വിളകളുടെ കൂട്ടത്തിൽ വരുന്നതല്ല. അതുകൊണ്ട് സ്റ്റാളുകൾ തുടങ്ങുമ്പോൾ ഇവിടെയുള്ള കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾമാത്രം വില്പന നടത്തുന്നത് ബുദ്ധിമുട്ടാണ്. കേരളത്തിന് പുറത്തുനിന്നും ചിലയിനങ്ങൾ നമുക്ക് സ്വീകരിക്കേണ്ടിവരുമെന്ന യാഥാർത്ഥ്യം ഗൗരവതരമായി കാണണം. രണ്ട്, കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിൽ യാതൊരു വിധത്തിലുള്ള പോരായ്മകളുണ്ടാകാനും പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന്, ഹോർട്ടികോർപ്പിൽ കൃഷി വകുപ്പിന്റെ നേരിട്ടുള്ള പരിശോധനയുണ്ടാകുമോ എന്ന് ബഹുമാനപ്പെട്ട അംഗം ചോദിച്ചു. ഇപ്പോൾ കേരളത്തിലെ മുഴുവൻ ജില്ലകളിലും ഇതിന്റെ ഏറ്റവും പ്രമുഖമായ ചുമതലകൾ നിർവ്വഹിക്കാൻ കൃഷി വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരിക്കുന്നത്. പതിനാല് ജില്ലകളിലേയ്ക്കും ഓരോ അസിസ്റ്റന്റ് ഡയറക്ടർമാരെ പ്രത്യേകം ചുമതലപ്പെടുത്തി അവരുടെ

നിയന്ത്രണത്തിലാണ് അതാത് ജില്ലകളിലെ ഹോർട്ടികോർപ്പിന്റെ പ്രവർത്തനം നടക്കുന്നത്. അതിനാൽ സംഭരണത്തിന്റെയും വിപണനത്തിന്റെയും കാര്യത്തിൽ കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണം ഇപ്പോൾ സാധ്യമാക്കിയിട്ടുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: സർ, റബ്ബറിന്റെ ഇപ്പോഴത്തെ മാർക്കറ്റ് വില 172 രൂപയാണ്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന തറവിലയായ 170 രൂപ 200 രൂപയെങ്കിലും ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇപ്പോഴത്തെ രീതിയിൽ സംസ്ഥാന സർക്കാരിന് ഞാൻ നേരത്തേ പറഞ്ഞ തുക നൽകാൻ മാത്രമേ സാധിക്കൂ എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. ഡി. കെ. മുരളി: സർ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളിലെ പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെടുത്താനാണ് എന്റെ ഉപചോദ്യം. നമ്മുടെ നാട്ടിൽ ക്ലസ്റ്ററുകളിൽനിന്നും കൃഷിക്കാരുടെ കൂട്ടായ്മകൾ കാർഷിക വിഭവങ്ങൾ പ്രാദേശിക വിപണികളിലൂടെ സംഭരിച്ച് ഹോർട്ടികോർപ്പിനും വി.എഫ്.പി.സി.കെ.-യ്ക്കും നൽകുന്നുണ്ട്. കൃഷിക്കാർക്ക് നേരിട്ട് വിലനൽകാൻ സർക്കാരെടുത്ത തീരുമാനം ശ്ലാഘനീയമാണ്. കൃഷിക്കാർക്ക് യഥാർത്ഥ വില ലഭ്യമാകുകയും ചെയ്യും. എന്നാൽ ഇക്കാര്യത്തിൽ

വിപണികൾ മുഖാന്തരം സംഭരിക്കുകയും ആ വില കൃഷിക്കാർക്ക് നൽകുകയും ചെയ്യുന്നുണ്ടെങ്കിലും പ്രതിഫലം നേരിട്ട് കൃഷിക്കാർക്ക് ലഭ്യമാകുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പ്രസാദ്: സർ, കർഷകർക്ക് അവരുടെ ഉല്പന്നത്തിന്റെ വില കൃത്യമായി ലഭിക്കണമെന്നതിൽ സർക്കാരിന് ശാഠ്യമുണ്ട്. ശ്രദ്ധയിൽപ്പെടുന്ന ഇത്തരം കാര്യങ്ങൾ പരിശോധിച്ച് പരിഹരിക്കാൻ കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകരെ സഹായിക്കുക എന്നതിനപ്പുറത്തേയ്ക്ക് കർഷകർക്ക് ഏതുസഹായവും കൃത്യമായി എത്തിക്കുക എന്നുള്ളതാണ് സർക്കാർ നിലപാട്. ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളെല്ലാം പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദേശ രാജ്യങ്ങളിൽനിന്നും പച്ചക്കറി, പഴം, മത്തി മീൻ വരെ ഇംപോർട്ട് ചെയ്യുമ്പോൾ നമ്മുടെ സ്വന്തം ഉല്പന്നങ്ങൾ വിൽക്കാൻ കഴിയാതെ പലപ്പോഴും നശിച്ചുപോകുന്നു. ഇത് സ്റ്റോർ ചെയ്യുന്നതിനായി ചില്ലറില്ല, കോൾഡ് സ്റ്റോറില്ല എന്നുള്ളതാണ് പ്രധാനപ്പെട്ടൊരു കാരണം. പാലക്കാട് വ്യവസായ പാർക്കിൽ ഏകദേശം 5000 ടൺ സംഭരണശേഷിയുള്ള ഒരു കോൾഡ് സ്റ്റോർ രണ്ടരവർഷം മുൻപ് ഉദ്ഘാടനം ചെയ്തുവെങ്കിലും ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അതുപോലെ ഒരു ലക്ഷം കോടി രൂപയുടെ സഹായ പാക്കേജാണ് കഴിഞ്ഞ വർഷം രണ്ടാമത്തെ ഫിനാൻസ് പാക്കേജിൽ കേന്ദ്ര സർക്കാർ കൃഷി വകുപ്പിനുവേണ്ടി പ്രഖ്യാപിച്ചത്. അതിൽനിന്നും സംസ്ഥാന സർക്കാരിന് എത്ര തുക ലഭിക്കും; ഏതെല്ലാം സ്ഥലങ്ങളിൽ ഇതുപോലുള്ള സ്റ്റോറുകൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പാലക്കാടുള്ള കാര്യം പരിശോധിക്കുന്നതാണ്. നിരവധി കാര്യങ്ങൾ കേന്ദ്ര സർക്കാർ ഇതുമായി ബന്ധപ്പെടുത്തി പറയുന്നുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ, പഴം ഉൾപ്പെടെയുള്ളവ കൂടുതൽ ദിവസങ്ങളിൽ സംഭരിച്ചുവയ്ക്കാൻ സംഭരണശാലകളില്ലാത്തതിനാൽ ബുദ്ധിമുട്ടുണ്ട്. ശീതീകരിച്ച സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 150 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾകൂടി വരുമ്പോൾ സംഭരിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റുന്നതിനുള്ള സംവിധാനമുണ്ടാകും. കേരളത്തെ അഞ്ച് അഗ്രോ ഇക്കോളജിക്കൽ സോണുകളായി തിരിച്ച് അതിനെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായിമാറ്റി അവിടെ ഓരോയിടങ്ങളിലും പ്രത്യേകമായി കൃഷി ഏതൊക്കെയാണ് വേണ്ടതെന്ന് കണക്കുകൂട്ടി, കാലാവസ്ഥയുടെയും

ഭൂപ്രകൃതിയുടെയും അടിസ്ഥാനത്തിൽ പ്രത്യേകമായ വിളകൾ അവിടങ്ങളിൽ കൃഷിചെയ്യുമ്പോൾ ആ മേഖലകളുമായി കേന്ദ്രീകരിച്ച് കൂടുതൽ സംഭരണകേന്ദ്രങ്ങൾ രൂപീകരിക്കുന്ന കാര്യമാണ് സർക്കാർ ആലോചിക്കുന്നത്. സംഭരണത്തിന്റെയും വിപണനത്തിന്റെയും കാര്യത്തിൽ ശാസ്ത്രീയമായ രീതി അവലംബിച്ച് നടപ്പാക്കും. കേന്ദ്ര സർക്കാരിന്റെ വിവിധ സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് കാര്യങ്ങൾ നടപ്പിലാക്കും.

ശ്രീമതി കാനത്തിൽ ജമീല: സർ, കാർഷിക മേഖലയിൽ സർക്കാർ ഇടപെടുന്നത് വലിയ സഹായമാകുന്നുണ്ട്. നമ്മുടെ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കുടുംബശ്രീ ഉൾപ്പെടെ വലിയ കൂട്ടായ്മകളാണ് കാർഷിക മേഖലയിൽ ഇടപെടുന്നത്. കാർഷിക മേഖലയിൽ വിതയ്ക്കാനും കൊയ്യാനുമുള്ള സൗകര്യങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; കുടുംബശ്രീക്കുവേണ്ടി കോഴിക്കോട് ജില്ലയിലെ തടമ്പാട്ടുതാഴത്തെ ഗോഡൗൺ സ്റ്റോറായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നെല്ലിന്റെ കാര്യത്തിൽ കുടുംബശ്രീ നടത്തുന്ന ഇടപെടലുകളെക്കുറിച്ചാണ്. നമുക്ക്

വലിയ നേട്ടം ഈ മേഖലയിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെല്ലാം നെൽകൃഷി ചെയ്യുന്ന ഇടങ്ങളുടെ വിസ്തൃതി വർദ്ധിച്ചതിനാൽ ഉല്പാദനം നന്നായി കൂടിയിട്ടുണ്ട്. 2011-12 വർഷത്തിൽ 5,68,993 ടൺ നെല്ലാണ് ഉല്പാദിപ്പിച്ചതെങ്കിൽ 2019-20 ആകുമ്പോഴേയ്ക്കും അത് 60,55,041 ടൺ എന്ന കണക്കിലേയ്ക്കെത്തി. ഇത്തരത്തിൽ വലിയ വർദ്ധനവുണ്ടാകുന്നത് കുടുംബശ്രീ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ നല്ല ഇടപെടലുകൾ ഈ രംഗത്തുണ്ടായി എന്നതിന് തെളിവാണ്. തീർച്ചയായും തൊഴിലുറപ്പുപോലുള്ള കാര്യങ്ങൾ ഇതിൽ എങ്ങനെയെല്ലാം ഉൾപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഇവിടെ ഉന്നയിച്ച കോഴിക്കോട് ജില്ലയിലെ ഗോഡൗണിന്റെ കാര്യം പരിശോധിക്കാം.

<u>ശ്രീ. ടി. സിദ്ദിഖ്:</u> സർ, വയനാട്ടിലെ കർഷകർ ഏറെ ബുദ്ധിമുട്ടോടുകൂടി കടന്നുപോകുകയാണ്. ഇവിടെ പ്രതിപാദിച്ച സംഭരണവിലയും മാർക്കറ്റ് വിലയും കർഷകന്റെ യഥാർത്ഥ അവസ്ഥയും തമ്മിൽ വലിയ അന്തരമുണ്ട്. ഒരു കിലോഗ്രാം മരച്ചീനിക്ക് 12 രൂപ സർക്കാർ തീരുമാനിച്ചപ്പോൾ മാർക്കറ്റിൽ കർഷകൻ മൂന്ന് രൂപയ്ക്കും നാല് രൂപയ്ക്കും വെറുതേയും കൊടുക്കുന്ന അവസ്ഥയാണ്. വാഴക്കുലയ്ക്ക് സർക്കാർ തീരുമാനിച്ചത് മറ്റ് ജില്ലകളിൽ 30 രൂപയും വയനാട് വാഴക്കുലയ്ക്ക് 24 രൂപയുമാണ്. ഒരു ജില്ലയിലെ

ആയിരക്കണക്കിന് കർഷകരോട് ചെയ്യുന്ന വലിയ അനീതിയാണ്. ഒരു കാരണവശാലും മുന്നോട്ടുകൊണ്ടുപോകാൻ പാടില്ലാത്തതാണ്. വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് ഉൾപ്പെടെ സംഭരണം ചെയ്യുകൊണ്ടിരിക്കുന്നു. 75000 ടൺ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുമ്പോൾ 100 ടണ്ണാണ് സംഭരിക്കുന്നത്. കർഷകർ എന്തുചെയ്യുമെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായ സമീപനം സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, നമ്മൾ ഇതിനെല്ലാം അടിസ്ഥാനവില നിശ്ചയിച്ചത് സംബന്ധിച്ച് ഞാൻ നേരത്തെതന്നെ സഭ മുമ്പാകെ പറഞ്ഞതാണ്, ഇന്ത്യാ ഗവൺമെന്റിന്റെ മെത്തഡോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇവിടെ രൂപീകരിച്ചിട്ടുള്ളത്. വിത്ത്, വളം മുതലായ ഉൽപ്പാദനോപാധികൾക്ക് വേണ്ടിവരുന്ന ചെലവിനെ കണക്കാക്കുന്ന 'എ 1 ' എന്ന കാറ്റഗറിയിൽപ്പെടുന്ന ഒന്നുണ്ട്, അത് ഇൻപുട്ട് കോസ്റ്റ് എന്നാണ് കണക്കുകൂട്ടുന്നത്. രണ്ടാമത്തേത്, എ 1-ന്റെ കൂടെ പാട്ടക്കുലിയും ചേർക്കുന്ന 'എ 2' എന്നൊരു കാറ്റഗറിയാണ്. ഇതോടൊപ്പം എ 2-ന്റെ കൂടെ കുടുംബത്തിന്റെ ഇൻവോൾവ്മെന്റുകൂടി ചേർക്കുന്ന മറ്റൊന്നുണ്ട്. ഇതാണ് കേരളം കൈക്കൊണ്ടിട്ടുള്ള രീതി. കോസ്റ്റ് ഓഫ് പ്രൊഡക്ഷന്റെ കാര്യത്തിൽ ഞാൻ പറഞ്ഞ എ 2 + ഫാമിലി ലേബറിനെ

കൂടെ കൂട്ടുന്നതും അങ്ങനെ കണക്കുകൂട്ടുന്ന ഉൽപ്പാദനച്ചെലവിന്റെകൂടെ 20 ശതമാനംകൂടി ഉൾപ്പെടുത്തിയിട്ടാണ് ബേസ് പ്രൈസ് കേരളത്തിൽ നിശ്ചയിച്ചിട്ടുള്ളത്. ഉൽപ്പാദനക്ഷമതയുംകൂടി കണക്കാക്കുമ്പോൾ വയനാടൻ നേന്ത്രന്റെ കാര്യത്തിൽ വ്യത്യാസമുണ്ടെന്ന് പറഞ്ഞത് ശരിയാണ്. വയനാട്ടിലെ കർഷകരോടുള്ള അനീതിയുടെ ഭാഗമായിട്ടല്ല അങ്ങനെയൊരു വ്യത്യാസം വന്നത്. കണക്കുകൂട്ടലിന്റെ, നമ്മൾ ശാസ്ത്രീയമായി സ്വീകരിച്ച നിലപാടിന്റെ ഭാഗമായിട്ടാണ്. വയനാട്ടിൽ ഉൽപ്പാദനക്ഷമത കൂടുതലാണ്, ഉൽപ്പാദനക്ഷമത കൂടുമ്പോൾ ചെലവ് കുറയുന്നുവെന്നാണ് ആനുപാതികമായി കണക്കുകൂട്ടിയിട്ടുള്ളത്. അല്ലാതെ വയനാട്ടിലെ ജനങ്ങളോട് എന്തെങ്കിലുമൊരു എതിർപ്പ് അല്ലെങ്കിൽ താൽപ്പര്യമില്ലായ്മയുടെ ഭാഗമായിട്ടാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. അങ്ങനെ ഒരു ജനതയോട് താൽപ്പര്യക്കുറവുള്ളതിന്റെ പേരിലല്ല. ഉൽപ്പാദനക്ഷമത കൂടുതലാകുന്നതിനാൽ ചെലവ് കുറയുന്നുവെന്ന് കണക്കാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ബേസ് പ്രൈസ് കുറഞ്ഞിട്ടുള്ളത്. പൊതുവെ വയനാടൻ നേന്ത്രന് വിപണിമൂല്യം കുറവുണ്ട് എന്നുള്ളതുകൂടി മനസ്സിലാക്കണം. അക്കാര്യത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിശോധിക്കുന്നതായിരിക്കും. അല്ലാതെ വയനാടിനോട് ഒരു

വിവേചനവും ഇക്കാര്യത്തിൽ കാണിച്ചിട്ടേയില്ല.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> സർ, സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നല്ലതോതിൽ കാർഷിക ഉൽപ്പന്നങ്ങൾ ഇത്തവണയുണ്ടായി. അതിലേറ്റവും പ്രധാനമായി മലബാർ മേഖലയിൽ വന്നത് കപ്പയാണ്. അതുപോലെ മറ്റ് കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികളും പഴവർഗ്ഗങ്ങളും ധാരാളമുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് സംഭരിക്കാനാവശ്യമായ സംവിധാനമില്ലാത്തതുകൊണ്ട് പല കൃഷിക്കാരും ഇത്തവണ കൃഷിയിൽനിന്നും പിറകോട്ടുപോയി. കഴിഞ്ഞവർഷം ഉണ്ടായിരുന്ന അത്രയും കൃഷിക്കാർ ഇത്തവണ ആ രംഗത്തേയ്ക്ക് കടന്നുവന്നില്ല. കഴിഞ്ഞവർഷം ഇത് സംഭരിക്കാത്തതിന്റെ ഫലമായി പല സ്ഥലങ്ങളിലും കൃഷി അങ്ങനെതന്നെ കിടക്കുകയാണ്. ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന്റെ സംവിധാനമുണ്ടെങ്കിലും കാസർഗോഡ് ജില്ലയിൽ അതില്ല. അവിടെ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനും ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

<u>ശ്രീ. പി. പ്രസാദ്:</u> സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വസ്തുതകളെ സർക്കാർ വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. കാസർഗോഡ്

ജില്ലയിൽ ഹോർട്ടികോർപ്പിന് സംഭരണ കേന്ദ്രമില്ലെന്നുള്ളത് വലിയ പരിമിതിയും പോരായ്മയുമായിരുന്നു. കണ്ണൂരിലെ ഹോർട്ടികോർപ്പിന്റെ കേന്ദ്രമാണ് കാസർഗോഡ് ജില്ലയിലെ കർഷകരുടെ വിളകൾ സംഭരിച്ചുകൊണ്ടിരുന്നത്. ആ പ്രശ്നത്തിന് പരിഹാരമുണ്ടാകും. ഉടൻതന്നെ കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ സംഭരണ കേന്ദ്രം ആരംഭിക്കുന്നതാണെന്ന് ഞാൻ ഉറപ്പുനൽകുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എല്ലാ സീസണിലും വലിയ തർക്കങ്ങൾ രൂപപ്പെട്ടുവരികയാണ്. അതിന്റെ പ്രധാന കാരണം കൃഷി ആരംഭിക്കുമ്പോൾത്തന്നെ അതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നില്ലെന്നുള്ളതാണ്. കൃഷി/സിവിൽ സപ്ലൈസ് വകുപ്പുകൾ തുല്യ ഇടപെടൽ നടത്തേണ്ട കാര്യമാണ്. കൊയ്ത്തുകഴിഞ്ഞ് മാസങ്ങളോളം നെല്ല് സൂക്ഷിക്കാൻ കഴിയാത്ത അവസ്ഥ കാരണം കർഷകർ വലിയ നഷ്ടം അനുഭവിക്കുകയാണ്. അതുകൊണ്ട് കർഷകരുടെ വ്യക്തിപരമായ അപേക്ഷ ഇപ്പോൾത്തന്നെ കൃഷി വകുപ്പിൽ സ്വീകരിക്കാനുള്ള നടപടികളാരംഭിക്കണം. അതുപോലെ ഫീൽഡ് അസിസ്റ്റന്റുമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കേണ്ടത് കൃഷി വകുപ്പാണ്. അത്തരത്തിൽ എത്രപേരെ നിയമിച്ചു? ബാക്കിയുള്ളവരെ താൽക്കാലിക

വ്യവസ്ഥയിൽ സിവിൽ സപ്ലൈസ് വകുപ്പ് നിയമിക്കേണ്ടതാണ്. നെല്ല് ഉൽപ്പാദനക്ഷമത വർദ്ധിച്ചതിനെ സംബന്ധിച്ച് മന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞു. ഇപ്പോൾ പാലക്കാട് ജില്ലയിൽ ഒരേക്കറിന് 2,200 കിലോഗ്രാം ആണ് നമ്മുടെ നിബന്ധനപ്രകാരം എടുക്കാവുന്നത്. മിനിമം 3,000 കിലോഗ്രാമെങ്കിലുമാക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ശ്രീ. പി. പ്രസാദ്: തീർച്ചയായും. നെല്ലിന്റെ കാര്യത്തിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിനാവശ്യമായ നെല്ല് അല്ലെങ്കിൽ അരി ഒരിക്കലും സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ചിരുന്നില്ല, സ്വയംപര്യാപ്തതയിലേയ്ക്കെത്തിയിരുന്നില്ല. പഴയകാലത്തിനുശേഷം നമുക്ക് നെൽവയലുകളുടെ വിസ്തൃതി കുറയുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനക്ഷമതകൂട്ടി ഈ പോരായ്മ പരിഹരിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിരുന്നു. അക്കാര്യത്തിൽ നമ്മൾ നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകളുണ്ടാകുന്നതായിരിക്കും. നെൽസംഭരണ സമയത്തെ കർഷകരും മില്ലുകാരും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്.

കാലാകാലങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ യോഗങ്ങൾ ചേർന്നിട്ടാണ് പലപ്പോഴും ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുള്ളത്. പൊതുമേഖലയിൽത്തന്നെ മില്ലുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ പ്രശ്നങ്ങൾ അങ്ങനെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും പാലക്കാടുൾപ്പെടെ കേരളത്തിന്റെ എല്ലാ ഭാഗത്തുമുള്ള നെൽകർഷകർക്ക് എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ശ്രീമതി കെ. കെ. രമ: സർ, കൃഷി ഓഫീസിലെ ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 16 ഉദ്യോഗസ്ഥർ വേണ്ടിടത്ത് ആറുപേർ മാത്രമേയുള്ളൂ. ഇത് ദൈനംദിന പ്രവർത്തനങ്ങളെ താറുമാറാക്കുകയാണ്. കോഴിക്കോട് ജില്ലയിലെ ചോറോട് പഞ്ചായത്ത് ഉദ്യോഗസ്ഥരില്ലാതെ മൂന്നുവർഷമായി പൂട്ടിക്കിടക്കുന്ന അവസ്ഥപോലുമുണ്ടായിരുന്നു. സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നപ്പോൾ തൊട്ടടുത്ത പഞ്ചായത്തിൽനിന്നുള്ള കൃഷി ഓഫീസർക്ക് അധിക ചാർജ്ജ് കൊടുക്കുകയാണുണ്ടായത്. ഇത് രണ്ട് പഞ്ചായത്തിലെയും പ്രവർത്തനത്തെ ബാധിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥരില്ലാത്ത ഈ കുറവ്

പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസിലെ ഏറ്റവും പ്രധാനപ്പെട്ടയാൾ കൃഷി ഓഫീസറും മറ്റൊന്ന് അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാണ്. കൃഷി ഓഫീസർമാരുടെ ഒഴിഞ്ഞുകിടക്കുന്ന നൂറിലധികം തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തണമെങ്കിൽ പി.എസ്.സി.-യിൽനിന്നും എൻ.എ.സി. (Non Availability Certificate) ആവശ്യമായിരുന്നു. സർക്കാർ അക്കാര്യത്തിൽ ഇടപെടൽ നടത്തിയതുമൂലം പി.എസ്.സി.-യിൽനിന്നും എൻ.എ.സി. ലഭിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. രണ്ട്, അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരുടെ ഒഴിവായിരുന്നു. അതും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു, പി.എസ്.സി. ഒരു റാങ്ക് ലിസ്റ്റും തയ്യാറാക്കി. ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ കേസ്സുമായി പോയതിന്റെ അടിസ്ഥാനത്തിൽ ആ പട്ടികയിൽനിന്നും നിയമനം നടത്തുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. അവിടെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താനുള്ള അനുവാദം കൊടുത്തു, ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ

കൃഷിഭവനുകളിലും ഇപ്പോഴുള്ള സ്ട്രെങ്തിനനുസരിച്ച് ക്ലാർക്കുമാർ ഉൾപ്പെടെയുള്ള തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ നിയമനം നടക്കും. കൃഷി ഓഫീസർമാർ, അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാർ എന്നീ തസ്തികകളിലെ നിയമനം ഒന്നരണ്ട് ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാകുമെന്നാണ് കരുതുന്നത്. അടിയന്തരമായി അക്കാര്യം പരിഹരിച്ചിരിക്കും.

<u>ശ്രീ. പ്രമോദ് നാരായൺ:</u> സർ, കേരളത്തിലെ കർഷകരെ സംരംഭകത്വത്തിലേയ്ക്ക് നയിക്കുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ കൃഷി വകുപ്പിന് കഴിഞ്ഞു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാന പങ്കുവഹിക്കുന്ന റബ്ബർ കർഷകരെ സഹായിക്കേണ്ട കേന്ദ്രസർക്കാർ സ്വീകരിക്കുന്ന കർഷകദ്രോഹ സമീപനത്തിനിടയിൽ ശ്രദ്ധേയമായ ഒരു ചുവടുവയ്പായിരുന്നു റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലേയ്ക്കെത്തിക്കാനുള്ള 'സിയാൽ' മാതൃകയിലുള്ള ഒരു കമ്പനി ആരംഭിക്കുമെന്ന പ്രഖ്യാപനം. അതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

<u>ശ്രീ. പി. പ്രസാദ്:</u> സർ, വ്യവസായ വകുപ്പ് അത്തരത്തിലൊരു കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നുള്ളത് അങ്ങേയറ്റം അഭിമാനത്തോടുകൂടി ഞാൻ ഈ

സഭയുടെ മുമ്പാകെ അറിയിക്കുന്നു. വ്യവസായ വകുപ്പ് നേരത്തെ പറഞ്ഞിട്ടുള്ളതുമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കാർഷികോൽപ്പന്ന വർദ്ധനവിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് തുടങ്ങിയവയെല്ലാംകൂടി 10,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. പക്ഷേ ഉൽപ്പാദനരംഗം നോക്കുമ്പോൾ കാര്യമായ ഒരു വർദ്ധനവും വന്നിട്ടില്ല. 10,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടും നാട്ടിലെ ജനങ്ങൾക്കെല്ലാം വിഷമവും പ്രയാസവുമാണ്. പ്രഖ്യാപിച്ച പാക്കേജുകളെല്ലാം ഇപ്പോൾ പത്രത്തിലും പേപ്പറിലുമായി നിൽക്കുകയാണ്. ഇത് ആത്മാർത്ഥതയോടുകൂടി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കൈതച്ചക്ക കർഷകർ വളരെയധികം വിഷമമനുഭവിക്കുകയാണ്, കൈതച്ചക്കകളെല്ലാം പറിച്ചുകളയുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. നമ്മുടെ നാട്ടിലെ കാർഷിക ഉൽപ്പാദനരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാവപ്പെട്ട കർഷകർ അവരുടെ ജീവിതത്തിലെ എല്ലാസൗഭാഗ്യങ്ങളും തകരുന്ന നിലയിലാണ് നിൽക്കുന്നത്. അതിനുവേണ്ടി വളരെ കൃത്യമായ ഒരു പദ്ധതി ആവിഷ്കരിക്കാനും

നടപ്പാക്കാനും ശ്രമിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ കർഷകർ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ പേരിൽ സംതൃപ്തരാണെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം, അതാണ് യാഥാർത്ഥ്യം. അത് ഗൗരവത്തോടുകൂടി കാണണമെന്നുമാത്രമേ എനിക്ക് വിനയപൂർവ്വം അപേക്ഷിക്കാനുള്ളൂ. വിവിധ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചുവെന്നുള്ളതെല്ലാം വിവിധ ഏജൻസികൾതന്നെ നടത്തിയ പഠനങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. അങ്ങനെയെല്ലാം മുൻനിരയിലേയ്ക്കെത്തുമ്പോഴും അങ്ങനെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. കൃഷിക്കാർക്ക് കൂടുതൽ സൗകര്യവും സഹായവുമെത്തിക്കണം. കൃഷിക്കാരന് കൃഷികൊണ്ട് അന്തസ്സായ ജീവിതം നയിക്കാൻ ഇടവരുന്ന തരത്തിലേയ്ക്ക് അവരുടെ വരുമാനത്തിൽ അൻപത് ശതമാനത്തിന്റെ അധിക വർദ്ധനവുണ്ടാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം, അതിനാവശ്യമായ നടപടികളെല്ലാമുണ്ടാകും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കൈതച്ചക്കയുടെ കാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി, കേരളത്തിലെ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് ഇവിടെ ഇതിനെല്ലാം

താങ്ങുവില നിശ്ചയിച്ചത്. അത് ചെറിയ കാര്യമായി കാണരുത്. കേന്ദ്രത്തിന്റെ കാർഷികനയങ്ങളും നിയമങ്ങളുമായി ബന്ധപ്പെട്ട് പഠിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതി ഏറ്റവും ഗൗരവത്തോടുകൂടി കണക്കിലെടുത്തതും പരിശോധിച്ചതും ആവശ്യപ്പെട്ടതും കേരളം നടപ്പിലാക്കിയ താങ്ങുവിലയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. തമിഴ്നാടും പഞ്ചാബും ഉൾപ്പടെ എത്രയോ സംസ്ഥാനങ്ങൾ നമ്മൾ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസിന്റെയും താങ്ങുവിലയുടെയും കാര്യങ്ങൾ പഠിക്കാൻ ഇങ്ങോട്ടേയ്ക്ക് വരുന്നു. കേരളത്തിലൊന്നും നടക്കുന്നില്ലെന്ന് പറയരുത്, വ്യാഖ്യാനിക്കരുതെന്നേ പറയാനുള്ളൂ. കൈതച്ചക്കയുടെ കാര്യത്തിൽ M.S.P.(Minimum Support Price)-ക്കുവേണ്ടി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കാനാണ് ഇപ്പോൾ ആലോചിച്ചിരിക്കുന്നത്. നമ്മൾ ഏറ്റവും പ്രധാനമായി കാണേണ്ട ഒരുകാര്യംകൂടിയുണ്ട്. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും വിചാരിക്കുന്നതിനേക്കാൾ അപ്പുറത്തേയ്ക്ക് കാർഷിക മേഖലയെ തകർക്കാൻ പാകത്തിൽ നിൽക്കുകയാണ്. ഇതൊന്നും നമ്മുടെ നിയന്ത്രണത്തിലല്ല, വളരെ വലിയ ഗൗരവതരമായ പ്രശ്നമാണിതെല്ലാം. കൂടുതലായി വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്നു, കൃഷിക്കാരന് സഹായങ്ങൾ

കൊടുക്കുന്നു. എഫ്.പി.ഒ.-കൾ (ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്) ഉൾപ്പെടെയുള്ള നിരവധി പദ്ധതികളിലൂടെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ മെച്ചംകിട്ടുന്ന, സഹായംകിട്ടുന്ന തരത്തിലേയ്ക്ക് എത്തുമ്പോൾ പ്രതിസന്ധികളുണ്ടാകുമ്പോഴും പിടിച്ചുനിൽക്കാൻ കർഷകർക്ക് കഴിയും. അങ്ങനെയെല്ലാം കർഷകരെ സഹായിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അതെല്ലാം സദുദ്ദേശ്യത്തോടുകൂടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, 'ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം പദ്ധതി' വഴി പച്ചക്കറി മേഖലയ്ക്കും കാർഷിക മേഖലയ്ക്കും പുത്തൻ ഉണർവ് നൽകിയ ഒന്നാണ് ഈ കഴിഞ്ഞ കാലഘട്ടം. 'വിത്തുഗുണം പത്ത് ഗുണം' എന്നാണ് ചൊല്ല്. നെൽക്കർഷകർ പാടുപെട്ട് വിത്തുൽപ്പാദിപ്പിച്ചാൽ അത് സംഭരിച്ച് വില കൃത്യമായി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. എസ്. സുപാൽ: സർ, കാർഷിക മേഖലയിൽ പ്രതിസന്ധിയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. നയങ്ങളാണ് അതിന്റെ

യഥാർത്ഥ പ്രശ്നം. കേന്ദ്രസർക്കാർ കർഷകവിരുദ്ധ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നതിനെതിരെ കർഷകർ വലിയ സമരം/കർഷക പാർലമെന്റ് ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ വിലയിടിവ് സംബന്ധിച്ച് പലരും ചോദ്യങ്ങൾ ഉന്നയിച്ചു. ആസിയാൻ കരാർ നടപ്പാക്കാൻ പാടില്ലെന്നുള്ളത് എല്ലാ കർഷക സംഘടനകളും ശക്തമായി ആവശ്യപ്പെട്ടതായിരുന്നു. കോൺഗ്രസ് നേതൃത്വം നൽകിയ സർക്കാർ ആസിയാൻ കരാർ നടപ്പാക്കുന്നതിനെടുത്ത നിലപാട് നമുക്കറിയാം. കേരള സർക്കാർ കർഷകസൗഹൃദ നിലപാട് സ്വീകരിക്കുന്ന സമീപനമാണ് എപ്പോഴും സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാരും കർഷകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി ശക്തമായി പ്രവർത്തിച്ചു. കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ട്. Oil Palm India Ltd., Plantation Corporation of Kerala Limited, The State Farming Corporation of Kerala Limited തുടങ്ങി സർക്കാർ നിയന്ത്രണത്തിൽത്തന്നെയുള്ള നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള സ്ഥാപനങ്ങളെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രതിസന്ധികൾ നേരിടുന്ന ഇത്തരം സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടുവരുന്നതിന് വൈവിദ്ധ്യവൽക്കരണം ഏറ്റവും പ്രധാനപ്പെട്ട

കാര്യമാണ്. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കാർഷിക മേഖലയുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കി ലാഭകരമാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചത്തിലും ലാഭത്തിലും കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം രൂപീകരിക്കപ്പെട്ടത് അതിലേയ്ക്കെത്തി ലാഭകരമായി മുന്നോട്ട് പോകേണ്ടതുണ്ട്. സർക്കാർ ഏറ്റെടുത്ത് നടത്തുമ്പോൾ എല്ലാം നഷ്ടമാകുന്നുവെന്നുള്ള പഴിയും പരാതിയും ഉയരാതിരിക്കുകയെന്നതും പരമപ്രധാനമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ അത്യന്താപേക്ഷിതമായ ഇടങ്ങളിലെല്ലാം വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കുന്നതിന് സർക്കാരിന് തുറന്ന മനസ്സാണുള്ളത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, നിരവധി ജില്ലകളുമായി ബന്ധപ്പെട്ട പാക്കേജുകളുടെ പ്രഖ്യാപനം സഭയിലും ബഡ്ജറ്റുകളിലുമെല്ലാം പറയാറുള്ളതാണ്. കേരളത്തിന്റെ നെല്ലറയായ പാലക്കാട് നെൽകർഷകർക്കുവേണ്ടി ഒരു പാക്കേജും ഈ സമീപകാലത്തൊന്നും

പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഒരു കിലോ നെല്ലിന് 32 രൂപയെങ്കിലും ലഭിക്കുന്ന സാഹചര്യം അടിയന്തരമായി ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത മറ്റാരേക്കാളും ബോധ്യപ്പെടുന്ന ഒരാളാണ്. നെല്ലിന്റെ സംഭരണവും അതുപോലെതന്നെയാണ്. സ്വാശ്രയ കോളേജിന്റെ ഫീസ് നിശ്ചയിക്കുന്നതുപോലെ എല്ലാക്കാലത്തെയും ഒരു സീസണൽ ഇഷ്യൂവായി നിൽക്കുകയാണ് നെല്ല് സംഭരണം. കൃത്യമായി കൂടിശ്ശിക വരുന്നതും കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്ന് കൊടുക്കുന്ന പണത്തിന്റെ പേരിൽ കർഷകന്റെ സിബിൽ റേറ്റിംഗ് കുറയുന്നതുമുൾപ്പെടെയുള്ള പ്രയാസങ്ങൾ ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. സംഭരിച്ച നെല്ലിന് ഒരാഴ്ചക്കകം പണം കൊടുക്കുമെന്നുള്ള പ്രഖ്യാപനം പലപ്രാവശ്യം ഉണ്ടായിട്ടുണ്ടെങ്കിലും കർഷകർ ഇപ്പോഴും ദുരിതത്തിലാണെന്നുള്ളത് നിഷേധിക്കാൻ കഴിയില്ല. നെല്ലിന്റെ താങ്ങുവില 32 രൂപയെങ്കിലുമാക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ; സംഭരണവുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കി പാലക്കാട്ടെ നെൽക്കർഷകർക്ക് ഒരു പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേന്ദ്ര സർക്കാർ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ തുക നിശ്ചയിച്ചുകൊണ്ടാണ് കേരളം നെല്ലിന്റെ കാര്യത്തിൽ ഗൗരവതരമായ സമീപനം സ്വീകരിച്ചത്. അതിന്റെയടിസ്ഥാനത്തിൽ ഞാൻ

ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു മാനദണ്ഡം കണക്കാക്കിയാണ് അത് സ്വീകരിച്ചിരിക്കുന്നത്. സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഇടപെടുകയും പരിഹരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ നെൽകൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതികളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകും. സംഭരണ സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കൃത്യമായ ഇടപെടലുണ്ടാകും. സംഭരിക്കുമ്പോൾ ബാങ്കുകളുമായി ചേർന്ന് അവർക്ക് നൽകുന്ന സബ്സിഡിയുടെ അടിസ്ഥാനത്തിൽ പണംകൊടുക്കേണ്ടതാണ്. ഇപ്പോൾ ചിലയിടങ്ങളിൽ പണംകൊടുക്കുന്നതിൽ ബാങ്കുകൾ കാലതാമസം ഉണ്ടാക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടു. അടിയന്തരമായി അക്കാര്യത്തിലെല്ലാം ഇടപെട്ടിട്ടുണ്ട്. കർഷകർക്കൊരു ബ്ലാക്ക് മാർക്ക് ഉണ്ടാകുന്നതരത്തിലുള്ള ഇടപെടൽ ഉണ്ടാകുകയില്ലെന്ന് ബാങ്കുകൾ സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരുടെ കാര്യത്തിൽ എല്ലാവരെയും സഹായിക്കുന്ന നയവും പരിപാടിയുമായിട്ടായിരിക്കും സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, സംസ്ഥാനത്തെ പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലകളുടെ മലയോരഭാഗത്തും അതോടൊപ്പം സംസ്ഥാന വ്യാപകമായും പതിനായിരക്കണക്കിന് കർഷകരുടെ കാർഷിക വിളയായ

കോലിഞ്ചി കൃഷിയുടെ പ്രതിസന്ധികളും പ്രയാസങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിദേശ മാർക്കറ്റുകളിലെല്ലാം വലിയ വിലയുള്ള ഈ വിളയ്ക്ക് ഇവിടെ ഇടനിലക്കാരുടെ തട്ടിപ്പുകാരണം കർഷകന് ന്യായമായ വില ലഭിക്കുന്നില്ല. അതോടൊപ്പം കഴിഞ്ഞ സർക്കാരിന്റെ അവസാനഘട്ടത്തിൽ ചരിത്രത്തിലാദ്യമായി കോലിഞ്ചി കർഷകർക്ക് സബ്സിഡി നൽകാൻ തീരുമാനിച്ചിരുന്നു. പക്ഷേ അന്ന് നാമമാത്രമായ കർഷകർക്ക് നൽകിക്കൊണ്ടാണ് തുടക്കംകുറിച്ചത്. ബാക്കി കർഷകർക്കുകൂടി സബ്സിഡി ലഭിക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. ചില ജില്ലകളിൽ കർഷകരുടെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിളയാണ് കോലിഞ്ചി. അവരെ സഹായിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സർക്കാർ പരിശോധിച്ച് കർഷകരെ സഹായിക്കുന്നതിനാവശ്യമായ പരിപാടികൾ നടപ്പിലാക്കുന്നതായിരിക്കും.

വിദൂര വിദ്യാഭ്യാസ പദ്ധതി

2 (*92) ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിദൂര വിദ്യാഭ്യാസ പദ്ധതി തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന വിദൂര വിദ്യാഭ്യാസം തുടരുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) : സർ,

(എ) ഉണ്ട്. 2020 സെപ്റ്റംബർ 25-ലെ വിജ്ഞാപന പ്രകാരം സ്ഥാപിക്കപ്പെട്ട ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2021 ജനുവരി 29-ന് യു.ജി.സി. ആക്ട് 2 (എഫ്) പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. യു.ജി., പി.ജി. പ്രോഗ്രാമുകൾ, ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ എന്നിവ വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുകയാണ് സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. 20 യു.ജി. പ്രോഗ്രാമുകളും 9 പി.ജി. പ്രോഗ്രാമുകളും തുടങ്ങാനാണ് സർവ്വകലാശാല തയ്യാറെടുക്കുന്നത്. വിദൂര വിദ്യാഭ്യാസ മാതൃകയിൽ യു.ജി.,

പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് യു.ജി.സി.-യുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ (DEB)-യുടെ അനുമതി ഓരോ പ്രോഗ്രാമിനും ലഭിക്കേണ്ടതുണ്ട്. ഈ അനുമതി നൽകുന്നത് യു.ജി.സി.-യുടെ 2020-ലെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ റെഗുലേഷൻ പ്രകാരമാണ്. ഇതുപ്രകാരം, തുടങ്ങേണ്ട ഓരോ പ്രോഗ്രാമിന്റെയും സിലബസ്, പ്രോഗ്രാം പ്രോജക്ട് റിപ്പോർട്ട്, എൻട്രി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ (DEB)-യ്ക്ക് സമർപ്പിക്കണം. ഇവയെല്ലാം സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. സർവ്വകലാശാല ആരംഭിക്കാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും പഠന വസ്തുക്കൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന പ്രവർത്തനങ്ങളും പൂർത്തിയായിവരുന്നു. നിലവിലെ ക്യാമ്പസ്സിനുപുറമെ അക്കാദമിക പ്രവർത്തനങ്ങൾക്കുവേണ്ടി പടിഞ്ഞാറേ കൊല്ലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന ഭാഗങ്ങളും മറ്റും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാലയ്ക്കാവശ്യമായ രീതിയിൽ

സ്കൂൾ കെട്ടിടങ്ങൾ മോടിപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാകുന്നതാണ്. സർവ്വകലാശാലയുടെ പഠനകേന്ദ്രങ്ങളായി സർക്കാർ കോളേജുകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനവും സർക്കാർതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും അവസാനഘട്ടത്തിലാണ്. ഈ സൗകര്യങ്ങളെല്ലാം നേരിട്ട് പരിശോധിച്ചതിനുശേഷമേ യു.ജി.സി. കോഴ്സുകൾക്ക് അംഗീകാരം നൽകുകയുള്ളൂ. ഇവ സമയബന്ധിതമായി പൂർത്തിയാക്കി എല്ലാ കോഴ്സുകൾക്കും യു.ജി.സി.-യുടെ അംഗീകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ വിദൂര വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നതുവരെ വിദൂര വിദ്യാഭ്യാസം നേടുന്നതിനുള്ള വിദ്യാർത്ഥികളുടെ അവസരം സംരക്ഷിക്കുന്നതിനായി നിലവിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം തുടരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ഇറങ്ങിയിട്ടുള്ളതാണ്.

ശ്രീ. യു. എ. ലത്തീഫിനുവേണ്ടി (ശ്രീ. പി. ഉബൈദുള്ള): സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, ഉന്നതവിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചത്. ഈ യൂണിവേഴ്സിറ്റി ആക്ടിന്റെ വകുപ്പ് 72(1) പ്രകാരം പ്രസ്തുത ആക്ടിന്റെ പ്രാബല്യ തീയതി മുതൽ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ പഠന കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2020 സെപ്റ്റംബർ 25-നാണ് ഇത് പ്രാബല്യത്തിൽ വന്നത്. ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്താനുദ്ദേശിക്കുന്ന കോഴ്സുകൾക്ക് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരവ് ഇറങ്ങിയത്. യൂണിവേഴ്സിറ്റി ആക്ടിന്റെ 63-ാം വകുപ്പുപ്രകാരമാണ് ഉത്തരവ് ഇറക്കിയതെന്നാണ് ഈ ജി.ഒ.-യിൽ പറഞ്ഞിട്ടുള്ളത്. 63-ാം വകുപ്പിൽ പറയുന്നതെന്താണ്? സാങ്കേതിക കാരണങ്ങളുണ്ടെങ്കിൽ അവ തീർക്കുന്നതിന് ഉത്തരവ് ഇറക്കാമെന്നാണ്. എന്നാൽ ഇത് സാങ്കേതിക കാരണമല്ല. സാങ്കേതിക കാരണമല്ലാത്തതുകൊണ്ട് നിയമസഭ

നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഇങ്ങനെയൊരു ജി.ഒ. ഇറക്കിയത് സഭയോടുള്ള അവഹേളനമാണ്. അതുകൊണ്ട് ആക്ടിന് വിരുദ്ധമായി ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് സഭയിൽ ഒരു ഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, നിയമപരമായ ഉപദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉത്തരവ് ഇറക്കിയിട്ടുള്ളത്. നിയമ വകുപ്പിന്റെ അംഗീകാരം അതിനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ ഭാഗമായിട്ടാണ് നിയമോപദേശം തേടി പ്രസ്തുത ജി.ഒ. ഇറക്കിയിട്ടുള്ളത്. അതുകൊണ്ട് ഇവിടെ പരാമർശിച്ച രീതിയിലുള്ള ഭേദഗതിയുടെ ആവശ്യമില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, നിയമോപദേശം ലഭിച്ചിട്ടുണ്ടെങ്കിൽ അത് മേശപ്പുറത്തുവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ ഏറ്റവും കൂടുതൽ പ്രൈവറ്റ് രജിസ്ട്രേഷനുള്ള ജില്ലയാണ് മലപ്പുറം. മുപ്പത്തി അയ്യായിരത്തിലധികം കുട്ടികൾ പ്ലസ് ടു കഴിഞ്ഞ് കോളേജ് പഠനത്തിന് അവസരം ലഭിക്കാതെ പുറത്തുനിൽക്കുകയാണ്. ഇത്രയധികം പ്രൈവറ്റ് രജിസ്ട്രേഷനുള്ള മലപ്പുറം ജില്ലയിൽ ഒരു റീജിയണൽ സെന്റർ വേണമെന്നാണ് എന്റെ ആവശ്യം. തലശ്ശേരി ബ്രണ്ണൻ കോളേജ്,

പട്ടാമ്പി സംസ്കൃത കോളേജ്, കോഴിക്കോട് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് എന്നീ മൂന്ന് റീജിയണൽ സെന്ററുകളാണ് ഇപ്പോൾ പറയുന്നത്. ഏറ്റവും കൂടുതൽ പ്രൈവറ്റ് രജിസ്ട്രേഷനുള്ള, ധാരാളം വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പുറത്തുനിൽക്കുന്ന, മലപ്പുറത്തെ സർക്കാർ കോളേജ് കേന്ദ്രീകരിച്ച് ഒരു റീജിയണൽ സെന്റർ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, നേരത്തെ നാല് സർക്കാർ കോളേജുകളാണ് ഇത്തരത്തിൽ റീജിയണൽ സെന്ററുകൾക്കായി നിർദ്ദേശിക്കപ്പെട്ടിരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ള ആളുകൾ വീണ്ടും സെന്ററുകൾ വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അക്കാര്യം പരിഗണനയിൽ വച്ചിട്ടുള്ളത്. അത്യാവശ്യം അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും കൂടുതൽ അപേക്ഷകരുണ്ടാകുമോ എന്നതിനെക്കുറിച്ചുമൊക്കെ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡി.സി.ഇ. (Directorate of Collegiate Education) - യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൃത്യമായ മാനദണ്ഡങ്ങളനുസരിച്ച് റീജിയണൽ സെന്ററുകൾ നിശ്ചയിക്കാൻ സാധിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുമാന്യയായ മന്ത്രി

വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിരുന്ന ആളാണ്. നിയമോപദേശം ലഭിച്ചിട്ടാണ് ഉത്തരവിറക്കിയതെന്ന് പറഞ്ഞു. ആ ഉത്തരവിൽ ഡിസ്റ്റൻസ്/പ്രൈവറ്റ് എന്നാണ് പറഞ്ഞിട്ടുള്ളത്. പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുന്ന കുട്ടികൾക്ക് യു.ജി.സി. യാതൊരു അംഗീകാരവും നൽകുന്നില്ല, അതിന് യാതൊരു അനുവാദവുമില്ല. ഡിസ്റ്റൻസ് എഡ്യൂക്കേഷനുവേണ്ട നിബന്ധനകളൊന്നും പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുന്ന കുട്ടികൾക്കെടുക്കാൻ കഴിയില്ല. കാരണം ഫാക്കൽറ്റി, മെറ്റീരിയൽസ്, കോൺടാക്ട് ക്ലാസ് ഇവയൊന്നുമുണ്ടാകില്ല. അങ്ങ് മന്ത്രിയായ സമയത്തുതന്നെ നിയമോപദേശം ലഭിച്ച് ഉത്തരവ് ഇറക്കിയതിലുള്ള അപാകത തിരുത്താൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. റെഗുലറായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് ഡിസ്റ്റൻസ് മോഡൽ കോഴ്സുകൾ തുടങ്ങുന്നതിന് 3.26 ഗ്രേഡ് വേണമെന്നാണ് സർക്കാർ പറഞ്ഞിരിക്കുന്നത്. അതേസമയം 3.1 ഗ്രേഡ് മതിയെന്നാണ് യു.ജി.സി. പറയുന്നത്. അങ്ങനെ നൂറ് ഗ്രേഡിനകത്തുവരുന്ന ഏത് യൂണിവേഴ്സിറ്റികളിലും ഡിസ്റ്റൻസ് മോഡിലുള്ള കോഴ്സുകൾ ആരംഭിക്കാമെന്നാണ് പറയുന്നത്. ഓപ്പൺ യൂണിവേഴ്സിറ്റിക്കുവേണ്ടി ഇങ്ങനെയൊരു ഗ്രേഡ് സിസ്റ്റം ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്ന് വന്നിട്ടുള്ളത്. ഇത് സ്വാഭാവികമായും അക്കാഡമിക്

ബോഡിയുള്ള ഓട്ടോണമസ്സായ യൂണിവേഴ്സിറ്റിയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. അതോടൊപ്പം കുട്ടികൾക്ക് എവിടെ പഠിക്കണമെന്ന് തീരുമാനിക്കാനുള്ള മൗലികാവകാശത്തെ ചോദ്യം ചെയ്യുന്നതാണ്. അതോടൊപ്പം യൂണിവേഴ്സിറ്റികളുടെ സാമ്പത്തികസ്ഥിതിയെ തകർക്കുന്ന നിലപാടാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന ഗ്രേഡ് സിസ്റ്റം മാറ്റി യു.ജി.സി.-യുടെ ഗ്രേഡ് സിസ്റ്റത്തിലേയ്ക്ക് കൊണ്ടുവരണം. ആ ഗ്രേഡ് സിസ്റ്റം മാറ്റിയാൽ മാത്രമേ കാലിക്കറ്റ്/കേരള യൂണിവേഴ്സിറ്റികൾക്ക് ഇപ്പോൾ പുതുതായി പുറത്തിറക്കിയിരിക്കുന്ന ഉത്തരവ് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആ ഗ്രേഡ് സിസ്റ്റം മാറ്റാൻ അങ്ങ് തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു : സർ, ഇത് ഒരുതരത്തിലും യൂണിവേഴ്സിറ്റികളുടെ ഓട്ടോണമിയെ ബാധിക്കുന്നതല്ല. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മോഡ് തുടരണോ എന്നുള്ളകാര്യം അവർക്ക് തീരുമാനിക്കാവുന്നതേയുള്ളൂ. ഒരു കാരണവശാലും ഇത് യൂണിവേഴ്സിറ്റികളുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതല്ല. ഇതൊക്കെ ഒരു സിൻഡിക്കേറ്റ് മെമ്പർ കൂടിയായിരുന്ന ബഹുമാനപ്പെട്ട അംഗം പറയുന്നത് ശരിയല്ല(...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അവിടെ ഇരിക്കൂ. ബഹുമാനപ്പെട്ട

മന്ത്രി മറുപടി പറയട്ടേ. മന്ത്രി മറുപടി പറയുമ്പോൾ ഇടപെടുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പൂർത്തിയാക്കു.

ഡോ. ആർ. ബിന്ദു: സർ, പുതിയ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയെയോ സാമ്പത്തിക സ്ഥിതിയെയോ പ്രതികൂലമായി ബാധിക്കുന്ന നിബന്ധനകളൊന്നും ഇതിലില്ലെന്നാണ് പറയാനുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, കേരളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ അല്ലെങ്കിൽ വിദൂരവിദ്യാഭ്യാസ സൗകര്യമില്ലാത്തതിന്റെ പേരിൽ പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് പുറത്തുള്ള യൂണിവേഴ്സിറ്റികളെ ആശ്രയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തേയ്ക്കുവരേണ്ട കോടിക്കണക്കിന് രൂപ പുറത്തേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. സർക്കാരിന്റെ ഈ നിലപാട് പുറത്തുള്ള യൂണിവേഴ്സിറ്റികളെ സഹായിക്കാനാണെന്ന് തോന്നുംവിധമാണ് കാര്യങ്ങൾ നീങ്ങുന്നത്. ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചെങ്കിലും ഇപ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രിസഭ മുമ്പാകെ ഇങ്ങനെയൊരു ഉത്തരവിനെക്കുറിച്ച് പറയുന്നത്. നിയമസഭാ സമ്മേളനം നടക്കുന്നതിനിടയിൽ ഇങ്ങനെയൊരു ഉത്തരവുണ്ടായിയെന്ന് പറയുന്നു. അതിലെ ക്ലാരിറ്റിയുടെ പ്രശ്നങ്ങളാണ് നേരത്തെ മെമ്പർമാർ ഉന്നയിച്ചിട്ടുള്ളത്. പ്രൈവറ്റ് രജിസ്ട്രേഷന് മറ്റ് യൂണിവേഴ്സിറ്റികൾക്ക്

അനുവാദം നൽകിയെന്നാണ് ജി.ഒ. അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുള്ളത്. എങ്കിൽ പ്രവേശനം ലഭ്യമാകാൻ എപ്പോഴാണ് സൗകര്യമുണ്ടാവുക എന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, സാധാരണഗതിയിൽ ഒക്ടോബർ മാസത്തോടെയാണ് വിദൂര വിദ്യാഭ്യാസത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുക. പ്ലസ് ടു -വിന്റെയും ഡിഗ്രിയുടെയും റിസൾട്ട് വന്ന് റെഗുലർ അഡ്മിഷൻ പ്രക്രിയകൾ പൂർത്തീകരിച്ചതിനുശേഷമാണ് ഡിസ്റ്റൻസ് മോഡിലുള്ള അപേക്ഷകൾ സാധാരണ സ്വീകരിക്കാറുള്ളത്. ആ സമയത്തേയ്ക്ക് അഡ്മിഷൻ നടത്താവുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദൂര വിദ്യാഭ്യാസവും ഓൺലൈൻ ക്ലാസുകളും നടത്തുന്ന യൂണിവേഴ്സിറ്റികൾ യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നും സ്റ്റഡി മെറ്റീരിയലിന്റെ അറുപത് ശതമാനം മുൻകൂട്ടി തയ്യാറാക്കണമെന്നും കോഴ്സുകളുടെ സിലബസ് യു.ജി.സി. പോർട്ടലിൽ സമർപ്പിക്കണമെന്നുമുള്ള വ്യവസ്ഥകൾ മതിയായ മുന്നൊരുക്കങ്ങളില്ലാതെ തിരക്കുപിടിച്ച് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോൾ

സർക്കാർ പാലിച്ചില്ല. നിർദ്ധനരും സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിലുമുള്ള വിദ്യാർത്ഥികളാണ് കൂടുതലും വിദൂര വിദ്യാഭ്യാസ സംവിധാനത്തെ ആശ്രയിക്കുന്നത്. കേരളത്തിലെ സർവ്വകലാശാലകളിൽ വിദൂരപഠനത്തിന് സൗകര്യമില്ലാത്തതുകാരണം അന്യസംസ്ഥാന സർവ്വകലാശാലകളെ ആശ്രയിക്കേണ്ട നിലയിലാണ്. ഇത്തരത്തിൽ ഗുണപരമായ മാറ്റങ്ങളല്ല ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോൾ ഉണ്ടായിരിക്കുന്നത്. ഈ സാഹചര്യത്തിൽ മറ്റ് സർവ്വകലാശാലകൾക്ക് വിദൂരപഠനം നടത്താൻ പാടില്ലെന്ന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താനോ പാവപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സാമ്പത്തിക സഹായം നൽകാനോ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച ചോദ്യത്തിന് നേരത്തെ മറുപടി പറയുകയും ബന്ധപ്പെട്ട ഉത്തരവിന്റെ വിശദാംശങ്ങളും അവതരിപ്പിച്ചുകഴിഞ്ഞു. രാജ്യത്ത് ലഭ്യമാകാവുന്ന ഏറ്റവും ഗുണമേന്മയുള്ള വിദൂര വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സർക്കാർ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ഏറ്റവും ഗുണനിലവാരമുള്ള അക്കാഡമിക് കണ്ടന്റാണ് തയ്യാറാക്കിവരുന്നത്. ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ചതുപോലെയുള്ള യാതൊരു ധൃതിയും അക്കാര്യത്തിലില്ല. എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഏറ്റവും ഭംഗിയായി നിറവേറ്റാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. അംഗം സൂചിപ്പിച്ചതുപോലെ, ഏറ്റവും പാവപ്പെട്ടവരും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികളാണ് ഈ മോഡിൽ അപേക്ഷിക്കുന്നവരിൽ ഭൂരിഭാഗംപേരും എന്നതുകൊണ്ടുതന്നെ ഏറ്റവും ഗുണമേന്മയുള്ള മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ അവർക്കുവേണ്ടി ഒരുക്കുന്നതിനാണ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കേരളത്തിൽ വിദൂര വിദ്യാഭ്യാസത്തിന്റെ അനന്തമായ സാധ്യതകൾക്ക് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വഴിതെളിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തതായി കണ്ടു. എന്റെ ഈ ചോദ്യം എന്റെ അപേക്ഷ കൂടിയാണ്. ശ്രീനാരായണ ഗുരുദേവൻ സംസ്കൃതം പഠിക്കാൻ കായംകുളത്തെ വാരണപ്പള്ളി തറവാട്ടിൽ വന്ന് കുന്നമ്പള്ളി രാമൻപിള്ള ആശാന്റെ വീട്ടിലാണ് പഠിച്ചത്. അതുകൊണ്ട് ഒരു റീജിയണൽ സെന്റർ കായംകുളം കേന്ദ്രമാക്കി സ്ഥാപിക്കുന്നതിന് മുൻകയ്യെടുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, പല എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നുള്ള രീതിയിൽ കത്തുകൾ നൽകിയിട്ടുണ്ട്. ഫീസിബിലിറ്റി പരിശോധിച്ച് ഏറ്റവും കൂടുതൽ അപേക്ഷകർ വരുന്ന കേന്ദ്രങ്ങൾകൂടി പരിഗണിച്ചുകൊണ്ട് തീരുമാനമെടുക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടി എല്ലാവരെയും വിസ്മയപ്പെടുത്തുകയാണ്. ഏത് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ മറ്റു സർവ്വകലാശാലകൾക്ക് ഡിസ്റ്റന്റ് എഡ്യൂക്കേഷൻ നടത്താമെന്നുള്ള ഉത്തരവിറക്കിയിരിക്കുന്നത്. ഈ നിയമസഭ പാസ്സാക്കിയ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമം ഇവിടെ നിലനിൽക്കുകയാണ്. ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിന്റെ 72-ാം വകുപ്പിൽ ഈ സർവ്വകലാശാല നിലവിൽ വരുന്നതോടുകൂടി കേരളത്തിലെ മറ്റൊരു സർവ്വകലാശാലയ്ക്കും ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ രജിസ്ട്രേഷൻ സ്വീകരിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. എങ്ങനെയാണ് നിയമസഭ പാസ്സാക്കിയ നിയമത്തെ ഒരു ഉത്തരവിലൂടെ ബൈപ്പാസ് ചെയ്യുന്നത്? ഇത് നിയമസഭയോടുള്ള അവഹേളനമാണ്, നിലനിൽക്കാത്ത കാര്യമാണ്. ആരാണ് നിയമോപദേശം

കൊടുത്തിരിക്കുന്നത്; ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമത്തെ ബൈപ്പാസ് ചെയ്യാൻ എങ്ങനെയൊരു സർക്കാർ ഉത്തരവുകൊണ്ട് സാധിക്കുമെന്ന് മന്ത്രി വ്യക്തമാക്കണം.

ഡോ. ആർ. ബിന്ദു: സർ, ശ്രീനാരായണ ഗുരു സർവ്വകലാശാല ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിന്റെ 63-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരമാണ് ഇപ്പോൾ ഈ ഉത്തരവിറക്കിയിട്ടുള്ളത്. 63-ാം വകുപ്പ് ഇപ്രകാരമാണ് പറയുന്നത് - 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ - ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്. എന്നാൽ ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മൂന്നുവർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പുപ്രകാരം അങ്ങനെയുള്ള യാതൊരുവിധ ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല' എന്നാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' എന്ന ക്ലോസ് ഒരു നിയമത്തിൽ വയ്ക്കുന്നത് എന്തിനുവേണ്ടിയിട്ടാണെന്നുപോലും ബഹുമാനപ്പെട്ട മന്ത്രിക്കറിയില്ലെങ്കിൽ സങ്കടകരമാണ്. ഇത് ഏതെങ്കിലും

ഒരു കോടതിയിൽ ചെന്നാൽ അല്ലെങ്കിൽ നിയമത്തിന്റെ സാമാന്യ ബോധമുള്ള ആരോടെങ്കിലും പറയാൻ കഴിയുമോ? വൈഷമ്യങ്ങൾ നീക്കുന്ന ക്ലോസ് എന്തിനാണ് ഒരു ആക്ടിൽ വച്ചിരിക്കുന്നത്; എന്താണിവിടെ നടക്കുന്നത്. എന്തിനാണ് നിയമസഭ; എന്തിനാണ് നിയമസഭ നിയമം പാസ്സാക്കുന്നത്; നിയമസഭ പാസ്സാക്കുന്ന നിയമത്തെ കാറ്റിൽ പറത്തിക്കൊണ്ട് തോന്നിയതുപോലെ സർക്കാർ ഉത്തരവിറക്കാനാകുമോ?

മി. സ്പീക്കർ: അങ്ങയുടെ ഉപചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, നിയമസഭയിലാണ് ഓരോ മണ്ഡലങ്ങളുടേയും ജില്ലയുടേയും വികസനങ്ങൾ ജനപ്രതിനിധികൾ അവതരിപ്പിക്കുക. എന്റെ നിയോജകമണ്ഡലമായ വയനാട് സുൽത്താൻ ബത്തേരിയിൽ, ഒരു സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങുന്നതിന് പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലും ഞാൻ അതുമായി ബന്ധപ്പെട്ട സബ്മിഷൻ ഉന്നയിച്ചിരുന്നു. മാത്രമല്ല, സർക്കാർ കോളേജ് തുടങ്ങുന്നതിനുവേണ്ടി അനുകൂല റിപ്പോർട്ട് ഗവൺമെന്റിലുമുണ്ട്. സാമ്പത്തിക സ്ഥിതി പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നാണ് കഴിഞ്ഞ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. പ്രസ്തുത കോളേജ്

തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെ നിരവധി അംഗങ്ങൾ തങ്ങളുടെ മണ്ഡലങ്ങളിൽ സർക്കാർ കോളേജുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ആദ്യംതന്നെ സർക്കാർ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച നയപരമായ ഒരു തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ, ഏതൊക്കെ സ്ഥലങ്ങളിൽ കോളേജുകൾ അനുവദിക്കേണ്ടതുണ്ടെന്ന തീരുമാനം കൈക്കൊണ്ടതിനുശേഷം അറിയിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസ പദ്ധതിക്കുള്ള പ്രതിസന്ധി സംബന്ധിച്ച് ഒന്നാം നിയമസഭാ സമ്മേളനത്തിൽ ഞാൻ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. യാതൊരു പ്രതിസന്ധിയുമില്ലെന്നും സെപ്റ്റംബറിൽ ഇതുമായി ബന്ധപ്പെട്ട പോർട്ടൽ ഓപ്പൺ ചെയ്യുമെന്നുമാണ് അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇപ്പോൾ മന്ത്രി പറയുന്നത് മറ്റ് സർവ്വകലാശാലകളിൽ തുടങ്ങാൻ ഉത്തരവ് നൽകിയെന്നാണ്.

അതിനുകാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ചു എന്നതാണ്. മരം മുറി സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു കാര്യം പറഞ്ഞിട്ടുണ്ട്, നിയമങ്ങളും ചട്ടങ്ങളും മറികടന്ന് ഇറക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ഉത്തരവുകൾ അലോസരമുണ്ടാക്കുന്നു എന്നതാണത്. ഇവിടെയൊരു നിയമം നിലനിൽക്കുമ്പോൾ സർക്കാർ ചെയ്യേണ്ടത് നിയമസഭയിൽ ഭേദഗതി കൊണ്ടുവരണം. അങ്ങനെ ഭേദഗതി കൊണ്ടുവരാതെ മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടി. നിയമപ്രശ്നങ്ങളിൽ മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടിയാൽ പരിഹാരമാകില്ല. ഇക്കാര്യത്തിൽ പ്രായോഗിക നിലപാട് സ്വീകരിച്ച് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കാതിരിക്കാൻ നടപടി സ്വീകരിക്കണം.

ഡോ. ആർ. ബിന്ദു: സർ, വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകാതെ ശ്രദ്ധ പുലർത്തുമെന്നതന്നെയാണ് കഴിഞ്ഞ സമ്മേളനത്തിലും മറുപടി നൽകിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകുന്ന യാതൊരു പ്രശ്നവുമില്ല. ഇത് ആക്ടിലെ പ്രൊവിഷൻസ് അനുസരിച്ചുതന്നെയാണ് ചെയ്തിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാമൂഹ്യ സുരക്ഷ മിഷൻ മുഖേനയുള്ള ചികിത്സ സഹായ പദ്ധതി

3 (*93) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ മിഷൻ മുഖേന രോഗികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

വീകെയർ, സമാശ്വാസം പദ്ധതികൾ മുഖേന രോഗികൾക്ക് നേരിട്ടും ബന്ധപ്പെട്ട ആശുപത്രികൾ മുഖേനയും ചികിത്സാ ധനസഹായം നല്കുന്നുണ്ട്. കൂടാതെ ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, മിഠായി എന്നീ പദ്ധതികളിലൂടെ രോഗികൾക്കുള്ള ചികിത്സാ ധനസഹായം ബന്ധപ്പെട്ട ആശുപത്രികൾക്ക് നേരിട്ട് നൽകുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പദ്ധതി പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ ധനസഹായം നൽകാൻ സ്വീകരിക്കുന്ന മുൻഗണനാ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

നെൽവയൽ സംരക്ഷണം

4 (*94) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; കോൾനിലങ്ങളിൽ ഉൾപ്പെടെ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കാൻ ആവശ്യമായ സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

2500 ഹെക്ടർ സ്ഥലത്ത് രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി പ്രകാരം ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകിവരുന്നു. ഇതിന്റെ ഭാഗമായി 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗുണമേന്മയുള്ള വിത്തുകൾ വളം, ജൈവ ഉല്പാദനോപാധികൾ, ജൈവ നിയന്ത്രണകാരികൾ തുടങ്ങിയവയ്ക്കായി ഹെക്ടറൊന്നിന് 5,500/- രൂപ നിരക്കിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതിനായി 8,584.84 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും നടപ്പിലാക്കിവരുന്നു. കരനെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 13,600/- രൂപ സബ്സിഡിയായി നൽകിവരുന്നു. ഇതിനായി 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 10,000/- രൂപ

സബ്സിഡി നൽകിവരുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിന 40,000 രൂപ നൽകുന്നു. ഇതിനായി "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ 'തരിശ് നെൽകൃഷി' യിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നു. ഇതിനായി 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നുണ്ട്. ഇതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി ക്കുമ്മായം വിതരണം ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 5,400 രൂപ ധനസഹായം നൽകുന്നു. ഇതിനായി 3,050 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി 1,500 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1,000 രൂപ നിരക്കിൽ നോൺപ്ലാനിൽ ഉൾപ്പെടുത്തി നൽകുന്നു. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22,000 രൂപയുടെ ആനുകൂല്യം കർഷകർക്ക് നൽകുന്നുണ്ട്. പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് 15,000/Ha രൂപ നിരക്കിലും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് 35,000/Ha രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 28 രൂപ നിരക്കിൽ സംഭരിക്കുകയും ചെയ്യുന്നു. നെൽകൃഷിയുടെ വിസ്തൃതിയും

ഉത്പാദനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കുന്നതിന് പ്രോത്സാഹനമായി കർഷകർക്ക് ധനസഹായം നൽകിവരുന്നു. 500 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യവികസനം ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യമായി ഹെക്ടറിന് 10,000 രൂപ പ്രകാരം 50 ലക്ഷം രൂപ ഇതിനായി നീക്കിവെച്ചിട്ടുണ്ട്. കൂടാതെ കോൾ നിലങ്ങളിൽ ഇരുപ്പൂകൃഷിയുടെ പ്രോത്സാഹനത്തിനായി പ്രത്യേകമായി 200 ലക്ഷം രൂപ വകയിരുത്തി 'ഓപ്പറേഷൻ കോൾ ഡബിൾ' എന്ന പദ്ധതി നടപ്പിലാക്കുന്നു. പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങിസ്ഥാപിക്കുക, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണികൾ നടപ്പാക്കുക എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 1000 ഹെക്ടറിൽ ഇരുപ്പൂ നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ പ്രകാരം ആനുകൂല്യം നൽകുന്നതിനും ഒന്നാം വിള നെൽകൃഷിക്കുശേഷം രണ്ടാം വിളയായി പയർ, ചോളം, എണ്ണക്കുരു വിളകൾ 400 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ പ്രകാരം ആനുകൂല്യം നൽകുന്നു. വൈദ്യുതി കണക്ഷൻ/ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കും തുക നീക്കി വച്ചിട്ടുണ്ട്. 200 ലക്ഷം രൂപയാണ് ഓപ്പറേഷൻ കോൾ ഡബിൾ

പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്.

(ബി) നെൽവയൽ സംരക്ഷണത്തിന് കർഷകർക്ക് റോയൽറ്റി നൽകുന്ന പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ?

ഉണ്ട്. നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ നൽകുന്ന ഒരു നൂതന പദ്ധതിയാണിത്. 2020-21 വർഷം ആരംഭിച്ച ഈ പദ്ധതിപ്രകാരം പ്രസ്തുത വർഷത്തിൽ 762.40950 ലക്ഷം രൂപ 88036 കർഷകർക്കായി നൽകുകയുണ്ടായി. 2021-22 വർഷത്തിൽ റോയൽറ്റി നൽകുന്നതിനായി 1,500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) മൂവായിരം ഹെക്ടറിൽ അധികം വരുന്ന പൊന്നാനി കോൾപാടങ്ങൾ സംരക്ഷിക്കുന്നതിന് ഭാരതപ്പുഴയും ബിയ്യം കായലുമായി ബന്ധിപ്പിക്കുന്ന തോടുകൾ ആഴം കൂട്ടി നീരൊഴുക്ക് വർദ്ധിപ്പിക്കണമെന്നും താല്കാലിക ബണ്ടിനുപകരം സ്ഥിരം ബണ്ട് നിർമ്മിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ?

തൃശ്ശൂർ പൊന്നാനി സമഗ്ര കോൾ നില വികസന പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിയിലും അതുപോലെ നൂറടി തോടുപുനരുദ്ധാരണ

പ്രവൃത്തിയിലും ഉൾപ്പെടുത്തി കേരള ഭ്രവികസന കോർപ്പറേഷൻ പൊന്നാനി കോൾ മേഖലയിൽ ഏകദേശം 56 കി.മീ. നീളത്തിൽ പാടശേഖരങ്ങളുടെ താൽക്കാലിക പുറംബണ്ടുകൾക്ക് പകരമായി സ്ഥിരം ബണ്ട് നിർമ്മാണം RIDF പദ്ധതിയിൽ Phase-I ആയി പൂർത്തീകരിച്ചിട്ടുണ്ട്. കോൾ നില വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിലുമുൾപ്പെടുത്തി ഏകദേശം 6 കി.മീ. നീളത്തിൽ സ്ഥിരം ബണ്ട് നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ, പൊന്നാനി-തൃശ്ശൂർ മേഖലയിലെ കോൾ പാടങ്ങളിലെ കാർഷിക വികസനവുമായി ബന്ധപ്പെട്ട് ഭാരതപ്പുഴയിലെ വെള്ളം ചെറുതോട് വഴി ബിയ്യം കായലിൽ എത്തിക്കാനും ചെറുതോടും വലിയതോടും ബന്ധിപ്പിക്കുന്ന ഇടത്തോട് വഴി മാന്നൂർ കായലിൽ വെള്ളം എത്തിക്കാനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയുടെ പ്രാഥമിക സർവ്വേ മേജർ ഇറിഗേഷൻ വകുപ്പിന്റെ പൊന്നാനി സബ് ഡിവിഷൻ ഓഫീസ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

5 (*95) ശ്രീ. കെ .ഡി .പ്രസേനൻ:
ശ്രീ. എ. രാജ:
ശ്രീമതി ദെലീമ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്?

2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21 .3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലേയ്ക്ക് പാലുൽപ്പാദനം വർദ്ധിച്ചു. മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളുടേയും ആഭ്യന്തര പാൽസംഭരണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21 കാലത്ത് തിരുവനന്തപുരം മേഖലാ യൂണിയന്റെ ആഭ്യന്തര സംഭരണത്തിൽ ദിനംപ്രതി ശരാശരി 39599 ലിറ്ററിന്റെ വർദ്ധനവുണ്ടായി. എറണാകുളം മേഖലാ യൂണിയന്റെ പ്രതിദിന

ശരാശരി സംഭരണത്തിൽ 25502 ലിറ്ററിന്റെ വർദ്ധനവുണ്ടായി. മലബാർ മേഖലാ യൂണിയന്റെ ശരാശരി പ്രതിദിന പാൽ സംഭരണത്തിൽ 51572 ലിറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനടുത്തെത്തുകയും മലബാർ മിൽമ യൂണിയനിൽ ഉല്പാദനം വില്പനയെ അധികരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി ഉല്പന്ന വൈവിധ്യവത്ക്കരണത്തിന് പദ്ധതിയുണ്ടോ?

ഉണ്ട്. സഹകരണ മേഖലയിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച മലബാർ മേഖല കോവിഡ് ലോക്ക്ഡൗൺ കാലഘട്ടത്തിൽ സംഭരിക്കുന്ന പാൽ മുഴുവൻ വിപണനം നടത്താൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. കടകളിലെയും ഹോട്ടലുകളിലെയും വില്പന നിലച്ചതാണ് ഇതിന് പ്രധാന കാരണം. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും മിൽമ സംഭരിച്ച് അധികമുള്ള പാൽ പാൽപ്പൊടിയാക്കി

സൂക്ഷിക്കുന്നതിനായി അന്യസംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നു. ഇതിന് ഒരു ശാശ്വത പരിഹാരമെന്ന നിലയ്ക്കാണ് പാൽപ്പൊടി ഫാക്ടറി സംസ്ഥാനത്ത് സ്ഥാപിക്കുന്നത്. മലബാർ മിൽമ യൂണിയനിൽ ഉൽപ്പാദനം വിൽപ്പനയെ അധികരിച്ച സാഹചര്യത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വഴി ഉൽപ്പന്ന വൈവിധ്യവത്ക്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മലബാർ മേഖലാ യൂണിയന് കീഴിൽ കേരളത്തിന് പുറത്തേയ്ക്ക് 2019-20 വർഷത്തിൽ ഒരു കോടി എഴുപത് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി അറുനൂറ്റി പതിനാറ് (1,70,39,616) രൂപയുടെയും 2020-21 വർഷത്തിൽ രണ്ട് കോടി നാല് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി നാനൂറ്റെട്ട് രൂപയുടെയും (2,04,28,408) നെയ്, പേഡ, പാലട എന്നീ പാലുൽപ്പന്നങ്ങളുടെ വിപണനം നടത്തിയിട്ടുണ്ട്. കൂടാതെ, 2019-20-ൽ എട്ട് കോടി എൺപത്തിരണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാനൂറ്റി മുപ്പത് (8,82,65,430) രൂപയുടെ 175 ടൺ നെയ്യും 2020-21-ൽ എട്ട് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി ഒൻപത് രൂപയുടെ (8,38,79,109) 65 ടൺ നെയ്യും മലബാർ മേഖലാ യൂണിയൻ കയറ്റുമതി ചെയ്തിട്ടുണ്ട്.

(സി) ക്ഷീര സഹകരണ മേഖലയിലെ അധിക പാൽ സംഭരണം കണക്കിലെടുത്ത് സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി

6 (*96) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായാണ് കണ്ടിട്ടുള്ളത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുന്നത് കൃഷി ഭവനുകൾ വഴിയാണ്. പദ്ധതിയിൽ കർഷകരെ ചേർക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതി

പുരോഗതി എല്ലാ മാസവും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)മാരും പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും അവലോകനം ചെയ്ത് വിലയിരുത്തുന്നു. സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (CP)ഉം കൃഷി ഡയറക്ടറും കർഷകരുടെ പങ്കാളിത്തം, ഫണ്ടിന്റെ വിനിയോഗം തുടങ്ങിയവ സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നു. കൂടാതെ ഓരോ വർഷവും വിള ഇൻഷ്വറൻസ് പദ്ധതിയുടെ നേട്ടങ്ങൾ കർഷകരിൽ എത്തിച്ച് കൂടുതൽ കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ജൂലൈ ഒന്നാം തീയതി വിള ഇൻഷ്വറൻസ് ദിനവും തുടർന്ന് വിള ഇൻഷ്വറൻസ് പക്ഷാചരണവും നടത്താറുണ്ട്. 2015-16 മുതലുള്ള അംഗത്വത്തിന്റെയും പ്രീമിയം ശേഖരണത്തിന്റെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ കൂടുതൽ കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാകാൻ വിമുഖത കാണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇല്ല. 1995 ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചപ്പോൾ 25 വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരുന്നത്. തുടർന്ന് 22/3/2017-ലെ ജി.ഒ.(എം.എസ്)നം.37/2017/കൃഷി പ്രകാരമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവായത്. പരിഷ്കരിച്ച നഷ്ടപരിഹാരത്തുക കർഷകർക്ക് സംഭവിച്ച നാശം നികത്തുന്നതിന് പര്യാപ്തമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രളയംമൂലം കാർഷിക വിളകൾക്കുണ്ടായ കനത്ത നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. 1995-ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചപ്പോൾ 25 വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരുന്നത്. 22.03.2017-ലെ സ.ഉ.(എം.എസ്) നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഗണ്യമായ വർദ്ധനവ് നഷ്ടപരിഹാരത്തുകയിൽ വരുത്തി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകുന്നുണ്ട്. 13.12.2017-ലെ സ.ഉ.(കൈ) നം.1192/2017/കൃഷി പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകളെയും വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ പുതിയതായി കൊണ്ടുവന്ന് നഷ്ടപരിഹാരം നൽകിവരുന്നു. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി വിള ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലാണ്.

(ഡി) കൂടുതൽ വിളകളെ ഉൾപ്പെടുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും വിള ഇൻഷ്വറൻസ് പദ്ധതി ആകർഷകമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

22.03.2017-ലെ സ.ഉ.(എം.എസ്) നം.37/2017/കൃഷി, 13/12/2017-ലെ സ.ഉ.(കൈ)1192/2017/കൃഷി ഉത്തരവുകൾ പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഗണ്യമായ വർദ്ധനവ് നഷ്ടപരിഹാരത്തുകയിൽ വരുത്തി നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിപ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്കാണ് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി,

തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ക്കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകിവരുന്നത്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, ക്കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനുള്ള വിഷയം പരിഗണനയിലാണ്. ആയതു പൂർത്തിയാകുന്നതോടെ വിള ഇൻഷ്വറൻസ് പദ്ധതി കൂടുതൽ ആകർഷകമാകുന്നതാണ്.

കർഷക താല്പര്യം സംരക്ഷിക്കാൻ നടപടി

7 (*97) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ പട്ടയ ഭൂമിയിൽനിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ട് കൃഷി വകുപ്പിന് ഏതെങ്കിലും കർഷക സംഘടനയോ കർഷകരോ നിവേദനം നൽകിയിരുന്നോ; ഉണ്ടെങ്കിൽ

വിശദാംശങ്ങൾ നൽകാമോ?

കർഷകരുടെ പട്ടയ ഭൂമിയിൽനിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ കർഷകർ അനുമതി ആവശ്യപ്പെടുന്ന വിവരം കർഷക സംഘടനകൾ കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 2020 ഒക്ടോബർ 24-ന് റവന്യൂ വകുപ്പ് ഉത്തരവ് പുറത്തിറക്കുന്നതിനുമുമ്പ് കൃഷി വകുപ്പുമായി റവന്യൂ വകുപ്പ് ആശയവിനിമയം നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(സി) പ്രസ്തുത ഉത്തരവ് പ്രകാരം മരം മുറിച്ച ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്കെതിരെ കേസ് എടുക്കാൻ വനം വകുപ്പ് നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ കൃഷി വകുപ്പ് എന്തൊക്കെ ഇടപെടലാണ് നടത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>കായിക രംഗത്തെ അടിസ്ഥാന സൗകര്യവികസനം</u>

8 (*98) <u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

&

(ബി) കായിക രംഗത്തേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ?

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ

തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ്. മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കായികയുവജനകാര്യാലയം മുഖേന കുട്ടികൾക്ക് ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സപ്ലാഷ്, ബാസ്ക്കറ്റ് ബോളിന് ഹൂപ്പ്, അത്ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന

പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം നടന്നുവരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തിനേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തിവരുന്നു. മേൽപ്പറഞ്ഞ എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+ കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിനും കായികതാരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുന്നതിനും അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ കണ്ടെത്തി അവർക്ക് ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പും അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് കിറ്റ് അലവൻസും അനുവദിച്ചുവരുന്നു. കായികയുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര പ്രശസ്തിയുള്ള കായികതാരങ്ങളുമായി സംവാദം (ലെജന്റ് ടാക്ക് റ്റു യൂ) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കായികയുവജന കാര്യാലയത്തിനുകീഴിൽ പ്രവർത്തിച്ചുവരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് "സ്പോർട്സ് കേരള ലിമിറ്റഡ്" എന്ന പൊതുമേഖലാ കമ്പനി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്.

1) സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ, മാനേജ്മെന്റ് കമ്പനിയായി പ്രവർത്തിക്കുക.

2) സർക്കാർ അനുമതി നൽകിയതും നിലവിൽ കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല, കായിക വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല.

3) കായികയുവജന കാര്യാലയത്തിനുകീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ് - തിരുവനന്തപുരം, കുമാരപുരം ടെന്നീസ് അക്കാഡമി-തിരുവനന്തപുരം, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്-തിരുവനന്തപുരം കായിക

യുവജന കാര്യാലയത്തിനുകീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും.

4) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം.

റബ്ബർ ആവർത്തന കൃഷിക്ക് സബ്സിഡി

9 (*99) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ആവർത്തന കൃഷിക്ക് റബ്ബർ ബോർഡ് നൽകിവന്നിരുന്ന സബ്സിഡി കേന്ദ്ര സർക്കാർ നിർത്തലാക്കിയിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സബ്സിഡി നൽകാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ അപര്യാപ്തതയുടേയും മറ്റു സാങ്കേതിക കാരണങ്ങളുടേയും പേരിൽ റബ്ബർ ബോർഡ് ആവർത്തന കൃഷിക്ക് നൽകികൊണ്ടിരുന്ന സബ്സിഡി അപേക്ഷകൾ കഴിഞ്ഞ മൂന്നുവർഷമായി സ്വീകരിച്ചിരുന്നില്ല എന്നും ആയത് ഉടനെ പുന:സ്ഥാപിക്കും എന്നും റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്. ടി ഇനത്തിൽ കുടിശ്ശികയായ സബ്സിഡി തുക

നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ റബ്ബർ ബോർഡ് 18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവ് കാരണം പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) റബ്ബറിനെ കാർഷിക വിളയായി പരിഗണിച്ച് താങ്ങുവില നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

റബ്ബറിനെ കാർഷിക വിളയായി പരിഗണിച്ച് താങ്ങുവില നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ മറുപടി കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായിട്ടില്ല.

(സി) റബ്ബറിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന താങ്ങുവില ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിലുള്ള റബ്ബറിന്റെ താങ്ങുവില 2021 വർഷത്തെ ബഡ്ജറ്റിൽ കിലോയ്ക്ക് 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കൽ

10 (*100) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ആഘാതം ഏല്പിക്കുംമുമ്പ് കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റ് വരുമാനത്തിൽനിന്ന് ദൈനംദിന പ്രവർത്തന ചെലവ് കണ്ടെത്താൻ കഴിഞ്ഞിരുന്നോ?

കോവിഡിന്റെ ആഘാതം ഏൽപ്പിക്കുന്നതിനുമുമ്പ് കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിദിനം 6.50 കോടിയിൽപരം രൂപ ടിക്കറ്റ് വരുമാനമായി ലഭ്യമായിരുന്നു. പ്രസ്തുത വരുമാനം ഉപയോഗിച്ച് ദൈനംദിന പ്രവർത്തന ചെലവുകളായ ഡീസൽ, സ്പെയർ പാർട്സ്, ദിനംപ്രതിയുള്ള വായ്പ തിരിച്ചടവ് മുതലായ ചെലവുകൾക്ക് തുക കണ്ടെത്താൻ കഴിയുമായിരുന്നു.

(ബി) പ്രവർത്തന ചെലവെങ്കിലും കണ്ടെത്താൻ കഴിയുംവിധം കെ.എസ്.ആർ.ടി.സി. പുന:സംഘടിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.യു-ടെ വരവ്-ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകളിൽ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. ഏതാണ്ട് 90 കോടിയിലധികം രൂപ പ്രതിമാസം Diesel ചെലവിനായി നൽകേണ്ടതുണ്ട്. വിപണിയിൽ വില കുറവുള്ള CNG-യിലേയ്ക്ക് 3000 വാഹനങ്ങൾ മാറ്റുന്നതുവഴി പ്രതിമാസം 35-40 കോടി രൂപ ലാഭിക്കാനാകും. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. KIIFB മുഖാന്തരം 310 CNG ബസ്സുകളും 50 electric ബസ്സുകളും വാങ്ങാനും കൂടാതെ 400 Diesel ബസ്സുകൾ LNG യിലേയ്ക്ക് മാറ്റാനുമായി 359

കോടി രൂപ അനുവദിക്കുകയും അതനുസരിച്ചുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് ആനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ഇവയാണ്.

i) ചെലവ് കുറഞ്ഞ LNG / CNG മുതലായ ഇന്ധനങ്ങളിലേയ്ക്ക് ചുവടു മാറ്റുക.

ii) റൂട്ട് Rationalization.

iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക.

iv) സർവ്വീസ് Operation Optimize ചെയ്യുക.

v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക.

vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്.

എ) Logistic division ആരംഭിക്കുക.

ബി) പരസ്യങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക.

സി) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടംചെയ്ത ബസ്സുകൾ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുക (Shop On Wheels).

ഡി) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ ഗുണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക.

ഇ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതിയിലുള്ളതും എന്നാൽ നിലവിൽ ഉപയോഗിക്കാനാവാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക.

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ്

ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റംവരുത്തി പൊതുമേഖലാ എണ്ണക്കമ്പനി കളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപ്പന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. കോവിഡ് സാഹചര്യത്തിൽ സർവ്വീസ് നടത്താൻ സാധിക്കാത്ത അധിക ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തതുമൂലം ഇൻഷ്വറൻസ് തുക, ബാറ്ററി, ടയർ, ല്യൂബ്രിക്കന്റ്സ് ഇനത്തിൽ ചെലവ് കുറയും. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്സ്/ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. 3400 ഡീസൽ ബസ്സുകൾ LNG / CNG-യിലേക്ക് convert ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇത് പ്രാവർത്തികമാക്കുന്ന തോടുകൂടി ഇന്ധന ചെലവിൽ ഉദ്ദേശം പ്രതിമാസം 35-40 കോടി രൂപയുടെ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പരസ്യത്തെ ആശ്രയിക്കുന്നതുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിതയോഗ്യതയുള്ള കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരിൽ 23 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവുവന്നെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:

കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. Scheduled Tribes Development വകുപ്പിന്

കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചു വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ ബസ് സ്ലീപ്പർ ഉപയോഗിച്ച് യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sightseeing" എന്ന പദ്ധതിയും " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകളുടെ രഹസ്യസ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് ഇത് സഹായകരമാകും. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. രൂപമാറ്റം

വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് ലൂബ്ഷോപ്പ് എന്ന പദ്ധതിക്ക് തുടക്കംകുറിച്ചു. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഡീസൽ പമ്പുകൾ, IOC മുതലായ വൻകിട എണ്ണക്കമ്പനികളുടെ സഹകരണത്തോടെ പൊതുവാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യൂവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യംവരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേരിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്,

ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) വാഹന വിനിയോഗ നിരക്കും പ്രതിവാഹന ജീവനക്കാരുടെ എണ്ണവും ഇന്ധനക്ഷമതയും ദേശീയ നിലവാരവുമായി താരതമ്യം ചെയ്യാവുന്ന നിലയിലേയ്ക്ക് വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ?

ഉണ്ട്. കോവിഡ് മഹാമാരിയും ഇതോടനുബന്ധിച്ചുള്ള ലോക്ഡൗൺ നിയന്ത്രണങ്ങളും ഉള്ളതിനാൽ വാഹന വിനിയോഗം (അതായത് പ്രതിദിനം ഒരു വാഹനം ഓടുന്ന കിലോമീറ്റർ) കുറഞ്ഞിരിക്കുകയാണ്. നിയന്ത്രണങ്ങളിൽ പൂർണ്ണമായി ഇളവ് ലഭിച്ച് യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നമുറയ്ക്ക് ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ചും ദീർഘദൂര സർവ്വീസുകളിൽ ക്രൂ ചെയിഞ്ച് തുടങ്ങിയവ നടപ്പിലാക്കി വാഹന വിനിയോഗ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി.-യിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോണുകളായി തരംതിരിച്ച് ഫ്യൂവൽ സെൽ ഡിവിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഫ്യൂവൽ സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിപ്പോ തലത്തിൽ ഇന്ധനക്ഷമത കുറവുള്ള ബസ്സുകൾ കണ്ടെത്തി പരിഹാര നടപടികൾ സമയബന്ധിതമായി

നടപ്പിലാക്കിവരുന്നു. ഇതോടൊപ്പംതന്നെ ഡിപ്പോ തലത്തിൽ ഡ്രൈവർമാർക്ക് കൃത്യമായ ഇടവേളകളിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, കൗൺസിലിംഗ് എന്നിവ നൽകിവരുന്നു. കൂടാതെ പൊതുമേഖലാ എണ്ണക്കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ ഡീസൽ പമ്പുകളിൽ ഓട്ടോമൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇതുവഴി ബസുകളിൽ നിറയ്ക്കുന്ന ഡീസൽ, ഉപഭോഗം, ഇന്ധനക്ഷമത എന്നിവ നേരിട്ട് ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി 2018-19-ൽ കെ.എസ്.ആർ.ടി.സി. ബസുകളുടെ ഇന്ധനക്ഷമത ലിറ്ററിന് 4.20 എന്നതിൽനിന്ന് 2019-20-ൽ 4.28-ലേക്ക് ഉയർത്താൻ സാധിച്ചിട്ടുണ്ട്.

സർവ്വകലാശാലകളുടെ സാമ്പത്തിക ഭദ്രത

11 (*101) ശ്രീ. റോജി എം. ജോൺ:
ശ്രീ എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽനിന്നും വിരമിച്ച

ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് 2021-ൽ ഉത്തരവിറക്കിയിട്ടുണ്ടോ?

സംസ്ഥാന സർവ്വകലാശാലകളിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് 24/06/2021-ലെ ജി.ഒ(പി) നം. 87/2021/ഫിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം പെൻഷൻ ബാധ്യത സർവ്വകലാശാലകളുടെ തനത് ഫണ്ടിൽനിന്നും നിറവേറ്റണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വ്യവസ്ഥ സർവ്വകലാശാലകളുടെ സാമ്പത്തിക ഭദ്രതയേയും അക്കാദമിക പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ചെലവഴിക്കുന്നതിനേയും ദോഷകരമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്; സർവ്വകലാശാലകളിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാലകൾ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രതിനിധികളുമായി നടത്തിയ അവലോകന യോഗത്തിൽ സർവ്വകലാശാലകളിൽ വിവിധ അക്കൗണ്ടുകളിൽ പെൻഷൻ നൽകുന്ന

ആവശ്യത്തിലേയ്ക്കായി മതിയായ തുക നീക്കിയിരിപ്പുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നൽകിയ രേഖകളിൽനിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിർദ്ദേശം പുറപ്പെടുവിച്ചത്. തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) സർവ്വകലാശാലകളുടെ അക്കാദമിക നിലവാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനായി പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യത്തിൽ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതാണ്.

<u>ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനസൗകര്യ വികസനം</u>

12 (*102) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. എം. വിജിൻ</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സർക്കാർ കോളേജുകളുടെയും അടിസ്ഥാനസൗകര്യം നവീകരിക്കുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിപുലീകരിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

2016-17 വർഷത്തിലെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ 186-ാം ഖണ്ഡികയുടെ അടിസ്ഥാനത്തിലും തുടർന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13-11-2017-ലെ സ.ഉ (കൈ) നം. 285/17/ഉ.വി.വ പ്രകാരം 48 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും 9 സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും വകയിരുത്തുകയുണ്ടായി. മാത്രമല്ല പുതിയതായി ആരംഭിച്ച 12 ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും പുതിയതായി ആരംഭിച്ച കോളേജുകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും കിഫ്ബി പദ്ധതിപ്രകാരം വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ കേരള സർവ്വ

കലാശാലയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 43.52 കോടി രൂപയും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 50.28 കോടി രൂപയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 77.93 കോടി രൂപയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 40.43 കോടി രൂപയും കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, CUSAT-നെ അക്കാദമിക് ആന്റ് റിസർച്ചിലെ മികവിനുള്ള അന്താരാഷ്ട്ര കേന്ദ്രമായി വികസിപ്പിക്കുന്നതിനായി 91.6 കോടി രൂപയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. KITE, KSITIL, KITCO Ltd, RBDCK തുടങ്ങിയ SPV-കൾ മുഖാന്തരം നടപ്പിലാക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ കിഫ്ബി പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർവ്വകലാശാല, കോളേജ് തലങ്ങളിൽ ഓൺലൈൻ പഠന സംവിധാനം ഒരുക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സമയക്രമങ്ങളിൽ ഓൺലൈൻ പഠന സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ക്ലാസുകൾ നടത്തുകയും ആവശ്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പഠന സഹായികളും നോട്ടുകളും പി.ഡി.എഫ്. രൂപത്തിൽ നൽകുന്നുമുണ്ട്. കുട്ടികളുടെ എണ്ണം, പാഠ്യവിഷയം എന്നിവ പരിഗണിച്ച് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ക്ലാസുകൾ നടന്നുവരുന്നു. കോളേജ് കൗൺസിലുകളുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ ഓൺലൈൻ ക്ലാസുകളുടെ അവലോകനവും നടത്തിവരുന്നു. ഇതോടൊപ്പം ഓൺലൈൻ മാധ്യമത്തിലൂടെ പഠനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഒരു ഏകീകൃത സംവിധാനമായ എൽ.എം.എസ്. (Learning Management System) സംസ്ഥാനമൊട്ടാകെ 'Let's Go Digital' എന്ന പദ്ധതിയായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ടായിരത്തോളം യൂണിവേഴ്സിറ്റി/കോളേജ് അധ്യാപകർക്ക് ഒരു പരിശീലന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

(സി) ദേശീയ-അന്തർദ്ദേശീയ ജേർണലുകൾ ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിൽ ഡിജിറ്റൽ ലൈബ്രറി സംവിധാനം സർവ്വകലാശാലകളിലും കോളേജുകളിലും ഏർപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം പരിഗണിച്ച് ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ദേശീയ അന്തർദേശീയ ജേർണലുകൾ ഉൾപ്പെടെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ സർവ്വകലാശാല/കോളേജ് ലൈബ്രറികളെ

പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ് വർക്ക് സംവിധാനമായ Kerala Academic Libraries Network (KALNET)-ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപം നൽകിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉള്ള ലൈബ്രറികളുടെ നെറ്റ്വർക്കിലൂടെ മറ്റ് ലൈബ്രറികളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ ഇതിലൂടെ സാധിക്കും. മഹാത്മാ ഗാന്ധി സർവ്വകലാശാല ലൈബ്രറിയിലുള്ള ഏഴായിരത്തിലധികം വരുന്ന ഓൺലൈൻ ദേശീയ-അന്തർദേശീയ ജേർണലുകൾ, ലൈബ്രറി ഉപഭോക്താക്കൾക്ക് മുഴുവൻ സമയവും ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. എൽ.ബി.എസ്. സെന്ററിന് കീഴിൽവരുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിലും AICTE-യുടെ സഹായത്തോടെ ഡിജിറ്റൽ ലൈബ്രറി വഴി വെബ് ഓഫ് സയൻസ് എന്ന ജേണൽ പ്ലാറ്റ് ഫോം ലഭ്യമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഭൂരിഭാഗം എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നിലവിൽ ഡിജിറ്റൽ ലൈബ്രറി സൗകര്യങ്ങൾ ലഭ്യമാണ്. ആയത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രീകൃത ഡിജിറ്റൽ ലൈബ്രറി സിസ്റ്റം ഒരുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. എല്ലാ

എഞ്ചിനീയറിംഗ് കോളേജുകൾക്കും AICTE നിഷ്കർഷിക്കുന്ന അന്തർദേശീയ നിലവാരമുള്ള ഇ-ജേണലുകൾ വാങ്ങാനുള്ള ഭരണാനുമതി എല്ലാവർഷവും നൽകുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ ലൈബ്രറികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

മലയാളം ലെക്സിക്കൻ മേധാവി നിയമനം

13 (*103) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി മലയാളം ലെക്സിക്കൻ മേധാവിയായി സംസ്കൃതാദ്ധ്യാപികയെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവ്വകലാശാലയിൽ മലയാളം ലെക്സിക്കൺ മേധാവിയുടെ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് പൂർണ്ണമായും സർവ്വകലാശാല ഓർഡിനൻസ് അനുശാസിക്കുംപ്രകാരമുള്ള യോഗ്യതകൾ നിലനിർത്തിക്കൊണ്ടാണ്. കേരള സർവ്വകലാശാല മലയാളം ലെക്സിക്കൺ എഡിറ്ററുടെ സ്ഥിരനിയമനം വേഗതയിൽ നടത്തുന്നതിനായി കേരള പബ്ലിക്

സർവീസ് കമ്മീഷനെ സർവ്വകലാശാല സമീപിച്ചപ്പോൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ചുള്ള കൂടുതൽ ചുമതലകൾ) ആക്ട് 2015 പ്രകാരം കൺസൾട്ടേഷൻ റൂൾ തയ്യാറാക്കിയതിനുശേഷംമാത്രമേ സ്ഥിരനിയമനം നടത്താൻ കഴിയുകയുള്ളൂ എന്നാണ് പി.എസ്.സി. അറിയിച്ചിരുന്നത്. കൺസൾട്ടേഷൻ റൂൾ തയ്യാറാക്കൽ സമയം ആവശ്യമായ ഒരു പ്രക്രിയ ആയതിനാൽ അതുവരെ മലയാളം ലെക്സിക്കൺ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്ററെ താൽക്കാലികമായി നിയമിക്കാൻ 24.08.2020-ൽ സർവ്വകലാശാല തീരുമാനിച്ചിരുന്നു. കേരള സർവ്വകലാശാല ഫസ്റ്റ് ഓർഡിനൻസ് 1978-ലെ പതിനേഴാം അധ്യായത്തിൽ ക്രമനമ്പർ 93 ആയി ഷെഡ്യൂൾ ചെയ്തിരിക്കുന്നത് മലയാളം ലെക്സിക്കൺ എഡിറ്റർ തസ്തികയിൽ നേരിട്ടുള്ള സ്ഥിരം നിയമനത്തിനുള്ള യോഗ്യത, ശമ്പളം തുടങ്ങിയവയാണ്. എഡിറ്ററുടെ ഡെപ്യൂട്ടേഷൻ നിയമനത്തിനായി വിദഗ്ധർ ഉൾപ്പെടുന്ന ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയ്ക്കുള്ള യോഗ്യത വിപുലീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇത് താല്കാലികാടിസ്ഥാനത്തിലുള്ള

ഡെപ്യൂട്ടേഷൻ നിയമനം മാത്രമായതിനാൽ അതിനെ ഓർഡിനൻസ് വിരുദ്ധമായി കാണാനാകില്ല.

(ബി) മലയാളം ലെക്സിക്കൺ മേധാവിക്കായി യൂണിവേഴ്സിറ്റി നോട്ടിഫിക്കേഷൻ ഇറക്കിയപ്പോൾ അതിൽ മലയാളത്തിൽ പ്രാവീണ്യമുള്ളവർ വേണമെന്ന നിബന്ധനയ്ക്കൊപ്പം മലയാളത്തിലോ സംസ്കൃതത്തിലോ എന്ന് ചേർത്തത് കേരള സർവ്വകലാശാല ഓർഡിനൻസിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവ്വകലാശാല ഫസ്റ്റ് ഓർഡിനൻസ് 1978 ചാപ്റ്റർ 17-ന്റെ ഭാഗമായ ഷെഡ്യൂളിലെ ക്രമനമ്പർ 93 പ്രകാരം ചേർത്തിരിക്കുന്ന യോഗ്യതകൾ നേരിട്ടുള്ള സ്ഥിരനിയമനത്തിന് വേണ്ടിയുള്ളതാണ്. ടി തസ്തികയിലേയ്ക്ക് ഇപ്പോൾ നടത്തിയിട്ടുള്ള നിയമനം ലെക്സിക്കൺ വിഭാഗത്തിൽ നിലനിൽക്കുന്ന അടിയന്തിര സാഹചര്യം പരിഗണിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താൽക്കാലികമായാണ്. ലെക്സിക്കണിന്റെ ഒമ്പതാം വാള്യത്തിലെ ഗ്രന്ഥതരവീഴ്ചകളുമായി ബന്ധപ്പെട്ട അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടും മുൻകാലങ്ങളിലെപ്പോലെ ലക്സിക്കൺ വകുപ്പിൽ വിവിധ ഭാഷകളിലായി ഉണ്ടായിരുന്ന വിദഗ്ധരുടെ പങ്കാളിത്തവുംകൂടി വിലയിരുത്തി ഭാഷാവിദഗ്ധർ ഉൾപ്പെടുന്ന സെലക്ഷൻകമ്മിറ്റി നൽകിയ

ശിപാർശപ്രകാരം മലയാള ഭാഷയിലെ ഡോക്ടറേറ്റിനൊപ്പം സംസ്കൃതഭാഷയിലെ ഡോക്ടറേറ്റുംകൂടി ചേർത്ത് യോഗ്യത വിപുലപ്പെടുത്തി വിവിധ സർവ്വകലാശാലയിലെ ബഹുഭാഷാ പാണ്ഡിത്യമുള്ള പ്രൊഫസർമാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്റർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. ഈ നിയമനം പൂർണ്ണമായും താൽക്കാലികമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാത്രമാണെന്നതിനാൽ അതിനെ ഓർഡിൻസിന് വിരുദ്ധമായി കാണാനാകില്ല.

(സി) സർവ്വകലാശാല ഓർഡിനൻസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ മാറ്റംവരുത്താൻ വൈസ് ചാൻസലർക്കോ രജിസ്ട്രാർക്കോ അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർവ്വകലാശാലയിലെ ഏതെങ്കിലുമൊരു തസ്തികയിലേയ്ക്കുള്ള സ്ഥിരം നിയമനത്തിനായി സർവ്വകലാശാല ഓർഡിനൻസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ മാറ്റംവരുത്താൻ വൈസ് ചാൻസലർക്കോ രജിസ്ട്രാർക്കോ അധികാരമില്ല.

(ഡി) 2021 ജനുവരി 28-ന് പുറപ്പെടുവിച്ച പ്രസ്തുത നിയമന വിജ്ഞാപനം പത്രങ്ങളിലോ യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റുകളിലോ പ്രസിദ്ധീകരിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

2021 ജനുവരി 28-ന് പുറപ്പെടുവിച്ച പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമന വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 28-01-2021 മുതൽ സർവ്വകലാശാല വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻസ് ലിങ്കിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. 30-01-2021, 08-02-2021 തീയതികളിൽ വിജ്ഞാപനം സംബന്ധിച്ച ഔദ്യോഗിക പത്രക്കുറിപ്പുകൾ എല്ലാ പത്രമാധ്യമങ്ങൾക്കും നൽകിയിട്ടുണ്ട്.

കായിക മേഖലയുടെ വികസനം

14 (*104) ശ്രീമതി ദെലീമ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികമേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

&

(ബി) കായിക മേഖലയുടെ വികസനത്തിന്റെ പ്രാരംഭ പ്രവർത്തനമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആരംഭിച്ച സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കായിക മേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തിയും കിഫ്ബി ധനസഹായത്തോടെയും 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1,000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ-മൈലം, സ്പോർട്സ് ഡിവിഷൻ-കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും നിർമ്മാണ പ്രവർത്തികൾ ആരംഭിച്ച സ്റ്റേഡിയങ്ങളുടെ പുരോഗതിയും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുതകുന്ന പരിശീലനം നൽകിവരുന്നതോടൊപ്പം അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കിവരുന്നുണ്ട്. മികച്ച കായിക ഉപകരണങ്ങൾ ആവശ്യാനുസരണം നൽകുന്നു. സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് സ്കൂളിന്റെ വിവിധ കോർട്ടുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. ഫുട്ബോൾ ടർഫുകൾ, അത്ലറ്റിക് ട്രാക്കുകൾ എന്നിവയുടെ നവീകരണം നടത്തി വരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

അന്താരാഷ്ട്ര നിലവാരത്തിൽ കായികമികവുള്ള താരങ്ങളുമായി കുട്ടികൾക്ക് സംവാദം നടത്താനുള്ള "ലെജന്റ് ടോക് റ്റു യു" പദ്ധതിയും ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിനുള്ള മസ്സിൽ ബയോപ്സി ടെസ്റ്റും നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. പരിശീലനത്തിനിടയിലോ മത്സരങ്ങൾക്കിടയിലോ പരിക്കുകൾ പറ്റുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. പരിശീലകരുടെ മികവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവർത്തിക്കുന്നതിനായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'. ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽനിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ്. മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്. മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ

സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കായികയുവജന കാര്യാലയം മുഖേന കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സപ്ലാഷ്, ബാസ്ക്കറ്റ് ബോളിന് ഹൂപ്സ്, അത്ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് 'പ്ലേ ഫോർ ഹെൽത്ത് സ്കീം' എന്നിവ നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജന കാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തിവരുന്നു. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഏറ്റെടുത്ത എല്ലാ സ്റ്റേഡിയങ്ങളുടെയും അനുബന്ധ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഏറ്റെടുത്ത എല്ലാ സ്റ്റേഡിയങ്ങളുടെയും അനുബന്ധ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19, പ്രളയം, നിപ്പ എന്നിവ സമൂഹത്തിൽ സൃഷ്ടിച്ച ആഘാതം കാരണം പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്.

കാലിത്തീറ്റ ഉത്പാദനം

15 (*105) ശ്രീ. എം. നൗഷാദ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഭക്ഷ്യ സുരക്ഷിതത്വ പ്രോജക്ടിന്റെ ഭാഗമായി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സമീകൃത കാലിത്തീറ്റയുടെയും ഉപോൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ നാല് ഫാക്ടറികളിൽ നിന്നായി പ്രതിദിനം 1750 ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുവരുന്നു. കന്നുകാലികളുടെ രോഗപ്രതിരോധശേഷി നിലനിർത്തുന്നതിനും ധാതുലവണങ്ങളുടെ പോഷകക്കുറവ് പരിഹരിക്കുന്നതിനും പ്രത്യുൽപ്പാദനക്ഷമത നിലനിർത്തുന്നതിനും ധാതുലവണ മിശ്രിതമായ 'കേരമിൻ', സമ്പുഷ്ടീകരിച്ച വൈയ്ക്കോൽക്കട്ട എന്നിവയും കേരള ഫീഡ്സ് ഉൽപ്പാദിപ്പിച്ച് വിതരണംചെയ്യുന്നുണ്ട്. മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും ക്ഷീരകർഷർക്ക് ആവശ്യമായ തരത്തിലുള്ള കാലിത്തീറ്റകളാണ് ഉൽപ്പാദിപ്പിച്ചുവരുന്നത്. പശുവിന്റെ പാലുൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി മിൽമ റിച്ച്, മിൽമ ഗോൾഡ്, മിൽമ ബൈപ്രോ എന്നീ മൂന്നിനം കാലിത്തീറ്റകൾ ഉൽപ്പാദിപ്പിക്കുന്നു. ഇത് പാലുൽപ്പാദനവും കാലികളുടെ പ്രതിരോധശേഷിയും വർദ്ധിപ്പിക്കാനും കുറവുകൾ തമ്മിലുള്ള ഇടവേളകൾ കുറയ്ക്കുന്നതിനും പ്രയോജനപ്പെടുന്നു. ഇതോടൊപ്പം ഫീഡ് സപ്ലിമെന്ററായ ധാതുലവണ മിശ്രിതവും കാലികൾക്ക് അധിക ഊർജ്ജം നൽകുന്നതിനുവേണ്ടി 'ക്ഷീരസമൃദ്ധി' എന്ന പേരിൽ

ബൈപാസ് ഫാറ്റം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ക്ഷീരവികസന വകുപ്പിന്റെ ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതന പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സംസ്ഥാന ബഡ്ജറ്റിൽ ക്ഷീരവികസന വകുപ്പിന് വകയിരുത്തിയ 96 കോടി രൂപയിൽ 40 കോടി രൂപ മിൽക്ക് ഷെഡ്ഡ്, തീറ്റപ്പുല്ല് വികസന പദ്ധതിക്കും 14 കോടി രൂപ കാലിത്തീറ്റ സബ്സിഡിക്കും വകയിരുത്തിയിട്ടുണ്ട്.

(ബി) അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിലും കേരള ഫീഡ്സ് ഉത്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാതെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടോ?

അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെ കാലിത്തീറ്റ വിതരണം ചെയ്യാൻ നിലവിൽ കേരളാ ഫീഡ്സിന് സാധിക്കുന്നുണ്ട്.

(സി) കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ക്ഷീരവികസന മേഖലയിലേയ്ക്ക് ധാരാളം പേർ കടന്നുവരുന്നതിനാൽ കാലിത്തീറ്റയുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതാണെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ?

ക്ഷീരവികസന മേഖലയിലേയ്ക്ക് ധാരാളം പേർ കടന്നുവരുന്നുണ്ട്. ഈ മേഖലയിൽ കാലിത്തീറ്റ കൂടുതലായി ആവശ്യമാകുന്ന പക്ഷം അതിനനുസരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും സജ്ജമാണ്.

(ഡി) പുതുതായി കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

പുതുതായി കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

മൃഗസംരക്ഷണത്തിനായി ടെലിമെഡിസിൻ സംവിധാനം

16 (*106) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങളിലെ രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. മൃഗസംരക്ഷണ മേഖലയിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് വകുപ്പ് മുഖേന നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2016-17 - Rs. 1,11,98,945/-

2017-18 - Rs. 1,44,56,250/-

2018-19 - Rs. 1,39,80,600/-

2019-20 - Rs. 83,44,450/-

2020-21 - Rs. 1,78,91,700/-

2019-20, 2020-21 വർഷങ്ങളിൽ കേരളത്തിലാകെയുള്ള കന്നുകാലികൾക്കും മറ്റു പക്ഷിമൃഗാദികൾക്കും ഉണ്ടായ അസുഖങ്ങൾ സംബന്ധിച്ച AHEAD സോഫ്റ്റ് വെയറിൽനിന്നും ലഭ്യമായ മിഷ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.+ 2019-20 വർഷം നടത്തിയ രോഗചികിത്സകളുടെ എണ്ണം - 66,34,211, 2020-21 വർഷം നടത്തിയ രോഗചികിത്സകൾ - 77,40,345 ആണ്.

(ബി) കന്നുകാലികളുടെ ആരോഗ്യപരിപാലനത്തിനായി ടെലി മെഡിസിൻ സംവിധാനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ടെലി മെഡിസിൻ സംവിധാനമായ "ഇ-സഞ്ജീവനി ഒപിഡി" മാതൃകയിൽ മൃഗസംരക്ഷണ വകുപ്പിലും ഒരു "ടെലി വെറ്ററിനറി ഒപിഡി" നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ടെലിമെഡിസിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗഡോക്ടർമാർക്കായി പരിശീലന പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഡോക്ടർമാർക്ക് വീഡിയോകോൾ സംവിധാനം വഴി മൃഗങ്ങളെ കാണുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) പൊതുജനാരോഗ്യ മേഖലയിൽ നടപ്പിലാക്കിവരുന്ന ഇ-സഞ്ജീവനി പദ്ധതിയുടെ മാതൃകയിൽ മൃഗസംരക്ഷണ മേഖലയിൽ ടെലിമെഡിസിൻ പദ്ധതി വ്യാപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

"ഇ-സഞ്ജീവനി ഒപിഡി" സംവിധാനം തയ്യാറാക്കിയ C-DAC മായി പ്രസ്തുത പദ്ധതി സംബന്ധിച്ച ചർച്ച നടത്തിവരികയാണ്.

(ഇ) പ്രസ്തുത പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രചരണ, ബോധവൽക്കരണ പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലുണ്ട്.

ജന്തുജന്യ രോഗങ്ങൾ സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ

17 (*107) ശ്രീ. കെ.വി. സുമേഷ്:
ശ്രീ. ഐ. ബി സതീഷ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിനെ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിനനുസൃതമായി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ മൃഗസംരക്ഷണ മേഖല ജീവനോപാധിയായി സ്വീകരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ വകുപ്പിന്റെ അടിസ്ഥാന യൂണിറ്റുകളായ വെറ്ററിനറി ഡിസ്പെൻസറി, ഹോസ്പിറ്റലുകൾ എന്നിവയെ ശാക്തീകരിച്ചുകൊണ്ട് കർഷക സൗഹൃദ പദ്ധതികൾ നടപ്പിൽ വരുത്താനും ഡോക്ടർമാരുടെ ലഭ്യത ഉറപ്പുവരുത്താനും ഉദ്ദേശിക്കുന്നു. കോവിഡുമായി ബന്ധപ്പെട്ട ക്വാറന്റൈൻ/ചികിത്സയിലായ കർഷകരുടെ ഉരുക്കളെ സംരക്ഷിക്കുന്നതിന് ആലപ്പുഴ ജില്ലയിൽ ജില്ലാ

പഞ്ചായത്ത്, ക്ഷീര വികസന വകുപ്പ് എന്നിവയുമായി ചേർന്ന് അനിമൽ ഡേ കെയർ സെന്റർ ആരംഭിക്കുകയുണ്ടായി. കോവിഡ്-19-ന്റെ പശ്ചാത്തലത്തിലുള്ള ലോക്ഡൗൺമൂലം 2020-21-ൽ വളർത്തുമൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് പ്രതിസന്ധി തുടരുന്നുവെന്ന് വ്യാപകമായി പരാതി ലഭിച്ച സാഹചര്യത്തിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്ക് തീറ്റ വാങ്ങുന്നതിന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പിൽനിന്നും " 2245-02-101-94-01-Flood-OI" എന്ന ശീർഷകത്തിൽനിന്ന് അഞ്ചുകോടി രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായി. കോവിഡ് ബാധിച്ചും ക്വാറന്റൈനിലായും ബുദ്ധിമുട്ടുന്ന ക്ഷീരകർഷകർക്ക് ദുരന്ത നിവാരണ മാനദണ്ഡപ്രകാരം ഒരു പശു/എരുമ എന്നിവയ്ക്ക് തീറ്റയ്ക്ക് ഒരു ദിവസം 70 രൂപ നിരക്കിൽ ഒരു ഉരുവിന് പരമാവധി 2,800 രൂപയ്ക്ക് സർക്കാർ ഏജൻസിയായ കേരളാ ഫീഡ്സിന്റെ കാലിത്തീറ്റ (2 ചാക്ക് വീതം) മൃഗാശുപത്രികൾ വഴിയാണ് വിതരണം ചെയ്തത്. ഈ വർഷം ദുരന്ത നിവാരണ ഫണ്ടിൽനിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണ്.

(ബി) ജന്തുജന്യ രോഗങ്ങൾ സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഒരു വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗം തുടങ്ങേണ്ടതിന്റെ അനിവാര്യത പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. അനിവാര്യമാണ്.

(സി) ഇതുസംബന്ധിച്ച് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാരാംശം വ്യക്തമാക്കുമോ?

ഉണ്ട്. ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരള, ഈ വിഷയത്തിൽ സമഗ്രമായൊരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ABC പദ്ധതിയും ശാസ്ത്രീയ അറവുശാലകളും പുറമെനിന്ന് കൊണ്ടുവരുന്ന മൃഗങ്ങളുടെ നിരീക്ഷണങ്ങൾക്കുതകുന്ന സജ്ജീകരണങ്ങളുള്ള ലാബുകളും quarantine സംവിധാനങ്ങളും നടപ്പിൽ വരുത്തുന്നതിനായി വെറ്ററിനറി പൊതുജനാരോഗ്യ വിഭാഗം തുടങ്ങുന്നതിന് വേണ്ടിയുള്ള റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) മൃഗപരിപാലനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരെ ജന്തുജന്യരോഗം സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിന് ആരോഗ്യ

വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ 2018-ൽ നടത്തിയ നിപ പ്രതിരോധ പ്രവർത്തനങ്ങൾ, പ്രളയാനന്തരം നടത്തിയ എലിപ്പനി പ്രതിരോധം, വയനാട് ജില്ലയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവരുന്ന കുരങ്ങുപനി നിയന്ത്രണ പ്രവർത്തനങ്ങൾ, ചെള്ളുപനി അഥവാ സ്ക്രബ് ടൈഫസ് നിയന്ത്രണ പ്രവർത്തനങ്ങൾ, കോഴിക്കോടും മലപ്പുറത്തും ആലപ്പുഴയിലും കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയിലെല്ലാം ആരോഗ്യ വകുപ്പുമായി ചേർന്നുള്ള യോജിച്ച പ്രവർത്തനങ്ങൾ വിജയിച്ചതായി കാണാം. ജന്തുജന്യരോഗങ്ങൾ അടക്കമുള്ള പുതിയ രോഗങ്ങളുടെ ഫലപ്രദമായ നിരീക്ഷണത്തിനും ഗവേഷണത്തിനും സാംക്രമിക രോഗനിവാരണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട Instituite of advanced virology lab -ൽ വെറ്ററിനറി മേഖലയിലെ പി.ജി., പി.എച്ച്.ഡി. ഉള്ള വെറ്ററിനറി ഡോക്ടർമാരെക്കൂടി ഉൾപ്പെടുത്തി Zoonotic Disease Control വിഭാഗം ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. അമേരിക്കയിലുള്ള Centre for Disease Control and Prevention – CDCP എന്ന ലോക

പ്രശസ്ത സ്ഥാപനത്തിന്റെ മാതൃകയിൽ ഒരു ഗവേഷണ കേന്ദ്രം ആരംഭിക്കാൻ ഇത്തവണ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ റെയിൽവേ വികസനം

18 (*108) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ചർച്ച നടത്താമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയിൽ സംസ്ഥാനം ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും 13-07-2021, 14-07-2021 തീയതികളിൽ ചർച്ച നടത്തിയിരുന്നു. പാത ഇരട്ടിപ്പിക്കൽ, പുതിയ പാതകളുടെ നിർമ്മാണം, സിൽവർ ലൈൻ പദ്ധതി തുടങ്ങിയവ പ്രസ്തുത

ചർച്ചയുടെ അജണ്ടയിൽ ഉൾപ്പെട്ടിരുന്ന ചീഫ് സെക്രട്ടറി റെയിൽവേ അധികൃതരുമായി നടത്താൻ തീരുമാനിച്ചിരിക്കുന്ന തുടർചർച്ചയിൽ ഉന്നയിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മുഖ്യ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:

സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) - പദ്ധതിക്കായി റെയിൽവേ മന്ത്രാലയത്തിൽനിന്നുമുള്ള അനുമതിയും കേന്ദ്ര സർക്കാർ അനുമതിയും എത്രയും പെട്ടെന്ന് ലഭിക്കേണ്ടതുണ്ട്.

തലശ്ശേരി - മൈസൂർ റെയിൽ പാത - പ്രസ്തുത പാതയ്ക്ക് വനഭൂമി ഒഴിവാക്കി നിർദ്ദേശിച്ച അലൈൻമെന്റിന് റെയിൽവേ മന്ത്രാലയത്തിൽ നിന്നുമുള്ള അനുമതിയും കർണാടക സർക്കാരിൽനിന്നുമുള്ള അനുമതിയും എത്രയും പെട്ടെന്ന് ലഭിക്കേണ്ടതുണ്ട്.

നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് തലശ്ശേരി മൈസൂർ പദ്ധതിക്ക് അനുമതി കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ആയതിൽ തലശ്ശേരി - മൈസൂർ പദ്ധതിക്കുള്ള റെയിൽവേ മന്ത്രാലയത്തിൽനിന്നുമുള്ള അനുമതിയും കർണാടക സർക്കാരിൽനിന്നുമുള്ള അനുമതിയും എത്രയും പെട്ടെന്ന് ലഭിക്കേണ്ടതുണ്ട്.

അങ്കമാലി - ശബരി റെയിൽവേ ലൈൻ - പ്രസ്തുത പദ്ധതിയുടെ

നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് 07-01-2021-ലെ സ.ഉ(കൈ) നം. 1/2021/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ പദ്ധതി ഘനീഭവിപ്പിച്ചിരിക്കുന്ന നടപടി പിൻവലിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

എറണാകുളം മാർഷലിംഗ് യാർഡ് വികസനം - പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് പൂർത്തീകരിച്ച് ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) സംസ്ഥാനം പകുതി ചെലവ് വഹിക്കണമെന്ന് കേന്ദ്ര സർക്കാൻ നിർദ്ദേശിച്ചിട്ടുള്ള ശബരി റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡിന്റെ നിർദ്ദേശ പ്രകാരം പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് 07-01-2021-ലെ സ.ഉ(കൈ) നം.

1/2021/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിട്ടുണ്ട്. പ്രസ്തുത തീരുമാനം മെമ്പർ, എൻജിനിയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേയ്ക്കും തുടർനടപടികൾക്കായും അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നുമുള്ള മറുപടി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു

(സി) തലശ്ശേരി-മൈസൂർ പാതയ്ക്ക് വനഭൂമി ഒഴിവാക്കി പുതിയ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ., കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വേ പ്രവർത്തികളും മറ്റ് പ്രവർത്തനങ്ങളും പുരോഗമനഘട്ടത്തിലാണ്. കർണ്ണാടക ഭാഗത്തുള്ള അലൈൻമെന്റിന് പ്രദേശവാസികളുടെ എതിർപ്പ് കണക്കിലെടുത്ത്, കർണ്ണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണ്ണാടക വഴിയുള്ള അലൈൻമെൻറ് പുതുക്കിയിട്ടുണ്ട്. നിർദ്ദിഷ്ട പുതിയ വിന്യാസം

ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റിവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണ്ണാടക സർക്കാരിൽ നിന്നും റെയിൽവേയിൽനിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു. കർണ്ണാടക സർക്കാരിൽനിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. തലശ്ശേരി - മൈസൂർ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വേ അനുമതിക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കർണ്ണാടക മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. ഇതിനുപുറമെ തുടർച്ചയായി റെയിൽവേ മന്ത്രാലയത്തിൽനിന്നും കർണ്ണാടക സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്തയക്കുകയുണ്ടായി.

<u>മലയാളം ലെക്ചിക്കൺ മേധാവിയുടെ നിയമനം</u>

19 (*109) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ലെക്സിക്കൺ മേധാവിയായി സംസ്കൃതാദ്ധ്യാപികയെ നിയമിച്ചത് നിയമാനുസൃതമാണോ എന്നത് പരിശോധനാ വിധേയമാക്കി

യിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ വിദൂരവിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നതുവരെ വിദൂരവിദ്യാഭ്യാസം നേടുന്നതിനുള്ള വിദ്യാർത്ഥികളുടെ അവസരം സംരക്ഷിക്കുന്നതിനായി നിലവിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം തുടരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(ബി) കേരള സർവ്വകലാശാല ഓർഡിനൻസ് ചട്ടങ്ങൾപ്രകാരം ലെക്സിക്കൺ എഡിറ്ററുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഓർഡിനൻസ് പ്രകാരമുള്ള യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മലയാള ഭാഷയിൽ ഉന്നത പ്രാവീണ്യം, ഗവേഷണ ബിരുദം, യൂണിവേഴ്സിറ്റി കോളേജുകളിൽ പത്തുവർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ പതിനഞ്ച് വർഷം ലെക്സിക്കൺ വർക്കിൽ പരിചയം എന്നീ മാനദണ്ഡങ്ങൾ നിലവിലെ മലയാളം ലെക്സിക്കൺ മേധാവിക്ക് ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിനായുള്ള വിജ്ഞാപനത്തിൽ വിദഗ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശപ്രകാരമുള്ള എല്ലാ യോഗ്യതകളും തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്കുണ്ടെന്ന് സെലക്ഷൻ കമ്മിറ്റി കണ്ടെത്തി ശിപാർശ നടത്തിയപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിന് സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. മലയാള ഭാഷാ വിദഗ്ധർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി മലയാളം/സംസ്കൃതഭാഷകളിൽ ഡോക്ടറേറ്റ്, അദ്ധ്യാപന, ഗവേഷണ പരിചയം എന്നീ യോഗ്യതകൾ ഉൾപ്പെടുത്തി വിവിധ സർവ്വകലാശാലയിലെ പ്രൊഫസർമാർക്ക് എഡിറ്റർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ യോഗ്യതകളും ലെക്സിക്കൺ മേധാവിക്കുണ്ട്.

(ഡി) ഇല്ലെങ്കിൽ കേരള സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി നടത്തിയ ഈ നിയമനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

സ്ഥിരനിയമനം നടന്നിട്ടില്ല; കൺസൾട്ടേഷൻ റൂൾ തയ്യാറാക്കി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരം മാത്രമേ സ്ഥിരനിയമനം

നടത്തുകയുള്ള. ഇടക്കാലത്തേയ്ക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനം മാത്രമാണിത്.

കർഷകക്ഷേമ പദ്ധതികൾ

20 (*110) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ സാഹചര്യത്തിലും സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സമൂഹത്തിൽ നന്നായി ജീവിക്കുന്നതിനും ഉതകുന്ന പദ്ധതികളിലൂടെ കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രകൃതി ദുരന്തങ്ങൾമൂലം കർഷകർ പ്രതിസന്ധിയിലാകുന്ന അവസ്ഥയിൽ വിള ഇൻഷ്വറൻസ് പോലുള്ള പദ്ധതികളിലൂടെ കർഷകർക്ക് കൈത്താങ്ങായ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ?

അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾമൂലം പ്രതിസന്ധിയിലാകുന്ന കർഷകർക്ക് കൈത്താങ്ങായിട്ടുള്ള പദ്ധതിയാണ് സംസ്ഥാന സർക്കാരിന്റെ പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി. 2015-16 മുതൽ നാളിതുവരെ ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതിയിൽ 1417019 കർഷകർ അംഗമാകുകയും 2,437.79866 ലക്ഷം രൂപ പ്രീമിയം ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 19,054.77633 ലക്ഷം രൂപ വിള ഇൻഷുറൻസ് പദ്ധതി മുഖേന 130730 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ എണ്ണം 2015-16-ൽ 146008 ആയിരുന്നത് 2020-21-ൽ 323698 ആയി വർധിച്ചിട്ടുണ്ട്. 2015-16-ൽ 106.59352 ലക്ഷം രൂപയാണ് പ്രീമിയം ആയി ലഭിച്ചത്. 2020-2-ൽ ആയത് 700.40072 ലക്ഷം രൂപ ആയി വർധിപ്പിച്ചിട്ടുണ്ട്. 2015-16-ൽ 256.87753 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകിയത്. 2020-21-ൽ 754.72542 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി അനുവദിച്ചത്. 2016-17 മുതൽ അടിക്കടി ഉണ്ടായ പ്രകൃതി ദുരന്തങ്ങളുടെ വിവര ശേഖരണത്തിനും ക്ലെയിമുകൾ തയ്യാറാക്കുന്നതിനും നഷ്ടപരിഹാരം അനുവദിക്കുന്നതിനും വളരെയധികം ബുദ്ധിമുട്ടുകളും കാലതാമസവും നേരിട്ട സ്ഥിതിവിശേഷം പരിഹരിക്കാൻ 2019 മുതൽ സംസ്ഥാന കൃഷി വകുപ്പിന്റെ സ്വന്തം പോർട്ടലായ AIMS (Agriculture Information Management System)പുതുതായി നിലവിൽ വന്നു. 2020 നവംബർ മുതൽ പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ്

പദ്ധതിയുടെ പോളിസി വിതരണം മുതൽ ആനുകൂല്യ വിതരണം വരെയുള്ള എല്ലാ നടപടികളും AIMS പോർട്ടലിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) തിരുവാതിര ഞാറ്റുവേല കാർഷിക സർവ്വകലാശാലക്കൊപ്പം എന്ന വിജ്ഞാന വ്യാപന പരിപാടിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കാലാവസ്ഥാ വ്യതിയാനം കൃഷിയെ ദോഷകരമായി ബാധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ യഥാസമയം വിളകൾ നടുന്നതിനെക്കുറിച്ചും പരമ്പരാഗത കാർഷിക കാലാവസ്ഥകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനും ഇതിനാവശ്യമായുള്ള തൈകളും വിത്തുകളും കർഷകർക്ക് ലഭ്യമാക്കുന്നതിനുമാണ് കേരള കാർഷിക സർവ്വകലാശാല ' തിരുവാതിര ഞാറ്റുവേല കാർഷിക സർവ്വകലാശാലക്കൊപ്പം' എന്ന പരിപാടി ആവിഷ്കരിച്ചത്. കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത അത്യുല്പാദനശേഷിയുള്ള പന്നിയൂർ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തെങ്ങ് മുതലായ വിവിധ വിളകളുടെ നടീൽവസ്തുക്കളും പച്ചക്കറി വിത്തുകളും കർഷകർക്ക് വിവിധ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയാണ് ഈ പരിപാടിയുടെ മറ്റൊരു ലക്ഷ്യം. ഈ പരിപാടിയുടെ ഉദ്ഘാടന വേളയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക്

വിത്തും നടീൽ വസ്തുക്കളും MIDH എന്ന പദ്ധതിയുടെ ഭാഗമായി സൗജന്യമായി നൽകിയിരുന്നു. കാർഷിക സർവ്വകലാശാലയുടെ വിത്തുകളും നടീൽ വസ്തുക്കളും മറ്റും വിപണനത്തിനും ലഭ്യമാക്കിയിരുന്നു. താൽപ്പര്യമുള്ളവർക്ക് ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെയും കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ ഇത്തരം പരിപാടികൾ നടത്താവുന്നതാണ്. സർവ്വകലാശാലയുടെ കമ്മ്യൂണിക്കേഷൻ സെൻററിന്റെ 'വിത്തുവണ്ടി' യുടെ സേവനവും ലഭ്യമായിരിക്കും. തുടർപരിശീലനത്തിനും സംശയ നിവാരണത്തിനും വിവിധ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരുടെ സഹായവും ലഭ്യമായിരിക്കും.

കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന ചെലവ്

21 (*111) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച ഗതാഗത സ്തംഭനാവസ്ഥമൂലം കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ ആഘാതത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാലയളവിൽ ജീവനക്കാർക്ക് ശമ്പളവും പെൻഷനും മുടങ്ങാതെ വിതരണം ചെയ്യാൻ സാധിച്ചിരുന്നോ?

ഉണ്ട്. കോവിഡ്-19-ന്റെ വ്യാപനത്തിനുമുമ്പ് കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിദിനം ശരാശരി 6.50 കോടി രൂപയോളം വരുമാനമുണ്ടായിരുന്നു. എന്നാൽ കോവിഡ്-19 ന്റെ വ്യാപനം കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികനിലയെ തകിടം മറിച്ചു. കോവിഡ് മഹാമാരിയും അതുമൂലം ഏർപ്പെടുത്തിയ ഒന്നാംഘട്ട ലോക്ക്ഡൗണുംമൂലം 24-03-2020 മുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ 15-05-2020 വരെ പൂർണ്ണമായും നിർത്തിവച്ചതിനാൽ ടി കാലയളവിൽ യാതൊരു വിധമായ വരുമാനവും ലഭിച്ചിരുന്നില്ല. ആരോഗ്യ പ്രവർത്തകർക്കും മറ്റ് അവശ്യ വിഭാഗങ്ങൾക്കും വേണ്ടി മാത്രമാണ് ടി കാലയളവിൽ സർവ്വീസുകൾ നടത്തി വന്നിരുന്നത്. നിയന്ത്രണങ്ങൾ ഘട്ടംഘട്ടമായി പിൻവലിച്ചതിനെ തുടർന്ന് ജില്ലകൾക്കുള്ളിൽ 20-05-2020 മുതലും തുടർന്ന് രണ്ട് ജില്ലകളെ ബന്ധിപ്പിച്ചും 03-06-2020 മുതലും പിന്നീട് ദീർഘദൂര സർവ്വീസുകളും ആരംഭിക്കുകയുണ്ടായി. കൂടാതെ തുടക്കത്തിൽ 09-11-2020 വരെ ബസുകളിൽ യാത്രക്കാരെ ഇരുന്നുമാത്രമേ യാത്രചെയ്യാൻ അനുവദിച്ചിരുന്നുള്ളൂ. 2020 ജൂൺ മാസം 497,98 ശരാശരി കിലോമീറ്ററിലായി 2045 ബസുകൾ ഓപ്പറേറ്റ് ചെയ്തതിൽ പ്രതിദിന ശരാശരി വരുമാനം 1,06,69,138/- രൂപയും ആയത് ക്രമേണ വർദ്ധിച്ച് 2021

മാർച്ച് മാസം ആയപ്പോഴേയ്ക്കും പ്രതിദിനം 1035351 കിലോമീറ്ററിലായി 3,064 ബസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സാധിച്ചതിനാൽ ശരാശരി വരുമാനം 3,83,60,502/- രൂപയായി. എന്നാൽ കോവിഡ് 19 രണ്ടാം തരംഗത്തെ തുടർന്ന് 08-05-2021 മുതൽ 14-06-2021 വരെ ലോക്ഡൗൺ ഏർപ്പെടുത്തിയതോടുകൂടി വീണ്ടും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിരുന്നില്ല. പൊതുഗതാഗത സംവിധാനം പുനരാരംഭിച്ചുവെങ്കിലും യാത്രക്കാർ കോവിഡ് 19 മഹാമാരിമൂലം സമ്പർക്കവ്യാപനം ഭയന്ന് പൊതുഗതാഗതത്തിന്റെ ഉപയോഗം കുറയ്ക്കുകയും വ്യക്തിഗത ഗതാഗത സംവിധാനങ്ങളെ ആശ്രയിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ആയതിനാൽ വരുമാനം കുത്തനെ കുറഞ്ഞിരിക്കുകയാണ്. 2021 ജൂൺ മാസം പ്രതിദിനം ശരാശരി 249243 കിലോമീറ്ററായി 1014 ബസ് ഓപ്പറേറ്റ് ചെയ്തപ്പോൾ പ്രതിദിനം ശരാശരി 71,31,342/- രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. കൂടാതെ ശനി, ഞായർ എന്നീ ദിവസങ്ങളിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ടി ദിവസങ്ങളിൽ യാതൊരു വരുമാനവും ലഭ്യമാവുകയില്ല. കോവിഡ് പ്രതിസന്ധി കാലയളവിൽ സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടുമാത്രമാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ തുടങ്ങിയവ നൽകാൻ സാധിച്ചിരുന്നത്.

(ബി) ദൈനംദിന പ്രവർത്തന ചെലവിലെ പ്രധാന ഇനങ്ങളിലൊന്നായ ഇന്ധന ചെലവ് ദിനംപ്രതി വർദ്ധിക്കുന്നതുകൊണ്ടുള്ള പ്രതിസന്ധി മറികടക്കുന്നതിന് എൽ.എൻ.ജി., സി.എൻ.ജി. എന്നിവയിലേയ്ക്ക് മാറാൻ തീരുമാനമെടുത്തിട്ടുണ്ടോ; പരീക്ഷണാടിസ്ഥാനത്തിൽ ഇന്ധന മാറ്റം ആരംഭിച്ചിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി., എൽ.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സി.എൻ.ജി./എൽ.എൻ.ജി. ബസ്സുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിന് വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s. Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി. ബസ്സ് വാങ്ങുകയും 23-03-2018 മുതൽ കെ.എസ്.ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തിയത് പ്രോത്സാഹനജനകമായിട്ടാണ് കാണപ്പെടുന്നത്. ഇന്ധന ചെലവിൽ 38% കുറവ് വന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ M/s. Petronet LNG-യുടെ ഉടമസ്ഥതയിലുള്ള രണ്ട് എൽ.എൻ.ജി. ബസ്സുകൾ വാടകയ്ക്ക് ലഭ്യമാക്കി 21-06-2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച്

തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് ഇപ്പോൾ സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങളും വിശകലനം ചെയ്തുവരികയാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള അഞ്ച് ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുകയാണ്. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽനിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതി ഇതോടൊപ്പം പുരോഗതിയിലാണ്. സി.എൻ.ജി. ബസ്സുകൾ 310 എണ്ണം വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനായുള്ള ടെണ്ടർ പ്രകാരമുള്ള നടപടികളും പുരോഗമിക്കുന്നു.

(സി) ഇന്ധനത്തിന്റെ ലഭ്യത ഉറപ്പാക്കാൻ ഏർപ്പെടുത്തിയിരുന്ന ക്രമീകരണം അറിയിക്കാമോ; ഇന്ധന മാറ്റംമൂലം ഓരോ കിലോമീറ്ററിനും ഇന്ധന ചെലവിൽ പ്രതീക്ഷിക്കുന്ന വ്യത്യാസം കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

എൽ.എൻ.ജി., സി.എൻ.ജി. ഫ്യൂവൽ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് തിരുവനന്തപുരം ആനയറയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എൽ.എൻ.ജി. സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. റീജിയണൽ വർക്ക്ഷോപ്പ് ആലുവയിൽ എൽ.എൻ.ജി. ഫ്യൂവൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജി.-യുമായി ചർച്ച നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. റീജിയണൽ വർക്ക്ഷോപ്പ് ആലുവയിൽ സി.എൻ.ജി. ഫ്യൂവൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇതിന്റെ വിതരണക്കാരായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അദാനി കമ്പനിയുമായി ചർച്ച നടത്തി. കൂടാതെ നിലവിലുള്ള ഒരു സി.എൻ.ജി. ബസിന്റെ ഇന്ധനം എറണാകുളത്തുള്ള സ്വകാര്യ പമ്പിൽനിന്നും നിറച്ച് സർവ്വീസ് നടത്തുന്നുണ്ട്. എൽ.എൻ.ജി. ഇന്ധനത്തിലോടുന്ന രണ്ട് ബസുകൾ പെട്രോനെറ്റ് എൽ.എൻ.ജി. എന്ന സ്ഥാപനം മൂന്ന് മാസം കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസ് നടത്തുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുള്ള ഇന്ധനം കൊച്ചിയിലുള്ള പെട്രോനെറ്റ് എൽ.എൻ.ജി. എന്ന സ്ഥാപനം നൽകിവരുന്നു. CNG-യിലേയ്ക്കുള്ള ഇന്ധനമാറ്റംമൂലം ഓരോ കിലോ മീറ്ററിനും ഇന്ധന ചെലവിൽ പ്രതീക്ഷിക്കുന്ന ഇന്ധന വില വ്യത്യാസം നിലവിലെ വില നിലവാര പ്രകാരം

ഒരു കിലോമീറ്ററിന് 8.24 രൂപയാണ്. കൂടാതെ 20-07-2021-ലെ ശരാശരി പ്രതിലിറ്റർ വില പ്രകാരം CNG-യ്ക്ക് ഡീസലിനേക്കാൾ 34.52 രൂപ കുറവാണ്. ഡീസൽ - 91.92 രൂപ സി.എൻ.ജി. - 57.40 രൂപ LNG റീട്ടെയിൽ ഇന്ധനവില നാളിതുവരെ നിശ്ചയിച്ചിട്ടില്ല.

ശബരി റെയിൽപ്പാത

22 (*112) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപ്പാതയുടെ പുരോഗതി വ്യക്തമാക്കാമോ?

അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡ് നിർദ്ദേശിച്ചതുപ്രകാരം അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് 07-01-2021-ലെ സ.ഉ(കൈ) നം. 1/2021/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി റെയിൽവേ ബോർഡ് ഘനീഭവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് പിൻവലിപ്പിക്കുന്നതിന് നടപടി

സ്വീകരിക്കുന്നതിന് കേന്ദ്ര റെയിൽ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റെയിൽപ്പാത നിർമ്മാണത്തിന്റെ പകുതി ചെലവ് വഹിക്കാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07.01.2021-ലെ സ.ഉ.(കൈ) നം. 1/2021/ഗതാ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) ഈ ആവശ്യത്തിനുള്ള തുക കിഫ്ബിയിൽനിന്നും കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

നിലവിൽ അങ്കമാലി - ശബരി റെയിൽ പദ്ധതി റെയിൽവേ ബോർഡ് ഘനീഭവിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത നടപടി റെയിൽ മന്ത്രാലയം പിൻവലിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതിക്കാവശ്യമായ തുക സ്വരൂപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

<u>മൃഗസംരക്ഷണ മേഖലയിൽ വാക്സിൻ ഉത്പാദനം</u>

23 (*113) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിമൃഗാദികളുടെ ആരോഗ്യ പരിപാലനത്തിന്

ആവശ്യമായ വാക്സിനുകൾ ക്ഷാമംകൂടാതെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കോഴിവസന്ത (Ranikhet Disease), താറാവ് വസന്ത (Duck Plague), ഡക്ക് പാസ്റ്ററിലോസിസ് (Duck Pasteurellosis), ആട് വസന്ത (PPR), ആടുകളിലെ എൻറ്റെറോ ടോക്സീമിയ (Enterotoxomia), ഫൗൾ പോക്സ് (Fowl Pox), ഹെമറാജിക് സെപ്റ്റിസീമിയ (Hemorrhagic Septicemia), ബ്ലാക്ക് ക്വാർട്ടർ (Black Quarter), ആന്ത്രാക്സ് (Antrax), Classical Swine Fever എന്നീ അസുഖങ്ങളുടെ പ്രതിരോധ കുത്തിവെയ്പ് പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ഉൽപ്പാദിപ്പിച്ച് വിതരണംചെയ്യുന്നു.

2. ബ്രൂസെല്ല (Brucellosis), കുളമ്പുരോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്നു. കന്നുകാലികളിലുള്ള ചർമ്മമുഴ രോഗം (Lumpy Skin Disease) പ്രതിരോധ കുത്തിവെയ്പ് അഹമ്മദാബാദ് ബയോ ഹെസ്റ്ററിൽനിന്നും ലഭ്യമാക്കുന്നുണ്ട്.

3. 2021 തുടക്കം മുതൽ ഉണ്ടായ കുളമ്പുരോഗ ബാധ ചെറുക്കുന്നതിനായി

ആയത് റിപ്പോർട്ടുചെയ്ത പ്രദേശങ്ങളിൽ റിംഗ് വാക്സിനേഷൻ നടത്തുന്നതിനായി ഒരു ലക്ഷം ഡോസ് വാക്സിൻ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസിൽനിന്നും നേരിട്ട് വാങ്ങി പശുക്കൾ, എരുമകൾ, പന്നികൾ എന്നിവയ്ക്ക് നൽകുകയുമുണ്ടായി.

4. ആർ.എഫ്.കെ.വി.സി. (RFKVC- Rabies Free Kerala Vaccination Campaign) പദ്ധതിപ്രകാരം മൃഗങ്ങളിലെ പേവിഷ ബാധയെ ചെറുക്കുന്നതിനായി പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകിവരുന്നു.

(ബി) മൃഗസംരക്ഷണ മേഖലയിൽ ഫലപ്രദമായ വാക്സിനുകൾ ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് വാക്സിൻ ഉൽപ്പാദന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സജീവ പരിഗണനയിലാണ്. പേവിഷബാധ മനുഷ്യർ ഉൾപ്പെടെ എല്ലാ സസ്തനികളേയും ബാധിക്കുന്ന ഒരു വൈറസ് രോഗമാണ്. ഈ രോഗം പ്രധാനമായും നായയുടെ കടിമൂലമാണ് പകരുന്നത്. രോഗബാധയുള്ള മൃഗത്തിന്റെ ഉമിനീർ, സ്രവങ്ങൾ, വിസർജ്യങ്ങൾ എന്നിവയുമായി സമ്പർക്കം വന്നാലും ഈ രോഗം ബാധിക്കാം. ആരോഗ്യ രംഗത്തുനിന്നും ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 2013-ൽ 88,172, 2014-ൽ 1,19,191 നായകളുടെ കടിയേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പേവിഷബാധമൂലം

2013-ൽ 11 പേരും 2014-ൽ 10 പേരും 2016-ജൂലൈ വരെ 7 പേരും മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അനിമൽ ഡിസീസ് മോണിറ്ററിംഗ് ആൻഡ് സർവൈലൻസിന്റെ അഖിലേന്ത്യാ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്ട് വാർഷിക റിപ്പോർട്ടനുസരിച്ച് കേരളത്തിൽ ഈ രോഗം എൻഡെമിക് ആണ്. കന്നുകാലികളിൽ ഈ രോഗത്തിന്റെ നിരക്ക് 66% ആണ്. പേവിഷബാധമൂലം മൃഗങ്ങൾക്ക് ഉണ്ടാകുന്ന മരണ നിരക്ക് ആന്ത്രാക്സ്, ഹെമറേജിക് സെപ്റ്റിസീമിയ, കരിങ്കാളി എന്നീ രോഗങ്ങളുടെ മരണനിരക്കുകളേക്കാൾ അധികമാണ്. ശുദ്ധമായ പാൽ, മാംസം എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ആരോഗ്യമുള്ള മൃഗസമ്പത്ത് ആവശ്യമുണ്ട്. കൂടാതെ ഏകാരോഗ്യം ലക്ഷ്യമിട്ടു രോഗനിയന്ത്രണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ആരോഗ്യമുള്ള ഒരു പുതുതലമുറക്കായി വഴി ഒരുക്കുവാൻ അനിവാര്യമാണ്.

(സി) പക്ഷിമൃഗാദികളുടെ പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ, ജന്തുജന്യരോഗങ്ങൾക്കുള്ള വാക്സിൻ എന്നിവയുടെ ഉൽപ്പാദനത്തിനുള്ള നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്. പക്ഷിമൃഗാദികളുടെ പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ നിർമ്മിക്കാനുള്ള ലാബ് ഉദ്ദേശം 102 കോടി രൂപ

ചെലവഴിച്ച് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കാനായി NABCONS തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് കേന്ദ്രത്തിൽ ആരംഭിച്ച മനുഷ്യർക്കും ഉപയോഗിക്കാവുന്ന വാക്സിൻ നിർമ്മാണ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്താമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മനുഷ്യർക്കും ഉപയോഗിക്കാവുന്ന പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ നിർമ്മിക്കാനുള്ള ലാബ് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കാനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

<u>കാർഷികോൽപ്പന്നങ്ങളുടെ സംഭരണം</u>

24 (*114) <u>ശ്രീ. മാണി. സി. കാപ്പൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് തറവില പ്രഖ്യാപിച്ചിട്ടും

സംഭരിക്കാൻ ആളില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്തുമോ; തറവില പ്രഖ്യാപനം വന്ന് പത്തുമാസമായ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 06-07-2021-ലെ GO(Rt)580/2021/Agri നമ്പർ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കൂടാതെ കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി -

അടിസ്ഥാന വില എന്ന പദ്ധതി പ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിച്ചു. പദ്ധതി 2020 നവംബർ ഒന്നുമുതൽ പ്രാബല്യത്തിൽവന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. ഇതുവരെ 61225 കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 550 വിപണികളെ നോട്ടിഫൈഡ് മാർക്കറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ പ്രഖ്യാപനത്തെ തുടർന്ന് ബാങ്കുകളിൽനിന്നും വായ്പയെടുത്ത കർഷകർ ഇപ്പോൾ പ്രതിസന്ധിയിലായിരിക്കുന്ന ഗൗരവമായ പ്രശ്നത്തിൽ കൃഷിക്കാരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ പ്രഖ്യാപനത്തെ തുടർന്ന് ബാങ്കുകളിൽനിന്നും വായ്പയെടുത്ത കർഷകർ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഏതെല്ലാം ഇനം പച്ചക്കറികൾക്കാണ് സർക്കാർ തറവില പ്രഖ്യാപിച്ചത്; ആയത് പരിശോധിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. 26/10/2020-ലെ G.O.(Ms) 80/2020/Agri നം. ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് സംസ്ഥാനതല കമ്മിറ്റി, ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി, പ്രാദേശികതല കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി (ഏകോപനം) ചെയർമാനും അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ വൈസ്

ചെയർമാനും സെക്രട്ടറി (കൃഷി വകുപ്പ്), സെക്രട്ടറി (സഹകരണ വകുപ്പ്), സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്), ചെയർമാൻ, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, രജിസ്ട്രാർ, കോപ്പറേറ്റീവ് സൊസൈറ്റീസ് മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ. എന്നിവർ അംഗങ്ങളും ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൺവീനറുമായിട്ടുള്ളതാണ് സംസ്ഥാനതല കമ്മിറ്റി. പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിനോടൊപ്പം പദ്ധതി നടത്തിപ്പിൽ വകുപ്പുകൾ തമ്മിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും സംസ്ഥാനതല കമ്മിറ്റിയാണ്. അടിസ്ഥാന വില പുതുക്കി നിശ്ചയിക്കുന്ന സന്ദർഭത്തിലും പുതിയ വിളകൾ ഉൾപ്പെടുത്തുമ്പോഴും ടി കമ്മിറ്റി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതാണ്.

(ഡി) വിളയിറക്കിയ കർഷകർ വലിയ നഷ്ടത്തിൽ ഈ ലോക്ഡൗൺ കാലത്ത് ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ

വിൽക്കുന്നതിന് പ്രയാസം അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തുകയും 06/07/2021-ലെ GO (Rt) 580/2021/Agri നം. ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്.

<u>സമഗ്ര പച്ചക്കറി വികസന പദ്ധതി</u>

25 (*115) <u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ?

പച്ചക്കറി ഉല്പാദനരംഗത്ത് സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിൽ കഴിഞ്ഞ സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിയിരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ച് (5 ഹെക്ടർ), ക്ലസ്റ്ററൊന്നിന് 1.25 ലക്ഷം രൂപ വീതം ധനസഹായവും, സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെ സബ്സിഡിയും നൽകികൊണ്ടുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ഇനത്തിൽ 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്ത വിളകൾക്ക് 20,000/- രൂപയും നിരക്കിൽ ധനസഹായം നൽകിയിരുന്നു. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി

കൃഷി ചെയ്യാൻ ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകിയിരുന്നത് 2020-21 വർഷത്തിൽ 40,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പ്രകാരം പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങളിലും കർഷകർ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി. വീടുവളപ്പിലും തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൃഷിത്തോട്ടം നിർമ്മിച്ചും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി നടത്തിയും വിഷരഹിത പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതിനായി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സബ്സിഡി ഇനത്തിൽ നൽകിയിരുന്നു. വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിന് നൂതന രീതിയായ മഴമറ നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയിരുന്നു. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചെലവ് വരുന്ന തുകയിൽ 75% സബ്സിഡിയോടുകൂടി 50,000 രൂപയിൽ

അധികരിക്കാതെ ധനസഹായം നൽകിവരുന്നു. 2020-21-ൽ 1000 മഴമറകൾ നിർമ്മിക്കുന്നതിനാണു ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇതുവരെ 1337 മഴമറ യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞിരുന്നു. വിഷമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തേക്കുള്ള " ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തിരുന്നു. കീടരോഗ പ്രതിരോധശേഷിയുള്ള പരമ്പരാഗത ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ തുടങ്ങിയവ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിയിരുന്നു. ഈ പദ്ധതിയിലൂടെ വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും സാധിച്ചു. ആരോഗ്യ സംരക്ഷണത്തിനായി, സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിനും തത്ഫലമായി അവരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ തലത്തിലുള്ള പരിശീലനങ്ങൾ,

ബോധവൽക്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതി നടപ്പിലാക്കിയിരുന്നു. കോവിഡ് 19 പശ്ചാലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സുഭിക്ഷ കേരളം പദ്ധതിയിൽ 7000 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യുന്നതിന് സഹായവും പ്രോത്സാഹനവും നൽകിയിരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം ക്ലസ്റ്ററടിസ്ഥാനത്തിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ കൃത്യതാ കൃഷി, പോഷകമൂല്യമേറിയ നാടൻ പച്ചക്കറി കൃഷി, ഉത്തമ കൃഷി മുറകൾ/ പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സമ്പ്രദായം അവലംബിച്ചുകൊണ്ടുള്ള കയറ്റുമതി അധിഷ്ഠിത പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കിയിരുന്നു. 2016-17-ൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 0.52829 ലക്ഷം ഹെക്ടറും ഉൽപ്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 2020-21 വർഷത്തിൽ വിസ്തൃതി 1.02 ലക്ഷം ഹെക്ടറും ഉൽപ്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണും ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. കഴിഞ്ഞ സർക്കാരിന്റെ

കാലയളവിൽ സമഗ്ര പച്ചക്കറി കൃഷി പദ്ധതിക്കായി ചെലവഴിച്ച തുക, വിസ്തൃതി, ഉൽപാദനം എന്നിവ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)	വിസ്തൃതി ലക്ഷം (ഹെക്ടറിൽ)	ഉല്പാദനം ലക്ഷം (മെട്രിക് ടൺ)
2016-17	6273.38798	0.52829	7.25
2017-18	7726.19210	0.69047	10.01
2018-19	7477.26000	0.82166	12.12
2019-20	4913.86092	0.96313	14.93
2020-21	6843.16932	1.02	15.7

(ബി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർ വിലയിലെ അസ്ഥിരതയും അനിശ്ചിതാവസ്ഥയും നേരിടുന്നത് പരിഹരിക്കുന്നതിനു നടപ്പാക്കിയ കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

&

(സി) ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിക്കുന്നതിനും അവയുടെ സംഭരണത്തിനും ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ; കോവിഡ് സൃഷ്ടിച്ച അസാധാരണ സാഹചര്യം ഇത് അപ്രായോഗികമാക്കിയിരുന്നോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില ചുവടെ ചേർക്കുന്നു.

നം.	വിള	അടിസ്ഥാന വില	അടിസ്ഥാന ഉല്പാദനക്ഷമത (t/ha)
1	മരിച്ചീനി	12	15
2	നേന്ത്രൻ വയനാടൻ നേന്ത്രൻ	30 24	10 10
3	കൈതച്ചക്ക	15	14
4	കുമ്പളം	9	11
5	വെള്ളരി	8	10
6	പാവൽ	30	10
7	പടവലം	16	15
8	വള്ളിപ്പയർ	34	8
9	തക്കാളി	8	15

10	വെണ്ട	20	8
11	ക്യാബേജ്	11	20
12	ക്യാരറ്റ്	21	15
13	ഉരുളക്കിഴങ്ങ്	20	15
14	ബീൻസ്	28	11
15	ബീറ്റ്റൂട്ട്	21	12
16	വെളുത്തുള്ളി	139	05

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉൽപ്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽ നിന്നുള്ള വ്യത്യാസം (gap) കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാന വില ആനുകൂല്യമായി (gap) നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

വരുന്നു. ആറ് മൊത്ത വ്യാപാര വിപണന മാർക്കറ്റുകൾ നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളേയും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ വിപണനം നടത്തിവരുന്നു. കോവിഡ് 19-ന്റെ രണ്ടാംതരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു.

ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

26 (*116) ശ്രീ. എച്ച്. സലാം:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ.ബാബു(നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

&

(ബി) ഏജന്റുമാരെയും കൈക്കൂലിയും ഒഴിവാക്കാൻ സാധിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ടോ; പ്രസ്തുത ഓഫീസുകളുടെ ആധുനികീകരണത്തിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ?

1. സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഏജന്റുമാരുടെ ഇടപെടൽ അവസാനിപ്പിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനായി വിവര സാങ്കേതികവിദ്യ ഉൾപ്പടെയുള്ള ആധുനികമാർഗ്ഗങ്ങളിലൂടെ ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

2. ആർ.ടി. ഓഫീസുകളിൽനിന്ന് ലഭ്യമാകുന്ന 36 സർവ്വീസുകൾ പൂർണ്ണമായും ഓൺലൈൻ ആയിട്ടുണ്ട്. 13 സർവ്വീസുകൾ പൂർണ്ണമായും ഓൺലൈൻ ആണെങ്കിലും പ്രായോഗിക പരിശോധന, വാഹന പരിശോധന എന്നിവ ഒഴിവാക്കാൻ കഴിയാത്തവയാണ്.

3. ലേണേഴ്സ് ലൈസൻസ് ടെസ്റ്റുകൾ പൂർണ്ണമായും ഓൺലൈൻ ആയിട്ടുണ്ട്.

4. ഫാക്ടറി നിർമ്മിത ബോഡിയോട് കൂടിയ പുതിയ വാഹനങ്ങളെ രജിസ്ട്രേഷൻ സമയത്തുള്ള വാഹന പരിശോധനയിൽനിന്നും

ഒഴിവാക്കിയിട്ടുണ്ട്.

5. വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പെർമിറ്റ് എന്നിവ അപേക്ഷകന് തന്നെ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

6. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് തുടങ്ങിയ രേഖകൾ BNPL (Book Now Pay Later) സ്കീം മുഖാന്തിരം തപാലിൽ അയച്ചു കൊടുക്കുകയാണ് ചെയ്യുന്നത്.

7. 2002 മുതൽ നിലവിലുണ്ടായിരുന്ന ക്ലയന്റ് സെർവർ മാന്വൽ പ്ലാറ്റ്ഫോമിൽനിന്നും ആധുനിക വെബ് അധിഷ്ഠിതവും കേന്ദ്രീകൃതവുമായ വാഹൻ-സാരഥി സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള സേവനങ്ങൾ എല്ലാ ഓഫീസിലും നടപ്പിലാക്കിയതിനാൽ പൊതുജനങ്ങൾക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാൻ കഴിയും.

8. ഓഫീസ് സംബന്ധമായ മറ്റ് ഫയലുകൾക്കായി e-office സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഫർമേഷൻ കിയോസ്കുകൾ, ക്യൂ മാനേജ്മെന്റ് സംവിധാനം, റോഡ് സുരക്ഷാ ക്ലാസ് റൂമുകൾ, കൂടുതൽ ക്യാഷ് കൗണ്ടറുകൾ, ലേണേഴ്സ് ലൈസൻസ് കൗണ്ടറുകൾ, സി.സി.ടി.വി. ക്യാമറാ നിരീക്ഷണം, ഇ-ഫയലിംഗ് സംവിധാനം, ഇ-സേവാ കേന്ദ്രങ്ങൾ, വാഹൻ-

സാരഥി എന്നീ കൂടുതൽ സൗകര്യങ്ങൾ ജനങ്ങൾക്കായി ഒരുക്കിക്കൊണ്ട് ആർ.ടി./സബ് ആർ.ടി. ഓഫീസുകൾ, തിരുവനന്തപുരം ഹൈടെക് ആർ.ടി. ഓഫീസ് മാതൃകയിൽ ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചു. വെബ്സൈറ്റിലൂടെ ജനങ്ങൾക്കായി നൽകുന്ന വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കുന്നതിനായി ഒരു ദ്വിഭാഷി വെബ്സൈറ്റിന് രൂപം നൽകി.

(സി) പുതുതായി നടപ്പിൽ വരുത്തിയ ഫയൽ കൃ മാനേജുമെന്റ് സിസ്റ്റത്തിന്റെ മേന്മ എന്താണെന്ന് അറിയിക്കുമോ?

ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട ലൈസൻസ് പുതുക്കൽ, മേൽവിലാസം മാറ്റൽ, ഡ്യൂപ്ലിക്കേറ്റ് ലൈസൻസ്, റീപ്ലേസ്മെന്റ് ഓഫ് ഡാമേജ്ഡ് ലൈസൻസ് തുടങ്ങി നാലുതരം സേവനങ്ങൾക്ക് First Come First Service (FCFS) എന്ന കൃ മാനേജ്മെ ന്റ് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ സംവിധാനം വഴി ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ടുള്ള അപേക്ഷകളിൽ ആദ്യം സമർപ്പിക്കുന്ന അപേക്ഷകൾ ആദ്യം പരിഗണിക്കുന്ന ക്രമത്തിൽ തീർപ്പ് കൽപ്പിക്കപ്പെടുന്നു. ഇതിനാൽ അപേക്ഷകന് കൂടുതൽ വേഗത്തിൽ കൃത്യമായി സേവനം ലഭ്യമാകുന്നതാണ്. കൂടാതെ ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾക്ക് ഡോകൃുമെന്റുകൾ ഓൺലൈനായി അപ്ലോഡ്

ചെയ്യപ്പെടുന്നതിനാൽ അപേക്ഷകർ ആരുംതന്നെ ഓഫീസിൽ വരേണ്ട ആവശ്യമില്ല. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ള ഈ സംവിധാനം അപേക്ഷകർക്ക് വളരെ പ്രയോജനപ്രദമാണെന്ന് കാണുന്നു. മേയ് അവസാന വാരം മുതൽ ഇതുവരെ 71210 അപേക്ഷകൾ ലഭ്യമാവുകയും അതിൽ 68590 അപേക്ഷകൾ തീർപ്പുകൽപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) 2018-ൽ രൂപീകരിച്ച ആർ.ടി. ഓഫീസ്(എൻഫോഴ്സ്മെന്റ്)-ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന സേഫ് കേരള പദ്ധതിയുടെ ഭാഗമായിട്ടാണ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-കൾ പ്രവർത്തിക്കുന്നത്. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ അതത് ജില്ലകളിലെ ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്)-യുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. റോഡുകളിൽ നിരീക്ഷണം നടത്തുക വഴി അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം ആകെ 85 സ്ക്വാഡുകൾ പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്തെ വാഹനാപകടങ്ങൾ 2024-ഓടെ 25 ശതമാനം കുറയ്ക്കാൻ കഴിയും എന്നു കരുതപ്പെടുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ അപകടസാദ്ധ്യത കൂടിയ സ്ഥലങ്ങളിലെ വേഗതാ പരിധി

ലംഘിക്കുന്നവരെ കണ്ടെത്തുന്നതിന് ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ 'തേർഡ് ഐ' എന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാഫിക് നിയമ ലംഘനങ്ങൾ സംബന്ധമായി പൊതുജനങ്ങൾ നൽകുന്ന ഫോട്ടോ ഉപയോഗിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്ന സംവിധാനമാണിത്. കൂടാതെ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമായി നടപ്പിലാക്കിവരുന്നു. ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ട്രാഫിക് പരിശീലനം, ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്ക് അവബോധം ഉണ്ടാക്കുന്നതിനായി പരിശീലന ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട്

വാഹനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24x7 നിരീക്ഷിക്കുന്നതിനും അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ നിയമ ലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും.

<u>മൃഗശാല ജീവനക്കാരുടെ സുരക്ഷിതത്വം</u>

27 (*117) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. എൻ. ഷംസുദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ മൃഗശാലകളിൽ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ജീവനക്കാരൻ മരിക്കാൻ ഇടയായ സംഭവത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ജീവനക്കാരൻ മരിക്കാൻ ഇടയായ സംഭവത്തെക്കുറിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 859/2021 U/S 174 CrPC നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മൃഗശാലകളിലെ മൃഗങ്ങളുടേയും ജീവനക്കാരുടേയും സുരക്ഷ മുൻനിർത്തി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച് നൽകിയ മാസ്റ്റർ പ്ലാനിൽ

വിഭാവനം ചെയ്തിരിക്കുന്ന രീതിയിലാണ് കൂടുകൾ പണികഴിപ്പിച്ചിട്ടുള്ളത്. മൃഗങ്ങളുമായി നേരിട്ട് ബന്ധപ്പെടാതെതന്നെ അവയ്ക്ക് തനിയെ മാറി കിടക്കുന്നതിനുള്ള സൗകര്യത്തോട് കൂടിയാണ് മിക്ക കൂടുകളും പണികഴിപ്പിച്ചിട്ടുള്ളത്. മൃഗശാലയിലെ മൃഗങ്ങളുടെ സുരക്ഷിതമായ പരിപാലനവുമായി ബന്ധപ്പെട്ട് കീപ്പർമാർക്ക് ഇന്ത്യയിലെ വിവിധ മൃഗശാലകളിൽ സന്ദർശനവും ഒപ്പം പരിശീലനവും തുടർച്ചയായി നൽകി വരുന്നു. കൂടാതെ കേന്ദ്ര മൃഗശാല അതോറിറ്റി സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും മൃഗശാലാ കീപ്പർമാർ പങ്കെടുത്തുവരുന്നുണ്ട്. ഇത് തികച്ചും മൃഗശാലാ വിഭാഗത്തിൽതന്നെ തീരുമാനിക്കപ്പെട്ട് കാലാകാലങ്ങളായി കൂറ്റമറ്റ രീതിയിൽ നടത്തിവരുന്ന നടപടിക്രമങ്ങളാണ്. ഈ വിഷയത്തിൽ സമഗ്രമായ ഒരന്വേഷണം വിദഗ്ധരുടെ ഒരു സമിതി മുഖാന്തരം നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ട്.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

28 (*118) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി.സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

കൈവരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പച്ചക്കറി ഉല്പാദനരംഗത്ത് സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിൽ കഴിഞ്ഞ സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിയിരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ച് (5 ഹെക്ടർ), ക്ലസ്റ്ററൊന്നിന് 1.25 ലക്ഷം രൂപ വീതം ധനസഹായവും സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെ സബ്സിഡിയും നൽകിക്കൊണ്ടുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ഇനത്തിൽ 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്ത വിളകൾക്ക് 20,000/- രൂപയും നിരക്കിൽ ധനസഹായം നൽകിയിരുന്നു. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യാൻ ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകിയിരുന്നത് 2020-21 വർഷത്തിൽ 40,000/- രൂപയായി

വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പ്രകാരം പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങളിലും കർഷകർ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി. വീടുവളപ്പിലും തെരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൃഷിത്തോട്ടം നിർമ്മിച്ചും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി നടത്തിയും വിഷരഹിത പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതിനായി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സബ്സിഡി ഇനത്തിൽ നൽകിയിരുന്നു. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിന് നൂതന രീതിയായ മഴമറ നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയിരുന്നു. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചെലവ് വരുന്ന തുകയിൽ 75% സബ്സിഡിയോടുകൂടി 50,000 രൂപയിൽ അധികരിക്കാതെ ധനസഹായം നൽകിവരുന്നു. 2020-21-ൽ 1000 മഴമറകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നെങ്കിലും ഇതുവരെ 1337

മഴമറ യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞിരുന്നു. വിഷമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തേയ്ക്കുള്ള " ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തിരുന്നു. കീടരോഗ പ്രതിരോധശേഷിയുള്ള പരമ്പരാഗത ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ തുടങ്ങിയവ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിയിരുന്നു. ഈ പദ്ധതിയിലൂടെ വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും സാധിച്ചു. ആരോഗ്യസംരക്ഷണത്തിനായി, സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിനും തൽഫലമായി അവരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ തലത്തിലുള്ള പരിശീലനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി

വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി നടപ്പിലാക്കിയിരുന്നു. കോവിഡ് 19 പശ്ചാലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സുഭിക്ഷ കേരളം പദ്ധതിയിൽ 7000 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യുന്നതിന് സഹായവും പ്രോത്സാഹനവും നൽകിയിരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തരം ക്ലസ്റ്ററിടാസ്ഥാനത്തിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ കൃത്യതാ കൃഷി, പോഷക മൂല്യമേറിയ നാടൻ പച്ചക്കറി കൃഷി, ഉത്തമ കൃഷിമുറകൾ/പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സമ്പ്രദായം അവലംബിച്ചു കൊണ്ടുള്ള കയറ്റുമതി അധിഷ്ഠിത പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കിയിരുന്നു. 2016-17-ൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 0.52829 ലക്ഷം ഹെക്ടറും ഉൽപ്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 2020-21 വർഷത്തിൽ വിസ്തൃതി 1.02 ലക്ഷം ഹെക്ടറും ഉൽപ്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാനും സാധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സമഗ്ര പച്ചക്കറി കൃഷി പദ്ധതിക്കായി ചെലവഴിച്ച തുക, വിസ്തൃതി, ഉൽപാദനം എന്നിവ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)	വിസ്തൃതി ലക്ഷം (ഹെക്ടറിൽ)	ഉല്പാദനം ലക്ഷം (മെട്രിക് ടൺ)
2016-17	6273.38798	0.52829	7.25
2017-18	7726.19210	0.69047	10.01
2018-19	7477.26000	0.82166	12.12
2019-20	4913.86092	0.96313	14.93
2020-21	6843.16932	1.02	15.7

(ബി) കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ ഉൽപ്പന്നം ലഭ്യമാക്കുന്നതിനും ഏതൊക്കെ രീതിയിലാണ് പച്ചക്കറി ഉല്പാദന വിതരണ മേഖലയിൽ സർക്കാർ ഇടപെടുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില ചുവടെ ചേർക്കുന്നു.

നം.	വിള	അടിസ്ഥാന വില	അടിസ്ഥാന ഉല്പാദനക്ഷമത (t/ha)
1	മരിച്ചീനി	12	15
2	നേന്ത്രൻ വയനാടൻ നേന്ത്രൻ	30 24	10 10
3	കൈതച്ചക്ക	15	14
4	കുമ്പളം	9	11
5	വെള്ളരി	8	10
6	പാവൽ	30	10
7	പടവലം	16	15
8	വള്ളിപ്പയർ	34	8
9	തക്കാളി	8	15
10	വെണ്ട	20	8
11	ക്യാബേജ്	11	20
12	ക്യാരറ്റ്	21	15
13	ഉരുളക്കിഴങ്ങ്	20	15
14	ബീൻസ്	28	11
15	ബീറ്റ്റൂട്ട്	21	12
16	വെളുത്തുള്ളി	139	05

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന

വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽ നിന്നുള്ള വ്യത്യാസം (gap) കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാന വില ആനുകൂല്യമായി (gap) നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടിൾ സ്വീകരിച്ചു വരുന്നു. 6 മൊത്ത വ്യാപാര വിപണന മാർക്കറ്റുകൾ നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളേയും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ വിപണനം നടത്തി വരുന്നു. ഉത്സവത്തോടനുബന്ധിച്ച് വിപണി ഇടപെടൽ നടത്താൻ 10% അധിക വില നൽകി കർഷകരിൽനിന്ന് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് 30% സബ്സിഡി ഇനത്തിൽ കുറവ് ചെയ്ത് പൊതുജനങ്ങൾക്ക് ഉത്സവക്കാലത്ത് വിപണനം നടത്തിവരുന്നു.

(സി) നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വിളകൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ള കാർഷിക വിളകളുടെ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും പുതിയ വിളകൾ ഉൾപ്പെടുത്തുന്നത് പരിശോധിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പച്ചക്കറികൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതുമായി ബന്ധപെട്ട് കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ?

പച്ചക്കറികൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം ലഭിക്കുന്നില്ല. ഇത് പൂർണ്ണമായും സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്.

(ഇ) ഈ വർഷത്തെ ഓണവിപണിയിലേയ്ക്കുള്ള വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി വിവിധ ഇനങ്ങൾ അടങ്ങിയ 50 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 150 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിയിരുന്നു. ഓണത്തിന്

വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽനിന്നും ലഭ്യമാകുന്ന അതായത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതാണ്. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതാണ്. കർഷകരിൽനിന്നും സംഭരിക്കുന്ന വിഷമുക്ത പച്ചക്കറികൾ ഓണക്കാലത്ത് സംഘടിപ്പിക്കുന്ന വിപണികളിലൂടെ വിപണനം നടത്തുന്നതാണ്.

മോട്ടോർ തൊഴിലാളികൾക്ക് ഇളവ്

29 (*119) ശ്രീമതി കെ.കെ.രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതുമൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വരുമാനം നിലച്ചിരിക്കുമ്പോഴും ഇൻഷ്വറൻസ്, ടാക്സ്, ലോൺ തിരിച്ചടവ് തുടങ്ങിയവയിൽ ഇളവ് ലഭിക്കാത്തതിനാൽ പ്രസ്തുത തൊഴിലാളികൾ കടുത്ത സാമ്പത്തിക ബാധ്യതയിൽപ്പെട്ടിരിക്കുക യാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

&

(സി) ലോക്ക്ഡൗൺമൂലം വരുമാനം നിലച്ച പ്രസ്തുത തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, ടാക്സ് തുടങ്ങിയവയിൽ ഇളവും പ്രതിസന്ധി പരിഹരിക്കുന്നതിന് ധനസഹായ പാക്കേജും പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ലോക്ക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതുമൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള സമയം പല തവണ നീട്ടിനൽകുകയും സ്റ്റേജ് കാര്യേജിന്റെയും കോൺട്രാക്ട് കാര്യേജിന്റെയും ഏതാനും ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ

തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചുനൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ടേബിൾ (I) വിഭാഗത്തിലെ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5,000/- രൂപ വീതവും ടേബിൾ (II) വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക് 3500/- രൂപയും ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2,500/- രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2,000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. കൂടാതെ സർക്കാർ അനുമതിക്ക് വിധേയമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം ടി കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/-രൂപ (നാല്പത് കോടി മുപ്പത്തിഏഴ ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ

എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1,000/- രൂപ വീതം അനുവദിച്ചുനൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 200 കോടി രൂപ) സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021 ൽ കോവിഡ്-19 ന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1,000/- രൂപ വീതം അടിയന്തിര ധനസഹായമായി നാളിതുവരെ 141029 തൊഴിലാളികൾക്ക് 14,10,29,000/-രൂപ (പതിനാല് കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം) ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ഉടമ-തൊഴിലാളി അംശദായം (ഏകദേശം 100 കോടി രൂപ) ഒഴിവാക്കി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഇൻഷ്വറൻസ്, ലോൺ

തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല

30 (*120) ശ്രീ . ഷാഫി പറമ്പിൽ:
ശ്രീ. എ . പി . അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല നിയമത്തിൽ മറ്റ് സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പഠന കോഴ്സുകൾ നടത്തുന്നത് തടയുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല നിയമത്തിൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ പഠനം നടത്തുന്നതും പഠനം നടത്താൻ ഉദ്ദേശിക്കുന്നതുമായ വിദ്യാർഥികളുടെ കാര്യങ്ങൾ 72-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിലെ (1)-ാം ഉപവകുപ്പ് പ്രകാരം ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയല്ലാതെ സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റേതൊരു സർവകലാശാലയും അങ്ങനെയുള്ള വിദ്യാർഥികൾക്ക് അത്തരം പഠന കോഴ്സുകളിലേക്ക് പ്രവേശനം നല്കാൻ

പാടുള്ളതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരം സർവ്വകലാശാലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികൾക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ പരീക്ഷകൾ എഴുതുന്നതിനും ബിരുദങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. ഉപവകുപ്പ് (2) പ്രകാരം സംസ്ഥാനത്തെ മറ്റു സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ/ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ പഠന കോഴ്സിന് രജിസ്റ്റർ ചെയ്ത് പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിദ്യാർഥിക്ക് പഠനം പൂർത്തീകരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചുമതലയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല നടത്തുന്ന കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2021 ജനുവരി 29-ന് യു.ജി.സി.-യിൽ നിന്ന് 2 (എഫ്) പദവി ലഭിക്കുകയുണ്ടായി. യു.ജി., പി.ജി. പ്രോഗ്രാമുകളും ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രോഗ്രാമുകളും വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം

ചെയ്യുകയാണ് സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. 20 യുജി പ്രോഗ്രാമുകളും ഒമ്പത് പിജി പ്രോഗ്രാമുകളും തുടങ്ങാനാണ് സർവ്വകലാശാല തയ്യാറെടുക്കുന്നത്. യു.ജി., പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് യു.ജി.സി.-യുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ഓരോ പ്രോഗ്രാമിനും ലഭിക്കേണ്ടതുണ്ട്. ഈ അനുമതി നൽകുന്നത് യു.ജി.സി.-യുടെ 2020-ലെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ റെഗുലേഷൻ പ്രകാരമാണ്. ഇതുപ്രകാരം, തുടങ്ങേണ്ട ഓരോ പ്രോഗ്രാമിന്റെയും സിലബസ്, പ്രോഗ്രാം പ്രൊജക്ട് റിപ്പോർട്ട്, എൻടി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയ്ക്ക് സമർപ്പിക്കണം. ഇവയെല്ലാം തയ്യാറാക്കിയിട്ടുണ്ട്. സർവ്വകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും പഠന വസ്തുക്കൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. അക്കാദമിക് അഡ്മിനിസ്ട്രീവ് തലങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന പ്രവർത്തനങ്ങളും പൂർത്തിയായിവരുന്നു. നിലവിലെ കാമ്പസ്സിന് പുറമെ അക്കാദമിക പ്രവർത്തനങ്ങൾക്കുവേണ്ടി പടിഞ്ഞാറേകൊല്ലം ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന ഭാഗങ്ങളും മറ്റും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ

പ്രവർത്തനങ്ങൾക്ക് വിട്ടുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് ആവശ്യമായ രീതിയിൽ സ്കൂൾ കെട്ടിടങ്ങൾ മോടിപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാകും. സർവ്വകലാശാലയുടെ പഠന കേന്ദ്രങ്ങളായി സർക്കാർ കോളേജുകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനവും സർക്കാർ തത്വത്തിൽ കൈക്കൊണ്ടിട്ടുണ്ട് കൂടാതെ ആവശ്യമുള്ള അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും അവസാനഘട്ടത്തിലാണ് ഈ സൗകര്യങ്ങൾ എല്ലാം നേരിട്ട് പരിശോധിച്ചതിനുശേഷമേ യു.ജി.സി. കോഴ്സുകൾക്ക് അംഗീകാരം നൽകുകയുള്ളൂ. ഇവ സമയബന്ധിതമായി പൂർത്തിയാക്കി എല്ലാ കോഴ്സുകൾക്കും യു.ജി.സി.-യുടെ അംഗീകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുകയും മറ്റ് സർവ്വകലാശാലകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നടത്താൻ അനുമതി നിഷേധിക്കുകയും ചെയ്തതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് അവസരം

നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ഡി) ഇതര സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നത് വിലക്കുന്ന വ്യവസ്ഥ വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് ഒഴിവാക്കി നിയമഭേദഗതി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം നേടുന്നതിന് കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ അത്തരം കോഴുകൾക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കുന്നതിനായി നിലവിൽ വിദൂര/പ്രൈവറ്റ് രജിസ്ട്രേഷനുകളിൽ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽതന്നെ കോഴ്സുകൾ തുടർന്ന് നടത്തുന്നതിനുതകുന്ന വിധത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിനുള്ള സ്ഥലം പരിവർത്തനം

1 (986) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം വിട്ടുനൽകിയെങ്കിലും കെട്ടിട നിർമ്മാണത്തിന് ഭൂമി പരിവർത്തനം നടത്തുന്നതിനുവേണ്ടിയുള്ള ഫയൽ കൃഷി വകുപ്പിൽ കഴിഞ്ഞ മൂന്ന് വർഷമായി തീരുമാനമാകാതെ കിടക്കുന്നതിനാൽ കേന്ദ്രീയ വിദ്യാലയം കേരളത്തിന് നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത് എന്നതിനാൽ പ്രസ്തുത ഫയലിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുമോ;

(ബി) അഗ്രി എൻ.സി.എ. സെക്ഷനിൽ മാസങ്ങളായി സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി വിളിച്ചുകൂട്ടാത്തതുകാരണം സംസ്ഥാനത്തെ ഒരു കേന്ദ്രീയ വിദ്യാലയം നഷ്ടപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും അടിയന്തര പരിഹാരം കണ്ടെത്തുമോ;

&

(സി) ഇതുസംബന്ധിച്ച് ബഹു. കൃഷി വകുപ്പുമന്ത്രിക്ക് ഫയൽ നമ്പർ NCA 2/67/2019-ൽ അടിയന്തര തീരുമാനം കൈക്കൊള്ളണമെന്ന് കാണിച്ച് 09/6/2021-ൽ നൽകിയ കത്തിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന്

നിലം പരിവർത്തനപ്പെടുത്താൻ 29-10-2019-ൽ കടുത്തുരുത്തി പ്രാദേശികതല നിരീക്ഷണ സമിതി സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ 02-11-2019-ൽ ലഭ്യമായിരുന്നു. തുടർന്ന് അപേക്ഷയിൽ സൂചിപ്പിച്ച സ്ഥലം സംസ്ഥാനതല സമിതിയിലെ വിദഗ്ധ അംഗം സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് 19-03-2020-ൽ കൂടിയ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും ജില്ലാ കളക്ടറോട് ടി വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെടുകയുമുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 16-07-2021-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

പമ്പിംഗ് സബ്സിഡി

2 (987) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിലെ വെള്ളം വറ്റിക്കുന്നതിനും മറ്റുമായി നൽകുന്ന പമ്പിംഗ് സബ്സിഡിയുടെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

പുഞ്ച കൃഷിയ്ക്ക് ഒരേക്കറിന് 1,800 രൂപയും മുണ്ടകൻ കൃഷിക്ക് ഒരേക്കറിന് 1,200 രൂപയുമാണ് നിലവിലെ പമ്പിംഗ് സബ്സിഡി നിരക്ക്.

(ബി) പമ്പിംഗ് സബ്സിഡി ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക തുക എത്രയാണെന്ന് അറിയിക്കുമോ?

239.0353 ലക്ഷം രൂപയുടെ സബ്സിഡി തുക കുടിശ്ശികയുണ്ട്.

(സി) മണലൂർ മണ്ഡലത്തിലെ ഏതെങ്കിലും പാടശേഖരങ്ങൾക്ക് പ്രസ്തുത ഇനത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ചില പാടശേഖരങ്ങൾ ഒന്നിൽ കൂടുതൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതിനാൽ പാടശേഖരങ്ങളെ നിയോജകമണ്ഡലാടി സ്ഥാനത്തിൽ തരംതിരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു. മണലൂർ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന പാടശേഖരങ്ങളുടെ ഏകദേശ കണക്ക് താഴെ ചേർക്കുന്നു.

വർഷം	തുക (ലക്ഷത്തിൽ)
2018-19	11.13882
2019-20	13.87095
2020-21	42.04477
ആകെ	67.05454

കാർഷികമേഖലയിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം

3 (988) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും ഏകോപിപ്പിക്കുന്നതിനുള്ള ബൃഹത്തായ ഒരു ഓൺലൈൻ സംവിധാനം തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും ഏകോപിപ്പിക്കുക എന്നതിന്റെ ആദ്യപടിയായി Agriculture Information Management System (AIMS) എന്ന പേരിൽ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഒരു ഡിജിറ്റൽ സംവിധാനം വികസിപ്പിച്ചുവരുന്നു. പ്രകൃതിദുരന്തം കാരണമുണ്ടായ വിളനാശങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷ, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം, നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകൽ, നെൽ വയലുടമകൾക്കുള്ള റോയൽറ്റി, കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി എന്നീ പദ്ധതികളിലെ സേവനങ്ങൾ കർഷകരുടെ അപേക്ഷമുതൽ ആനുകൂല്യ വിതരണംവരെയുള്ള എല്ലാ

നടപടിക്രമങ്ങളും ഓൺലൈൻ സംവിധാനത്തിൽ നടന്നുവരുന്നു. നിലവിൽ ഓൺലൈൻ ആക്കപ്പെട്ട സേവനങ്ങൾ AIMS പോർട്ടലിനുകീഴിൽ കർഷകർക്ക് ഏതുസമയത്തും ലഭ്യമാണ്. കർഷകർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷയുടെ തൽസ്ഥിതിവിവരം അറിയുന്നതിനുമുള്ള സംവിധാനം, ഉദ്യോഗസ്ഥർക്ക് അപേക്ഷകൾ പേപ്പർ രഹിതമായി ഓൺലൈനിൽത്തന്നെ പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം, കേന്ദ്രീകൃത ഡി. ബി. റ്റി. സംവിധാനംവഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം എന്നിവ ഇതിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ വളരെ വേഗത്തിലും സുതാര്യതയിലും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറാനാകും. കൃഷിഭവനിലൂടെ നടപ്പാക്കുന്ന മുഴുവൻ പദ്ധതികളും ഓൺലൈൻ സേവനങ്ങളാക്കി മാറ്റുക, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ വഴിയോ ഓൺലൈൻ പോർട്ടൽ വഴിയോ എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കുക, കർഷകർക്ക് നടീൽ വസ്തുക്കളുടെ ലഭ്യത, വിവിധ കാർഷിക മുറകൾ സംബന്ധിച്ച വിവരങ്ങൾ, ജൈവ-രാസകീടനാശിനി പ്രയോഗങ്ങളുടെ രീതി

തുടങ്ങിയ കാർഷിക വിവരങ്ങൾ കർഷകർക്ക് ഓൺലൈനായി നൽകുന്നതിനുള്ള ഡിജിറ്റൽ ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ AIMS എന്ന സംവിധാനത്തിൽ ഉൾപ്പെടുത്തി വിപുലീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വയനാട് പോലുള്ള സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന ജില്ലകളിലെ കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃഷി പരിപാലിക്കുന്നതിനും മണ്ണിന്റെ സ്വഭാവത്തിന് അനുസൃതമായ കൃഷി കണ്ടെത്തുന്നതിനും കോൾഡ് സ്റ്റോറേജ്, മാർക്കറ്റിംഗ് എന്നിവ ഏകോപിപ്പിക്കുന്നതിനുംവേണ്ടി പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റെനബിൾ അഗ്രികൾച്ചർ - സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുവരുന്നു. ഈ പദ്ധതി വയനാട് ജില്ലയിലും നടപ്പിലാക്കുന്നുണ്ട്. പദ്ധതിപ്രകാരം മണ്ണ് പരിശോധനാശാലകളിൽ മണ്ണിന്റെ അമ്ലത (പി.എച്ച്.), വൈദ്യുത ചാലകത (ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി), ജൈവ കാർബണിന്റെ അളവ് (ഓർഗാനിക്

കാർബൺ), ലഭ്യമായ ഫോസ്ഫറസ്, പൊട്ടാസ്യം, സൾഫർ എന്നിവയ്ക്ക് പുറമെ സൂക്ഷ്മമൂലകങ്ങളായ കോപ്പർ, മാംഗനീസ്, ഇരുമ്പ്, സിങ്ക്, ബോറോൺ എന്നിവ പരിശോധിച്ച് വിളകൾക്കാവശ്യമായ വളം സോയിൽ ഹെൽത്ത് കാർഡുകളിലൂടെ ശിപാർശ ചെയ്യുന്നു. ഓരോ പ്രദേശത്തെയും മണ്ണിന്റെ സ്വഭാവം അനുസരിച്ചുള്ള വിളകളും കർഷകർക്ക് ശിപാർശ ചെയ്യുന്നുണ്ട്. കേരളത്തിലെ മുഴുവൻ മാർക്കറ്റുകളെയും കോർത്തിണക്കി ഓൺലൈൻ വിപണനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കിഫ്ബിയുടെ സഹായത്തോടുകൂടി വയനാട് ജില്ലയിൽ അഗ്രോ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ കിഫ്ബിയുടെ സഹായത്തോടുകൂടി വയനാട് ജില്ലയിൽ അഗ്രോ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷി

4 (989) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി

ചെയ്തുവരുന്നുണ്ട്; കൂടുതലായി എത്ര ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ 600 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്. കൂടുതലായി 191.25 ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കൃഷിചെയ്യാതെ കിടക്കുന്ന വയലുകളിൽ വ്യാപിച്ചുകിടക്കുന്ന കണ്ടലുകളെ കൃഷി, വനം വകുപ്പുകളുടെ സഹകരണത്തോടെ പറിച്ചു നടത്തുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ കൈപ്പാട് കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (KADS)-യുടെ റീജിയണൽ ലെവൽ അഡ്വൈസറി കമ്മിറ്റി (RLAC)-യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 07-12-2020-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 982/2020/കൃഷി എന്ന ഉത്തരവിൻപ്രകാരം രൂപീകൃതമായ എക്സ്പെർട്ട് കമ്മറ്റി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ കണ്ടെത്തിയിട്ടുള്ളതാണ്. നിലവിൽ കൈപ്പാട് കൃഷി ചെയ്യാത്തതുകൊണ്ട് കണ്ടൽക്കാടുകളായി മാറിയ സ്ഥലങ്ങൾ തിരികെ കൈപ്പാട് കൃഷിയിലേയ്ക്ക്

കൊണ്ടുവരുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടർ നിലത്തിന് 1,00,000/- രൂപ എന്നതോതിൽ (ജില്ലാ പഞ്ചായത്ത് വിഹിതമായി 95,000/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 5,000/- രൂപയും) ആനുകൂല്യം നൽകിയിരുന്നു. 2021-22 വർഷത്തിൽ 76.05 ഹെക്ടർ സ്ഥലത്ത് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

ഗുണമേന്മയുള്ള വിത്തിനങ്ങൾ

5 (990) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വിത്തിനങ്ങൾ സമയബന്ധിതമായി കർഷകർക്ക് നൽകാൻ കുറ്റമറ്റ സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ പാടശേഖരസമിതികൾ/വ്യക്തിഗത കർഷകർ എന്നിവർ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്നു. ആയത്, സംസ്ഥാന വിത്ത് പരിശോധനാ ലാബിൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തിയശേഷം കാർഷിക

വികസന കർഷകക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ അന്തിമാനുമതിക്ക് വിധേയമായി കർഷകരിൽനിന്നും സംഭരിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന വിതരണം നടത്തിവരുന്നു. ഇതിനുപുറമെ അംഗീകൃത ഏജൻസികളായ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ, സർക്കാർ ഫാമുകൾ, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിൽനിന്നുമുള്ള ഗുണമേന്മയുള്ള വിത്തുകളും കർഷകർക്ക് നൽകിവരുന്നു.

(ബി) കെ.എസ്.എസ്.ഡി.എ.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കെ.എസ്.എസ്.ഡി.എ. - യുടെ പ്രവർത്തനങ്ങൾ കാർഷികോൽപ്പാദന കമ്മീഷണർ അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയുടെ നേതൃത്വത്തിൽ മികച്ച രീതിയിൽത്തന്നെയാണ് നടത്തിവരുന്നത്. സംസ്ഥാനത്ത് വിത്ത് ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനും ഗുണമേന്മയുള്ള വിത്തിനങ്ങൾ സമയബന്ധിതമായി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ടെന്ന് കെ.എസ്. എസ്.ഡി.എ. ഉറപ്പ് വരുത്തുന്നു. വിത്തുകൾ വേണ്ടവിധം സംസ്ഥാനത്ത് ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ അംഗീകൃത ഏജൻസികളായ നാഷണൽ

സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ, സർക്കാർ ഫാമുകൾ, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിൽനിന്നുമുള്ള വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകളും കെ.എസ്.എസ്.ഡി.എ നടത്തിവരുന്നു.

(സി) ഹൈബ്രിഡ് വിത്തിനങ്ങൾ കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ സൗജന്യമായും കർഷകർക്ക് നൽകിവരുന്നുണ്ട്.

കപ്പ കർഷകർ നേരിടുന്ന പ്രതിസന്ധി

6 (991) ശ്രീമതി കെ.കെ.രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മഴയിലും പ്രളയത്തിലും വെള്ളം കെട്ടിക്കിടന്ന് കൃഷി നശിക്കുന്നതും ഉയർന്ന കൂലിച്ചെലവും തുടർച്ചയായി വിലയില്ലാതായതും മലയാളികളുടെ ഇഷ്ടഭക്ഷണമായ കപ്പ കൃഷി ചെയ്യുന്ന കർഷകരെയടക്കം പ്രതിസന്ധിയിലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സുഭിക്ഷ കേരളം പദ്ധതിപ്രകാരം കേരളത്തിൽ കൃഷി വ്യാപനത്തിന്റെ ഭാഗമായി കൃഷിചെയ്ത കപ്പ വിളവെടുക്കാൻ പാകമായപ്പോയാണ് കോവിഡ് രണ്ടാം തരംഗമുണ്ടായത്. ഇതുകാരണം കേരളത്തിലെ കപ്പ കർഷകർക്ക് വേണ്ടരീതീയിൽ വിപണനം നടത്താൻ സാധിച്ചില്ല. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായാണ് ഹോർട്ടികോർപ്പ് കർഷകരിൽനിന്നും നേരിട്ട് സംഭരണം ആരംഭിച്ചത്.

(ബി) പൊതുവിപണിയിൽ 20 മുതൽ 25 രൂപ വരെ വിലയുള്ളപ്പോഴും ഇടനിലക്കാർ ഒരു കിലോ കപ്പയ്ക്ക് എട്ട് മുതൽ പന്ത്രണ്ട് രൂപ വരെയാണ് കർഷകർക്ക് നൽകുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ?

കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനാണ് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചത്. ഇതുപ്രകാരം മരച്ചീനിയുടെയും സംഭരണം നടത്തിവന്നിരുന്നു. എന്നാൽ കോവിഡ് 19-ന്റെ രണ്ടാംതരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപിന് നിർദ്ദേശം നൽകുകയും അതു പ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു.

(സി) കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വിപണി ഇടപെടലുകളുടെ ഭാഗമായി 'വാട്ടുകപ്പ'യ്ക്കായുള്ള കപ്പ സംഭരണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നതെന്ന് അറിയിക്കാമോ?

കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വിപണി ഇടപെടലുകളുടെ ഭാഗമായി 'വാട്ടുകപ്പ' യ്ക്കായുള്ള കപ്പ സംഭരണം ഹോർട്ടികോർപ് മുഖേനയാണ് നടത്തിവരുന്നത്.

(ഡി) 25 രൂപയെങ്കിലും വില കിട്ടിയെങ്കിൽ മാത്രമേ കർഷകർക്ക് ഈ കൃഷി ലാഭകരമാകൂ എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അടിസ്ഥാന വില പദ്ധതിപ്രകാരം വിളകൾക്ക് താങ്ങുവില നിശ്ചയിച്ചത് സംസ്ഥാന പ്രൈസസ് ബോർഡിന്റെ വിളകളുടെ ഉല്പാദന ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. അതുപ്രകാരം ഒരു കിലോ കപ്പ ഉല്പാദിപ്പിക്കാൻ 9.68 രൂപയാണെന്നാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ളത്.

(ഇ) എങ്കിൽ സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയായ 12 രൂപ എന്നത് ഉയർത്തുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയായ 12 ശ്രേണി എന്നത് ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള പ്ലാന്റേഷൻ കോർപ്പറേഷൻ

7 (992) ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ ഒ . ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ നിലവിലെ സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ അതിരൂക്ഷമായ വ്യാപനത്തെത്തുടർന്ന് പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രധാന വരുമാനമാർഗ്ഗമായ റബ്ബർ മേഖലയിൽ ഭീമമായ ഉൽപ്പാദനനഷ്ടം നേരിട്ടുകൊണ്ടിരിക്കുന്നതുമൂലം കോർപ്പറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷൻ ലാഭകരമാക്കുന്നതും ജീവനക്കാരുടെ ആവശ്യങ്ങളും സംബന്ധിച്ച് കൃഷി മന്ത്രിയുമായി സംഘടനാ നേതാക്കൾ ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് അറിയിക്കാമോ?

ഈ വിഷയത്തിൽ ഔദ്യോഗിക ചർച്ചകളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചുവരുന്നു.

(സി) പതിനയ്യായിരത്തിൽപ്പരം എണ്ണപ്പനകൾ കാട്ടാനകൾ നശിപ്പിക്കാനിടയായതുമൂലം കോർപ്പറേഷനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ?

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 4000 എണ്ണപ്പനമരങ്ങൾ കാട്ടാനയുടെ ആക്രമണംമൂലം നഷ്ടപ്പെടുകയുണ്ടായി. ഓരോ മരത്തിൽനിന്നും ഒരു വർഷം 70 കിലോ എന്ന കണക്കിൽ 280 മെ. ടൺ എണ്ണപ്പനക്കുരുവിന്റെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ എണ്ണപ്പനമരങ്ങളിൽനിന്നും 10 വർഷത്തോളം വിളവെടുക്കാൻ സാധിക്കുന്നതാണ്. ആയതുകൂടി കണക്കാക്കുമ്പോൾ ഏകദേശം 2.80 കോടിയോളം രൂപയുടെ എണ്ണപ്പനക്കുരുവിന്റെ വരുമാന നഷ്ടം സംഭവിക്കുന്നതാണ്.

(ഡി) പ്രസ്തുത കോർപ്പറേഷന്റെ കാസർഗോഡ് ഡിവിഷനിൽ കശുമാങ്ങ ജ്യൂസ് കെട്ടിക്കിടക്കുന്നതും കാലടി ഡിവിഷനിൽ മറിഞ്ഞുവീണ തേക്കുമരങ്ങൾ ലേലംചെയ്യാത്തതും പരിഹരിക്കാൻ നടപടിയുണ്ടാകുമോ?

ഇതുസംബന്ധിച്ച് പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഇ) പ്ലാന്റേഷൻ കോർപ്പറേഷൻ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പ്ലാൻറേഷൻ കോർപ്പറേഷൻ ലാഭത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടെ നിയമനം

8 (993) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, വ്യാജ യോഗ്യത ഹാജരാക്കിയാണ് നിയമനം നേടിയത് എന്നാരോപിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സർക്കാർ പ്രസ്തുത പരാതി പരിശോധിച്ചുവരികയാണ്.

മുണ്ടേരി കോക്കനട്ട് അഗ്രോ പാർക്ക്

9 (994) ശ്രീ. പി.വി.അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകൾ എവിടെയൊക്കെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം കാർഷിക വിളകളെ ഉദ്ദേശിച്ചാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതെന്ന് അറിയിക്കാമോ?

2021-22 വർഷത്തെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ബനാന ഹണി അഗ്രോ പാർക്ക് - തൃശ്ശൂർ

2) നാളികേര അഗ്രോ പാർക്ക്-വേങ്ങേരി, കോഴിക്കോട്

3) നാളികേര അഗ്രോ പാർക്ക്- കുത്താളി, കോഴിക്കോട്

4) മാംഗോ അഗ്രോ പാർക്ക് - മുതലമട

5) വെജിറ്റബിൾ അഗ്രോ പാർക്ക് -ഇടുക്കി

(ബി) മലപ്പുറം ജില്ലയിലെ മുണ്ടേരി ജില്ലാ വിത്തു കൃഷി തോട്ടത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന കോക്കനട്ട് അഗ്രോ പാർക്ക് പദ്ധതി ഇപ്പോഴും പരിഗണനയിലുണ്ടോ; കോക്കനട്ട് അഗ്രോ പാർക്കുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ നടപടികൾ വിശദീകരിക്കാമോ?

മലപ്പുറം ജില്ലയിലെ മുണ്ടേരി ജില്ലാ വിത്തു കൃഷി തോട്ടത്തിൽ മുൻസർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന കോക്കനട്ട് അഗ്രോ പാർക്ക് പദ്ധതി നിലവിൽ പരിഗണനയിലില്ല. എന്നാൽ നാളികേര അഗ്രോ പാർക്കുകൾ കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കുത്താളിയിലും KIIFB പദ്ധതിപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏഷ്യയിലെതന്നെ ഏറ്റവുംവലിയ വിത്ത് കൃഷിത്തോട്ടമായ മുണ്ടേരിയിൽ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് അഗ്രോ പാർക്കുകളിലൊന്ന് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ?

മുണ്ടേരി അഗ്രോപാർക്ക് നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

കാർഷിക രംഗത്തേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാൻ നടപടി

10 (995) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക രംഗത്തേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാൻ എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനായി നടപടി സ്വീകരിക്കുമോ?

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ അവശ്യംവേണ്ട ഘടകങ്ങളാണ്. ഇതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

ഹൈ-ടെക്-അഗ്രിക്കൾച്ചർ പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉല്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉല്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്.

പച്ചക്കറി കൃഷി വികസന പദ്ധതി - ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രമഫലമായി പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉല്പാദനത്തിനായി മിനി പോളീഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. $10m^2$, $20m^2$ എന്നീ അളവുകളിൽ മിനി പോളീഹൗസുകളിൽ അടുക്കളത്തോട്ടം സ്ഥാപിക്കുന്നതിന് ചെലവിന്റെ 75% സബ്സിഡിയായി പരമാവധി യഥാക്രമം 45,000/- രൂപയും 60,000/- രൂപയും നൽകുന്നതാണ്.

അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും - കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 64 അഗ്രോ സർവ്വീസ് സെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ

ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം - സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽത്തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000/- രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷി വകുപ്പ് മുഖാന്തരം നൽകുന്നതാണ്.

കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ - കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എസ്.എഫ്.എ.സി. മുഖാന്തരം കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകിവരുന്നു.

അഗ്രോപാർക്ക് - കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് അഗ്രോപാർക്കുകളുടെ ഒരു

ശൃംഖല സ്ഥാപിക്കുന്നതാണ്. സംരംഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധികവില നേടിയെടുക്കാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരം സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകിവരുന്നു.

പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾവഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾവഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മവഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങളുൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

ഹൈടെക് കൃഷിരീതി, മിനി പോളീഹൗസുകൾ, ഊർജ്ജരഹിത ക്ലൗചേമ്പറുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾവഴി നൽകിവരുന്നു.

കൃഷി പാഠശാല - 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ചുതന്നെ നല്ല കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓൺലൈൻ മുഖേന നടത്തുന്ന പരിശീലന പരിപാടികൾ എല്ലാ കർഷകരിലും പ്രത്യേകിച്ച് യുവാക്കളിൽ കൃഷിയെകുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമാണ്. വെബിനാറുകളായി നടത്തുന്ന പരിശീലനങ്ങൾ കൂടുതൽ കൃഷിക്കാർക്ക് ഉപകാരപ്രദമായിത്തീരുന്നു. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഇന്റേൺഷിപ് പരിപാടി - വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽത്തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ് പരിപാടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ തയ്യാറെടുക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന കൃഷിക്കാരോട് നേരിട്ടിടപെടുന്ന

കൃഷി ഭവനുകളിൽ കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിട്ടിടപെടാനും പഠിക്കാനും പരിശീലനം ലഭിക്കാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.

പുതിയ പദ്ധതികൾ - സ്മാർട്ട് കൃഷിഭവനുകൾ - 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിക്കുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൃഷിഭവനുകൾക്ക് ആധുനികമുഖം നൽകിക്കൊണ്ട് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കർഷകർക്ക് വിവിധ സേവനങ്ങൾ ഉടനടി സുതാര്യമായും കാര്യക്ഷമതയോടുംകൂടി നേരിട്ട് കർഷകരിലേയ്ക്കെത്തിക്കുകയും കർഷകർക്കാവശ്യമായ വിവിധ വിവരങ്ങൾ അവരുടെ വിരൽത്തുമ്പിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷിഭവനുകൾ. ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഇത്തരം സംവിധാനങ്ങളും കൃഷിയിലെ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള വിവരവും ഓൺലൈൻ വിപണന സംവിധാനങ്ങളും കൂടുതൽ യുവാക്കളെ കൃഷിഭവനുകളിലേക്കെത്തിക്കാനും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും സഹായകരമാവും.

ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം - അഗ്രി-ഓൺലൈൻ പ്ലാറ്റ്ഫോം ഫോർ ഇ-ട്രേഡിങ്ങ് ആൻഡ് ബ്ലോക്ക് ചെയിൻ ഡാറ്റ

മാനേജ്മന്റ് സംവിധാനം ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിളകളുടെ സംഭരണത്തിനും വിപണനത്തിനുമുള്ള സംവിധാനമാണ്. കർഷകരുടെ പക്കൽനിന്നും നേരിട്ട് സംഭരിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച്, മിനിമൽ പ്രോസസ്സിംഗ് നടത്തി നേരിട്ട് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമും സംഭരണ വിതരണ സംവിധാനമാണ് ഇത്. 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്.

തടഞ്ഞുവെച്ച കർഷക ക്ഷേമനിധി പെൻഷൻ

11(996) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ സ.ഉ.(കയ്യെഴുത്ത്) 28/2017/കൃഷി, 03.03.2017-ലെ ഉത്തരവ് പ്രകാരം തടഞ്ഞുവെച്ച കർഷക ക്ഷേമനിധി പെൻഷൻ തടഞ്ഞുവെച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തടഞ്ഞുവെച്ച പെൻഷൻ നൽകേണ്ടിവരുന്നതിന് വേണ്ട ആകെ തുക എത്രയാണ്;

&

(സി) പ്രസ്തുത ഉത്തരവുപ്രകാരം തടഞ്ഞുവെച്ച പെൻഷൻ നൽകുന്നതിന് എന്ത് നടപടിയാണ് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പിന്റെ സ.ഉ.(കയ്യെഴുത്ത്) 28/2017/കൃഷി,03-03-2017-ലെ ഉത്തരവ് പ്രകാരം, കർഷക പെൻഷൻ വാങ്ങുന്നവരിൽ അനർഹരെ ഒഴിവാക്കി, അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. ആയതിനാൽ ഈ ഉത്തരവ് പ്രകാരം അർഹരായ ഗുണഭോക്താക്കളിൽ ആരുടേയും ചെറുകിട നാമമാത്ര കർഷക പെൻഷൻ തടഞ്ഞുവച്ചിട്ടില്ല.

കേന്ദ്രസർക്കാർ പാസ്സാക്കിയ കർഷക നിയമം

12 (997) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി.സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരായാതെ കേന്ദ്രസർക്കാർ മുൻവർഷം പാസ്സാക്കിയ കർഷകവിരുദ്ധ നിയമങ്ങൾമൂലം കേരളത്തിലെ കാർഷിക മേഖലയിൽ ഉളവായിട്ടുള്ള പ്രതിസന്ധി

വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കുറഞ്ഞ താങ്ങുവില ഉറപ്പുനൽകാതെ കർഷകന്റെ വിലപേശൽ ശേഷി ഇല്ലാതാക്കുന്ന സാഹചര്യം മറികടക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേറ്റ് താല്പര്യങ്ങളുടെ ഭാഗമായി കർഷകരുടെ ഉല്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിലേക്ക് മാറ്റി വിലകുറയ്ക്കുന്നതിനുള്ള സാദ്ധ്യതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ഡി) കർഷക താല്പര്യങ്ങൾ ഹനിക്കുന്ന പ്രസ്തുത നിയമത്തിന്റെ ഭരണഘടനാപരമായ സാധുത പരിശോധിക്കുന്നതിന് നിയമനടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്ര കർഷക ബില്ലുകൾ നിലവിൽ സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

<u>കുത്താളി ജില്ലാ കൃഷി ഫാം</u>

13 (998) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കുത്താളി ജില്ലാ കൃഷി ഫാമിന്റെ ഭൂമിയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രം ആരംഭിക്കുന്നതിന് സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് സ്ഥലം വിട്ടുനൽകുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

കോവിഡ് മഹാമാരി തളർത്തിയ കാർഷിക മേഖല

14 (999) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടവും കർഷകരുടെ ദുരിതാവസ്ഥയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

2020 മാർച്ച് മാസം തൊട്ട് 2021 ജൂലൈ മാസം വരെ വിളകൾക്കും സ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടങ്ങൾ ഉൾപ്പെടെ കാർഷിക മേഖലയിൽ ഏകദേശം 1,731.78 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി

വിലയിരുത്തിയിട്ടുണ്ട്. ടി കാലയളവിൽ കർഷകത്തൊഴിലാളികൾക്ക് 200.30 കോടി രൂപയുടെ വേതന നഷ്ടവും കണക്കാക്കിയിട്ടുണ്ട്.

(ബി) കടുത്ത ഗതാഗത നിയന്ത്രണവും രോഗബാധ തുടരുന്നതുംമൂലം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ വരുന്നതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലോക്ക്ഡൗൺമൂലം രണ്ടാം വിള നെൽകൃഷിയിൽ കൊയ്ത്തിൽ വന്ന താമസവും ഗതാഗത സൗകര്യങ്ങളുടെ കുറവുംമൂലം ഏകദേശം 15 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. പച്ചക്കറി മേഖലയിൽ 2020 ഏപ്രിൽ മുതൽ 2021 ജൂലൈ വരെ 221.93 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിലയിടിവ് കാരണം വാഴ കൃഷിയിലും കൈതച്ചക്ക കൃഷിയിലും ഏകദേശം 269 കോടി രൂപയുടെയും 50 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കശുവണ്ടി കൃഷിയിലും കിഴങ്ങുവർഗ്ഗങ്ങളുടെ കാര്യത്തിലും നഷ്ടങ്ങൾ ഏകദേശം 10 കോടി രൂപയും 30 കോടി രൂപയുമാണെന്നും കണക്കാക്കിയിട്ടുണ്ട്.

(സി) ഇവർക്ക് സംരക്ഷണവും സഹായവും നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വില്പന നടത്താൻ സാധിച്ചു. മിച്ചംവന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്താൻ സാധിച്ചു. കൃഷി വകുപ്പ് മുഖാന്തരം പാലക്കാട്, കുട്ടനാട്, കോൾ മേഖലകളിൽ 600 നെല്ല് മെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെടുപ്പിൽ കാലതാമസം വന്ന ബുദ്ധിമുട്ടുകൾ മറികടക്കാൻ സാധിച്ചു. 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ് 1,200 മെടിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്തിനകത്തുള്ള കർഷകരിൽനിന്നും പുറമേനിന്നും സംഭരിച്ചു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ ഉപയോക്താക്കൾക്ക് പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ,

റസിഡന്റ്സ് അസോസിയേഷൻ, ഗസ്റ്റ് വർക്കർ ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. ഹോർട്ടികോർപിന്റെ 100 സ്വന്തം വില്പനശാലകളിലൂടെയും 200 ഫ്രാഞ്ചൈസികളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കളിലേയ്ക്ക് എത്തിച്ചു. ഭക്ഷ്യ സുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് 'സുഭിക്ഷ കേരളം' പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലത്ത് പച്ചക്കറികളുടെ കുറവ് പരിഹരിക്കുന്നതിന് 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീടുകളിൽ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു.

നെൽകൃഷി വിപുലീകരണം

15 (1000) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കുമോ?

നെൽകൃഷിയുടെ വിപുലീകരണം ലക്ഷ്യമാക്കിക്കൊണ്ട് നൂതന

പദ്ധതികൾ ആവിഷ്കരിച്ച് ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷത്തിൽ പ്രത്യേക നെൽകൃഷി മേഖലകളായ പൊക്കാളി, കരി, കൈപ്പാട്, നിലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതുതായി പദ്ധതി ആവിഷ്കരിച്ചുകൊണ്ട് 136 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായ കാർഷിക പ്രവർത്തനങ്ങൾക്കാണ് (അടിസ്ഥാന സൗകര്യ വികസനം മുതൽ ഉത്പന്നങ്ങളുടെ വിപണനം വരെ) ഈ തുക നീക്കിവെച്ചിട്ടുള്ളത്. പ്രകൃതിക്ഷോഭമുണ്ടാകുന്ന സാഹചര്യങ്ങളിൽ വിളനാശത്തിന്റെ തോത് കുറയ്ക്കുന്നതിനും നെൽകൃഷി തടസ്സംകൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനും പാടശേഖരങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ട പ്രവർത്തികൾക്കായി 50 ലക്ഷം രൂപ ഇക്കൊല്ലം പുതുതായി വകയിരുത്തിയിട്ടുണ്ട്. 2020-21 വർഷം മുതൽ നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000/- രൂപ പ്രകാരം റോയൽറ്റി അനുവദിക്കുന്നുണ്ട്. ഒന്നാംവർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം ഹെക്ടറിന് 30,000/- രൂപയിൽ നിന്നും 40,000/- രൂപയായി 2020-21 മുതൽ വർദ്ധിപ്പിച്ചു. നെല്ലിന്റെ സംഭരണ വിലയിലും കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുള്ളതും അടുത്ത സംഭരണ സീസൺ

മുതൽ കിലോയ്ക്ക് 28/- രൂപ പ്രകാരം സപ്ലൈകോ സംഭരണം നടത്തുന്നതുമാണ്. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സുസ്ഥിര നെൽകൃഷി സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 5,500/- രൂപ സബ്സിഡി നിരക്കിൽ നൽകിവരുന്നു. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട് നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി 30 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം - പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 50 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

പാടശേഖരസമിതികളുടെ പ്രവർത്തനച്ചെലവിനായുള്ള പദ്ധതി - പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ 300 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

കര നെൽകൃഷി വികസനം- സംസ്ഥാനത്ത് കര നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600/- രൂപ നിരക്കിൽ സഹായധനം നൽകുന്നതിനായി 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തരിശുനില കൃഷി നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ടുവരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് യഥാക്രമം 35,000/- രൂപയും 5,000/- രൂപയും നൽകിവരുന്നു. ഇതിനായി നടപ്പുവർഷം 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി - ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി- നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000/- രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷത്തിൽ ആരംഭിച്ചു. ഇതിനായി 1,500 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷിക്ക് കുമ്മായം മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഹെക്ടറിന് 600 കിലോയ്ക്ക് 9 രൂപ നിരക്കിൽ 5,400/- രൂപ സബ്സിഡി നൽകിവരുന്നു. ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ) - നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഒരു സീസണിൽ ഹെക്ടറിന് 1,000/- രൂപ നിരക്കിൽ നൽകിവരുന്നു.

കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) - നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു.

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതിയിൽ സംസ്ഥാന സർക്കാർ ധാരണപത്രം

ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് നൽകാൻ താൽപ്പര്യമുള്ള കർഷകരിൽനിന്ന് സപ്ലൈകോ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട്. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ 27.48 രൂപ/കി.ഗ്രാം നിരക്കിലാണ് കർഷകർക്ക് സംഭരണ വില നൽകിയത്. 2021 സെപ്തംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്.

(സി) നെൽകൃഷിയിലും പച്ചക്കറി ഉല്പാദനത്തിലും കഴിഞ്ഞ അഞ്ച് വർഷമുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

2021-22 വർഷത്തിൽ ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് നെല്ല്, പച്ചക്കറികൾ, ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ്, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, വാഴപ്പഴം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപ്പിലാക്കിവരുന്നു. അപ്രകാരം ആകെ 516.17 കോടി രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. തെങ്ങ്, സുഗന്ധവ്യഞ്ജനം, പുഷ്പകൃഷി, പഴകൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനവും മണ്ണ്-വിള ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനവും വിതരണവും, സുരക്ഷിത ഭക്ഷണത്തിനായി ഉത്തമ കൃഷിമുറകളുടെ പ്രോത്സാഹനം, ഹൈടെക് കൃഷി രീതികൾക്കുള്ള സഹായം എന്നീ പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് വികസനം ലക്ഷ്യമിടുന്നു. കോവിഡ്-19 മഹാമാരിയെത്തുടർന്ന് 2020-21 ൽ ആരംഭിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം. ഭക്ഷ്യോൽപ്പാദനത്തിൽ പ്രത്യേകിച്ചും നെല്ല്, പച്ചക്കറികൾ, വാഴപ്പഴം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ബഹുജനപങ്കാളിത്തം പ്രത്യേകിച്ച് സ്ത്രീകൾ, യുവജനങ്ങൾ, പ്രവാസികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കൃഷി വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനും നിലനിർത്താനും പദ്ധതി ലക്ഷ്യമിടുന്നു. സഹകരണ മേഖലയുടെയും മറ്റ് പങ്കാളിത്ത വകുപ്പുകളുടെയും സഹകരണത്തോടെ ഈ വർഷവും പദ്ധതി തുടർന്നുവരുന്നു. തരിശുനില കൃഷി, മെച്ചപ്പെട്ട വരുമാനത്തിനായി പുരയിടങ്ങളിൽ വിള

സമ്പ്രദായം ക്രമീകരിക്കുക, സംയോജിത കാർഷിക സമ്പ്രദായം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. സർക്കാരിന്റെ പതാകനൗക (ഫ്ലാഗ്ഷിപ്) പദ്ധതിയായ സുഭിക്ഷ കേരളത്തിലൂടെ 22,847 ഹെക്ടർ തരിശ്ശു നിലത്തിൽ കൃഷിയിറക്കുകയും 14,680 ജൈവഗ്രഹം FS യൂണിറ്റുകൾക്ക് സഹായം നൽകുകയും 1,000 ആഴ്ചച്ചന്തകൾ സ്ഥാപിക്കുകയും ചെയ്തു. കർഷകർക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കുന്നതിന് ഈ പദ്ധതി സഹായകമായിട്ടുണ്ട്. 2020-21 ഭക്ഷ്യോത്പാദനത്തിൽ സ്വായംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികളും അവയിലെ നേട്ടങ്ങളും ചുവടെ ചേർക്കുന്നു.

1) സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം 50,510 ഹെക്ടർ സ്ഥലത്തെ നെൽകർഷകർക്ക് ഹെക്ടറിന് 5,500 രൂപ നിരക്കിൽ ആനുകൂല്യം നൽകി. കൂടാതെ 2,193 ഹെക്ടർ സ്ഥലത്ത് രജിസ്റ്റേർഡ് നെല്ലുല്പാദന പദ്ധതി നടപ്പിലാക്കി.

2) 88,036 നെൽകർഷകർക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി നൽകി.

3) പച്ചക്കറി വികസന പദ്ധതിപ്രകാരം 67.42 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 201.92 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. കൂടാതെ ലോക്ക്ഡൗൺ സമയത്ത് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 50 ലക്ഷം വിത്തുപാക്കറ്റുകൾ വിതരണം ചെയ്തു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ 560.36 ഹെക്ടർ സ്ഥലത്തും ഇടുക്കി, വയനാട് ജില്ലകളിൽ 333.34 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി കൃഷിക്കും 79.23 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത പച്ചക്കറി കൃഷിക്കും ആനുകൂല്യം നൽകി. പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 37,815 ബഹുവർഷ പച്ചക്കറി തൈ കിറ്റുകളും വിതരണംചെയ്തു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 23,188 ഗ്രോബാഗ് യൂണിറ്റുകളും 520 ചെറുകിട തുള്ളിനന യൂണിറ്റുകളും സ്ഥാപിച്ചു. 1,23,143 സ്ക്വയർ മീറ്റർ മഴമറകൾ സ്ഥാപിച്ചു. 246 യൂണിറ്റ് ഫാമിലി കണിക ജലസേചനം യൂണിറ്റുകളും 25 ഫെർട്ടിഗേഷൻ യൂണിറ്റുകളും സ്ഥാപിച്ചു.

4) ഹ്രസ്വകാല എണ്ണക്കുരു വിളകളായ എള്ള്, നിലക്കടല എന്നിവയുടെ വികസനത്തിന് ആനുകൂല്യം നല്കുകവഴി 866 ഹെക്ടർ സ്ഥലത്തു എള്ള് കൃഷിയും 206 ഹെക്ടർ സ്ഥലത്ത് നിലക്കടല കൃഷിയും 206 ഹെക്ടർ സ്ഥലത്ത് കരിമ്പ് കൃഷിയും നടപ്പിലാക്കി. കൂടാതെ ഇടുക്കി ജില്ലയിലെ

തായന്നംകുടിയിൽ 30 ഹെക്ടർ സ്ഥലത്തും അട്ടപ്പാടിയിൽ 586 ഹെക്ടർ സ്ഥലത്ത് ചെറുധാന്യ കൃഷിയും നടപ്പിലാക്കി.

5) കിഴങ്ങുവർഗ്ഗങ്ങളുടെ വികസനം ലക്ഷ്യമിട്ട് 134 ഹെക്ടർ സ്ഥലത്ത് ട്യൂബർ സീഡ് വില്ലജ് സ്ഥാപിക്കാനും 50 ഹെക്ടർ സ്ഥലത്ത് ട്യൂബർ സീഡ് ഉല്പാദിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കി.

6) പഴവർഗ്ഗവിള വികസന പദ്ധതിയിൽ 1.47 കോടി ഫലവൃക്ഷത്തൈകൾ വിതരണം നടത്തുകയും 5,300 ഹെക്ടർ സ്ഥലത്തേയ്ക്ക് വിള വ്യാപനത്തിന് ആനുകൂല്യം നൽകുകയുംചെയ്തു.

7) കേരളാ ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വരുകയും അപ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിക്കുകയുമുണ്ടായി. 2,712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാന വില പദ്ധതിപ്രകാരം വിതരണം ചെയ്തു.

പച്ചക്കറിക്ക് ലഭിക്കുന്ന താങ്ങുവില

16 (1001) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ പച്ചക്കറിക്ക് താങ്ങുവില നിശ്ചയിക്കുമെന്നും അത് ലഭിക്കാത്തവർക്ക് അക്കൗണ്ടിൽ നൽകുമെന്നും അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കാണ് അപ്രകാരം തുക കിട്ടിയിട്ടുള്ളത്; വ്യക്തമാക്കുമോ?

G.O.(Ms) 80/2020/Agri, 26/10/2020-ലെ ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. പദ്ധതി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2,712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2,187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും GO (Rt) 580/2021/Agri, 06/07/2021- ലെ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കാൻ നടപടി

17 (1002) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ബി) ഉണ്ടെങ്കിൽ ആയതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി 'പാഠം ഒന്ന് പാടത്തേയ്ക്ക്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നതല്ലാതെ കൃഷി സ്കൂൾ സിലബസ്സിന്റെ ഭാഗമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ ആലോചിക്കുന്നതാണ്. എങ്കിലും പ്രൈമറി, ഹൈസ്കൂൾ ക്ലാസ്സുകളിലെ ശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ കേരളത്തിലെയും ഇന്ത്യയിലെയും കൃഷി രീതികളെക്കുറിച്ചും വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിൽ കൃഷിചെയ്യുന്ന വിളകൾ, അവയുടെ വളർച്ചയ്ക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ഡാറ്റാബാങ്ക്

18 (1003) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഡാറ്റാ ബാങ്കുകളിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള പുരയിടങ്ങളെ ഒഴിവാക്കി ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തുള്ള 1077 കൃഷിഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതായ 1061 കൃഷിഭവനുകളിലും ഡാറ്റാ ബാങ്കുകൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇപ്രകാരം പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾമൂലം സങ്കടങ്ങൾ അനുഭവിക്കുന്ന ഏതൊരാൾക്കും അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഫാറം 5-ലുള്ള അപേക്ഷാ ഫാറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. അത്തരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിഹാരനടപടികളും സ്വീകരിച്ചുവരുന്നു.

പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ

19 (1004) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ബ്ലോക്കിലെ പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ വിപുലപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നോ?

പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ വിപുലപ്പെടുത്തുന്നതിന് RKVY പദ്ധതിപ്രകാരം അംഗീകാരം ലഭിക്കുന്നതിനായി 143 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി പയ്യന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകിയിരുന്നോ; അതിന്റെ തുടർ നടപടികൾ എന്തെല്ലാമായെന്ന് വിശദമാക്കാമോ?

അംഗീകാരം നൽകിയിട്ടില്ല. പദ്ധതി രേഖയോടൊപ്പം ബ്ലോക്ക് ലെവൽ അഡ്വൈസറി കമ്മിറ്റിയുടെ മിനിറ്റ്സ് സമർപ്പിക്കാത്തതിനാൽ ആയതുകൂടി അടിയന്തിരമായി സമർപ്പിക്കുന്നതിന് പയ്യന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിൽ കൈപ്പാട് നെൽകൃഷി

20 (1005) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് ജില്ലയിൽ കൈപ്പാട് നെൽകൃഷി ആരംഭിക്കുന്ന

തിനുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ടോ; എങ്കിൽ ആരാണ് തയ്യാറാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിൽ കൈപ്പാട് നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് ചെറുകിട ജലസേചന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൃഷി വകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിലെ കൈപ്പാട് വികസനത്തിന് കുന്നത്തറ പാടത്ത് വിവിധ അടിസ്ഥാനസൗകര്യമൊരുക്കുന്ന പ്രവർത്തനത്തിനും, ഉള്ളിയേരി, കോട്ടക്കുന്ന് കൈപ്പാട് നിലം പുനരുദ്ധാരണത്തിനും പേരാമ്പ്ര നിയോജക മണ്ഡലത്തിലെ തുറയൂർ പഞ്ചായത്തിലെ കൈപ്പാട് നിലം വികസനത്തിനുമാണ് പ്രോജക്ടുകൾ തയ്യാറാക്കിട്ടുള്ളത്.

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത കൃഷി രീതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തിക്കോടി പയ്യോളി ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, കൊയിലാണ്ടി എന്നീ പഞ്ചായത്ത്/

മുനിസിപ്പാലിറ്റി പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന പാടശേഖരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിക്കോടി പഞ്ചായത്ത് - അകലാപ്പുഴ വെളുത്തേടത്ത് പാടശേഖരം.

2. പയ്യോളി മുനിസിപ്പാലിറ്റി - ചെത്തിൽ കൈപ്പാട് പാടശേഖരം, മഠത്തിൽ ചിറ പാടശേഖരം.

3. കൊയിലാണ്ടി മുനിസിപ്പാലിറ്റി - കൊളമ്പത്തുതാഴെ.

4. ചേമഞ്ചേരി പഞ്ചായത്ത് - ഐരാണി തുരുത്ത് പാടശേഖരം.

5. ചെങ്ങോട്ടുകാവ് - ഉള്ളൂർകടവ് മയിലാടുംപാറ കൈപ്പാട് പാടശേഖരം

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ;

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ഏത് രീതിയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതിക്കായി ഇനി നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ബഹു. എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. (RKVY), നബാർഡ് ധനസഹായം, RIDF, ജനകീയാസൂത്രണ പദ്ധതിവിഹിതം, ചെറുകിട ജലസേചന വകുപ്പിന്റെ

പദ്ധതി വിഹിതം, കൈപ്പാട് ഏരിയ ഡെവലപ്മെൻറ് ഏജൻസിയിൽ നിന്നുള്ള ഫണ്ട് എന്നിവയിൽനിന്ന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാനാണ് ലക്ഷ്യമിടുന്നത്. കൈപ്പാട് മേഖലയിലെ ആസ്തികളുടെ നവീകരണം/പുനരുദ്ധാരണം, ജലനിർഗ്ഗമനത്തിന് കൈത്തോട് നിർമ്മാണം, തടയണ നിർമ്മാണം, കാടും പായലും നീക്കൽ മുതലായവയാണ് നടത്തേണ്ട പ്രവർത്തികൾ. ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നഴ്സറികൾ

21 (1006) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം.കെ . മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലവൃക്ഷ തൈകളും ചെടികളും വിൽപ്പന നടത്തുന്ന നേഴ്സറികളിൽനിന്നും അവ വാങ്ങുന്നവർ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണംചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 13.12.2005-ലെ സ.ഉ.(സാധാ) നം. 1796/2005/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെയാണ് 750/- രൂപ ലൈസൻസ് ഫീസ് വാങ്ങി അർഹതയുള്ള നഴ്സറികൾക്ക് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ രണ്ട് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ അംഗീകാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം, തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി, തൈകൾ ഗുണമേന്മയില്ലാത്തതാണെന്ന് കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. ഫലവൃക്ഷത്തൈകളുടെ ഗുണമേന്മ

ഉറപ്പുവരുത്തുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആയഞ്ചേരി വേളം കോൾനിലം പദ്ധതി

22 (1007) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ആയഞ്ചേരി വേളം കോൾ നിലം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ്.-XII-ൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച പദ്ധതി കെ.എൽ.ഡിസി.-യെ ഏൽപ്പിച്ചിരുന്നുവെങ്കിലും പ്രോജക്ട് എസ്റ്റിമേറ്റിലെ അപര്യാപ്തതമൂലവും നബാർഡിന്റെ പ്രസ്തുത ട്രാഞ്ചെയുടെ കാലപരിധി അവസാനിപ്പിച്ചതിനാലും പദ്ധതി അവസാനിപ്പിക്കേണ്ടിവന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് തുലാത്ത് നടയ്ക്ക് സമീപം ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയും കെ.എൽ.ഡി.സി., ടെൻഡർ, റീടെൻഡർ, സീൽഡ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് ലോക്കൽ ക്വട്ടേഷൻ വഴി

പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. ഏറ്റെടുത്ത പ്രവൃത്തിയിൽ, തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും പൂർത്തിയാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്. നബാർഡിന്റെ പ്രസ്തുത ടാഞ്ചെയുടെ കാലപരിധി അവസാനിച്ചതിനാൽ കെ.എൽ.ഡി.സി.-ക്ക് പദ്ധതി അവസാനിപ്പിക്കേണ്ടതായിവന്നു.

(സി) സി.ഡബ്ല്യു.ആർ.ഡി.എം. സർവ്വേ പ്രകാരമാണോ പ്രസ്തുത പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ സർവ്വേ പ്രകാരം കോഴിക്കോട് ജില്ല പഞ്ചായത്ത് ആണ് ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയത്.

(ഡി) ഉപ്പുവെള്ളം കയറാതിരിക്കാൻ വെന്റഡ് ക്രോസ്സ് ബാർ നിർമ്മാണം പ്രസ്തുത പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉപ്പുവെള്ളം കയറാതിരിക്കാൻവേണ്ടി മീൻപാലം വി.സി.ബി.-യുടെ റിപ്പയർ പ്രവൃത്തികൾ ഉൾപ്പെടെ മൂന്ന് വി.സി.ബി.-കൾ പദ്ധതിരേഖയിൽ

വിഭാവനം ചെയ്തിരുന്നു. ഇതിൽ ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ പ്രായോഗിക ബുദ്ധിമുട്ടുകളാൽ റിപ്പയർ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ഇ) വെള്ളമൊഴുക്ക് നിലനിർത്താനായി എന്തൊക്കെ കാര്യങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

രണ്ട് കുളങ്ങളുടെ പുനരുദ്ധാരണം, 10 പെട്ടി പറ സംവിധാനം സ്ഥാപിക്കൽ, തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കൽ എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടായിരുന്നു.

(എഫ്) പ്രസ്തുത ഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് തുലാത്ത് നടയ്ക്കൽ സമീപം ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അനുമതി നൽകുകയും കെ.എൽ.ഡി.സി., ടെൻഡർ, റീടെൻഡർ, സീൽഡ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിരുന്നില്ല.

ുടർന്ന് ലോക്കൽ കവട്ടേഷൻ വഴി പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരെ ക്ഷണിക്കാനുള്ള നടപടിക്രമം സ്വീകരിച്ചുവരികയാണ്.

തീരദേശങ്ങളിലെ രാമച്ച കൃഷി

23 (1008) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലെ രാമച്ച കൃഷിയുടെ പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷം കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി രാമച്ച കൃഷി ചെയ്യുന്നതിന് 10,000/- രൂപ ഒരു ഹെക്ടറിന് എന്ന നിരക്കിൽ, 20 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് രണ്ടുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുവർഷം മലപ്പുറം ജില്ലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖയിൽ രാമച്ച കൃഷിക്ക് പ്രത്യേക സബ്സിഡി അനുവദിക്കുന്നത് പരിഗണിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖയിൽ രാമച്ച കൃഷിക്ക് പ്രത്യേക സബ്സിഡി അനുവദിക്കാൻ ശിപാർശ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

കർഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ

24 (1009) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ഏതൊക്കെ കൃഷികൾക്കാണ് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നത്?

കാർഷിക സൗജന്യ വൈദ്യുതി പദ്ധതിപ്രകാരം വൈദ്യുതി സൗജന്യത്തിനുള്ള അർഹത സംബന്ധിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.

ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

iv) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.

(ബി) സംസ്ഥാനത്ത് ആകെ എത്ര കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ടെന്നും ആയതിൽ കൃഷി വകുപ്പ് പണമടയ്ക്കുന്ന കണക്ഷനുകൾ എത്രയാണെന്നും വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് 30/06/2021 വരെ ആകെ 5,06,313 എണ്ണം കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ട്. കാർഷിക സൗജന്യ വൈദ്യുത പദ്ധതിപ്രകാരം കൃഷി വകുപ്പ് പണമടയ്ക്കുന്ന 2,63,883 കണക്ഷനുകളാണുള്ളത്.

<u>സംസ്ഥാന കാർഷിക മേഖലാ വളർച്ച</u>

25 (1010) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ കഴിഞ്ഞ അഞ്ചുവർഷത്തെ വളർച്ച സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം കാർഷിക അനുബന്ധ മേഖലകളിലെ (കൃഷി, കന്നുകാലി, വനവിഭവം, മത്സ്യബന്ധനം) വാർഷിക വളർച്ചാനിരക്ക് (ജി.എസ്.വി.എ. 2011-12-ലെ സ്ഥിര വില അനുസരിച്ച്) 2013-14-ൽ (-)6.31 ശതമാനവും 2014-15-ൽ 0.02 ശതമാനവും, 2015-16-ൽ (-)5.10 ശതമാനവും 2016-1-ൽ (-)0.65

ശതമാനവുമായിരുന്നു. 2017-18-ൽ കാർഷിക മേഖലയിൽ 2.11 ശതമാനം വളർച്ച രേഖപ്പെടുത്തിയെങ്കിലും 2018-19 ൽ (-)2.38 ശതമാനമായും 2019-20-ൽ (-)6.62 ശതമാനമായും വളർച്ച കുറഞ്ഞു. 2018-19-ൽ മത്സ്യബന്ധന, വനവിഭവ മേഖലകളിൽ കൂടിയ വളർച്ചാനിരക്ക് രേഖപ്പെടുത്തി. ഇത് യഥാക്രമം 6.55 ശതമാനവും 0.54 ശതമാനവുമായിരുന്നു. എന്നാൽ മറ്റ് മേഖലകളിൽ കുറഞ്ഞ വളർച്ചാ നിരക്കാണ് പ്രകടിപ്പിച്ചത്. 2019-20-ൽ എല്ലാ മേഖലകളിലും കുറഞ്ഞ വളർച്ചാനിരക്ക് രേഖപ്പെടുത്തി. എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2019 പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം മൂല്യ വർദ്ധനവിൽ (ജി.എസ്.വി.എ.) കാർഷിക അനുബന്ധ മേഖലയുടെ വിഹിതം ചെറുതാണെങ്കിലും മൊത്തം മൂല്യവർദ്ധനവിൽ ഒരു തൊഴിലാളിക്ക് ലഭിക്കുന്ന പങ്കിന്റെ കണക്കിൽ കേരളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്താണ്. സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ ഒരു തൊഴിലാളിക്ക് ലഭിക്കുന്ന പങ്ക് 2.19 ലക്ഷം രൂപയാണ്. സംസ്ഥാനത്തിന്റെ മൊത്തം ജി.എസ്.വി.എ.-യിൽ (2011-12 ലെ സ്ഥിര വിലയനുസരിച്ച്) കാർഷിക അനുബന്ധ മേഖലയുടെ വിഹിതം 2013-14-ൽ 12.37 ആയിരുന്നത് കുറഞ്ഞ് 2019-20-ൽ 8.03 ശതമാനമായി. പ്രകൃതിക്ഷോഭങ്ങളും വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷിക

മേഖലയുടെ പ്രകടനത്തെ ബാധിക്കുന്നുണ്ട്. 2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കവും തീവ്രമഴയും മലയിടിച്ചിലും പോലുള്ള പ്രകൃതിക്ഷോഭങ്ങൾ കാർഷിക അനുബന്ധ മേഖലയ്ക്ക് വൻ നഷ്ടങ്ങളാണ് വരുത്തിയത്. സംസ്ഥാനത്തിന്റെ കൃഷി സ്ഥല വിസ്തൃതി അനുസരിച്ച് കൃഷിയിടങ്ങളുടെ എണ്ണം 2010-11-ൽ 68,31,000 ആയിരുന്നു. ഇത് 2015-16-ഓടെ 11 ശതമാനം വർദ്ധിച്ച് 75,83,000 ആയി. പ്രതിശീർഷ ഭൂലഭ്യത 2010-11 ൽ 0.22 ഹെക്ടറായിരുന്നത് 2015-16-ൽ 0.18 ഹെക്ടറായി കുറഞ്ഞു. കഴിഞ്ഞ പത്തുവർഷത്തെ സംസ്ഥാനത്തെ നെൽകൃഷിയുടെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ നെൽകൃഷിയുടെ വിസ്തൃതി കുറയുകയാണ് ചെയ്യുന്നത്. എന്നാൽ 2012-13, 2016-17, 2017-18 വർഷങ്ങളൊഴികെ മറ്റെല്ലാ വർഷങ്ങളിലും നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിന്റെ ആക്കം കൂടിയിട്ടുണ്ട്. 2018-19 -മായി താരതമ്യം ചെയ്യുമ്പോൾ കൃഷി വിസ്തൃതിയിൽ 17 ശതമാനത്തിന്റെയും ഉല്പാദനത്തിൽ 23 ശതമാനത്തിന്റെയും വളർച്ച രേഖപ്പെടുത്തി. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നീ വകുപ്പുകൾ നടപ്പാക്കിയ പച്ചക്കറി വികസന പരിപാടികൾ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ

വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് കാരണമായി. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, ഗ്രേഡഡ്, സ്റ്റാഗേർഡ്, അർബൻ എന്നിങ്ങനെയുള്ള പച്ചക്കറി ക്ലസ്റ്ററുകൾ വഴിയുള്ള കൃഷി, സ്ഥാപനങ്ങളിലെ കൃഷി, മഴമറകൃഷി, ചെറുകിട ജലസേചനം, ജലസേചനത്തിലൂടെ വളം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയാണ് 2019-20-ൽ സംസ്ഥാനത്ത് പച്ചക്കറികൃഷി പ്രോൽസാഹിപ്പിച്ചത്. ഉത്തമ കൃഷി മുറകളിലൂടെ സുരക്ഷിത ഭക്ഷണത്തിനായുള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പാതയിലാണ് സംസ്ഥാനം. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവഗ്രാമം പദ്ധതി വഴി ജൈവകൃഷി പ്രോത്സാസാഹിപ്പിക്കുന്നതിൽ കൃഷി വകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിച്ചു. 2019-20 കാലയളവിൽ ജൈവ ക്ലസ്റ്റർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 5,000 ഹെക്ടർ പ്രദേശത്ത് 200 ഉത്തമ കൃഷിമുറ ക്ലസ്റ്ററുകൾ രൂപീകരിച്ചു. ഒരു ക്ലസ്റ്റർ എന്നാൽ ഒന്നിച്ചുകിടക്കുന്ന 25 ഹെക്ടർ ഭൂമിയിലാണ് കൃഷി നടത്തുക. സംസ്ഥാനത്ത് 64,095 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന 1,405 ഉത്തമ കൃഷി മുറ ക്ലസ്റ്ററുകളുണ്ട്. പ്രധാനമന്ത്രി കൃഷി വികാസ് യോജനയിലൂടെ സംസ്ഥാനത്ത് 619 ജൈവക്ലസ്റ്ററുകൾ മുഖേന

12,380 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി നടപ്പിലാക്കി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിലൂടെ ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കി. ഇതിൽ 11 ഇക്കോഷോപ്പുകൾ 2019-20-ൽ പുതുതായി സ്ഥാപിച്ചതാണ്. തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും കേരളം ഒന്നാമതാണ്. 2018-19-ൽ തെങ്ങ് കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും നേരിയ വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും 2019-20-ൽ കൃഷി വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും കുറഞ്ഞു. സംസ്ഥാനത്ത് 7.61 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്യപ്പെടുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 29.3 ശതമാനമാണ്. കേരളത്തിന്റെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യമിട്ട് 2018-19 മുതൽ നാളികേര മിഷൻ പ്രവർത്തിച്ചുവരുന്നു. 2019-20-ൽ സംസ്ഥാനത്തെ കുരുമുളക് കൃഷിയുടെ വിസ്തൃതി 83,765 ഹെക്ടർ ആയിരുന്നു. കൃഷി വിസ്തൃതിയിൽ 2018-19 നെ അപേക്ഷിച്ച് 1,004 ഹെക്ടറിന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയത്. എന്നാൽ കുരുമുളകിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും യഥാക്രമം 6 ശതമാനത്തിന്റെയും 7.2 ശതമാനത്തിന്റെയും കുറവുണ്ടായി. ഉല്പാദനവും ഉല്പാദനക്ഷമതയും യഥാക്രമം 34,545 ടണ്ണും ഹെക്ടറിന് 412

കിലോഗ്രാമുമായിരുന്നു.

(ബി) കോവിഡുൾപ്പെടെയുള്ള കാരണങ്ങളാൽ തളർന്ന കാർഷിക മേഖലയെ സഹായിക്കുന്നതിന് പ്രാദേശിക കാർഷിക ഉൽപ്പാദനങ്ങൾ കൂടുതൽ വ്യാപിപ്പിച്ച് കാർഷിക മേഖലയ്ക്ക് സ്വയംപര്യാപ്തത ഉറപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 മഹാമാരി കേരളത്തിന്റെ കാർഷിക മേഖലയെ പലവിധത്തിൽ ബാധിച്ചു. അന്താരാഷ്ട്രവ്യാപാരത്തിന്റെ സ്വഭാവത്തെ സ്വാധീനിച്ചിരിക്കുന്ന കേരളത്തിലെ കയറ്റുമതി അധിഷ്ഠിത സുഗന്ധവ്യജ്ഞനങ്ങളിലും തോട്ടങ്ങളിലും പ്രതികൂലമായ ആഘാതമുണ്ടാക്കി. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിള ഉൽപ്പാദന പദ്ധതികൾ, വിപണി വികസനം, മൂല്യവർദ്ധന പദ്ധതികൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷകക്ഷേമ പദ്ധതികൾ എന്നിവയിൽ കേന്ദ്രീകരിക്കുന്നു. വിഭവങ്ങളുടെ കാര്യക്ഷമമായ പരിപാലനം കാലാവസ്ഥയ്ക്കനുയോജ്യമായ കൃഷി സമ്പ്രദായങ്ങൾ, നൂതന സാങ്കേതിക വിദ്യാധിഷ്ഠിത വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് കാർഷിക വികസന പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. കർഷകർക്ക് വരുമാന സുരക്ഷ നൽകുകയെന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനവിലൂടെ

കാർഷിക മേഖലയുടെ വ്യവസായ അധിഷ്ഠിത വികസനം പ്രോത്സാഹിപ്പിക്കുന്നു. കാർഷിക വായ്പാസൗകര്യങ്ങൾ, വിള ഇൻഷ്വറൻസ് പരിരക്ഷ, വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ, കർഷക പെൻഷൻ എന്നിവയാണ് സംസ്ഥാനം പിന്തുണയ്ക്കുന്ന മറ്റ് കർഷക സൗഹൃദ പരിപാടികൾ. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് 2021-22-ൽ നടപ്പിലാക്കുന്നത്. കൂടാതെ കേരഗ്രാമം പരിപാടിയിലൂടെ നാളികേരമേഖലയുടെ സമഗ്രവികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര തരിശുനില കൃഷി, നിലവിലുള്ള ലാബുകളുടെ ആധുനികവൽക്കരണം, വിപണനത്തിനായുള്ള സ്ഥാപന സംവിധാനം, വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ, ആത്മ പ്ലസ് മാതൃകയിലുള്ള വിജ്ഞാന വ്യാപനം, സുഗന്ധവിളകളുടെ പുനരുജ്ജീവനം, കാർഷിക ഉല്പാദനോപാധികളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനുമുള്ള പരിപാടികൾ, കീടരോഗ നിരീക്ഷണം ഉൾപ്പെടുന്ന വിള ആരോഗ്യ പരിപാലനം, ജൈവ കൃഷി പ്രോത്സാഹനം, സുരക്ഷിതവും

ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യോൽപ്പാദനം, വിള ഇൻഷ്വറൻസ്, മെച്ചപ്പെട്ട സേവന വിതരണത്തിനായി കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തലും കുരുമുളകിന്റെ പുനരുജ്ജീവനം, വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി നേരിടുന്നതിനായി പ്രത്യേക പരിപാടികൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കോക്കനട്ട് മിഷനുകീഴിലുള്ള നാളികേരമേഖലയുടെ പുനരുദ്ധിവാസം, കുട്ടനാട് കാർഷിക മേഖലയുടെ വികസനം, അടയ്ക്ക കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടയ്ക്ക പാക്കേജ്, വകുപ്പിന്റെ ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ എന്നിവ 2021-22-ൽ തുടരും. സംസ്ഥാനത്തൊട്ടാകെയുള്ള അഞ്ച് കാർഷിക ആവാസവ്യവസ്ഥ സോണുകളും 23 കാർഷിക ആവാസവ്യവസ്ഥ യൂണിറ്റുകളും അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് 2021-22-ലെ കൃഷി വകുപ്പിന്റെ പ്രധാന സംരംഭങ്ങളിലൊന്ന്. കാർഷിക ആവാസ വ്യവസ്ഥ അധിഷ്ഠിത കൃഷിയിൽ കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി കൃഷിപാഠശാലയും നെൽവയലുകൾക്ക് പ്രകൃതിസംരക്ഷണത്തിലുള്ള പ്രാധാന്യം ഉൾക്കൊണ്ട് അവയെ സംരക്ഷിച്ച് നിലനിർത്തുന്നതിന് പ്രോത്സാഹനമായി നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവ നടപ്പാക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്.

2021-22 വാർഷിക പദ്ധതിയിലെ മറ്റൊരു പ്രധാന മേഖലയാണ് സംസ്ഥാനത്തെ പഴമേഖലയുടെ വികസനം. 2020-21 മുതൽ 10 വർഷത്തേയ്ക്ക് ഘട്ടംഘട്ടമായാണ് ഈ സംയോജിത പരിപാടി നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 2020-21 മുതൽ ഓരോ വർഷവും ഒരു കോടി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിടുന്നു. നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും, വിസ്തൃതി വികസിപ്പിക്കൽ, വിള പരിപാലനം, വിളവെടുപ്പിനുശേഷമുള്ള സംസ്കരണം, മൂല്യവർദ്ധനവ്, പഴങ്ങളുടെ ശീതീകരണ ശൃംഖല വികസനം എന്നിവയാണ് ഈ പദ്ധതിയിലൂടെ കേന്ദ്രീകരിക്കുന്ന പ്രവർത്തനങ്ങൾ. കോവിഡ്-19 പകർച്ചാവ്യാധി സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ സാരമായി ബാധിച്ചു. തൊഴിലാളി കളുടെയും യന്ത്രങ്ങളുടെയും കുറവും വിതരണ ശൃംഖല തടസ്സപ്പെട്ടതും ഉല്പന്ന ആവശ്യകതയുടെ വ്യതിയാനംമൂലം വിലയിലുണ്ടായ കുറവും കർഷകരിൽ അരക്ഷിതാവസ്ഥ വർദ്ധിപ്പിച്ചു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ തരണംചെയ്യുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പവരുത്തുന്നതിനും സംസ്ഥാനം

ഭക്ഷ്യവിള ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ചും ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ 2020-21-ൽ 'സുഭിക്ഷ കേരളം' പരിപാടി ആരംഭിച്ചു. തരിശുഭൂമി കൃഷി, വീട്ടുവളപ്പിലെ കൃഷി, നിലവിലുള്ള കൃഷിയുടെ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട വിപണിസൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ എന്നീ പരിപാടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ വികസനമാണ് ലക്ഷ്യമിടുന്നത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ഏകോപനത്തോടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ കൃഷി കാലാവസ്ഥയെ വളരെയധികം ആശ്രയിച്ചിരിക്കുന്നതിനാൽ കാലാവസ്ഥയിലെ അനിശ്ചിതത്വം കൃഷി ഒരു നഷ്ടസാദ്ധ്യതയുള്ള സംരംഭമാക്കുന്നു. ഇത്തരത്തിൽ വിളകളുടെ ഉൽപാദനത്തിലുള്ള

അനിശ്ചിതത്വം ഓരോ കർഷകനും നേരിടേണ്ടതായി വരുന്നു. വിള ഉൽപാദനത്തെ വരൾച്ച, വെള്ളപ്പൊക്കം, കീടരോഗങ്ങൾ എന്നിവയെല്ലാം ബാധിക്കുന്നതിനാൽ കർഷകർക്ക് സുസ്ഥിര വരുമാനം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. പ്രധാന കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം, കശുമാവ്, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, പൈനാപ്പിൾ, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗം, കിഴങ്ങുവർഗ്ഗം, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നിവയാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി-അടിസ്ഥാന വില എന്ന പദ്ധതി പ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിച്ചു. പദ്ധതി 2020 നവംബർ ഒന്നുമുതൽ പ്രാബല്യത്തിൽ വന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2,712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2,187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ഇതിനായി 10

കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം, ഹരിതാഭവും മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതുമായ കേരളം വികസിപ്പിക്കുന്ന തിനായി ആരംഭിച്ച റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-യുടെ കീഴിൽ 432.147 കോടി രൂപയ്ക്ക് 13 പദ്ധതികളും മൂന്ന് പഠനങ്ങളും നടത്തുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് അനുമതി ലഭിച്ചു. അതിൽ 51.20563 കോടി രൂപ അനുവദിച്ചു. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ ദൗത്യം, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള കാർഷിക സർവ്വകലാശാല, കേരള കാർഷിക വ്യവസായ കോർപ്പറേഷൻ എന്നിവയിലൂടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. നേരിയമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്രവികസനത്തിനായുള്ള സംയോജിത ഫാം മാനേജ്മെന്റ് (10.00 കോടി), കേരളത്തിലെ വിപണി ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി (15.00 കോടി), ഇടുക്കി, വയനാട് ജില്ലകളിൽ സംയോജിത കൃഷിയിലൂടെ ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുക (50.00 കോടി), കുട്ടനാട് ആവാസമേ ഖലയുടെ സുസ്ഥിര വികസനം (2.91 കോടി), യന്ത്രവൽകൃത കൃഷിയിലൂടെ വടക്കൻ കേരളത്തിലെ കൈപാട് ജൈവ തണ്ണീർത്തടങ്ങളുടെ വികസനം,

നെല്ലിന്റെ ജനിതക ദ്രവ്യ സംരക്ഷണവും ജൈവ വൈവിധ്യാധിഷ്ഠിത കൃഷിയും (3.00 കോടി) അതിരപ്പിള്ളി ടൈബൽ വാലി കാർഷിക പദ്ധതി (7.917 കോടി), അട്ടപ്പാടി ഗോത്രവർഗ്ഗക്കാരുടെ സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസനം, അമ്പലവയലിൽ പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും മികവിന്റെ കേന്ദ്രം സ്ഥാപിക്കുക (4.00 കോടി), കൃഷി വകുപ്പിന്റെ ഇ-ഗവേണൻസ് ശക്തിപ്പെടുത്തുക (12.00 കോടി), ചെങ്ങന്നൂരിലെ സമൃദ്ധി-തരിശ്രൂരഹിത പദ്ധതി (10.00 കോടി), കാർഷിക സേവന കേന്ദ്രങ്ങളെയും കാർഷിക കർമ്മ സേനകളെയും ശക്തിപ്പെടുത്തി മേഖല തിരിച്ചുള്ള സേവന വിതരണത്തിനുള്ള പിന്തുണ (5.00 കോടി രൂപ), തൃശ്രൂർ-പൊന്നാനി കോൾനിലങ്ങൾ, പാംബൂരിചാൽ പാടശേഖരം എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ (യഥാക്രമം 298.38 കോടി, 5 കോടി രൂപ) എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. കൃഷി വകുപ്പിനും വി.എഫ്.പി.സി.കെ.-യ്ക്കും പഠനങ്ങൾ നടത്തുന്നതിനായി 0.95 കോടി രൂപയും അനുവദിച്ചു. കാർഷിക ഉല്പാദനത്തിന് വായ്പ ഒരു പ്രധാന ഘടകമാണ്. കർഷകൻ സമയബന്ധിതവും മതിയായതുമായ വായ്പ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ബാങ്കിംഗ് സംവിധാനം സംസ്ഥാന സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുന്നു.

ചാത്തന്നൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന പ്രവൃത്തികൾ

26 (1011) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികൾ പ്രകാരം കെ.എൽ.ഡി.സി. നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

1. ആർ.കെ.വി.വൈ. 2019-2020 പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഭ്രതക്കുളം പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ.

2. ആർ.ഐ.ഡി.എഫ് XXVI - 2000-2001 പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ തഴത്തല പോളയിൽ ഏലായുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ.

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ ?

1. 30% പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ എത്രയും വേഗം പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതാണ്.

2. ഉടമ്പടി വച്ച് പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

കേരഗ്രാമം പദ്ധതി

27 (1012) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

തെങ്ങുകൃഷി മുഖ്യമായിട്ടുള്ളതും ചേർന്നുകിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻവർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയുമാണ് ഇതിനായി മുൻഗണന നൽകി തെരഞ്ഞെടുത്തുവരുന്നത്.

(ബി) കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ പട്ടിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

വർഷം	പഞ്ചായത്ത്
2014-15	ഉദയനാപുരം, കുരുപ്പട, പാമ്പാടി, മീനടം
2015-16	ഉദയനാപുരം, കുരുപ്പട, പാമ്പാടി, മീനടം, മണർക്കാട്
2016-17	മാടപ്പള്ളി, വാഴപ്പള്ളി, വാകത്താനം, തലയോലപ്പറമ്പ്, വെള്ളൂർ, കല്ലറ, കടുത്തുരുത്തി
2017-18	തിരുവാർപ്പ്, അയ്മനം, കുമരകം, പുതുപ്പള്ളി, പനച്ചിക്കാട്, മറവൻതുരുത്ത്
2018-19	തലയാഴം, കുട്ടിക്കൽ
2019-20	അലക്കുന്നം, അയർക്കുന്നം

ഫാം ടൂറിസം പദ്ധതി

28 (1013) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാന പച്ചക്കറിത്തോട്ടം വണ്ടിപ്പെരിയാർ, ഇടുക്കി.

(സി) ഇല്ലായെങ്കിൽ അത്തരം പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

നേരിയമംഗലം ജില്ലാ കൃഷി തോട്ടം, ഓറഞ്ച് പച്ചക്കറി ഫാം, നെല്ലിയാമ്പതി, തളിപ്പറമ്പ ജില്ലാ കൃഷി തോട്ടം, ആലുവ വിത്തുത്പാദന കേന്ദ്രം എന്നീ ഫാമുകളിൽ ഫാം ടൂറിസം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ കുട്ടികളുടെ പാർക്ക്, അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ ചിത്രശലഭ പാർക്ക് എന്നിവയും നടപ്പിലാക്കുന്നുണ്ട്. നേരിയമംഗലം ജില്ല കൃഷിത്തോട്ടത്തിൽ ആർ.കെ.വി.വൈ., ആർ.കെ.ഐ. എന്നീ പദ്ധതികളുടെ ഫണ്ട് വിനിയോഗിച്ച് കെ.എൽ.ഡി.സി. മുഖേന ഫാം ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു .

(ഡി) ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവയെ പരിഗണിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിന് കീഴിൽ വരുന്ന പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല ബനാന നഴ്സറി എന്നിവയിൽ ഫാം ടൂറിസം വികസിപ്പിക്കുന്നതിനു ഇപ്പോൾ ആലോചിച്ചിട്ടില്ല.

നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക്

29 (1014) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക് പൂർണ്ണമാക്കി വിജ്ഞാപനം ചെയ്യാൻ സാധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനകം എത്ര പ്രദേശങ്ങളിലെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു; ഇനി ശേഷിക്കുന്നവ എത്രയാണ്;

&

(സി) ഡേറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

കേരളത്തിൽ ആകെയുള്ള 1,077 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ട 1,061 കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരഗ്രാമം പദ്ധതി

30 (1015) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന്

വ്യക്തമാക്കുമോ?

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, രോഗം ബാധിച്ചതും ഉൽപ്പാദനശേഷിയില്ലാത്തതുമായ തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന്

25,000/- രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ -24 .5 ലക്ഷം) ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കൂഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h) ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i) രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1,000 രൂപ/തെങ്ങ്

(j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

(k) ഇടവിള കൃഷി - 6,000 രൂപ/ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന

സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000/- രൂപ നിരക്കിൽ വിതരണം.

4. എട്ട് ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനികയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ.

6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 15000/- രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(ബി) സംസ്ഥാനത്ത് ഇതുവരെയായി ആകെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

2014-15 മുതൽ 2020-21 വരെ സംസ്ഥാനത്ത് 372 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി. 2021-22 വർഷം 84 കേരഗ്രാമങ്ങൾ പുതുതായി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയതിൽ 36 കേരഗ്രാമങ്ങളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ 2014-15 മുതൽ 2019-20 വരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടിക വർഷം തിരിച്ചു ചുവടെ ചേർക്കുന്നു.

നിയോജകമണ്ഡലം	പഞ്ചായത്ത്	വർഷം
കൂത്തുപറമ്പ	കൂത്തുപറമ്പ	2014-15
ധർമ്മടം	അഞ്ചരക്കണ്ടി	2014-15
കൂത്തുപറമ്പ	കൂത്തുപറമ്പ	2015-16
ധർമ്മടം	അഞ്ചരക്കണ്ടി	2015-16
തളിപ്പറമ്പ്	ചക്കരപ്പടവ്	2015-16

കണ്ണൂർ	മുണ്ടേരി	2016-17
	എളയാവൂർ	2018-19
	ചേലോറ	2019-20
പയ്യന്നൂർ	പയ്യന്നൂർ മുനിസിപ്പാലിറ്റി	2016-17
	കാങ്കോൽ - ആലമ്പടപ്പ	2018-19
മട്ടന്നൂർ	കൂടാളി	2016-17
ധർമ്മടം	പിണറായി	2017-18
	വേങ്ങാട്	2018-19
തളിപ്പറമ്പ്	കുട്ടിയാറ്റൂർ	2017-18
	മയ്യിൽ	2018-19
കല്യാശ്ശേരി	ചെറുകുന്ന്	2017-18
കൂത്തുപറമ്പ്	കൂത്തുപറമ്പ	2017-18
	തൃപ്പങ്ങോട്ടൂർ	2018-19
	പാനൂർ മുനിസിപ്പാലിറ്റി	2019-20
പേരാവൂർ	പായം	2018-19
തലശ്ശേരി	എരഞ്ഞോളി-കതിരൂർ	2018-19
	കതിരൂർ	2019-20

(ഡി) 2020-21 സാമ്പത്തിക വർഷം പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ടോ;

ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2020-21 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പുതിയ കേരഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടില്ല.

<u>യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ പദ്ധതി</u>

31 (1016) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ അറിവ്, പരിശീലനം, പ്രയോഗം, ഫലപ്രദമായ മാർക്കറ്റിംഗ് സംവിധാനം എന്നിവ ആവശ്യം വേണ്ട ഘടകങ്ങളാണ്. ഇതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

ഹൈ-ടെക് അഗ്രിക്കൾച്ചർ പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ

ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉൽപ്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉൽപ്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്.

പച്ചക്കറി കൃഷി വികസന പദ്ധതി - ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രമഫലമായി പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉൽപ്പാദനത്തിനായി മിനി പോളീഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. 10 m^2, 20 m^2 എന്നീ അളവുകളിൽ മിനി പോളിഹൗസുകളിൽ അടുക്കളത്തോട്ടം സ്ഥാപിക്കുന്നതിന് ചെലവിന്റെ 75% സബ്സിഡിയായി പരമാവധി യഥാക്രമം 45,000/- രൂപയും 60,000/- രൂപയും നൽകുന്നതാണ്.

അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും - കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 64 അഗ്രോ സർവ്വീസ് സെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ജൈവ നിയന്ത്രണോപാധികളുടെ ഉൽപ്പാദനം സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽത്തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000/- രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷി വകുപ്പ് മുഖാന്തരം നൽകുന്നതാണ്.

കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ - കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എസ്.എഫ്.എ.സി. മുഖാന്തരം കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകിവരുന്നു. വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധിക വില നേടിയെടുക്കാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തിരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരം സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകിവരുന്നു. പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ

ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള അഞ്ച് പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) രണ്ട് കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ 'ആത്മ' വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്. ഹൈടെക് കൃഷിരീതി, മിനി പോളിഹൗസുകൾ, ഊർജ്ജരഹിത ക്ലൗചേമ്പറുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾ വഴി നൽകിവരുന്നു.

(ബി) കൃഷിയുടെ ആധുനികവത്കരണത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് മുൻ സർക്കാർ നടപ്പിലാക്കിയിരുന്നത്; ഈ സർക്കാർ

എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷിയുടെ ആധുനികവത്കരണത്തിനായി മുൻസർക്കാർ നടപ്പിലാക്കിയ പദ്ധതികളാണ് അഗ്രോ പാർക്ക്, ഇന്റേൺഷിപ്പ് പദ്ധതി, കൃഷി പാഠശാല എന്നിവ.

അഗ്രോപാർക്ക് - കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് അഗ്രോപാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതാണ്. സംരഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

ഇന്റേൺഷിപ് പരിപാടി - വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽത്തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ്പ് പരിപാടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ തയ്യാറെടുക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന കൃഷിക്കാരോട് നേരിട്ടിടപെടുന്ന കൃഷി ഭവനുകളിൽ കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിട്ടിടപെടാനും പഠിക്കാനും പരിശീലനം ലഭിക്കാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.

കൃഷി പാഠശാല - 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ചുതന്നെ നല്ല കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓൺലൈൻ മുഖേന നടത്തുന്ന പരിശീലന പരിപാടികൾ എല്ലാ കർഷകരിലും പ്രത്യേകിച്ച് യുവാക്കളിൽ കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമാണ്. വെബിനാറുകളായി നടത്തുന്ന പരിശീലനങ്ങൾ കൂടുതൽ കൃഷിക്കാർക്ക് ഉപകാരപ്രദമായി തീരുന്നു. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

പുതിയ പദ്ധതികൾ - സ്മാർട്ട് കൃഷിഭവനുകൾ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിക്കുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൃഷി ഭവനുകൾക്ക് ആധുനികമുഖം നൽകിക്കൊണ്ട് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കർഷകർക്ക് വിവിധ സേവനങ്ങൾ ഉടനടി സുതാര്യമായും കാര്യക്ഷമതയോടും കൂടെ നേരിട്ട്

കർഷകരിലേയ്ക്കെത്തിക്കുകയും കർഷകർക്കാവശ്യമായ വിവിധ വിവരങ്ങൾ അവരുടെ വിരൽത്തുമ്പിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷി ഭവനുകൾ. ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഇത്തരം സംവിധാനങ്ങളും കൃഷിയിലെ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള വിവരവും ഓൺലൈൻ വിപണന സംവിധാനങ്ങളും കൂടുതൽ യുവാക്കളെ കൃഷിഭവനുകളിലേക്കെത്തിക്കാനും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും സഹായകരമാവും.

ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം, അഗ്രി-ഓൺലൈൻ പ്ലാറ്റ്ഫോം ഫോർ ഇ-ട്രേഡിങ്ങ് ആൻഡ് ബ്ലോക്ക് ചെയിൻ ഡാറ്റ മാനേജ്മന്റ് സംവിധാനം - ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിളകളുടെ സംഭരണത്തിനും വിപണനത്തിനുമുള്ള സംവിധാനമാണ്. കർഷകരുടെ പക്കൽനിന്നും നേരിട്ട് സംഭരിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച്, മിനിമൽ പ്രോസസ്സിംഗ് നടത്തി നേരിട്ട് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമും സംഭരണ വിതരണ സംവിധാനമാണ് ഇത്. 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്.

സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത്

32 (1017) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ സീസണിൽ നാഷണൽ സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത് ഒരേ ചാക്കിൽത്തന്നെ വ്യത്യസ്ത കാലയളവ് മൂപ്പുള്ള വിത്തായിരുന്നുവെന്നും തന്മൂലം കർഷകർക്ക് കൊയ്ത്തിന് വളരെയേറെ പ്രയാസങ്ങൾ നേരിട്ടുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ സീഡ് കോർപ്പറേഷനിൽനിന്നും വാങ്ങിയ നെൽവിത്തിലാണ് പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. പരാതി ലഭിച്ചതിനെ തുടർന്ന് മണലൂർ മണ്ഡലത്തിലെ അരിമ്പൂർ, തോളൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയിലെ അംഗങ്ങൾ അടങ്ങുന്ന സംയുക്ത സംഘം സ്ഥലപരിശോധന നടത്തുകയും സ്ഥിതി വിലയിരുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച കാർഷിക സർവ്വകലാശാലയിലെ ഗവേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിൻ പ്രകാരം ചില സ്ഥലങ്ങളിൽ പൗർണമി നെൽവിത്തിന്റെ കലർപ്പുമൂലമോ മറ്റ് ചില പാടങ്ങളിൽ കാലാവസ്ഥാ വ്യതിയാനംകൊണ്ട്

വിത്തിനുണ്ടായ സ്വഭാവ വ്യത്യാസംമൂലമോ ആകാം വ്യത്യസ്ത കാലയളവിൽ ഉണ്ടായ കതിരിടൽ എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) ഈ സീസണിൽ ഗ്രണമേന്മയുള്ള മൂപ്പ് കുറഞ്ഞ നെൽവിത്തുകൾ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ പാടശേഖര സമിതികൾ/വ്യക്തിഗത കർഷകർ എന്നിവർ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്നു. ആയത്, സംസ്ഥാന വിത്തു പരിശോധനാ ലാബിൽ പരിശോധന നടത്തി ഗ്രണമേന്മ ഉറപ്പ് വരുത്തിയ ശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ അന്തിമാനുമതിക്ക് വിധേയമായി കർഷകരിൽ നിന്നും സംഭരിച്ച് വിതരണം നടത്തിവരുന്നുണ്ട്. മൂപ്പ് കുറഞ്ഞ ഇനം നെൽവിത്തുകളായ ജ്യോതി, ശ്രേയസ് എന്നീ ഇനം നെൽവിത്തുകൾ കൃഷിഭവനുകളുടെ ആവശ്യാനുസരണം സീഡ് അതോറിറ്റി വിതരണം ചെയ്തു വരുന്നുണ്ട്. സീഡ് അതോറിറ്റിയിൽ ലഭ്യമല്ലാത്ത വിത്തിനങ്ങൾ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾ, കേരള കാർഷിക സർവകലാശാല, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ,

ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് ശേഖരിച്ച് സംസ്ഥാനത്ത് വിതരണം ചെയ്തവരുന്നുണ്ട്.

കാർഷിക മേഖലയുടെ അഭിവൃദ്ധി

33 (1018) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അഭിവൃദ്ധിയുടെ ഭാഗമായി സംസ്ഥാനത്ത് മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉല്പാദന മേഖലയെ സാരമായി ബാധിക്കുന്ന ഇത്തരം ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും നടത്താൻ നടപടികൾ ഉണ്ടാകുമോ?

മണ്ണ് പരിശോധനയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷി ഭവനുകൾ മുഖേന മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകി, ആയതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നു. വളങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് നടത്തുന്ന ഇത്തരം ഇടപെടലുകൾ എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പരിധിയിൽ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

ഹരിതം ഹരിപ്പാട് പദ്ധതി

34 (1019) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് കാർഷിക വികസന പദ്ധതിയുടെ ഭാഗമായി ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ആർ.കെ.വി.വൈ. 2019-20 ഹരിതം ഹരിപ്പാട് പ്രോജക്ടിൽ ഉൾപ്പെടുത്തി ഹരിപ്പാട് മുനിസിപ്പാലിറ്റി, പള്ളിപ്പാട്, ചെറുതന, കരുവാറ്റ പഞ്ചായത്തുകളിലായി 496.91 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിരുന്നത്. ഇതിൽ തോട് ആഴം കൂട്ടൽ - 23885 മീറ്റർ, കരിങ്കൽ ഭിത്തി സംരക്ഷണം ഉയരം കൂട്ടൽ - 2050 മീറ്റർ, റാമ്പുകൾ - 37 എണ്ണം, എഞ്ചിൻ റൂം - 1, എഞ്ചിൻ ഷെഡ് - 22 എണ്ണം, കൾവർട്ട് - 16, പൈപ്പ് കൾവർട്ട് -2 , സ്ലൂയിസുകൾ - 4, പെട്ടി-പറ മോട്ടോർ - 4 എണ്ണം, മോട്ടോർ - 3 എണ്ണം എന്നിവ ഉൾപ്പെട്ടിരുന്നു. ഹരിപ്പാട് മുനിസിപ്പാലിറ്റി, പള്ളിപ്പാട്, ചെറുതന പഞ്ചായത്തുകളിലെ നിർമ്മാണ

പ്രവർത്തനങ്ങൾ പുരോഗതിയിലായിരുന്നു. മഴമൂലം ജലനിരപ്പ് ഉയർന്നതു കൊണ്ട് താൽക്കാലികമായി 12.07.2021 മുതൽ നിർത്തിവയ്ക്കപ്പെട്ടിരിക്കുകയാണ്. ക്രമീകരിച്ചിരിക്കുന്ന പ്രവൃത്തികൾക്ക് നാളിതുവരെ 37% പുരോഗതി കൈവരിച്ചിട്ടുണ്ട്. ജലനിരപ്പ് താഴ്ന്ന മുറയ്ക്ക് പ്രവർത്തികൾ പുനരാരംഭിക്കുന്നതാണ്.

(ബി) ഏതെല്ലാം പദ്ധതികൾ ഇനി ടെണ്ടർ ചെയ്യാനുണ്ടെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

കരുവാറ്റ പഞ്ചായത്തിലെ പദ്ധതികൾ ഇനി ടെണ്ടർ ചെയ്യാനുണ്ട്. കരുവാറ്റ പഞ്ചായത്തിലെ പ്രവൃത്തികൾക്ക് റിവിഷൻ ആവശ്യമായി വരികയും റീകാസ്റ്റ് എസ്റ്റിമേറ്റ് തയാറാക്കിയത് സർക്കാരിന്റെ ആർ.കെ.വി.വൈ. പദ്ധതിയിൽ പരിഗണനയിലുമാണ്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പള്ളിപ്പാട് പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കായി ആർ.കെ.വി.വൈ. 2021-22 സ്കീമിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിവരുന്നു.

പച്ചക്കറി ഉത്പ്പാദനത്തിൽ സ്വയംപര്യാപ്തത

35 (1020) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻവേണ്ട ബോധ വൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന

കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം

2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

3. ജില്ലാ ക്ലസ്റ്റർ വികസനം

4. ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം

5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും

7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

8. നഴ്സറികൾ സ്ഥാപിക്കൽ

9.ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

10. മഴമറ നിർമ്മാണം

11. സേഫ്-ടു-ഈറ്റ്

12. സുഭിക്ഷ കേരളം പദ്ധതി

13. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം

(ബി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകിയത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുക. നിലവിൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് പഴം, പച്ചക്കറി കൃഷി 1,405 ക്ലസ്റ്ററുകൾ മുഖേന 35,125 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് അധിക ധനസഹായമായി സംസ്ഥാന സർക്കാർ പദ്ധതിയിൽ 1,000 ഹെക്ടറിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്"എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഒരു ഇക്കോഷോപ്പ് സജ്ജമാക്കുന്നതിന് അഞ്ച് ലക്ഷം രൂപ അനുവദിച്ചിരുന്നു. നിലവിൽ ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും

പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും'പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലശാലയും കൃഷി വകുപ്പും സംയുക്തമായി സുരക്ഷിത ഭക്ഷ്യ ഉല്പാദനത്തിന്റെ ഭാഗമായി കാർഷിക സർവ്വകലശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ ഇക്കോഷോപ്പുകളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വിഷാംശത്തിന്റെ തോത് പരിശോധിച്ച് പരിശോധനാഫലം മൂന്ന് മാസത്തിലൊരിക്കൽ കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന

(പി.കെ.വി.വൈ.)പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിൽ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നുവർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു 12,480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നു. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കിവരുന്നു. പൂർണ്ണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളാണ് (84,000 ഹെക്ടർ) ടി പദ്ധതി വഴി

നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4,455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും.

പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

36 (1021) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻവേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
3. ജില്ലാ ക്ലസ്റ്റർ വികസനം
4. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം.
5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം
8. നഴ്സറികൾ സ്ഥാപിക്കൽ
9. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ
10. മഴമറ നിർമ്മാണം
11. സേഫ്-ടു-ഈറ്റ്
12. സുഭിക്ഷ കേരളം പദ്ധതി
13. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം.

(ബി) പച്ചക്കറി ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള വലിയ അന്തരം ഒഴിവാക്കുന്നതിനായി പ്രത്യേക കർമ്മ പദ്ധതികൾ തയ്യാറാക്കി പ്രാവർത്തികമാക്കാൻ സർക്കാർ തയ്യാറാകുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി ഓണക്കാല വിഷരഹിത പച്ചക്കറികൾ വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ഘടകം നടപ്പിലാക്കിവരുന്നു. ഇതിൽ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 150 ലക്ഷം പച്ചക്കറി തൈകളും കർഷകർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ, മാധ്യമങ്ങൾ എന്നിവർക്കായി സൗജന്യമായി വിതരണം ചെയ്യുന്നു. ഇത് കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക പരിഗണനയിലുള്ള (പ്രയോരിറ്റി പ്രോഗ്രം) പദ്ധതികളിൽ ഉൾപ്പെടുത്തി മഴമറയിലെ പച്ചക്കറി കൃഷിക്ക് പ്രധാന്യം നൽകുന്നു. ഇതുവഴി വർഷത്തിലുടനീളം പച്ചക്കറി കൃഷി നടപ്പിലാക്കാൻ സാധിക്കുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി പച്ചക്കറി വികസന പദ്ധതിയിൽ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 625 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) കാർഷിക കർമ്മസേനകളുടെ സഹായത്തോടെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർബന്ധമാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ തയ്യാറാവുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം

37 (1022) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-12 , 2016-17, 2020-21 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ വീതം ആയിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2011-12 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 5.87 ലക്ഷം മെട്രിക് ടണ്ണും 2016-17 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണും, 2020-21 വർഷത്തിൽ 15.7 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു.

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും

38 (1023) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെട്ട് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ എല്ലാ കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ഓരോ മാസത്തിലും ക്രമമായി സന്ദർശിച്ച് നിരോധിത ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിരോധിത കീടനാശിനികൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിരോധിത കീടനാശിനികൾ കൈവശം വയ്ക്കുന്ന സ്റ്റോക്ക് പിടിച്ചെടുക്കുകയും ഡിപ്പോ പൂട്ടി മുദ്രവയ്ക്കുകയും, ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിരോധിത കീടനാശിനികൾ സംബന്ധിച്ച് വ്യാപകമായ ബോധവത്കരണം യഥാസമയം കർഷകർക്ക് നൽകിവരുന്നു. വ്യാജ

ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷിഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുന്നതിന് കർഷകർക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ജില്ലാ തലത്തിൽ അസിസ്റ്റന്റ് ഡയറക്ടർ (QC) മാരും ഡിപ്പോകൾ തുടർച്ചയായി സന്ദർശിച്ച് ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ട്. എൻഡോസൾഫാൻ കീടനാശിനികളുടെ അനധികൃത കടത്ത്, സംഭരണം, ഉപയോഗം എന്നിവ തടയുന്നതിന് ജില്ലാതലത്തിൽ 23/05/2011-ൽ രൂപീകരിച്ചിട്ടുള്ള മൾട്ടി ഡിസിപ്ലിനറി സ്ക്വാഡിന്റെ പ്രവർത്തനം മറ്റ് നിരോധിത കീടനാശിനികളുടെ നിയന്ത്രണത്തിനുകൂടി ബാധകമാക്കി ക്കൊണ്ട് GO (Ms) 61/2021/Agri, 28/06/2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിരോധിത കീടനാശിനികൾ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്തിലേക്ക് കടത്തിക്കൊകൊണ്ടുവരുന്നത് തടയുന്നതിനായി പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവർക്ക് കൂടി നിരോധിച്ച കീടനാശിനികളുടെ പട്ടിക കൈമാറുകയും ഫലപ്രദമായ എൻഫോഴ്സ്മെന്റ് നടപടികൾ ഏകോപിപ്പിക്കാൻ ടി വകുപ്പുകളുടെ ജില്ലാതല മേധാവികളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാനായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

നെല്ലുൽപ്പാദനരംഗത്തെ വർദ്ധനവ്

39 (1024) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുൽപ്പാദനം കഴിഞ്ഞ വർഷങ്ങളിൽ വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

നെല്ലിന്റെ ഉത്പാദനത്തിൽ വർദ്ധനവ് കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി 2017-18 വർഷത്തിൽ 5,21,310 ടൺ നെല്ല് ഉത്പാദിപ്പിച്ചിരുന്നത് 2019-20 വർഷത്തിൽ 6,05,541 ടൺ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ പത്ത് വർഷങ്ങളിലെ നെല്ലുൽപ്പാദനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ പത്ത് വർഷത്തെ നെല്ലിന്റെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നെല്ലുസംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് സംഭരിക്കുന്ന നെല്ലിന് കർഷകന് നൽകുന്നത്?

സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. സംഭരണം അവസാനിച്ച 2020-21 സീസണിൽ ഒരു കിലോഗ്രാം നെല്ലിന് 27.48 രൂപ നിരക്കിൽ നൽകിയാണ് നെല്ല് സംഭരിച്ചത്. അടുത്ത സീസൺ മുതൽ സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി., കിലോ ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച്, ആകെ 28 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതാണ്.

(ഡി) എന്നുവരെയുള്ള, സംഭരിച്ച നെല്ലിന് വില നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സപ്ലൈകോ വഴി നെല്ല് സംഭരിച്ച ഇനത്തിൽ 2021 മേയ് മാസംവരെ സംഭരിച്ച നെല്ലിന്റെ വില നൽകിയിട്ടുണ്ട്. സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ 22.07.2021 വരെയുള്ള കണക്ക് പ്രകാരം കർഷകർക്ക് നൽകാൻ 82.94 കോടി രൂപ കുടിശ്ശികയുണ്ട്. ആയത് പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) വായ്പാപദ്ധതി പ്രകാരം നൽകിവരുന്നു. പി.ആർ.എസ്. വായ്പ പദ്ധതിക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി

സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് സപ്ലൈകോ പേ ഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയും ചെയ്യുന്നു. ലോൺ കാലാവധി തീരുന്ന മുറയ്ക്ക് ബാങ്കിൽനിന്നും ക്ലെയിം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ലോൺ തുകയും അതിന്റെ പലിശയും ബാങ്കിന് നൽകും. ടി പദ്ധതി പ്രകാരം സമയബന്ധിതമായി കർഷകർക്ക് സംഭരണ വില ലഭിക്കുന്നുണ്ട്.

സുസ്ഥിര നെൽകൃഷി വികസന പദ്ധതി

40 (1025) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

നെൽകൃഷി വികസന പദ്ധതിയിൽ ഈ വർഷം 11,614 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിലൂടെ നെൽകൃഷിയുടെ വിവിധ ഉല്പാദനോപാധികൾക്കുള്ള

ധനസഹായമായി ഹെക്ടറിന് 5,500/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകിവരുന്നു. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്കായി നടപ്പുവർഷം 8,584.84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഏത്ര സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവർക്കാണ് ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഗ്രൂപ്പടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് സമഗ്ര നെൽക്കൃഷി വികസനപദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുള്ളത്. പാടശേഖര സമിതി മുഖാന്തരം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആനുകൂല്യത്തിന് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് പ്രത്യേക നിബന്ധനയില്ല.

(സി) നെൽകർഷകർക്ക് നൽകുന്ന ഈ ധനസഹായം വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. സുസ്ഥിര വികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് നൽകുന്ന ധനസഹായ തുകയിൽ യാതൊരു കുറവും വരുത്താതെയാണ് പദ്ധതി ഈ വർഷവും നടപ്പാക്കുന്നത്. 2021-22 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസനത്തിന് മാത്രമായി ഹെക്ടറിന് 5,500/- രൂപ പ്രകാരം 8,584.84 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഷൊർണ്ണൂർ മണ്ഡലത്തിലെ നെൽകൃഷി

41 (1026) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷിയുണ്ടെന്ന വിവരം നൽകാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ 869 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു.

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്; ഇവയുടെ കണക്ക് നൽകാമോ?

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ വഴി ആനുകൂല്യം നൽകിവരുന്നുണ്ട്. കൂടാതെ കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരണം നടത്തിവരുന്നു. നെൽകൃഷി വികസന പദ്ധതിയിലെ ഘടകമായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5,500 രൂപയും രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഹെക്ടറിന് 3,000 രൂപയും

ഉഴവുകൂലിയായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 17,000/- രൂപയും ഉൽപ്പാദന ബോണസ് ഇനത്തിൽ ഹെക്ടറൊന്നിന് 1,000/- രൂപയും ഓരോ വിളകൾക്കും സബ്സിഡി നൽകി വരുന്നുണ്ട്.

(സി) മണ്ഡലത്തിലെ നെൽകൃഷി നാശത്തെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷം വിരിപ്പ് സീസണിൽ 2.4 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയ്ക്ക് നാശം സംഭവിച്ചിട്ടുണ്ട്.

നല്ല ഇനം നെൽ വിത്തുകൾ നല്കാൻ നടപടി

42 (1027) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക്, പ്രത്യേകിച്ച് കുട്ടനാട്ടിലെ കൃഷിക്കാർക്ക് നല്ലയിനം നെൽവിത്ത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നെൽകൃഷിക്ക് ആവശ്യമായുള്ള വിത്ത് വിതരണം മുഖ്യമായി നടത്തുന്നത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയാണ്. അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ

പാടശേഖര സമിതികൾ/വ്യക്തിഗത കർഷകർ എന്നിവർ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്നു. ആയത് സംസ്ഥാന വിത്തുപരിശോധനാ ലാബിൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പ് വരുത്തിയശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ അന്തിമാനുമതിക്ക് വിധേയമായി കർഷകരിൽനിന്നും സംഭരിച്ച് വിതരണം നടത്തിവരുന്നു. ഇതിനുപുറമെ അംഗീകൃത ഏജൻസികളായ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ, സർക്കാർ ഫാമുകൾ, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിൽനിന്നുമുള്ള നെൽവിത്തും കർഷകർക്ക് നൽകിവരുന്നുണ്ട്.

(ബി) അങ്ങനെ നൽകുന്ന നെൽവിത്തുകൾ ഗുണമേന്മ ഏറിയതും നല്ല വിളവ് നൽകുന്നതുമായിരിക്കാൻ പ്രത്യേക ശ്രദ്ധ ഉണ്ടാകുമോ?

രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന നെൽവിത്ത് സീഡ് ആക്ട് 1966-ലെ നിർദ്ദേശങ്ങൾ പാലിച്ച് ഗുണമേന്മയും നല്ല വിളവും ഉറപ്പുവരുത്തിയാണ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവരുന്നത്.

(സി) നെൽവിത്ത് കർഷർക്ക് സ്വന്തമായി ഉത്പാദിപ്പിക്കാൻ പ്രത്യേക അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാടശേഖര സമിതികൾ/വ്യക്തിഗത കർഷകർ എന്നിവർ നിലവിൽ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം സർട്ടിഫൈഡ് നെൽവിത്തുൽപ്പാദനം നടത്തിവരുന്നുണ്ട്. സർട്ടിഫൈഡ് നെൽവിത്തുൽപ്പാദനം നടത്തിവരുന്ന കർഷകർക്ക് ആവശ്യമായ എഫ്.എസ്.2 അടിസ്ഥാന നെൽവിത്ത് പൂർണ്ണമായും സൗജന്യമായിട്ടാണ് നൽകിവരുന്നത്. കർഷകർക്ക് സ്വന്തമായി നെൽവിത്തുൽപ്പാദനം നടത്തി സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നതിന് സീഡ് സർട്ടിഫിക്കേഷൻ നടപടികൾ ആവശ്യമില്ല. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിൽ അംഗംങ്ങളായി ചേർന്ന് നെൽവിത്തുൽപ്പാദനം നടത്തുന്ന കർഷകന് പരമാവധി 2 ഹെക്ടർ വരെ കൃഷിചെയ്യാൻ സാധിക്കും.

നെൽകർഷകരിൽനിന്നുള്ള നെല്ല് സംഭരണം

43 (1028) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരിൽനിന്നും സർക്കാർ നെല്ല് സംഭരണം നടത്താൻ തുടങ്ങിയത് എന്നുമുതലാണ്; ഇപ്പോൾ ഒരു കിലോ നെല്ലിന് എന്ത് വില

നൽകിയാണ് സംഭരണം നടത്തുന്നത്; ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

നെൽകർഷകരിൽനിന്നും വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം സപ്ലൈകോ വഴി നെല്ല് സംഭരണം നടത്താൻ തുടങ്ങിയത് 2004-05 സീസൺ മുതലാണ്. ഇപ്പോൾ ഒരു കി.ഗ്രാം നെല്ലിന് 27.48 രൂപ നിരക്കിൽ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. അടുത്ത സീസൺ മുതൽ സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. കിലോ ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് 28 രൂപ നിരക്കിൽ സംഭരിക്കുന്നതാണ്. നെല്ല് സംഭരണത്തിനുള്ള ഏജൻസിയായി നിലവിൽ സപ്ലൈകോയെയാണ് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) പാലക്കാടിനെ അപേക്ഷിച്ച് മണ്ണിന് നനവ് കൂട്ടനാടൻ മേഖലയിൽ കൂടുതൽ ഉള്ളതിനാൽ ഇവിടെനിന്നും സംഭരിക്കുന്ന നെല്ലിന് നനവ് കൂടുതൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നെല്ലിന്റെ നനവിന്റെ മറയിൽ സ്വകാര്യ മില്ലുടമകൾ കൂട്ടനാടൻ മേഖലയിലെ കർഷകരുടെ നെല്ലിന് കുറവ് വില നൽകി ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) മണ്ണിന്റെ പ്രത്യേകത കണക്കിലെടുത്തുള്ള ഈ ചൂഷണത്തിൽ നിന്നും കുട്ടനാടൻ മേഖലയിലെ നെൽകർഷകരെ സംരക്ഷിക്കുംവിധം നെല്ല് സംഭരണത്തിൽ കുട്ടനാട് മേഖലയ്ക്ക് പ്രത്യേക പാക്കേജ് നൽകാൻ നടപടി സ്വീകരിക്കുമോ?

സപ്ലൈകോ വഴി കുട്ടനാടൻ മേഖലയിൽനിന്ന് സംഭരിക്കുന്ന നെല്ല് സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വില നൽകിയാണ് ഏറ്റെടുക്കുന്നത്. കേന്ദ്രസർക്കാർ ഗുണമേന്മ മാനദണ്ഡ പ്രകാരം നെല്ലിന്റെ നനവ് 17%ൽ അധികരിക്കാൻ പാടില്ല. ഇത്തരത്തിൽ നനവ്/ഈർപ്പം കൂടുതലുള്ള നെല്ല് ഉണങ്ങി നിശ്ചിത ഗുണനിലവാര പരിധിക്കുള്ളിലായ ശേഷമാണ് സംഭരിക്കുന്നത്.

കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷിയുടെ വിശദാംശങ്ങൾ

44 (1029) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷമായി എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നത്; വർഷം തിരിച്ച് വ്യക്തമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള

കണക്കുകൾപ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷി സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	വിസ്തൃതി (ഹെക്ടർ)
2016-17	171398
2017-18	194235
2018-19	202907
2019-20	198180
2020-21	200809

(ബി) ഓരോ വർഷവും നെല്ല് സംഭരണം നടത്തിയതിന്റെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ സപ്ലൈകോ വഴി സംഭരിച്ച നെല്ലിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	നെല്ലിന്റെ അളവ് (ലക്ഷം മെട്രിക് ടണ്ണിൽ)
2016	5.86
2017	4.3
2018	4.34
2019	7.75
2020	7.14
2021 ജൂൺ 30 വരെ	5.94

(സി) പൊതു - സഹകരണ മേഖലയിൽ എത്ര റൈസ് മില്ലുകൾ വീതമാണുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒരു മില്ലും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു മില്ലും ഉൾപ്പെടെ ആകെ 2 മില്ലുകളാണ് പൊതുസഹകരണ മേഖലയിൽ നിന്ന് സപ്ലൈകോയുമായി കരാർ ഒപ്പ് വച്ചിട്ടുള്ളത്.

(ഡി) സ്വകാര്യ മില്ലുകളെ മാത്രമാശ്രയിച്ച് നെല്ല് സംഭരണം നടത്തുന്നതുമൂലം നെൽകർഷകർ ചൂഷണത്തിന് ഇരയാകുകയും ന്യായമായ വില കിട്ടാതെ പോകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാര മാനദണ്ഡം അടിസ്ഥാനമാക്കി പൂർണ്ണമായും സപ്ലൈകോയുടെ മേൽനോട്ടത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ മില്ലുകൾ നെല്ല് സംഭരിക്കുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ബുദ്ധിമുട്ടുകളില്ലാതെതന്നെ നിലവിൽ സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിക്കുന്ന നെല്ലിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വില കൃത്യമായിതന്നെ നൽകി വരുന്നുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഓരോ മേഖലകളിലും പാഡി മാർക്കറ്റിംഗ് ഓഫീസറെ (പി.എം.ഒ.) നിയോഗിച്ചിട്ടുണ്ട്. നെല്ല് സംഭരണ

പ്രക്രിയയിൽ കർഷകന് സർക്കാർ നിശ്ചയിച്ച ന്യായമായ വില കിട്ടാത്ത അഥവാ അതിൽ കുറവ് കിട്ടുന്ന സ്ഥിതി നാളിതുവരെ ഉണ്ടായിട്ടില്ല.

(ഇ) ഇതിന് പരിഹാരമെന്നോണം ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സർക്കാർ ഉടമസ്ഥതയിലുള്ള റൈസ് മില്ലിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

തകഴി മോഡേൺ റൈസ് മില്ലിന് 1999-ൽ ഭരണാനുമതി ലഭിക്കുകയും 2000-ൽ ശിലാസ്ഥാപനം നടത്തുകയുംചെയ്തു. സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഒരേക്കർ 62 സെന്റ് സ്ഥലത്താണ് റൈസ് മില്ല് സ്ഥാപിച്ചിരിക്കുന്നത്. സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനാണ് മില്ല് സ്ഥാപിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചത്. കൃഷി വകുപ്പ് സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് തകഴി, ആലത്തൂർ എന്നീ സ്ഥലങ്ങളിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് 25 ലക്ഷം ഷെയർ ക്യാപിറ്റൽ ഉൾപ്പെടെ നൽകിയ 3.76 കോടി രൂപയിൽ തകഴി മോഡേൺ റൈസ് മില്ലിനായി 58.08 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. മില്ലിനായി കെട്ടിടത്തിന്റെ പണി 2002-ൽ പൂർത്തിയാക്കിയെങ്കിലും മറ്റു പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടായില്ല.

(എഫ്) ഇത് പരിഹരിച്ച് റൈസ് മില്ല് സ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

റൈസ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഇനിയും 500 ലക്ഷം രൂപ ആവശ്യമാണെന്ന് വെയർഹൗസിംഗ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

നെൽകൃഷി വികസന പദ്ധതി

45(1030) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയകൃഷി വികാസ് യോജനയുടെ ഭാഗമായ പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (RKVY) ഭാഗമായ പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 വർഷങ്ങളിൽ കർഷകർക്ക് നെൽകൃഷിക്കുവേണ്ട വിവിധ ഉത്പാദനോപാധികൾക്കുള്ള ധനസഹായമായി ഹെക്ടറിന് 4,500 രൂപയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത ധനസഹായ

ത്തിന്റെ ഇനംതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അത്യുൽപാദനശേഷിയുള്ള നെൽവിത്ത് വിതരണം: 100%സബ്സിഡിയായ കിലോയ്ക്ക് 10 രൂപ നിരക്കിൽ ഹെക്ടറിന് പരമാവധി 1,000 രൂപ.

2) സൂക്ഷ്മ മൂലകങ്ങളുടെ വിതരണം: ഹെക്ടറിന് പരമാവധി 500 രൂപ

3) കുമ്മായം/ഡോളോമൈറ്റ് വിതരണം: ഹെക്ടറിന് പരമാവധി 1,000 രൂപ

4) സംയോജിത രോഗ കീട നിയന്ത്രണം: ഹെക്ടറിന് പരമാവധി 500 രൂപ

5) യന്ത്രവത്കരണം (Custom Hiring Centre മുഖേന): ഹെക്ടറിന് പരമാവധി 1,500 രൂപ.

കൂടാതെ മൂല്യവർദ്ധനവിനായി മിനി റൈസ് മിൽ, സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നുണ്ട്.

1) മിനി റൈസ് മിൽ: 50% സബ്സിഡി പരമാവധി 15,000 രൂപ/ യൂണിറ്റ്

2) പ്രോസസിങ് യൂണിറ്റ്: പരമാവധി 1,00,000 രൂപ/ യൂണിറ്റ്. 2021-

22 വർഷത്തിൽ പദ്ധതി നടത്തിപ്പിനായുള്ള 4,100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നെൽകൃഷി വികസന പദ്ധതിയിലൂടെ സുസ്ഥിര നെൽകൃഷി വികസനത്തിനായി കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഗ്രൂപ്പടിസ്ഥാനത്തിലുള്ള നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുള്ളത്. നെൽകൃഷിയിൽ ഉത്പാദനച്ചെലവ് കുറയ്ക്കുന്നതോടൊപ്പം ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനാണ് ഇതുകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. പാടശേഖര സമിതികൾ മുഖാന്തരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്കാണ് ആനുകൂല്യം നൽകുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ 15,60,727 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനത്തിന് 8,584.84 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുണമേന്മയുള്ള വിത്ത്, ജൈവ വളങ്ങൾ, ജൈവ രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ മുതലായ നെൽ കൃഷിക്കുള്ള വിവിധ ഉത്പാദനോപാധികൾക്ക് ഹെക്ടറിന് 5,500 രൂപ പ്രകാരമാണ് ആനുകൂല്യം നൽകുന്നത്.

(സി) നെല്ല് സംഭരിച്ച വകയിൽ നിലവിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക നൽകുന്നതിന് സ്വീകരിക്കുന്ന നടപടി എന്താണെന്നും അറിയിക്കുമോ?

സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ 22-07-2021 വരെയുള്ള കണക്ക് പ്രകാരം കർഷകർക്ക് നൽകാൻ 82.93 കോടി രൂപ കുടിശ്ശികയുണ്ട്. ആയത് പി.ആർ.എസ്. (പാഡി രസീത് ഷീറ്റ്) വായ്പാപദ്ധതി പ്രകാരം നൽകിവരുന്നു. പി.ആർ.എസ്. വായ്പ പദ്ധതിക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് സപ്ലൈകോ പേഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയുംചെയ്യുന്നു. ലോൺ കാലാവധി തീരുന്ന മുറയ്ക്ക് ബാങ്കിൽനിന്നും ക്ലെയിം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ലോൺ തുകയും അതിന്റെ പലിശയും ബാങ്കിന് നൽകും. ടി പദ്ധതി പ്രകാരം സമയബന്ധിതമായി കർഷകർക്ക് സംഭരണ വില ലഭിക്കുന്നുണ്ട്.

കേര ഗ്രാമം പദ്ധതി

46(1031) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സമഗ്ര നാളികേര കൃഷി വികസനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. തേങ്ങയുടെ ഉത്പാദനവും തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേര വികസന പദ്ധതികൾക്കായി 7,547 ലക്ഷം രൂപ 2021-22 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന

സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം നടപ്പിലാക്കാനായി 4,856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃക ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണംചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി കേരകേരളം സമൃദ്ധ കേരളം എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1,014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ

വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1,359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശില്പശാലയും 2016 മുതൽ തുടർച്ചയായി കൃഷി വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖാന്തരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരഗ്രാമം പദ്ധതിയിലൂടെ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കൂഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യംവന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാസാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50

ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ - 24 .5 ലക്ഷം) ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h)ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(i) രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1,000 രൂപ/തെങ്ങ്

(j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

(k) ഇടവിള കൃഷി - 6,000 രൂപ/ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000/- രൂപ നിരക്കിൽ വിതരണം.

4. 8 ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനികയർനിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ.

6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000/- രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(സി) കേര ഗ്രാമം പദ്ധതിയിൽ തിരുർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ?

തിരുർ നിയോജകമണ്ഡലത്തിലെ വെട്ടം, തലക്കാട്, തിരുനാവായ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളിലും ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.[+] തെങ്ങു കൃഷി മുഖ്യമായിട്ടുള്ളതും ചേർന്നു കിടക്കുന്ന 250 ഹെക്ടർപ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻവർഷങ്ങളിൽ കേരഗ്രാമം നടപ്പാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയുമാണ് ഇതിനായി മുൻഗണന നൽകി തെരഞ്ഞെടുത്തുവരുന്നത്.

(ഡി) നാളികേര സംഭരണത്തിലൂടെ സംസ്ഥാനത്ത് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ; കുടിശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരളത്തിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖാന്തരമാണ് നടത്തിവരുന്നത്. നാളികേര സംഭരണത്തിലെ ഭാഗമായി കർഷകർക്ക് കൂടിശ്ശിക ഒന്നും നൽകാനില്ല.

(ഇ) നാളികേരത്തിന്റെ താങ്ങുവിലയും നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുകയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

നാളികേരത്തിന്റെ താങ്ങുവില കിലോയ്ക്ക് 27 രൂപ നൽകിയിരുന്നത് 01-04-2021 മുതൽ കിലോയ്ക്ക് 32 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെ വില താങ്ങുവിലയേക്കാളും താഴുന്ന സാഹചര്യമുള്ള ജില്ലകളിൽ കേരഫെഡ് വഴി പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് കായ്ഫലമുള്ള തെങ്ങ് ഒന്നിന് 700 രൂപയും കായ്ഫലമില്ലാത്ത തെങ്ങ് ഒന്നിന് 350 രൂപയും ഒരു വർഷം വരെ പ്രായമുള്ള തെങ്ങിൻ തൈകൾക്ക് 100 രൂപയുമാണ് പ്രകൃതി ക്ഷോഭ ദുരിതാശ്വസമായി നഷ്ടപരിഹാരം അനുവദിക്കുന്നത്. ഇതിന് പുറമേ സംസ്ഥാനവിള ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത ഒരു തെങ്ങിന് 2,000 രൂപ നഷ്ടപരിഹാര തുക നൽകിവരുന്നു. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(എഫ്) 2018-2019, 2019-2020-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നാളികേര കൃഷി ചെയ്യുന്നതെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തെ തെങ്ങുകൃഷിയുടെ വിസ്തീർണ്ണം 2018-19-ൽ 7,60,947 ഹെക്ടറും 2019-20 ൽ 7,60,776 ഹെക്ടറുമാണ്. ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.+

തെങ്ങിൻ തൈകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി

47(1032) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല വിളയായ തെങ്ങിന്റെ നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ നഴ്സറികളും അവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നു എന്ന് പരിശോധിക്കുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ?

കൃഷി വകുപ്പ് ഫാമുകളിലും മറ്റു സർക്കാർ സ്ഥാപനങ്ങളിലും സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഗുണമേന്മ ഉറപ്പു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വരുത്തിയാണ് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നത്. വിത്തുതേങ്ങാ സംഭരണത്തിനുള്ള മാതൃവൃക്ഷം തെരെഞ്ഞെടുക്കുന്നതു മുതൽ തൈകൾ വിതരണത്തിന് തയ്യാറാകുന്നതുവരെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നു. കൃഷി വകുപ്പ് കോക്കനട്ട് മാന്വൽ, കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസസ്, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സർക്കാർ സ്ഥാപനങ്ങളിൽ തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നത്. കൃഷി വകുപ്പിനുകീഴിലുള്ള വിത്തുതേങ്ങ സംഭരണ യൂണിറ്റുകളായ സീഡ് ഡെവലപ്പ്മെന്റ് യൂണിറ്റ്, വടകര (കോഴിക്കോട് ജില്ല), സീഡ് ഡെവലപ്പ്മെന്റ് യൂണിറ്റ്, ചാവക്കാട് (തൃശ്ശൂർ ജില്ല), ടി x ഡി പോളിനേഷൻ യൂണിറ്റ്, ചാലോട് (കണ്ണൂർ ജില്ല) എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽനിന്നുള്ള തെരെഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽനിന്നും മാനദണ്ഡങ്ങൾക്കനുസൃതമായി വിത്തുതേങ്ങ ശേഖരിക്കുകയും കൃഷി വകുപ്പ് ഫാമുകളിൽ പാകി പല തലത്തിലുള്ള സ്ക്രീനിംഗ് നടപടികൾ പൂർത്തിയാക്കിയശേഷം ഗുണമേന്മയുള്ളവ മാത്രം തെരഞ്ഞെടുത്ത്

വിതരണത്തിനായി തയ്യാറാക്കുകയും ചെയ്യുന്നു. നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം കൃഷിഭവൻ മുഖേന നൽകുന്ന തൈകൾ ടാഗ് ചെയ്താണ് നൽകുന്നത്. ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിലാണ് തൈ ഉല്പാദനത്തിനാവശ്യമായ വിത്തുതേങ്ങാ സംഭരണ പ്രവർത്തനങ്ങളും സങ്കരയിനം വിത്തുതേങ്ങ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സങ്കരണ പ്രവർത്തനങ്ങളും നടത്തുന്നത്. കർഷകരുടെ കൃഷിയിടങ്ങളിലുള്ള അത്യുത്പാദന ശേഷിയുള്ളതും കൃത്യമായി കായ്ഫലം നൽകുന്നതും 20-50 വർഷം പ്രായമുള്ളതും കരുത്തുറ്റ ഓലകളുള്ളതും 80 തേങ്ങയിൽ കുറയാതെ നൽകുന്നതും ഓരോ തേങ്ങയിൽ നിന്നും 150 ഗ്രാമിൽ കുറയാതെ കൊപ്ര ലഭിയ്ക്കുന്നതും മീഡിയം വലുപ്പമുള്ള തേങ്ങ നൽകുന്നതുമായ ഉത്തമമായ മാതൃസസ്യങ്ങൾ മാത്രം തെരെഞ്ഞെടുത്ത് പെയിന്റ് ചെയ്ത് അടയാളപ്പെടുത്തുകയും അത്തരം മാതൃവൃക്ഷങ്ങളിൽനിന്നും കയർ കെട്ടിയിറക്കി വിളവെടുക്കുന്ന തേങ്ങകളിൽ സാങ്കേതിക ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നല്ലതുമാത്രം തെരഞ്ഞെടുത്ത് സീൽ ചെയ്യുന്നു. ഇപ്രകാരം സീൽ ചെയ്ത വിത്തുതേങ്ങ കൃഷിവകുപ്പിനുകീഴിലുള്ള വിവിധ ഫാമുകളിൽ പാകി തൈകളാക്കുന്നതിന് നൽകുന്നു. കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുള്ള കോക്കനട്ട് നഴ്സറി മാന്വലിൽ നിഷ്കർഷിച്ചിരുന്ന തരത്തിലാണ് ഫാമുകളിൽ

നഴ്സറി തയ്യാറാക്കി തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നത്. പാകിയ വിത്തുതേങ്ങകളിൽ ആറ് മാസമായിട്ടും മുളക്കാത്തവ പൂർണ്ണമായും നീക്കം ചെയ്യുന്നതാണ്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി നഴ്സറികളിൽ സ്വീകരിച്ചു വരുന്ന ആദ്യ നടപടി 6-7 മാസം പ്രായമായ തൈകളിൽനിന്നും കുറഞ്ഞത് 4 വിടർന്ന ഓലകളുള്ളതും 7-8 സെ.മീ കണ്ണാടിക്കനമുള്ളതും നല്ല ആരോഗ്യവും വളർച്ചയുമുള്ളതുമായ തൈകൾ മാത്രം വിവിധ തലത്തിലുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കുകയും ഗുണമേന്മയില്ലാത്തവ നഴ്സറികളിൽനിന്നും പിഴുതുമാറ്റി കണ്ണാടിഭാഗം ഗസറ്റഡ് റാങ്കിലുള്ള കൺട്രോളിംഗ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ വെട്ടി നശിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള സ്ക്രീനിംഗ്, തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പാലിയ്ക്കുന്നതിലൂടെ ആകെ പാകുന്ന വിത്തുതേങ്ങയിൽനിന്നും ഏകദേശം 65-70% ഗുണമേന്മയുള്ള തൈകളാണ് കർഷകർക്ക് വിതരണത്തിനായി ലഭ്യമാക്കുന്നത്. സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സ.ഉ.(സാധാ) നം. 1796/2005/കൃഷി 13.12.2005-

ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പ്രകാരം ലൈസൻസ് ലഭിക്കുന്നതിന് 750/- രൂപ ലൈസൻസ് ഫീസ് അടച്ച് അതാത് കൃഷി ഭവനിൽ അപേക്ഷിക്കേണ്ടതാണ്. ടി സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളും നിബന്ധനകളും പരിശോധിച്ച് അർഹതയുള്ള നഴ്സറികൾക്ക് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ രണ്ട് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ അംഗീകാരം നൽകുന്നതാണ്. മാനദണ്ഡങ്ങൾ പ്രകാരം, തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി, തൈകൾ ഗുണമേന്മ ഇല്ലാത്തതാണ് എന്നു കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്.

(ബി) ഗുണനിലവാരമില്ലാത്ത തെങ്ങിൻ തൈകൾ പലപ്പോഴും വിപണിയിൽ എത്തുന്നതും കർഷകർ അത്തരം പരസ്യങ്ങളിൽ ആകൃഷ്ടരായി അവ ഉപയോഗിക്കുന്നതും തെങ്ങ് എന്ന ദീർഘകാല വിളയുടെ കാര്യത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നുള്ളതിനാൽ ഗുണനിലവാരമുള്ള തൈകൾ മാത്രം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മേൽപ്പറഞ്ഞ പ്രകാരം ഗ്രണനിലവാരമുള്ള തെങ്ങിൻ തൈകൾ മാത്രമാണ് കൃഷി വകുപ്പ് വിതരണം ചെയ്യുവരുന്നത്. ഗ്രണനിലവാരമില്ലാത്ത തൈകൾ വിതരണം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിന് നഴ്സറി ആക്ട് കൊണ്ടുവരുന്നതാണ്.

പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കാൻ നടപടി

48(1033) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണ വില നിലവിൽ എത്രയാണ്; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പച്ചത്തേങ്ങയുടെ സംഭരണ വില എത്ര രൂപ വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണ വില 01.04.2021 മുതൽ കിലോയ്ക്ക് 32 രൂപയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പച്ചത്തേങ്ങയുടെ സംഭരണ വില സ.ഉ(കൈ)നം. 87/2019/കൃഷി, 29.06.2019-ലെ ഉത്തരവ് പ്രകാരം 25 രൂപയിൽനിന്നും 27 രൂപയായും 2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംഭരണവില സ.ഉ. (കൈ)നം.38/2021/കൃഷി, 25.02.2021-ലെ ഉത്തരവ് പ്രകാരം 27 രൂപയിൽനിന്നും 32 രൂപയായി വർദ്ധിപ്പിച്ചും

ഉത്തരവായിട്ടുണ്ട്.

(ബി) പച്ചത്തേങ്ങയുടെ സംഭരണ വില വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ അടിസ്ഥാനവില നിശ്ചയിച്ചിട്ടുള്ള കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വള്ളിക്കുന്ന് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

49 (1034) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ മുന്നിയൂർ, പെരുവള്ളൂർ, വള്ളിക്കുന്നം എന്നീ പഞ്ചായത്തുകളിൽ യഥാക്രമം 2017- 18, 18-19, 19-20 എന്നീ വർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ ചേലാമ്പ്ര, തേഞ്ഞിപ്പാലം എന്നീ പഞ്ചായത്തുകളെക്കൂടി കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തെങ്ങു കൃഷി മുഖ്യമായിട്ടുള്ളതും ചേർന്നുകിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയാണ് ഇതിനായി മുൻഗണന നൽകി തെരഞ്ഞെടുത്തു വരുന്നത്.

കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

50 (1035) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷകർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാർഷികാനുകൂല്യങ്ങൾ കർഷകന് ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം(എ)യിൽ ചേർത്തിരിക്കുന്നു.+ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന ദേശീയ സുസ്ഥിര കാർഷിക മിഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാർഗ്ഗരേഖയ്ക്ക് അനുസൃതമായാണ് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നത്. പദ്ധതികളിൽ എല്ലാംതന്നെ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയാവും ഗുണഭോക്താവിന്റെ അന്തിമമായ അർഹത നിശ്ചയിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക കൃഷി ഭവനിൽനിന്നും ലഭിക്കും. അപേക്ഷകൾ പൂർണമായും ഓൺലൈനായി കൃഷി വകുപ്പിന്റെ പോർട്ടലായ aims.kerala.gov.in-യിൽ സമർപ്പിക്കാൻ സജ്ജമാക്കുന്ന നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ പ്രധാനമായും വിള പരിപാലനം എന്ന ഘടകത്തിനാണ് നൽകുന്നത്. പ്രധാന വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, കവുങ്ങ്, സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, ജാതി, കുരുമുളക്, പ്രാദേശിക പ്രാധാന്യമുള്ള വിളകളായ എള്ള്, നിലക്കടല, കരിമ്പ് എന്നിവയ്ക്കാണ് സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത്. മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത

ഉയർത്തുന്നതിനുംവേണ്ടിയുള്ള ഘടകത്തിനും കർഷകർക്ക് സഹായം നൽകിവരുന്നു. കൃഷി വകുപ്പിന്റെ സംസ്ഥാനതല പദ്ധതികളും സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ വഴിയും കർഷർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധം(ബി)യിൽ ചേർത്തിരിക്കുന്നു.+ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ്. പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പദ്ധതി, മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി, സൂക്ഷ്മ നീർത്തട വികസന പദ്ധതി എന്നിവയിലൂടെ 3,725 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ കാർഷിക ഭൂമിയിലും കാർഷികേതര ഭൂമിയിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി കൃഷിക്കുള്ള അടിസ്ഥാന സൗകര്യ വികസനം, പാരിസ്ഥിതിക പുനരുജ്ജീവനം എന്നിവ ഉറപ്പാക്കുന്നു. കൃഷി ഭൂമിയിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണൊലിപ്പ് തടഞ്ഞ്, ഭൂഗർഭ ജലവിതാനം പരിപോഷിപ്പിച്ച്, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തി കാർഷിക ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കർഷക ആത്മഹത്യകൾ

51 (1036) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇടുക്കി ജില്ലയിൽ 12-ഉം വയനാട് ജില്ലയിൽ 10-ഉം കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ്, എറണാകുളം ജില്ലകളിൽ ഒന്ന് വീതവും കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് ആത്മഹത്യകൾ കർഷക ആത്മഹത്യയായി സ്ഥിരീകരിച്ചിട്ടില്ല.

കോലിഞ്ചി കർഷകർക്ക് സബ്സിഡി

52 (1037) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോലിഞ്ചി കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോലിഞ്ചി കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-07-2020-ന് യോഗം

ചേരുകയും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് നൽകുന്ന സബ്സിഡി കോലിഞ്ചി കർഷകർക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനമെടുക്കുകയുമുണ്ടായി. അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ദേശീയ ഔഷധസസ്യ മിഷന്റെ 2015-16, 2016-17 വാർഷിക പദ്ധതി പ്രകാരം ലഭ്യമായ 43,85,361/- രൂപ 204.97 ഹെക്ടർ സ്ഥലത്ത് കോലിഞ്ചി കൃഷിക്കായി അനുവദിച്ചും നൽകിയിട്ടുണ്ട്. റാന്നി, കോന്നി, പത്തനംതിട്ട, അടൂർ ബ്ലോക്കുകളിൽപെട്ട 1298 കോലിഞ്ചി കർഷകർക്കാണ് സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയത്. കൃഷിഭവൻ തലത്തിൽ നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

കർഷക ആത്മഹത്യ

53 (1038) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

&

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഈ കുടുംബങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായം സർക്കാർ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കി ജില്ലയിൽ 12-ഉം വയനാട് ജില്ലയിൽ 10-ഉം കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ്, എറണാകുളം ജില്ലകളിൽ ഒന്ന് വീതവും കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് ആത്മഹത്യകൾ കർഷക ആത്മഹത്യയായി സ്ഥിരീകരിച്ചിട്ടില്ല. കർഷക ആത്മഹത്യയായി സ്ഥിരീകരിച്ച 9 പേരുടെ കുടുംബങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ ഈ സർക്കാർ പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ കർഷകരെ സഹായിക്കുന്ന വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകൽ ത്വരിതപ്പെടുത്തൽ, വിലയിടിവിൽ സർക്കാർ ഇടപെടൽ, തെരഞ്ഞെടുത്ത വിളകൾക്ക് അടിസ്ഥാനവില നൽകൽ, പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടാകുമ്പോൾ ധനസഹായം നൽകൽ

തുടങ്ങിയ വിവിധ പദ്ധതികളിലൂടെ സർക്കാർ കർഷകരെ സഹായിക്കുന്നുണ്ട്.

കർഷകരുടെ പ്രതിസന്ധികൾക്ക് പരിഹാരം

54 (1039) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 'ഫാർമർ റീട്ടെയിൽ ഔട്ട്ലെറ്റുകൾ' എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരംഭിച്ചു. സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വില്പന നടത്തുവാൻ സാധിച്ചു.

മിച്ചംവന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്താൻ സാധിച്ചു. കൃഷി വകുപ്പ് മുഖാന്തരം പാലക്കാട്, കുട്ടനാട് കോൾ മേഖലകളിൽ 600 നെല്ലുമെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെടുപ്പിൽ കാലതാമസം വന്ന ബുദ്ധിമുട്ടുകൾ മറികടക്കുവാൻ സാധിച്ചു. 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ് 1,200 മെടിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്തിനകത്തുള്ള കർഷകരിൽനിന്നും പുറമേനിന്നും സംഭരിച്ചു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ ഉപയോക്താക്കൾക്ക് പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ്സ് അസോസിയേഷൻ, ഗസ്റ്റ് വർക്കർ ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. ഹോർട്ടികോർപിന്റെ 100 സ്വന്തം വില്പനശാലകളിലൂടെയും 200 ഫ്രാഞ്ചൈസികളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കളിലേയ്ക്ക് എത്തിച്ചു. ഭക്ഷ്യ സുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് 'സുഭിക്ഷ കേരളം' പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു.

കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലത്ത് പച്ചക്കറികളുടെ കുറവ് പരിഹരിക്കുന്നതിന് 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീടുകളിൽ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു.

(ബി) സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കർഷകർക്ക് കോവിഡ് കാലഘട്ടത്തിൽ വായ്പ തിരിച്ചടക്കുന്നതിന് സാവകാശം നൽകുന്നതിനും കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കർഷകർക്ക് കോവിഡ് ഒന്നാം ഘട്ടം നേരിടുന്നതിന്റെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പ ഉൾപ്പെടെ എല്ലാത്തരം കാർഷിക ലോണുകളും എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യ പ്രകാരം 2020 മാർച്ച് 1-നും 2020 മേയ് 31-നുമിടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ മേയ് 31-നുമുൻപ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കും. മൊറട്ടോറിയം തുടർന്ന് 2020 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരുന്നു.

കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഇതേ ആനുകൂല്യം 2021 മാർച്ച് 1 മുതൽ 2021 ജൂൺ 30 വരെ പുതുക്കേണ്ട കാർഷിക വായ്പകൾക്ക് അനുവദിച്ച് നൽകി. ഇതുകൂടാതെ വായ്പ തിരിച്ചടക്കാനുള്ള കാലാവധി ആറ് മാസംകൂടി നീട്ടിനൽകുന്നതിനും മൊറട്ടോറിയം പ്രഖ്യാപിക്കാനും ഈ കാലഘട്ടത്തിലെ പലിശ ഇളവ് നൽകാനും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) വാഴ, മരച്ചീനി എന്നീ കാർഷിക വിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര

വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര കർഷക സംഘങ്ങൾ എന്നിവ വഴിയും മരച്ചീനി സംഭരിച്ച് വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ഡി) വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയ്ക്ക് ഏർപ്പെടുത്തിയ താങ്ങുവില മറ്റ് ജില്ലകളെ അപേക്ഷിച്ച് കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന നേന്ത്രക്കുലയ്ക്ക് ഏർപ്പെടുത്തിയ താങ്ങുവില കിലോയ്ക്ക് 27 രൂപയും മറ്റ് ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന വയനാടൻ നേന്ത്രന് കിലോയ്ക്ക് 30 രൂപയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അടിസ്ഥാന വില പദ്ധതി പ്രകാരം വിളകൾക്ക് താങ്ങുവില നിശ്ചയിച്ചത് സംസ്ഥാന പ്രൈസസ് ബോർഡിന്റെ വിളകളുടെ ഉല്പാദന ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. വയനാടൻ നേന്ത്രൻ ഇനത്തിന് ഉല്പാദന ചെലവ് കുറവാണെന്നും ഉല്പാദന ക്ഷമത കൂടുതലാണെന്നുമുള്ളത് കണക്കിലാണ് അടിസ്ഥാന വില നിശ്ചയിച്ചത്.

(ഇ) ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ലോക്ക്ഡൗൺമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

55(1040) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാരണം കേരളത്തിലെ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) ഈ സാഹചര്യത്തിൽ കർഷകർ കൃഷി ചെയ്യുന്ന പൈനാപ്പിൾ അടക്കമുള്ള പഴങ്ങൾ കേരളത്തിനകത്തുതന്നെ വിപണനം ചെയ്യാൻ സർക്കാർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുമോ; വിശദാംശങ്ങൾ നൽകാമോ?

പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനുവേണ്ട നടപടിയുടെ ഭാഗമായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., വാഴക്കുളം പൈനാപ്പിൾ പ്രോസസ്സിംഗ് സെന്റർ, സംസ്ഥാന മൊത്തവ്യാപാര മാർക്കറ്റുകൾ മുഖേന പൈനാപ്പിൾ സംഭരിച്ചുവരുന്നു. കൂടാതെ കേരള ഫാം ഫ്രഷ് അടിസ്ഥാന വില പദ്ധതി പ്രകാരം താങ്ങുവില പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

<u>മുതലമട മാംഗോ ഹബ്ബ്</u>

56(1041) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മുതലമട മാംഗോ ഹബ്ബുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

&

(സി) നെന്മാറ നിയോജക മണ്ഡലത്തിലെ മാവ് കർഷകരുടെ ചിരകാല സ്വപ്നമായ മാംഗോ ഹബ്ബ് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. നെന്മാറ നിയോജക മണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതിയാണ് 'എ പൈലറ്റ് പ്രോജക്ട് - മാംഗോ കൾട്ടിവേഷൻ ഇൻ മുതലമട'. ഇതിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളിൽ (എം.ഐ.ഡി.എച്ച്., ആർ.കെ.വി.വൈ., പി.കെ.വി.വൈ., പി.എം.കെ.എസ്.വൈ.) നിന്നും 700 ലക്ഷം രൂപ ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി വകയിരുത്തിയിരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ 275 ലക്ഷം രൂപ അനുവദിച്ചതിൽ 4 പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപയാണ്

നാളിതുവരെ കർഷകർക്ക് നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ജില്ലയ്ക്കുള്ള പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയുമാണ് നാളിതുവരെയായി മുതലമട മാംഗോ ഹബ്ബിന്റെ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. മുതലമട മാംഗോ ഹബ്ബ് എന്ന പദ്ധതിയുടെ ഭാഗമായി 4 പഞ്ചായത്തുകളിലായി 469.1 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി വ്യാപിപ്പിക്കൽ, 235 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി, 4.36 ഹെക്ടറിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ 62 സ്പ്രെയറുകൾ, 25 പായ്ക്ക് ഹൗസുകൾ, 51 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ, ജലസേചനത്തിനുവേണ്ടി 149 പമ്പ് സെറ്റുകൾ, പരാഗണത്തിനായി 713 തേനിച്ച കൂടുകൾ എന്നിവയും നൽകിയിട്ടുണ്ട്. കൂടാതെ 1,447.04 ഹെക്ടറിൽ സംയോജിത കീടനിയന്ത്രണവും വളപ്രയോഗവും നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്കുള്ള പരിശീലനവും ഇതോടൊപ്പം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷംതന്നെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും മിനിമൽ പ്രോസസ്സിംഗ് യൂണിറ്റിന്റെ 20 ലക്ഷവും റൈപ്പനിംഗ് ചേംബറിന്റെ 3.5 ലക്ഷവും ഉൾപ്പെടുത്തി കോമൺ ഫെസിലിറ്റി സെന്റർ

തുടങ്ങാൻ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. മാംഗോ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സ്റ്റേറ്റ് സീഡ് ഫാം, മുതലമടയിലാണ് കണ്ടെത്തിയിട്ടുള്ളത്. കർഷകരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും INKEL പ്രതിനിധികളും ഉൾപ്പെടെ ഒരു മീറ്റിംഗ് നടത്തി വിശദമായ പ്രോജക്ട് സമർപ്പിക്കാൻ INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അനുവദിച്ച 275 ലക്ഷം രൂപയിൽ ബാക്കി വരുന്ന തുകയായ 38.34123 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ചെലവഴിക്കുന്നതാണ്.

കോവിഡ് 19 കാരണം പ്രതിസന്ധിയിലായ കർഷകർക്കായുള്ള പദ്ധതികൾ

57 (1042) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ വ്യാപനവും വിലയിടിവും കാരണം പ്രതിസന്ധിയിലായ കർഷകരെ രക്ഷിക്കാനും വിളകൾ സംരക്ഷിക്കാനും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

കോവിഡ് മഹാമാരി കാരണം നഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനുവേണ്ടി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും

വി.എഫ്.പി.സി.കെ.- യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1) കർഷകരെ സഹായിക്കുന്നതിനായി ഫാർമർ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരംഭിച്ചു. ആയതിലൂടെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ആ പ്രദേശത്തിലെ ഉപഭോക്താക്കൾക്ക് വിറ്റഴിക്കാൻ സാധിച്ചു.

2) സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വിൽപ്പന നടത്താൻ സാധിച്ചു. കൂടാതെ മിച്ചംവന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്താൻ സാധിച്ചു.

3) കൃഷി വകുപ്പ് മുഖാന്തരം പാലക്കാട്, കുട്ടനാട് കോൾ മേഖലകളിൽ 600 നെല്ലുമെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെടുപ്പിൽ കാലതാമസംവന്ന ബുദ്ധിമുട്ടുകൾ മറികടക്കാൻ സാധിച്ചു.

4) 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ്പ് 1,200 മെടിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാത്തിനകത്തുള്ള കർഷകരിൽനിന്നും പുറമേനിന്നും സംഭരിച്ചു.

5) തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ ഉപഭോക്താക്കൾക്ക് പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി.

6) സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ്സ് അസോസിയേഷൻ, ഗസ്റ്റ് വർക്കർ ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു.

7) ഹോർട്ടികോർപ്പിന്റെ 100 സ്വന്തം വിപ്പനശാലകളിലൂടെയും 200 ഫ്രാൻഞ്ചെസികളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കളിലേയ്ക്ക് എത്തിച്ചു.

8) ഭക്ഷ്യ സുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് 'സുഭിക്ഷ കേരളം' പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു.

9) കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലത്ത് പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സംസ്ഥാനത്തുടനീളം വീടുകളിൽ വിതരണം ചെയ്തു. ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതാണ്. കൂടാതെ ജില്ലാതല സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും (100 ലക്ഷം രൂപ) ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ (112 ലക്ഷം രൂപ) വാങ്ങുന്നതിനും കണ്ടെയ്നർ മോഡൽ വില്പനശാലകൾ ആരംഭിക്കുന്നതിനും (252 ലക്ഷം രൂപ) വിപണന വാഹനം സജ്ജമാക്കുന്നതിനും (48 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

കേരളത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ അഞ്ച് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

1) ബനാന ഹണി പാർക്ക്, തൃശ്ശൂർ (25.13 കോടി രൂപ) പദ്ധതി അംഗീകരിക്കുകയും ആദ്യ ഗഡുവായി 14.28 കോടി രൂപ പദ്ധതി നടപ്പിലാക്കുന്ന KAICO-ക്ക് നൽകുകയും ചെയ്തു. പദ്ധതിയുടെ സിവിൽ നിർമാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി

7.15 കോടി രൂപ മെഷിനറി വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിക്കുന്നു.

2) കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കുത്താളിയിലുമുള്ള നാളികേര അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. കിഫ്ബിക്ക് KAICO നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടില്ല.

3) മുതലമടയിൽ മാംഗോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുവാൻ നടത്തിപ്പ് ഏജൻസിയായ INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4) ഇടുക്കിയിലെ വെജിറ്റബിൾ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിന്റെ സ്ഥലം കണ്ടെത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നടപടികൾ പദ്ധതി നടത്തിപ്പ് ഏജൻസിയായ VFPCK സ്വീകരിച്ചുവരുന്നു.

(സി) ഇതിനുവേണ്ടി പ്രീ-ഫീസിബിലിറ്റി പഠനം നടത്താൻ നാബ്കോൺസിനെ (NABCONS) ഏൽപ്പിച്ചിരുന്നോ; ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഇതിനുവേണ്ടി പ്രീ-ഫീസിബിലിറ്റി പഠനം നടത്താൻ നാബ്കോൺസിനെ (NABCONS) ഏല്പിക്കുകയും അതനുസരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കർഷക പെൻഷൻ അപേക്ഷകൾ

58 (1043) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷനുവേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷക പെൻഷനുവേണ്ടി സ്വീകരിച്ച 5183 എണ്ണം അപേക്ഷകൾ തീർപ്പാക്കാനുണ്ട്. സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നതിനാൽ, ഇക്കാര്യം ക്ഷേമനിധി ബോർഡിനെക്കൂടി അറിയിച്ച്, ബാക്കിയുള്ള അപേക്ഷകൾക്ക് എത്രയും വേഗം തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കർഷക പെൻഷനുവേണ്ടി സ്വീകരിച്ച 5183 എണ്ണം അപേക്ഷകൾ തീർപ്പാക്കാനുണ്ട്. സംസ്ഥാനത്ത് കർഷക ക്ഷേമനിധി

ബോർഡ് നിലവിൽ വന്നതിനാൽ, ഇക്കാര്യം ക്ഷേമനിധി ബോർഡിനെക്കൂടി അറിയിച്ച് ബാക്കിയുള്ള അപേക്ഷകൾക്ക് എത്രയുംവേഗം തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാർഷിക മേഖലയുടെ പ്രളയ പുനരധിവാസം

59 (1044) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കാർഷിക മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19,001.84 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ വിളകൾക്കുണ്ടായ നാശനഷ്ടം 18,545.25 കോടി രൂപ, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ മൂലം കൃഷി ഭൂമിയ്ക്കുണ്ടായ നാശം 326.25 കോടി രൂപ, കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കുമുണ്ടായ നാശനഷ്ടം 130.34 കോടി രൂപ എന്നിവ ഉൾപ്പെടുന്നു.

(ബി) ഈ മേഖലയുടെ പ്രളയ പുനരധിവാസത്തിനായി ഇതുവരെ എത്ര തുക സർക്കാർ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

2018-19-ൽ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി 175.79 ലക്ഷം രൂപയും എസ്.ഡി.ആർ.എഫ്-ൽ നിന്ന് 11,598.8514 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2018-19-ൽ 3,996.47315 ലക്ഷം രൂപയും കുടിശ്ശിക നൽകുവാനുണ്ടായിരുന്ന 2,037 ലക്ഷം രൂപ 2019-20-ലും അനുവദിച്ചു.

കുട്ടനാട്ടിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

60(1045) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാവാലം പഞ്ചായത്തിൽ മാണിക്യമംഗലം കായൽ പാടശേഖരത്തിൽ 2020-ൽ ഉണ്ടായ മടവീഴ്ചയുടെ ഫലമായി കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മടവീഴ്ചയോടനുബന്ധിച്ച് കർഷകർക്ക് നഷ്ടമായ 40,000 കി.ഗ്രാം നെൽവിത്ത് അടിയന്തിരമായി പകരം നൽകുകയുണ്ടായി. പുറംബണ്ട് നിർമ്മിച്ചതിന്റെ 7,96,497/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി

നാനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപയുടെ ക്ലെയിം ലഭിക്കുകയും തുക അനുവദിക്കുന്നതിനായി കളക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) വീണ്ടും കൃഷി ഇറക്കുന്നതിന് യുദ്ധകാലടിസ്ഥാനത്തിൽ മടകൃത്തിയ വകയിൽ നൽകാനുള്ള തുക എത്രയാണ്; ആയത് നൽകുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

മട പുനർനിർമ്മാണം നടത്തിയ വകയിൽ 7,96,497/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപ നൽകാനുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ ടി തുക എസ്.ഡി.ആർ.എഫ്.-ൽനിന്നും അനുവദിച്ചിട്ടില്ല. അനുവദിക്കുന്ന മുറയ്ക്ക് ടി തുക നൽകുന്നതാണ്.

(സി) ഈ പാടശേഖരത്തിന്റെ മടകൃത്തിയ വകയിൽ നൽകാനുള്ള തുക എപ്പോഴത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

മട പുനർനിർമ്മാണം നടത്തിയ വകയിൽ 7,96,497/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപ നൽകാനുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ ടി തുക എസ്.ഡി.ആർ.എഫ്.-ൽനിന്നും അനുവദിച്ചിട്ടില്ല. അനുവദിക്കുന്ന മുറയ്ക്ക് ടി തുക നൽകുന്നതാണ്.

പുനർജ്ജനി പദ്ധതി

61(1046) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർജ്ജനി പദ്ധതിയിലൂടെ കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

പുനർജ്ജനി പദ്ധതി പ്രകാരം കർഷകർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നില്ല. പ്രളയംമൂലം നാശനഷ്ടങ്ങൾ നേരിട്ടിരുന്ന കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളുടെയും ഓഫീസ് കെട്ടിങ്ങളുടെയും അടിസ്ഥാന സൗകര്യ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ?

പുനർജ്ജനി പദ്ധതി പ്രകാരം കർഷകർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നില്ല. പ്രളയംമൂലം നാശനഷ്ടങ്ങൾ നേരിട്ടിരുന്ന കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളുടെയും ഓഫീസ് കെട്ടിങ്ങളുടേയും അടിസ്ഥാന സൗകര്യ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കർഷകർക്ക് വിള ഇൻഷ്വറൻസ്

62 (1047) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം വിളകൾ നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് ലഭ്യമാക്കാൻ എത്ര അപേക്ഷകളാണ് നാളിതുവരെ സർക്കാരിന് ലഭിച്ചിരിക്കുന്നതെന്നറിയിക്കുമോ?

(ബി) ഇതിൽ എത്ര പരാതികൾ തീർപ്പാക്കി?

വിവരം ശേഖരിച്ചുവരുന്നു.

(സി) ഇതിനായി പുതിയ സോഫ്റ്റ്വെയർ നിർമ്മിച്ചിരുന്നോ; ഉണ്ടെങ്കിൽ സോഫ്റ്റ്വെയർ ഉപയോഗത്തിന് ശേഷവും പരാതികൾ തീർപ്പുകല്പിക്കാതെ ഇരിക്കുന്ന സാഹചര്യം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

നിർമ്മിച്ചിട്ടുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പോർട്ടലായ AIMS-ലൂടെ (Agriculture Information Management System) നവംബർ 2020 മുതൽ അപേക്ഷകൾ സമർപ്പിക്കാനും പോളിസികൾ നൽകാനും തുടക്കംകുറിച്ചു. എന്നാൽ പുതിയ സോഫ്റ്റ്വെയറിൽ നെൽകർഷകരടങ്ങിയ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് അംഗങ്ങൾ ഓരോരുത്തരുടേയും വിവരങ്ങൾ ചേർക്കാൻ ബുദ്ധിമുട്ടും കാലതാമസവും നേരിട്ടതിനാൽ നെൽകർഷകർക്ക് മാർച്ച് 31 വരെ

പോർട്ടൽ മുഖാന്തിരം അല്ലാതെയും അപേക്ഷിക്കാൻ അവസരം നൽകണമെന്ന് ആവശ്യമുണ്ടാകുകയും ആയതിന് അനുമതി നൽകുകയുമുണ്ടായി. 2021-ൽ ഒന്നാം വിളക്കാലത്തും കോവിഡ് സാഹചര്യങ്ങൾ കണക്കിലെടുത്ത് നെൽക്കർഷകർക്ക് പോർട്ടൽ മുഖാന്തരമല്ലാതെ അപേക്ഷ സമർപ്പിക്കാൻ വീണ്ടും അനുമതി നൽകിയിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പോർട്ടൽ മുഖാന്തരവും പഴയ മാന്വൽ രീതിയിലുമാണ് അപേക്ഷകൾ ഇപ്പോൾ ലഭിക്കുന്നത്. അപേക്ഷകൾ സമർപ്പിക്കുന്നതും പോളിസികൾ നൽകുന്നതിനും നഷ്ടപരിഹാരം അനുവദിക്കുന്നതും പൂർണ്ണമായും AIMS പോർട്ടലിന്റെ പരിധിയിൽ കൊണ്ടുവരുമ്പോൾ കാലതാമസം കൂടാതെതന്നെ കർഷകർക്ക് തുക അനുവദിക്കാൻ സാധിക്കുന്നതാണ്.

കുന്നത്തുനാട് മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

63(1048) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

(ബി) 2021-22 സാമ്പത്തിക വർഷം കൃഷി വകുപ്പ് കുന്നത്തുനാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പവർ താരിഫ്, പച്ചക്കറി വികസന പദ്ധതി, സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ട്, ആർ.കെ.വി.വൈ. പദ്ധതി, സോയിൽ & റൂട്ട് ഹെൽത്ത് മാനേജ്മെന്റ്, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, ഓണ സമൃദ്ധി, പഴം-പച്ചക്കറി ചന്തകൾ, വിള ആരോഗ്യ പരിപാലനം, ഒരു കോടി ഫലവൃക്ഷത്തൈ വിതരണം, കേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസനം, ആത്മ പദ്ധതി, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന പൈനാപ്പിൾ, യന്ത്രവൽക്കരണ പദ്ധതികൾ, പ്രകൃതിക്ഷോഭ നഷ്ടപരിഹാരം പദ്ധതി, ഫലവർഗ്ഗങ്ങളുടെ വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, കൃഷി പാഠശാല, സൈബർ എക്സ്റ്റൻഷൻ, കോക്കനട്ട് കൗൺസിൽ, പരമ്പരാഗത നെൽകൃഷി സംരക്ഷണം, ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബയോഗ്യാസ് പദ്ധതി, ജനകീയാസൂത്രണ പദ്ധതികൾ, സുഭിക്ഷം-സുരക്ഷിതം, ആഴ്ച ചന്ത, സംരക്ഷിത കൃഷി, പഴം-പച്ചക്കറിയ്ക്കുള്ള താങ്ങുവില പദ്ധതി.

(സി) പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷിനാശത്തിനുള്ള ധനസഹായത്തിനായി കുന്നത്തുനാട് മണ്ഡലത്തിൽനിന്ന് 2020-21 മുതൽ നാളിതുവരെയുള്ള അപേക്ഷകരുടെയും അവർക്കനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ലഭിച്ച 649 അപേക്ഷകർക്കായി 10,69,134/- (പത്ത് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഒരുനൂറ്റി മുപ്പത്തി നാല് രൂപ മാത്രം) രൂപ ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

64 (1049) ശ്രീ. സി. ആർ മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

&

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് ധനസഹായം

65(1050) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള ധനസഹായം വയനാട് ജില്ലയിൽ ഇനിയും നൽകാൻ ബാക്കിയുണ്ടോ എന്നറിയിക്കാമോ;

&

(ബി) ഉണ്ടെങ്കിൽ എത്ര രൂപ ഈ വകയിൽ ഇനിയും വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 01-04-2019 മുതൽ 31-05-2019 വരെ 2,22,17,639/- രൂപയും 01-06-2019 മുതൽ 20-07-2021 വരെ AIMS പോർട്ടൽ പ്രകാരം 7,50,07,251/- രൂപയുമാണ് ഇനി വിതരണം ചെയ്യാനുള്ളത്.

(സി) ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2,22,17,639/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വയനാട് ജില്ലയിൽ ഉണ്ടായ കൃഷിനാശം

66(1051) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വേനൽ മഴയിലും ടൗട്ടെ ചുഴലിക്കാറ്റിലും കൃഷിനാശം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്?

ഉണ്ട്. 11-05-2021 മുതൽ 20-05-2021 വരെയുണ്ടായ വേനൽ മഴയിലും ടൗട്ടെ ചുഴലിക്കാറ്റിലും 7,450 ലക്ഷം രൂപയുടെ കൃഷിനാശമാണ് പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്.

(സി) ഇത്തരത്തിൽ കാർഷിക വിള നശിച്ച കർഷകർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ടി കാലയളവിലെ നാശനഷ്ടത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി കോവിഡ് പ്രമാണിച്ച് ജൂൺ 30 വരെ നീട്ടിനൽകിയിരുന്നു. അപേക്ഷകൾ

പരിശോധിച്ച് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൃഷിനാശം സംഭവിച്ച വകയിൽ കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം

67(1052) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുള്ള നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവനുകളിൽ 2019-20, 2020-21 വർഷങ്ങളിൽ കൃഷിനാശം സംഭവിച്ച വകയിൽ കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം എത്രയെന്ന് കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം എപ്പോൾ നൽകാൻ കഴിയും; വിശദമാക്കുമോ?

സഭ ബഡ്ജറ്റ് പാസ്സാക്കുന്ന മുറയ്ക്ക് തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരം

68(1053) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവയിൽ നാശം സംഭവിക്കുന്ന തെങ്ങ്, വാഴ ഉൾപ്പെടെയുള്ള കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം ഇനം തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കോവിഡിന്റെ പശ്ചാത്തലത്തിൽ കാർഷികോത്പന്നങ്ങളുടെ വിലയിടിവ്

69(1054) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്നറിയിക്കാമോ; വിശദാംശം നൽകുമോ;

&

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ കാർഷികോത്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കാർഷികോല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം

+ വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ കർഷകർക്ക് പ്രധാനമായും വിലയിടിവ് നേരിടേണ്ടിവന്നത് കപ്പയ്ക്കാണ്. കോവിഡ്-19 രൂക്ഷമായ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ജി.ഒ.(ആർ.റ്റി.) നം. 580/2021/അഗ്രി., 06-07-2021-ലെ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കോവിഡ് 19-ന്റെ രണ്ടാം തരംഗംത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ

സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള നടപടികൾക്ക് കൃഷി വകുപ്പ് നേതൃത്വം നൽകി.

പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി

70(1055) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ജി. ഒ.(എം.എസ്.) നം.80/2020/അഗ്രി.,26-10-2020-ലെ ഉത്തരവുപ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് & വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. പൈനാപ്പിളിന് 15 രൂപ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്.

പൈനാപ്പിളിന്റെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച അടിസ്ഥാന വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT-യായി നൽകുന്നു.

(ബി) ഇക്കാര്യത്തിൽ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ഇതിന്റെ സംസ്കരണവുമായി ബന്ധപെട്ട് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയെ ശാക്തീകരിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൈനാപ്പിൾ കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനായി പൈനാപ്പിൾ ഉൽപ്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയുടെ 2020-21-ലെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി

ഹെക്ടർ ഒന്നിന് 26,250/- രൂപ നിരക്കിൽ പൈനാപ്പിളിന്റെ വിള വിസ്തൃതി വ്യാപനം 200 ഹെക്ടറിൽ നടപ്പിലാക്കാനായി 78.75 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ സ്ഥലത്ത് വരെ പൈനാപ്പിൾ കൃഷി ചെയ്യാവുന്നതാണ്. പൈനാപ്പിളിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലൂടെ സാമ്പത്തിക സഹായം അനുവദിക്കുന്നു. പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 11.75 ലക്ഷം രൂപയും ധനസഹായമായി നൽകുന്നു. ഇവ പൈനാപ്പിളിന്റെ ഉത്പന്നങ്ങളുടെ സംസ്കരണത്തിനും ഉപയോഗിക്കാവുന്നതാണ്. പൈനാപ്പിൾ സംഭരിക്കുന്നതിന് പായ്ക്ക് ഹൗസ് സ്ഥാപിക്കുന്നതിനായി രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഗുണനിലവാരത്തിന് കോട്ടംതട്ടാത്ത രീതിയിൽ പൈനാപ്പിൾ ദൂരസ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിന് 4 മുതൽ 9 MT സംഭരണശേഷിയുള്ള 26 ലക്ഷം രൂപ ചെലവ് വരുന്ന റീഫർ വാനിന് സമതല പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 35 ശതമാനവും മലയോര

പ്രദേശങ്ങളിൽ 50 ശതമാനവും വായ്പാ ബന്ധിത ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്.

നെല്ലിയാമ്പതി ഗവ. ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണം

71(1056) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ വിപുലീകരണത്തിനായുള്ള പദ്ധതികളിൽ ഓറഞ്ച്, കാപ്പി, പേര, മാവ് എന്നിവയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പ്രമുഖ പരിഗണന നൽകുന്നു. ഉത്പാദനക്ഷമത കുറഞ്ഞതും പ്രായമായതുമായ ഫലവൃക്ഷങ്ങൾ നീക്കംചെയ്യ. അത്യുത്പാദന ശേഷിയുള്ള പുതിയ ഇനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പാഷൻ ഫ്രൂട്ട്, കുരുമുളക്, ഔഷധ സസ്യങ്ങൾ എന്നിവയുടെ കൃഷിസ്ഥലത്തിന്റെ വിസ്തൃതി കൂട്ടുന്നതിനും പദ്ധതിയുണ്ട്. എക്സോട്ടിക് ഫ്രൂട്ട് പ്ലാന്റ്സ്, സ്വദേശി ഫലവൃക്ഷങ്ങളായ വിവിധയിനം പ്ലാവ്, ഞാവൽ എന്നിവയുടെ പ്രോജനി തോട്ടം തയ്യാറാക്കുന്നു.

പച്ചക്കറി വിത്തുത്പാദനത്തിനും ഫലവൃക്ഷത്തൈകളുടെ നടീൽവസ്തുക്കൾ തയ്യാറാക്കുന്നതിനും പദ്ധതിയുണ്ട്. ഫാമിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റിൽ സ്ക്വാഷ്, ജെല്ലി, ജാം, അച്ചാർ എന്നീ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ ഫലങ്ങളും പച്ചക്കറികളും ഫാമിൽത്തന്നെ ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. പച്ചക്കറി വിത്തുത്പാദനം ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഫാമിൽ ഏതെല്ലാം തരത്തിലുള്ള കൃഷിയാണ് നടത്തുന്നതെന്നും മറ്റ് പ്രവർത്തനങ്ങൾ എന്തെല്ലാമാണ് നടത്തുന്നതെന്നും വിശദമാക്കുമോ?

നെല്ലിയാമ്പതി ഗവ. ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നിലവിൽ 37 ഹെക്ടർ സ്ഥലത്ത് ഓറഞ്ച്, റഫ് ലെമൺ എന്നിവയും 80 ഹെക്ടർ സ്ഥലത്ത് കാപ്പിയും 10 ഹെക്ടർ സ്ഥലത്ത് പാഷൻ ഫ്രൂട്ടും 20 ഹെക്ടർ സ്ഥലത്ത് പേരയും 14 ഹെക്ടർ സ്ഥലത്ത് മാവും 3 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും കൃഷി ചെയ്യുന്നു. ഫാമിന്റെ 2 ഹെക്ടർ സ്ഥലത്ത് പ്രോജനി ഓർച്ചാർഡും 5 ഹെക്ടർ സ്ഥലത്ത് വിവിധ വിളകളുടെ നഴ്സറികളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ എട്ട് പോളിഹൗസുകളിൽ വിവിധയിനം വിളകളുടെ തൈകളും ഉത്പാദിപ്പിക്കുന്നു. പച്ചക്കറികളായ ബ്രോക്കോളി, കോളിഫ്ലവർ, ബീറ്റ്റൂട്ട്, കാരറ്റ്, ചൈനീസ്

കാരറ്റ്, ക്നോൾകോൾ, ഗ്രീൻപീസ്, ബട്ടർബീൻസ്, ചെറിയ ഉള്ളി, കാപ്സിക്കം, സാലഡ്വെള്ളരി, മല്ലിയില എന്നിവയും തണ്ണീർ മത്തനും ഫാമിൽ കൃഷി ചെയ്യുന്നു. ആന്തൂറിയം, അലങ്കാരച്ചെടികൾ എന്നിവയും കൃഷി ചെയ്തിട്ടുണ്ട്. നെല്ലിയാമ്പതി ഗവ: ഓറഞ്ച് & വെജിറ്റബിൾ ഫാമിൽനിന്നും വിളവെടുക്കുന്ന ഓറഞ്ച്, നാരകം, പേര, മാങ്ങ എന്നിവ ഫാം സെയിൽസ് കൗണ്ടർ മുഖേന വിൽക്കുന്നതോടൊപ്പം സ്ക്വാഷ്, ജെല്ലി എന്നീ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കി വിപണനം നടത്തുകയുംചെയ്യുന്നു. ഇത്തരത്തിൽ ഒരു വർഷം 30,000 ബോട്ടിൽ ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നു. കാപ്പി വിളവെടുത്ത് പ്രാഥമിക സംസ്കരണത്തിനുശേഷം ബീൻസ് വിൽക്കുന്നു (ഒരു വർഷത്തെ ഉത്പാദനം ഏകദേശം 7 ടൺ). സർക്കാർ പദ്ധതിയായ ഒരുകോടി ഫലവൃക്ഷത്തൈകളുടെ വിതരണത്തിനായി നാല് ലക്ഷത്തോളം വിവിധയിനം തൈകൾ ടി ഫാമിൽ ഉത്പാദിപ്പിക്കുന്നു. കൂടാതെ ശീതകാല പച്ചക്കറി കൃഷിയിലൂടെ ലഭിക്കുന്ന ബ്രോക്കോളി, കോളിഫ്ലവർ, ബീറ്റ്റൂട്ട്, കാരറ്റ് എന്നിവയും ഫാം സെയിൽസ് കൗണ്ടർ മുഖേന വിൽപ്പന നടത്തുന്നു. ടൂറിസ്റ്റുകൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും കർഷകർക്കും ഫാമിലെ കൃഷിരീതിയെക്കുറിച്ച് ക്ലാസും നൽകുന്നുണ്ട്.

കുട്ടനാട്ടിലെ പടശേഖരങ്ങളിൽ ട്രാക്കർ റോഡ് നിർമ്മാണം

72(1057) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളുടെയും പുറംബണ്ടിലൂടെ ട്രാക്കർ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) കൃഷിക്കാവശ്യമായ ഉപകരണങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും നെല്ല് സംഭരിക്കുന്നതിനും മറ്റും അത്യന്താപേക്ഷിതമായ ട്രാക്കർ റോഡുകൾ നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുകയോ അല്ലെങ്കിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതിനോ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പാടശേഖരങ്ങളിൽ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് എല്ലാ പാടശേഖരങ്ങളുടെയും പുറംബണ്ടിലൂടെ ട്രാക്കർ റോഡ് നിർമ്മിക്കേണ്ട ആവശ്യമില്ല. പാടശേഖരത്തിലൂടെ റോഡുകൾ പണിയുന്നത് സുഗമമായ ജലനിർഗ്ഗമനത്തിനെയും ജലസേചനത്തെയും ബാധിക്കുകയും നെൽകൃഷി നശിച്ചുപോവാനും സാദ്ധ്യതയുണ്ട്.

കുട്ടനാട് കുടിവെള്ളപദ്ധതി

73(1058) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം എന്ന് സാധിക്കുമെന്നാണ് കരുതുന്നത്; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതിയിൻ കീഴിൽ നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽനിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം എച്ച്.ഡി.പി.ഇ. പൈപ്പ്ലൈൻ കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലം പമ്പ് ചെയ്യുന്നുണ്ട്. പള്ളിക്കുട്ടുമ്മ മുതൽ കാവാലം വരെയും 315, 225 എം.എം. പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 500, 200 എം.എം. എച്ച്.ഡി.പി.ഇ. ലൈൻ കിടങ്ങറയിൽനിന്നും നീലംപേരൂർ വരെയും എടത്വായിൽനിന്ന് 355, 200 എം.എം. വീയപുരം വരെയും സ്ഥാപിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും ഭരണാനുമതി നൽകിയ കുട്ടനാട് പ്രോജക്ടിന്റെ ശുദ്ധീകരണ ശാലയും ട്രാൻസ്മിഷൻ ലൈനും

പൂർത്തിയായാൽ മാത്രമെ ഈ ലൈനുകളിലേയ്ക്ക് പമ്പ് ചെയ്യാൻ ആവശ്യമായ ശുദ്ധജലം ലഭിക്കുകയുള്ളൂ. 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും തകഴി 62 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി ഘടിപ്പിക്കുകയും ചെയ്യു. ആറ് പഞ്ചായത്തുകളിലായി വിതരണ ശൃംഖലയിൽ 46 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതിൽ 36 കി.മീ. സ്ഥാപിക്കുകയും സ്ഥാപിച്ച ലൈനുകളുടെ ട്രയൽ റണ്ണിംഗും കമ്മീഷനിംഗ് പ്രവൃത്തികളും നടന്നുവരികയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലും തകഴി റെയിൽവേ ക്രോസ്സിംഗ് ആവശ്യമുള്ളിടത്തും ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തിയാക്കി അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പ്ലൈനുകൾ സ്ഥാപിച്ച് കമ്മീഷനിംഗ് പൂർത്തിയാക്കാവുന്നതാണ്. കൂടാതെ കുട്ടനാട്ടിലെ ശുദ്ധജല ക്ഷാമത്തിന് ശാശ്വതപരിഹാരമായി കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-06-2019-ൽ 289.54 കോടി രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സായുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. ഇതിൽ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെൻറ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനായി കഴിഞ്ഞ അഞ്ച് വർഷം എത്ര തുകയാണ് മാറ്റിവച്ചിരുന്നത്; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 28-12-2013-ൽ ഭരണാനുമതി നൽകിയ 70 കോടി രൂപയിൽ നാളിതുവരെ 56.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട് കുടിവെള്ള പദ്ധതിക്ക് കിഫ്ബി

മുഖേന ഭരണാനുമതി നൽകിയ 289.54 കോടി രൂപയിൽ 81,250 രൂപ സ്ഥലമേറ്റെടുക്കുന്നതിനായി ചെലവഴിച്ചു.

രണ്ടാം കുട്ടനാട് പാക്കേജ്

74(1059) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ കൃഷിമേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഒന്നാം കുട്ടനാട് പാക്കേജിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രളയത്തിന്റെ ആഘാതത്തിൽനിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ട് രണ്ടാം കുട്ടനാട് പാക്കേജ് സർക്കാർ നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി 2020-21 വർഷത്തിൽ 20 കോടി രൂപയും 2021-22 വർഷത്തിൽ 13.5 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ കുട്ടനാട് വികസനത്തിനായി കാർഷിക മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കാർഷിക മേഖലയിൽ അടിയന്തര പ്രാധാന്യമർഹിക്കുന്ന മടവീഴ്ച തടയൽ, എല്ലാ പാടശേഖരങ്ങളിലും സ്ഥിരം മോട്ടോർ സംവിധാനം തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മടവീഴ്ച തടയുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും അധികം വെള്ളം വറ്റിക്കുന്നതിനുമായി വെർട്ടിക്കൽ ആക്സിയാൽ പമ്പിംഗ് സംവിധാനത്തിനും കൂടിയാണ് നടപ്പുവർഷം 13.5 കോടി രൂപ വകയിരുത്തിയിട്ടുള്ളത്.

രണ്ടാം കുട്ടനാട് പാക്കേജ്

75 (1060) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

പ്രളയത്തിന്റെ ആഘാതത്തിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് രണ്ടാം കുട്ടനാട് പാക്കേജ് സർക്കാർ നടപ്പിലാക്കുന്നതാണ്.

(ബി) കുട്ടനാട്ടിലെ പ്രധാന പ്രശ്നങ്ങളായ മടവീഴ്ചയും വെള്ളപ്പൊക്കവും പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മടവീഴ്ച തടയുന്നതിനായുള്ള അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും അധികം വെള്ളം വറ്റിക്കുന്നതിനും വെർട്ടിക്കൽ ആക്സിയൻ പമ്പിംഗ് സംവിധാനത്തിനും 2020-21 വർഷത്തിൽ 20 കോടി രൂപയും 2021-22 വർഷത്തിൽ 13.5 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മടവീഴ്ച, വെള്ളപ്പൊക്കം എന്നിവയ്ക്ക് പരിഹാരമായി 'നദികൾക്ക് കൂടുതൽ ഇടം' (Room for Rivers) പദ്ധതി, പാടശേഖരങ്ങളുടെ കമ്പാർട്ട്മെന്റലൈസേഷൻ, കനാലുകളിലെ നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഉദ്ദേശിക്കുന്നു.

(സി) വെള്ളപ്പൊക്ക ദുരിതം നീക്കാൻ ഹ്രസ്വ-ദീർഘകാല പദ്ധതികൾ, പുഴകളിലേയും കനാലുകളിലേയും എക്കലും ചെളിയും നീക്കാനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നീരൊഴുക്കിനെ തടസ്സപ്പെടുത്തുംവിധം നദികളിലും കനാലുകളിലും മറ്റും അടിഞ്ഞുകൂടുന്ന എക്കലും ചെളിയും കോരിമാറ്റി ജലവാഹക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ലീഡിംഗ് ചാനലിൽ എക്കലും ചെളിയും കോരിമാറ്റുന്ന പ്രവർത്തനങ്ങൾ ആരഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രളയജലം വേഗത്തിൽ ഒഴുകിപ്പോകാൻ ഉതകുംവിധം തോട്ടപ്പള്ളി സ്പിൽവേയിലെ കടൽ മുഖത്ത് മണൽ നീക്കംചെയ്യ കഴിഞ്ഞിട്ടുണ്ട്.

(ഡി) കുട്ടനാട്ടിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിനായി എന്തൊക്കെ പരിപാടികളാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിരുന്നത്; വിശദാംശം നൽകുമോ?

കുട്ടനാടിന്റെ പരിസ്ഥിതി പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് നെൽകൃഷിയുടെ ഏകോപനവും അതുവഴി തണ്ണീർമുക്കം ബണ്ട് ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ കേന്ദ്രം (IRTCBSF) കുട്ടനാടിനുവേണ്ടി അനുയോജ്യമായ കാർഷിക കലണ്ടർ തയാറാക്കുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തല ത്തിൽ കുട്ടനാടിന്റെ വിവിധ മേഖലകളിൽ നെൽകൃഷിക്ക് ശാസ്ത്രീയവും

സമയബന്ധിതവുമായ സമയക്രമം പാലിച്ച് നെൽകൃഷി ഏകോപിപ്പിക്കു ന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിസ്ഥിതി മെച്ചപ്പെടു ത്തുന്നതിനും കാർഷിക കലണ്ടർ പ്രയോജനപ്പെടും.

(ഇ) സർക്കാർ നടപ്പിലാക്കിവരുന്ന രണ്ടാം കുട്ടനാട് പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

കുട്ടനാടിന്റെ വികസനത്തിനായി 2020-21 വർഷം 20 കോടി രൂപയും 2021-22 വർഷം 13.5 കോടി രൂപയും കാർഷിക മേഖലയിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ബണ്ട് നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അധിക വെള്ളം വറ്റിക്കുന്നതിനായി വെർട്ടിക്കൽ ആക്സിയൻ പമ്പിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും വേണ്ടിയാകുന്നു. ഈ രണ്ട് ഘടകങ്ങളുടെയും പ്രവർത്തനം പുരോഗമിക്കുന്നു.

വിള ഇൻഷ്വറൻസ്

76 (1061) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് വിള ഇൻഷ്വറൻസ് സഹായം നൽകുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തെ കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കുടിശ്ശികയായി നൽകാനുണ്ടായിരുന്നത് 21 കോടി രൂപയാണ്. ഇതിൽ 20 കോടി രൂപ 2021-22 ലെ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ മൂന്നിലൊന്നായ 660 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിക്കുകയും അനുവദിച്ചതിൽ 658.12079 ലക്ഷം രൂപ 3,960 കർഷകർക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ കർഷകർക്ക് ബാക്കി നൽകാനുള്ള തുക പൂർണ്ണ ബഡ്ജറ്റ് പാസ്സാകുന്ന മുറയ്ക്ക് കർഷകർക്ക് വിതരണം ചെയ്യാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ബാക്കി ആവശ്യമുള്ള ഒരു കോടി രൂപ ഇതിനായുള്ള കോർപ്പസ് ഫണ്ടിൽനിന്നും നൽകുന്നതാണ്.

(ബി) കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട് പ്രസ്തുത ഇൻഷ്വറൻസിന്റെ പ്രീമിയത്തിലേയ്ക്കുള്ള സംസ്ഥാന വിഹിതം വകയിരുത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട് പ്രസ്തുത ഇൻഷ്വറൻസിന്റെ സംസ്ഥാന വിഹിതം വകയിരുത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. റാബി 2019 രണ്ടാം വിളക്കാലത്ത് കുടിശ്ശികയുണ്ടായിരുന്ന സംസ്ഥാന വിഹിതം 15,48,01,062.31 രൂപ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയും ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഖാരിഫ് 2020 വിളക്കാലത്ത് സംസ്ഥാന വിഹിതമായി നൽകാനുണ്ടായിരുന്ന 15,27,66,356.66 രൂപയും ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. റാബി-2020-ലെ സംസ്ഥാന വിഹിതവും അനുവദിച്ചുത്തരവായിട്ടുണ്ട്.

(സി) മഴയും പ്രകൃതി ദുരന്തങ്ങളും കാരണം വിള നശിച്ചുപോയ സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

06-05-2021 വരെ AIMS പോർട്ടൽ മുഖാന്തിരം അപേക്ഷ സമർപ്പിച്ച എല്ലാ കർഷകർക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള സംസ്ഥാന വിഹിതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 04-06-2021 വരെ AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച മുഴുവൻ കർഷകർക്കും

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും (SDRF) തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

77 (1062) ശ്രീ. പി. എസ് സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

സ.ഉ.(എം.എസ്)നം.37/2017/കൃഷി, 22-03-2017-ലെ ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പൂകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. സ.ഉ.(കൈ)നം.1192/2017/കൃഷി തീയതി 13-12-2017

പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ നഷ്ടപരിഹാരം നൽകിവരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലമുള്ള കൃഷിനാശത്തിനാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. സ.ഉ.(സാധാ) നം.1066/ 2017/കൃഷി 27-10-2017-ലെ ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാന ത്തെവിടെയും കീടരോഗബാധ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വ റൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ സ.ഉ.(കൈ)നം.167/ 2017/കൃഷി, 28-12-2017-ലെ ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകൾകൂടി വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിളകൾക്കുണ്ടാകുന്ന പൂർണ്ണനാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ സ.ഉ.(സാധാ)നം.1198/2018/കൃഷി, 12-12-2018-ലെ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%-ൽ

അധികം നഷ്ടമുണ്ടായാൽ പൂർണ്ണനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. എന്നാൽ ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ, മരച്ചീനി, മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10% എങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കൂ.

(ബി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായാണ് കണ്ടിട്ടുള്ളത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നത് കൃഷി ഭവനുകൾ വഴിയാണ്. പദ്ധതിയിൽ കർഷകരെ ചേർക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതി പുരോഗതി എല്ലാ മാസവും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)മാരും, പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും കർഷകരുടെ പങ്കാളിത്തം ഉൾപ്പെടെയുള്ള പദ്ധതി പുരോഗതി അവലോകനം ചെയ്ത് വിലയിരുത്തുന്നു. സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (CP)ഉം കൃഷി ഡയറക്ടറും കർഷകരുടെ പങ്കാളിത്തം, ഫണ്ടിന്റെ

വിനിയോഗം തുടങ്ങിയവ സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നു. കൂടാതെ ഓരോ വർഷവും കർഷകർക്കിടയിൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ നേട്ടങ്ങൾ എത്തിച്ച് കൂടുതൽ കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ജൂലൈ ഒന്നാം തീയതി വിള ഇൻഷ്വറൻസ് ദിനവും തുടർന്ന് വിള ഇൻഷ്വറൻസ് പക്ഷാചരണവും നടത്താറുണ്ട്. 2015-16 മുതലുള്ള അംഗത്വത്തിന്റെയും പ്രീമിയം ശേഖരണത്തിന്റെയും കണക്കുകൾ അനുബന്ധം-I ആയി ചേർക്കുന്നു.+

(സി) വിള ഇൻഷ്വറൻസ് പദ്ധതിയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

&

(ഡി) പുതിയ കൃഷിയിനങ്ങൾ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറു ഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവകൂടി വിള ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള വിഷയം പരിഗണനയിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) നെൽകൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

സ.ഉ.(എം.എസ്) നമ്പർ 37/2017/കൃഷി, 22-03-2017-ലെ ഉത്തരവ് പ്രകാരമാണ് നെൽകൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പ്രകാരം ആനുകൂല്യം നൽകിവരുന്നത്. സ.ഉ.(സാധാ)നം. 1066/2017/കൃഷി, 27-10-2017-ലെ ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. എന്നാൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്ത പാടശേഖരങ്ങളിൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടമുണ്ടായാലും അതിനും നഷ്ടപരിഹാരം നൽകുന്നതാണ്. നെൽകൃഷി ഇൻഷ്വർ ചെയ്യാൻവേണ്ട നിബന്ധനകൾ അനുബന്ധം-II-ൽ ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം

78(1063) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം വിപുലീകരിക്കാൻ സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രത്തിന്റെ വികസനം ലക്ഷ്യംവച്ച് സമഗ്രമായ പദ്ധതിയും മാസ്റ്റർ പ്ലാനും KAICO മുഖേന തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ 126.45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കാർഷിക മൊത്ത വ്യാപാര വിപണിയുടെ തുടർ വികസന പദ്ധതികൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കേണ്ടത്. ഭീമമായ ഒരു തുകയുടെ എസ്റ്റിമേറ്റ് ആയതിനാലും മുൻ വർഷത്തിൽ തുക ലഭ്യമാകാത്തതിനാലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത കാർഷിക വിപണന കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കാർഷിക മൊത്ത വ്യാപാര വിപണിയുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം സംവേദനാത്മക വിനോദ ഇടം (interactive recreation space), മഷ്റൂം ലാബ്, ഹോർട്ടികൾച്ചർ, ഡെമോൺസ്ട്രേഷൻ ഗാലറി, ടൈബൽ എക്സിബിഷൻ ഏരിയ, പൊതു എക്സിബിഷൻ സ്ഥലം, അർബൻ ഗാർഡൻ സ്പേസ് എന്നിവ ഉൾപ്പെട്ട പരീക്ഷണാത്മക വിനോദ ഇടം (experimental recreation space), പഴം പച്ചക്കറികൾ എന്നിവയുടെ വിൽപനക്കായി വെജിറ്റബിൾ മാർക്കറ്റ്, ഫ്രൂട്ട് മാർക്കറ്റ്, മത്സ്യ സ്റ്റാളുകൾ എന്നിവയും കൂടാതെ ഫുഡ് കോർട്ട്, ഇൻക്യൂബേഷൻ സെന്റർ, സെയിൽസ് സെന്റർ എന്നിവയും ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്

79 (1064) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉല്പാദകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് കാരണം യുവതലമുറ കൃഷി ജീവിതമാർഗ്ഗമാക്കാൻ

മടിക്കുന്ന പശ്ചാത്തലത്തിൽ മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപിപ്പിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വിപണി സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും പദ്ധതിയുണ്ടോ?

കോവിഡ്-19 രൂക്ഷമായ സാഹചര്യത്തിൽ നടപ്പിലാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുവേണ്ടി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി താങ്ങുവില പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും സംഭരിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന

പ്രഖ്യാപിച്ച താങ്ങുവിലയിൽ നിന്നുള്ള വ്യത്യാസം (gap) കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. പച്ച കപ്പ സംഭരിച്ച് അത് ഡ്രയറുകളിൽ ഉണക്കി വാട്ട് കപ്പയാക്കി വിപണിയിൽ എത്തിക്കാൻ ഹോർട്ടികോർപ്പ് നടപടികൾ സ്വീകരിച്ചു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കാർഷിക മേഖലയിലേയ്ക്ക് യുവാക്കൾ ഉൾപ്പെടെയുള്ളവരെ ആകർഷിക്കുന്നതിനായി ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇടത്തരം ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 30 മുതൽ 50% വരെ സബ്സിഡി നിരക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 4 കോടി രൂപ ഈ വർഷം

വകയിരുത്തിയിട്ടുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ഓരോ ജില്ലയിലും ഭക്ഷ്യോല്പന്നങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 93 കോടി രൂപയും വ്യക്തിപരമായി പ്രോസസ്സിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 50% സബ്സിഡി നിരക്കിൽ 84 കോടി രൂപയുള്ള പദ്ധതികളും ഈ വർഷം നടത്തുന്നു. ഇതിനു പുറമേ 150 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം വരെയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിങ്ങനെയുള്ള എല്ലാം ഏകോപനവും FPO-കൾ ഉറപ്പിക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മുഖ്യവിളകളെ ആസ്പദമാക്കി മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിനുള്ള ഒരു ജില്ല ഒരുല്പന്നം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

കേരള സംസ്ഥാന വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഒരു ജില്ല ഒരുൽപ്പന്നം പദ്ധതി. ഇപ്രകാരം കേരളത്തിലെ വിവിധ ജില്ലകളിൽ ODOP പ്രകാരം തിരഞ്ഞെടുത്ത വിളകൾ താഴെ ചേർക്കുന്നു.

1.	ആലപ്പുഴ	നെൽ
2.	എറണാകുളം	പൈനാപ്പിൾ
3.	ഇടുക്കി	ഏലം
4.	കണ്ണൂർ	തേങ്ങ
5.	കാസർഗോഡ്	ചിപ്പി
6.	കൊല്ലം	കിഴങ്ങുവർഗ്ഗം
7.	കോട്ടയം	പൈനാപ്പിൾ
8.	കോഴിക്കോട്	തേങ്ങ
9.	മലപ്പുറം	തേങ്ങ
10.	പാലക്കാട്	വാഴ
11.	പത്തനംതിട്ട	ചക്ക
12.	തൃശ്ശൂർ	നെൽ
13.	തിരുവനന്തപുരം	മരച്ചീനി
14.	വയനാട്	പാലും പാലുല്പന്നങ്ങളും

ഇത്തരത്തിൽ ജില്ലകളിൽനിന്നും ലഭിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നു.

(സി) കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ വർഷംതോറും നടത്തിവന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വർഷംതോറും നടത്തിവരുന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടർന്ന് നടത്താൻ ഈ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ഹോർട്ടികോർപ്പ് സംഭരിച്ച ഉല്പന്നങ്ങളുടെ വില

80 (1065) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് ഹോർട്ടികോർപ്പ് മുഖേന കർഷകരിൽനിന്നും സംഭരിച്ച കാർഷികോത്പന്നങ്ങളുടെ വില ദീർഘകാലമായി കുടിശ്ശികയായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ കുടിശ്ശിക തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വിപണി ഇടപെടൽ പദ്ധതിപ്രകാരം ഹോർട്ടികോർപ്പിന് അടിയന്തര സഹായമായി 3.50 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ടി തുകയിൽനിന്നും കൂടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കർഷകർക്ക് താഴ്ന്ന പലിശയ്ക്ക് വായ്പ

81(1066) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കേരള ബാങ്ക് മുഖേന താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്ക് മുഖേന 6% പലിശ നിരക്കിൽ കർഷകർക്ക് വായ്പ നൽകിവരുന്നു. കേരള ബാങ്ക് നിലവിൽ വന്നപ്പോൾ ഉണ്ടായ പ്രഖ്യാപനത്തിന്റെ ഭാഗമായി 7% നിരക്കിൽ നൽകിവന്നിരുന്ന വായ്പയാണ് 1% പലിശ കുറവ് ചെയ്ത് 6% നിരക്കിൽ നൽകിവരുന്നത്.

(ബി) താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

സ്വന്തമായി കൃഷി ഭൂമിയുള്ളവർക്കും പാട്ടകൃഷി ഭൂമിയിൽ കൃഷി ചെയ്യുവരുന്നവർക്കും State Level Technical Committee (SLTC) നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ് അനുസരിച്ച് കൃഷി ഭൂമിയുള്ള എല്ലാ കർഷകർക്കും വായ്പ ലഭ്യമാണ്. കൂടാതെ കാർഷിക വായ്പകൾക്ക് 3% പലിശ സബ്സിഡിയും ലഭ്യമാണ്.

(സി) പ്രസ്തുത വായ്പക്ക് കർഷകർ നൽകേണ്ട പലിശ എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% Prompt Repayment Incentive (PRI) കഴിച്ച് 3% നിരക്കിൽ നിലവിൽ വായ്പ ലഭ്യമാകുന്നു. കൂടാതെ കേരള ബാങ്കിന്റെ ശാഖകൾ മുഖേന നേരിട്ട് കർഷകർക്ക് കിസാൻ മിത്ര എന്ന പേരിൽ 4% നിരക്കിലും കാർഷിക വായ്പ നൽകിവരുന്നു.

<u>കർഷകർക്ക് സഹായം</u>

82 (1067) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

ഈ സാഹചര്യം 132-ാമത് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഉന്നയിക്കുകയും അതിന്റെ ഫലമായി കോവിഡ് ഒന്നാംഘട്ടത്തിന്റെ ലോക്ഡൗൺ പ്രഖ്യാപനത്തെ തുടർന്ന് 2020 മാർച്ച് 1-നും 2020 മേയ് 31-നുമിടയിൽ പുതുക്കേണ്ട ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കാർഷിക വായ്പകളും പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2020 മേയ് 31 വരെയും സമയപരിധി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അനുവദിച്ചിരുന്നു. പ്രസ്തുത സമയപരിധി പിന്നീട് 2020 ആഗസ്റ്റ് 31 വരെയും ദീർഘിപ്പിച്ചിരുന്നു. കോവിഡ് രണ്ടാം തരംഗത്തിൽ, 2021 മാർച്ച് 1-നും 2021 ജൂൺ 30-നുമിടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ കൂടാതെയും പുതുക്കുന്നതിന് 2021 ജൂൺ 30 വരെ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത കാലയളവ് 2021 ജൂലായ് 1 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-08-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്.

(ബി) 2020, 2021 വർഷങ്ങളിൽ കടക്കെണിമൂലം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

2020-ൽ എറണാകുളം ജില്ലയിൽ ഒന്നും വയനാട് ജില്ലയിൽ രണ്ടും വീതം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. 2021-ൽ നാളിതുവരെ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല.

മാവേലിക്കരയിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

83(1068) ശ്രീ. എം. എസ് അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ആർ.ഐ.ഡി.എഫ്. XXV-ൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിച്ചാൽ പുഞ്ചയുടെ വികസന പ്രവൃത്തികൾക്കും തഴക്കര പഞ്ചായത്തിലെ കോതറ, പോരാടി പുത്തൻ കുളങ്ങളുടെ നവീകരണത്തിനും 808 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.കെ.വി.വൈ. 2018-19-ൽ ഉൾപ്പെടുത്തി നൂറനാട് സൗത്ത് പഞ്ചായത്തിലെ പളളിമുക്കം പാടശേഖരത്തിന്റെ വികസന പ്രവൃത്തികൾക്ക് 120.46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.ഐഡി.എഫ്.

XXVI-ൽ ഉൾപ്പെടുത്തി പാലമേൽ പഞ്ചായത്തിലെ എന്ത്ര പാടശേഖരത്തിന്റെയും അനുബന്ധ കുളത്തിന്റെയും വളളിക്കുന്നം പഞ്ചായത്തിലെ വളളിക്കുന്നം സൗത്ത് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടി പദ്ധതികളിൽ ആർ.ഐ.ഡി.എഫ്. XXIV-ലും ആർ.ഐ.ഡി.എഫ്. XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ആർ.ഐ.ഡി.എഫ്. XXIV-ൽ ഒരു പ്രവൃത്തിക്കും തന്നെ അനുമതി ലഭിച്ചിട്ടില്ല. എന്നാൽ, ആർ.ഐ.ഡി.എഫ്. XXV-ൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിച്ചാൽ പുഞ്ചയുടെ വികസന പ്രവൃത്തികൾക്കും തഴക്കര പഞ്ചായത്തിലെ കോതറ, പോരാടി പുത്തൻ കുളങ്ങളുടെ നവീകരണത്തിനും 808 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തോട് ആഴം കൂട്ടൽ/ബണ്ട് ബലപ്പെടുത്തൽ - 15600 മീറ്റർ; കരിങ്കൽ ഭിത്തി നിർമ്മാണം - 4150 മീറ്റർ; പമ്പ് ഹൗസ്/പമ്പിംഗ് സിസ്റ്റം - 7 എണ്ണം; റാമ്പുകൾ-4 എണ്ണം; സ്ലൂയിസ് - 2 എണ്ണം; ക്രോസ് ബാർ - 3 എണ്ണം; കുളങ്ങളുടെ പുനരുദ്ധാരണം - 3 എണ്ണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മാവേലിക്കര മണ്ഡലത്തെ തരിശ്ശുരഹിതമാക്കുന്നതിന് കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

കഴിഞ്ഞ 5 വർഷത്തിനിടയിൽ 1,179.57 ഹെക്ടർ നെൽവയലുകൾ തരിശ്ശുരഹിതമാക്കി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം 81.7401 ഹെക്ടർ തരിശ്ശുപ്രദേശങ്ങൾ കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. 1929 ഹെക്ടർ എള്ളുകൃഷിയും 11.392 ഹെക്ടർ വാഴ കൃഷിയും 50.087 ഹെക്ടർ കിഴങ്ങുവർഗ്ഗ കൃഷിയും നടപ്പിലാക്കിയിട്ടുണ്ട്.

ജൈവവൈപ്പിൻ പദ്ധതി

84(1069) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള ജൈവ വൈപ്പിൻ പദ്ധതിയുടെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ?

നബാർഡ് RIDF XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ജൈവ വൈപ്പിൻ പദ്ധതിയുടെ കാലാവധി 31-03-2021 വരെയായിരുന്നു.

(ബി) 13-03-2015-ന് ഭരണാനുമതി ലഭിച്ച പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1) കടമക്കുടി പഞ്ചായത്തിലെ ചെറുകടമക്കുടി പുളിക്കേപ്പുറം, മൂരിക്കേക്കര പാടശേഖരത്തിന്റെ അടിസ്ഥാന പ്രവൃത്തികൾ;

(2) എടവനക്കാട് പഞ്ചായത്തിലെ എടവനക്കാട് വടക്കുംഭാഗം പാടശേഖരത്തിന്റെയും കൊച്ചടപ്പ് പാടശേഖരത്തിന്റെയും അടിസ്ഥാന വികസന പ്രവൃത്തികൾ;

(3) കുഴിപ്പിള്ളി പഞ്ചായത്തിലെ അരങ്ങിൽ അയ്യമ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തി;

(4) നായരമ്പലം പഞ്ചായത്തിലെ വെസ്റ്റ് നെടുങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തി;

(5) ഈസ്റ്റ് നെടുങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തി;

(6) ചക്കരച്ചാൽ പാടശേഖരത്തിന്റെ അടിസ്ഥാന വികസനപ്രവൃത്തി എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ഡി) ഈ പ്രവൃത്തി നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

&

(ഇ) ഈ പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വീരംപുഴയുടെയും 9 തോടുകളുടെയും അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്ന പ്രവൃത്തിയും 9 കാർഷിക അടിസ്ഥാന പ്രവൃത്തികളിൽ 3 എണ്ണവുമാണ് പ്രധാനമായും പൂർത്തിയാക്കാനുള്ളത്. ടി പ്രവൃത്തിക്ക് Kerala Coastal Zone Management Authority (KCZMA)-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാകാത്തതിനാലും ആർ.ഐ.ഡി.എഫ്. XX ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയുടെ നിർവ്വഹണ കാലാവധി 31-03-2021 വരെ ആയിരുന്നതിനാലും മേൽ പദ്ധതി ഉപേക്ഷിക്കാൻ കെ.എൽ.ഡി.സി.-ക്ക് നിർദ്ദേശം നൽകിയിരുന്നു.

<u>കരുംകുളം, കോട്ടുകാൽ കൃഷിഭവനുകൾക്ക് കെട്ടിടം</u>

85(1070) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കരുംകുളം, കോട്ടുകാൽ കൃഷി ഭവനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷി ഭവനുകൾ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളായതിനാൽ കൃഷിഭവനുകളുടെ കെട്ടിടനിർമ്മാണത്തിനുവേണ്ടി ഫണ്ട് കണ്ടെത്തേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. കൃഷി വകുപ്പ് ഇതിനായി ഫണ്ട് വകയിരുത്തിയിട്ടില്ല. കോവളം മണ്ഡലത്തിലെ കോട്ടുകാൽ കൃഷി ഭവൻ 2020 ജൂലൈ 13 മുതൽ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കരുംകുളം കൃഷി ഭവൻ നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

86(1071) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

കേരള അഗ്രിക്കൾച്ചർ സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. കൃഷി വകുപ്പിലെ സബോർഡിനേറ്റ് സർവീസിന്റെ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ ലഭിക്കുന്നതിന് സ്യൂട്ടബിലിറ്റി പരീക്ഷ പാസ്സാകണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ അതൊഴിവാക്കി മറ്റ് വകുപ്പുകളിലെ പോലെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ഉത്തരവുകൾ പ്രകാരം കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ ആയി പ്രൊമോഷൻ ലഭിക്കുന്നതിന് പി.എസ്.സി. നടത്തുന്ന Suitability Test വിജയിച്ചിരിക്കണം. കൂടാതെ B.Sc. അഗ്രികൾച്ചർ യോഗ്യതയുള്ള കൃഷി അസ്സിസ്റ്റന്റുമാർക്ക് യോഗ്യത നേടി 3 വർഷം കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനം പൂർത്തിയാക്കിയതിനുശേഷം കൃഷി ഓഫീസറായി പ്രൊമോഷൻ നൽകുന്നുണ്ട്. സീനിയോറിറ്റി അനുസരിച്ച് കൃഷി അസിസ്റ്റന്റിൽനിന്നും കൃഷി ഓഫീസറായി പ്രൊമോഷൻ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് കൃത്യമായി നടപ്പിലാക്കുമോ; കൃഷി ഓഫീസർ അവധിയിലായാൽ കർഷകർക്ക് നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ നൽകാൻ അസിസ്റ്റന്റ് കൃഷി ഓഫീസർക്ക് അധികാരം നൽകുമോ?

കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് കൃത്യമായി നടപ്പിലാക്കുന്നുണ്ട്. കൃഷി ഓഫീസർ അവധിയിലായാൽ കർഷകർക്ക് നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ നൽകാൻ അസിസ്റ്റന്റ് കൃഷി ഓഫീസർക്ക് അധികാരം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിലെ കൃഷി വകുപ്പിലെ ഒഴിവുകൾ

87(1072) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിൽ ഏതെല്ലാം തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി ജോയിന്റ് ഡയറക്ടർ; കൃഷി ഡെപ്യൂട്ടി ഡയറക്ടർ; കൃഷി അസിസ്റ്റന്റ് ഡയറക്ടർ; കൃഷി ഓഫീസർ; കൃഷി ഫീൽഡ് ഓഫീസർ കൃഷി അസിസ്റ്റന്റ്; അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി); അസിസ്റ്റന്റ് എഞ്ചിനീയർ; അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്; അക്കൗണ്ട്സ് ഓഫീസർ;

ജൂനിയർ സൂപ്രണ്ട്; ഫെയർ കോപ്പി സൂപ്രണ്ട്; ടൈപ്പിസ്റ്റ്; ക്ലാർക്ക്; ഓവർസിയർ; ഡ്രൈവർ; ഗാർഡ്നർ-കം-ക്ലീനർ; മെക്കാനിക്; ഓഫീസ് അറ്റൻഡന്റ്; സയന്റിഫിക് അസിസ്റ്റന്റ്; ട്രാക്ടർ ക്ലീനർ; ട്രാക്ടർ ഡ്രൈവർ; വാച്ച്മാൻ; വർക്ക് സൂപ്രണ്ട്; ഫോർമാൻ.

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകളുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഈ അവസ്ഥ തുടരുന്നുവെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

പട്ടിക അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.+

(സി) ഇപ്പോൾ ജോലിയിലുള്ളവർ അതത് തസ്തികകളിൽ എത്രകാലമായി തുടരുന്നവരാണെന്ന് വ്യക്തമാക്കുമോ?

പട്ടിക അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) കാസർഗോഡ് ജില്ലയിൽനിന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിൽ സേവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഒരു ജൂനിയർ സൂപ്രണ്ട് കണ്ണൂർ ജില്ലയിൽ സേവനം ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) ഇതര ജില്ലകളിൽനിന്നുള്ള എത്ര ജീവനക്കാർ കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് അവരുടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

തിരുവനന്തപുരം -5; കൊല്ലം -5; പത്തനംതിട്ട -1; ആലപ്പുഴ -1; കോട്ടയം -2; ഇടുക്കി -1; എറണാകുളം -7; തൃശ്ശൂർ -1; പാലക്കാട് -1; മലപ്പുറം -2; കോഴിക്കോട് -2; കണ്ണൂർ -19.

കൃഷി ഓഫീസുകളിലെ ഒഴിവുകൾ

88(1073) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കൃഷി ഓഫീസുകളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം കൃഷി ഭവനിൽ, കൃഷി ഓഫീസർ/ പി.റ്റി.എസ്./ക്ളാർക്ക് തസ്തികകളിൽ ഒന്നുവീതം ഒഴിവുകളും കുഴൽമന്ദം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ഒരൊഴിവും എരിമയൂർ കൃഷി ഭവനിൽ കൃഷി ഓഫീസർ തസ്തികയിൽ ഒരൊഴിവും നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ കൃഷി ഓഫീസർ തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാർക്ക് തസ്തികയിലുള്ള ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പി.റ്റി.എസ്. തസ്തികയിലുള്ള ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ

89(1074) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ?

ഒരു കൃഷി ഭവനിൽ ഒരു കൃഷി ഓഫീസർ (നഗരസഭാ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ കൃഷി ഓഫീസർക്ക് പകരം ഒരു കൃഷി ഫീൽഡ് ഓഫീസർ), അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കർഷക

കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2 അല്ലെങ്കിൽ 3 കൃഷി അസ്സിസ്റ്റന്റുമാർ, ഒരു പി.റ്റി.എസ്.

(ബി) നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ കുറവ് ജോലിഭാരം വർദ്ധിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നഗരസഭ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിലെ ജോലിഭാരം പരിശോധിക്കുന്നതാണ്.

(സി) മട്ടുപ്പാവ് കൃഷി, ഹൈടെക്ക് കൃഷി, ഗ്രീൻഹൗസ് കൃഷി, മഴമറ - തരിശ് കൃഷി എന്നിവ വർദ്ധിച്ച സാഹചര്യത്തിൽ പഞ്ചായത്തുകളിലെ കൃഷിഭവനുകളിലെ സ്റ്റാഫ് പാറ്റേൺ നഗരസഭ/കോർപ്പറേഷൻ മേഖലകളിലെ കൃഷിഭവനുകളിലും അനുവദിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പദ്ധതിയില്ല.

കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

90(1075) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാർ സ്ഥിരമായി ഇല്ലാത്ത എത്ര കൃഷി ഭവനുകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ അജാനൂർ കൃഷി ഭവനിലാണ്, നിലവിൽ കൃഷി ഓഫീസർ ഇല്ലാത്തത്.

(ബി) ഒഴിവുള്ള കൃഷി ഓഫീസർ തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃഷി ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അഭാവം

91(1076) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ അപര്യാപ്തതമൂലം സംസ്ഥാനത്തെ പല കൃഷി ഓഫീസുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

കൃഷി ഓഫീസർ തസ്തികയിൽ 112-ഉം കൃഷി അസിസ്റ്റന്റ് തസ്തികയിൽ 279-ഉം ഒഴിവുകളാണ് നിലവിലുള്ളത്.

(സി) ഈ ഒഴിവുകൾ നികത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്?

കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച പട്ടികയ്ക്കെതിരെ ഉദ്യോഗാർത്ഥികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ റാങ്ക് പട്ടിക സ്റ്റേ ചെയ്തിരിക്കുന്നതിനാൽ ടി തസ്തികയിൽ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശകൾ നൽകിയിട്ടില്ല. ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം ബഹു. ട്രൈബ്യൂണലിനെ അറിയിക്കുകയും സ്റ്റേ ഒഴിവാക്കി നിയമന നടപടികളുമായി മുന്നോട്ട് പോകുന്നതിന് പി.എസ്.സി.-ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ

കഴിഞ്ഞ റാങ്ക് പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥിക ളില്ലാത്തതിനാൽ പ്രസ്തുത പട്ടികയിൽനിന്നും ഈ വിഭാഗത്തിനായി നീക്കിവയ്ക്കാൻ പറഞ്ഞ 21 ഒഴിവുകൾ എൻ.എ.സി. ആയി മാറ്റിവച്ചിട്ടുള്ളത് ഒഴിച്ച് ബാക്കി നിലവിലുള്ള 258 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) വടകര മണ്ഡലത്തിൽ നിലവിൽ കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരും ഉൾപ്പടെ പതിനഞ്ചോളം ഉദ്യോഗസ്ഥർ വേണ്ടിടത്ത് നാലുപേരാണുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. കൃഷി ഓഫീസർമാരുടെയും കൃഷി അസ്സിസ്റ്റന്റുമാരുടെയും അഭാവം കാരണം കൃഷി ഭവനുകളുടെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ കൃഷി ഓഫീസർ തസ്തികയിലെ മുഴുവൻ ഒഴിവുകളിലും പി.എസ്.സി.-യുടെ നിർദ്ദേശപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി അസിസ്റ്റന്റ് തസ്തികയിൽ 179 ദിവസത്തേയ്ക്കോ പി.എസ്.സി. മുഖേന നിയമനം നൽകുന്നതുവരെയോ (ഏതാണോ ആദ്യം അതുവരെ) താൽക്കാലികമായി

നിയമനം നടത്തുന്നതിന് എല്ലാ ജില്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ തരിശു ഭൂമികൾ

92(1077) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ തരിശ് ഭൂമികളാണുള്ളത്; ഇവ ഏതെല്ലാം കൃഷി ഭവനങ്ങളുടെ കീഴിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെട്ടികുളങ്ങര - 5 ഹെക്ടർ; കൃഷ്ണപുരം - 22 ഹെക്ടർ; കായംകുളം - 12 ഹെക്ടർ; കുണ്ടല്ലൂർ - 15 ഹെക്ടർ; ദേവികുളങ്ങര - 13 ഹെക്ടർ; ഭരണിക്കാവ് - 97 ഹെക്ടർ.

(ബി) ഇത്തരം തരിശുഭൂമികളുടെ ഉടമസ്ഥരെ സംബന്ധിച്ച വിവരം കൃഷി ഓഫീസുകളിൽ സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ചെട്ടികുളങ്ങര പഞ്ചായത്ത് തരിശായി കിടക്കുന്ന സ്ഥലങ്ങളുടെ ഉടമസ്ഥരുടെ വിവരങ്ങൾ കൃഷി ഭവനിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് മുഖേന എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുനിലം

കൃഷിയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉടമസ്ഥരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഭരണിക്കാവ് പഞ്ചായത്തിലെ തരിശായി കിടക്കുന്ന ഭൂമിയുടെ ഉടമകളെക്കുറിച്ചുള്ള വിവരങ്ങൾ പാടശേഖര സമിതികളുടെ സഹായത്തോടെ സമാഹരിച്ചുവരുന്നു. തരിശുഭൂമി കൃഷിചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഇത്തരത്തിലുള്ള കൃഷി ഭൂമികളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ചെട്ടിക്കുളങ്ങര പഞ്ചായത്ത് തരിശായി കിടക്കുന്ന സ്ഥലങ്ങളുടെ ഉടമസ്ഥരുടെ വിവരങ്ങൾ കൃഷി ഭവനിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് മുഖേന എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉടമസ്ഥരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഭരണിക്കാവ് പഞ്ചായത്തിലെ തരിശായി കിടക്കുന്ന ഭൂമിയുടെ ഉടമകളെക്കുറിച്ചുള്ള വിവരങ്ങൾ പാടശേഖര സമിതികളുടെ സഹായത്തോടെ സമാഹരിച്ചുവരുന്നു. തരിശുഭൂമി കൃഷിചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

തോട്ടവിളകളുടെ വൈവിദ്ധ്യവത്ക്കരണം

93 (1078) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തോട്ടവിളകളുടെ വൈവിദ്ധ്യവത്ക്കരണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ തോട്ടവിളകളുടെ വികസനത്തിനും വൈവിദ്ധ്യവത്ക്കരണത്തിനുമായി - Revitalization of Agricultural Sector in Wayanad എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി Integrated Coffee Development, Integrated Pepper Development എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കാപ്പിത്തോട്ടങ്ങളുടെ വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച Integrated Coffee Development എന്ന പദ്ധതിയിൽ കാപ്പി കൃഷിയുടെ വിസ്തൃതി വ്യാപനം, നിലവിലെ കാപ്പിത്തോട്ടങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ, കണിക ജലസേചനം സ്ഥാപിക്കൽ, സംഭരണത്തിനും വിപണനത്തിനുമുള്ള സംവിധാനമൊരുക്കൽ എന്നീ ഘടകങ്ങൾക്ക് ആനുകൂല്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

Integrated Pepper Development എന്ന പദ്ധതി പ്രകാരം കുരുമുളക് തോട്ടങ്ങളുടെ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നത്. കുരുമുളക് കൃഷി വിസ്തൃതി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്രവികസനം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, സെക്കന്ററി/സൂക്ഷ്മമൂലകങ്ങളുടെ ഉപയോഗത്തിന് ധനസഹായം, പ്രചാരം, ജൈവകീടനാശിനി പ്രയോഗത്തിനായുള്ള ധനസഹായം, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ സ്ഥാപിക്കൽ, പുതിയ സാങ്കേതിക വിദ്യയുടെ പ്രചാരണത്തിന് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കാനുള്ള ധനസഹായം, കുരുമുളക് സമിതികളുടെ ശാക്തീകരണം എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിലേയ്ക്കായി 500 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജാതി, മഞ്ഞൾ, ഇഞ്ചി എന്നിവയുടെ കൃഷി വ്യാപനത്തിനായി 125 ലക്ഷം രൂപകൂടി വയനാട് ജില്ലയ്ക്കായി Revitalization of Agriculture Sector in Wayanad എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വാണിജ്യവിളകൾ ഉൾപ്പെടെയുള്ള തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപ ഇൻസെന്റീവ് കർഷകന് നൽകിവരുന്നു. ഇത് 01-04-2021 മുതൽ 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ കാർഷികാഭിവൃദ്ധിക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

94(1079) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷിയോഗ്യമായ പാടശേഖരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈപ്പിൻ മണ്ഡലത്തിലെ കൃഷിയോഗ്യമായ പാടശേഖരങ്ങളുടെ വിവരങ്ങൾ അനുബന്ധം-1+ ആയും പാടശേഖരങ്ങളുടെ വിസ്തീർണ്ണവും കൃഷി ചെയ്ത സ്ഥലത്തിന്റെ വിശദവിവരവും അനുബന്ധം-2+ ആയും ചേർക്കുന്നു.

(ബി) പ്രസ്തുത പാടശേഖരങ്ങളിൽ കൃഷിയുടെ അഭിവൃദ്ധിക്കായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഞാറയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന അഞ്ച് പഞ്ചായത്തുകളിൽ ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1) പി.കെ.വി.വൈ. വിത്ത് വില കുഴപ്പിള്ളി, എടവനക്കാട്, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട 20 ഹെക്ടർ വീതം വരുന്ന ഓരോ ക്ലസ്റ്ററിന് വിത്തിന്റെ വിലക്ക് ധനസഹായമായി ഹെക്ടറിന് 1,250 രൂപ വീതം ആകെ 60 ഹെക്ടറിന് ധനസഹായം നൽകുന്നു.

2) സ്പെഷ്യാലിറ്റി റൈസ് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതി പ്രകാരം പ്രത്യേക പാരിസ്ഥിതി പരിഗണന അർഹിക്കുന്ന നെൽകൃഷി സമ്പ്രദായങ്ങൾക്ക് നൽകുന്ന പ്രത്യേക ധനസഹായം എന്ന ഇനത്തിൽ ഉൾപ്പെടുത്തി ഒരു ഹെക്ടറിന് 10,000 രൂപ എന്ന നിരക്കിൽ 25 ഹെക്ടറിന് രണ്ടര ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3) ജനകീയാസൂത്രണ പദ്ധതി കൂലിച്ചിലവ് സബ്സിഡി @ 22000/ ഹെക്ടർ വൈപ്പിൻ മേഖലയുടെ പ്രത്യേകതകൾ കൃഷിസമ്പ്രദായം എന്ന നിലയിൽ പൊക്കാളി കൃഷിക്കുവേണ്ടി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ പൊക്കാളി കൃഷി ചെയ്യുന്ന മുഴുവൻ പ്രദേശങ്ങൾക്കും കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ ഹെക്ടറിന് 22000 രൂപ

നിരക്കിൽ ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമ പഞ്ചായത്തിലെയും സംയുക്ത പ്രോജക്ടായി തുക വകയിരുത്തിയിട്ടുണ്ട്.

കൃഷിഭവൻ അടിസ്ഥാനത്തിൽ ആകെ 78 ഹെക്ടർ സ്ഥലത്തേക്ക് തുക ഉൾപ്പെടുത്തിയിരിക്കുന്നു.

- -

എ) ഞാറക്കൽ - 10 ഹെക്ടർ

ബി) നായരമ്പലം - 20 ഹെക്ടർ

സി) എടവനക്കാട് - 20 ഹെക്ടർ

ഡി) കുഴുപ്പിള്ളി - 25 ഹെക്ടർ

ഇ) പള്ളിപ്പുറം - 3 ഹെക്ടർ

- -

ആകെ - 78 ഹെക്ടർ

= =

അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി 7 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കളമശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന മൂന്ന് പഞ്ചായത്തുകളിൽ ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ.

1) പ്രകൃതി കൃഷി വികസന പദ്ധതി പ്രകാരം കടമക്കുടി പഞ്ചായത്തിൽ നെൽവിത്തിന് ആനുകൂല്യം നൽകുന്നു. 70 ഹെക്ടർ സ്ഥലത്തിന് 1300 കിലോ പൊക്കാളി വിത്തിന് 87,000 രൂപ ആനുകൂല്യം നൽകുന്നു.

2) നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി (സ്പെഷ്യാലിറ്റി റൈസ് പദ്ധതി) ആകെ 35 ഹെക്ടറിന് 3,50,000/- രൂപ ആനുകൂല്യം നൽകുന്നു.

i) പേരനെല്ലൂർ - 1.5 ഹെക്ടർ - 15,000/- രൂപ

ii) എളംകുന്നപ്പുഴ - 3.5 ഹെക്ടർ - 35,000/- രൂപ

iii) കടമക്കുടി - 30 ഹെക്ടർ - 3,00,000/- രൂപ

3) ജനകീയാസൂത്രണം - കൂലിച്ചിലവ് ആകെ 74 .702 ഹെക്ടറിന് 16.43 ലക്ഷം രൂപ.

i) എളംകുന്നപ്പുഴ - 4.702 ഹെക്ടർ - 1,03,436/- രൂപ

ii) കടമക്കുടി - 70 ഹെക്ടർ - 15,40,000/- രൂപ

(സി) പ്രസ്തുത പാടശേഖരങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

1) ഞാറയ്ക്കൽ ബ്ലോക്ക് പി.കെ.വി.വൈ. പദ്ധതികൾ പ്രകാരം അഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന പദ്ധതികൾ പൊക്കാളി കൃഷിയിൽ നല്ല വിത്തിന്റെ അപര്യാപ്തത ഒരു പ്രതിസന്ധിയാണ്. വിളവ് മൂപ്പെത്തുന്ന അവസരത്തിൽ നെല്ലിക്കോഴിയുടെ ആക്രമണം വിളവിനെ ബാധിക്കുന്നു. ഈ വർഷം പൊക്കാളി ഒറിജിനൽ വിത്ത് ഉൽപാദിപ്പിക്കുന്നതിനുവേണ്ടി നെല്ലിക്കോഴി ശല്യം നിയന്ത്രിക്കുന്നതിന് പാടം വലയിട്ട് സംരക്ഷിക്കുന്നതിന് ഒരു മാതൃക കൃഷി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന വിത്ത് പരമ്പരാഗത രീതിയിൽ സൂക്ഷിച്ചുവയ്ക്കുന്നതിന് പാടശേഖര സമിതിക്ക് സീഡ് സ്റ്റോർ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്.

എ) പമ്പ് സെറ്റ് 10 എച്ച്.പി. മോട്ടോർ - 2 എണ്ണം
ബി) മെതിയന്ത്രം - 2 എണ്ണം
സി) സംരക്ഷിത വിത്തുല്പാദന യൂണിറ്റ് - 1 എണ്ണം
ഡി) വിത്ത് സംഭരണി - 1 എണ്ണം

കളമശേരി ബ്ലോക്ക് 1 കരി, കൈപ്പാട്, പൊക്കാളി മേഖലയിൽ നടപ്പാക്കുന്നതിന് സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

എ) പമ്പ് സെറ്റ് 10 എച്ച്.പി. - 2 എണ്ണം

ബി) മേതിയെന്ത്രം - 2 എണ്ണം

സി) നെല്ലിക്കോഴി ശല്ല്യം നിയന്ത്രിച്ച് പാടശേഖരങ്ങളിൽ വലയിട്ട് സംരക്ഷിത വിത്ത് ഉൽപ്പാദന യൂണിറ്റ് - 1 എണ്ണം

ഡി) നായരമ്പലം പഞ്ചായത്തിൽ കാപ്പ് പാടശേഖര സമാജത്തിൽ വിത്ത് സംഭരണി -1 എണ്ണം

2) പി.കെ.വി.വൈ. പദ്ധതി പ്രകാരം ഞാറക്കൽ, കളമശേരി ബ്ലോക്കുകളിലായി നെൽവിത്തിന് 1,250 രൂപ നിരക്കിൽ 135 ഹെക്ടറിലേയ്ക്ക് ധനസഹായം.

3) ജനകീയാസൂത്രണ പദ്ധതി പ്രകാരം പൊക്കാളി നെൽകൃഷിക്ക് ഹെക്ടറിന് 22,000 രൂപ നിരക്കിൽ കൂലിച്ചിലവ് ധനസഹായം.

4) സ്പെഷ്യലിറ്റി റൈസ് പദ്ധതി പ്രകാരം ഒരു ഹെക്ടറിന് പൊക്കാളി നെൽകൃഷിക്ക് 10,000 രൂപ ധനസഹായം കളമശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന മൂന്ന് പഞ്ചായത്തുകളിൽ 2021-22-ലും നടപ്പാക്കുന്നു. കൂടാതെ നെൽവിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

<u>കായംകുളം മണ്ഡലത്തിൽ കൃഷിവിസ്തൃതിയിൽ ഉണ്ടായ വർദ്ധനവ്</u>

95 (1080) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 ജൂൺ മാസത്തിനുശേഷം നെൽകൃഷി, എള്ള് കൃഷി, ഇടവിള കൃഷി എന്നിവയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ, ഉത്പാദനത്തിലുണ്ടായ വർദ്ധനവ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2016 ജൂൺ മാസത്തിനുശേഷം നെൽകൃഷി, എള്ള് കൃഷി, ഇടവിള കൃഷി എന്നിവയുടെ വിസ്തൃതിയിൽ ഉണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ, ഉത്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എന്നിവയുടെ 2020 വർഷം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

തഴക്കര കുടിവെള്ള പദ്ധതി

96(1081) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിയുടെ ശുദ്ധജല ടാങ്ക് നിർമ്മിക്കുന്നതിന് തഴക്കരയിൽ സ്ഥിതിചെയ്യുന്ന ജില്ലാ കൃഷി തോട്ടത്തിന്റെ സ്ഥലം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ഫലവൃക്ഷത്തൈ വിതരണ പദ്ധതി, എക്സോട്ടിക് ഫ്രൂട്ട് പ്ലാന്റ്സ്, നിലവിലെ പ്രോജനി ഓർച്ചാർഡ്, പ്ലാവ് പ്രോജനി, ജാതിത്തോട്ടം, കോക്കനട്ട് നഴ്സറി, ഓണക്കാല പച്ചക്കറി കൃഷി, വാഴക്കൃഷി, കുരുമുളക് വള്ളികളുടെ ഉത്പാദനം തുടങ്ങിയ കാർഷിക പദ്ധതികൾ നടപ്പിലാക്കിവരുന്നതിനാൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള പ്രസ്തുത ഭൂമി മറ്റ് പദ്ധതികൾക്ക് വിട്ടുനൽകാൻ നിർവ്വാഹമില്ല.

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള എൻ.ഒ.സി. ലഭ്യമാക്കിയോയെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും നവീകരണം

97(1082) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളും ജലസ്രോതസ്സുകളും നവീകരിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

&

(ബി) കുളങ്ങൾ നവീകരിക്കുന്ന പദ്ധതിക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ്. പദ്ധതി, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി, റീബിൽഡ് കേരള പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം ജല സ്രോതസ്സുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, കെ.എൽ.ഡി.സി. എന്നിവ മുഖേന നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിലെ നെല്ലിക്കുളം നവീകരണം, കൊഴിഞ്ഞാമ്പാറ കൃഷിഭവന് കീഴിലുള്ള വലിയേരി, മൂപ്പനേരി, ചേമനരി എന്നീ ജലസ്രോതസ്സുകൾ വൃത്തിയാക്കി ആഴപ്പെടുത്തി ജലനനാർച്ചിറക്കുളം സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ കൃഷി എഞ്ചിനീയറിംഗ് വിഭാഗം മുഖേന പൂർത്തീകരിക്കുകയും പരുതൂർ ഗ്രാമ പഞ്ചായത്തിലെ നനാർച്ചിറക്കുളം നവീകരണ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യം വഴി അടഞ്ഞ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലസേചനവും

ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 'സഹസ്രസരോവർ' എന്ന ബൃഹത്പദ്ധതി കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്നു. എക്കൽ നീക്കി കുളങ്ങളുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുക, തിട്ട ബലപ്പെടുത്തുന്നതിനുള്ള സംരക്ഷണ പ്രവർത്തനം, പടവുകളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ മണ്ഡലത്തിലെ കുളങ്ങൾ കൃഷി വകുപ്പ് മുഖേന നവീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 12 കുളങ്ങൾ കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനകാലത്ത് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നവീകരിക്കുകയും 3 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

റാന്നിയിൽ മിനി അഗ്രോ പാർക്ക്

98(1083) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ കാർഷിക വിഭവങ്ങളുടെയും നാണ്യവിളകളുടെയും നാടായ റാന്നിയിലെ ഉൽപ്പന്നങ്ങളെ റാന്നി ബ്രാൻഡ് എന്ന ജ്യോഗ്രഫിക് പ്രതീകത്തിൽ ലോക കമ്പോളത്തിലെത്തിക്കുന്നതിനെക്കുറിച്ച് പഠിക്കാനും റാന്നിയിൽ മിനി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുമുള്ള പഠന റിപ്പോർട്ട് തയ്യാറാക്കാനും നടപടി സ്വീകരിക്കുമോ;

&

(ബി) റാന്നിയിലെ കർഷകരിൽനിന്ന് നേരിട്ട് കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിച്ച് വിപണനം ചെയ്യുന്നതിനും കൂടുതൽ മാർക്കറ്റിംഗ് സാദ്ധ്യതകൾക്കായും റാന്നി ബ്രാൻഡ് ഔദ്യോഗികമാക്കാൻ വേണ്ട അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുമോ എന്നറിയിക്കാമോ?

പരിശോധിക്കുന്നതാണ്.

മലമ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

99(1084) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കൃഷി വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

&

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും അറിയിക്കാമോ?

NABARD RIDF XXV ട്രാഞ്ചെയിൽ ഉൾപ്പെടുത്തി മലമ്പുഴ അസംബ്ലി നിയോജക മണ്ഡലത്തിലെ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 17.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>വാമനപുരം മണ്ഡലത്തിലെ ജീവനി പദ്ധതി</u>

100(1085) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ജീവനി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വാമനപുരം കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ - 3,750 പച്ചക്കറി വിത്തുകിറ്റുകളും 24,210 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125-ഓളം മുരിങ്ങ, അഗത്തി തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. 1.3 ഹെക്ടർ സ്ഥലത്ത് തരിശുനില പച്ചക്കറി കൃഷി ചെയ്തു. വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടി പദ്ധതിയുടെ മികച്ച പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രചരണ പ്രവർത്തനം നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 15-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശനത്തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 150 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. കൃഷിഭവനുകീഴിൽ ഒരു ക്ലസ്റ്റർ പ്രവർത്തനക്ഷമമാണ്. കൂടാതെ ഒരു മഴമറ നിർമ്മിക്കുകയും ചെയ്തു. 24 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. 20 ഫാം ഫീൽഡ് സ്കൂളുകൾ സംഘടിപ്പിച്ചു. നിലവിൽ കൃഷിഭവനുകീഴിൽ ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ചചന്ത, ഇക്കോഷോപ്പ് എന്നിവ ഓരോന്നു വീതം

പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 2 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു.

കല്ലറ കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ - 2,900 പച്ചക്കറി വിത്തുകിറ്റുകളും 19,350 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125-ഓളം മുരിങ്ങ, അഗത്തി തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. 5 പൊതു സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപനം നടത്തി. 0.9 ഹെക്ടർ സ്ഥലത്ത് തരിശുനില പച്ചക്കറി കൃഷി ചെയ്തു. 2 വിവിധ ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിൽക്കൂടി പദ്ധതിയുടെ മികച്ച പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. ഒരു ഹോട്ട്സ്പോട്ട് കണ്ടെത്തി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രചരണ പ്രവർത്തനം നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 6-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 25 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശനത്തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 292 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള

പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. കൃഷിഭവനുകീഴിൽ 2 ക്ലസ്റ്ററുകൾ പ്രവർത്തനക്ഷമമാണ്. ആകെ 2 മഴമറകൾ നിർമ്മിച്ചു. 27 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. നിലവിൽ കൃഷിഭവനുകീഴിൽ ആഴ്ചചന്ത, ഇക്കോഷോപ്പ് എന്നിവ ഓരോന്നു വീതം പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 2 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു. 21 വിത്ത് കൈമാറ്റ കൂട്ടായ്മ സംഘടിപ്പിച്ചു. 5 ക്യാമ്പയിനുകൾ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് 3 അനുബന്ധ പദ്ധതികൾ തയ്യാറാക്കി.

പാങ്ങോട് കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ - 29,000 പച്ചക്കറി വിത്തുകിറ്റുകളും 19,450 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125-ഓളം മുരിങ്ങ, അഗത്തി തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. 6 പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപനം നടത്തി. 2.3 ഹെക്ടർ സ്ഥലത്ത് തരിശുനില പച്ചക്കറി കൃഷി ചെയ്തു. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രചരണ പ്രവർത്തനം നടത്തി. കൃഷി പാഠശാലകളിലൂടെ

കർഷകർക്കായി 20-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 15 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശന തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 30 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. 30 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. നിലവിൽ കൃഷിഭവന് കീഴിൽ (GAP) ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ചചന്ത എന്നിവ ഓരോന്നു വീതം പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 2 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു. 2 ക്യാമ്പയിനുകൾ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ടു നടപ്പിലാക്കി. പെരിങ്ങമല കൃഷിഭവനിൽ നിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ 2,650 പച്ചക്കറി വിത്തുകിറ്റുകളും 19,350 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125-ഓളം മുരിങ്ങ, അഗത്തി തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. 0.3045 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില പച്ചക്കറി കൃഷി ചെയ്തു. 2 വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ കൂടി പദ്ധതിയുടെ മികച്ച പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. 2 എണ്ണം ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം

പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് 4 പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 6-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 25 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശന തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 210 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. 12 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. ഒരു ബയോ ഫാർമസിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി. നിലവിൽ കൃഷിഭവന് കീഴിൽ ആഴ്ചചന്ത, ഇക്കോഷോപ്പ് എന്നിവ ഓരോന്നുവീതം പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 4 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു. 21 വിത്ത് കൈമാറ്റ കൂട്ടായ്മ സംഘടിപ്പിച്ചു. 5 ക്യാമ്പയിനുകൾ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. നന്ദിയോട് കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ 2,500 പച്ചക്കറി വിത്തുകിറ്റുകളും 19,350 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125 ഓളം മുരിങ്ങ, അഗത്തി തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. 2.36 ഹെക്ടർ സ്ഥലത്ത് തരിശുനില പച്ചക്കറി കൃഷി ചെയ്തു. 2 വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ

കൂടി പദ്ധതിയുടെ മികച്ച പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതു ജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രചരണ പ്രവർത്തനം നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 6-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 18 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശന തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 405 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. കൃഷിഭവനുകീഴിൽ ഒരു ക്ലസ്റ്റർ പ്രവർത്തനക്ഷമമാണ്. ആകെ 2 മഴമറ നിർമ്മിച്ചു. 22 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. നിലവിൽ കൃഷിഭവനുകീഴിൽ ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ചചന്ത എന്നിവ ഓരോന്നുവീതം പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 2 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു. 1 വിത്ത് കൈമാറ്റ കൂട്ടായ്മ സംഘടിപ്പിച്ചു. 2 കുടുംബയിനുകൾ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി.

പുല്ലമ്പാറ കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ - 3,300 പച്ചക്കറി വിത്തുകിറ്റുകളും 19,350 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125-ഓളം മുരിങ്ങ, അഗത്തി

തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. ഒരു പൊതു/സ്വകാര്യ സ്ഥാപനത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപനം നടത്തി. 2.2 ഹെക്ടർ സ്ഥലത്ത് തരിശുനില പച്ചക്കറി കൃഷി ചെയ്തു. 7 വിവിധ ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിൽക്കൂടി പദ്ധതിയുടെ മികച്ച പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് 2 പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 6-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 15 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശന തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 145 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. കൃഷിഭവനു കീഴിൽ 2 ക്ലസ്റ്റർ പ്രവർത്തനക്ഷമമാണ്. ആകെ 2 മഴമറകൾ നിർമ്മിച്ചു. 24 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. 13 ഫാം ഫീൽഡ് സ്കൂളുകൾ സംഘടിപ്പിച്ചു. നിലവിൽ കൃഷിഭവനുകീഴിൽ ആഴ്ചചന്ത, ഇക്കോഷോപ്പ് എന്നിവ ഓരോന്നുവീതം പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 2 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു. 15

വിത്ത് കൈമാറ്റ കൂട്ടായ്മ സംഘടിപ്പിച്ചു. 15 ക്യാമ്പയിനുകൾ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് 8 അനുബന്ധ പദ്ധതികൾ തയ്യാറാക്കി. നെല്ലനാട് കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ 4,125 പച്ചക്കറി വിത്തുകിറ്റുകളും 28,250 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125-ഓളം മുരിങ്ങ, അഗത്തി തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. ഒരു പൊതു/സ്വകാര്യ സ്ഥാപനത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപനം നടത്തി. സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് 2 പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 10-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 16 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശന തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 15 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. കൃഷിഭവനു കീഴിൽ 2 ക്ലസ്റ്റർ പ്രവർത്തനക്ഷമമാണ്. 15 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. നിലവിൽ കൃഷിഭവനുകീഴിൽ ബി.എൽ.എഫ്.ഒ.

വിപണി, ആഴ്ചചന്ത, ഇക്കോഷോപ്പ് എന്നിവ ഓരോന്നുവീതം പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 2 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു.

ആനാട് കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ - 5,250 പച്ചക്കറി വിത്തുകിറ്റുകളും 12,800 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതു ജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് 2 പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 5-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 21 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശന തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 15 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. കൃഷിഭവനു കീഴിൽ ഒരു ക്ലസ്റ്റർ പ്രവർത്തനക്ഷമമാണ്. ഒരു സൂക്ഷ്മജലസേചന യൂണിറ്റ് സ്ഥാപിച്ചു. ഒരു ഫാം ഫീൽഡ് സ്കൂൾ സംഘടിപ്പിച്ചു. 2 ബയോ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. ഒരു മൂല്യവർദ്ധിത യൂണിറ്റ് പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ ഒരു പച്ചക്കറി സ്റ്റാളും

ചന്തയും സംഘടിപ്പിച്ചു. 12 ക്യാമ്പയിനുകൾ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ടു നടപ്പിലാക്കി. 50 ഹെക്ടർ ഉൾപ്പെടുന്ന ഒരു ‘ ജീവനി പച്ചക്കറി ഗ്രാമം’ നാമകരണം ചെയ്തു.

പനവൂർ കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ - 5,250 പച്ചക്കറി വിത്തുകിറ്റുകളും 12,250 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് 2 പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 5-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. 19 ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശന തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമപ്രദേശങ്ങളിലെ 15 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. ഒരു സൂക്ഷ്മജലസേചന യൂണിറ്റ് സ്ഥാപിച്ചു. ഒരു ഫാം ഫീൽഡ് സ്കൂൾ സംഘടിപ്പിച്ചു. ഒരു ബയോ ഫാർമസിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി. നിലവിൽ കൃഷിഭവനുകീഴിൽ ആഴ്ചചന്ത, മൂല്യവർദ്ധിത യൂണിറ്റ് എന്നിവ ഓരോന്നുവീതം പ്രവർത്തിക്കുന്നു. 12 ക്യാമ്പയിനുകൾ ജീവനി പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആദിവാസി കോളനികൾ, സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ?

പാങ്ങോട് കൃഷിഭവനിൽ അടപ്പുപാറ കോളനി, വെള്ളയം ദേശം എന്നീ ആദിവാസി കോളനികളും ഗവണ്മെന്റ് എൽ.പി.എസ്. ഭരതന്നൂർ, താജ് എൽ.പി.എസ്.വി.കെ. പൊയ്ക, ജി.എച്ച്.എസ്. ഭരതന്നൂർ, കെ.വി.യു.പി.എസ്. പഴവിള എന്നീ സ്കൂളുകളും തെരഞ്ഞെടുത്തിട്ടുണ്ട്. പുല്ലമ്പാറ കൃഷിഭവനിൽ ജനത ജി.എച്ച്.എസ്. തേമ്പാമൂട് എന്ന സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നെല്ലനാട് കൃഷിഭവനിൽ കതിർ ബഡ്സ് സ്കൂൾ പനയറത്തെ തിരഞ്ഞെടുത്തു. ആനാട് കൃഷിഭവനിൽ ഗവണ്മെന്റ് എൽ.പി.എസ്. ആനാട് തെരെഞ്ഞെടുക്കപ്പെട്ടു. പനവൂർ കൃഷിഭവനിൽ പി.എം.കെ.വി.എച്ച്.എസ്.എസ്.എം. പനവൂർ, ഗവണ്മെന്റ് യു.പി.എസ്. ആറ്റുകാൽ, ഗവണ്മെന്റ് യു.പി.എസ്. ആറ്റിൻപുറം, ഗവണ്മെന്റ് എൽ.പി.എസ്. പനയമുറ്റം, ഗവണ്മെന്റ് യു.പി.എസ്. പേരയം എന്നീ സ്കൂളുകളും വില്ലേജ് ഓഫീസ് പനവൂർ, പി.എച്ച്.സി. പനവൂർ, ജനകീയ ഹോട്ടൽ പനവൂർ, അഗ്രോ സർവ്വീസ് സെന്റർ പനയം, ഹോമിയോ ക്ലിനിക്ക്

പനവൂർ എന്നീ പൊതുസ്ഥാപനങ്ങളും പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തു.

കൃഷി ആവശ്യത്തിന് വൈദ്യുതി

101(1086) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉണ്ട്.

(ബി) പുതിയതായി പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് എന്തൊക്കെ നിബന്ധനകളാണ് നിഷ്കർഷിച്ചിരിക്കുന്നത്; വിശദമാക്കാമോ?

കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം വൈദ്യുതി സൗജന്യത്തിനുള്ള അർഹത സംബന്ധിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ കർഷകർ.

ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

iv) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭ്രപരിധിയില്ല.

ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾ

102(1087) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ എത്ര കൃഷിഭവനുകൾക്ക് സ്വന്തമായി ഓഫിസ് കെട്ടിടമുണ്ട്; വ്യക്തമാക്കുമോ?

നിലവിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ വിൽവട്ടം, ഒല്ലൂർ, ക്കർക്കഞ്ചേരി, അയ്യന്തോൾ എന്നീ നാല് കൃഷി ഭവനുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട്. കൂടാതെ ഒല്ലൂക്കര കൃഷി ഭവന്റെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

(ബി) സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത കൃഷിഭവനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത തൃശ്ശൂർ കൃഷി ഭവൻ നിലവിൽ ജില്ലാ കാർഷിക സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കൃഷി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കാർഷികരംഗത്ത് യുവാക്കളുടെ പ്രാതിനിധ്യം

103(1088) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹനം നൽകാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ അറിവ്, പരിശീലനം, പ്രയോഗം, ഫലപ്രദമായ മാർക്കറ്റിംഗ് സംവിധാനം എന്നിവ ആവശ്യംവേണ്ട ഘടകങ്ങളാണ്. കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹനം നല്കാൻ കൃഷി പാഠശാല, ഇന്റേൺഷിപ് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൃഷി പാഠശാല - 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ചുതന്നെ നല്ല കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓൺലൈൻ മുഖേന നടത്തുന്ന പരിശീലന പരിപാടികൾ എല്ലാ കർഷകരിലും

പ്രത്യേകിച്ച് യുവാക്കളിൽ കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമാണ്. വെബിനാറുകളായി നടത്തുന്ന പരിശീലനങ്ങൾ കൂടുതൽ കൃഷിക്കാർക്ക് ഉപകാരപ്രദമായിത്തീരുന്നു. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

ഇന്റേൺഷിപ് പരിപാടി - വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ ത്തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ് പരിപാടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ തയ്യാറെടുക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന കൃഷിക്കാരോട് നേരിട്ടിടപെടുന്ന കൃഷി ഭവനുകളിൽ കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിട്ടിടപെടാനും പഠിക്കാനും പരിശീലനം ലഭിക്കാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) ഈ രംഗത്ത് കൂടുതൽ ആളുകളെ ആകർഷിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാർഷിക രംഗത്ത് കൂടുതൽ ആളുകളെ ആകർഷിക്കാൻ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളും പുതിയ പദ്ധതികളും താഴെ ചേർക്കുന്നു. ഹൈ-ടെക്-അഗ്രിക്കൾച്ചർ പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉല്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉല്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 64 അഗ്രോ സർവ്വീസ് സെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനമുപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. പച്ചക്കറി കൃഷി വികസന പദ്ധതി ഇതിന്റെ ഭാഗമായി

മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രമഫലമായി പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉല്പാദനത്തിനായി മിനി പോളിഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. $10m^2$, $20m^2$ എന്നീ അളവുകളിൽ മിനി പോളിഹൗസുകളിൽ അടുക്കളത്തോട്ടം സ്ഥാപിക്കുന്നതിന് ചെലവിന്റെ 75% സബ്സിഡിയായി പരമാവധി യഥാക്രമം 45,000/- രൂപയും 60,000/- രൂപയും നൽകുന്നതാണ്. ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽത്തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000/- രൂപ ക്രമത്തിൽ

ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷി വകുപ്പ് മുഖാന്തരം നൽകുന്നതാണ്.

കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ - കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എസ്.എഫ്.എ.സി. മുഖാന്തിരം കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകിവരുന്നു.

അഗ്രോ പാർക്ക് - കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് അഗ്രോ പാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതാണ്. സംരഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധിക വില നേടിയെടുക്കാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തിരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ

ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തിരം സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകിവരുന്നു. പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്. ഹൈടെക്

കൃഷിരീതി, മിനി പോളിഹൗസുകൾ, ഊർജ്ജരഹിത ക്ലൗചേമ്പറുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും, സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും, ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾ വഴി നൽകിവരുന്നു.

പുതിയ പദ്ധതികൾ

സ്മാർട്ട് കൃഷിഭവനുകൾ - 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിക്കുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൃഷിഭവനുകൾക്ക് ആധുനിക മുഖം നൽകിക്കൊണ്ട് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കർഷകർക്ക് വിവിധ സേവനങ്ങൾ ഉടനടി സുതാര്യമായും കാര്യക്ഷമതയോടുംകൂടി നേരിട്ട് കർഷകരിലേക്കെത്തിക്കുകയും കർഷകർക്കാവശ്യമായ വിവിധ വിവരങ്ങൾ അവരുടെ വിരൽത്തുമ്പിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷിഭവനുകൾ. ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഇത്തരം സംവിധാനങ്ങളും കൃഷിയിലെ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള വിവരവും ഓൺലൈൻ വിപണന സംവിധാനങ്ങളും കൂടുതൽ യുവാക്കളെ

കൃഷിഭവനുകളിലേക്കെത്തിക്കാനും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും സഹായകരമാവും.

ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം - അഗ്രി-ഓൺലൈൻ പ്ലാറ്റ്ഫോം ഫോർ ഇ-ട്രേഡിങ്ങ് ആൻഡ് ബ്ലോക്ക് ചെയിൻ ഡാറ്റ മാനേജ്മന്റ് സംവിധാനം ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വിളകളുടെ സംഭരണത്തിനും വിപണനത്തിനുമുള്ളതാണ്. കർഷകരുടെ പക്കൽനിന്നും നേരിട്ട് സംഭരിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച്, മിനിമൽ പ്രോസസ്സിംഗ് നടത്തി നേരിട്ട് ഉപഭോക്താക്കളിലേയ്ക്കെത്തിക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമും സംഭരണ വിതരണ സംവിധാനമാണിത്. 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്.

കർഷക ക്ഷേമനിധി ബോർഡ്

104(1089) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019- ലെ 26-ാം നമ്പർ ആക്ട്) 11-ാം വകുപ്പ് ഒന്നാം ഉപ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായും കേരള സർക്കാർ 2020 ഒക്ടോബർ മാസം 13-ാം തീയതി അസാധാരണ ഗസറ്റ് നമ്പർ 708/2020 പ്രകാരം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ആഫീസുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചു വരുന്നത്. കേരള കർഷകക്ഷേമ നിധി പദ്ധതി അംഗീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡിന്റെ പ്രവർത്തനങ്ങളുടെ ആദ്യപടിയായി നിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ സോഫ്റ്റ്വെയർ CDIT-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി വരുന്നു. സോഫ്റ്റ്വെയർ തയ്യാറാകുന്ന മുറയ്ക്ക് അംഗത്വ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൃഷി ഭൂമി

105(1090) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിലെ കൂത്താളി കൃഷി ഭവന് കീഴിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇതിൽ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ?

40 ഹെക്ടർ ഭൂമിയുണ്ട്. ആയതിൽ 30 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തുവരുന്നു.

(ബി) നിലവിൽ എന്തൊക്കെ കൃഷികളാണ് ഇവിടെ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, ജാതി, കടച്ചക്ക, സപ്പോർട്ട, കശുമാവ്, പേര, റംബൂട്ടാൻ, മാങ്കോസ്റ്റിൻ, ബട്ടർഫ്രൂട്ട്, ബുഷ് ഓറഞ്ച്, ഇറ്റാലിയൻ ലമൺ, ബാങ്കോക്ക് ചാമ്പ, വാഴ, ചാമ്പ, ചതുരപ്പുളി, കുടംപുളി, പപ്പായ, മറ്റ് ഫലവൃക്ഷങ്ങൾ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, ചേന, കപ്പ, പച്ചക്കറി കൃഷി, അലങ്കാര ചെടികൾ എന്നിവ കൃഷി ചെയ്തുവരുന്നു.

(സി) ഇവിടെ എത്ര ഉദ്യോഗസ്ഥരും എത്ര സ്ഥിരം തൊഴിലാളികളും എത്ര കരാർ തൊഴിലാളികളുമുണ്ടെന്ന് വിശദമാക്കുമോ?

ഉദ്യോഗസ്ഥർ - 13; സ്ഥിരം തൊഴിലാളികൾ - 66; കരാർ തൊഴിലാളികൾ - 61.

(ഡി) കൃഷി ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27-07-2020-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നോ; പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ?

27-07-2020-ൽ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസിലൂടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ചുവടെപ്പറയുന്ന മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

1) കൃഷി വകുപ്പ് ഡയറക്ടർ; 2) ഡയറക്ടറേറ്റിലെ മറ്റ് ബന്ധപ്പെട്ട ഓഫീസർമാർ; 3) കോഴിക്കോട് പി.എ.ഒ.; 4) ഫാം അധികാരികൾ.

(ഇ) പ്രസ്തുത യോഗത്തിൽ എന്തൊക്കെ കാര്യങ്ങൾ തീരുമാനിച്ചുവെന്നും ആയതനുസരിച്ച് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

യോഗതീരുമാനങ്ങൾ

1) കാഷ്വൽ തൊഴിലാളികൾക്ക് പ്രതിമാസം നിശ്ചിത ദിനങ്ങളിൽ തൊഴിൽ ലഭ്യമാക്കണമെന്ന നിലവിലുള്ള സർക്കുലർ പ്രകാരം കൃത്താളി ഫാമിലും തൊഴിൽ ലഭ്യമാക്കേണ്ടതാണ്.
2) ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും 15 ദിവസങ്ങൾക്കകം പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ തലത്തിൽ സമയബന്ധിതമായി നടപടി പൂർത്തിയാക്കേണ്ടതുമാണ്. കൃഷി ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (ഫാംസ്) ടി ഫാം ഉടൻതന്നെ സന്ദർശിക്കുകയും ഈ വിഷയത്തിലെ നടപടി റിപ്പോർട്ട് 05-08-2020-ന് ചേരുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.
3) സംസ്ഥാനത്തെ എല്ലാ ഫാമുകളിലും നിലവിലുള്ള തരിശ് കണ്ടെത്തി സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും ഒരു മാസത്തിനകം നടപ്പിലാക്കേണ്ടതുമാണ്.
4) ഫാമിലെ ക്ലർക്കിനെതിരെയുള്ള പരാതി പരിശോധിച്ച് നടപടി സ്വീകരിച്ച് 29-07-2020-ന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

27-07-2020-ൽ നടന്ന യോഗ തീരുമാനപ്രകാരം കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ (ഫാംസ്) 28-07-2020, 29-07-2020 തീയതികളിൽ ഫാം സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് യോഗം കൂടുകയും ഫാമിന്റെ വികസനത്തിനുവേണ്ടുന്ന വിവിധ മാർഗ്ഗങ്ങൾ

കണ്ടെത്തുകയും ചെയ്തതിനോടൊപ്പം 05-08-2020-ന് നടത്തിയ തുടർ യോഗത്തിന്റെ തീരുമാന പ്രകാരം ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു.

1) 10-08-2021 മുതൽ ഫാമിലെ എല്ലാ കാഷ്വൽ തൊഴിലാളികൾക്കും പ്രതിമാസം കുറഞ്ഞത് 15 ദിവസം തൊഴിൽ നൽകാൻ തീരുമാനിച്ചിരുന്നു. അതുപ്രകാരം നടപടികൾ എടുത്തിട്ടുണ്ട്.
2) ചിങ്ങേരി എക്സ്റ്റൻഷൻ സെന്ററിൽ സേവനമനുഷ്ഠിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സായിറാം ഹരിദാസിനെ കൂത്താളി ഫാമിന്റെ സൂപ്രണ്ടായി നിയമിക്കുന്നതിന് തീരുമാനിച്ചു. ആയത് നടപ്പിലാക്കിയിട്ടുണ്ട്.
3) കൂത്താളി ഫാമിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്ന് ആക്ഷേപം ഉയർന്ന ക്ലാർക്ക് സ്ഥാനക്കയറ്റം ലഭിച്ച് മാറിപ്പോയിട്ടുണ്ട്.
4) ഫാമിന്റെ പരിശീലന കേന്ദ്രത്തിൽ കേരള സംസ്ഥാന അഗ്രോ മെക്കനൈസേഷൻ മിഷൻ പരിശീലനങ്ങൾ നടത്തിത്തുടങ്ങിയിട്ടുണ്ട്.
5) ഫാമിൽ തരിശായി കിടക്കുന്ന 10 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>മണ്ണപര്യവേഷണ – മണ്ണസംരക്ഷണ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ</u>

106 (1091) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുപര്യവേഷണ-മണ്ണുസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എം-ബുക്കിൽ രേഖപ്പെടുത്തുന്ന ജീവനക്കാരുടെ പദവികൾ എന്തെല്ലാമാണെന്നും അവരുടെ സാങ്കേതിക യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ജി.ഒ.(എം.എസ്.) നമ്പർ 3/2021/അഗ്രി, 08-01-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ അളവുകൾ മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ യോഗ്യത ചുവടെ ചേർക്കുന്നു.

മണ്ണ് സംരക്ഷണ ഓഫീസർ

നേരിട്ടുള്ള നിയമനം: - അഗ്രിക്കൾച്ചർ ബിരുദം

ബൈട്രാൻസ്ഫർ നിയമനം:-

1) സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഡിപ്ലോമ; OR
2) കെ.ജി.റ്റി.ഇ. അല്ലെങ്കിൽ എം.ജി.റ്റി.ഇ. സിവിൽ എഞ്ചിനീയറിംഗ് വിഷയത്തിൽ കുറഞ്ഞത് മൂന്ന് വിഷയം ഹയർ പാസ്സായിരിക്കണം; OR

3) ഡ്രാഫ്റ്റ്സ്മാൻ (സിവിൽ/മെക്കാനിക്കൽ) ട്രേഡിൽ അല്ലെങ്കിൽ സർവ്വേയർ ട്രേഡിൽ ഐ.റ്റി.ഐ. സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

അസിസ്റ്റന്റ് എഞ്ചിനീയർ

നേരിട്ടുള്ള നിയമനം - സിവിൽ എഞ്ചിനീയറിംഗ്/അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

ബൈട്രാൻസ്ഫർ നിയമനം -

1) സിവിൽ/അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ഡിപ്ലോമ; OR
2) കെ.ജി.റ്റി.ഇ. അല്ലെങ്കിൽ എം.ജി.റ്റി.ഇ. സിവിൽ എഞ്ചിനീയറിംഗ് വിഷയത്തിൽ കുറഞ്ഞത് മൂന്ന് വിഷയം ഹയർ പാസ്സായിരിക്കണം; OR
3) ഡ്രാഫ്റ്റ്സ്മാൻ (സിവിൽ/ മെക്കാനിക്കൽ) ട്രേഡിൽ അല്ലെങ്കിൽ സർവ്വേയർ ട്രേഡിൽ ഐ.റ്റി.ഐ. സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(ബി) പ്രസ്തുത വകുപ്പിലെ പ്രവൃത്തികൾ എം-ബുക്കിൽ രേഖപ്പെടുത്തുന്നതിനാവശ്യമായ ജീവനക്കാർ ലഭ്യമാണോയെന്നും ഇല്ലെങ്കിൽ അത് എങ്ങനെ പരിഹരിക്കുമെന്നും വ്യക്തമാക്കുമോ?

നിലവിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ എം.ബുക്കിൽ രേഖപ്പെടുത്തുന്നതിനാവശ്യമായ ജീവനക്കാർ ലഭ്യമാണ്.

(സി) ഈ വകുപ്പിൽ മൊത്തം എത്ര സാങ്കേതിക വിഭാഗം ജീവനക്കാരുണ്ടെന്നും അവർക്ക് അതത് സമയങ്ങളിൽ ലഭ്യമാകേണ്ട പ്രൊമോഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

വകുപ്പിൽ നിലവിൽ 576 സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകളുണ്ട്. അനുവദിച്ച തസ്തികകളുടെ എണ്ണം നിലനിർത്തി സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിവരുന്നു.

സോയിൽ കൺസർവേഷൻ പദ്ധതികൾ

107(1092) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ കൺസർവേഷൻ വകുപ്പ് നാദാപുരം മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്താൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

കാവിലുംപാറ പഞ്ചായത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 250 ലക്ഷം രൂപ അടങ്കലുള്ള ഓടേരിപ്പൊയിൽ നീർത്തട പദ്ധതി, ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 25-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 98.94 ലക്ഷം രൂപ അടങ്കലുള്ള ആനക്കുളം നീർത്തടപദ്ധതി, മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി

വാണിമേൽ പഞ്ചായത്തിലെ 9, 10 വാർഡുകളിൽ നടപ്പിലാക്കുന്ന 67 ലക്ഷം രൂപ അടങ്കലുള്ള പാനോം നീർത്തട പദ്ധതി, റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ (കേരള പുനർ നിർമ്മാണ പദ്ധതി) ഉൾപ്പെടുത്തി 220.77 ലക്ഷം രൂപ അടങ്കലുള്ള കരണ്ടോട് നീർത്തടം പദ്ധതി എന്നീ തുടർ പദ്ധതികൾ മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ നാദാപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മരുതോങ്കര പഞ്ചായത്തിലെ 1, 3, 4, 5, 11, 12 വാർഡുകളിലായുള്ള മണ്ണൂർ നീർത്തട പദ്ധതി നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 27-ാം ഘട്ടത്തിൽ ഉൾപ്പെടുത്താനാകുമോയെന്ന് പരിശോധിച്ചുവരുന്നു.

(ബി) തുണേരി ബ്ലോക്കിൽപ്പെട്ട എടച്ചേരി ഗ്രാമ പഞ്ചായത്തിലെ മണ്ണ്-ജല സംരക്ഷണത്തിന് സമർപ്പിക്കപ്പെട്ട പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്രകാരമുള്ള ഒരു പദ്ധതി സർക്കാരിൽ ലഭ്യമായിട്ടില്ല.

<u>കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫിന്റെ നിയമനം</u>

108(1093) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിലെ ഫാം സ്റ്റാഫിന്റെ നിയമനം വർഷങ്ങളായി നടക്കാറില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഫാം സ്റ്റാഫിന്റെ നിയമനം അടുത്തിടെ നടന്നിട്ടില്ലെങ്കിലും ലഭ്യമായ ജീവനക്കാരുടെയും ശാസ്ത്രജ്ഞരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തേയും ഗവേഷണ പ്രവർത്തനങ്ങളേയും ബാധിക്കാത്തവിധം പ്രവർത്തനം നടത്തിവരുന്നു.

(ബി) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ അഭാവം സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തേയും ഗവേഷണ പ്രവർത്തനങ്ങളേയും ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഫാം സ്റ്റാഫിന്റെ നിയമനം അടുത്തിടെ നടന്നിട്ടില്ലെങ്കിലും ലഭ്യമായ ജീവനക്കാരുടെയും ശാസ്ത്രജ്ഞരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തേയും ഗവേഷണ പ്രവർത്തനങ്ങളേയും ബാധിക്കാത്തവിധം പ്രവർത്തനം നടത്തിവരുന്നു.

<u>കാർഷിക കോളേജുകളിലെ എന്റമോളജി അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം</u>

109(1094) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ GA/K1/34376/2012 നമ്പർ, 03-03-2016-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഇന്റർവ്യൂ കഴിഞ്ഞ വിവിധ കാർഷിക കോളേജുകളിലെ അഗ്രികൾച്ചറൽ എന്റമോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

കേരള കാർഷിക സർവ്വകലാശാലയിൽ അഗ്രികൾച്ചറൽ എന്റമോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിലവിൽ നാല് ഒഴിവുകളാണുള്ളത്.

(ബി) എത്രപേരുടെ റാങ്ക് പട്ടികയാണ് നിലവിൽ തയ്യാറാക്കിയതെന്നും എത്രപേരെ നിലവിൽ വിവിധ കോളേജുകളിൽ നിയമിച്ചിട്ടുണ്ടെന്നും ഇനി എത്ര പേരെ നിയമിക്കുമെന്നും വിശദമാക്കാമോ?

അഗ്രികൾച്ചറൽ എന്റമോളജി വിഭാഗത്തിൽ 48 പേരുടെ റാങ്ക് പട്ടികയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പട്ടികയിൽനിന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അഗ്രി. എന്റമോളജി വിഭാഗത്തിൽ 19 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി. റാങ്ക് പട്ടികയുടെ കാലാവധി

അവസാനിക്കുന്നതിനുള്ളിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്താനാകുന്നതാണ്.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുമ്പോൾ ഒഴിവുകൾ പൂർണ്ണമായും നികത്താൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിന്റെ കാലാവധി 17-08-2021-ന് അവസാനിക്കുന്നതാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചുവരുന്നു.

കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് നിയമനം

110(1095) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് ജീവനക്കാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്വങ്ങളും വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ അവസാനമായി നിയമനങ്ങൾ നടന്നത് എപ്പോഴാണെന്ന് അറിയിക്കാമോ?

ഫാം ഓഫീസർ തസ്തികയിൽ അവസാനമായി നിയമനം നടന്നത് 2010-ലാണ്. കേരള കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം ഫാം ജീവനക്കാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്തങ്ങളും ചുവടെ ചേർക്കുന്നു.

1) To supervise labourers working in the experimental field and to see that the labourers engaged work according to the norms fixed.
2) To maintain attendance of labourers engaged and to prepare their muster rolls.
3) To supervise the work which do not require the presence of higher officers.
4) To assist the teaching staff in the conduct of practical classes like giving training to students in ploughing, preparation of composts, poting of flower plants etc.
5) To take responsibility for the safety of the experimental crop from sowing to the harvest.
6) To help research staff in recording observations in the field.
7) Such other duties as may be prescribed by the controlling officers.

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജീവനക്കാരുടെ അഭാവം സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

നിലവിൽ ഫാം ഓഫീസർ (അഗ്രി) വിഭാഗത്തിൽ 87 തസ്തികകളിൽ ഒഴിവുണ്ട്. ലഭ്യമായ ജീവനക്കാരുടെയും ശാസ്ത്രജ്ഞരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തെയും ഗവേഷണ പ്രവർത്തനങ്ങളെയും ബാധിക്കാത്തവിധം പ്രവർത്തനം നടത്തിവരുന്നു.

(സി) ഈ തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഫാം ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നതിന് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള കാർഷിക സർവകലാശാല വി.സി.-യുടെ യോഗ്യത

111(1096) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാല വി.സി.-യുടെ യോഗ്യത വ്യാജമാണെന്ന ആക്ഷേപം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് അന്വേഷണമാണ് നിലവിൽ നടക്കുന്നതെന്ന് അറിയിക്കുമോ;

&

(ബി) നിലവിലെ കേരള കാർഷിക സർവകലാശാല വി.സി.-യുടെ വിദ്യാഭ്യാസ യോഗ്യതകൾ വെളിപ്പെടുത്താമോ?

കേരള കാർഷിക സർവകലാശാല വി.സി.-യുടെ യോഗ്യത വ്യാജമാണെന്ന പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. സർക്കാർ പ്രസ്തുത പരാതി പരിശോധിച്ചുവരികയാണ്. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ആർ. ചന്ദ്രബാബു തന്റെ വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച് നൽകിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ

112(1097) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിൽ പുത്തൻതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

113(1098) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി. കോളേജുകൾ പ്രവർത്തിക്കുന്നതിന് യു.ജി.സി. മാനദണ്ഡപ്രകാരം ആവശ്യമായ സ്ഥലം എത്രയെന്ന് വ്യക്തമാക്കാമോ?

യു.ജി.സി. മാനദണ്ഡപ്രകാരം കോളേജുകൾക്ക് അഫിലിയേഷനു വേണ്ടി മെഗാസിറ്റികളിൽ 1.5 ഏക്കർ സ്ഥലവും മെട്രോപൊളിറ്റൻ സിറ്റികളിൽ രണ്ടേക്കർ സ്ഥലവും മറ്റ് നഗരങ്ങളിൽ 5 ഏക്കർ സ്ഥലവുമാണ് നിഷ്കർഷിട്ടുള്ളത്.

(ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും മറ്റ് സൗകര്യങ്ങളും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(സി) ഇവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവയുടെ വിവരം ലഭ്യമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്കെല്ലാം സ്വന്തമായി സ്ഥലവും കെട്ടിടങ്ങളുമില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു:-

1) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി
2) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുത്തൻവേലിക്കര
3) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന
4) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം
5) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, നാദാപുരം
6) മോഡൽ കോളേജ്, മീനങ്ങാടി
7) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അട്ടപ്പാടി
8) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മല്ലപ്പള്ളി

(ഡി) പ്രസ്തുത കോളേജുകൾ തുടർന്നും നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്ഥാപനങ്ങൾക്കായി ഭൂമി വില കൊടുത്ത് വാങ്ങാൻ സാധിക്കുകയില്ല. ആയതിനാൽ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും സഹായത്തോടെ സർക്കാർ ഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ സൗജന്യമായി ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

(ഇ) വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് സ്ഥാപനങ്ങൾക്കായി ഭൂമി വില കൊടുത്ത് വാങ്ങാൻ സാധിക്കുകയില്ല. ആയതിനാൽ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും

സഹായത്തോടെ സർക്കാർ ഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ സൗജന്യമായി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ നടപടി

114(1099) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാമോ;

&

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ആക്കിത്തീർക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

• കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺ ലൈൻ ക്ലാസുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE - Online Resource Initiative of Collegiate Education] സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ധരുടെ ക്ലാസുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

• വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നല്കുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani -College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് & സയൻസ് കോളേജുകളിൽ നടപ്പിലാക്കി.

• റൂസ ഒന്നാംഘട്ട പദ്ധതി പ്രകാരം 6 സർവ്വകലാശാല കളിൽ 20 കോടി രൂപ വീതവും രണ്ടാം ഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

• സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളി ടെക്നിക് കോളേജുകളിൽ AICTE അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

• അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

• ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

• കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ

ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി & എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്.

• എഞ്ചിനിയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.

• CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.

• എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.

• നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

• അസാപിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സ്ത്രീശാക്തീകരണത്തിനായുള്ള She Skills-2019 പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ട്

ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു.

• സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർ സർവകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കി.

• സംസ്ഥാനത്തെ സർവ്വകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകൾ വരെ ഓൺലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ മുഖേന നടത്താനായി.

• പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച

പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദികളൊരുക്കി Students Leaders' Conclave - സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാലാ, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനത്തിന് പദ്ധതിക്ക് തുടക്കമായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം - For The Students - നിലവിൽ വന്നു. ആർട്സ് & സയൻസ് കോളേജുകളിൽ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികൾ. സർവ്വകലാശാലാ സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തി.

• വിദേശ സർവ്വകലാശാലകളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികളിൽ നേതൃത്വപാടവം വളർത്തുന്നതിനും കോളേജ് യൂണിയൻ പ്രതിനിധികൾക്കായി ലീഡ് പ്രോഗ്രാം നടത്തപ്പെട്ടു.

• വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തി വരുന്നു.

• ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. എറുഡെയ്റ്റ് പദ്ധതി പ്രകാരം 3 നോബൽ സമ്മാന ജേതാക്കളും ഒരു ആബേൽ സമ്മാനജേതാവും ഒരു ബുക്കർ സമ്മാനജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചു.

• കണ്ണൂർ ജില്ലയിലെ കണ്ണവം, പിണറായി ഗ്രാമപഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനൂർ, കുറ്റിപ്പുറം, കൊണ്ടോട്ടി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ഇടുക്കി ജില്ലയിലെ കൊന്നത്തടി, എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക്കുകൾ, വയനാട് ജില്ലയിൽ ഒരു മാതൃകാ ഡിഗ്രി കോളേജ് എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ആവശ്യത്തിന് അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദൂരവിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

115(1100) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഏതെല്ലാം സർവ്വകലാശാലകളാണ് 2020-21 അദ്ധ്യയന വർഷത്തിൽ വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

2020-21 കാലഘട്ടത്തിൽ യു.ജി.സി അംഗീകാരത്തോടെ ആകെ 8287 പേർക്ക് വിവിധ യു.ജി., പി.ജി. പ്രോഗ്രാമുകളിലായി കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ പഠന വകുപ്പ് വഴി പ്രവേശനം

നൽകിയിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വഴി 33,600 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിലൊന്നും വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തിയിട്ടില്ല.

കോളേജ് വിദ്യാഭ്യാസവും ഓൺലൈൻ ക്ലാസുകളും

116(1101) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് സാഹചര്യത്തിൽ പഠനം ഓൺലൈനായി മാറിയത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് സാഹചര്യത്തിൽ പഠനം ഓൺലൈനായി മാറിയത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ

117(1102) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാലയങ്ങളിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ കലാലയങ്ങളിൽ നിലവിൽ 45 ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളുണ്ട്.

(ബി) ഈ അദ്ധ്യയന വർഷം എത്ര ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളാണ് പുതുതായി ആരംഭിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ അദ്ധ്യയന വർഷം പുതിയ ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

<u>ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി</u>

118(1103) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറിറ്റും സാമൂഹ്യനീതിയും ഗുണനിലവാരവും ഒരുപോലെ ഉറപ്പുവരുത്തുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതിക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(സി) കേരളത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് അനുയോജ്യമായ തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പുനഃക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

• കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE - Online Resource Initiative of Collegiate Education] സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ധരുടെ ക്ലാസുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

• വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നല്കുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani - College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് & സയൻസ് കോളേജുകളിൽ നടപ്പിലാക്കി.

• റൂസ ഒന്നാംഘട്ട പദ്ധതി പ്രകാരം 6 സർവ്വകലാശാലകളിൽ 20 കോടി രൂപ വീതവും രണ്ടാംഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

• സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

• അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

• ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

• കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി & എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്.

• എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.

• CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.

• എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.

• നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

• അസാപിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിൽ. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണത്തിനായുള്ള She Skills-2019 പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ടുലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു.

• ചെന്നൈ ഐ.ഐ.റ്റി.-യും സംസ്ഥാന കാലാവസ്ഥാവ്യതിയാന വകുപ്പും മൂന്നാർ എഞ്ചിനീയറിംഗ് കോളേജും സംയുക്തമായി ചേർന്ന് കേരളത്തിലെ കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ഒരു High Altitude Laboratory മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചിട്ടുണ്ട്.

• സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർസർവ്വകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർഥ്യമാക്കി.

• സംസ്ഥാനത്തെ സർവകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകൾ വരെ ഓൺലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ മുഖേന നടത്താനായി.

• പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ

ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദികളൊരുക്കി Students Leaders' Conclave - സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാലാ, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശരാജ്യങ്ങളിൽ പരിശീലനത്തിനുള്ള പദ്ധതിക്ക് തുടക്കമായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺ ലൈൻ പരാതിപരിഹാര സംവിധാനം - For The Students - നിലവിൽവന്നു. ആർട്സ് & സയൻസ് കോളേജുകളിൽ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികൾ. സർവ്വകലാശാലാ സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം എന്നിവ ഉറപ്പുവരുത്തി.

• വിദേശ സർവ്വകലാശാലകളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികളിൽ നേതൃത്വപാടവം വളർത്തുന്നതിനും കോളേജ് യൂണിയൻ പ്രതിനിധികൾക്കായി ലീഡ് പ്രോഗ്രാം നടത്തപ്പെട്ടു.

• സാങ്കേതിക സർവ്വകലാശാലയും വിദേശ സർവ്വകലാശാലകളുമായി ചേർന്ന് പഠനം സാദ്ധ്യമാക്കുന്നതിനായുള്ള "കൊളാബോറേഷൻ ആൻഡ്

ട്രിന്നിങ് പ്രോഗ്രാമിനുള്ള" മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

• വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തി വരുന്നു.

• ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. എറുഡെയ്റ്റ് പദ്ധതി പ്രകാരം 3 നോബൽ സമ്മാന ജേതാക്കളും ഒരു ആബേൽ സമ്മാന ജേതാവും ഒരു ബുക്കർ സമ്മാന ജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചു.

• കണ്ണൂർ ജില്ലയിലെ കണ്ണവം, പിണറായി ഗ്രാമപഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനൂർ, കുറ്റിപ്പുറം, കൊണ്ടോട്ടി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ഇടുക്കി ജില്ലയിലെ കൊന്നത്തടി, എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക്കുകൾ, വയനാട് ജില്ലയിൽ ഒരു മാതൃകാ ഡിഗ്രി കോളേജ് എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം

119(1104) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം നൽകുന്നതിനുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ആശ്രിതനിയമനം നൽകുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(പി)നം 10/2020/ഉ.വി.വ. 17-02-2020 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

സർക്കാർ മേഖലയിൽ അനുവദിച്ച കോളേജുകൾ

120(1105) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സർക്കാർ മേഖലയിൽ എത്ര കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിൽ നാല് സർക്കാർ കോളേജുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അവയുടെ വിശദാംശം ലഭ്യമാക്കാമോ?

1) സർക്കാർ കോളേജ്, വൈപ്പിൻ;

2) സർക്കാർ ആർട്സ് & സയൻസ് കോളേജ്, കിനാലൂർ, കരിന്തളം;

3) സർക്കാർ ആർട്സ് &സയൻസ് കോളേജ്, തോലന്നൂർ, തൃശ്ശൂർ, പാലക്കാട്;

4) സർക്കാർ ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ, പൂപ്പാറ, ഇടുക്കി.

(സി) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സർക്കാർ മേഖലയിൽ കോളേജുകൾ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

കേരള സയൻസ് സിറ്റി

121(1106) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് കോഴാക്കരയിൽ യാഥാർത്ഥ്യമാകുന്ന കേരള സയൻസ് സിറ്റിയുടെ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

2023 ജനുവരി മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങളിൽ വന്നിരിക്കുന്ന കാലതാമസം പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഇതിനോടകം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; സമയബന്ധിതമായി ഇക്കാര്യങ്ങൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ?

പരിശോധിച്ചിട്ടുണ്ട്. 11-02-2020-ലെ യോഗതീരുമാനത്തിൽ ഉൾപ്പെട്ട ഒരു വിഭാഗവും (Habitat, HLL, KSSTM) തീരുമാനങ്ങൾ സമയബന്ധിതമായി പ്രാവർത്തികമാക്കിയിട്ടില്ല. 2015 ഏപ്രിലിൽ കരാർ ഉടമ്പടി പ്രകാരം HLL-ന് നൽകിയ സ്പേസ് തിയേറ്റർ കെട്ടിടം 2016-ൽ തന്നെ പണി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത

കെട്ടിടത്തിന്റെ മൈക്രോ കോൺക്രീറ്റിംഗ് ചെയ്യുന്നതിലെ പ്രശ്നങ്ങൾ കാരണം 2017 മുതൽ നിർമ്മാണം നിലച്ചിരിക്കുകയായിരുന്നു. 20-02-2020-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനപ്രകാരം 2020 ആഗസ്റ്റ് മുതൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. മൈക്രോ കോൺക്രീറ്റിംഗിലെ പ്രശ്നപരിഹാരത്തിനായിട്ടുള്ള ബദൽ നിർദേശങ്ങൾ, സാങ്കേതിക കമ്മിറ്റി, കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയം ഗവേണിംഗ് ബോഡി എന്നിവയുടെ അനുമതിക്ക് വിധേയമായി പ്രാവർത്തികമാക്കുന്നതാണ്. 2015 സെപ്റ്റംബർ മാസം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 7 മാസ പൂർത്തീകരണ കാലാവധിയിൽ നൽകിയ 'എഡ്യൂടെയ്ൻമെന്റ് കംബോണൻസ്' നിർമ്മാണവും പൂർണമായി പൂർത്തീകരിച്ചിട്ടില്ല. കൂടാതെ, ഈ പദ്ധതി ജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനായി ഒട്ടനവധി പ്രവർത്തികൾ ചെയ്യേണ്ടതായിട്ടുണ്ട്. ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കേരള സയൻസ് സിറ്റിക്കുവേണ്ടി ഇതിനകം പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; പൂർത്തീകരിക്കാൻ

അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; എത്ര സമയത്തിനുള്ളിൽ ഇക്കാര്യങ്ങൾ പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

പദ്ധതികൾ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. പൂർത്തിയാക്കേണ്ട പദ്ധതികളുടെയും അവ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയക്രമവും (ആവശ്യമായി വരുന്ന തുക ലഭ്യമാകുന്ന മുറയ്ക്ക്) അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു.+

(ഇ) സയൻസ് സിറ്റിയുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്; ഇനി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പാക്കാനുള്ളത്; കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പൂർത്തീകരണത്തിന് കൂടുതൽ തുക ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്; ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്?

സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെന്ററിന്റെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ 7.25 കോടി രൂപയാണ് അനുവദിച്ചത്. സയൻസ് സിറ്റിയിലെ സയൻസ് സെന്റർ നിർമ്മാണം കേന്ദ്ര-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ 14.50 കോടി രൂപ മുതൽമുടക്കിലാണ് നിർവഹിക്കുന്നത്. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയമാണ് പദ്ധതി നിർവഹണ ഏജൻസി. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 7.25 കോടി രൂപ 2015-ൽ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 90 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ടുപയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ലാത്തതിനാൽ കേന്ദ്ര വിഹിതത്തിന്റെ ഉപയോഗ വിവരം ലഭ്യമല്ല. സയൻസ് സിറ്റിയുടെ സയൻസ് സെന്റർ ഒഴികെയുള്ള നിർമ്മാണം പൂർത്തീകരിക്കാൻ ഏകദേശം 45 കോടി രൂപകൂടി ആവശ്യമാണ്. ഇതിനായി അടിയന്തിരമായി ഒരു യോഗം വിളിച്ച് ചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കേരള സയൻസ് സിറ്റിയുടെ ആദ്യ അവലോകനയോഗം വരുന്ന നിയമസഭാ സമ്മേളന കാലയളവിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ?

യോഗം വിളിച്ചുചേർക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>കോളേജുകളിൽ നൂതന കോഴ്സുകൾ തുടങ്ങുവാൻ നടപടി</u>

122(1107) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നൂതന കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സ.ഉ.(എം.എസ്.) നം.389/2020/ഉ.വി.വ.,05-11-2020, സ.ഉ.(എം.എസ്.) നം.473/2020/ഉ.വി.വ., 30-12-2020, സ.ഉ.(എം.എസ്.) നം.112/2021/ഉ.വി.വ.,17-02-2021, സ.ഉ.(എം.എസ്.) നം.150/2021/ഉ.വി.വ. 25-02-2021 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം 2020-21 അദ്ധ്യയന വർഷത്തിൽ നൂതന കോഴ്സുകൾ ഉൾപ്പടെ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021-22 അധ്യയന വർഷത്തിൽ നൂതന കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(ബി) മുൻസർക്കാരിന്റെ കാലത്ത് സർക്കാർ/എയ്ഡഡ് കോളേജുകളിൽ എത്ര അധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 400 പുതിയ അധ്യാപക തസ്തികകളും, എയ്ഡഡ് ആർട്സ്

& സയൻസ് കോളേജുകളിൽ 753 പുതിയ അധ്യാപക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 132 അനദ്ധ്യാപക തസ്തികകൾ (3 സൂപ്പർന്യൂമറി തസ്തികകൾ ഉൾപ്പടെ) സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>മലപ്പുറത്തെ സർക്കാർ കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഒഴിവുകൾ</u>

123(1108) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ഭരണപരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഭരണപരമായും അക്കാദമികപരമായുമുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രസ്തുത ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കൊണ്ടുണ്ടാകുന്ന പ്രതിസന്ധി ഒഴിവാക്കാനായി സ്ഥാപനങ്ങളിലെ വൈസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രിൻസിപ്പാൾ/സീനിയർ അദ്ധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോടുകൂടിയ പൂർണ്ണ അധിക ചുമതല നല്കിയിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയിലെ നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(സി) ജില്ലയിലെ വിവിധ സർക്കാർ കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ വിവിധ സർക്കാർ കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ ചുവടെ ചേർക്കുന്നു. നിലവിലുള്ള അദ്ധ്യാപക ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതാണ്.

അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം

124(1109) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കിയിട്ടുണ്ടോ?

ഗവൺമെന്റ് ടെയിനിംഗ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ വരുന്ന ബി.എഡ്. കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) മറ്റ് വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനങ്ങൾക്ക് പ്രവർത്തി പരിചയം ആവശ്യമില്ലെന്നിരിക്കെ ബി.എഡ്. കോളേജുകളിലെ പ്രസ്തുത തസ്തികയിലും പ്രവർത്തി പരിചയം ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

<u>തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടമാറ്റം</u>

125(1110) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിന് പുതിയ കെട്ടിടമൊരുക്കിയിട്ടും പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിനായി നിർമ്മിച്ച പുതിയ കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ചില ന്യൂനതകൾ നിലനിൽക്കുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കോളേജ് അധികൃതർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ആരാണെന്ന് വിശദമാക്കാമോ?

ഐ.എച്ച്.ആർ.ഡി. കോളേജും പൊതുമരാമത്ത് വകുപ്പും ഗ്രാമപഞ്ചായത്തും ചേർന്നാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(ഡി) പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പി.ടി.എ.-യുടെയും പഞ്ചായത്തിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും സഹകരണത്തോടെ കോളേജ് അധികൃതർ സ്വീകരിച്ചുവരുന്നുണ്ട്.

സി.കെ.ജി. കോളേജിന്റെ സ്ഥലം വിട്ടുനൽകൽ

126 (1111) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 1-ന് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചേംബറിൽ വെച്ച് പേരാമ്പ്ര താലൂക്കാശുപത്രിയ്ക്കുവേണ്ടി സി.കെ.ജി. കോളേജിന്റെ രണ്ട് ഏക്കർ സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ഒരു ഉന്നതതലയോഗം ചേർന്നിരുന്നോയെന്നും യോഗത്തിൽ ആരൊക്കെ പങ്കെടുത്തിരുന്നുവെന്നും വ്യക്തമാക്കുമോ?

മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ വിവരങ്ങൾ ലഭ്യമല്ല.

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ?

മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ വിവരങ്ങൾ ലഭ്യമല്ല.

(സി) യോഗതീരുമാനം അനുസരിച്ച് സ്ഥലം വിട്ടുനൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കോളേജിന്റെ ഒരേക്കർ ഭൂമി പേരാമ്പ്ര താലൂക്കാശുപത്രിയുടെ വികസന ആവശ്യങ്ങൾ പരിഗണിച്ച് ഇതിനോടകം വിട്ടുനൽകിയിട്ടുണ്ട്. അതുകൂടാതെ രണ്ടേക്കർ സ്ഥലമാണ് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ കോളേജിന്റെ ആകെ ഭൂമിയിൽ മൂന്നിൽ രണ്ട് ഭാഗവും മലനിരകളാണ്. കോളേജിന്റെ ഭാവി വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും പര്യാപ്തമായ സ്ഥലം ആശുപത്രിക്കായി ആവശ്യപ്പെട്ടിട്ടുള്ള നിരപ്പായ സ്ഥലം മാത്രമാണ്. കൂടാതെ ആ ഭാഗത്ത് വനിതാ ഹോസ്റ്റൽ സ്ഥിതിചെയ്യുന്നുമുണ്ട്. കോളേജിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്കും കോളേജിന്റെയും വനിതാ ഹോസ്റ്റലിന്റെയും സുരക്ഷിതത്വത്തിന് ഉചിതമാവുകയില്ലെന്നാണ് കോളേജ് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇതുവരെ നിരാക്ഷേപ പത്രം നൽകിയിട്ടില്ല.

വൈപ്പിൻ ഗവൺമെന്റ് കോളേജിന് യു.ജി.സി. അംഗീകാരം

127(1112) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ജനസാന്ദ്രതയുള്ള ദ്വീപായ വൈപ്പിൻ മണ്ഡലത്തിലെ ഏക സർക്കാർ കലാലയമായ വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് യു.ജി.സി. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാകുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന് യു.ജി.സി. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള താത്കാലിക അംഗീകാരം (2F) ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിന് യു.ജി.സി. അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത കോളേജിന്റെ സമഗ്രവികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉപയോഗപ്രദമായ ഭൂമി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വൈപ്പിൻ പ്രദേശത്ത് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭ്യമല്ലെന്ന് റവന്യൂ അധികാരികളും അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിർമ്മാണം സാദ്ധ്യമാകുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി ലഭ്യമാക്കി നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം മാത്രമേ യു.ജി.സി.-യുടെ സ്ഥിരം അംഗീകാരം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

നാദാപുരം കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി

128(1113) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതിയും ടെണ്ടർ നടപടികളും പൂർത്തിയായ നാദാപുരം കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് നാളിതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നാദാപുരം സർക്കാർ കോളേജിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണങ്ങൾ നടത്തുന്നതിന് ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും മൂപ്പൻ ആസെക്ട് എന്ന സ്ഥാപനത്തിന് കരാർ നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

2022 ജൂലൈ മാസം പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മൂന്നാർ സർക്കാർ ആർട്സ് കോളേജ്

129(1114) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ സർക്കാർ ആർട്സ് കോളേജ് പുതുക്കി പണിയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത കോളേജ് പുതുക്കി പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മൂന്നാർ സർക്കാർ കോളേജ് മാറ്റിസ്ഥാപിക്കുന്നതിനായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമിയിൽനിന്നും ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് തീരുമാനമെടുത്തിരുന്നു. ടി സാഹചര്യത്തിൽ എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമിയിൽ മൂന്നാർ കോളേജ് മാറ്റിസ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി മൂന്നാർ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർവ്വഹണ ഏജൻസിയായി കിഫ്ബി ചുമതലപ്പെടുത്തിയിട്ടുള്ള കിറ്റ്കോ രണ്ട് പ്ലോട്ടുകളിൽ സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. പ്ലോട്ട് -1 എഞ്ചിനീയറിംഗ് കോളേജ് മെയിൻ ക്യാമ്പസ് സ്ഥിതി ചെയ്യുന്നതല്ലാതെ ദൂരെ മാറി ബോയ്സ് ഹോസ്റ്റൽ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയോട് ചേർന്ന ഭാഗം. പ്ലോട്ട്-2 നിലവിൽ എഞ്ചിനീയറിംഗ് കോളേജിന്റെ ഗ്രൗണ്ട് ഉൾപ്പെടുന്ന സ്ഥലം. പഠനം നടത്തിയ രണ്ട് പ്ലോട്ടുകളിൽ പ്ലോട്ട്-1 ആണ് കോളേജ് നിർമ്മാണത്തിന് ഉചിതമെന്നും കിറ്റ്കോ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഭൂമിയിലേയ്ക്കുള്ള പ്രധാന റോഡ് ധാരാളം വീടുകൾ നിറഞ്ഞ

കോളനിക്കുള്ളിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ കോളേജ് നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനും കുട്ടികൾക്ക് കോളേജിൽ എത്തുന്നതിനും ബുദ്ധിമുട്ടുണ്ടാകാൻ ഇടയുണ്ട്. ഭാവിയിൽ നിലവിലുള്ള റോഡിന്റെ വീതി കൂട്ടി വികസിപ്പിക്കലും സാധ്യമാകില്ല. എന്നാൽ പ്ലോട്ട് ഒന്നിലേയ്ക്ക് പുതിയ റോഡ് നിർമ്മിക്കുകയാണെങ്കിൽ അത് കോളേജ് സ്ഥാപിക്കുന്നതിനും ഭാവി വികസനത്തിനും അനുയോജ്യമായിരിക്കും. ടാറ്റയുടെ ഭൂമിയിലൂടെയോ പ്രസ്തുത ഭൂമിയുടെ അതിർത്തിയിലൂടെയോ വഴി നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോളേജ് നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമിയിലേയ്ക്ക് റോഡ് സൗകര്യം ലഭ്യമാകുകയാണെങ്കിൽ ഭൂമി ഏറ്റെടുത്ത് കോളേജ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

<u>ഗവൺമെന്റ് മടപ്പള്ളി കോളേജിലെ വികസന പ്രവർത്തനങ്ങൾ</u>

130(1115) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മടപ്പള്ളി കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്നതും പ്രൊപ്പോസ്

ചെയ്തിട്ടുള്ളതുമായ പ്രവൃത്തികൾ എതൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ

1) പി.ജി. ബ്ലോക്കിനുവേണ്ടി സെന്റർ ഓഫ് എക്സലൻസിൽ ഒന്നരക്കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇത് പൂർത്തീകരിക്കുന്നതിനുവേണ്ടി ഇനിയും മുപ്പത് ലക്ഷത്തോളം രൂപ ആവശ്യമുണ്ട്.
2) ലൈബ്രറി/കാന്റീൻ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി ഫണ്ടിൽനിന്നും അനുവദിച്ച 4.32 കോടി രൂപയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.
3) ഇൻഡോർ സ്റ്റേഡിയത്തിന് റൂസ ഫണ്ടിൽനിന്നും അനുവദിച്ച 75 ലക്ഷം രൂപയ്ക്ക് പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂരയയും മറ്റ് ഫിനിഷിംഗ് വർക്കിനുംവേണ്ടി 3.87 കോടി രൂപയുടെ ആവശ്യമുണ്ട്.

പ്രൊപ്പോസ് ചെയ്തിട്ടുള്ള പദ്ധതികൾ

1) കോളേജ് ചുറ്റുമതിൽ നിർമ്മാണം;

2) സെമിനാർ കോപ്ലക്സ് നിർമ്മാണം;

3) ലേഡീസ് ഹോസ്റ്റൽ വാച്ച്മാൻ കാബിൻ നിർമ്മാണം.

(ബി) 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള ഗവൺമെന്റ് മടപ്പള്ളി കോളേജിലെ സയൻസ് ബ്ലോക്കിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കോളേജിൽ സെമിനാർ ഹാൾ നിർമ്മിക്കുന്നതിനുവേണ്ടി പ്രൊപ്പോസ് ചെയ്തിട്ടുള്ള പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഭരണാനുമതി അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) എൻ.എ.എ.സി. സ്കീമിൽ ഉൾപ്പെടുത്തി മടപ്പള്ളി കോളേജിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(ഇ) പ്രസ്തുത പ്രവൃത്തിക്കായി എത്ര തുകയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്നും എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഈ പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ?

(എഫ്) മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂരയും ഫിനിഷിംഗ് വർക്കും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ടി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ ബാക്കി 3.87 കോടി രൂപ ആവശ്യമുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്.

<u>ചവറ സർക്കാർ കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം</u>

131(1116) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വികസന പ്രവർത്തനങ്ങൾ നടക്കുന്ന ചവറ സർക്കാർ കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി പ്രദേശത്തെ വ്യക്തിയുമായി നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉണ്ട്. ചവറ ബി.ജെ.എം. സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപപ്രദേശത്തെ വ്യക്തിയുമായി നിലനിൽക്കുന്ന നാല് കേസുകളിൽ രണ്ട് കേസുകളിൽ കോളേജിന് അനുകൂലമായ വിധി ഉണ്ടായെങ്കിലും അതിനെതിരെ പരാതിക്കാരൻ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. രണ്ട് കേസുകളിൽ ബഹുമാനപ്പെട്ട കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല.

<u>മഞ്ചേശ്വരം ഗോവിന്ദപൈ സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ</u>

132(1117) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ സർക്കാർ കോളേജിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണുള്ളതെന്ന് അറിയിക്കാമോ?

ബി.എ. കന്നട, ബി.ടി.ടി.എം, ബി.കോം കോ-ഓപ്പറേഷൻ, ബി.എസ്സി സ്റ്റാറ്റിസ്റ്റിക്സ് എന്നീ യു.ജി. കോഴ്സുകളും എം.കോം ഫിനാൻസ്, എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ്, എം.ടി.ടി.എം എന്നീ പി.ജി. കോഴ്സുകളുമുണ്ട്.

(ബി) പ്രസ്തുത കോളേജിൽ പുതിയ ഡിഗ്രി, പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

പുതിയ കോഴ്സുകൾക്കായി യൂണിവേഴ്സിറ്റി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

<u>കുളത്തൂർ സർക്കാർ കോളേജിൽ പുതുതായി അനുവദിച്ച കോഴ്സുകൾ</u>

133(1118) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ സർക്കാർ കോളേജിൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര കുളത്തൂർ സർക്കാർ കോളേജിൽ 2020-21 അദ്ധ്യയന വർഷത്തിൽ എം.എ. ഇംഗ്ലീഷ് കോഴ്സ് തുടങ്ങാൻ അനുമതി നൽകിയിരുന്നു.

(ബി) അപ്രകാരം അനുവദിച്ച കോഴ്സുകൾക്ക് സർവ്വകലാശാല അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2020-21 അദ്ധ്യയനവർഷത്തിലേയ്ക്ക് കോളേജ് പ്രസ്തുത കോഴ്സ് തുടങ്ങുന്നതിനായി അപേക്ഷിക്കാത്തതിനാൽ ടി അദ്ധ്യയന വർഷം സർവ്വകലാശാല പുതിയ കോഴ്സുകളൊന്നും അനുവദിച്ചിരുന്നില്ല. 2021-22 അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രസ്തുത കോളേജ് എം.എ. ഇംഗ്ലീഷ് കോഴ്സിന് അപേക്ഷിച്ചിട്ടുണ്ട്.

കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം.
ആർട്സ് & സയൻസ് കോളേജ്

134(1119) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മുപ്പത് ക്ലാസ് മുറികൾ ഒഴിഞ്ഞുകിടക്കുന്ന കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിൽ ഇക്കണോമിക്സ് ബിരുദാനന്തര ബിരുദം, ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.എ. ഫിസിക്കൽ സയൻസ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനായി റവന്യൂ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒരു ആർട്സ് & സയൻസ് കോളേജിന് വേണ്ടുന്ന മിനിമം സ്ഥലവിസ്തൃതി അഞ്ചേക്കർ ആണെന്നിരിക്കെ 1.6 ഏക്കർ മാത്രമുള്ള

കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ കാഞ്ഞിരംകുളം സർക്കാർ കോളേജ് സ്ഥിതിചെയ്യുന്ന 1.6 ഏക്കർ ഭൂമിയുടെ അടുത്ത പ്രദേശത്തുള്ള ഭൂമി കോളേജിനുവേണ്ടി വിട്ടുനൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിരുന്നു. എന്നാൽ സമ്മതപത്രം ലഭിച്ചിട്ടുള്ള ഭൂമി നിലവിൽ കോളേജ് സ്ഥിതിചെയ്യുന്ന ഭൂമിയോട് ചേർന്നുള്ളതല്ല. അതുകൊണ്ടുതന്നെ ഭാവിയിൽ യു.ജി.സി. അംഗീകാരവും നാക് അംഗീകാരവും ലഭിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. അതിനാൽ കോളേജിനോട് ചേർന്ന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

തലശ്ശേരി-ക്കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ ജല സംഭരണി നിർമ്മാണം

135(1120) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-ക്കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് ജല സംഭരണി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ചൊക്ലി ഗവണ്മെന്റ്

കോളേജിൽ കണ്ടെത്തിയതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിൽ ചൊക്ലി കോളേജിന്റെ സ്ഥലത്ത് തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിനുള്ള ഉപയോഗാനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്ത വിഷയം സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

&

(ബി) കുടിവെള്ള പദ്ധതിയുടെ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

ടി വിഷയം സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭ്യമായ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

<u>വാമനപുരത്ത് സർക്കാർ കോളേജ് ആരംഭിക്കാൻ നടപടി</u>

136(1121) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വാമനപുരം മണ്ഡലത്തിൽ വാമനപുരം കേന്ദ്രമാക്കി ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോളേജ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ലെന്ന വിവരം B3/330/2018/ഉ.വി.വ, 02.06.2020-ലെ കത്ത് പ്രകാരം സ്ഥലം എം.എൽ.എ.-യെ അറിയിച്ചിരുന്നു.

നിലമ്പൂർ ആർട്സ് & സയൻസ് കോളേജിലെ അസൗകര്യങ്ങൾ

137(1122) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ആർട്സ് & സയൻസ് കോളേജിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

നിലമ്പൂർ സർക്കാർ ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനായി അർത്ഥനാപത്രവും മറ്റ് അനുബന്ധ രേഖകളും മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) കോളേജ് നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടം സൗകര്യങ്ങൾ കുറവുള്ളതും ആവശ്യമായ ക്ലാസ് മുറികൾ ഇല്ലാത്തതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അദ്ധ്യയന വർഷം മുതൽ ക്ലാസുകൾ ആരംഭിക്കേണ്ടിവരുമ്പോൾ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായി വരുമോ എന്നറിയിക്കുമോ?

ഉണ്ട്. നിലവിൽ കോളേജിലെ ക്ലാസുകൾ ഓൺലൈൻ സംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കി കോളേജിൽ സാധാരണഗതിയിലുള്ള അദ്ധ്യയനം ആരംഭിക്കുന്നതിനുമുൻപ് തന്നെ ഭൂമി ഏറ്റെടുക്കൽ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) നിലമ്പൂർ സർക്കാർ കോളേജിനുവേണ്ടി പൂക്കോട്ടുംപാടത്ത് കണ്ടെത്തിയ സ്ഥലത്ത് താത്കാലിക കെട്ടിടം നിർമ്മിക്കുന്നതിന്

നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്ഥലമേറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സന്നദ്ധമാകുമോ?

ഭൂമിയേറ്റെടുക്കൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ.ഉ.(സാധാ) നം. 937/2021/ഉ. വി.വ, 20/07/2021 പ്രകാരം നിലമ്പൂർ ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന 12,07,30,379/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കോളേജിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാത്തതിനാൽ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കാമോ?

സ.ഉ.(കൈ) നം.123/2020/ഉ.വി.വ. 13/03/2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നിലമ്പൂർ സർക്കാർ കോളേജിൽ ഒരു പ്രിൻസിപ്പാൾ തസ്തികയും അദ്ധ്യാപക തസ്തികകളും സ.ഉ.(കൈ)/ 121/2021/ഉ.വി.വ., 18/02/2021-ലെ സർക്കാർ ഉത്തരവ് പ്രകാരം 12 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മാതൃകാ കോളേജ്

138(1123) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം മാനന്തവാടി നിയോജകമണ്ഡലത്തിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ കേന്ദ്ര വിഹിതമായ 7.2 കോടി രൂപ നാളിതുവരെയും ലഭ്യമായിട്ടില്ല എന്നതാണ് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

(ബി) ഇവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേന്ദ്രം നിഷ്കർഷിച്ചിരുന്ന എല്ലാ മാനദണ്ഡങ്ങളും റൂസാ സംസ്ഥാന പദ്ധതി കാര്യാലയവും സംസ്ഥാന സർക്കാരും യഥാസമയം നിർവ്വഹിച്ചിട്ടുണ്ട്. 15/07/2021-ൽ ഇതുവരെ റൂസാ സംസ്ഥാന പദ്ധതി കാര്യാലയം സ്വീകരിച്ച നടപടികൾ ക്രോഡീകരിച്ച് റൂസാ ദേശീയ കോഡിനേറ്റർക്ക് അയച്ചുനൽകുകയും പദ്ധതി വിഹിതം അടിയന്തരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം

139(1124) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായോ; ആയത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ പരിഗണിക്കാനാകില്ലെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്.

മാനന്തവാടിയിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ്

140(1125) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ രൂസ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മാതൃകാ ഡിഗ്രി കോളേജിന് സർക്കാർ പത്തേക്കർ സ്ഥലം അനുവദിക്കുകയും റവന്യൂ അധികാരികൾ സ്ഥലം അളന്ന് തിരിച്ച് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൽപ്പറ്റ ഗവ. കോളേജ് പ്രിൻസിപ്പൽ പ്രസ്തുത 10 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് 15/07/2021-ൽ ഇതുവരെയുള്ള നടപടികൾ ക്രോഡീകരിച്ച് റൂസാ ദേശീയ കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് നൽകുകയും കേന്ദ്ര പദ്ധതി വിഹിതം അടിയന്തരമായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി ഇനി സ്വീകരിക്കേണ്ടതുണ്ടോ?

സംസ്ഥാന സർക്കാരും റൂസാ സംസ്ഥാന പദ്ധതി കാര്യാലയവും കേന്ദ്ര നിർദ്ദേശപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തികരിച്ചിട്ടുണ്ട്.

<u>അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ വികസനം</u>

141(1126) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ ഭാവി വികസനത്തിന് ആവശ്യമായ ഭൂമി കെ.എസ്.ഐ.ഡി.സി.-യിൽനിന്നും വിട്ടുകിട്ടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യിൽനിന്നും ഭൂമി വിട്ടുകിട്ടുന്ന കാര്യത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(ബി) പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യിൽനിന്നും ഭൂമി വിട്ടുകിട്ടുന്ന കാര്യത്തിൽ വ്യവസായ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ

142(1127) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക സർക്കാർ വനിതാ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന്

അറിയിക്കുമോ;

&

(ബി) പ്രസ്തുത കോളേജിൽ ബി.കോം കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ.ഉ.(കൈ) നം. 389/2020/ഉ.വി.വ., 05.11.2020-ലെ ഉത്തരവ് പ്രകാരം 2020-21 അദ്ധ്യയന വർഷം കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ എം.എസ്സി. കെമിസ്ട്രി വിത്ത് ഡ്രഗ് കെമിസ്ട്രി സ്പെഷ്യലൈസേഷൻ കോഴ്സ് അനുവദിച്ചിരുന്നു. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) കോളേജുകളിൽ പുതുതായി ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ബാധകമല്ല.

<u>കുളത്തുപ്പുഴയിൽ കോളേജ് ആരംഭിക്കാൻ നടപടി</u>

143(1128) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ആർട്സ് &

സയൻസ് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 04.09.2019, 04.02.2020 തീയതികളിലെ റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+].

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന നിരവധി കുട്ടികളുള്ള പ്രസ്തുത മണ്ഡലത്തിലെ എല്ലാ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസം ലഭ്യമാകുന്ന തരത്തിൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുവേണ്ട അനുകൂല നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

<u>ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം</u>

144(1129) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ചൊക്ലി ഗവണ്മെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

145(1130) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവണ്മെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി ചൊക്ലി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിർമ്മാണം മൂപ്പൻസ് ആസെക്ട് എന്ന നിർമ്മാണ കമ്പനിക്ക് കരാർ നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഏജൻസി ആയ KITCO-യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ഗവണ്മെന്റ് കോളേജ്

146(1131) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവണ്മെന്റ് കോളേജിൽ എത്ര ഡിപ്പാർട്ട്മെന്റുകൾ ഉണ്ടെന്നും ഓരോ ഡിപ്പാർട്ട്മെന്റിലും ഏതൊക്കെ തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 19 ഡിപ്പാർട്ട്മെന്റുകൾ ഉണ്ട്. ഓരോ ഡിപ്പാർട്ട്മെന്റിലുമുള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഏതെങ്കിലും തസ്തികകളിൽ ഒഴിവുകളുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഒഴിഞ്ഞുകിടക്കുകയാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ജോലി ചെയ്യുന്നവർ അതാത് തസ്തികകളിൽ എത്ര കാലമായി തുടരുന്നവരാണെന്ന് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു+.

(ഡി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റേതെങ്കിലും സ്ഥാപനത്തിൽ സേവനം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

ഇല്ല.

(ഇ) ഇതര ജില്ലകളിൽനിന്നുള്ള എത്ര ജീവനക്കാർ പ്രസ്തുത കോളേജിൽ ജോലി ചെയ്യുന്നുണ്ടെന്ന് അവരുടെ ജില്ലതിരിച്ച് വ്യക്തമാക്കാമോ;

വിശദവിവരം അനുബന്ധം - 4 ആയി ചേർത്തിരിക്കുന്നു+.

(എഫ്) പ്രസ്തുത സ്ഥാപനത്തിലുള്ള ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും എണ്ണം വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ 85 അദ്ധ്യാപകർ, 43 അനദ്ധ്യാപകർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉൾപ്പെടെ ആകെ 128 ജീവനക്കാരും 1645 വിദ്യാർത്ഥികളും ഉണ്ട്.

(ജി) പ്രസ്തുത സ്ഥാപനത്തിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്നും ഏത് വർഷത്തിലാണ് ഇവ തുടങ്ങിയതെന്നും ഇനി ഏതെല്ലാം കോഴ്സുകൾക്ക് ഇവിടെ സാധ്യതയും അർഹതയും ഉണ്ടെന്നും വ്യക്തമാക്കാമോ?

കോഴ്സുകൾ സംബന്ധിച്ച വിവരം അനുബന്ധം - 5 ആയി ചേർത്തിരിക്കുന്നു+. പ്രസ്തുത സ്ഥാപനത്തിൽ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എ. ഹിസ്റ്ററി തുടങ്ങിയ കോഴ്സുകൾക്ക് സാദ്ധ്യതയും അർഹതയുമുണ്ട്.

തോലന്നൂർ ആർട്സ് & സയൻസ് കോളേജ്

147(1132) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ തോലന്നൂർ സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ സമഗ്ര വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

തോലന്നൂർ കോളേജ് സ്ഥാപിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക് കുത്തന്നൂർ വില്ലേജിലെ, ബ്ലോക്ക് നമ്പർ 10 റീ സർവ്വേ നമ്പർ 209/210 എന്നിവയിലുൾപ്പെട്ട 5.3 ഹെക്ടർ ഭൂമി ഉപയോഗിക്കുന്നതിന് മുൻകൂർ കൈവശാനുമതി ലഭ്യമായിട്ടുണ്ട്. അടിയന്തരമായി പ്രസ്തുത ഭൂമിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോളേജിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് കോളേജ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ക്യാമ്പസിനുള്ള കെട്ടിടവും അനുബന്ധ നിർമ്മാണങ്ങളും എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത ഭൂമിയിൽ കോളേജ് കെട്ടിടങ്ങളും അനുബന്ധ നിർമ്മാണങ്ങൾക്കുമുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത കോളേജിൽ ഏതൊക്കെ പുതിയ കോഴ്സുകൾ അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

സ.ഉ.(എം.എസ്.) നം.389/2020, 05/11/2020 പ്രകാരം എം.എസ്സി. ജ്യോഗ്രഫി അനുവദിച്ചിട്ടുണ്ട്.

<u>പട്ടാമ്പി സംസ്കൃത കോളേജിൽ അനുവദിച്ചിട്ടുള്ള ഇൻഡോർ സ്റ്റേഡിയം</u>

148(1133) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യപിച്ച പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട

നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ കരാറിലെ ചില വ്യവസ്ഥകളിൽ മാറ്റംവരുത്തണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനക്ഷേമ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കായിക യുവജനക്ഷേമ വകുപ്പ് ഡയറക്ടറുടെയും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും സംയുക്തമായ ഒരു യോഗം 19/07/2021-ന് 3.30-ന് ചേരുകയും തർക്കം നിലനിന്നിരുന്ന കരാറിലെ വ്യവസ്ഥകളിൽ മാറ്റംവരുത്തി കരാർ കായിക യുവജനക്ഷേമ വകുപ്പിൽനിന്നും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

&

(സി) പദ്ധതി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വ്യവസ്ഥകളിൽ മാറ്റംവരുത്തി സമർപ്പിക്കുന്ന കരാർ ലഭ്യമായതിനു ശേഷം പരിശോധിച്ച് കരാറിലേർപ്പെടുന്നതും നിർമ്മാണം ആരംഭിക്കുന്ന

തിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കൂട്ടമ്പുഴയിൽ സർക്കാർ കോളേജ്

149(1134) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കൂട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കൂട്ടമ്പുഴ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കൂട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂലമായ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്

(സി) ഇതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പിൽ B3/518/2017 നമ്പർ ഫയലിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

&

(ഡി) കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോളേജിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ തുടർനടപടികൾക്കായി ബി3/518/2017-ഉ.വി.വ. നമ്പർ ഫയൽ ജലവിഭവ വകുപ്പിന് നൽകിയിട്ടുണ്ട്.

(ഇ) പതിനാറിലധികം ആദിവാസി ഊരുകൾ ഉൾക്കൊള്ളുന്നതും കോതമംഗലം മണ്ഡലത്തിലെ പിന്നാക്ക പ്രദേശവുമായ കൂട്ടമ്പുഴയിൽ, പ്രദേശത്തിന്റെ പ്രത്യേകതകൂടി കണക്കിലെടുത്ത് സർക്കാർ കോളേജ് അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്ഥലലഭ്യത, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തുടങ്ങിയ വസ്തുതകൾ കണക്കിലെടുത്ത് ഇക്കാര്യം തീരുമാനിക്കുന്നതാണ്.

കെ. പി. സി. ആർ. പ്രകാരമുള്ള ഫീസ് ഇളവ്

150(1135) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും മാനേജ്മെന്റ്

കവാട്ടയിലും പ്രവേശനം നേടിയ വരുമാനം കുറഞ്ഞ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് കെ.പി.സി.ആർ. പ്രകാരം ഫീസ് ഇളവ് അനുവദിക്കുന്നുണ്ടോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ ഇത്തരം കുട്ടികൾക്ക് ഫീസിളവ് നൽകുന്നതിന്റെ സാദ്ധ്യത പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല

വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ പരീക്ഷകൾ

151(1136) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പരീക്ഷകൾ പൂർണ്ണമായും നടത്താത്തതിനാൽ കുട്ടികൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

202 മാർച്ച് മാസം ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാരണം ചില പരീക്ഷകൾ സമയബന്ധിതമായി നടത്താൻ സാധിച്ചിട്ടില്ല.

(ബി) ഓൺലൈൻ സംവിധാനങ്ങളുടെ സുഗമമായ ഉപയോഗം സാദ്ധ്യമാകുന്ന തരത്തിൽ പരീക്ഷകൾ നടപ്പിലാക്കാൻ നടപടികൾ

സ്വീകരിക്കുമോ?

നിലവിൽ സർവ്വകലാശാല പരീക്ഷകൾ ഓഫ് ലൈൻ മോഡിലാണ് നടത്തി വരുന്നത്. 25.05.2021-ൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പരീക്ഷകൾ ഓഫ് ലൈനിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്.

(സി) കോവിഡിന് മുൻപേ നടക്കേണ്ട പരീക്ഷകൾ അനാവശ്യമായി നീട്ടിവച്ചതുകാരണം വിദ്യാർത്ഥികൾ നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

പരീക്ഷകൾ അനാവശ്യമായി മാറ്റിവയ്ക്കാറില്ല. കോവിഡിനെ തുടർന്നുണ്ടായ അസാധാരണ സാഹചര്യത്തിൽ മാറ്റിവയ്ക്കപ്പെട്ട പരീക്ഷകളിൽ ഇനി നടത്താനുള്ളവ ഉടൻതന്നെ നടത്തി ഫലം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരപ്പനങ്ങാടി സയൻസ് പാർക്ക് & പ്ലാനറ്റോറിയം

152(1137) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി പുരോഗമിക്കുന്ന പരപ്പനങ്ങാടി സയൻസ് പാർക്ക് & പ്ലാനറ്റോറിയത്തിന്റെ നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഉപകരണങ്ങൾ സ്ഥാപിക്കുന്നത് ഉൾപ്പടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്.

ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി
സിവിൽ സർവ്വീസ് അക്കാദമി

153(1138) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന ആലപ്പുഴ

ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി ആരംഭിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

സ.ഉ.(സാധാ)നം.495/2020/ഉവിവ 25.03.2020 പ്രകാരം ആലപ്പുഴ, ലജ്നത്തുൾ മുഹമ്മദിയ്യ കേന്ദ്രമാക്കി ഒരു സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്നതിനും ടി അക്കാദമിയുടെ പ്രാരംഭ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 2019-20 വർഷത്തെ ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയ 20 ലക്ഷം രൂപ 2202-80-004-82 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നും ചെലവഴിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ.ഉ. (സാധാ) നം.858/2020/ഉവിവ 25.06.2020 പ്രകാരം മേൽ തുക റിലീസ് ചെയ്ത് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് ഒരു one time assistance എന്ന നിലയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. ടി അക്കാദമിയുടെ നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷം രണ്ടാം ഗഡുവായി 20 ലക്ഷം രൂപ കൂടി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലജ്നത്തുൽ മുഹമ്മദിയ്യ എന്ന സംഘടനയുടെ കീഴിൽ വരുന്നതാണ് സിവിൽ സർവീസ് അക്കാദമി. ഇതിനുള്ള സാമ്പത്തിക

സഹായം മാത്രമേ സർക്കാർ തലത്തിൽ നൽകിയിട്ടുള്ളൂ.

അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിനുള്ള നടപടി

154(1139) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക പൂർണ്ണമായും റവന്യൂ അധികൃതർക്ക് കൈമാറിയിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിന് ഭൂമിയുടെ ന്യായവിലയായ 106,91,07,777/- രൂപ ബന്ധപ്പെട്ട റവന്യൂ ഹെഡിൽ സർവ്വകലാശാല സ്വന്തം ഫണ്ടിൽനിന്നും ഒടുക്കിയിട്ടുണ്ട്. വസ്തു ഏറ്റെടുക്കൽ നടപടികളിലെ ഏറ്റവും നിർണ്ണായകമായ 19(1) ഡിക്ലറേഷൻ റവന്യൂ വകുപ്പ് 2021 ജനുവരി 21-ന് പ്രസിദ്ധീകരിച്ചു. തുടർന്ന് 2021 ഫെബ്രുവരി 17-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാമ്പസ് പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിച്ചു.

ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ വിലയും അതിലെ വൃക്ഷങ്ങളുടെയും കെട്ടിടങ്ങളുടെയും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുടെയും വിലയും നിശ്ചയിച്ചുകൊണ്ടുള്ള 'അന്തിമ വില നിർണ്ണയ റിപ്പോർട്ട് റവന്യൂ വകുപ്പ് തയ്യാറാക്കിവരുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥലമേറ്റെടുക്കലും ചുറ്റുമതിൽ നിർമ്മാണവും ആസ്ഥാനമന്ദിര നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവുമാണ് ഉദ്ദേശിക്കുന്നത്. സ്ഥലമേറ്റെടുപ്പിന് സർവ്വകലാശാല നൽകിയ 106.91 കോടി രൂപ കഴിഞ്ഞ്, ബാക്കി തുക 243 കോടി രൂപയും ഒന്നാം ഗഡു ആയ 175 കോടി രൂപയും ചേർത്ത് ആകെ 418 കോടി രൂപ ആവശ്യമായിട്ടുണ്ട്. 2021-22 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 6 കോടി രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്. ബാക്കി തുക കൂടി അനുവദിച്ചുകിട്ടുകയും റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കേരള സാങ്കേതിക സർവ്വകലാശാലയുടെ
പരീക്ഷാനടത്തിപ്പിലെ വിവേചനം

155 (1140) ശ്രീ പി സി വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ സി ആർ മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ 2020-ൽ ബി.ടെക് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷകൾ ഓഫ് ലൈനായി എഴുതണമെന്നുള്ള സർവ്വകലാശാല തീരുമാന പ്രകാരം 2020 ഡിസംബറിൽ റെഗുലർ വിദ്യാർത്ഥികളോടൊപ്പം സപ്ലിമെന്ററിക്കാരും എഴുതിയ പരീക്ഷയിൽ റെഗുലർ വിദ്യാർത്ഥികൾക്ക് വിജയിക്കാൻ 35 മാർക്കും സപ്ലിമെന്ററി പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് 45 മാർക്കും നേടണമെന്ന് സാങ്കേതിക സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികൾക്കും തുല്യനീതി ഉറപ്പാക്കുന്ന തരത്തിലുള്ള പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

പഴയ സ്കീമിൽ പഠിക്കുന്ന ബി.ടെക് റെഗുലർ വിദ്യാർത്ഥികൾക്ക് ജയിക്കാൻ 32 മാർക്കും സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ജയിക്കാൻ 45 മാർക്കും വേണം. റെഗുലർ വിദ്യാർത്ഥികൾക്ക് 70 മാർക്കിനും സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് 100 മാർക്കിനും ആയിരുന്നു പരീക്ഷ നടത്തിയിരുന്നത്.

രണ്ടുവിഭാഗക്കാർക്കും 45 ശതമാനം മാർക്ക് വിജയിക്കാൻ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നിലവിൽ രണ്ടുവിഭാഗക്കാർക്കും തുല്യനീതി ഉറപ്പാക്കുന്നുണ്ട്.

(സി) കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രത്യേക സാഹചര്യത്തിൽ സാങ്കേതിക സർവ്വകലാശാലയിൽ നിലവിൽ ഓഫ് ലൈനായി നടത്തിക്കൊണ്ടിരിക്കുന്ന സപ്ലിമെന്ററി പരീക്ഷകൾ കോളേജുകളുടെ സഹകരണത്തോടെ ഓൺലൈനായി ഒറ്റത്തവണയായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

നിലവിൽ ഈ വിഷയം പരിഗണനയിൽ വന്നിട്ടില്ല.

മൂന്നാർ എഞ്ചിനീയറിംഗ് കോളേജ്

156(1141) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ നടത്തിപ്പവകാശം ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറുന്നതിന് നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ നടപടി സ്വീകരിക്കുമോ?

മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ നടത്തിപ്പുചുമതല ഐ.എച്ച്.ആർ.ഡി.-ക്ക് നൽകുന്നതിനുള്ള നിർദ്ദേശമുണ്ടായിട്ടുണ്ട്. ഈ

വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്. എന്നാൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന ഗണ്യമായ കുറവുമൂലമുണ്ടായ വരുമാന നഷ്ടത്തെതുടർന്ന് ഐ.എച്ച്.ആർ.ഡി. കനത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് ഐ.എച്ച്.ആർ.ഡി. ഏറ്റെടുക്കുന്നത് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുമെന്ന് ഐ.എച്ച്.ആർ.ഡി.-യുടെ 30.06.2021-ൽ നടന്ന 103-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം വിലയിരുത്തിയിട്ടുണ്ട്. എങ്കിലും പ്രസ്തുത നിർദ്ദേശത്തിന്റെ സാദ്ധ്യത പരിശോധിക്കും.

(ബി) പ്രസ്തുത കോളേജ് ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറുന്നതിന് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് വിശദമാക്കാമോ?

പ്രസ്തുത കോളേജ് ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറുന്നതിന് ഏകദേശം 4.5 കോടി രൂപ നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത സർക്കാരിനുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

പി.പി.പി. മോഡൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ

157(1142) ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സരാധിഷ്ഠിത ലോകത്തിൽ ഉന്നത വിദ്യാഭ്യാസ രംഗം കൂടുതൽ

ഗുണമേന്മ കൈവരിക്കേണ്ടതുള്ളതിനാൽ പി.പി.പി. മോഡൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) എങ്കിൽ സ്വകാര്യ- സഹകരണ മേഖലകളുടെ പങ്കാളിത്തത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത റാന്നി പോലുള്ള മലയോര പ്രദേശങ്ങളിൽ വിദ്യാർത്ഥികൾക്കും മാനേജ്മെന്റിനും ഒരു പോലെ ഗുണകരമായ ഐ.ടി., ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, ബയോടെക്നോളജി മുതലായ ലിമിറ്റഡ് എഞ്ചിനീയറിംഗ് കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

<u>കോഴിക്കോട് വെസ്റ്റ് ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് കെട്ടിട നിർമ്മാണം</u>

158(1143) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹില്ലിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കുന്ദമംഗലം വില്ലേജ് പരിധിയിലെ പതിമംഗലത്ത് ഉദ്യോഗസ്ഥർ

പരിശോധിച്ച് തൃപ്തി രേഖപ്പെടുത്തിയ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

&

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് വെസ്റ്റ് ഹില്ലിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി കണ്ടെത്തിയ കക്കോടി വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട 12.223 ഹെക്ടർ ഭൂമിയിലെ 8.7913 ഹെക്ടർ സ്ഥലം തണ്ണീർത്തട വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത ഭൂമി കോളേജ് നിർമ്മാണത്തിന് അനുയോജ്യമല്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ കുന്ദമംഗലം വില്ലേജിൽ റീ സർവ്വേ നമ്പർ 401/1 എ 2 പട്ടികയിൽപ്പെട്ട 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

<u>എഞ്ചിനീയറിങ് കോളേജുകളുടെ നിലവാരം</u>

159(1144) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വിലയിരുത്തുന്നതി നായി നടത്തിയ അക്കാദമിക ആഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്താനായി നടത്തുന്ന അക്കാദമിക ആഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ താഴെ പറയും പ്രകാരമാണ്.

വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള ക്ലാസ്/കോഴ്സ് കമ്മിറ്റികൾ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾ വിലയിരുത്തുന്നതിൽ സഹായകരമാണ്. ഓരോ സെമെസ്റ്ററിലും വിദ്യാർത്ഥികളിൽനിന്നും എടുക്കുന്ന ഫീഡ്ബാക്ക് പഠനപരിപാടികൾ ഏറെ കാര്യക്ഷമമാക്കുന്നതിന് സഹായകരമാണ്. കോളേജുകളിൽ Internal Quality Assurance Cell രൂപീകരിച്ചത് ആഡിറ്റ് ഏകോപിപ്പിക്കുന്നതിന് സഹായിക്കുന്നു. പഠന വിഷയങ്ങൾ പൂർത്തീകരിക്കുന്നതിൽ പൂർണ്ണത കൈവരിക്കുന്നതിനും ആഡിറ്റിംഗ് നടത്തുന്നതുമൂലം സാധിക്കുന്നു. പരീക്ഷകളും മറ്റ് വിലയിരുത്തലുകളും സമയാധിഷ്ഠിതമായി പൂർത്തീകരിക്കുന്നതിനും അത് വിദ്യാർത്ഥികളെ അറിയിക്കുന്നതിനും അതുവഴി അവരുടെ പഠന നിലവാരത്തെ മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. നൂതനമായ

സാങ്കേതികവിദ്യകൾ അദ്ധ്യാപനത്തിലും പഠനത്തിലും ഉപയോഗിക്കാൻ ഏറെ സഹായിക്കുന്നു. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം നിലനിർത്തുന്നതിനാവശ്യമായ പരിപാടികൾ ചിട്ടപ്പെടുത്തുന്നതിന് സഹായിക്കുന്നു. വിദ്യാർത്ഥികളുടെ പ്രൊഫഷണൽ മികവുകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ മറ്റ് പരിശീലന പരിപാടികൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും ആഡിറ്റ് സഹായകരമായിട്ടുണ്ട്.

കുറ്റിപ്പുറത്ത് പോളിടെക്നിക്ക് ആരംഭിക്കാൻ നടപടി

160(1145) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ പരിസരം കേന്ദ്രീകരിച്ച് പോളിടെക്നിക്ക് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ;

&

(സി) പ്രസ്തുത പോളിടെക്നിക്ക് ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ പരിസരം കേന്ദ്രീകരിച്ച് പുതിയ പോളിടെക്നിക്ക് ആരംഭിക്കണമെന്നുള്ള അപേക്ഷ ലഭിച്ചതിനെത്തുടർന്ന് പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിനെ സാധ്യതാപഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കുകയും ടി സ്ഥാപനം ആരംഭിക്കുന്നതിനും സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുമായുള്ള വിശദമായ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയതിനെത്തുടർന്ന് സ്ഥാപനം ആരംഭിക്കുമ്പോൾ പുതു തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് പ്രൊപ്പോസൽ നല്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നല്കിയിരിക്കുകയാണ്.

മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക്

161(1146) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര പോളിടെക്നിക് കോളേജുകളാണ് നിലവിലുള്ളത്?

45.

(ബി) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ പോളിടെക്നിക്കുകളില്ലാത്തതിനാൽ സർക്കാർ മേഖലയിൽ പുതുതായി പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ പുതുതായി സർക്കാർ പോളിടെക്നിക് അനുവദിക്കുന്നതിനുള്ള സാദ്ധ്യതാ പഠനറിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തയ്യാറാക്കിവരുന്നു.

പുതിയ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ

162(1147) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ?

മുക്കം, ഹരിപ്പാട്, നടുവിൽ, വിളപ്പിൽശാല, കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന്, പിണറായി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സർക്കാർ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വനിതകൾക്കായി കൂടുതൽ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുള്ള പോളിടെക്നിക്കുകളിൽ നിലവിൽ ഏഴെണ്ണം വനിതാ പോളിടെക്നിക്കുകളാണ്. കൈമനം, കോട്ടക്കൽ, നെടുപുഴ, കായംകുളം പയ്യന്നൂർ, കോഴിക്കോട് & കളമശ്ശേരി എന്നീ പോളിടെക്നിക്ക് കോളേജുകൾ വനിതകൾക്കുള്ളവയാണ്. വനിതകൾക്കായി കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിനൽകിയാൽ പുതിയ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

പയ്യന്നൂരിലെ വനിത റസിഡൻഷ്യൽ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

163(1148) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏക വനിത റസിഡൻഷ്യൽ പോളിടെക്നിക്ക് ആയ പയ്യന്നൂർ പോളിടെക്നിക്കിൽ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജിൽ ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിടനിർമ്മാണം

164(1149) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

സ.ഉ (സാധാ) നം 1773/2015/ഉവിവ. 13.07.2015 പ്രകാരം കോട്ടയ്ക്കൽ വനിത പോളിടെക്നിക്ക് കോളേജിലെ ഇൻസ്ട്രുമെന്റേഷൻ & ഇലക്ട്രോണിക്സ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 3.19 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നതാണ്, സാങ്കേതിക കാരണങ്ങളാൽ യഥാസമയം നിർമ്മാണപ്രവൃത്തികൾ നടക്കാത്തതിനാൽ കാലഹരണപ്പെടുകയും പുതുക്കി നൽകാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. പഴയ എസ്റ്റിമേറ്റിലെ സ.ഉ. (സാധാ) നം 1773/2015/ഉവിവ പ്രകാരം കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന ചെയ്യിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വിളപ്പിൽശാല ഗവണ്മെന്റ് പോളിടെക്നിക്ക്

165(1150) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല ഗവണ്മെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിനായുള്ള സ്ഥലം കൈമാറ്റം പൂർത്തിയായിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വിളപ്പിൽശാല ഗവണ്മെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിന് സ്ഥലം

കൈമാറ്റം പൂർത്തിയായിട്ടില്ല. ആയതിന് വേണ്ടതായ സ്ഥലം കണ്ടെത്തി റവന്യൂ അധികൃതരെ കൊണ്ട് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ

166(1151) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ലഭ്യതയുള്ള ഏതെല്ലാം പുതിയ കോഴ്സുകളാണ് പോളിടെക്നിക്കുകളിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

സംസ്ഥാനത്തെ തൃശ്ശൂർ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് കോഴ്സും പുറപ്പുഴ സർക്കാർ പോളിടെക്നിക്ക് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സും 2021-22-ൽ ആരംഭിച്ചിട്ടുണ്ട്. ഡിപ്ലോമ കരിക്കുലം കാലാനുസൃതമായി പരിഷ്കരിച്ച് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നുമുണ്ട്. കൂടാതെ ഷൊർണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് & ഐ.പി.ടി., പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ്, എം.ടി.ഐ. തൃശ്ശൂർ, കോട്ടയം സർക്കാർ പോളിടെക്നിക്ക് കോളേജ്, അറ്റിങ്ങൽ സർക്കാർ പോളിടെക്നിക്ക് കോളേജ് എന്നിവിടങ്ങളിൽ ഡി.വോക് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകളായ Cyber Forensic & Information Security, Mechatronics എന്നിവയും കോഴിക്കോട് വനിതാ പോളിടെക്നിക്ക് കോളേജിൽ Cyber Forensic & Information Security എന്ന കോഴ്സും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കുന്നംകുളം ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കുന്നംകുളം സർക്കാർ പോളിടെക്നിക്ക് കോളേജിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല.

സി-ആപ്റ്റിലെ പ്രൊമോഷൻ പോളിസി

167(1152) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുവേണ്ടി പ്രൊമോഷൻ പോളിസി നിലവിലുണ്ടോ എന്നറിയിക്കുമോ; എങ്കിൽ അതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ?

നിലവിൽ സി-ആപ്റ്റിൽ പ്രൊമോഷൻ പോളിസി നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രൊമോഷൻ പോളിസി നിലവിലില്ലെങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സി-ആപ്റ്റിൽ പ്രൊമോഷൻ പോളിസി, സ്റ്റാഫ് പാറ്റേൺ എന്നിവ നടപ്പിലാക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്.

(സി) സി-ആപ്റ്റ് ജീവനക്കാരുടെ പ്രൊമോഷനിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് നടപ്പിൽ വരുത്തുന്നതാണ്.

<u>അസാപ് സ്കിൽപാർക്ക്</u>

168 (1153) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിലെ വെളളിയൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ അനുവദിച്ച് പ്രവൃത്തി ഉദ്ഘാടനം ചെയ്ത അസാപ് സ്കിൽപാർക്ക് പ്രസ്തുത

സ്കൂളിനുണ്ടാകാനിടയുള്ള അസൗകര്യം കാരണം എടരിക്കോട് പഞ്ചായത്തിലെ പുതുപ്പറമ്പ് ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ?

എ.ഡി.ബി.-യുടെ സഹായത്തോടെ തുടങ്ങിയ അസാപ് എന്ന പദ്ധതിയിൽ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (സി.എസ്.പി.) നിർമ്മിക്കാൻ തീരുമാനമായിരുന്നു. തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂരിൽ നിർമ്മാണം ആരംഭിച്ച സി.എസ്.പി. പ്രാദേശിക എതിർപ്പുകാരണം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. സമയബന്ധിതമായി പണി കഴിപ്പിക്കേണ്ടിയിരുന്ന ഈ പദ്ധതി, സി.എസ്.പി. നിർമ്മിക്കാനുള്ള ഭൂമി അസാപ്പിന് വിട്ടുകിട്ടിയ മുൻഗണനാക്രമത്തിൽ ആരംഭിക്കുകയായിരുന്നു. 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പുതിയ സി.എസ്.പി.-കൾ തുടങ്ങാൻ എ.ഡി.ബി.-യുടെ അനുമതിയില്ല. അതിനാൽ എടരിക്കോട് പഞ്ചായത്ത് പുതുപ്പറമ്പ് ഗവ. വനിതാ പോളിടെക്നിക്കിന്റെ സ്ഥലത്ത് സി.എസ്.പി. നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ പരീക്ഷ

169 (1154) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭദശയിലാണ്.

(ബി) ഈ വിഷയത്തിൽ സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മേഖലയിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടോ അല്ലാതെയോ ഏതെങ്കിലും സമിതികളെ നിയോഗിക്കുകയോ പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സിലബസ് പരിഷ്കരണം നടത്തുന്നതിന് പോളിടെക്നിക്ക് കോളേജ്, ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്.

എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി. കെട്ടിടനിർമ്മാണം

170 (1155) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി.-ക്ക് സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ആയത് അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധമായ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (LBSIIST) എന്ന സ്ഥാപനം മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ 130.14 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കാൻ 2400/2013/ഉ.വി.വ, 06.12.2013-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം. പ്രകാരം അനുമതി നൽകിയിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശാക്തീകരിക്കാനുള്ള ഉദ്യമം ലക്ഷ്യമിട്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളത്. ഈ പദ്ധതിക്കായി 31.64 ഏക്കർ ഭൂമി കണ്ടെത്തിയിരുന്നു. ആയതിൽ 15.25 ഏക്കർ ഭൂമിക്ക് സർവ്വേയും അനുബന്ധ നടപടികളും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 20 കോടി രൂപ ഇതിനായി ചെലവ് കണക്കാക്കിയിട്ടുണ്ട്. വസ്തുവിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനും, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 3 കോടി രൂപയും ആവശ്യമായിട്ടുണ്ട്. LBSIIST-യ്ക്ക് വേണ്ടി ഇതിനോടകം ഒരു കോടി രൂപ 26.03.2014-ലെ സ.ഉ.(സാധാ) നം.668/2014/ഉ.വി.വ. പ്രകാരം പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2014-ൽ അനുവദിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.[+]) നിലവിൽ LBSIIST-യുടെ ഭാഗമായ മോഡൽ ഡിഗ്രി കോളേജ് (അപ്ലൈഡ് സയൻസ്), എൽ.ബി.എസ് സബ് സെന്റർ, LBSIIST Camp Office എന്നിവ 2016 മുതൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 15.25 ഏക്കർ ഭൂമി ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നതിന് 2018 മേയ് മാസത്തോടെ അളന്ന് സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കുറവായതിനാൽ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിക്കുവേണ്ടി ഉടൻ 23 കോടി രൂപ അനുവദിക്കാൻ ബുദ്ധിമുട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സ് ഫീസ്

171 (1156) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സുകളുടെ 2021-22 വർഷത്തെ ഫീസ് പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിഗണനയിലില്ല

(ബി) 2021-22 വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

&

(സി) ക്ലാസ്സുകൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഇത്തരം ഫീസിനങ്ങൾ ഈടാക്കാതിരിക്കുന്നതിനും ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കിനൽകുന്നതിനും ഉത്തരവ് നൽകുമോ; വ്യക്തമാക്കുമോ?

സ.ഉ.(സാധാ) 789/2021/ഉവിവ, 15.06.2021-ലെ ഉത്തരവ് മുഖേനയും സ.ഉ.(സാധാ) 800/2021/ഉവിവ, 17.06.2021-ലെ ഉത്തരവ് മുഖേനയും

സംസ്ഥാനത്ത് റെലർ ക്ലാസ്സുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ആനുപാതികമായും കുറവുചെയ്യണമെന്നും കൂടാതെ 2021-22 അദ്ധ്യയന വർഷത്തിലും അഡ്മിഷൻ ഫീസുൾപ്പെടെയുള്ള ഫീസിനങ്ങളിൽ യാതൊരു വർദ്ധനവും വരുത്താൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ 2021-22 വർഷത്തിൽ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകാനോ ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കി നൽകാനോ നിഷ്കർഷിച്ചിട്ടില്ല.

നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ട്

172(1157) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവന ചെയ്തപ്രകാരം ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് രൂപംനൽകിയ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഫണ്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ലോഗോ

173(1158) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ വിമർശനത്തെതുടർന്ന് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ലോഗോ മരവിപ്പിച്ച സാഹചര്യത്തിൽ പുനഃപരിശോധിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഈ റിപ്പോർട്ടിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ബാധകമല്ല.

പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ

174 (1159) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ബയോളജിസ്റ്റ്, ബയോകെമിസ്റ്റ് എന്നീ ലൈഫ് സയൻസ് പ്രൊഫഷണലുകൾ വിദേശത്ത് ജോലിക്ക് അപേക്ഷിക്കുമ്പോൾ

സർക്കാരിന് കീഴിലുള്ള പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ ഇല്ലാത്ത കാരണത്താൽ അവർക്ക് ജോലി നിരസിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആയിരക്കണക്കിന് ബിരുദ-ബിരുദാനന്തരബിരുദ ധാരികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതിനാൽ സർക്കാരിന് കീഴിൽ പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിഗണനയിലില്ല.

<u>ഓൺലൈൻ വിദ്യാഭ്യാസ പരിപാടിയുടെ വിലയിരുത്തൽ</u>

175(1160) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥികൾക്കായുള്ള ഓൺലൈൻ വിദ്യാഭ്യാസ പരിപാടി ഫലപ്രദവും കാര്യക്ഷമവുമായ രീതിയിലാണോയെന്ന് വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ഭാഗത്തുനിന്ന് വിലയിരുത്തുന്നതിനുള്ള ഏതെങ്കിലും പഠനങ്ങൾ സർക്കാർ തലത്തിലോ

സർവ്വകലാശാല തലത്തിലോ നടത്തിയിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ൂസയുടെ ആഭിമുഖ്യത്തിൽ പഠനം നടത്തിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ പഠിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റേയും ൂസയുടേയും നേതൃത്വത്തിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്ഥാപനമേധാവികൾ എന്നിവരിൽനിന്നും വിവരശേഖരണം നടത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് പഠനങ്ങളുടെ ഫലം വിലയിരുത്തുകയും "Let's Go Digital" എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി എല്ലാ കോളേജുകളിലും "എൽ.എം.എസ്" (Learning Management System) സ്ഥാപിച്ച് അധ്യായനം ഓൺലൈൻ മാധ്യമംകൂടി ഉപയോഗപ്പെടുത്തി നടത്തുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ആയിരത്തിലധികം അദ്ധ്യാപകർക്ക് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ കോവിഡ് സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട നടപടികൾ

വിശദീകരിക്കുന്ന ഒരു "നയോപദേശരേഖ" തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടത്തിപ്പിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടേയും സർവ്വകലാശാലകളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. "മൂഡിൽ" ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കുന്ന ഒരു കേന്ദ്രീകൃത സംവിധാനം കോളേജ് തലത്തിൽ നടപ്പിലാക്കുന്നതാണ്.

<u>അദ്ധ്യാപക നിയമനങ്ങളിലെ സംവരണ വിഭാഗങ്ങളുടെ ബാക്ക് ലോഗ്</u>

176 (1161) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂണിവേഴ്സിറ്റി സംവിധാനം നിലവിൽ വന്നത് മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ, കേരളത്തിലെ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ (ലക്ചറർ), അസോസിയേറ്റ് പ്രൊഫസർ (റീഡർ), പ്രൊഫസർ എന്നീ തസ്തികകളിൽ സംവരണ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവർക്കായി നീക്കിവച്ച ബാക്ക് ലോഗ് ഒഴിവുകളുടെ വിവരം കാറ്റഗറി തിരിച്ച്

വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സംവരണ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവയ്ക്കായി നീക്കിവച്ചിരിക്കുന്ന ബാക്ക് ലോഗ് ഒഴിവുകളുടെ വിവരങ്ങൾ കാറ്റഗറി തിരിച്ച് ചുവടെ ചേർക്കുന്നു.

സംവരണ വിഭാഗം	അസിസ്റ്റന്റ് പ്രൊഫസർ	അസ്സോസിയേറ്റ് പ്രൊഫസർ	പ്രൊഫസർ
എസ്.സി.	2	7	2
എസ്.ടി.	0	2	2
ഒ.ബി.സി.	9	12	7
ഇ.ഡബ്ല്യു.എസ്.	1	0	0
ഭിന്നശേഷി	0	2	2

കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക നിയമനത്തിനായി 2015-ൽ ആണ് വിജ്ഞാപനം ഇറക്കിയത്. അന്നത്തെ സിൻഡിക്കേറ്റ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി ഒരു ഉപ സമിതിയെ നിയോഗിച്ചു. ആ ഉപസമിതിയുടെ റിപ്പോർട്ട് അനുസരിച്ച് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിൽ ഒരു SC/ST വേക്കൻസിയും സ്കൂൾ ഓഫ് ഡ്രാമ വിഭാഗത്തിൽ 4 PH വേക്കൻസിയും ആയിരുന്ന ബാക് ലോഗ് വേക്കൻസി ആയി ഉണ്ടായിരുന്നത്.

28.03.2015-ന് നടന്ന സെനറ്റ് മീറ്റിംഗ്, ഉപസമിതി തീരുമാനങ്ങൾ താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

SC/ST, ഭിന്നശേഷിക്കാർ എന്നിവരുടെ മാത്രം ബാക്ക് ലോഗ് ഒഴിവുകൾ നികത്തുക. ഇവ പ്രത്യേകമായി വിജ്ഞാപനം ചെയ്യുക. ആദ്യം വരുന്ന നാല് ഒഴിവുകൾ ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്യുക. ഇതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി 9833/GA-II-C-SO2013/CU, 9833/GA-II-CSO2013/CU(2) and 9833/GA-II-C-SO2013/CU(3) dated 13-04-2015 നമ്പർ വിജ്ഞാപനം ഇറക്കുകയും ചെയ്തു. ഈ വിജ്ഞാപനം കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ബഹുമാനപ്പെട്ട ഹൈകോടതി, 9785 of 2015-W, 17961 of 2015-U, 18659 of 2015-F and 18797 of 2015-Y വിധി പ്രകാരം പൊതുവിഭാഗത്തിന് വേണ്ടിയുള്ള 9833/GA-II-C-SO/2013/CU വിജ്ഞാപനം, SC/ST വിഭാഗത്തിന് മാത്രം വേണ്ടിയുള്ള 9833/GA-II-CSO2013/CU വിജ്ഞാപനം, ഭിന്നശേഷിക്കാർക്ക് മാത്രം വേണ്ടിയുള്ള 9833/GA-II-CSO2013/CU(3), dated 13/04/2015 നമ്പർ വിജ്ഞാപനം എന്നിവ റദ്ദ് ചെയ്യുകയും യൂണിവേഴ്സിറ്റി ഒറ്റ യൂണിറ്റായി കണക്കാക്കിക്കൊണ്ട് പുതിയ വിജ്ഞാപനം ഇറക്കാൻ സർവ്വകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തു.

ന്യൂവാൽസ് അസിസ്റ്റന്റ് പ്രൊഫസർ: ഇല്ല.

അസോസിയേറ്റ് പ്രൊഫസർ (പട്ടികജാതി വിഭാഗം): ഒന്ന് (നാലു തവണ അഖിലേന്ത്യാ അടിസ്ഥാനത്തിൽ പരസ്യം ചെയ്തിട്ടും വേണ്ട യോഗ്യതയുള്ള അപേക്ഷകരുടെ അഭാവത്തിൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല)

പ്രൊഫസർ : ഇല്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ അർഹതപ്പെട്ട സംവരണവിഭാഗങ്ങൾക്കായി പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവാണുണ്ടായിരുന്നത്. പ്രസ്തുത തസ്തികയിലേയ്ക്ക് അർഹരായവരെ ലഭിക്കാത്തതുമൂലം ഒഴിവ് നികത്തിയിട്ടില്ല. പുനർവിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. അസോസിയേറ്റ് പ്രൊഫസറുടെ തസ്തിക നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തികയിൽ ഇനി ഒഴിവുകൾ യാതൊന്നുമില്ല. 2013, 2016 വർഷങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ വഴി സംവരണപട്ടിക പ്രകാരം അർഹരായ മുഴുവൻ സംവരണവിഭാഗങ്ങളുടെയും ഊഴമനുസരിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കേരള സർവ്വകലാശാല അദ്ധ്യാപക നിയമനങ്ങളിൽ ഡിപ്പാർട്ട്മെന്റിനെ ഒരു യൂണിറ്റായി കണക്കാക്കിയുള്ള സംവരണ രീതിയായിരുന്നു പിന്തുടർന്ന്

വന്നത്. ആക്ട് 26/2014 പ്രകാരം സർവകലാശാലയെ ഒരു യൂണിറ്റ് ആയി കണക്കാക്കി സംവരണം നടപ്പാക്കേണ്ടതാണ്. ആദ്യത്തെ സംവരണരീതി പ്രകാരം ഉണ്ടായിരുന്ന Compensation/backlog-ഉം NCA/NJD സംബന്ധിച്ച വിവരങ്ങൾ Appendix-1 ആയി നൽകിയിരിക്കുന്നു+. പുതിയ സംവരണരീതിയിലേയ്ക്ക് മാറേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, പഴയ രീതിയിലുണ്ടായ compensation/backlog ഉം NCA/NJD വേക്കൻസികൾ പുതിയ സംവരണ വ്യവസ്ഥയിൽ നികത്തേണ്ടയെന്നായിരുന്നു. പുതിയ സംവരണരീതിയിൽ ആദ്യത്തെ വിജ്ഞാപനം 2017, 2019-ൽ വന്നു. ഇത് പ്രകാരം ഇതുവരെ നടത്തിയ selection പ്രക്രിയയ്ക്കുശേഷം നിലവിലുള്ള സംവരണ വിഭാഗങ്ങൾ എന്നിവയുടെ backlog ഒഴിവുകൾ അടങ്ങിയ പട്ടിക അനുബന്ധം - 2 ആയി ചേർക്കുന്നു+.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എസ്.സി./എസ്.ടി. ബാക്ക്ലോഗ് - 1997 അസിസ്റ്റന്റ് പ്രൊഫസർ-എസ്.സി. -1 അസോസിയേറ്റ് പ്രൊഫസർ - എസ്.സി. -2 (മേൽപ്പറഞ്ഞ എല്ലാ ബാക്ക് ലോഗ് ഒഴിവുകളും നികത്തിക്കഴിഞ്ഞിട്ടുണ്ട്).

എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ G.O.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(MS) No. 1/2016/HEDN dated 01/01/2016-ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നെങ്കിലും സർവ്വകലാശാലയിൽ നാളിതുവരെയായി പഠനവകുപ്പുകൾ ആരംഭിക്കാത്ത സാഹചര്യത്തിൽ അദ്ധ്യാപക നിയമനങ്ങൾ നടത്തിയിട്ടില്ല.

കണ്ണൂർ സർവ്വകലാശാലയിൽ ബാക്ക് ലോഗ് ഒഴിവുകളില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബാക്ക് ലോഗ് ഒഴിവുകൾ ചുവടെ ചേർക്കുന്നു.

Category	Caste	Year of vacancy occurred
Professor	SC	01.04.2001
	LC/AI	01.04.2007
	OBC	01.06.2008
	SC	01.04.2010
	OC	01.06.2015
Associate Professor	LC/AI	01.04.2009
	Muslim	29.08.2011
	PH-Blind	01.04.2014
	Viswakarma	01.04.2018
Assistant Professor	PH	O 01.04.2016

(ബി) 20086/ലീഗൽ.ജി2/2013/നിയമം., 20.07.2014-ലെ കേരള ഗസറ്റ് വിജ്ഞാപന പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിൽ

അദ്ധ്യാപക നിയമനത്തിന് സിംഗിൾ പൂളിംഗ് നടപ്പാക്കുന്നതിനാൽ കാലിക്കറ്റ്, കേരള സർവ്വകലാശാലകൾ സംവരണ വിഭാഗങ്ങളുടെ ബാക്ക് ലോഗ് ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ നിയമസാധുത എന്താണെന്ന് അറിയിക്കുമോ?

കേരള സർവ്വകലാശാലയെ സംബന്ധിച്ച് സർവ്വകലാശാല ആക്ട് 26/2014 പ്രകാരം ഒറ്റ യൂണിറ്റ് ആയി കണക്കാക്കി അദ്ധ്യാപക തസ്തികകളിൽ കാറ്റഗറി തിരിച്ച് സംവരണ രീതിയിൽ ഉണ്ടായ backlog പുതിയ സംവരണരീതിയിൽ പരിഹരിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകാരണം ആണ് പുതിയ സംവരണരീതിയിൽ ഇവ carry forward ചെയ്യാത്തത്. എന്നാൽ പുതിയ സംവരണരീതി നടപ്പാക്കിയ ആക്ട് ഭേദഗതിയും (ആക്ട് 26/2014), മേല്പറഞ്ഞ backlog carry forward ചെയ്യേണ്ട എന്ന തീരുമാനമുള്ള സർവകലാശാല ഉത്തരവും 31-03-2021-ലെ ഉത്തരവ് പ്രകാരം ഹൈക്കോടതി റദ്ദാക്കിയിരുന്നതിൽ Appeal file ചെയ്തിട്ടുള്ളതിന്മേലുള്ള തീരുമാനമായിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച വിവരങ്ങൾ ചോദ്യം (എ)-യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) 1996 മുതലുള്ള ഭിന്നശേഷി ബാക്ക് ലോഗ് നികത്തണമെന്ന സുപ്രീം കോടതി വിധിയും ആക്ടും (The Persons With Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995) കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സർവ്വകലാശാല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഭിന്നശേഷി വിഭാഗങ്ങൾക്ക് 3% സംവരണത്തിനുവേണ്ടി കേരള സർക്കാർ നൽകിയ ഉത്തരവ് (നം. GO(Rt) No. 357/08/H.EDN തീയതി 01.03.2008) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. തുടർന്ന് സർവ്വകലാശാല 28.02.2013-ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവർക്കുള്ള റൊട്ടേഷൻ ചുവടെ നൽകിയിരിക്കുന്നു :

Turn 33 A - Blind or Low Vision

Turn 66 A - Hearing Impaired

Turn 99 A - Locomotive Disability or Cerebral palsy

28.02.2013-ന് ശേഷമുള്ള ഒഴിവുകളിലേ/d ക്ക് ഇതുപ്രകാരം

നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഒരു നിയമനം നടക്കുകയും മറ്റ് ഒഴിവുകളിലേയ്ക്കുള്ള നിയമന പ്രക്രിയ നടത്തിവരുന്നു. കാലിക്കറ്റ് സർവ്വകലാശാല ബഹുമാനപ്പെട്ട ഹൈക്കോടതി വിധി 9785 of 2015-W, 17961 of 2015 -U, 18659 of 2015- F and 18797 of 2015-Y പ്രകാരം ഒറ്റ യൂണിറ്റ് ആയി കണക്കാക്കികൊണ്ടാണ് 2019-ലെ വിജ്ഞാപനം ഇറക്കിയത്. സാമൂഹ്യ നീതി വകുപ്പിന്റെ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്ക് 4% സംവരണം ഉറപ്പുവരുത്തിയിട്ടുണ്ട്. 1998-ൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഓരോ പഠന വിഭാഗവും സിംഗിൾ യൂണിറ്റാക്കി നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ ഒരു ഭിന്നശേഷി നിയമനം നടത്തിയിട്ടുണ്ട്. 2007 മുതൽ സർവ്വകലാശാലയിൽ എല്ലാ വിഭാഗങ്ങളുടെ ഒറ്റ യൂണിറ്റാക്കിയതിനുശേഷം നടത്തിയ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കിയിട്ടുണ്ട്. ആദ്യ ഭിന്നശേഷി ഒഴിവിൽ നിയമനം നടത്തുകയും മറ്റുള്ള രണ്ട് ഒഴിവുകൾ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. (അസിസ്റ്റന്റ് പ്രൊഫസർ തസ്തിക മാത്രമാണ് ഭിന്നശേഷി വിഭാഗത്തിനായി മാറ്റി വച്ചിട്ടുള്ളത്.)

ന്യൂവാൽസിൽ ഏക വിഷയത്തിൽ മാത്രം പഠന ഗവേഷണങ്ങൾ നടത്തുന്ന നാമമാത്രമായ തസ്തികകൾ മാത്രമുള്ള യൂണിവേഴ്സിറ്റിയായതിനാൽ

തന്നെ പ്രസ്തുത നിയമം പ്രായോഗികമായി നടപ്പിലാക്കുന്നതിന് വേണ്ട തസ്തികകളുടെ എണ്ണം നിലവിലില്ല.

മലയാള സർവ്വകലാശാലയിൽ ഓരോ കേഡറിലും വളരെ കുറച്ച് തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സർക്കാർ ഉത്തരവനുസരിച്ച് ആകെ സൃഷ്ടിച്ചിട്ടുള്ള മുഴുവൻ ഒഴിവുകളിലും 2013, 2016 കാലഘട്ടത്തിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളതിനാൽ ഇനി വരാനും സൃഷ്ടിക്കാനും സാദ്ധ്യതയുള്ള ഒഴിവുകളിലേയ്ക്ക് മാത്രമേ നിയമനം നടത്താനാകൂ. ഈ വിഭാഗത്തിന് നൽകാൻ കഴിയുന്ന ഒഴിവ് ഏതെന്ന് കണക്കാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കേരള സർവ്വകലാശാല ഇതുവരെ പിന്തുടർന്നിരുന്നത് ഡിപ്പാർട്ട്മെന്റിനെ ഒരു യൂണിറ്റ് ആയി കണക്കാക്കിയുള്ള സംവരണ രീതിയായിരുന്നു. അതുപ്രകാരം ആദ്യ 100 പോയിന്റിലെ 15 മുതൽ 20 വരെയുള്ള positions വരെ മാത്രമേ പല ഡിപ്പാർട്ട്മെന്റുകളിലും നിയമനം എത്തിയിട്ടുണ്ടായിരുന്നുള്ളൂ. ഡിപ്പാർട്ട്മെന്റുകളിലുള്ള തസ്തികകൾ കുറവായതുകാരണം ആണ് ഇപ്രകാരം സംഭവിക്കുന്നത്. PWD Act പ്രകാരമുള്ള സംവരണം 33, 66, 99 എന്ന turns-നാണ് അനുവദിച്ചിരുന്നത്. ഈ positions ഒരു ഡിപ്പാർട്ട്മെന്റിലും എത്താത്തതിനാൽ backlog ഉണ്ടായിരുന്നില്ല. യൂണിവേഴ്സിറ്റി ആക്ട് 26/2014

പ്രകാരമുള്ള സംവരണ വ്യവസ്ഥയിൽ യൂണിവേഴ്സിറ്റിയെ ഒറ്റ യൂണിറ്റായി കണക്കാക്കുമ്പോൾ 100 point റിസർവ്വേഷൻ പുതുതായി ആരംഭിക്കേണ്ടി വന്നു. ഈ അവസരത്തിൽ നിലവിലുണ്ടായിരുന്ന നിയമപ്രകാരം 1, 34, 67 എന്നീ positions out of turn ആയി നല്കണമെന്നതിനനുസരിച്ച് Assistant Professor, Associate Professor, Professor എന്നീ വിഭാഗങ്ങളിൽ താഴെ പറയും പ്രകാരം ഒഴിവുകൾ വിജ്ഞാപനം ചെയ്തിരുന്നു.

Assistant Professor - 2

Associate Professor - 2

Professor - 1

എന്നാൽ Assistant Professor - ടെ ഒരു ഒഴിവിൽ മാത്രമേ യോഗ്യതയുള്ള അപേക്ഷകരുണ്ടായിരുന്നുള്ളൂ. കണ്ണൂർ സർവ്വകലാശാല 1996-ലാണ് നിലവിൽ വന്നത്,ആയതിനാൽ ഭിന്നശേഷി Backlog ഒഴിവുകളില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 1996 മുതലുള്ള ഭിന്നശേഷി ബാക്ക് ലോഗ് നികത്തണമെന്ന സുപ്രീംകോടതി വിധിയും ആക്ടും കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്താൻ നടപടി

177 (1162) ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള സർവ്വകലാശാല റേറ്റിംഗിൽ ഇടം നേടാനാകുംവിധം സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ആഗോള സർവ്വകലാശാല റേറ്റിംഗിൽ സ്ഥാനം പിടിക്കാൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ - സർവ്വകലാശാലാ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലകളിൽ കാലാനുസൃതമായി മികവാർന്ന കോഴ്സുകൾ ലഭ്യമാക്കാനും യഥാസമയം പരീക്ഷ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ?

2020-21 അദ്ധ്യയനവർഷം വിവിധ സർവ്വകലാശാലകളിൽ

പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. യഥാസമയം പരീക്ഷയും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) സർവ്വകലാശാലകളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി അവയുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സർവ്വകലാശാലകളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി അവയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

1. 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികൾ

    - ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ
    - ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം
    - സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ

- 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ.
- മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ
- സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം

2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി./പി.ജി. ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം
3. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടക്കുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും.

(ഡി) സർവ്വകലാശാലകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യാനുസരണം ജീവനക്കാർ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

ബയോടെക്നോളജി വിഭാഗത്തിലെ തസ്തികകൾ

178 (1163) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ

പ്രവർത്തിക്കുന്ന ബയോടെക്നോളജി വിഭാഗത്തിൽ നിലവിൽ എത്ര സ്ഥിരം അദ്ധ്യാപക തസ്തികകൾ ഉണ്ടെന്നും ഇവയിൽ എത്രയെണ്ണം ഗസ്റ്റ് തസ്തികകളാണെന്നും അറിയിക്കുമോ?

കേരള സർവകലാശാലയുടെ ബയോടെക്നോളജി വിഭാഗത്തിൽ നിലവിൽ രണ്ട് സ്ഥിരം അദ്ധ്യാപക തസ്തികകൾ ഉണ്ട് (അസ്സോസിയേറ്റ് പ്രൊഫസർ - 1, അസിസ്റ്റന്റ് പ്രൊഫസർ- 1).

ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിര അദ്ധ്യാപകർ ആരുംതന്നെ ഇല്ലാത്തതിനാൽ, A©v കരാർ അദ്ധ്യാപികമാരും ഒരു ഗസ്റ്റ് അദ്ധ്യാപികയുമാണ് നിലവിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് .

(ബി) ഇവിടെ ബയോടെക്നോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കുമോ; ബയോടെക്നോളജി വിഭാഗത്തിൽ യോഗ്യരായ അദ്ധ്യാപകർ ഇല്ലാത്തതിനാൽ ബോട്ടണി വിഭാഗത്തിൽ നിന്നുള്ള അധ്യാപകരെ ഡിപ്പാർട്ട്മെന്റ് മേധാവി പദവിയിൽ നിയമിക്കേണ്ട സാഹചര്യം സംജാതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവ്വകലാശാലയുടെ ബയോടെക്നോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചത് 1995-ലാണ്. 17.02.2021-ൽ കൂടിയ സിൻഡിക്കേറ്റാണ് ബോട്ടണി വിഭാഗത്തിലെ പ്രൊഫസ്സറായ ഡോ. എ. ഗംഗാ പ്രസാദിനെ

ബയോടെക്നോളജി വിഭാഗം വകുപ്പ് മേധാവിയായി അധിക ചുമതല നൽകിയത്.

(സി) ബയോടെക്നോളജി വിഭാഗത്തിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സ്ഥിരനിയമനം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

കേരള സർവകലാശാല ലെക്ചിക്കൻ എഡിറ്റർ നിയമനം

179 (1164) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ലെക്സിക്കൻ എഡിറ്ററായി മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്ക് യോഗ്യതകൾ തിരുത്തി നിയമനം നല്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവ്വകലാശാല ലെക്സിക്കൺ എഡിറ്റർ തസ്തികയിലേയ്ക്ക് നടന്ന നിയമനം സംബന്ധിച്ച് ഉയർന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിനായുള്ള വിജ്ഞാപനത്തിൽ വിദഗ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ

പ്രകാരമുള്ള എല്ലാ യോഗ്യതകളും തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് ഉണ്ടെന്ന് സെലക്ഷൻ കമ്മിറ്റി കണ്ടെത്തി ശിപാർശ നടത്തിയപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിന് സർവ്വലാശാല സിൻഡിക്കേറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. മലയാള ഭാഷ വിദഗ്ധർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി മലയാളം/സംസ്കൃത ഭാഷകളിൽ ഡോക്ടറേറ്റ്, അദ്ധ്യാപന, ഗവേഷണപരിചയം എന്നീ യോഗ്യതകൾ ഉൾപ്പെടുത്തി വിവിധ സർവ്വകലാശാലകളിലെ പ്രൊഫസർമാർക്ക് എഡിറ്റർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ യോഗ്യതകളും ലെക്സിക്കൺ എഡിറ്റർക്ക് ഉണ്ട്.

(ബി) സർവ്വകലാശാല ഓർഡിനൻസ് നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാതിരുന്നിട്ടും ചട്ടവിരുദ്ധമായി നിയമനം നേടിയ ലെക്സിക്കൺ എഡിറ്ററെ അടിയന്തരമായി പുറത്താക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സർവകലാശാല ഫസ്റ്റ് ഓർഡിനൻസ് 1978 ചാപ്റ്റർ 17-ന്റെ ഭാഗമായ ഷെഡ്യൂളിലെ ക്രമനമ്പർ 93 പ്രകാരം ചേർത്തിരിക്കുന്ന യോഗ്യതകൾ നേരിട്ടുള്ള സ്ഥിരനിയമനത്തിന് വേണ്ടിയുള്ളതാണ്. ടി തസ്തികയിലേയ്ക്ക് ഇപ്പോൾ നടത്തിയിട്ടുള്ള നിയമനം ലെക്സിക്കൺ വിഭാഗത്തിൽ നിലനിൽക്കുന്ന അടിയന്തിര സാഹചര്യം പരിഗണിച്ച്

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താൽക്കാലികമായാണ്. ലെക്സിക്കണിന്റെ ഒൻപതാം വാല്യത്തിലെ അപാകതകളുമായി ബന്ധപ്പെട്ട് സർവ്വകലാശാല നിയോഗിച്ചിരുന്ന 2017-ലെ അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട്, മുൻകാലങ്ങളിലെപ്പോലെ ലെക്സിക്കൺ വകുപ്പിൽ വിവിധഭാഷകളിലായി ഉണ്ടായിരുന്ന വിദഗ്ധരുടെ പങ്കാളിത്തം, നിലവിൽ വിവിധ ഭാഷകളിലുള്ള വിദഗ്ധരുടെ അഭാവം ഇവകൂടി വിലയിരുത്തി ഭാഷാവിദഗ്ധർ ഉൾപ്പെടുന്ന സെലക്ഷൻകമ്മിറ്റി നൽകിയ ശിപാർശ പ്രകാരം മലയാളം/സംസ്കൃതം ഭാഷകളിലെ ഡോക്ടറേറ്റ് ഉൾപ്പെടുത്തി യോഗ്യത വിപുലപ്പെടുത്തി വിവിധ സർവകലാശാലകളിലെ ബഹുഭാഷാ പാണ്ഡിത്യമുള്ള പ്രൊഫസർമാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്റർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. ഈ നിയമനം പൂർണ്ണമായും താൽക്കാലികമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാത്രമാണെന്നതിനാൽ അതിനെ ഓർഡിൻസിന് വിരുദ്ധമായി കാണാനാകില്ല.

(സി) യോഗ്യതാ മാനദണ്ഡങ്ങൾ തിരുത്തി വിജ്ഞാപനം പുറപ്പെടുവിച്ച വിഷയത്തിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർവ്വകലാശാല ലെക്സിക്കൺ വിഭാഗത്തിൽ എഡിറ്റർ തസ്തികയിലെ

നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താത്കാലികമായി ഒരു നിശ്ചിതകാലയളവിലേയ്ക്ക് ആയതിനാലും സർവ്വകലാശാല ഓർഡിനൻസിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന യോഗ്യതകൾ നേരിട്ടുള്ള സ്ഥിരനിയമനത്തിനുള്ളതായതിനാലും കൺസൾട്ടേഷൻ റൂൾ തയ്യാറാക്കി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരം സ്ഥിരനിയമനം നടത്തുന്നതുവരെയുള്ള താൽക്കാലിക സംവിധാനമാണ് ഈ നിയമനം എന്നതുകൊണ്ടും സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി നിയമനം നടത്തിയതായി കരുതുന്നില്ല. സ്ഥിരനിയമനം നടക്കുന്ന മുറയ്ക്ക് താൽക്കാലിക നിയമനം അവസാനിപ്പിക്കുന്നതാണ്.

മാവേലിക്കര രാജാ രവിവർമ്മ കോളേജ്

180(1165) ശ്രീ എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ രാജാ രവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പമ്പ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രസ്തുത സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നത് ബന്ധപ്പെട്ട

വകുപ്പുമായി ചേർന്ന് ആലോചിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

(ബി) പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനായി റവന്യൂ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി സർവ്വകലാശാലയിലെ ബഡ്ജറ്റ് സ്റ്റഡി സെന്റർ

181(1166) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവ്വകലാശാലയിൽ ബഡ്ജറ്റ് സ്റ്റഡി സെന്റർ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സ്റ്റഡി സെന്റർ എന്നാണ് ആരംഭിച്ചതെന്നും ആരംഭിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ?

പ്രവർത്തിക്കുന്നുണ്ട്. 2013 ഫെബ്രുവരി 17-ന് സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസ്, കെ.എം.മാണി സെന്റർ ഫോർ സ്റ്റഡീസ് എന്ന പേരിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ആരംഭിച്ചു. ഇൻഡ്യയുടെ അന്നത്തെ ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ഈ സെന്ററിന്റെ ഉദ്ഘാടന

കർമ്മം നിർവ്വഹിച്ചു. സർവ്വകലാശാലയിലെ മുൻ റിസർച്ച് അസോസിയേറ്റും സെക്ഷൻ ഓഫീസറുമായ ഡോ. സാബു തോമസ് ഈ വിഷയത്തെക്കുറിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ട് "A Critical Evaluation of State Budgets; Kerala (1957 to 2021)" അന്നത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ചുകൊടുക്കുകയുണ്ടായി. അതേത്തുടർന്ന് 2012-13 ബഡ്ജറ്റിൽ 10 ലക്ഷം രൂപ നീക്കിവച്ച് ഈ സെന്റർ ആരംഭിക്കാനുള്ള ഉത്തരവ് ജി.ഒ. നം. 142/2012/ഉ.വി.വ. തീയതി 10.05.2012 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ബഡ്ജറ്റ് സ്റ്റഡി സെന്ററിന്റെ ഇപ്പോഴത്തെ പേര് എന്താണെന്നും ഇതിന് മുൻപത്തെ പേര് എന്തായിരുന്നുവെന്നും പഴയ പേര് മാറ്റാനുണ്ടായ കാരണമെന്തെന്നും വിശദമാക്കാമോ?

ഇപ്പോഴത്തെ പേര് സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസ്. ഇതിന് മുൻപത്തെ പേര് കെ.എം.മാണി സെന്റർ ഫോർ സ്റ്റഡീസ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റാണ് പേര് മാറ്റാനുള്ള തീരുമാനമെടുത്തത്.

(സി) ബഡ്ജറ്റ് സ്റ്റഡി സെന്ററിന്റെ പഴയ പേര് നിർദ്ദേശിച്ചത് ഏത് സമിതിയാണെന്നും പുതിയ പേര് നിർദ്ദേശിച്ചത് ഏത് സമിതിയാണെന്നും

വ്യക്തമാക്കാമോ; രണ്ട് സമിതിയിലെയും അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ?

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റാണ് രണ്ട് തീരുമാനങ്ങളുമെടുത്തത്. പഴയ പേര് (കെ.എം.മാണി സെന്റർ ഫോർ സ്റ്റഡീസ്) നിർദ്ദേശിച്ചത് സർവ്വകലാശാലയിൽവെച്ച് 29.03.2021-ൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിലാണ്. സമിതിയിലുണ്ടായിരുന്ന അംഗങ്ങളുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

<u>കുസാറ്റിന്റെ കുട്ടനാട്ടിലെ എഞ്ചിനീയറിംഗ് കോളേജിൽ കൂടുതൽ കോഴ്സുകൾ</u>

182(1167) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളുടെ കാലികപ്രസക്തിയും ആവശ്യകതയും മനസ്സിലാക്കി കുസാറ്റിന് കീഴിലുള്ള കോളേജുകളിൽ ഇത്തരത്തിലുള്ള കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സർവ്വകലാശാലയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വിഷയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിക്കുന്നതാണ്.

(ബി) കുട്ടനാട്ടിലുള്ള കുസാറ്റിന്റെ എഞ്ചിനീയറിംഗ് കോളേജിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സർവ്വകലാശാലയുടെ കീഴിലുള്ള കുട്ടനാട് കാമ്പസിൽ (കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്) സ്ഥല പരിമിതി കുറവുകൾകൊണ്ട് പുതിയ കോഴ്സുകൾക്ക് AICTE-യിൽനിന്ന് അംഗീകാരം ലഭിക്കാൻ നിലവിൽ ബുദ്ധിമുട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നമുറയ്ക്ക് കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(സി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

സർവ്വകലാശാലയുടെ കീഴിലുള്ള കുട്ടനാട് കാമ്പസിൽ (കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്) സ്ഥല പരിമിതി കുറവുകൾകൊണ്ട് പുതിയ കോഴ്സുകൾക്ക് AICTE-യിൽനിന്ന് അംഗീകാരം ലഭിക്കാൻ നിലവിൽ ബുദ്ധിമുട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുന്നമുറയ്ക്ക് കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിലെ നിയമനം

183(1168) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.01.2018 മുതൽ 10.07.2021 വരെയുള്ള കാലയളവിൽ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ വിഭാഗങ്ങളിലായി എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സർവ്വകലാശാല	അസിസ്റ്റന്റ് പ്രൊഫസർ	അസോസിയേറ്റ് പ്രൊഫസർ	പ്രൊഫസർ
കേരള	37	10	12
എം.ജി.	18	7	5
കാലിക്കറ്റ്	54	- -	- -
കുസാറ്റ്	48	16	6
SSUS	16	5	1
കണ്ണൂർ	13	11	1
മലയാളം	3	3	1
നുവാൽസ്	3	- -	- -
എ.പി.ജെ.	- - -	- - -	- - -
ആകെ	192	52	26

(ബി) പ്രസ്തുത കാലയളവിൽ ഈ നിയമനങ്ങൾക്കുവേണ്ടി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്, ഉദ്യോഗാർത്ഥികളുടെ ജാതി, സംവരണ കാറ്റഗറി എന്നിവ ഉൾപ്പെട്ട സംവരണ റൊട്ടേഷൻ ചാർട്ടുകളുടെ കോപ്പി എന്നിവ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത കാലയളവിൽ ഈ നടപടിക്രമങ്ങളിലൂടെ നിയമനം ലഭിച്ച അദ്ധ്യാപകരുടെ പേരും ഡിപ്പാർട്ട്മെന്റും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

<u>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>

184(1169) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ അക്കാദമിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം കോഴ്സുകളാണ് പ്രാഥമിക ഘട്ടത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപ്പു വർഷം താഴെപ്പറയുന്ന കോഴ്സുകൾ ആരംഭിക്കാൻ സർവകലാശാല തയ്യാറെടുപ്പ് നടത്തിവരുന്നു.

ബിരുദ കോഴ്സുകൾ - മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഇംഗ്ലീഷ്, അഫ്സൽ-ഉൽ-ഉലമ, ഹിസ്റ്ററി, സോഷ്യോളജി, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം, കൊമേഴ്സ്, BBA, BCA, കെമിസ്ട്രി, ഫിസിക്സ്, മാത് സ്, കമ്പ്യൂട്ടർ സയൻസ്, ശ്രീനാരായണ ഗുരു പഠനം, ആന്ത്രോപോളജി

ബിരുദാനന്തര ബിരുദ കോഴ്സുകൾ - മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഇംഗ്ലീഷ്, ഹിസ്റ്ററി, സോഷ്യോളജി, മാത്സ്, കൊമേഴ്സ്

(ബി) പ്രസ്തുത സർവ്വകലാശാലയ്ക്ക് സ്ഥിരം ക്യാമ്പസ് ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

<u>വിവിധ സർവ്വകലാശാലകളിൽ പേറ്റന്റ് ലഭിച്ച ഗവേഷണങ്ങൾ</u>

185(1170) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ എത്ര ഗവേഷണങ്ങൾക്ക് പേറ്റന്റ് ലഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും സർവ്വകലാശാലകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പേറ്റന്റ് ലഭിച്ച സർവ്വകലാശാലകളിൽനിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കണ്ണൂർ സർവ്വകലാശാല

Name of Patent : COMPOUND FOR FATTY ACID SYNTHASE INHIBITION

കേരള സർവ്വകലാശാല

Name of the Patent : CRYSTALLINE CHITIN NANO WHISKER AND COMPOSITES THEREOF

മഹാത്മാഗാന്ധി സർവ്വകലാശാല

Name of Patents : 1) Fibre reinforced composites with toughened epoxy matrix and a process for preparing the same, 2) HIGHLY GAS IMPERMEABLE ELASTOMERIC RUBBER-RUBBER BLEND NANOCOMPOSITES 3) A polymer Nanocomposite, Process And

Application there-of 4) Antithrombotic Compounds, Methods and Uses there-of

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
Inter University Centre for IPR Studies, CUSAT, Kochi-22

Name of Patents : 1. NICKEL NANOPARTICLE SYNTHESIS 2. A METAL COMPLEX AND A PROCESS THEREOF 3. OPTICAL LIMITING FERROMAGNETIC NANOPARTICLES AND DEVICE THEREOF 4. E-FIELD BASED PRESSURE SENSOR FOR BIOMEDICAL PRESSURE SENSING SYSTEMS' 5. PAMAM DENDRIMER AND PROCESS FOR PREPARATION THEREOF

സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം

186(1171) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകാലശാലകളിൽനിന്നും പെൻഷൻ ആയവരുടെ പെൻഷൻ പതിനൊന്നാം ശമ്പള കമ്മീഷനോട് അനുബന്ധമായ രീതിയിൽ പരിഷ്കരിക്കുന്നത് മൂലമുണ്ടാകുന്ന അധിക ചെലവ് സർവ്വകലാശാലകൾ സ്വന്തം റിസോഴ്സസ്സിൽനിന്നും കണ്ടെത്തണമെന്ന സർക്കാർ ഉത്തരവുണ്ടോ?

സ.ഉ.(അ) നം. 87/2021/ധന 24/06/2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അപ്രകാരമുള്ള അധികച്ചെലവ് സർവ്വകലാശാലകൾക്ക് ഏത് റിസോഴ്സസ് ഇനത്തിൽനിന്നും കണ്ടെത്താൻ കഴിയുമെന്ന് അറിയിക്കുമോ?

സർവ്വകലാശാലകളിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാലകൾ/ആഡിറ്റ് വകുപ്പ് പ്രതിനിധികളുമായി നടത്തിയ അവലോകനയോഗത്തിൽ ഓരോ സർവ്വകലാശാലകളിലും വിവിധ അക്കൗണ്ടുകളിലായി പെൻഷൻ നൽകുന്ന ആവശ്യത്തിലേയ്ക്കായി മതിയായ തുക നീക്കിയിരിപ്പുണ്ടെന്ന് കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് സമർപ്പിച്ച രേഖകളിൽനിന്നും വ്യക്തമായിട്ടുണ്ട്. ടി തുകയിൽനിന്നും സർവ്വകലാശാലകളിലെ വിരമിച്ച പെൻഷൻകാർക്ക് പതിനൊന്നാം ശമ്പള കമ്മീഷനോട് അനുബന്ധമായ രീതിയിൽ പെൻഷൻ പരിഷ്കരിക്കുന്നത് മൂലമുണ്ടാകുന്ന അധിക ചെലവ് കണ്ടെത്താവുന്നതാണ്.

(സി) സർവ്വകശാലകളുടെ ഇത്തരത്തിലുള്ള അധിക ചെലവ് നോൺ പ്ലാൻ ആയി സർക്കാർ കൂട്ടിനൽകുന്ന വ്യവസ്ഥ നിർത്തലാക്കിയിട്ടുണ്ടോ?

സർവ്വകലാശാലകൾക്ക് ഗ്രാന്റ് തീരുമാനിക്കുന്ന ഉന്നതാധികാര കമ്മിറ്റിയുടെ ശിപാർശ പ്രകാരം സർവ്വകലാശാലകൾക്ക് 5% മുതൽ 20%

വരെ വിവിധ നിരക്കിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്മേൽ നോൺപ്ലാൻ സാലറി/നോൺപ്ലാൻ നോൺ സാലറി ഇനത്തിൽ മാത്രമാണ് സർക്കാർ ഗ്രാന്റ് നൽകുന്നത്.

കോഴിക്കോട് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ

187(1172) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ പട്ടികജാതി-പട്ടികവർഗ്ഗ അദ്ധ്യാപക നിയമനങ്ങളിൽ, പ്രസ്തുത വിഭാഗത്തിന് കെ.എസ്.& എസ്.എസ്.ആർ. അനുശാസിക്കുന്ന റൊട്ടേഷൻ തെറ്റിച്ചാണ് നൽകിയതെന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) റൊട്ടേഷൻ പോയിന്റ് തെറ്റാനുള്ള കാരണം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച യൂണിവേഴ്സിറ്റിയിലെ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റൊട്ടേഷൻ പോയിന്റ് തെറ്റിയിട്ടില്ല. കെ.എസ്. & എസ്.എസ്.ആർ. അനുശാസിക്കുന്ന സംവരണക്രമം പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. The Right of Persons with Disabilities Act 2016-ൽ

പരാമർശിക്കുന്ന അംഗപരിമിത സംവരണം ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ (അച്ചടി) നം.12/2019/സാ.നീ.വ., 31.10.2019 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അംഗപരിമിത സംവരണവും ഉറപ്പുവരുത്തിയിട്ടുണ്ട്. കെ.എസ്. & എസ്.എസ്.ആർ. റൊട്ടേഷൻ അനുസരിച്ചിട്ടുള്ള നിയമന ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ 63 അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമനം നടന്നപ്പോൾ ഇ.ടി.ബി. വിഭാഗത്തിന് ലഭിക്കേണ്ട 9 തസ്തികകൾക്ക് പകരം 8 തസ്തികകൾ മാത്രമാണ് ലഭിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; കെ.എസ്. & എസ്.എസ്.ആർ. അനുശാസിക്കുന്ന റൊട്ടേഷൻക്രമം പാലിച്ച് നിയമനം നടത്തിയിട്ടുള്ളതിനാൽ ഇ.ടി.ബി. വിഭാഗത്തിന് അർഹതപ്പെട്ട പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്.

<u>യുവജനങ്ങൾക്ക് അസാപ് മുഖേന ലഭിക്കുന്ന പ്രയോജനങ്ങൾ</u>

188(1173) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് മുഖേന നടപ്പിലാക്കുന്ന കോഴ്സുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഏതൊക്കെയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

അസാപ് മുഖേന നടപ്പിലാക്കുന്ന കോഴ്സുകൾ അനുബന്ധമായി ഇതിനോടൊപ്പം ചേർക്കുന്നു+.

(ബി) ഏതൊക്കെ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അസാപ്വഴി പ്രയോജനം ലഭിക്കുന്നതെന്ന് അറിയിക്കാമോ; ഇത് യുവാക്കളുടെ ജോലി സാധ്യതയ്ക്ക് എങ്ങനെ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

B.A, B.Sc, B.com, M.A, M.Sc, M.com, B.Tech, M.Tech, BCA, MCA, BDS, BHMS, BAMS, BUMS, BPT, B.Pharm, എന്നീ ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പ്രസ്തുത കോഴ്സുകളുടെ പ്രയോജനം ലഭ്യമാ്കക. ദേശീയ, അന്തർദേശീയ, ബഹുരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന തൊഴിലവസരങ്ങൾക്ക് അനുസൃതമായ കോഴ്സുകളാണ് അസാപ് നടപ്പിലാക്കുന്നത്.

(സി) പി.എസ്.സി, ബാങ്കിംഗ്, ഐ.ടി., മറ്റ് മത്സര പരീക്ഷകൾ എന്നിവയ്ക്ക് ശ്രമിക്കുന്ന വിദ്യാർത്ഥികൾക്ക് അസാപ് മുഖേന ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിപുണന പരിശീലനത്തിലൂടെ കേരളത്തിലെ യുവജനങ്ങളെ തൊഴിലിലേയ്ക്ക് എത്തിക്കുക എന്നതാണ് അസാപ് പ്രധാനമായും ലക്ഷ്യമിടുന്നത്.

(ഡി) നിലവിലെ സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യോഗ്യതയുള്ള ജീവനക്കാരുടെ സേവനവും അടിസ്ഥാന സൗകര്യങ്ങളും അസാപ്പിനുവേണ്ടി ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ?

ഉണ്ട്.

(ഇ) കോവിഡ് മഹാമാരി കാരണം ഏതുതരത്തിലാണ് അസാപ് കോഴ്സുകൾ നടപ്പിലാക്കുന്നതെന്നും ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ?

കോവിഡ് കാലത്ത് അസാപ് കോഴ്സുകൾ ഓൺലൈൻ മുഖേനയാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത്. ഇത്തരം ഓൺലൈൻ കോഴ്സുകളുടെ നടത്തിപ്പിനായി അസാപ്പിന്റെ സ്വന്തം ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോം ആയ അധ്യായനം കൂടാതെ അസാപ്പിന്റെ പരിശീലന പങ്കാളികളുടെ ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോമും ഉപയോഗിക്കുന്നു. ഇതിനുവേണ്ടി വിവിധ കമ്പനികളുമായി സഹകരിക്കുകയും അതുവഴി നൂതന

വിവരസാങ്കേതിക രംഗത്തും ഫാർമസ്യൂട്ടിക്കൽ രംഗത്തും ബാങ്കിങ് & ഫിനാൻസ് മേഖലയിലും ഉള്ള പുതിയ കോഴ്സുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

(എഫ്) കോഴ്സുകൾക്കുള്ള ഫീ സബ്സിഡി ഏതൊക്കെ വിഭാഗം വിദ്യാർത്ഥികൾക്കാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഫിനിഷിംഗ് കോഴ്സ് ഫോർ നഴ്സസ് എന്ന പ്രോഗ്രാമിന് പട്ടികജാതി പട്ടിക വർഗ്ഗം, മറ്റു പിന്നോക്ക വിഭാഗം എന്നീ വിഭാഗത്തിൽപ്പെട്ടവർക്കും ഗ്രാഫിക് ഡിസൈനർ, സൈബർ സെക്യൂരിറ്റി എന്നീ പ്രോഗ്രാമുകൾക്കും നബാർഡ് നിശ്ചയിച്ച പ്രകാരം ഗ്രാമീണ മേഖലയിൽ നിന്നുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകൾക്കും നോർക്ക വകുപ്പ് അംഗീകരിച്ച കോഴ്സുകൾക്ക് കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെവന്ന പ്രവാസികൾക്കുമാണ് ഫീസ് സബ്സിഡി ലഭ്യമാക്കുന്നത്.

(ജി) അസാപ് കോഴ്സുകളിൽ കമ്പനികളിൽ ഇന്റേൺഷിപ്പിന് അവസരമുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ അസാപ് കോഴ്സുകൾ നടത്തുന്നുണ്ട് എന്ന് അറിയിക്കാമോ?

ഉണ്ട്. അസാപ് പ്രോഗ്രാമുകളിൽ ഇന്റേൺഷിപ് ഒരു

അവിഭാജ്യഘടകമായി ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് പരിശീലന മേഖലയുമായി ബന്ധപ്പെട്ട കമ്പനികളിൽ ഇന്റേൺഷിപ്പ് അവസരം അസാപ് മുഖാന്തരം നൽകുന്നു. എന്നാൽ ഈ കോവിഡ് മഹാമാരി കാലത്ത്, ഓഫ് ലൈൻ ഇൻറ്റേൺഷിപ്പുകൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ അസാപ് കോഴ്സുകൾ നടക്കുന്ന കേന്ദ്രങ്ങൾ താഴെ പറയുന്നവയാണ്.

1. GVHSS താമരശ്ശേരി

2. GGHSS ബാലുശ്ശേരി

3. GGHSS കൊയിലാണ്ടി

4. GGHSS മടപ്പള്ളി

5. GHSS കല്ലാച്ചി

6. GVHSS കുറ്റിച്ചിറ

7. ആർ.ഇ.സി. HSS ചാത്തമംഗലം

8. GHSS കാരപറമ്പ

9. ഗവ ആർട്സ് ആൻഡ് സയൻസ് കോളേജ്, മീഞ്ചന്ത

10. മെഡിക്കൽ കോളേജ് ക്യാമ്പസ് HSS

11. GHSS കുറ്റ്യാടി

12. ഗണപത് ഗേൾസ് HSS ഫാറൂഖ്

13. കേരള ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, വെസ്റ്റ് ഹിൽ കോഴിക്കോട്

14. ഗവണ്മെന്റ് വിമൻസ് പോളിടെക്നിക് കോളേജ് മലാപ്പറമ്പ, കോഴിക്കോട്

15. എം ദാസൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്

കമ്മ്യൂണിറ്റി സ്കിൽ പാർക്കിന് സ്ഥലം വിട്ടുനൽകുന്നതിന് നടപടി

189 (1174) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ്-ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുവേണ്ടി പേരാമ്പ്ര സി.കെ.ജി. കോളേജിന്റെ സ്ഥലം വിട്ടുനൽകുന്നതിന് 01.01.2020-ലെ ഉന്നതതലയോഗത്തിൽ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

&

(ബി) എങ്കിൽ പ്രസ്തുത തീരുമാനമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

കമ്മ്യൂണിറ്റി സ്കിൽ പാർക്ക് എന്നത് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പാ സഹായത്തോടുകൂടി നടപ്പാക്കുന്ന അധിക നൈപുണ്യ

ആർജ്ജന പദ്ധതിയുടെ (അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഒരു ഘടകമാണ്. സംസ്ഥാനത്ത് ആകെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ 9 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധയിടങ്ങളിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 01.01.2020-ന മുൻപുതന്നെ തീരുമാനമായിരുന്നു. ഇപ്രകാരം എ.ഡി.ബി. ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ എണ്ണം പരിമിതപ്പെടുത്തപ്പെട്ടതിനാൽ മറ്റ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നത് പരിഗണനയിലില്ല.

<u>ഉല്പാദന-സേവന മേഖലകളുടെ നവീകരണം</u>

190(1175) <u>ശ്രീ. എ. എൻ. ഷംസീർ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് വ്യാപ്തിയും മികവും

തത്ഫലമായി മാനവവിഭവശേഷി വികസനവും സാദ്ധ്യമായെങ്കിലും ഉല്പാദന, സേവന മേഖലകളുടെ നവീകരണത്തിന് ഇത് വഴിവച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാനായി വ്യക്തമായ നയവും രൂപരേഖയും തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തെ വ്യാപ്തിയും മികവും മാനവവിഭവശേഷി വികസനവും ഉല്പാദന/സേവന മേഖലകളുടെ നവീകരണത്തിന് ഒരു പരിധി വരെ ഉതകിയിട്ടുണ്ട്. എങ്കിലും കാലാനുസാരിയായ നവീകരണസാദ്ധ്യതകൾ ഇനിയും പ്രയോജനപ്പെടുത്താനാകേണ്ടതുണ്ട്. ഇതിനാവശ്യവുമായ നയവും രൂപരേഖയും തയ്യാറാക്കിവരുന്നു.

(ബി) ഇത്തരത്തിൽ ആർജ്ജിക്കുന്ന അറിവും നൈപുണ്യശേഷിയും നാടിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് പ്രയോജനപ്രദമാകുന്ന തരത്തിലും ദിശാബോധത്തോടെയുള്ള ഇടപെടൽ സർക്കാർ നടത്തുന്നുണ്ടോ;

ഉണ്ട്. കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി മാറ്റിയെടുക്കാനും വൈജ്ഞാനികാധിഷ്ഠിത സമ്പദ്ഘടന കെട്ടിപ്പെടുക്കുന്നതിന്റെ ഭാഗമായി അറിവും നൈപുണ്യശേഷിയും നാടിന്റേയും സമൂഹത്തിന്റേയും വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുമുള്ള ശ്രമങ്ങൾ

നടന്നുവരുന്നു. ആയതിന് അസാപ്പ് പോലുള്ള ഏജൻസികളെ ഉപയോഗിക്കാനാകും.

(സി) രാജ്യത്തെ പ്രഥമ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ഈ ദിശയിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരവാദിത്തമുള്ള ഡിജിറ്റൽ ലോകം സൃഷ്ടിക്കുക എന്നതാണ് ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യം. സമൂഹത്തിലെ വിവിധ ഉൽപാദന മേഖലകളുടെ ഉന്നമനത്തിനായുള്ള ഡിജിറ്റൽ പരിവർത്തനത്തിൽ ഒരു മുഖ്യ പങ്ക് വഹിക്കാൻ ഡിജിറ്റൽ സർവകലാശാല ഒരുങ്ങുകയാണ്. ഇതിനനുസൃതമായി ഡിജിറ്റൽ സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്

1. മാനുഷിക വിഭവങ്ങൾ സൃഷ്ടിക്കുക, അത് സർക്കാർ, സ്വകാര്യ, സഹകരണ മേഖലകളിലെ ഉൽ പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ വിവിധ ഉല്പാദന മേഖലയിലെയും, സേവന മേഖലയിലുമുള്ള യൂണിറ്റുകളുടെ വികസനത്തിനുമായി വിനിയോഗിക്കുക.
2. വിവിധ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയും ആധുനികവൽ

ക്കരണവും പരിമിതപ്പെടുത്തുന്ന ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനുള്ള ഉപകരണങ്ങളും സാങ്കേതികതകളും വികസിപ്പിക്കുക.

3. ആഗോള വിപണിയിലെ അവസരങ്ങൾ പര്യവേഷണം ചെയ്യാനും കേരളത്തിലെ സേവന മേഖലയെ പിന്തുണയ്ക്കാൻ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുകയും ചെയ്യുക.
4. കൃഷി, ചെറുകിട വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ പ്രധാന മേഖലകളിൽ നവീകരണം വളർത്തിയെടുക്കുന്നതിന് പ്രത്യേക പരിപാടികൾ വികസിപ്പിക്കുക.
5. ഇതിനായി ഡിജിറ്റൽ സർവ്വകലാ ശാലയിൽ തുടക്കത്തിൽ തന്നെ താഴെപ്പറയുന്ന പ്രത്യേക കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(i) ജിയോസ്പേഷ്യൽ സിസ്റ്റംസ്

(ii) ഡാറ്റ അനലിറ്റിക്സ്

(iii) ബ്ലോക്ക് ചെയിൻ

(iv) നിർമ്മിത ബുദ്ധി

ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രോണിക് ഇൻക്യൂബേറ്റർ ഉണ്ട്, കൂടാതെ രാജ്യത്തെ ആദ്യത്തെ IIOT മികവിന്റെ സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് ഭാരത സർക്കാരിൽ നിന്നും

അനുമതിയും ലഭിച്ചു. ഇവ രണ്ടും ഉന്നതവിദ്യാഭ്യാസ രംഗത്തെ മാനവ ശേഷിയെ startup കളും വ്യവസായവും തുടങ്ങാനുള്ള ചാലക ശക്തിയായി മാറ്റുവാൻ ഉതകുന്നവയാണ്. കേരളത്തിൽ നിന്നുള്ള ഉയർന്ന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായ വളർച്ചയെ പിന്തുണയ്ക്കാൻ ഇവക്ക് സാധിക്കും. ഡിജിറ്റൽ മേഖലയിലെ ബൗദ്ധിക സ്വത്തവകാശം (IPR) നിർമ്മിക്കാൻ ലക്ഷ്യമാക്കിയുള്ള റിസർച്ച് പ്രോഗ്രാമുകൾക്ക് സർവ്വകലാശാല തുടക്കം കുറിച്ചിട്ടുണ്ട്. ഇവയ്ക്ക് കേരളത്തിന്റെ ഉല്പാദന മേഖലയെ ആഗോളതലത്തിൽതന്നെ മത്സരിക്കാനുള്ള ഒരു പ്രേരക ശക്തിയായി മാറ്റുവാൻ കഴിയും.

പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി

191(1176) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി വിപുലീകരിച്ച് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ പാലക്കാട് സബ് സെന്ററിൽ വിവിധ ബാച്ചുകളിലായി ആകെ 420 കുട്ടികൾക്ക് നിലവിൽ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റെഗുലർ ബാച്ചിൽ 180, വാരാന്ത്യ കോഴ്സിൽ 60,ബിരുദത്തിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കോഴ്സ് - 60, പ്ലസ് ടു വിദ്യാർഥികൾക്കുള്ള ഫൗണ്ടേഷൻ കോഴ്സ് -60, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള ടാലന്റ് ഡെവലപ്മെന്റ് കോഴ്സ്-60 എന്നിങ്ങനെയാണ് ആകെ വിദ്യാർത്ഥികളുടെ എണ്ണം. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. സ.ഉ. (സാധാ)നം 121/ 2021/ഉ.വി.വ 22.1.2021 പ്രകാരം പാലക്കാട് സബ് സെന്ററിൽ നിലവിലുള്ള പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെട്ടിട സൗകര്യം വിപുലീകരിക്കാൻ 77,00,000/- രൂപ(എഴുപത്തി ഏഴു ലക്ഷം രൂപ മാത്രം)യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ</u>

192(1177) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ

പെൻഷനുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ചുവടെ ചേർക്കുന്നു.

1. വാർദ്ധക്യകാല പെൻഷൻ

2. വികലാംഗ പെൻഷൻ

3. വിധവാ പെൻഷൻ

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

5. കർഷകത്തൊഴിലാളി പെൻഷൻ

(ബി) പ്രസ്തുത പെൻഷനുകൾ ഓരോന്നും അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഏന്തൊക്കെയാണ്; ഓരോ പെൻഷനും ഇനം തിരിച്ച് വിശദാംശം നൽകാമോ?

അനുബന്ധമായി ചേർക്കുന്നു+.

<u>സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനെ നൽകുന്ന ചികിത്സ ധനസഹായം</u>

193(1178) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകിവരുന്ന ചികിത്സാ ധനസഹായം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുവദിക്കാറുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ധനസഹായം രോഗികൾക്ക് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(സി) ഏതൊക്കെ ചികിത്സകൾക്കാണ് ഇപ്രകാരം ധനസഹായം അനുവദിക്കുന്നതെന്നും എത്ര രൂപയുടെ ധനസഹായം വരെ പ്രസ്തുത പദ്ധതിയിലൂടെ അനുവദിക്കുമെന്നും അറിയിക്കാമോ;

&

(ഡി) പ്രസ്തുത ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ട രീതിയും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തൊക്കെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നതും സംബന്ധിച്ച വിശദാംശം നൽകാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള പെൻഷൻ

194(1179) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴ് വർഷത്തിൽ അധികമായതും 50 വയസ്സിന് താഴെയുള്ളതുമായ സ്ത്രീകൾക്ക് നൽകിയിരുന്ന വിധവ പെൻഷൻ നിർത്തലാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആയത് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ഇവരുടെ വിധവ പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ 'വിധവ'യുടെ നിർവ്വചനത്തിൽ വരുന്നില്ല. ആകയാൽ, ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വിധവാ പെൻഷന് അർഹതയില്ല.

<u>ഗുരുതര രോഗങ്ങൾ ബാധിച്ചവർക്കുള്ള സഹായം</u>

195(1180) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾക്കും ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്കും സാമൂഹ്യ നീതി വകുപ്പുവഴി ഏതെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടെങ്കിൽ വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന സമാശ്വാസം പദ്ധതിയിലൂടെ വൃക്ക രോഗബാധിതരായി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 1,100/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. കൂടാതെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് പ്രസ്തുത തീയതി മുതൽ 5 വർഷം വരെ പ്രതിമാസം 1,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ക്യാൻസർ സുരക്ഷാ പദ്ധതി മുഖേന 18 വയസ്സുവരെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെയാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നത്. കൂടാതെ "വീ കെയർ" പദ്ധതിയിലൂടെ ക്യാൻസർ, വൃക്കരോഗം ഉൾപ്പെടെയുള്ള ഗുരുതര രോഗം ബാധിച്ചവർക്ക് ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും സാമൂഹിക, സാമ്പത്തിക സ്ഥിതി വിലയിരുത്തിയും അർഹത പരിശോധിച്ച് ചികിത്സ ധനസഹായം നൽകിവരുന്നുണ്ട്. "വീകെയർ" പദ്ധതിയുടെ payment gateway-യിലൂടെ സമാഹരിക്കുന്ന തുക ഈ പദ്ധതിയുടെ ചെലവിനായി വിനിയോഗിക്കുന്നു.

(ബി) ഇത്തരം ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് പുതിയ ഏതെങ്കിലും പദ്ധതി വഴി സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

അപൂർവ്വരോഗങ്ങൾ ബാധിക്കുന്ന കുട്ടികളുടെ ചികിത്സയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വീകെയർ അക്കൗണ്ടിൽനിന്നും 50 ലക്ഷം രൂപ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് KSSM ഡയറക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്.

വയോജന സംരക്ഷണ പദ്ധതി

196(1181) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) കോവിഡ് വ്യാപനത്തെത്തുടർന്ന് വയോജനങ്ങൾക്കുവേണ്ടി ആരംഭിച്ച പ്രത്യേക പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1. ഗ്രാന്റ് കെയർ പദ്ധതി - വയോജന കോൾ സെന്റർ സംസ്ഥാന വ്യാപകമായും കൂടാതെ വൃദ്ധസദനങ്ങളിലും കോവിഡ്-19 വ്യാപനം ശ്രക്ഷമായ സാഹചര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിൽ അല്ലാതെ റിവേഴ്സ് ക്വാറന്റീനിൽ ഉള്ള വയോജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ പരിഹരിക്കുന്നതിനായി വയോജന സെല്ലിനോട് അനുബന്ധിച്ച് 14 ജില്ലകളിലും വയോജനകോൾസെന്റർ പ്രവർത്തിച്ചുവരുന്നു.

2. വയോപോഷണം - കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോഷകാഹാര ലഭ്യതയുമായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കാൻ കഴിയുന്ന രണ്ട് മാസത്തേയ്ക്ക് ആവശ്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടുത്തിയ കിറ്റാണ് പദ്ധതി പ്രകാരം സായംപ്രഭ ഹോമുകളിലൂടെ വിതരണം ചെയ്യുന്നത്.

(സി) വൃദ്ധജനങ്ങൾക്ക് വാക്സിനേഷൻ നൽകുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ടോ?

മുതിർന്ന പൗരന്മാർക്ക് കോവിഡ് വാക്സിനേഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വയോജന കാൾ സെന്ററിനോടനുബന്ധമായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് മുഖേന സഹായങ്ങൾ നൽകിവരുന്നു.

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

197(1182) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ആശ്വാസ കിരണം പദ്ധതി

198(1183) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആശ്വാസ കിരണം പദ്ധതിയിലൂടെ ലഭിച്ച അപേക്ഷകളുടേയും അവയിൽ തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെയും എണ്ണം തരം തിരിച്ച് നൽകാമോ?

ലഭിച്ച അപേക്ഷകൾ - 86253 എണ്ണം, തീർപ്പ് കൽപ്പിച്ചവ - 36829

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എണ്ണം, ബാക്കിയുള്ള അപേക്ഷകൾ കുടുംബശ്രീ മുഖേന ഡാറ്റാ എൻട്രി ചെയ്തുവരികയാണ്. 2011 മുതൽ 2016 മാർച്ച് വരെ ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കാതെ വച്ചിരുന്ന 23,804 അപേക്ഷകൾക്കൂടി ഈ കാലയളവിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കായി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ അനുവദിച്ചിട്ടുള്ള തുകയും വിതരണം ചെയ്തിട്ടുള്ള തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2016-17	4,700 (3,200+1,500 SDG)	8,270.52
2017-18	4,000	7,365.13
2018-19	4,200	4,200.69
2019-20	4,160	4,159.99
2020-21	9,812 (4,000+5,812 SDG)	9,812
ആകെ	26,872	33,808.33

(സി) ആശ്വാസ കിരണം പദ്ധതിയിൽ ഏത് വർഷംവരെ ലഭിച്ച അപേക്ഷകളിന്മേലാണ് നാളിതുവരെ തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2018 മാർച്ച് മാസം വരെ.

(ഡി) അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

അപേക്ഷകളുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നതും അതിന് ആനുപാതികമായി ഫണ്ട് ലഭ്യമല്ലാത്തതിനാലുമാണ് അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ പ്രയാസമുണ്ടാകുന്നത്.

<u>മലപ്പുറം ജില്ലയിലെ ആശ്വാസ കിരണം പദ്ധതി ധനസഹായം</u>

199 (1184) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനുകീഴിൽ നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം കഴിഞ്ഞ പതിനെട്ട് മാസമായി മലപ്പുറം ജില്ലയിൽ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരാലംബരായ രോഗികൾ കഷ്ടത അനുഭവിക്കുന്നതിനാൽ കുടിശ്ശിക തുക വിതരണംചെയ്യാൻ സത്വര നടപടി സ്വീകരിക്കുമോ;

&

(സി) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പുതിയ അപേക്ഷകളിൽ എന്നത്തേയ്ക്ക് തീർപ്പുകൽപ്പിക്കാനും സഹായം നൽകാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ആശ്വാസകിരണം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 ഫെബ്രുവരി വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ വർദ്ധിച്ചുവരുന്നതിനാൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പുതിയ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതാണ്.

<u>എൻഡോസൾഫാൻ പുനരധിവാസ വില്ലേജ്</u>

200(1185) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി നിർമ്മിക്കുന്ന എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന്

വിശദമാക്കാമോ;

(ബി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ഏത് പ്രവൃത്തിയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

&

(സി) ഇനി ഏതൊക്കെ പ്രവൃത്തികളാണ് ചെയ്യാനുള്ളതെന്നും അതിനുള്ള നടപടികൾ ഏതു വരെയായെന്നും വിശദമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച മൂളിയാർ റീഹാബിലിറ്റേഷൻ വില്ലേജിന്റെ ആദ്യഘട്ട പ്രവർത്തനം തുടങ്ങുന്നതിനായി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്ന് 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2020 മാർച്ച് 4 ന് ഇതിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുള്ളതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി നിർമ്മാണ കരാറിൽ ഏർപ്പെട്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്

<u>കൗൺസിലിംഗ് പദ്ധതി</u>

201(1186) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക വെല്ലുവിളികളും മാനസിക അസ്വസ്ഥതകളും അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

&

(ബി) ആത്മഹത്യാ പ്രവണത പ്രകടിപ്പിക്കുന്ന സ്ത്രീകളെ കണ്ടെത്താനും അവരെ സന്തോഷകരമായ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്ന കാതോർത്ത് പദ്ധതി, Family Counselling Centres (കേന്ദ്ര ആവിഷ്കൃത പദ്ധതി), 181 മിത്ര ഹെൽപ്പ് ലൈൻ, 9400080292 എന്ന വാട്ട്സ് ആപ്പ് നമ്പർ, രക്ഷാദൂത് എന്നീ പദ്ധതികൾ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

1. <u>കാതോർത്ത്</u> :- സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതുമായ ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന പേരിൽ നടപ്പിലാക്കിവരുന്നു.

kathorthuwcd@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെട്ടാൽ സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാകുന്നതിനും അതുവഴി സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ പ്രശ്നപരിപാരം തേടാം എന്നതുമാണ് ഈ പദ്ധതിയുടെ പ്രത്യേകത.

2. Family Counselling Centres (കേന്ദ്രാവിഷ്കൃത പദ്ധതി) :- വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ പ്രവർത്തിച്ചുവരുന്ന 38 ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ കൗൺസിലർമാർ വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് സൗജന്യമായി നൽകുകയും സ്ത്രീകളെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു .

3. 181 മിത്ര ഹെൽപ്പ് ലൈൻ :- ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് സ്ത്രീകൾക്ക് പരാതിപ്പെടാം. കൗൺസിലിംഗ്, നിയമസഹായം, ഷെൽട്ടർ എന്നീ

സംവിധാനങ്ങൾ വനിതാ സംരക്ഷണ ഓഫീസർ (WPO) മുഖേന ലഭ്യമാണ്.

4. 9400080292 എന്ന വാട്ട്സാപ് നമ്പർ :- പരാതികൾ 9400080292 എന്ന വാട്ട്സ് ആപ്പ് നമ്പർ മുഖേനയും അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികളാണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണെങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായി നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

5. രക്ഷാദൂത്:- തപാൽ വകുപ്പ് വനിത-ശിശു വികസന വകുപ്പുമായി സഹകരിച്ച് സമൂഹത്തിലെ അക്രമങ്ങളിൽപ്പെടുന്ന ഏത് വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ഏറ്റവും എളുപ്പത്തിൽ പരാതി സമർപ്പിക്കുനതിന് "രക്ഷാദൂത്" എന്ന പദ്ധതി 2020-21 വർഷം മുതൽ നടപ്പിലാക്കിവരുന്നു. അതിക്രമത്തിനിരയായ വ്യക്തിക്കോ, കുട്ടിക്കോ അവരുടെ ഐഡന്റിറ്റി വെളിപ്പടുത്താതെ പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനമാണിത്. അതിക്രമത്തിനിരയായ വ്യക്തിയോ, കുട്ടിയോ, പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു പേപ്പറിൽ പിൻകോഡ്

സഹിതം സ്വന്തം മേൽവിലാസമെഴുതി സീൽ ചെയ്ത് ഒട്ടിച്ച് പുറത്ത് "തപാൽ" എന്ന് എഴുതിയോ വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസ മെഴുതി ഒട്ടിച്ച് പുറത്ത് "തപാൽ" എന്ന് എഴുതിയോ ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതുമാണ്. വെള്ള പേപ്പറിൽ ലഭ്യമാകുന്ന മേൽവിലാസം പരാതിയായി പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് അതിന്റെ സ്കാൻഡ് കോപ്പി വനിതാ ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ ID-യായ Email Id-wcddvpostal@gmail.com-ലേയ്ക്ക് കൈമാറുന്നു. ഈ പരാതികളിൽ സ്ത്രീകൾക്കുണ്ടാകുന്ന അതിക്രമം അതാത് ജില്ലയിലെ വനിത സംരക്ഷണ ഓഫീസർമാരും കുട്ടികൾക്കെതിരെയുള്ള അതിക്രമം അതാത് ജില്ലയിലെ ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരും അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

(സി) ഗാർഹിക പീഡനത്തിൽനിന്നും സംരക്ഷണം ലഭ്യമാക്കാനും നിയമ മാർഗ്ഗത്തെക്കുറിച്ച് ബോധവത്കരണം നടത്താനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഗാർഹിക പീഡനത്തിൽനിന്നും സംരക്ഷണം ലഭ്യമാക്കാനും നിയമ മാർഗ്ഗത്തെക്കുറിച്ച് ബോധവത്കരണം നടത്താനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ട്. ഗാർഹിക അതിക്രമങ്ങളിൽനിന്ന്

സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചുവരുന്നു. നടപ്പുവർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ/ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അതിക്രമത്തിനിരയായ സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി സ്വാധാർഗ്രഹ്, ഉജ്ജ്വല തുടങ്ങിയ ഷെൽട്ടർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്. വൺസ്റ്റോപ്പ് സെന്റർ ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജൻഡർ റിസോഴ്സ് പേഴ്സൺ മുഖാന്തരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

പൊതുജനങ്ങളിൽ Gender Awareness നടത്തി ലിഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻവഴി ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign നടത്തി വരുന്നു.

ട്രാൻസ്ജെൻഡറുകളെ മുഖ്യധാരയിൽ എത്തിക്കാൻ പദ്ധതികൾ

202 (1187) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ എസ് അംബിക:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ എം മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലം പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന ട്രാൻസ്ജെൻഡറുകളെ മാനുഷിക പരിഗണന നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിന് മുൻസർക്കാരിന്റെ കാലത്ത് നടത്തിയ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ നിലവിലെ അവസ്ഥയും പ്രശ്നങ്ങളും സംബന്ധിച്ച്

വനിതാ കമ്മീഷൻ അടക്കമുള്ള ഔദ്യോഗിക സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ആധികാരിക പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(സി) പാർശ്വവൽകൃത വിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് നിലവിൽ നടപ്പാക്കിവരുന്ന പരിപാടികളെക്കുറിച്ച് അറിയിക്കാമോ?

ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും അതുവഴി സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കാനും അവരെ പ്രപ്തരാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി കേരള സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പ്രധാന പദ്ധതികൾ

1. തിരിച്ചറിയൽ കാർഡ് വിതരണം - ഒരു വ്യക്തിക്ക് തന്റെ വ്യക്തിത്വം തെളിയിക്കുന്നതിനുവേണ്ടി അടിസ്ഥാനപരമായി ഉണ്ടാകേണ്ട രേഖയാണ് തിരിച്ചറിയൽ കാർഡ്. എന്നാൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത

സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന 640 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

2. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി - പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം തുല്യതാപരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർ വിദ്യാഭ്യാസം നല്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

3. ബോധവൽക്കരണ പരിപാടികൾ - സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും 5 സ്കൂളുകളും കോളേജുകളും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ബോധവൽക്കരണ

പരിപാടികൾ നടത്തിയിട്ടുണ്ട്.

4. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് - വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കംനില്ക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നൽകേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ ധനസഹായം നല്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2,000 രൂപയും ആണ് സ്കോളർഷിപ്പ് തുക.

5. സംരംഭകത്വ വികസന പരിശീലന പരിപാടി - സംസ്ഥാനത്തെ ട്രാൻജെൻഡർ സമൂഹത്തിന് അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അതിജീവനത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനായി സംരഭകത്വ വികസന പരിശീലന

പരിപാടി സർക്കാർ സ്ഥാപനമായ C-STED മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

6. കെയർ ഹോമുകൾ/സേഫ്റ്റി ഹോമുകൾ - സംസ്ഥാനത്ത് വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഒർഗനൈസേഷൻ മുഖേന പ്രവർത്തിച്ചു വന്നിരുന്ന 5 കെയർ ഹോം/സേഫ്റ്റി ഹോമുകൾ കാലാവധി പൂർത്തീകരിച്ചതിനാൽ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. നിലവിൽ NGO-കൾ മുഖേന സംസ്ഥാനത്ത് 2 കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ സ്നേഹജ്യോതി ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ ട്രാൻസ് വുമൺ വ്യക്തികൾക്കും തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ട്രാൻസ് മെൻ വ്യക്തികൾക്കുമാണ് കെയർ ഹോമുകൾ ഉള്ളത്. 30 വ്യക്തികൾക്ക് വരെ താമസിക്കുന്നതിനുള്ള സൗകര്യം 2 ഹോമുകളിലും ഒരുക്കിയിട്ടുണ്ട്.

7. സീറോ എച്ച്.ഐ.വി. സർവൈലൻസ് സെന്റർ - HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ്

അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം സെന്ററിന്റെ പ്രവർത്തനം എറണാകുളം, കാസർഗോഡ് ജില്ലകളിലും കൂടി ആരംഭിച്ചിട്ടുണ്ട്.

8. 24x7 ഹെൽപ്പ്ലൈൻ - ട്രാൻസ്ജെൻഡർ വ്യക്തികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും വേണ്ടതരത്തിൽ നിയമ നടപടികൾ കൈക്കൊള്ളാനുമായി സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ട്രാൻജെൻഡൻ ഹെൽപ്പ്ലൈൻ ആരംഭിച്ചിട്ടുണ്ട്.

9. ബ്യൂട്ടിഷൻ പദ്ധതി - ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി മുഖേന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി മൂന്നുമാസത്തെ ബ്യൂട്ടീഷ്യൻ പരിശീലനം നടത്തിയിരുന്നു.

10. തയ്യൽ മെഷീൻ വിതരണ പദ്ധതി - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ജീവനോപാധി കണ്ടെത്തുന്നതിനുള്ള ലക്ഷ്യം മുൻനിർത്തി തയ്യൽ പഠിച്ച് പ്രവർത്തിപരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി

യിട്ടുണ്ട്.

11. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം പുരുഷനിൽനിന്നും സ്ത്രീയിലേയ്ക്കും സ്ത്രീയിൽനിന്നും പുരുഷനിലേയ്ക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. 2018 -19 മുതൽ 2019-20 വർഷം പരമാവധി രണ്ടുലക്ഷം രൂപ വീതമാണ് ഓരോ വ്യക്തികൾക്കും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി അനുവദിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ട്രാൻസ് മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപ വരെയും ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി രണ്ടര ലക്ഷം രൂപ വരെയുമാണ് ധനസഹായം അനുവദിച്ചത്.

12. എസ്.ആർ.എസ്. കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി - എസ്.ആർ.എസ്. കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേയ്ക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി പ്രതിമാസം 3,000/- രൂപ നിരക്കിൽ 12 മാസക്കാലയളവിൽ അനുവദിച്ചുവരുന്നു.

13. സ്വയം തൊഴിൽ ധനസഹായം - ട്രാൻസ്ജെൻഡർ വ്യക്തികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിലേയ്ക്കായി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒരു വ്യക്തിക്ക് 50,000/- രൂപ ധനസഹായം അനുവദിച്ചുവന്നിരുന്നു. ആദ്യഘട്ടം എന്ന നിലയ്ക്ക് 63 ട്രാൻസ്ജൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ ധനസഹായം നൽകിയിട്ടുണ്ട്.

14. വനിതാ വികസന കോർപ്പറേഷൻവഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായുള്ള പദ്ധതിയാണിത്. വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്കോ സംരംഭകത്വത്തിനോ പരമാവധി 3 ലക്ഷം രൂപ വരെ നല്കിവരുന്നു.

15. ഡ്രൈവിംഗ് പരിശീലനം - സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

16. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി - സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/സെൽഫ് ഫിനാൻസസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നതിനായി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,000/- രൂപ എന്ന ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

17. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി - നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000/- രൂപ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായമായി ലഭ്യമാക്കുന്നു.

18. സഫലം പദ്ധതി - ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള കോഴ്സുകൾ പഠിക്കുന്നതിനായി ഒരു ലക്ഷം വരെ സാമ്പത്തിക ധനസഹായം അനുവദിക്കുന്ന പദ്ധതിതാണിത്.

19. സോഷ്യോ എക്കണോമിക്ക് സർവ്വേ സെന്റർ ഫോർ

മാനേജ്മെൻറ് ഡെവലപ്പ്മെന്റ് മുഖേന കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക സാമ്പത്തിക സർവ്വേ ആരംഭിച്ചിട്ടുണ്ട്.

20. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള കരിയർ ഡെവലപ്പ്മെന്റ് പ്രോഗ്രാം (E2-HUB) - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ കണ്ടെത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി E2-HUB empowerment hub for Transgender persons എന്ന പേരിൽ കരിയർ കോഴ്സ് സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്തി വിപുലീകരിക്കുന്നതിനോ ആവശ്യമായ ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ നൽകിക്കൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

21. അഡ്വക്കസി ക്യാമ്പയിൻ - ട്രാൻസ്ജെൻഡർ സമൂഹത്തെക്കുറിച്ചും ജെൻഡർ വ്യക്തികൾ അനുഭവിക്കുന്ന

ശാരീരിക മാനസിക സംഘർഷത്തെക്കുറിച്ചും പൊതു ഇടങ്ങളിൽ അനുഭവിക്കേണ്ടി വരുന്ന വിവേചനപരമായ ഇടപെടലുകൾ ലഘൂകരിക്കുന്നതിനും പൊതുസമൂഹത്തിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ മാറ്റുന്നതിനും വേണ്ട ഇടപെടലുകൾ വകുപ്പ് മുഖേന നടന്നുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി അഡ്വക്കസി ക്യാമ്പയിൻ നടത്തുന്നതിന് സി-ഡിറ്റ് മുഖേന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിൻ വിവിധ മാധ്യമങ്ങൾ (പ്രിന്റ്, വിഷ്വൽ,സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെ) വഴി വ്യാപക പ്രചരണം നടത്തുന്നതിന് സജ്ജമാണ്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ പുനരധിവാസം, നിയമപരിരക്ഷ തുടങ്ങിയവയിൽ ഔദ്യോഗിക സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. സർക്കാർ മേഖലയിൽ ലിംഗമാറ്റ ശസ്ത്രക്രിയകളിൽ പ്രാവീണ്യമുള്ള ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം നൽകി ശസ്ത്രക്രിയകൾ നടത്തുന്നത് സംബന്ധിച്ചും ഇത്തരം ശസ്ത്രക്രിയകൾക്ക് പ്രോട്ടോകോൾ തയ്യാറാക്കുന്നത് സംബന്ധിച്ചും ലിംഗമാറ്റ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളും

ട്രാൻസ്ജെൻഡർ സമൂഹത്തിന് ഏറ്റവും അനുകൂലമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച് എടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും പഠിച്ച് സർക്കാരിലേയ്ക്ക് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കാൻ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകൾ നിലവിലുള്ള ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ നിയമത്തിനും നയത്തിനും വിധേയമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധ സമിതി രൂപീകരിക്കാൻ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകൾ നിലവിലുള്ള ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ നിയമത്തിനും നയത്തിനും വിധേയമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കൂടാതെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>സാമൂഹ്യനീതി വകുപ്പിൽനിന്നുള്ള ആനുകൂല്യങ്ങൾ</u>

203(1188) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബ്ബലർക്കും അവശത അനുഭവിക്കുന്നവർക്കും രോഗികൾക്കും സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും ക്ഷേമ പദ്ധതികളും അവയ്ക്കുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികളും പെൻഷനുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ;

&

(ഇ) വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികളും പെൻഷനുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന പെൻഷൻ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല. ക്ഷേമപദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+.

വിവിധ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ ഒഴിവുകൾ

204(1189) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച കണക്ക് പ്രോജക്ട് തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ എന്നുമുതൽ ഉള്ളതാണെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് 258 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലായി 1319 അങ്കണവാടി വർക്കർ തസ്തികകളും 4922 അങ്കണവാടി ഹെൽപ്പർ തസ്തികകളും ഒഴിഞ്ഞുകിടപ്പുണ്ട്. പ്രസ്തുത ഒഴിവുകളുടെ പ്രോജക്ട്തല വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്+.

(ബി) നൂറുകണക്കിന് ഒഴിവുകൾ ഉണ്ടായിട്ടും സമയബന്ധിതമായി ഇതിൽ നിയമനം നടത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഓണറേറിയം വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന അങ്കണവാടി പ്രവർത്തകരുടെ നിയമനങ്ങൾ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടേയും ഐ.സി.ഡി.എസ്. മാന്വലിന്റേയും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് നടന്നുവരുന്നത്. നിയമനാധികാരിയായ ശിശുവികസന പദ്ധതി ഓഫീസർ അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികയിലുണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ സ.ഉ. (സാധാ) നം. 254/2018/സാനീവ,30/04/2018 -ലെ മുൻഗണന റൊട്ടേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനദണ്ഡം അനുസരിച്ചാണ് നിയമിച്ചുവരുന്നത്. ടി പത്ത് വിഭാഗങ്ങൾ ഇനി പറയുന്നു.

1. അങ്കണവാടി ജീവനക്കാരിയായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നിയമനം.
2. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനായി അങ്കണവാടിയിൽനിന്നും രാജി വച്ചവർക്ക്.
3. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധിയായിരിക്കെ അങ്കണവാടിയിൽ നിയമന ഉത്തരവ് ലഭിച്ചവർക്ക്.
4. പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിക്കകത്തുള്ള സ്ഥലം മാറ്റം (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട് തലം.)
5. സമാഹൃത സീനിയോറിറ്റി ലിസ്റ്റിൽനിന്നുള്ള നിയമനം.
6. സെലക്ഷൻ ലിസ്റ്റിൽനിന്നുള്ള നിയമനം.
7. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽനിന്നുള്ള സ്ഥലം മാറ്റം
8. മറ്റ് പ്രോജക്ടുകളിൽനിന്നുള്ള സ്ഥലംമാറ്റം
9. അങ്കണവാടി ഹെൽപ്പർ പ്രൊമോഷൻ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട് തലം) ഓരോ

നാലാമത്തെ ഒഴിവ്)

10. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ഭൂമി സൗജന്യമായി നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ ഉള്ള നിയമനം (പ്രോജക്ട് തലത്തിലുള്ള ഒഴിവുകളുടെ 10% എന്ന കണക്കിൽ ഓരോ പത്താമത്തെ ഒഴിവ്).

മേൽ പറഞ്ഞവയിൽ പ്രത്യേകം പരിഗണിക്കേണ്ട നിയമന വിഷയങ്ങൾ (ക്രമ നമ്പർ 9,10)

1. അങ്കണവാടി ഹെൽപ്പർ പ്രൊമോഷൻ (പഞ്ചായത്ത്/മുനിപ്പാലിറ്റി/കോർപ്പറേഷൻ (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട് തലം) ഓരോ നാലാമത്തെ ഒഴിവ്)
2. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ഭൂമി സൗജന്യമായി നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ ഉള്ള നിയമനം (പ്രോജക്ട് തലത്തിലുള്ള ഒഴിവുകളുടെ 10% എന്ന കണക്കിൽ ഓരോ പത്താമത്തെ ഒഴിവ്). ഇപ്രകാരം 10 വിധ നിയമനങ്ങളിലും സെലക്ഷൻ ലിസ്റ്റാണ് ഓരോ 3 വർഷം കൂടുമ്പോഴും പ്രോജക്ടിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ തയ്യാറാക്കേണ്ടത്. ഓരോ വർഷവും ഏപ്രിൽ 30-നാണ് അങ്കണവാടി ജീവനക്കാരുടെ ഏകീകൃത

വിരമിക്കൽ നടക്കുന്നത്. ഒരു വർഷം തന്നെ ഏകദേശം ആയിരത്തോളം വർക്കർമാരും ആയിരത്തി അഞ്ഞൂറോളം ഹെൽപ്പർമാരും ഇപ്രകാരം വിരമിക്കുന്നുണ്ട്. 2008 മുതൽ വിവിധ ഉത്തരവുകളിലൂടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും സെലക്ഷൻ കമ്മിറ്റിക്കെതിരെയുള്ള ആക്ഷേപങ്ങൾ ഉന്നയിച്ച് അപേക്ഷകർ കേസ് ഫയൽ ചെയ്ത് സ്റ്റേ സമ്പാദിക്കുന്നതുമൂലം സമയബന്ധിതമായി സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കാൻ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് കഴിയുന്നില്ല. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ അങ്കണവാടി സെലക്ഷൻ ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ച് ശ്രീമതി. മോനിഷ എം.എസ്.-ഉം കൂട്ടരും ഫയൽ ചെയ്ത W.P(C) No. 24893/18 ഹർജിയിന്മേൽ 26/11/2019-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം സെലക്ഷൻ ലിസ്റ്റുകൾ തയ്യാറാക്കി നിയമനം നടത്താൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിലാണ് ഇത്രയധികം ഒഴിവുകൾ നികത്താൻ കഴിയാതെ വന്നിട്ടുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള 33115 അങ്കണവാടികളിലെ ജീവനക്കാരുടെ പത്ത് വിധ നിയമനങ്ങൾ മുൻഗണനാ മാനദണ്ഡങ്ങൾ

പാലിച്ച് നിയമാനുസൃതവും സുതാര്യവുമായ രീതിയിൽ നടത്തുന്നതിന് നിയമനാധികാരിയായ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് കഴിയാതെ വരുന്നതും ടിയാളുകളുടെ നിയമനത്തിനായി കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പരിശോധിച്ച് നടപ്പിലാക്കുന്നതിലെ വീഴ്ചകളും മുൻഗണനാ റൊട്ടേഷൻ വിഭാഗങ്ങളിൽ ആറാമത്തെ വിഭാഗമായ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സെലക്ഷൻ കമ്മിറ്റി രൂപീകരണം മുതൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ബാഹ്യ ഇടപെടലുകളും ആക്ഷേപങ്ങളും മൂലം അങ്കണവാടി നിയമനങ്ങൾ നടത്താൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. താൽക്കാലിക നിയമനങ്ങളിൽ പ്രവേശിക്കുന്നവർ ടി ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ച് കോടതിയെ സമീപിക്കുന്നത് കാരണം കോടതി വ്യവഹാരങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നു. നിലവിൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കാൻ പറ്റാത്ത തരത്തിൽ ഇതേ വിഷയത്തിൽ നിരവധി കോടതി കേസുകളാണ് വന്നുകൊണ്ടിരിക്കുന്നത്. കൂടാതെ മറ്റ് വിഭാഗങ്ങളിലുള്ളവരെല്ലാം തന്നെ കോടതിയെ സമീപിച്ച് നിയമനങ്ങളിൽ കൂടുതൽ കാലതാമസം ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

(സി) നിയമന നടപടികൾ ആരംഭിക്കുകയും ഇന്റർവ്യൂ അടക്കമുള്ളവ നടത്താൻ കഴിയാതിരിക്കുകയും ചെയ്യുന്ന പ്രോജക്ടുകളിൽ ഇന്റർവ്യൂ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

അതിയന്നൂർ ഐ.സി.ഡി.എസ്. പ്രോജക്ടിലുൾപ്പെട്ട നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ അങ്കണവാടി സെലക്ഷൻ ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ച് ശ്രീമതി മോനിഷ എം.എസ്.-ഉം കൂട്ടരും ഫയൽ ചെയ്ത W.P (C) No 24893/18 ഹർജിയിൻമേൽ 26/11/2019-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായമനുസരിച്ച് നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ സെലക്ഷൻ ലിസ്റ്റ് റദ്ദാക്കുകയും മറ്റിടങ്ങളിൽ 26/11/2019-ന് മുൻപ് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരണമുൾപ്പടെയുള്ള നടപടി പൂർത്തിയായിട്ടുണ്ടെങ്കിൽ മാത്രം ആയത് നിലനിൽക്കുന്നതും അല്ലാത്ത പക്ഷം പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ സെലക്ഷൻ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ടി വിധിന്യായത്തിനെതിരെ സർക്കാർ 30/09/2020-ൽ WA No. 730/2020 റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് അപ്പീലിൽ അന്തിമ വിധി വരികയോ പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്ന മുറയ്ക്കുമാത്രമേ പുതിയ

സെലക്ഷൻ നടപടികൾ ആരംഭിക്കാൻ കഴിയൂ. അങ്കണവാടി നിയമനങ്ങളിൽ കൂടുതൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും വേഗതയും ഉറപ്പാക്കുന്നതിന് അങ്കണവാടികളിലെ നിയമന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിഗണനയിലാണ്.

(ഡി) നൂറുകണക്കിന് തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കുന്ന പ്രസ്തുത നിയമന പ്രക്രിയ വേഗത്തിൽ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അങ്കണവാടി ജീവനക്കാരുടെ നിയമന, സേവന വ്യവസ്ഥകൾ ഏകീകരിച്ച് കാര്യക്ഷമതയും നൂതന ആശയങ്ങളും സാങ്കേതികവിദ്യാ പരിജ്ഞാനവുമുള്ള വനിതകളെ അങ്കണവാടി ജീവനക്കാരായി തെരഞ്ഞെടുക്കുന്നതുവഴി അങ്കണവാടികളുടെ പ്രവർത്തന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും അതുവഴി മികച്ച സേവനങ്ങൾ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതും സംബന്ധിച്ചുള്ള വിഷയം പരിഗണനയിലാണ്.

<u>അങ്കണവാടികളുടെ വൈദ്യുതീകരണം</u>

205(1190) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതീകരിക്കാത്ത അങ്കണവാടികൾ വൈദ്യുതീകരിക്കുമെന്ന പ്രഖ്യാപനം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതി ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വൈദ്യുതീകരണം സർക്കാരിന്റെ 100 ദിന പരിപാടിയിൽ 'പ്രത്യേക ഡ്രൈവ്' ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 31.08.2021-നകം പ്രസ്തുത അങ്കണവാടികളുടെ വൈദ്യുതീകരണം സാദ്ധ്യമാക്കുന്നതിനായുള്ള തീവ്ര പ്രവർത്തനങ്ങൾ ഊർജ്ജ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ചുകൊണ്ട് KSEBL വഴിയും, വൈദ്യുതീകരണം സാദ്ധ്യമാകാത്ത പ്രദേശങ്ങളിലെ അങ്കണവാടികളിൽ ANERT-മായി സഹകരിച്ച് സോളാർ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം വൈദ്യുതി ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികളുടേയും വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇപ്രകാരമുള്ള എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

തിരുവമ്പാടി നിയോജക മണ്ഡലത്തിൽ വൈദ്യുതീകരണത്തിനായി

സർക്കാരിന്റെ 100 ദിനപരിപാടിയിൽ 12 അങ്കണവാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

മങ്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണം

206(1191) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

മുൻസർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിലെ 228 അങ്കണവാടികളിൽ 22 അങ്കണവാടികൾക്ക് പുതിയ കെട്ടിടവും 124 അങ്കണവാടി കെട്ടിടങ്ങൾക്ക് നവീകരണവും 80 അങ്കണവാടി കെട്ടിടങ്ങളിൽ കുടിവെള്ളവും 18 അങ്കണവാടി കെട്ടിടങ്ങൾക്ക് വൈദ്യുതിയും ലഭ്യമാക്കിയിട്ടുണ്ട്. 38 അംഗൻവാടികൾ ചുമർ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കി. ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി നവീകരണത്തിന് പദ്ധതി വിഹിതം ചെലവഴിച്ചു. പഴക്കംമൂലം ഉപയോഗയോഗ്യമല്ലാത്ത അങ്കണവാടി കെട്ടിടങ്ങൾ പൊളിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുതുക്കിപ്പണിതു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ 22 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ല. ഇതിൽ 13 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയില്ല. സ്വന്തമായി ഭൂമിയുള്ള 9 അങ്കണവാടികളിൽ 5 എണ്ണത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമായിട്ടുണ്ട്.

(സി) മങ്കട നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് അടിസ്ഥാനസൗകര്യത്തിന് അപര്യാപ്തത ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; ഇവിടെ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

മങ്കട നിയോജക മണ്ഡലത്തിൽ ചുറ്റുമതിൽ ഇല്ലാത്ത 39 അങ്കണവാടികളും കുടിവെള്ള സൗകര്യമില്ലാത്ത 33 അങ്കണവാടികളും വൈദ്യുതീകരിക്കാത്ത 9 അങ്കണവാടികളുമാണുള്ളത്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപദ്ധതികൾ

207(1192) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി സർക്കാർ തലത്തിൽ എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേനയും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേനയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയും ഭിന്നശേഷിക്കാർക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡങ്ങളും യഥാക്രമം അനുബന്ധം I, II, III ആയി ചേർക്കുന്നു+. ഭിന്നശേഷിക്കാരുടെ തൊഴിൽ പുനരധിവാസ പ്രവർത്തനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നടപ്പാക്കിവരുന്ന പദ്ധതിയാണ് 'കൈവല്യ'. ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

റീജ്യണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. കൈവല്യ പദ്ധതിയുടെ വിശദാംശങ്ങളും അപേക്ഷാ മാനദണ്ഡവും അനുബന്ധം IV ആയി ചേർക്കുന്നു[+].

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളിലായി പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും എത്ര ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നുള്ള വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാർ കാലയളവിൽ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഭിന്നശേഷിക്കാർക്കായി ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഓഫീസ് അറ്റൻഡന്റായി ഒരു NJD സഹിതം 3 നിയമനങ്ങളും ക്ലർക്ക് തസ്തികയിൽ 4 NJD സഹിതം 13 നിയമനങ്ങളും പി.എസ്.സി. നിയമനശിപാർശ പ്രകാരം നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള വകുപ്പുതിരിച്ചുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ സബ് ഓഫീസുകളിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശേഖരിച്ചുവരുന്നു.

(സി) പി.എസ്.സി.വഴി ഭിന്നശേഷിക്കാർക്കായി ഏതെങ്കിലും തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഭിന്നശേഷിക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികളൊന്നും ഇപ്പോൾ നിലവിലില്ല.

(ഡി) ഭിന്നശേഷിക്കാർക്കായുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന കൈവല്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്നു. ഭിന്നശേഷി സൗഹൃദമായി നിർമ്മിച്ചിരിക്കുന്ന മോഡൽ കൈവല്യ സെന്ററിൽ വീൽചെയർ ഉൾപ്പെടെ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ ക്ലാസ്സ് മുറികൾ,

അഭ്യസ്തവിദ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷാ പരിശീലനം നൽകുന്നതിലേയ്ക്കാവശ്യമായ ക്ലാസ്സ് മുറികൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര വികസനം മുൻകൂട്ടി കണ്ട് സാദ്ധ്യമായ എല്ലാ പദ്ധതികളും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്നുണ്ട്. സ.ഉ.(കൈ)നം.42/2020/തൊഴിൽ, 30.09.2020-ലെ സർക്കാർ ഉത്തരവ് (അനുബന്ധം V+) പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യയുടെ കുടിശിക ആയിട്ടുള്ള 7,449 സ്വയംതൊഴിൽ വായ്പ അപേക്ഷകൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതുവഴി നാളിതുവരെ 6938 ഗുണഭോക്താക്കൾക്ക് അൻപത് ശതമാനം സബ്സിഡിയോടുകൂടി സ്വയംതൊഴിൽ വായ്പ വിതരണം ചെയ്തിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് നൽകുന്ന സംവരണം

208(1193) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നൽകുന്ന സംവരണം 3 ശതമാനത്തിൽനിന്ന് 4 ശതമാനമായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ.ഉ(അച്ചടി)നം.12/2019/സാ.നീ.വ, 31.10.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നൽകുന്ന സംവരണം 3 ശതമാനത്തിൽനിന്ന് 4 ശതമാനമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+])

(ബി) ഉത്തരവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ?

ഉത്തരവ് തീയതിയായ 31.10.2019 മുതൽ പ്രാബല്യമുണ്ട്.

(സി) നിലവിൽ പി.എസ്.സി. നിയമനങ്ങളിൽ ഈ ഉത്തരവ് നടപ്പിലാക്കി തുടങ്ങിയോ എന്ന് അറിയിക്കുമോ?

നടപ്പിലാക്കിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിഭിന്ന ശേഷിക്കാർക്കുള്ള ശ്രവണ സഹായി വിതരണം

209(1194) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻവഴി കേൾവി പ്രശ്നമുള്ള വിഭിന്ന ശേഷിക്കാർക്ക് ക്യാമ്പുകൾ നടത്തി, ശ്രവണ സഹായി വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക്, അടിയന്തരമായി ശ്രവണ സഹായികൾ അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കേൾവി പരിമിതരായ ഭിന്നശേഷിക്കാർക്ക് ക്യാമ്പുകൾ നടത്തി, ശ്രവണ സഹായി വിതരണം ചെയ്തുവരുന്നു.

കയ്യൂർ, ചീമേനി എന്നിവിടങ്ങളിൽ സ്പെഷ്യൽ അങ്കണവാടി

210(1195) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ വിഭാവന ചെയ്ത സ്പെഷ്യൽ അങ്കണവാടി എൻഡോസൾഫാൻ ബാധിത

പഞ്ചായത്തായ കയ്യൂർ, ചീമേനി എന്നിവിടങ്ങളിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനത്തിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും എത്തിച്ചേരാൻ സൗകര്യമുള്ള 142 അങ്കണവാടികളെ (വിവിധ പഞ്ചായത്തുകളിൽനിന്ന്) തെരഞ്ഞെടുത്ത് സ്പെഷ്യൽ അങ്കണവാടികളാക്കി മാറ്റുന്നതിനും ടി അങ്കണവാടികൾക്ക് barrier free accessibility സൗകര്യം ഒരുക്കുന്നതിനും മറ്റ് ഭൗതിക സാഹചര്യം ഒരുക്കുന്നതിനുമായി ഒരു അങ്കണവാടിക്ക് രണ്ട് ലക്ഷം രൂപ വീതം ചെലവഴിക്കുന്നതിന് സ.ഉ.(സാധാ)നം.335/2021/സാ.നീ.വ., തീയതി 21.05.2021 പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് 142 അങ്കണവാടികളെ സ്പെഷ്യൽ അങ്കണവാടികളാക്കി മാറ്റുന്നതിലേയ്ക്കായി അങ്കണവാടികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പ്രോഗ്രാം ഓഫീസ് മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്. ടി അങ്കണവാടികളിൽ കാസർഗോഡ് ജില്ലയിൽ നീലേശ്വരം ഐ.സി.ഡി.എസ്. പ്രോജക്ടിലെ കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിൽ സെന്റർ നമ്പർ 11 ചീമേനി അങ്കണവാടി ഉൾപ്പെട്ടിട്ടുണ്ട്.

കഞ്ചിക്കോട് വ്യവസായ മേഖലയിൽ സ്ത്രീകൾക്ക് ഹോസ്റ്റൽ

211(1196) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും താമസിക്കുന്നതിനുവേണ്ടി ഒരു ഹോസ്റ്റൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും ഹോസ്റ്റൽ സ്ഥാപിക്കാൻ വനിത-ശിശു വികസന വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും താമസിക്കുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റ് സഹായത്തോടെ ഒരു ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് വനിതവികസന കോർപ്പറേഷൻ തയ്യാറാണെന്ന വിവരം അറിയിച്ചിട്ടുണ്ട്.

(ബി) മേൽപറഞ്ഞ തരത്തിലുള്ള ഒരു ഹോസ്റ്റൽ സ്ഥാപിക്കാൻ കഞ്ചിക്കോട് വ്യവസായ മേഖലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ സ്ഥലം ലഭ്യമാണോ; വിശദാംശം അറിയിക്കാമോ?

കഞ്ചിക്കോട് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും അമ്മമാർക്കും താമസിക്കുന്നതിനുവേണ്ടി ഹോസ്റ്റൽ സ്ഥാപിക്കാൻ വനിത-ശിശു വികസന വകുപ്പിന് കീഴിൽ സ്ഥലം ലഭ്യമല്ല.

ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

212(1197) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ടോൾ പ്ലാസകളിലെ വാഹനത്തിരക്ക് ഒഴിവാക്കാൻ ദേശീയപാതാ അതോറിറ്റി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

&

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ദേശീയ പാതകളിലെ ടോൾ പ്ലാസയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ 100% ഫാസ്റ്റാഗ് സമ്പ്രദായം 16.02.2021 മുതൽ നടപ്പിലാക്കിവരുന്നു. പാലിയേക്കര, പാമ്പാമ്പള്ളം, കമ്പളം ബൈപ്പാസ്, കൊല്ലം ബൈപ്പാസ് എന്നീ ടോൾ പ്ലാസകളിൽ 100% ഫാസ് ടാഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ നടപ്പാക്കിയ ഫാസ് ടാഗ് സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

2021 ഫെബ്രുവരി മുതൽ എല്ലാ വാഹനങ്ങൾക്കും ഫാസ് ടാഗ് നിർബന്ധമാക്കിയിട്ടുണ്ട്. സ്വമേധയാലുള്ള ടോൾ പ്രവർത്തനവുമായി താരതമ്യം ചെയ്യുമ്പോൾ 100% ഫാസ് ടാഗ് സമ്പ്രദായം വാഹനങ്ങൾ കടന്നു പോകാനുള്ള സമയം നല്ല രീതിയിൽ കുറയ്ക്കുന്നതിന് സഹായകരമാണ്.

സി.എൻ.ജി. ബസ്സുകൾ

213(1198) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- ബസ്സുകളെ സി.എൻ.ജി.- ബസ്സുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. പരിസ്ഥിതിക്ക് ഇണങ്ങിയതും ചിലവ് കുറഞ്ഞതുമായ ഇന്ധന ഉപയോഗത്തിലേയ്ക്ക് KSRTC വാഹനങ്ങൾ ഘട്ടംഘട്ടമായി മാറ്റുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി. സി.-യുടെ നിലവിലുള്ള 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള 28.06.2021-ൽ

നടന്ന പുനർദർഘാസിൽ പങ്കെടുത്ത കമ്പനികൾ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽനിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതിയും പുരോഗതിയിലാണ്. സി.എൻ.ജി. ബസ്സുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി. ബസ് വാങ്ങുകയും 23.03.2018 മുതൽ കെ.എസ്. ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

കോവിഡ് പ്രോട്ടോകോൾ പാലിച്ച് പൊതുഗതാഗതം

214(1199) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന ഗവമെന്റുകളുടെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണോ സംസ്ഥാനത്ത് ആദ്യ തരംഗം മുതൽ നാളിതുവരെ പൊതുഗതാഗത സർവ്വീസ് നടത്തിവന്നിരുന്നത്; എങ്കിൽ അത് സംബന്ധിച്ച് പാലിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അക്കമിട്ട് വിശദീകരിക്കാമോ?

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കോവിഡ് പ്രോട്ടോക്കാൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി. നല്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ.എസ്.ആർ. ടി.സി. പുറപ്പെടുവിച്ച 22/4/21, 03/5/21, 16/06/21 തീയതികളിലുള്ള മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+] സംസ്ഥാന ഗതാഗത വകുപ്പ് കോവിഡ് പ്രോട്ടോക്കാൾ പാലിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നതിന് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ/ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. Break the Chain എന്ന പ്രോഗ്രാം പ്രകാരം യാത്രക്കാർ ബസ്സിലും ബോട്ടിലും യാത്ര ചെയ്യുമ്പോഴും യാത്ര കഴിഞ്ഞ് ഇറങ്ങുമ്പോഴും സാനിറ്റൈസർ ഉപയോഗിച്ച് കൈ ശുചിയാക്കുന്നതിനും സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുമുള്ള സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ബോട്ട് ജെട്ടി ടെർമിനലിൽ സ്ഥാപിച്ചിരിക്കുന്ന ടെലിവിഷൻ കോവിഡ്-19 പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നല്കുന്ന പരസ്യ ചിത്രങ്ങൾ പ്രദർശിപ്പിച്ചുവരുന്നു. ബോട്ടിലെയും ബസിലെയും യാത്രക്കാർ തമ്മിൽ സുരക്ഷിതമായ അകലം പാലിക്കുന്നുണ്ടെന്ന് ബോട്ട്/ബസ് ജീവനക്കാർ ഉറപ്പുവരുത്തിയാണ് സർവ്വീസ് നടത്തിവരുന്നത്. യാത്രക്കാർ അധികമുള്ള സമയങ്ങളിൽ തിരക്ക് കുറയ്ക്കുന്നതിനായി ടിപ്പുകളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എണ്ണം കൂട്ടി സർവ്വീസുകൾ ക്രമീകരിക്കുന്നുണ്ട്. ഓരോ ട്രിപ്പിന് ശേഷവും ബോട്ടുകൾ, ബസുകൾ സാനിറ്റൈസ് ചെയ്യുകയും കൂടാതെ കൃത്യമായ ഇടവേളകളിൽ ബോട്ടുകളും സ്റ്റേഷനുകളും വൃത്തിയാക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ബോട്ടുകളിലും കോവിഡ് പ്രോട്ടോക്കാൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ചെക്കിംഗ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുണ്ട്. ദ്വീപുകളിലുള്ള അവശ്യ സർവ്വീസുകളായ പോലീസ്, ആരോഗ്യ വകുപ്പ്, പഞ്ചായത്ത്, മൃഗസംരക്ഷണ വകുപ്പ്, ബാങ്ക് എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അവരുടെ ഡ്യൂട്ടി സമയം അനുസരിച്ച് എത്തിക്കുന്നതിനും തിരികെകൊണ്ടുവരുന്നതിനും മുൻകരുതലോടെ ബോട്ടുകൾ സജ്ജീകരിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും പ്രവേശിക്കുമ്പോൾ മാസ്ക്, സാനിട്ടൈസർ എന്നിവ ഉപയോഗിക്കണമെന്നതും സാമൂഹ്യഅകലം പാലിക്കണമെന്നതും നിർബന്ധമാക്കിയിരുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) പൊതുജനങ്ങളിൽ അധികവും യാത്രയ്ക്കായി ആശ്രയിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ കോവിഡ് ഫ്രീ സോൺ ആയി

പ്രഖ്യാപിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ സാമൂഹ്യഅകലം ഒഴിവാക്കിയതെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകൾ കോവിഡ് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചിട്ടില്ല. സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

(ഡി) കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച സർക്കാർ തീരുമാനങ്ങൾ ഡ്യൂട്ടിയിലായിരുന്ന സമയത്ത് നെയ്യാറ്റിൻകര ഡിപ്പോയിലെ ഉദ്യോഗസ്ഥൻ രേഖാമൂലം ലംഘിച്ചതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇനി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം

215(1200) ശ്രീ വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്ന കെട്ടിടവും പരിസരവും നിർദ്ദിഷ്ട അളവിലും മാതൃകയിലും ആയിരിക്കണമെന്നും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 27/2013, 10/2014 നമ്പർ സർക്കുലറുകൾ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ക്ലാസ്സ് മുറികൾക്ക് (300 cm X 450 cm) എന്നീ അളവുകളിലും ഡെമോൺസ്ട്രേഷൻ ഹാളിന് (300 cm X 450 cm) പ്രകാരവും വിസ്തീർണ്ണം ഉണ്ടായിരിക്കണം. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യത്തിന് സ്ഥലം വേർതിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 24(3)iii-ൽ പ്രദിപാതിച്ചിരിക്കുന്ന പ്രകാരം യോഗ്യതയുള്ളവർക്ക് മാത്രമേ പരിശീലകരായി പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുള്ളൂ. 16 പരിശീലനാർത്ഥികൾക്ക് ഒരു പരിശീലകൻ ഉണ്ടായിരിക്കണം. നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടി നിയമാനുസൃതമായാണ് ഡ്രൈവിംഗ് സ്കൂളുകൾ

പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ആറുമാസം കൂടുമ്പോൾ പരിശോധന നടത്തിവരുന്നു.

(ബി) ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശീലനമോ ക്ലാസ്സുകളോ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര പേർക്ക് പ്രസ്തുത പരീശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഡ്രൈവിംഗ് പരിശീലകർക്ക് അതാത് ആർ.ടി.-ഓഫീസുകളുടേയും സബ് ആർ.ടി.-ഓഫീസുകളുടേയും പരിധിയിൽ വരുന്ന ഡ്രൈവിംഗ് സ്കൂളുകളിലെ പരിശീലകർക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന നിയമ ഭേദഗതികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ഡ്രൈവിംഗ് റിസർച്ച് സെന്റർ (IDTR) എന്ന സ്ഥാപനത്തിൽ ഡ്രൈവിംഗ് പരിശീലകർക്ക് പ്രത്യേകം പരിശീലനം നൽകിവരുന്നു. 424 പേർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പരിശീലനം താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ്

216(1201) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മന്ത്രിവകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ദേശീയപാതയോട് ചേർന്ന് പുതുക്കാട് കെ.എസ്.ആർ.ടി.സി.-(സബ് ഡിപ്പോ) യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ നടപടി ഏതു ഘട്ടത്തിലാണെന്നും എന്തെല്ലാം സംവിധാനങ്ങളാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുതുക്കാട് ബസ് സ്റ്റേഷനിലുള്ള 4 ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേഷന്റെ സെൻട്രൽ ഹബ് ആക്കി മാറ്റുന്നതിന് 2 ഏക്കർ സ്ഥലം ബസ് ഡിപ്പോയുടെ ആവശ്യത്തിനും 1 ഏക്കർ സ്ഥലം വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും 1 ഏക്കർ സ്ഥലത്ത് ഗ്യാരേജ് നിർമ്മിക്കുന്നതിനും സാധിക്കുന്ന രീതിയിൽ അത്യാധുനിക സൗകര്യങ്ങളുള്ള ഒരു ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി

ഒരു വിശദമായ Project Proposal സമർപ്പിക്കുന്നതിന് KSRTC Project Management Consultant ആയി നിയമിച്ചിരിക്കുന്ന M/s. Hindustan Prefab Ltd.-നെ ചുമതലപ്പെടുത്തി 17.12.2020- ൽ കത്ത് നല്കിയിട്ടുണ്ട്.

(സി) പ്രസ്തുത മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

M/s. Hindustan Prefab Ltd. ടി പ്രവൃത്തിക്കായുള്ള Master Plan സമർപ്പിക്കുന്ന മുറയ്ക്ക് തന്നെ സർക്കാരിൽനിന്നോ കിഫ്ബി മുഖാന്തരമോ MLA ഫണ്ടോ ലഭ്യമാക്കുന്നതനുസരിച്ച് പ്രവൃത്തി നിർവഹിക്കാൻ കഴിയും.

കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

217(1202) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക്ക് ബസ്സുകൾ നിലവിൽ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നത്; എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്?

8 AC ഇലക്ട്രിക് വെറ്റ് ലീസ് ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമാണെങ്കിലും കോവിഡ് വ്യാപനത്തെ തുടർന്ന് നിലവിൽ സർവ്വീസുകൾ നടത്തുന്നില്ല.

(ബി) ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വെറ്റ് ലീസ് അടിസ്ഥാനത്തിലാണ് 8 A/C ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി ലഭ്യമാക്കിയിട്ടുള്ളത്. സർവ്വീസ് നടത്തിയിരുന്നപ്പോൾ ലഭിച്ച വരുമാനവും വാടകയും കോവിഡിന്റെ പശ്ചാത്തലത്തിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(സി) പെട്രോൾ, ഡീസൽ വില വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക്ക് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്ധന വില വർദ്ധനവ് പരിഗണിച്ച് നിലവിലെ ഡീസൽ ബസ്സുകൾ ഇലക്ട്രിക് ബസ്സായി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാപഠനം ശ്രീചിത്തിര തിരുന്നാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് എന്നിവയുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

അന്തർ സംസ്ഥാന ഗതാഗത കരാറുകൾ

218 (1203) ശ്രീ. എ. പി. അനിൽകുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫിപറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്തർ സംസ്ഥാന ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുമായാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി കേരള സർക്കാർ അന്തർ സംസ്ഥാന ഗതാഗത കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (G.O. (P)No.56/2016/TRAN dated, 30/08/2016) SRO No.659/2016, (G.O. (P)No.01/2019/Trans, dated 05.01.2019).

(ബി) മേൽപ്പറഞ്ഞ കരാറുകളിൽ സ്വകാര്യ ബസ്സുകൾക്ക് അന്തർ സംസ്ഥാന പാതകളിൽ സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) സ്വകാര്യ ബസുകൾക്ക് ഏത് രൂട്ടിലും സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

സ്വകാര്യ ബസ്സുകൾക്ക് ഏത് രൂട്ടിലും സർവ്വീസ് നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന

പ്രകാരമുള്ള നിർദ്ദേശങ്ങൾ അതേപടി നടപ്പിലാക്കുന്ന പക്ഷം കേരളത്തിലെ ഗതാഗത മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.- യെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല സ്വകാര്യ മേഖലയിലുള്ള പ്രാദേശിക സംരംഭങ്ങളായ സ്റ്റേജ് ക്യാരേജുകൾ, മോട്ടോർ ക്യാബുകൾ, കോൺട്രാക്ട് ക്യാരേജുകൾ എന്നിവയുടെ നിലനിൽപ്പുതന്നെ അപകടാവസ്ഥയിലാവുകയും ചെയ്യും. ആയതിനാൽ അഗ്രഗേറ്റർ ലൈസൻസ് വ്യവസ്ഥയിൽ സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽനിന്നും മാറ്റുന്ന പക്ഷം വൻതോതിലുള്ള റവന്യൂ വരുമാന നഷ്ടം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കൂടാതെ നിലവിൽ മോട്ടോർ വാഹന വകുപ്പുവഴിയുള്ള മേൽനോട്ടമോ, മറ്റ് നിയന്ത്രണ സംവിധാനങ്ങളോ സംസ്ഥാന സർക്കാരിന് ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യം വന്നുചേരും. ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ ആക്ഷേപം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) ആൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുള്ള വാഹനങ്ങളുടെ നികുതി കേന്ദ്രസർക്കാർ സ്വീകരിച്ചശേഷം സംസ്ഥാനങ്ങൾക്ക് വിഹിതം നൽകുന്ന രീതിയിലേയ്ക്ക് മാറുന്നതിനായി കേന്ദ്രം അന്തിമ വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ ഗതാഗത കമ്മീഷണർ കേന്ദ്ര സർക്കാരിനെ നേരിട്ട് അറിയിച്ചിട്ടുണ്ട്.

സി.എൻ.ജി. ബസുകൾ

219(1204) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ?

കിഫ്ബിയിൽനിന്നും 259 കോടി രൂപയുടെ വായ്പ ലഭ്യമാക്കി, പുതിയ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് സ.ഉ. (സാധാ) നം. 346/2020/ഗതാ തീയതി 22.10.2020 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) എങ്കിൽ ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിഫ്ബിയിൽനിന്നും 259 കോടി രൂപയുടെ വായ്പ ലഭ്യമാക്കി, പുതിയ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് സ.ഉ. (സാധാ) നം. 346/2020/ഗതാ, 22.10.2020-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സംവിധാനം

220(1205) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സ്ഥാപിക്കുമ്പോൾ സർക്കാർ വകുപ്പുകൾ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

നിരത്തുകളിലെ പരമാവധി വേഗത നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും റോഡുകളിലെ അപകട സാദ്ധ്യത, തിരക്ക്, ശോച്യാവസ്ഥ തുടങ്ങിയ കാരണങ്ങളാൽ വേഗപരിധി അത്തരം സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെടാറുണ്ട്. വേഗത നിയന്ത്രണമുള്ള റോഡുകളിൽ നിയന്ത്രിത സ്പീഡ് കാണിക്കുന്ന ബോർഡുകൾ പൊതുമരാമത്ത് വകുപ്പ് സ്ഥാപിക്കാറുണ്ട്. എല്ലാ ആർ.ടി.ഒ.-

മാർക്കും പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ വേഗ നിയന്ത്രണ/പരിധി ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റോഡുകളിൽ നിശ്ചിത വേഗത മറികടന്ന് യാത്ര ചെയ്യുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തുമ്പോൾ വേഗത കൂടുന്നതിനനുസരിച്ച് പിഴ സംഖ്യയിൽ വർദ്ധനവ് വരുത്തുകയെന്ന വ്യവസ്ഥ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വേഗപരിധി ലംഘനത്തിന് ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 1,500/- രൂപയും മീഡിയം, ഹെവി വാഹനങ്ങൾക്ക് 3,000/- രൂപയും ആണ് നിലവിൽ പിഴ ഈടാക്കുന്നത്. വേഗത കൂടുന്നതിനനുസരിച്ച് പിഴ സംഖ്യയിൽ വർദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ടാങ്കർ ലോറി അപകടങ്ങൾ

221(1206) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപകടം കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

20.02.2020-ൽ തമിഴ്നാട്ടിലെ അവിനാശിയിൽ ഉണ്ടായ വാഹന അപകടത്തിന്റെ പശ്ചാത്തലത്തിൽ വിളിച്ചുചേർത്ത കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗം, തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കൺവീനറായും റോഡ് സുരക്ഷാ കമ്മീഷണർ, ഗതാഗത കമ്മീഷണർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിക്കുന്നതിന് ശിപാർശ ചെയ്ത പ്രകാരം സ.ഉ.(സാധാ) നം. 170/2020/ഗതാ, 29.05.2020-ലെ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി താഴെ പറയുന്ന വിഷയങ്ങൾ പരിഗണിച്ച് സർക്കാരിലേയ്ക്ക് ശിപാർശ നൽകുന്നതാണ്.

1. ദീർഘദൂര വാഹന ഡ്രൈവർമാരുടെ, പ്രത്യേകിച്ചും ടാങ്കുകളുടെയും കണ്ടെയ്നർ ലോറികളുടെയും ജോലി സമയം നിജപ്പെടുത്തൽ.

2. ഡ്രൈവർമാരുടെ വിശ്രമം, തൊഴിൽ സാഹചര്യം എന്നിവ സംബന്ധിച്ച വിഷയങ്ങൾ.

3. രാത്രികാല ഡ്രൈവിംഗ് സംബന്ധിച്ച വിഷയങ്ങൾ.

4. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കേണ്ടുന്ന കാര്യങ്ങളും ഏർപ്പെടുത്തേണ്ടുന്നതായ മറ്റു നിയന്ത്രണങ്ങളും.

കൂടാതെ സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ പാതകളിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മദ്യപിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ അപകടങ്ങൾ കണ്ടെത്താനായി ആൾക്കോമീറ്റർ ഉപയോഗിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ 2020-ൽ എത്ര ടാങ്കർ ലോറി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്?

2020 വർഷം കണ്ണൂർ ജില്ലയിൽ ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടിതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ടാങ്കർ ലോറി അപകടങ്ങൾ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിൽ ദുരന്തനിവാരണ യൂണിറ്റിനും ഫയർഫോഴ്സിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ഈ ഇനത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ഗതാഗത വകുപ്പിൽനിന്ന് നടപടി സ്വീകരിച്ചിട്ടില്ല.

വാഹനം ഓടിക്കുന്നവരുടെ ഫോൺ സംഭാഷണം

222(1207) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) വാഹനം ഓടിക്കുമ്പോൾ ഫോൺ ഉപയോഗിച്ച് സംസാരിച്ചാൽ സ്വീകരിക്കുന്ന ശിക്ഷാനടപടികൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ?

വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ പോലുള്ള hand held communication device-കൾ ഉപയോഗിക്കുന്നത് 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 184(c) പ്രകാരം കുറ്റകരമാണ്. പ്രസ്തുത നിയമ ലംഘനം കണ്ടുപിടിക്കപ്പെട്ടാൽ ജി.ഒ.(പി)നം.37/2019/ട്രാൻസ്, തീയതി 26/10/2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ആദ്യതവണ 2,000/- രൂപയും

ആവർത്തിച്ചുണ്ടാകുന്ന നിയമലംഘനത്തിന് 5,000/- രൂപയും പിഴ ഈടാക്കുന്നതാണ്. കൂടാതെ മോട്ടോർ വാഹന നിയമം സെക്ഷൻ 206(4) പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലൈസൻസ് പിടിച്ചെടുക്കാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം പിടിച്ചെടുക്കപ്പെടുന്ന ലൈസൻസ് Section 19(1A) അനുശാസിക്കുന്ന പ്രകാരം കുറ്റാരോപിതനായ വ്യക്തിക്ക് വിശദീകരിക്കാനുള്ള അവസരം നൽകിയശേഷം ആദ്യ തവണയുള്ള കുറ്റത്തിന് 3 മാസത്തേയ്ക്കും തുടർന്നും അതേ കുറ്റം ചെയ്തത് തെളിഞ്ഞാൽ ലൈസൻസ് റദ്ദാക്കാനും അധികാരപ്പെടുത്തിയിരിക്കുന്നു.

(ബി) വാഹനം ഓടിക്കുന്നതിനിടയിൽ ഡ്രൈവർമാർ ബ്ലൂടൂത്ത് ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് വിലക്കിയിട്ടുണ്ടോ;

&

(സി) ഇക്കാര്യത്തിൽ നിലവിലുള്ള ആശയക്കുഴപ്പം നീക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഡ്രൈവിംഗിനിടെ ബ്ലൂടൂത്ത് സാങ്കേതികവിദ്യ ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് Rules for Driving Regulations-ലെ റൂൾ 37-ന്റെ ലംഘനമാണ്. ബ്ലൂടൂത്ത് വഴി മൊബൈൽ ഫോൺ കണക്ട് ചെയ്ത് സംസാരിച്ചുകൊണ്ട് വാഹനമോടിക്കുന്നത് അപകടങ്ങൾക്ക്

കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇതിന് കേസ് എടുക്കാൻ 1988-ലെ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്.

റോഡ് സുരക്ഷ

223 (1208) ശ്രീ. മഞ്ഞളാംകുഴിഅലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽഹമീദ് പി.:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളോടുചേർന്നുള്ള നടപ്പാതകൾ കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുംവിധം കയ്യേറി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) യാത്രാസ്വാതന്ത്ര്യം തടയുന്ന ഇത്തരം നടപടികൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

വാഹനങ്ങളുടെ അനധികൃത പാർക്കിംഗിനെതിരെ വിവിധ വകുപ്പുകളോടൊപ്പം മോട്ടോർ വാഹന വകുപ്പും നടപടികൾ സ്വീകരിച്ചു വരുന്നു. 2021 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ ആകെ 9,327 കേസുകളിലായി 20,43,250/- രൂപ പിഴ ഈടാക്കുകയും W.P.(C) 11886/2021 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 08.06.2021- ലെ

ഉത്തരവ് പ്രകാരം 2021 ജൂൺ 17 മുതൽ 20 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിരുന്നു. പ്രസ്തുത നടപടികൾ തുടർന്നുവരികയാണ്.

(സി) ഡ്രൈവറുടെ കാഴ്ച മറയ്ക്കുംവിധം സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ കണ്ടെത്തി മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഡ്രൈവറുടെ കാഴ്ച മറയ്ക്കുന്ന തരത്തിൽ പൊതുനിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ കണ്ടെത്തി ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ആയവ നീക്കംചെയ്യുന്നതിന് ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിലുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ആയതിന്റെ തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ റോഡ് സേഫ്റ്റി ഫണ്ട് പ്രവൃത്തികൾ

224(1209) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി, എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ള വിശദാംശങ്ങൾ ലഭ്യമല്ല.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

225(1210) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) പാലാ ബൈപാസ് തൊടുപുഴ-വൈക്കം റോഡിലെ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പാലാ-വൈക്കം റോഡിനെയും പാലാ-തൊടുപുഴ റോഡിനേയും ബന്ധിപ്പിച്ച് കടന്നുപോകുന്ന പാലാ ബൈപ്പാസ് റോഡിൽ വാഹനങ്ങളുടെ

വേഗത നിയന്ത്രിക്കുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത റോഡിൽ ക്യാമറാ നിരീക്ഷണം സാദ്ധ്യമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പാലാ-വൈക്കം റോഡിനെയും പാലാ-തൊടുപുഴ റോഡിനേയും ബന്ധിപ്പിച്ച് കടന്നുപോകുന്ന പാലാ-ബൈപ്പാസ് റോഡിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം

226(1211) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടത്തിവരുന്നു. ശമ്പള/പെൻഷൻ പരിഷ്കരണം ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ

2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500/- രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ അംഗീകാരത്തോടെയും കെ.എസ്.ആർ.ടി.സി.യി.-ലെ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>കെ-സ്വിഫ്റ്റ് രൂപീകരണം</u>

227(1212) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ-സ്വിഫ്റ്റ് എന്ന എസ്.പി.വി. രൂപീകരണംകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ എപ്രകാരം രക്ഷിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനി രൂപീകരിച്ച G.O. (Rt) No. 7/2021/TRANS, 19.2.2021 പ്രകാരം ചുവടെ ചേർക്കുന്നവയാണ് കമ്പനിയുടെ ലക്ഷ്യങ്ങൾ.

1. KIIFB ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന പുതിയ ബസ്സുകൾ, പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുന്ന പുതിയ ബസുകൾ നിലവിലുള്ള ദീർഘദൂര ബസുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി ഓടിക്കുകവഴി ദീർഘദൂര സർവീസുകൾ കാര്യക്ഷമമാക്കുകയും ചെലവ് കുറയ്ക്കുകയും ചെയ്യുക.

2. കെ.എസ്.ആർ.ടി.സി.-യുടെ വിവിധ സംവിധാനങ്ങൾ/അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രതിഫലമായി കെ.എസ്.ആർ.ടി. സി.-ക്ക് നിശ്ചിത ഉപയോക്തൃ നിരക്ക് നൽകുക.

3. പ്രവർത്തന ചെലവുകൾക്കും കിഫ്ബി ലോൺ തിരിച്ചടവിനുശേഷം ഉണ്ടാകുന്ന മിച്ച വരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് നൽകുക. പ്രസ്തുത തുക കെ.എസ്.ആർ.ടി.സി.- ക്ക് ലോൺ തിരിച്ചടവ്, ക്ഷേമ പദ്ധതികളുടെ അടവ് എന്നിവയ്ക്ക് ഉപയോഗിക്കാൻ സാധിക്കും.

4. KIIFB ലോൺ ലഭ്യമാക്കുന്നതിനുള്ള പ്രധാന നിബന്ധനകളിൽ ഒന്നായ SPV (Special Purpose Vehicle) രൂപീകരണവും കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് രൂപീകരിക്കുന്നതിലൂടെ പാലിക്കാൻ സാധിക്കും.

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ?

കമ്പനിയുടെ രജിസ്ട്രേഷനുള്ള നടപടികളും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ തയ്യാറാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി. സി.-യിലെ ചില തൊഴിലാളി സംഘടനകൾ കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഫയൽ ചെയ്ത റിട്ട് ഹർജികൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) ഇൻകം ഏണിംഗ് വിഭാഗമായ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും ദുരിതത്തിലാക്കുന്ന തൊഴിൽ പരിഷ്കാരങ്ങൾ കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിലാക്കുമെന്നതിനാൽ ഇതിന്റെ പുരോഗതിക്കുതകുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കുന്ന എല്ലാ പരിഷ്കാരങ്ങളും തൊഴിലാളികളുടെകൂടി ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്നവയാണ്.

തൊഴിലാളികളെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടു മാത്രമേ കോർപ്പറേഷൻ പരിഷ്കാരങ്ങളുമായി മുന്നോട്ടുപോവുകയുള്ളൂ.

ടിക്കറ്റിതര വരുമാനം

228 (1213) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ?

(എ) കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

കെ.എസ്.ആർ.ടി.-സിയുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം,

മൊബൈൽ ടവർ മുതലായവയിൽനിന്നും വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ, പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ഷോപ്പിംഗ് കോംപ്ലക്സുകളിലും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ Supplyco, Consumer fed, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് lease/rent വ്യവസ്ഥയിൽ കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ രൂപ മാറ്റംവരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുനതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്. ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ്-ഓൺ-വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ടി പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ

ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.- ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കാനും സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യസ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് ഇത് സഹായകരമാകും. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗ്രണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. രൂപമാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് ലൂബ്ഷോപ്പ് എന്ന പദ്ധതി 2021 ജൂലൈ 23-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഡീസൽ പമ്പുകൾ

IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യംവരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേറിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ടലറ്റ്കൾ സ്ഥാപിക്കുകവഴിയും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടേയും KSRTC-യുടെ വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല കെ.എസ്.ആർ.ടി.സി.- സംയുക്ത സംരംഭം) നൽകുന്നതിലൂടേയും വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് വിഭാവനം ചെയ്യുന്നു. കൂടാതെ പരസ്യ/ലേല ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ

സമുച്ചയങ്ങൾ, പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഡീലർ കമ്മീഷൻ, പാട്ടവാടക എന്നിവ അധിക വരുമാനമായി ലഭിയ്ക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻതന്നെ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ

എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നേരിട്ട് ലൂബ്രിക്കന്റ് വിൽപന നടത്തുന്നതാവുന്നതും ഡീലർ കമ്മീഷൻ വഴി ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുകയും ഇതോടനുബന്ധിച്ച് ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം ലഭിക്കുന്നതുമാണ്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം KSRT-യുടെ Project Management Consultant ആയ M/s. HLL Lifecare Ltd. മുഖാന്തരവും M/s. Hindustan Prefab Ltd. മുഖാന്തരവും ചെയ്ത് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ KSRTC-

യുടെ മറ്റുള്ള പ്രധാന ബസ് സ്റ്റേഷനുകളിലും ആധുനിക ബസ് ടെർമിനൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഡിപ്പോകളോട് ചേർന്ന് പെട്രോൾ-ഡീസൽ പമ്പുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻതന്നെ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്.

<u>നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് -കം -ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനൽ</u>

229(1214) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി.- ഷോപ്പിംഗ് കോംപ്ലക്സ്-കം-ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനൽ ലേല നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

07/02/2020-ൽ നടന്ന ടെണ്ടർ നടപടികളിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം നൽകിയ സ്ഥാപനം പിന്മാറിയതിനാൽ, രണ്ടാമത്തെ ഉയർന്ന തുക വാഗ്ദാനം നൽകിയ നിലമ്പൂർ മർക്കന്റൈൽ കോ-ഒപ്പറേറ്റീവ് സൊസൈറ്റിക്ക് താൽക്കാലികമായി അനുവദിക്കുകയും ടി സൊസൈറ്റി ഭരണസമിതിയോഗം ചേർന്ന് അനുമതിക്കായി മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറിന് അപേക്ഷ നല്കിയിട്ടുണ്ട്. അനുമതി ലഭിക്കുന്നതനുസരിച്ച് KSRTC കരാറിൽ ഏർപ്പെടുന്നതാണ്.

(ബി) നിലമ്പൂർ മർക്കന്റൈൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എം 763 എന്ന സഹകരണ സംഘത്തിന് ലേലം ഉറപ്പിച്ചു നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉറപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സഹകരണ സംഘവുമായി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കരാർ ആകുമെന്നും വ്യക്തമാക്കാമോ?

കരാറിൽ ഏർപ്പെട്ടിട്ടില്ല. എത്രയും വേഗം കരാറിൽ ഏർപ്പെടണമെന്നും തുകകൾ ഒടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ ഷോപ്പിംഗ് കോംപ്ലക്സ്-കം-ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനലിൽ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മർക്കന്റൈൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കരാറിൽ ഏർപ്പെട്ട് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൊതുജനങ്ങൾക്ക് തുറന്ന് നൽകാൻ കഴിയും.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി

230 (1215) ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽഹമീദ് പി.:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കി കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തിൽ പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണലുകളുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ഇവയാണ്.

i) ചെലവ് കുറഞ്ഞ LNG / CNG മുതലായ ഇന്ധനങ്ങളിലേയ്ക്ക് ചുവടുമാറ്റുക.

ii) Route Rationalization.

iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക.

iv) സർവ്വീസ് Operation Optimize ചെയ്യുക.

v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക.

vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്.

a) Logistic division ആരംഭിക്കുക.

b)പരസ്യങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക.

c) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക (Shop On Wheels).

d) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ ഗുണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക.

e) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള, എന്നാൽ നിലവിൽ ഉപയോഗിക്കാനാവാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക.

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപ്പന,

ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. കോവിഡ് സാഹചര്യത്തിൽ സർവ്വീസ് നടത്താൻ സാധിക്കാത്ത അധിക ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തതുമൂലം ഇൻഷ്വറൻസ് തുക, ബാറ്ററി, ടയർ, ല്യൂബ്രിക്കന്റ്സ് ഇനത്തിൽ ചെലവ് കുറയും. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്/ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. 3,400 ഡീസൽ ബസ്സുകൾ LNG/CNG-യിലേയ്ക്ക് convert ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവുവന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന

നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം, ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sightseeing" എന്ന പദ്ധതിയും " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.- ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കാനും സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് ഇത് സഹായകരമാകും. കൂടാതെ പരസ്യ ലേലം,ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ

സ്വീകരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി എല്ലാവിഭാഗം ജീവനക്കാർക്കും യൂണിഫോം നൽകുന്നതിന് സ്പോൺസർമാരെ കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ടോ;

&

(സി) ഇക്കാര്യത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ യൂണിഫോം നിഷ്കർഷിച്ചിട്ടുള്ള ജീവനക്കാർക്ക് യൂണിഫോം നൽകുന്നതിന് സ്പോൺസർമാരെ

കണ്ടെത്തുന്ന കാര്യം കെ.എസ്.ആർ.ടി.സി.-യുടെ പരിഗണനയിലാണ്. മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടില്ല.

പുതിയ ബസ് റൂട്ടുകൾ

231(1216) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഈ വർഷം പുതിയ ബസ് റൂട്ടുകൾ ആരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ റൂട്ടുകളിൽ സാധ്യതാപഠനം നടത്തി പുതിയ ബസ് റൂട്ടുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

(ബി) പച്ചോളി-കൊളാവിപ്പാലം-വടകര റൂട്ടിൽ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സർവ്വീസ് പുനരാരംഭിക്കാൻ സാധ്യതയുണ്ടോ; വിശദമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾമൂലം യാത്രക്കാരുടെ എണ്ണത്തിൽ വലിയ കുറവ് അനുഭവപ്പെട്ടതിനാൽ പച്ചോളി – കൊളാവിപ്പാലം - വടകര റൂട്ടിൽ കെ.എസ്.ആർ.ടി.സി.- സർവ്വീസ് നിർത്തിവച്ചിട്ടുണ്ട്. കോവിഡ്

നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് യാത്രക്കാരുടെ ആവശ്യം വിലയിരുത്തി സർവ്വീസ് പുനരാരംഭിക്കുന്നതാണ്.

(സി) കൊയിലാണ്ടിയിൽനിന്ന് ഉള്ള്യേരി, പേരാമ്പ്ര, തൊട്ടിൽപ്പാലം വഴി വയനാട്ടിലേയ്ക്ക് ഒരു പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അനുവദിക്കണമെന്ന അപേക്ഷ കോർപ്പറേഷൻ പരിഗണിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

സാദ്ധ്യതാപഠനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ

232 (1217) ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽനിന്നും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

2021 ജൂൺ മാസം പെൻഷൻ വിതരണം ചെയ്ത കണക്കനുസരിച്ച് 41,007 പെൻഷൻകാരാണുള്ളത്.

(ബി) പ്രസ്തുത പെൻഷൻ സഹകരണ സംഘങ്ങൾവഴി നൽകുന്നതുകൊണ്ട് പലിശ ഇനത്തിൽ വരുന്ന തുക എത്രയാണ്; ഈ തുക

കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയ തുകയിൽ നിന്നാണോ നൽകുന്നത്; അറിയിക്കുമോ?

പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്നതിൽ, 10% പലിശ കണക്കാക്കി പലിശ ഇനത്തിൽ, പ്രതിമാസം ശരാശരി 4.50 കോടി രൂപയാണ് ചെലവാകുന്നത്. ഇത്തരത്തിൽ പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്നതിനായുള്ള തുക പലിശ ഉൾപ്പെടെ പൂർണ്ണമായും സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് അനുവദിക്കുന്നത്.

(സി) ബഡ്ജറ്റിൽ പെൻഷൻ നൽകുന്നതിന് നീക്കിവെച്ചിരിക്കുന്ന തുക ഇതര വകുപ്പുകളിലേതുപോലെ ഓരോ മാസവും കൃത്യമായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ബഡ്ജറ്റിൽ പെൻഷനുമാത്രമായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. നിലവിൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവും, കെ.എസ്.ആർ.ടി.സി.-യും സർക്കാരുമായും കരാറിൽ ഏർപ്പെട്ട് അതിൻ പ്രകാരമാണ് പെൻഷൻ നൽകിവരുന്നത്. ഇത്തരത്തിൽ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത പെൻഷൻ തുക ആറു

മാസത്തിനുശേഷം, പലിശ സഹിതം കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്ന് സഹകരണ സംഘങ്ങൾക്ക് എല്ലാ മാസവും കൃത്യമായി തിരികെ നൽകുന്നുണ്ട്. 2021 ജൂൺ മാസം വരെയുള്ള പെൻഷൻ തുക സഹകരണ സംഘങ്ങൾ മുഖേന പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു.

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

233(1218) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്?

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ

സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ഇവയാണ്.

i) ചെലവ് കുറഞ്ഞ LNG / CNG മുതലായ ഇന്ധനങ്ങളിലേയ്ക്ക് മാറ്റുക.

ii) Route Rationalization.

iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക.

iv) സർവ്വീസ് Operation Optimize ചെയ്യുക.

v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക.

vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്.

a) Logistic division ആരംഭിക്കുക.

b) പരസ്യങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക.

c) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക (Shop On Wheels).

d) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ Supplyco, Consumerfed, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ lease/ rent-ന് കൊടുക്കുന്നതാണ്.

e) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള, എന്നാൽ നിലവിൽ ഉപയോഗിക്കാനാവാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. കോവിഡ് സാഹചര്യത്തിൽ സർവ്വീസ് നടത്താൻ സാധിക്കാത്ത അധിക ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്തതുമൂലം ഇൻഷ്വറൻസ് തുക, ബാറ്ററി, ടയർ, ല്യൂബ്രിക്കൻസ് ഇനത്തിൽ ചെലവ് കുറയും. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്/ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു.

3,400 ഡീസൽ ബസ്സുകൾ LNG / CNG-യിലേയ്ക്ക് convert ചെയ്യുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സമഗ്ര പഠനം നടത്തുന്നതിന് 2016 കാലഘട്ടത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയിലെ പ്രൊഫസർ സുശീൽ ഖന്നയെ സർക്കാർ നിയോഗിക്കുകയും 2019-ൽ ടിയാൻ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഭരണ സമിതി പുനഃസംഘടന, മാനേജ്മെന്റിലെ പുനരുദ്ധാരണം, ബസ് ജീവനക്കാരുടെ അനുപാതം ക്രമീകരിക്കൽ, ഐ.റ്റി., ഇൻഫ്രാസ്ട്രക്ചർ, സർവ്വീസ് ഓപ്പറേഷൻ, സാമ്പത്തിക അച്ചടക്കം മുതലായ എല്ലാ വിഭാഗങ്ങളെയും സംബന്ധിച്ച് നടത്തിയ സമഗ്ര റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്.

<u>കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ്</u>

234(1219) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

235(1220) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

&

(ബി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

ദേശീയപണിമുടക്ക് ദിവസത്തെ ഡ്യൂട്ടി

236(1221) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സൈൻഓൺ മുതൽ അവസാനിക്കുന്ന സൈൻഓഫ് വരെയുള്ള സമയം 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 13-ാം വകുപ്പ് പ്രകാരം ജോലി ആരംഭിച്ചതുമുതലുള്ള ഓരോ എട്ട് മണിക്കൂറും കണക്കാക്കി ഡ്യൂട്ടി തീരുമാനിക്കുന്ന രീതിയാണോ പിന്തുടർന്നുവരുന്നത്; വ്യക്തമാക്കുമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2(f), (i), (ii), (iii) 2(K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്.

(ബി) എങ്കിൽ 25.11.2020-ന് രാവിലെ 10.30-ന് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്ന് മൂന്നാറിലേയ്ക്ക് പുറപ്പെട്ട് 27.11.2020-ന് വൈകുന്നേരം 5.00 മണിവരെ ഡ്യൂട്ടിയിലുണ്ടായിരുന്ന ക്രൂ അംഗങ്ങൾ ആകെ എത്ര മണിക്കൂർ ഡ്യൂട്ടിയിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ക്രൂ അംഗങ്ങൾ ആകെ 56 മണിക്കൂർ (രണ്ട് രാത്രിയും മൂന്ന് പകലും) ഡ്യൂട്ടിയിലായിരുന്നതിന് എട്ട് മണിക്കൂർ കണക്കാക്കി എത്ര ഡ്യൂട്ടിക്കാണ് അർഹതപ്പെട്ടത്; ആയത് എപ്രകാരമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ 10:30 തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് സാധാരണയായി ആകെ 17:20 മണിക്കൂർ സ്റ്റിയറിംഗ് സമയവും 14:40 മണിക്കൂർ ഡ്യൂട്ടികൾക്കിടയിൽ ജീവനക്കാർക്ക് വിശ്രമവും ലഭിയ്ക്കുന്ന വിധത്തിൽ (ആകെ 32 മണിക്കൂർ) ആണ് ക്രമീകരിച്ചിട്ടുള്ളത്. ടി സർവ്വീസിന് 2 ഡ്യൂട്ടിയും വീക്കിലി ഓഫും അധിക സമയമായ 2:35 മണിക്കൂറിന് അധികവേതനവും നൽകിവരുന്നു. എന്നാൽ 26-11-2020-ൽ ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹനഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടതിനാൽ 25-11-2020-ന് ആരംഭിച്ച തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് 26-11-2020-ന് ഷെഡ്യൂൾ സമയത്ത് തിരികെ

തിരുവനന്തപുരത്ത് എത്തിച്ചേരാൻ കഴിയാത്ത സാഹചര്യം വന്നുചേർന്നിരുന്നു. ആയതിനാൽ പ്രസ്തുത സർവ്വീസിലെ ക്രൂ ജീവനക്കാർക്ക് 26-11-2020-ൽ മൂന്നാർ ഡിപ്പോയിൽ അധികമായി തങ്ങിയ ഒരു ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടിക്കൂടി നൽകിയിട്ടുണ്ട്.

(ഡി) ദേശീയ പണിമുടക്ക് ദിവസമായിരുന്ന 26.11.2020-ന് മൂന്നാറിൽനിന്ന് തിരികെയുള്ള സർവ്വീസ് നടത്താതിരുന്നത് പ്രസ്തുത ക്രൂ മെമ്പേഴ്സിന്റെ കൃത്യവിലോപമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ 25.11.2020-ന് ആരംഭിച്ച ഡ്യൂട്ടിയിൽ 27.11.2020-ന് വൈകുന്നേരം 5.00 മണിവരെ തങ്ങളുടേതല്ലാത്ത കാരണത്താൽ തുടരേണ്ടിവന്ന പ്രസ്തുത ജീവനക്കാർക്ക് സൈൻഓൺ മുതൽ സൈൻഓഫ് വരെയുള്ള അർഹതപ്പെട്ട ഡ്യൂട്ടികൾ അനുവദിച്ച് ഉത്തരവാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കരുതുന്നില്ല. പ്രസ്തുത ജീവനക്കാർക്ക് അർഹമായ ഡ്യൂട്ടി അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണം

237(1222) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കി നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണലുകളുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് ആനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. BOND service/City Circular service/Feeder service മുതലായവയുടെ സഹായത്തോടുകൂടി പൊതുജനത്തിന് കൂടുതൽ യാത്രാ സൗജന്യം നൽകുക വഴി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ചെലവ് ചുരുക്കുന്നതിന്റേയും ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ഇവയാണ്.

i) LNG / CNG മുതലായ ഇന്ധനങ്ങളിലേയ്ക്ക് ചുവടുമാറ്റുക.

ii) Route Rationalization.

iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക.

iv) സർവ്വീസ് Operation Optimize ചെയ്യുക.

v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക.

vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക.

vii) Logistic division ആരംഭിക്കുക, പരസ്യങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക.

viii) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസ്സുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക (Shop On Wheels).eg. Lubshop, Milma booth.

ix) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ ഗുണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക.

x) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള എന്നാൽ നിലവിൽ ഉപയോഗിക്കാനാവാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക.

കൂടാതെ ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ

സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതു വഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ ക്രമക്കേടുകൾ

238(1223) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ 2013 വരെയുള്ള ഓഡിറ്റിൽ കണ്ടെത്തിയതുൾപ്പെടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

2009-10 സാമ്പത്തിക വർഷത്തിൽ 7.11 കോടി രൂപയും 2010-11 സാമ്പത്തിക വർഷത്തിൽ 18.40 കോടി രൂപയും 2011-12 സാമ്പത്തിക വർഷത്തിൽ 36.07 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 100.75 കോടി രൂപയും സസ്പെൻസ് അക്കൗണ്ട് ഉള്ളതായി Annual Accounts and Audit Report-ൽ കാണുന്നുണ്ട്.

(ബി) പ്രസ്തുത ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് അറിയിക്കുമോ; കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷ ഉറപ്പാക്കുന്നതിനും നഷ്ടപ്പെട്ട തുക വീണ്ടെടുക്കുന്നതിനുമായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സസ്പെൻസ് അക്കൗണ്ടിൽ 100.75 കോടി രൂപ ശേഷിച്ചു എന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും കെ.എസ്.ആർ.ടി.സി.- ഭരണ സമിതി അംഗവുമായ ശ്രീ. അനിൽ കുമാർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി വിഷയം അന്വേഷിക്കുന്നതിന് സംസ്ഥാന വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.

239(1224) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ഒന്നാകെ അനുവദിക്കുന്ന സർക്കാരിന്റെ അവധി ദിനങ്ങളിൽ പലതും സ്ഥാപനം

നഷ്ടത്തിലാണെന്നതിന്റെ പേരിൽ വെട്ടിച്ചുരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെന്ന കാരണത്താൽ ജീവനക്കാർക്ക് നൽകേണ്ടുന്ന നിയമപരമായ അവധികൾ വെട്ടിക്കുറച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അവധി അംഗീകൃത trade union-കളുമായി ചർച്ച ചെയ്ത് ഒപ്പിടുന്ന ദീർഘകാല കരാറിലൂടെയാണ് തീരുമാനിക്കുന്നത്.

(ബി) എങ്കിൽ കെ.എസ്.ആർ.ടി.സി.-യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയായി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

മിനിസ്റ്റീരിയൽ വിഭാഗത്തിന് രണ്ടാം ശനിയാഴ്ച പൊതു അവധിയായി നിലനിർത്തിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയാക്കി നൽകുകയാണെങ്കിൽ സ്ഥാപനത്തിലെ കടുത്ത ജോലി നോക്കുന്ന ഇൻകം ഏണിംഗ് വിഭാഗത്തിനുകൂടി ആയത് ബാധകമാക്കാൻ നടപടി സ്വീകരിച്ച് നീതി നടപ്പാക്കുമോ;

&

(ഡി) ഇല്ലെങ്കിൽ ഈ അവധി നൽകുന്നതിൽനിന്ന് ഇതേ സ്ഥാപനത്തിലെ പ്രസ്തുത വിഭാഗത്തിനെ ഒഴിവാക്കുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ?

ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കണ്ടക്ടർ/ഡ്രൈവർ ജീവനക്കാർക്ക് അവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ് ഇൻസെന്റീവ് ബാറ്റ, കളക്ഷൻ ബാറ്റ, കിലോമീറ്റർ പെർ ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഇ) സർക്കാരിന്റെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും കാഠിന്യമുള്ള പണി എടുക്കുന്ന വിഭാഗത്തെ ഇത്തരം ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കുന്നില്ലെന്ന വസ്തുത ഗൗരവമായി പരിശോധിക്കുമോ?

സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ/അവധികൾ അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ അവധികൾ, ആനുകൂല്യങ്ങൾ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല.

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത അവധി ഇത്തരക്കാർക്ക് നൽകുന്നത് ഒഴിവാക്കണമെന്നുണ്ടെങ്കിൽ സ്ഥാപനത്തിന് ഒന്നാകെ രണ്ടാം ശനിയാഴ്ചയുള്ള അവധി നീക്കം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി ആയി അനുവദിക്കുന്നത് വഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ പുനർനിയമനം

240(1225)ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ):

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ എത്ര പേരെ നേരിട്ട് നിയമിച്ചു എന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ നടപടികളുടെ ഭാഗമായി മാനേജീരിയൽ തസ്തികകളിൽ ചുവടെ ചേർത്തിരിക്കും പ്രകാരം കഴിഞ്ഞ വർഷം കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

അസിസ്റ്റന്റ് ജനറൽ മാനേജർ - 2

സീനിയർ മാനേജർ - 1

മാനേജർ - 1

ഡെപ്യൂട്ടി മാനേജർ - 15

സ്പെഷ്യൽ ഓഫീസർ (ലാന്റ്) - 2

അക്കൗണ്ടസ് എക്സിക്യൂട്ടീവ്സ് - 3

ജനറൽ മാനേജർ - 1

ഡെപ്യൂട്ടി ജനറൽ മാനേജർ - 1

ആകെ - 26.

(ബി) ഇതിൽ മറ്റുസ്ഥാപനങ്ങളിൽനിന്നും നിയമിക്കപ്പെട്ടവർ എത്രയെന്നും അവരുടെ മാതൃസ്ഥാപനം ഏതാണെന്നും കെ.എസ്.ആർ.ടി.സി.-യിൽ ഇവർക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ കരാർ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം നിയമിതരായവർ വിവിധ സ്ഥാപനങ്ങളിൽ ജോലി നോക്കിയവരാണ്. ഓരോ തസ്തികകളുടെയും പ്രതിമാസ ശമ്പള വിവരം ചുവടെ ചേർക്കുന്നു. അസിസ്റ്റന്റ് ജനറൽ മാനേജർ - 75,000/- രൂപ,

സീനിയർ മാനേജർ - 60,000/- രൂപ, മാനേജർ - 40,000/- രൂപ, ഡെപ്യൂട്ടി മാനേജർ - 40,000/- രൂപ, സ്പെഷ്യൽ ഓഫീസർ (ലാൻഡ്) - 40,000/- രൂപ, അക്കൗണ്ടസ് എക്സിക്യൂട്ടീവ്സ് - 15,000/- രൂപ, ജനറൽ മാനേജർ - 1,50,000/- രൂപ, ഡെപ്യൂട്ടി ജനറൽ മാനേജർ - 1,00,000/- രൂപ,

(സി) കെ.എസ്.ആർ.ടി.സി.- യിൽനിന്നും പെൻഷൻ ആയവരിൽ ആർക്കെങ്കിലും പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുകളും പെൻഷൻ ആകുന്നതിന് മുൻപ് വഹിച്ചിരുന്ന തസ്തികയും പുനർനിയമനം നൽകിയപ്പോൾ നൽകിയ തസ്തികയും ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ?

പുനർനിയമനം നൽകിയിട്ടില്ല.

(ഡി) കെ-സ്വിഫ്റ്റിൽ കെ.എസ്.ആർ.ടി.സി.- ജീവനക്കാരല്ലാത്ത എത്രപേരെ ഏതെല്ലാം തസ്തികയിൽ നിയമിച്ചുവെന്നും ഇവരുടെ മാതൃസ്ഥാപനം ഏതെന്നും ഇവർക്ക് കെ.എസ്.ആർ.ടി.സി. നൽകിവരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

കെ-സ്വിഫ്റ്റിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരല്ലാത്ത താഴെപ്പറയുന്ന രണ്ടുപേരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർ വിവിധ സ്വകാര്യ/പൊതുമേഖലാ

സ്ഥാപനങ്ങളിൽ ജോലി നോക്കിയിരുന്നവരാണ്. ശ്രീ. കെ. വി. രാജേന്ദ്രൻ, ജനറൽ മാനേജർ, 1,50,000/- രൂപ ശമ്പളം, ശ്രീ. എസ്. രവിശങ്കർ, ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), 1,00,000/- രൂപ ശമ്പളം.

കെ.എസ്.ആർ.ടി.സി. പെൻഷൻ

241(1226) ശ്രീ. പി. ടി. തോമസ്:
ഡോ. മാത്യുകുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതുകാരണം നാല്പതിനായിരത്തോളം വരുന്ന മുൻ കെ.എസ്.ആർ.ടി.സി. തൊഴിലാളികളും അവരുടെ കുടുംബങ്ങളും പ്രതിസന്ധിയിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2021 ജൂൺ മാസം വരെയുള്ള പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു.

(ബി) പൂർണ്ണമായും സർക്കാർ ഫണ്ടിൽനിന്ന് നൽകുന്ന പെൻഷൻ നേരിട്ട് നൽകാതെ ഇടനിലക്കാരായി സഹകരണ ബാങ്കുകളെ

നിയോഗിച്ചിരിക്കുന്നതാണ് പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതിന്റെ കാരണമെന്ന് സർക്കാർ കരുതുന്നുണ്ടോ?

കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തേണ്ട ചുമതല കെ.എസ്.ആർ.ടി.സി.-ക്കാണ്. സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ബാദ്ധ്യത ഇല്ലാതിരുന്നിട്ടും കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ മോശമായ സാമ്പത്തിക സ്ഥിതിയിൽ മാനുഷിക പരിഗണന കണക്കിലെടുത്താണ് താൽക്കാലികമായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിനാലാണ് കോവിഡ്-19 എന്ന മഹാമാരിയുടെ പ്രതിസന്ധി ഘട്ടത്തിൽപോലും പെൻഷൻ വിതരണം മുടക്കംകൂടാതെ നടത്താൻ സാധിച്ചത്.

(സി) കാലാവധി കഴിയുമ്പോൾ സഹകരണ ബാങ്കുകളുമായുള്ള കരാർ പുതുക്കലും തുടർന്ന് എല്ലാ മാസവും പെൻഷൻ ഫയലുകൾ സെക്രട്ടറിയേറ്റിലേയ്ക്കും കെ.എസ്.ആർ.ടി.സി.-യിലേയ്ക്കും സർക്കുലേറ്റ ചെയ്യേണ്ടി വരുകയും ചെയ്യുന്നതിനാൽ പെൻഷൻ താമസിക്കുന്നു എന്ന ആക്ഷേപം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

&

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണ ബാങ്കുകളുമായുള്ള കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ കരാർ ഒപ്പുവയ്ക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. പെൻഷൻ വിതരണം നടത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഇ) ഈ സാഹചര്യത്തിൽ സർക്കാർ നേരിട്ട് കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി. പെൻഷൻ

242(1227) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ പ്രതിമാസ പെൻഷൻ ബാദ്ധ്യത എത്ര രൂപയാണ്; ഈ ബാദ്ധ്യത നിലവിൽ വഹിക്കുന്നത്

സർക്കാരാണോ കെ.എസ്.ആർ.ടി.സി.-യാണോ; വിശദാംശങ്ങൾ നൽകാമോ?

പ്രതിമാസം ശരാശരി 65 കോടി രൂപയോളമാണ് പെൻഷൻ വിതരണത്തിനായി കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടിവരുന്നത്. നിലവിൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവും കെ.എസ്.ആർ.ടി.സി.-യും സർക്കാരുമായി കരാറിൽ ഏർപ്പെട്ട് അതിൻപ്രകാരമാണ് പെൻഷൻ നൽകി വരുന്നത്. ഇത്തരത്തിൽ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത പെൻഷൻ തുക ആറുമാസത്തിനുശേഷം പലിശ സഹിതം സഹകരണ സംഘങ്ങൾക്ക് നേരിട്ട് എല്ലാ മാസവും തിരികെ നൽകുന്നുണ്ട്. ഈ തുക സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽനിന്നാണ് അനുവദിച്ചുവരുന്നത്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പെൻഷൻകാർക്ക് സ്ഥിരാശ്വാസം എന്ന നിലയിലും ഒരു ശാശ്വത പരിഹാരമായി പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് നയപരമായ തീരുമാനം കൈക്കൊണ്ട് അതിനനുസൃതമായി 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമം (കേന്ദ്ര നിയമം) സെക്ഷൻ

45 (1) (സി), 45 എ എന്നിവ പ്രകാരം നിയമങ്ങൾ/ചട്ടങ്ങൾ രൂപീകരിക്കാമോ?

ഇക്കാര്യം പരിഗണനയിലില്ല.

(സി) നിലവിൽ സഹകരണ ബാങ്കുകൾ വഴി ക്രമീകരിച്ചിട്ടുള്ള പെൻഷൻ വിതരണത്തിന് പെൻഷൻ തുകയ്ക്ക് പുറമെയുള്ള പ്രതിമാസ പലിശ ബാദ്ധ്യത എത്ര രൂപയാണ്; ഈ ബാദ്ധ്യത വഹിക്കുന്നത് സർക്കാരാണോ കെ.എസ്.ആർ.ടി.സി.-യാണോ; വിശദാംശങ്ങൾ നൽകാമോ?

പ്രതിമാസ പെൻഷൻ വിതരണത്തിനായി വിനിയോഗിക്കുന്ന പെൻഷൻ തുകയ്ക്ക് പുറമെയുള്ള പ്രതിമാസ പലിശയിനത്തിൽ ശരാശരി 4.50 കോടിയോളം ചെലവാകുന്നുണ്ട്. പലിശയുൾപ്പെടെയുള്ള പെൻഷൻ തുക സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാണ് അനുവദിച്ചുവരുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി. പെൻഷൻ മുടക്കമില്ലാതെ നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യും സർക്കാരും ചേർന്ന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്/സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽനിന്നും സ്വന്തം നിലയ്ക്ക് വിതരണം ചെയ്യാൻ കഴിയാതെ 2017-18 സാമ്പത്തിക വർഷത്തിൽ പെൻഷൻ വിതരണം മുടങ്ങിയ സ്ഥിതിവിശേഷമുണ്ടായി. ഈ സാഹചര്യത്തിൽ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യം വഴി 2018 ഫെബ്രുവരി മാസം മുതൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ തുക നൽകിവരുന്നു. ഇതിൻപ്രകാരം നിലവിൽ 2021 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) 2013 ഏപ്രിൽ 1 മുതൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള നടപടി നിശ്ചിത കാലയളവിലേയ്ക്ക് മാത്രം മതിയാകില്ലേ; പരിശോധിച്ച് മറുപടി നൽകാമോ?

2013 ഏപ്രിൽ ഒന്ന് മുതൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാർക്ക് വിരമിക്കുന്നത് മുതൽ പെൻഷൻ ഇനത്തിലുള്ള കെ.എസ്.ആർ.ടി. സി.-യുടെ ബാദ്ധ്യത ഒഴിവാക്കാൻ കഴിയും. പക്ഷേ നിലവിൽ പെൻഷൻ വാങ്ങുന്ന

ജീവനക്കാരുടേയും 2013 ഏപ്രിൽ ഒന്നിന് മുമ്പ് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടേയും പെൻഷൻ ഇനത്തിലെ ബാദ്ധ്യതയ്ക്ക് ഒരു നിശ്ചിത കാലയളവ് നിജപ്പെടുത്താൻ നിലവിലെ സ്ഥിതിയിൽ കഴിയില്ല.

കെ.എസ്.ആർ.ടി.സി.-യിലെ ഓഡിറ്റ്

243(1228) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ?

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യിൽ വരവ്-ചെലവ് സംബന്ധിച്ച ഓഡിറ്റ് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

&

(ബി) ഇല്ലെങ്കിൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2014-15 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് നടന്നിട്ടുണ്ട്. 2015-16-ലെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിന് മുന്നോടിയായി ഓഡിറ്റ് സർട്ടിഫിക്കേഷനുവേണ്ടി അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ ആശ്രിത നിയമനം

244(1229) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിലെ ആശ്രിത നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര അപേക്ഷകളാണ് ഇനി തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ;

&

(ബി) അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

നിലവിൽ 218 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടുള്ള സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിക്ക് തുല്യമാക്കുന്നതിന് നടന്നുവരുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശ്രിത നിയമന അപേക്ഷകൾ പരിഗണിക്കുന്നതാണ്.

വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്തുന്നതിന് നടപടി

245(1230) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്താനും ജില്ലാതല വർക്ക്ഷോപ്പ് ആരംഭിക്കാനുമുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ?

നിലവിൽ വടക്കാഞ്ചേരിയിൽ ഓപ്പറേറ്റിംഗ് സെന്ററാണ് പ്രവർത്തിച്ചു വരുന്നത്. കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മെച്ചപ്പെടുന്ന മുറയ്ക്ക് സബ് ഡിപ്പോ/ഡിപ്പോ ആയി ഉയർത്തുന്നത് പരിഗണിയ്ക്കും. കെ.എസ്.ആർ.ടി.സി. വടക്കാഞ്ചേരി ഡിപ്പോയിൽ ജില്ലാ വർക്ക്ഷോപ്പ് നിർമ്മിക്കുന്ന പ്രവൃത്തിക്കായി കെ.എസ്.ആർ.ടി.സി.- യുടെ Project Management Consultant ആയ M/s. HLL Lifecare Ltd. സമർപ്പിച്ച 4,71,02,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 06/5/2021-ൽ പ്രവൃത്തിക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി., ജില്ലാതല വർക്ക് ഷോപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ടി പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

വർക്ക്ഷോപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

246(1231) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) വളാഞ്ചേരി-പെരിന്തൽമണ്ണ റൂട്ടിലെ കെ.എസ്.ആർ.ടി.സി.-ചെയിൻ സർവ്വീസ് പുനരാരംഭിക്കണമെന്ന വിഷയത്തിൽ കെ.എസ്.ആർ.ടി.സി. അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി - പെരിന്തൽമണ്ണ റൂട്ടിലെ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ 2018-ൽ വരുമാന കുറവ് മൂലമാണ് നിർത്തിവച്ചിരുന്നത്. 2019 ജൂൺ മാസത്തിൽ പ്രസ്തുത സർവ്വീസ് പുനരാരംഭിച്ചിരുന്നു. എന്നാൽ കോവിഡ് വ്യാപനത്തെ തുടർന്ന് വീണ്ടും നിർത്തിവയ്ക്കുകയായിരുന്നു.

(ബി) ഏറെ ലാഭകരമായതും പെരിന്തൽമണ്ണയിലെ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്ക് പോകുന്നവർക്ക് സഹായകരവുമായ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡിന്റെ നിയന്ത്രണങ്ങൾക്കുശേഷം പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

വെച്ചൂച്ചിറ-തിരുവനന്തപുരം ബസ് സർവ്വീസ്

247(1232) ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) യാത്രാക്ലേശം നേരിടുന്ന പ്രദേശങ്ങളിലും പ്രധാനമായും കെ.എസ്.ആർ.ടി.സി. ബസിനെ ആശ്രയിക്കുന്ന മലയോര പ്രദേശങ്ങളിലും കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസ് സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വളരെയധികം യാത്രക്കാരുള്ളതും എന്നാൽ യാത്രാക്ലേശം നേരിടുന്നതുമായ മലയോര പ്രദേശമായ റാന്നിയിലെ വെച്ചൂച്ചിറയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് ദീർഘദൂര ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

&

(സി) വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് സർവ്വീസ് പൂർണ്ണമായും നിർത്താതെ യാത്രാക്ലേശം പരിഹരിക്കാൻ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ ദീർഘദൂര സർവ്വീസ് എന്ന രീതിയിലുള്ള ലിമിറ്റഡ് കൺട്രോൾ ഷെഡ്യൂൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

എല്ലാ പ്രധാന മേഖലകളെയും ഒറ്റപ്പെട്ട മേഖലകളെയും മലയോര മേഖലയെയും ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.- സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടുതലായി സർവ്വീസുകളുടെ ആവശ്യം സാദ്ധ്യതാ പഠനം നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനരുദ്ധാരണം

248(1233) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ബസ് ടെർമിനൽ കെട്ടിടം നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി detailed project report സമർപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultancy ആയ M/s HLL Lifecare Ltd.-ന് 03/12/2020-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണം

249 (1234) ശ്രീ. എൻ.കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. ഗുരുവായൂർ ബസ് സ്റ്റേഷനിൽ യാത്രക്കാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തി അത്യാധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് KSRTC-യുടെ Project Management Consultant ആയ M/s. SILK Ltd-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

250(1235) ശ്രീ എം മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്കും അപകടാവസ്ഥയ്ക്കും പരിഹാരമായി ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വാണിജ്യ/വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക് സാദ്ധ്യതയുള്ള കൊല്ലം അടക്കമുള്ള ചില ഡിപ്പോകൾ, ഡിപ്പോ പ്രവർത്തനത്തിന് തടസ്സമില്ലാത്ത തരത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി Public - Private Partnership (PPP) മാതൃകയിൽ ദീർഘകാലത്തേയ്ക്ക് പാട്ടത്തിന് നൽകി ഒറ്റ തവണയായി വൻ തുകകൾ സമാഹരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന KSRTC ഭരണസമിതിയുടെ ഉപസമിതി നല്കിയ ശിപാർശ പരിഗണിച്ച് സാദ്ധ്യതാ പഠനത്തിന് Project Management Consultant ആയ M/s. Silk Limited-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണം

251(1236) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണത്തിനായി 2016-2021 കാലയളവിൽ റോഡ് ട്രാൻസ്പോർട്ട് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

തൃശ്ശൂർ ബസ് സ്റ്റേഷനിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പ്രവൃത്തിക്കായി മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി M/s. INKEL Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി കിഫ്ബി മുഖാന്തരം പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മുൻ കൃഷി വകുപ്പുമന്ത്രിയും തൃശ്ശൂർ എം.എൽ.എ.യുമായിരുന്ന ശ്രീ. വി. എസ്. സുനിൽകുമാർ ആവശ്യപ്പെട്ടിരുന്നെങ്കിലും തൃശ്ശൂർ ബസ് സ്റ്റേഷന്റെ സമഗ്ര വികസനം സംബന്ധിച്ചുള്ള പദ്ധതി കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ധനസഹായത്തിനായി പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. M/s. INKEL Ltd മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട്

റിപ്പോർട്ടും സമർപ്പിക്കുന്നതിന് KSRTC Project Management Consultant ആയി നിയമിച്ചിട്ടുള്ള M/s. Hindustan Prefab Ltd.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബസ് സ്റ്റാൻഡ് നവീകരണത്തിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. M/s. Hindustan Prefab Ltd., മാസ്റ്റർ പ്ലാനും DPR-ഉം സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കുന്നതിന് വീണ്ടും ശ്രമിക്കുന്നതാണ്. അല്ലാത്തപക്ഷം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

ശങ്കരമംഗലം ബസ് സ്റ്റോപ്പ് വിപുലീകരണം

252(1237) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

ആയിരക്കണക്കിന് യാത്രക്കാർ ആശ്രയിക്കുന്ന, ചവറ ശങ്കരമംഗലം ജംഗ്ഷനിൽനിന്നും കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേയ്ക്ക് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പ് വിപുലീകരിച്ച്

കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ശങ്കരമംഗലം ജംഗ്ഷനിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുരോഗതി ഉണ്ടാകുന്ന മുറയ്ക്ക് ചവറ ശങ്കരമംഗലം ജംഗ്ഷനിൽ പുതുതായി ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം

253(1238) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സ.ഉ. (സാധാ) നം. 349/2020/ഗതാ തീയതി 24.10.2020 ഉത്തരവ് പ്രകാരം കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോ നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിലേക്ക് കെ.എസ്.ആർ.ടി.സി. 50 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി

സർക്കാരിൽ സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കോന്നി ഡിപ്പോയ്ക്ക് വേണ്ടി മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ ഫിനിഷിംഗ് ജോലികൾ, വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. യാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultancy ആയ M/s. HLL Lifecare Ltd.നെ ഏർപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിന് 06.05.2021-ൽ തനതു ഫണ്ടിൽ ഉൾപ്പെടുത്തി 1,45,30,893/- രൂപയുടെ ഭരണാനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലുള്ള സാങ്കേതിക തടസ്സംമൂലം യാർഡിന്റെ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയാൽ യാർഡിന്റെ പ്രവൃത്തികൂടി പൂർത്തിയാക്കി ഡിപ്പോ ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്.

വടകര കെ.എസ്.ആർ.ടി.സി. ഇൻഫർമേഷൻ സെന്റർ

254(1239) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) വടകര കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ ഇൻഫർമേഷൻ സെന്റർ നിർത്തലാക്കിയത് പരിശോധിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ഇൻഫർമേഷൻ സെന്ററിന്റെ സേവനം നിർത്തലാക്കിയത് കാരണം ദൂരദേശങ്ങളിൽനിന്നും വരുന്നവർക്കും മറ്റ് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി. സേവനങ്ങൾ ഉപയോഗിക്കുന്നതിന് തടസ്സമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

&

(സി) മറ്റ് പൊതുഗതാഗത സൗകര്യങ്ങൾ അപ്രാപ്യമായ ഈ കോവിഡ് കാലത്ത് ഇത്തരം ഇൻഫർമേഷൻ സെന്ററുകൾ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും എന്ന് സർക്കാർ കരുതുന്നുണ്ടോ?

ജനങ്ങൾക്ക് ഉപകാരപ്രദമായ വടകരയിലെ ഇൻഫർമേഷൻ സെന്റർ നിർത്തലാക്കിയിട്ടില്ല. പ്രദേശം കോവിഡ് വ്യാപനത്തെ തുടർന്ന് ട്രിപ്പിൾ ലോക്ക് ഡൗൺ ഏർപ്പെടുത്തിയപ്പോൾ മാത്രമാണ് ഇത് അടച്ചിട്ടിരുന്നത്.

(ഡി) എങ്കിൽ പ്രസ്തുത ഇൻഫർമേഷൻ സെന്റർ പുന:സ്ഥാപിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടം

255(1240) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. G.O.(Rt.) No. 74/2016/Trans, 16/02/2016 പ്രകാരം മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷിന്റെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും ഒരു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുകയിൽനിന്നും ഇതുവരെ ചെയ്ത പ്രവൃത്തിയുടെ ബിൽ തുകയായ 4,93,314/- രൂപ കരാറുകാരന് കൊടുക്കാൻ G.O.(Rt.) No: 191/2021/Trans, 16/06/2021 പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ആർ.ടി.സി. പേമെന്റ് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് മാവേലിക്കര ഡിപ്പോയിൽ ബസ് സ്റ്റേഷൻ കെട്ടിടം

നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 01/6/2016-ൽ ആവശ്യമായ രേഖകൾ എല്ലാം ഉൾപ്പെടുത്തി ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കുകയുണ്ടായി. നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങാനും ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും ശ്രീ. ആർ. രാജേഷ് എം.എൽ.എ. നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 21/6/2016-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രവൃത്തി നടന്നുവരവെ മുനിസിപ്പാലിറ്റിയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് 01/7/2016 മുതൽ നിർമ്മാണ പ്രവർത്തനം നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടായി. പിന്നീട് പല തവണ പെർമിറ്റ് അനുവദിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി കത്ത് സമർപ്പിക്കുകയും ബഹു. മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ് അനുസരിച്ച് ആലപ്പുഴ ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടുകയും ചെയ്തെങ്കിലും മാവേലിക്കര മുനിസിപ്പാലിറ്റി നാളിതുവരെ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് അവിടെ ചെയ്ത പ്രവൃത്തികളുടെ കരാർ തുക നൽകി കരാറുകാരനെ ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ഉത്തരവാകുകയുണ്ടായി. മുനിസിപ്പാലിറ്റിയിൽനിന്ന് നിർമ്മാണാനുമതി ലഭിച്ചാൽ തന്നെ ഡിപ്പോ

കെട്ടിടത്തിന്റെ ബാക്കി ചെയ്യേണ്ട പ്രവൃത്തികൾക്ക് വേണ്ടി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി വാങ്ങി ടെണ്ടർ ക്ഷണിക്കേണ്ടതായിട്ടുണ്ട്.

വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നവീകരണം

256(1241) ശ്രീ. എം വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ സമഗ്രമായ നവീകരണത്തിന്റെ ഭാഗമായി ബഹുനിലമന്ദിരം, കാത്തിരിപ്പ് കേന്ദ്രം, വനിതകൾക്കുള്ള വിശ്രമ മുറി, ജലലഭ്യതയ്ക്ക് പുതിയ കിണർ, റാമ്പ് ഉൾപ്പെടെ ടാർ ചെയ്ത ബസ് പാർക്കിംഗ് സൗകര്യം എന്നിവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലത്തെ സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിൽനിന്നോ, KIIFB മുഖാന്തരമോ, എം.എൽ.എ. ഫണ്ടിൽനിന്നോ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതാണ്. വിഴിഞ്ഞത്ത് ആധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ

നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുന്നതാണ്.

കോഴിക്കോട് കെ.എസ്.ആർ.ടി.സി. കോംപ്ലക്സ്

257(1242) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് ആലിഫ് ബിൽഡേഴ്സിന് മുപ്പത് വർഷത്തേയ്ക്ക് ലീസിന് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. G.O. (MS) No. 8/2021/TRANS, 19/02/2021 എന്ന സർക്കാർ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് സർക്കാർ ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇതു സംബന്ധിച്ച KSRTC, KTDFC, ടെണ്ടറർ എന്നിവർ ചേർന്ന് കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് നിലനിൽക്കുന്ന പ്രദേശങ്ങളിൽ നൂറുമുതൽ നൂറ്റമ്പതു രൂപ വരെ സ്ക്വയർ ഫീറ്റിന് വാടക ലഭിക്കുമെന്നുള്ളപ്പോൾ ഇതിന്റെ പത്തിലൊന്ന് സ്ക്വയർ ഫീറ്റ് നിരക്കിന് കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് ലീസിന് നൽകാൻ തീരുമാനിച്ച സാഹചര്യം വിശദമാക്കാമോ;

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടം കെ.റ്റി.ഡി.എഫ്.സി. 2015 മുതൽ ലീസിന് കൊടുക്കുന്നതിലേയ്ക്കായി 4 പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 25.03.2015-ൽ ഒന്നാം ടെണ്ടറിൽ ഓഫർ തുക എഴുതാത്ത ടെണ്ടറാണ് ലഭിച്ചത്. അതിനാൽ രണ്ടാം ടെണ്ടർ 03/07/2015-ൽ വിളിച്ചു. രണ്ടാം ടെണ്ടറിലും ഓഫർ തുക എഴുതാത്ത ടെണ്ടർ ആണ് ലഭിച്ചത്. മൂന്നാം പ്രാവശ്യം 18/09/2015-ൽ ടെണ്ടർ വിളിച്ചു. പക്ഷേ മൂന്നാം ടെണ്ടർ ഓഫർ (തിരിച്ചടയ്ക്കേണ്ടാത്ത 50 കോടി രൂപയും മാസവാടകയായ 50 ലക്ഷം രൂപയും) അന്തിമമാകുന്നതിനുമുൻപ് നിയമ തടസ്സങ്ങളാൽ അത് ഉപേക്ഷിക്കുകയായിരുന്നു. നിയമതടസ്സം നീങ്ങാൻ കാലതാമസമുണ്ടായപ്പോൾ ഏറ്റവും അധികം ക്വാട്ട് ചെയ്ത ഓഫറർ സ്വയം പിന്മാറുകയായിരുന്നു. നിലവിലെ 4-ാം ടെണ്ടറിലെ ഇ-ടെണ്ടർ വിജ്ഞാപനം 2018 സെപ്റ്റംബർ 19-ൽ വിജ്ഞാപനം ചെയ്തതാണ്. 25 ലക്ഷം EMD

സമർപ്പിച്ചിട്ടുള്ളവരുടെ ക്വാട്ട് ചെയ്ത തുകകൾ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. ഇതിൽ ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത M/s. ആലിഫ് ബിൽഡേഴ്സിന് തിരിച്ചുനൽകേണ്ടാത്ത നിക്ഷേപ തുക 17 കോടി രൂപയും 43,20,000/- രൂപ പ്രതിമാസ വാടകയും 3 വർഷംതോറും സ്വയം 10% വർദ്ധിക്കുന്ന നിരക്കിലും നൽകാനാണ് സർക്കാർ ഉത്തരവായത്. ടി തുകയായ 43,20,000 രൂപ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)-ന്റെ പരിശോധനയ്ക്കും അഭിപ്രായത്തിനും വിധേയമായിട്ടാണ് നൽകിയത്. ലീസ് നൽകാൻ സർക്കാർ, മന്ത്രിസഭയുടെ തീരുമാനത്തോടെയാണ് നിശ്ചയിച്ചത്.

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി അഞ്ച് വർഷം കഴിഞ്ഞിട്ടും മാർക്കറ്റ് നിരക്കിൽ മറ്റാരും കെട്ടിടം വാടകയ്ക്കോ ലീസിനോ എടുക്കാത്തത് നിർമ്മാണത്തിലെ പിഴവ് കാരണമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കുമോ?

പ്രസ്തുത കെട്ടിടത്തിലെ നിർമ്മാണത്തിലെ പിഴവുകാരണമല്ല കെട്ടിടം വാടകയ്ക്കോ ലീസിനോ എടുക്കാത്തത്. 2015 മുതൽ പ്രസ്തുത കെട്ടിടത്തിന്റെ ലീസിനുവേണ്ടി ടെണ്ടർ ക്ഷണിക്കുന്നെങ്കിലും Competitive

Rate ലഭ്യമാകാത്തതു ലീസ് നിരക്കിനെയോ, കെട്ടിട സുരക്ഷയെയോ ബാധിക്കുന്നതല്ല. നിർമ്മാണത്തിൽ എന്തെങ്കിലും തകരാറുണ്ടോ എന്ന് പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ ചെന്നൈ IIT യിലെ വിദഗ്ദരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണത്തിൽ എന്തെങ്കിലും വൈകല്യം ഉണ്ടോ എന്നത് അന്വേഷിക്കാൻ KTDFC-യുടെ 165-മത് Board യോഗം വിജിലൻസ് വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത അന്വേഷണത്തിൽ വിജിലൻസ് വകുപ്പിന്റെ വിദഗ്ധ സമിതിയെ KTDFC യും സഹായിക്കുന്നു. ഇതുമായി ലീസ് നിരക്കിന് ബന്ധമൊന്നും ഉള്ളതായി കാണുന്നില്ല. മൂന്നാം ടെണ്ടറിലും നാലാം ടെണ്ടറിലും മത്സരസ്വഭാവമുള്ള നിരക്കുകൾ ലഭിച്ചു. ഈ തകരാറുകൾ പരിഹരിക്കുന്ന വിവരം ടെണ്ടറർമാർക്കറിവുള്ളതു തന്നെയാണ്.

ഹരിപ്പാട് ഡിപ്പോയിലെ ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി

258(1243) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഹരിപ്പാട് ഡിപ്പോയിൽനിന്നുള്ള എത്ര സർവ്വീസുകളാണ് വെട്ടിക്കുറച്ചതെന്ന് അറിയിക്കാമോ?

2021 മാർച്ച് വരെ പ്രതിദിനം ശരാശരി 30 സർവ്വീസുകൾ നടത്തിവന്നിരുന്നു. കോവിഡ് വ്യാപനത്തെ തുടർന്ന് നിയന്ത്രണങ്ങൾ ഉള്ളതിനാൽ നിലവിൽ 26 സർവ്വീസുകൾ നടത്തിവരുന്നു. ഇതിനായി 31 ബസുകൾ നിലവിലുണ്ട്.

(ബി) ഇവിടെ സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സുകളാണ് മറ്റ് ഡിപ്പോകളിലേയ്ക്ക് മാറ്റിയതെന്നും ഇതിന്റെ കാരണമെന്തെന്നും അറിയിക്കാമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കോർപ്പറേഷന്റെ ആകെയുള്ള 6185 ബസ്സുകൾ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ 3800 ബസ്സുകളും കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ബാക്കിയുള്ള ബസ്സുകൾ 18

സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. മേൽ പ്രതിപാദിച്ച ചെലവ് ചുരുക്കലിന്റെ ഭാഗമായി കാലപ്പഴക്കംചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ഉള്ളതുമായ 12 ബസ്സുകൾ ഹരിപ്പാട് യൂണിറ്റിൽ നിന്നും സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. ഹരിപ്പാട് ഡിപ്പോയിൽ സർവ്വീസിന് കൂടുതൽ ബസ്സുകൾ ആവശ്യമുള്ള സാഹചര്യം വരുമ്പോൾ ജില്ലാ പൂളിൽനിന്നും അനുവദിച്ച് നൽകുന്നതാണ്.

(സി) ഇതിന്റെ ഫലമായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ്-19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോവിഡ്-19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

തിരുവനന്തപുരം-മറയൂർ സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി

259(1244) ശ്രീ. എ. രാജ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മറയൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ;

(ബി) മറയൂരിൽനിന്നും കാന്തല്ലൂരിലേയ്ക്ക് പ്രസ്തുത സർവ്വീസ് നീട്ടുന്നതിനെ സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(സി) സർവ്വീസ് നടത്തുന്ന ജീവനക്കാർക്ക് മറയൂരിൽ താമസ സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം - മറയൂർ കെ.എസ്.ആർ.ടി.സി സർവ്വീസ് കാന്തല്ലൂർ വരെ ദീർഘിപ്പിച്ചുകൊണ്ട് 19.07.2021 മുതൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ജീവനക്കാർക്ക് കാന്തല്ലൂരിൽ താമസസൗകര്യം ലഭ്യമാണ്.

ഈരാറ്റുപേട്ട ഡിപ്പോയിൽനിന്നും പിൻവലിച്ച ബസ്സുകൾ തിരികെ എത്തിക്കാൻ നടപടി

260(1245) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ബസ്സുകളാണ് സർവീസ് നടത്തുന്നത്; വ്യക്തമാക്കാമോ;

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ 34 ബസ്സുകളാണ് സർവീസ് നടത്തുന്നത്.

(ബി) ഈരാറ്റുപേട്ട ഡിപ്പോയിൽനിന്നും ബസ്സുകൾ മറ്റു ഡിപ്പോകളിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കോർപ്പറേഷന്റെ ആകെയുള്ള 6185 ബസ്സുകൾ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ 3800 ബസ്സുകളും കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും, ബാക്കിയുള്ള ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുള്ളതുമാണ്. മേൽ പ്രതിപാദിച്ച ചെലവ് ചുരുക്കലിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ഉള്ളതുമായ 3 ബസ്സുകൾ ഈരാറ്റുപേട്ട യൂണിറ്റിൽനിന്നും സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുമുണ്ട്.

(സി) മറ്റു ഡിപ്പോകളിലേയ്ക്ക് ബസ്സുകൾ മാറ്റുന്നതുമൂലം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൊതുഗതാഗത സംവിധാനത്തെ ബാധിക്കുകയും യാത്രാക്ലേശം അതിരൂക്ഷമാവുകയും ചെയ്യുമെന്നതിനാൽ ബസ്സുകൾ പിൻവലിച്ച നടപടി മരവിപ്പിച്ച് ബസുകൾ തിരികെ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ബസ്സുകൾ കുറവ് വരുന്ന സാഹചര്യത്തിൽ ജില്ലാ പൂളിൽനിന്നും പകരം ബസ്സുകൾ നല്കുന്നതിന് പദ്ധതിയുണ്ട്. ആയതിനാൽ ബസ്സുകൾ ഇല്ലാതെ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കൂടുതൽ സർവ്വീസിന് കൂടുതൽ ബസ്സുകൾ നൽകേണ്ട സാഹചര്യം വരുമ്പോൾ ജില്ലാ പൂളിൽനിന്നും അനുവദിച്ചുനൽകുന്നതാണ്.

<u>വടക്കാഞ്ചേരി ബസ് സ്റ്റേഷൻ</u>

261(1246) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിൽ പുതുതായി കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്ന മുറയ്ക്ക് പരിഗണിക്കും.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ വാഴാനി ഡാം, പൂമല ഡാം, ചെപ്പാറക്കുന്നുകൾ, വിലങ്ങൻകുന്ന്, അടാട്ട് കോൾ നിലങ്ങൾ എന്നിവ ബന്ധപ്പെടുത്തി അതിരപ്പിള്ളി മാതൃകയിൽ ടൂറിസം ലക്ഷ്യമാക്കി കെ.എസ്.ആർ.ടി.സി. കണ്ടക്ടഡ് ടൂർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

സാദ്ധ്യതാ പഠനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

<u>ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി</u>

262(1247) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി ഉത്തരവുകളും/സർക്കുലറുകളും മുഖേന സർക്കാർ വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ

കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരമാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിന്റെ ശിപാർശ പ്രകാരം അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ അഴിമതി ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ആഭ്യന്തര വിജിലൻസ് വിഭാഗവും ഓഡിറ്റ് വിഭാഗവും അന്വേഷിച്ച് ചട്ടപ്രകാരം അച്ചടക്ക/ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് എത്ര ജീവനക്കാർക്കെതിരെയാണ് അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് 41 ജീവനക്കാർക്കെതിരെ അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പിറവം മണ്ഡലത്തിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

263(1248) ശ്രീ. അനൂപ് ജേക്കബ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ വാഹന രജിസ്ട്രേഷൻ നടത്തുന്നതിനായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

ഉണ്ട്. മൂവാറ്റുപുഴ ആർ.ടി. ഓഫീസിന്റെയും തൃപ്പൂണിത്തുറ സബ് ആർ.ടി. ഓഫീസിന്റെയും പെരുമ്പാവൂർ സബ് ആർ.ടി. ഓഫീസിന്റെയും പരിധിയിൽ വരുന്ന താലൂക്കുകളിലെ മനീട്, എഴക്കരനാട്, രാമമംഗലം, പാമ്പാക്കുട, കൂത്താട്ടുകുളം, പിറവം, ഐക്കരനാട്, മുളന്തുരുത്തി, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, വെളിയനാട്, പെപ്പതി, വെട്ടിക്കൽ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി പിറവം കേന്ദ്രമാക്കി സബ് ആർ.ടി. ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

(ബി) പിറവം കേന്ദ്രമാക്കി ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആംരഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മൂവാറ്റുപുഴ ആർ.ടി. ഓഫീസിന്റെയും തൃപ്പൂണിത്തുറ സബ് ആർ.ടി. ഓഫീസിന്റെയും പെരുമ്പാവൂർ സബ് ആർ.ടി. ഓഫീസിന്റെയും പരിധിയിൽ

വരുന്ന താലൂക്കുകളിലെ മനീട്, എഴക്കരനാട്, രാമമംഗലം, പാമ്പാക്കുട, കൂത്താട്ടുകുളം, പിറവം, ഐക്കരനാട്, മുളന്തുരുത്തി, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, വെളിയനാട്, പെപ്പതി, വെട്ടിക്കൽ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി പിറവം കേന്ദ്രമാക്കി സബ് ആർ.ടി ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

ഇ-ചെലാൻ സോഫ്റ്റ്വെയർ

264(1249) ശ്രീ .പി. കെ. ബഷീർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് എന്നുമുതലാണ് ഇ-ചെലാൻ സോഫ്റ്റ്വെയർ നടപ്പിലാക്കിയത്; ഈ പദ്ധതി ആരംഭിച്ച ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

10/06/2020 മുതലാണ് മോട്ടോർ വാഹന വകുപ്പിൽ ഇ-ചെലാൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് പരിശോധന ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതി ആരംഭിച്ചശേഷം 4,32,995 ചെലാനുകൾ എടുത്തിട്ടുണ്ട്. അതിൽ 51,156 കേസുകൾ വെർച്വൽ കോടതിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം പിഴ ഇനത്തിൽ എത്ര തുക ഈടാക്കി; കുടിശ്ശിക ആയ തുക എത്രയാണ്?

പിഴയിനത്തിൽ 2,75,22,75,16/- രൂപ ഈടക്കിയിട്ടുണ്ട്. പിഴയിനത്തിൽ കുടിശ്ശികയായി 52,30,85,469/- രൂപ ലഭിക്കാനുണ്ട്.

(സി) മോട്ടോർ വാഹന വകുപ്പിൽ ഓൺലൈൻ രജിസ്ട്രേഷൻ സോഫ്റ്റ്വെയറിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സോഫ്റ്റ്വെയർ, എന്നത് രാജ്യമൊട്ടാകെ നടപ്പിൽ വരുത്തിയിട്ടുള്ള പരിവാഹൻ (വാഹൻ, സാരഥി) ആണ്. ഇത് ഡൽഹി നാഷണൽ ഇൻഫൊമാറ്റിക്സ് സെന്റർ വികസിപ്പിച്ചിട്ടുള്ള അതിബൃഹത്തായ ഒരു സോഫ്റ്റ്വെയർ സംവിധാനമാണ്. വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിയമങ്ങൾ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു. പുതിയ നിയമങ്ങൾക്കനുസൃതമായി സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തുമ്പോൾ അപാകതകൾ കടന്നുകൂടുന്നുണ്ട്. ഇങ്ങനെയുള്ള അപാകതകൾ ശ്രദ്ധയിൽപെടുമ്പോൾ സോഫ്റ്റ് വെയർ നിർമ്മാണ ഏജൻസിയായ ഡൽഹി നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററിനെ അറിയിക്കുകയും പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

(ഡി) വാഹന ഡീലർമാർക്ക് സർക്കാരിലേയ്ക്ക് നൽകേണ്ടതായ ഫീസ്, ടാക്സ് എന്നിവ നൽകാതെ രജിസ്ട്രേഷൻ നടപടി നടത്താൻ ഈ സോഫ്റ്റ്വെയറിൽ വ്യവസ്ഥയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഫീസ്, ടാക്സ് എന്നിവ അടച്ചാൽ മാത്രമേ ഈ സോഫ്റ്റ് വെയറിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. ഡീലർമാർ ഓണർ കാറ്റഗറി, ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് എന്ന് സെലക്ട് ചെയ്താൽ ടാക്സ് ഒഴിവാക്കി സ്വകാര്യ കാറുകൾ തുടങ്ങിയവ രജിസ്ട്രേഷന് അപേക്ഷ നൽകാവുന്നതാണ്. കൂടാതെ ചരക്കുവാഹനങ്ങളിൽ ടിപ്പർ ഇനത്തിൽ പ്പെട്ടവയ്ക്ക് സാധാരണ ചരക്ക് വാഹനങ്ങളുടെ പെർമിറ്റ് കാറ്റഗറിയിൽ പ്പെടുത്തിയാൽ കുറവ് ടാക്സ് നിരക്കേ ഉണ്ടാവുകയുള്ളൂ.

(ഇ) ട്രാൻസ്പോർട്ട് വാഹനങ്ങൾ നേരിട്ട് പരിശോധിക്കാതെ ഫിറ്റ്നസ് നൽകാൻ വ്യവസ്ഥ ഇല്ലാതിരിക്കെ പുതിയ വാഹനങ്ങൾക്ക് ഓൺലൈനായി ഫിറ്റ്നസ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ?

മോട്ടോർ വാഹന ചട്ടം 1988-ലെ സെക്ഷൻ 56-ൽ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്

ആവശ്യമാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം 1989-ലെ റൂൾ 62-ലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ കാലാവധിയും നടപടിക്രമങ്ങളും വിശദീകരിച്ചിരിക്കുന്നത്. നിയമം 62-ലെ സബ് റൂൾ - 1, പ്രൊവിഷൻ -1 ചുവടെ ചേർക്കുന്നു. " Provided that the renewal of a fitness certificate shall be made only after an inspecting officer or authorized testing stations as referred to in sub-section(1) of section 56 of the Act has carried the tests specified in the Table given below, namely:-----(Table)" ഇതിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കാൻ വാഹന പരിശോധന നിർബന്ധമാണെന്ന് പ്രതിപാദിക്കുന്നു. എന്നാൽ ഒരു വാഹനത്തിന് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന നിർബന്ധമാണെന്ന് നിഷ്കർഷിക്കുന്നില്ല. ഇതേ സബ് റൂളിലെ പ്രൊവിഷൻ - 4 ചുവടെ ചേർക്കുന്നു. " Provided further that no fitness certification shall be required at the time of registration for new transport vehicle sold as fully built vehicle and such vehicle shall be deemed to be having certificate of fitness for a period of two years from the date of registration" ഇതിൻ പ്രകാരം പൂർണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടി വില്പന നടത്തുന്ന വാഹനങ്ങൾക്ക്

പ്രത്യേകമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് രണ്ടു വർഷം കാലാവധിയുള്ളതായി കണക്കാക്കണമെന്നും നിഷ്കർഷിക്കുന്നു. മേൽ വിവരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽനിന്നും പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന ആവശ്യമില്ല എന്നുള്ളത് നിയമാനുസൃതമാണ്. ക്യാബിൻ - ഷാസി മാത്രമായി വാങ്ങി ബോഡി ലോക്കൽ ആയി നിർമ്മിക്കപ്പെടുന്ന വാഹനങ്ങൾക്ക് നിലവിൽ വാഹന പരിശോധനയ്ക്കുശേഷം മാത്രമാണ് രജിസ്ട്രേഷനും ഒപ്പം ഫിറ്റ്നസ്സും നൽകുന്നത്.

ആലത്തൂരിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം

265(1250) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ആലത്തൂരിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

266(1251) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്?

11 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ?

26.02.2021-ലെ ജോയിന്റ് ആർ.ടി.ഒ. പ്രൊമോഷൻ വഴി 1 ഒഴിവും 21.04.2021-ലെ ജോയിന്റ് ആർ.ടി.ഒ. പ്രൊമോഷൻ വഴി 3 ഒഴിവുകളും 31.05.2021-ൽ 7 എം.വി.ഐ.-മാർ വിരമിച്ചത് വഴി 7 ഒഴിവുകളും.

(സി) വകുപ്പിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചു വരുന്നു.

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം

267(1252) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ?

7 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 6 ഒഴിവുകൾ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു ഒഴിവ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും തസ്തികമാറ്റം മുഖേന നിയമനം നടത്തുവാനായി നീക്കി വച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഈ തസ്തികയുടെ യോഗ്യതയിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(സി) കേരളാ ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ല. തസ്തികയുടെ യോഗ്യതയിൽ കേന്ദ്രസർക്കാർ S.O. 1215(E) dated 08.03.2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത

നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ AMVI-മാരുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഹെവി ഡ്രൈവിംഗ് ലൈസൻസും ഈ തസ്തികയ്ക്ക് ആവശ്യമില്ല എന്ന ഭേദഗതി സംസ്ഥാനത്തിന് നിയമപരമായി പാലിക്കേണ്ടതുണ്ടോ എന്നും ഇപ്രകാരം ഭേദഗതി വരുത്തിയാൽ സംഭവിക്കുന്ന ഗുണ-ദോഷവശങ്ങളും ആലോചിക്കേണ്ടതും ജനങ്ങളുടെ സുരക്ഷയും മുന്നിൽക്കണ്ട് മാത്രമേ തുടർ നടപടികളുമായി മുന്നോട് പോകാൻ കഴിയൂ.

നാദാപുരം സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസ്

268(1253) ശ്രീ. ഇ. കെ വിജയൻ :താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

വടകര റീജണൽ ട്രാൻസ്പോർട്ട് ഓഫീസിൻ കീഴിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന മലയോര മേഖലയായ നാദാപുരം കേന്ദ്രീകരിച്ച് സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുവാൻ

കഴിയുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ നാദാപുരത്തിന്റെ സാദ്ധ്യത കൂടി പരിശോധിക്കുന്നതാണ്.

മഞ്ചേശ്വരം ആർ.ടി. ഓഫീസ്

269(1254) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) 2013-ൽ രൂപീകൃതമായ മഞ്ചേശ്വരം താലൂക്കിൽ ആർ.ടി. ഓഫീസ് തുടങ്ങുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

&

(ബി) മഞ്ചേശ്വരം ആർ.ടി. ഓഫീസിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാനാകുമോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ ആർ.ടി. ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ മഞ്ചേശ്വരത്തിന്റെ കാര്യംകൂടി പരിഗണനയ്ക്കെടുക്കുന്നതാണ്.

കുന്നംകുളത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

270(1255) ശ്രീ എ. സി. മൊയ്തീൻ:താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

പുതിയതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. അത്തരം സാഹചര്യം സംജാതമാവുമ്പോൾ കുന്നംകുളത്തിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

ഇലക്ട്രിക് വാഹനങ്ങൾ

271(1256) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ ഉണ്ടാക്കുന്ന അന്തരീക്ഷ മലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ലഘൂകരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഇനം തിരിച്ച് അറിയിക്കാമോ?

ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ പരമാവധി നിയന്ത്രിക്കുന്നതിന് അവയുടെ സ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇലക്ട്രിക് വാഹന നയം രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായ ഡീസൽ ഓട്ടോറിക്ഷകൾ 01/06/2021 മുതൽ ഇലക്ട്രിക്, സി.എൻ.ജി., എൽ.എൻ.ജി. മുതലായ ഇതര ഇന്ധന സംവിധാനത്തിലേയ്ക്ക് മാറിയാൽ മാത്രമേ തുടർന്നുള്ള കാലാവധിയിലേയ്ക്ക് ഫിറ്റ്നസ് മുതലായ രേഖകൾ പുതുക്കി നൽകുകയുള്ളൂ. സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യ 5 വർഷത്തെ ഒറ്റത്തവണ നികുതിയിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് അവരുടെ വരുമാന പരിധി 3,00,000/- രൂപയിൽ താഴെയാണെങ്കിൽ പരമാവധി 30,000/- രൂപ വരെ സബ്സിഡിയായി നൽകിവരുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി. 8 ഇലക്ട്രിക് വെറ്റ് ലീസ് ബസ്സുകൾ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു.

കൂടാതെ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി. ബസ്സുകളായി പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിന് വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി. ബസ് വാങ്ങുകയും 23.03.2018 മുതൽ കെ.എസ്.ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും നിലവിൽ പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തി പ്രവർത്തന മികവ് വിലയിരുത്തി വരികയുമാണ്. കൂടാതെ M/s Petronet LNG-യുടെ ഉടമസ്ഥതയിലുള്ള 2 എൽ.എൻ.ജി. ബസ്സുകൾ ലഭ്യമാക്കി 21.6.2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങളും വിശകലനം ചെയ്തു വരുകയാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായി ദർഘാസ് ക്ഷണിക്കുകയും ആയതിനോടനുബന്ധിച്ചുള്ള തുടർനടപടിയായി proof of concept നടന്നു വരികയുമാണ്. കൂടാതെ നിലവിലുള്ള 3,000 ഡീസൽ ബസ്സുകൾ

സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് വാഹന നിർമ്മാതാക്കളിൽനിന്നും താത്പര്യപത്രം ക്ഷണിച്ചിരിക്കുകയാണ്.

(ബി) ഫോസിൽ ഇന്ധനങ്ങളുടെ വിലവർദ്ധനവ് കാരണം ബുദ്ധിമുട്ടിലായ ജനങ്ങൾക്ക് ഈ പദ്ധതികൾ എങ്ങനെ പ്രയോജനപ്പെടും എന്ന് വ്യക്തമാക്കാമോ?

വാഹന നികുതി, പെർമിറ്റ് മുതലായവ ഒഴിവാക്കുന്നതുമൂലം വാഹന ഉടമകൾക്ക് അധിക സാമ്പത്തിക ബാദ്ധ്യതയിൽനിന്നും ആശ്വാസം കിട്ടുന്നതാണ്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്ക് സബ്സിഡി നൽകുന്നതും ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനമാകും.

(സി) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാണോ; വിശദവിവരങ്ങൾ അറിയിക്കാമോ?

ഇലക്ട്രിക് ആട്ടോറിക്ഷകൾ വാങ്ങുന്നതിന് 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം ഇലക്ട്രിക് ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ സബ്സിഡി ലഭ്യമാണ്.

(ഡി) ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സംസ്ഥാനത്ത് നിലവിലുള്ള വാഹന ചാർജിംഗ് സ്റ്റേഷനുകളെക്കുറിച്ചും എത്ര ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നതിനെക്കുറിച്ചും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി ഇ-മൊബിലിറ്റി ഫണ്ടിൽനിന്നും 5 കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം 6 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും 26 കേന്ദ്രങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. കെ.എസ്.ആർ.ടി.സി. പരീക്ഷണാടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്ന ഇലക്ട്രിക് ബസ്സുകൾ ചാർജ്ജ് ചെയ്യുന്നതിനുവേണ്ടി റീജിയണൽ വർക്ക്ഷോപ്പ് ആലുവയിലും പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിലും തമ്പാനൂർ, ഹരിപ്പാട് എറണാകുളം എന്നീ സ്റ്റേഷനുകളിലും താൽകാലിക ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഫോസിൽ ഇന്ധങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളെ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

രജിസ്ട്രേഷൻ കാലാവധി 15 വർഷം കഴിഞ്ഞ ഡീസൽ ആട്ടോറിക്ഷകൾ 01.06.2021 മുതൽ ഇലക്ട്രിക്/സി.എൻ.ജി./എൽ.എൻ.ജി വിഭാഗത്തിലേയ്ക്ക് മാറ്റിയാൽ മാത്രമേ നിരത്തിൽ ഓടിക്കാൻ പെർമിറ്റ് അനുവദിക്കുകയുള്ളൂ. (റൂൾ 292 എ, 1989 ലെ കേരള മോട്ടോർ വെഹിക്കിൾ റൂൾസ് ജി.ഒ.പി.നം.59/2020/ട്രാൻസ്, 05/11/2020, ജി.ഒ.പി.15/2021/ ട്രാൻസ്, 24/05/2021).

(എഫ്) സർക്കാർ വകുപ്പുകളിലേയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സ.ഉ.(സാധാ)നം.206/2020/ട്രാൻസ്, 16.06.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിലേയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്ക് എടുക്കുകയുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 14 ജില്ലകളിലേയ്ക്കുമുള്ള റോഡ് സുരക്ഷാ പ്രവർത്തനങ്ങളിലേയ്ക്കായി റോഡ് സുരക്ഷാ ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ 65 Tata Nexon ഇലക്ട്രിക് വാഹനങ്ങളും ഒരു Hyundai Kona വാഹനവും

ANERT – ൽ നിന്നും മാസവാടക കരാറിൽ 8 വർഷത്തേയ്ക്ക് എടുക്കുകയുണ്ടായി. കൂടാതെ 5 Tata Nexon ഇലക്ട്രിക് വാഹനങ്ങൾ കൂടി സേഫ് കേരള പ്രോജക്ട് മുഖേന വാങ്ങാനായി റോഡ് സേഫ്റ്റി മീറ്റിംഗിലെ തീരുമാന പ്രകാരം ANERT-ഉം ആയുള്ള ഉടമ്പടി പ്രകാരം മോട്ടോർ വാഹന വകുപ്പിലേയ്ക്ക് വാടകയ്ക്ക് എടുക്കുകയും ചെയ്തിട്ടുണ്ട്.

(ജി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇലക്ട്രിക് ബസ്സുകളാക്കി മാറ്റാനുള്ള പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

നിലവിലെ ഡീസൽ ബസ്സുകൾ ഇലക്ട്രിക് ബസ് ആയി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാ പഠനം ശ്രീചിത്തിര തിരുന്നാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് എന്നിവയുമായി ചേർന്ന് പരിശോധിച്ചുവരുന്നു. 8 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. കിഫ്ബി ലോൺ ഉപയോഗിച്ച് 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ പ്രകാരമുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>സി.എൻ.ജി. വാഹനങ്ങളുടെ ഉപയോഗം</u>

272(1257) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് പകരം വൈദ്യുതി, സി.എൻ.ജി. എന്നിവ ഉപയോഗിച്ചുള്ള വാഹനങ്ങളിലേയ്ക്ക് മാറുന്നതുമൂലം ഉണ്ടാകുന്ന സാമ്പത്തിക ലാഭവും മറ്റ് പ്രയോജനങ്ങളും എന്തൊക്കെയാണെന്ന് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ?

പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് പകരം വൈദ്യുതി, സി.എൻ.ജി. എന്നിവ ഉപയോഗിച്ചുള്ള വാഹനങ്ങളിലേയ്ക്ക് മാറുന്നതുമൂലം വാഹനങ്ങളിൽ നിന്നുള്ള പുക മലിനീകരണം ഗണ്യമായി കുറയ്ക്കാൻ കഴിയും. പെട്രോൾ, ഡീസൽ എന്നിവയുടെ നിലവിലുള്ള വില വർദ്ധനവ് പരിഗണിച്ചാൽ വൈദ്യുതി, സി.എൻ.ജി. എന്നിവ താരതമ്യേന ചെലവുകുറഞ്ഞ ഇന്ധനങ്ങളാണ്. ഇവയുടെ ഉപയോഗംമൂലം പൊതുഗതാഗതത്തിനും വാണിജ്യാടിസ്ഥാനത്തിലുള്ള ചരക്കുനീക്കത്തിനുമുള്ള ഇന്ധന ചെലവ് ആനുപാതികമായി കുറവുവരുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പെട്രോൾ, ഡീസൽ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി, സി.എൻ.ജി. വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഇലക്ട്രിക് വാഹന നയം അനുസരിച്ച് ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള വാഹനങ്ങൾക്ക് പകരം വൈദ്യുതി/ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. അതിനായി ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി എന്നിവയിൽ ഇളവ് ഏർപ്പെടുത്തിയിട്ടുണ്ട്. 01/04/2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. (GO(P)No.21/2020/Trans, 22/04/2020 (SRO No.284/2020)). 01/04/2021 മുതൽ രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ തുകയുടെ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. (GO(P)No.12/2021/Trans, 23/02/2021 (SRO No.231/2021)) കൂടാതെ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 30,000/- രൂപ വരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

<u>ലോക്ക്ഡൗൺ</u>

273 (1258) <u>ശ്രീ. എൻ. ഷംസുദീൻ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ മൂലം സർവ്വീസ് നിർത്തിവെച്ച കോൺട്രാക്ട് കാര്യേജ് വിഭാഗത്തിൽപ്പെട്ട സ്വകാര്യ ടൂറിസ്റ്റ് ബസ്സുടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30.09.2021 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ലോക്ക്ഡൗൺ മൂലം സർവ്വീസ് നിർത്തിവെച്ച കോൺട്രാക്ട് കാര്യേജ് വിഭാഗത്തിൽപ്പെട്ട സ്വകാര്യ/ടൂറിസ്റ്റ് ബസ്സുടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ബസ്സുടമകളുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചുനൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ സ്റ്റേജ് കാര്യേജ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5,000/- രൂപ വീതവും ഗ്രഡ്സ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 3,500/- രൂപയും ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2,500/- രൂപ വീതവും ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2,000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്കും 1,000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/- രൂപ (നാല്പത് കോടി മുപ്പത്തിഏഴു ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ മേൽ വിഭാഗത്തിലെ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1,000/- രൂപ വീതം അനുവദിച്ചു നൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമ-തൊഴിലാളി അംശാദായമായ ഏകദേശം 200 കോടി

രൂപ സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021 ൽ കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1,000/- രൂപ വീതം അടിയന്തര ധനസഹായമായി നാളിതുവരെ 141,029 തൊഴിലാളികൾക്ക് 14,10,29,000/-രൂപ (പതിനാലു കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം) ബോർഡിന്റെ തനതു ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള ഉടമ-തൊഴിലാളി അംശദായം ഒഴിവാക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. നികുതി ഒഴിവാക്കുന്നതടക്കമുള്ള കൂടുതൽ ആനുകൂല്യങ്ങൾ പരിഗണനയിലാണ്.

നികുതി ഇനത്തിലെ നഷ്ടം

274 (1259) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, ബാങ്കുകൾ എന്നിവ വ്യാപകമായി കരാർ അടിസ്ഥാനത്തിൽ സ്വകാര്യ വാഹനങ്ങളെ ടാക്സിയായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം നികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്നുണ്ടോ;

&

(സി) ഇപ്രകാരം നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

സർക്കാർ ഉത്തരവ് (അ)നം.66/2018/ധന, 17/04/2018 പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ഉപയോഗത്തിനായി 3-5 വർഷ കാലയളവിലേയ്ക്ക് പുതിയ വാഹനം ലീസിന് എടുക്കാൻ അനുമതിയുണ്ട്. ധനകാര്യ വകുപ്പിന്റെ സർക്കുലർ 85/2018/ഫിൻ, തീയതി 15.09.2018 പ്രകാരം ലീസിന് എടുക്കുന്ന വാഹനങ്ങൾ വാണിജ്യ വാഹനങ്ങൾ ആയിരിക്കണം എന്ന് നിലവിൽ നിബന്ധനയില്ല. ആയതിനാൽ സ്വകാര്യ വാഹനങ്ങളും ഇത്തരത്തിൽ ലീസിന് എടുത്ത്

ഉപയോഗിക്കാൻ കഴിയുന്നതാണ്. പ്രസ്തുത നിബന്ധന മാറ്റുന്ന കാര്യം പരിശോധിച്ചുവരികയാണ്. എല്ലാത്തരം നോൺ ട്രാൻസ്പോർട്ട് (സ്വകാര്യ) വാഹനങ്ങളുടെയും 15 വർഷത്തെ നികുതി ഒറ്റത്തവണയായി ഈടാക്കുന്നതിനാൽ ഇതുമൂലം നികുതിനഷ്ടം ഉണ്ടാകുന്നില്ല.

സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ്

275(1260) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി സാധാരണ യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന രണ്ട് ഡെക്കുകൾ ഉള്ള സീ-അഷ്ടമുടി പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ

നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി ബോട്ടുകളുടെ 6 നിർമ്മാണ ഘട്ടങ്ങളിൽ 5-ാം ഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം മേഖലയിൽ ടി ബോട്ട് എത്തിച്ചതിനുശേഷമുള്ള ഇന്റീരിയർ വർക്കുകളാണ് ഇനി ചെയ്യാനുള്ളത്. ആയതുകൂടി പൂർത്തീകരിച്ച് കാലതാമസം കൂടാതെ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലഗതാഗത വകുപ്പിലെ വിശേഷാൽ ചട്ടം

276(1261) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് ആൻഡ് ഡോക്ക് റിപ്പയർ വിഭാഗം ജീവനക്കാരുടെ വിശേഷാൽ ചട്ടം [ജി.ഒ (പി) നം. 2925/01/2004/ട്രാൻസ് തീയതി 15/07/2007] ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യു, 18/8/1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യു.ആന്റ്.റ്റി., 29/12/1988 എന്നിവയാണ്. ആയത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ മറികടന്നുകൊണ്ട് സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിരുന്നു. ടി കരട് ചട്ടങ്ങളിന്മേൽ കമ്മീഷൻ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിശദാംശം ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ

277(1262) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി അനുവദിച്ച

അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം

278(1263) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൂർത്തീകരിച്ചിട്ടുണ്ട്. 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി തയ്യാറാക്കുമോ?

സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പദ്ധതിക്ക് സ്ഥലം ലഭ്യമല്ലാത്തിടങ്ങളിൽ സ്ഥലം വാങ്ങി സൗകര്യം ഒരുക്കാൻ കഴിയുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കും.

വിദ്യാർത്ഥികൾക്ക് കായിക വിനോദങ്ങൾ

279(1264) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ പ്രൈമറി തലംമുതൽ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് പരിശീലന സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വിദ്യാർത്ഥികളെ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിനുമായി സ്കൂളുകൾ കേന്ദ്രീകരിച്ച് ആവിഷ്കരിച്ചു വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിക്കോഫ് ഫുട്ബോൾ

ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ്

കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്.

ഹൂപ്പ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്ക്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പിന്റ്

ലോക നിലവാരത്തിലെത്താൻ സാദ്ധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തക്കളാണ്.

സ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ജൂഡോക്ക

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പഞ്ച്

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളിൽ

നിന്ന് ബോക്സിംഗ് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടാൻ പ്രാപ്തരാക്കാനും പദ്ധതി സഹായകരമാകും.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിവിധ ജില്ലകളിലായി അത്ലറ്റിക്സ്, ഫുട്ബോൾ, വോളീബോൾ, ബാസ്ക്കറ്റ്ബോൾ, സ്വിമ്മിംഗ്, ബോക്സിംഗ്, ജൂഡോ, ഫെൻസിങ്, ആർച്ചറി, റസ്ലിങ്, തായ്ക്വോണ്ടോ, സൈക്ലിംഗ്, നെറ്റ്ബാൾ, ഹോക്കി, കബഡി, ഹാന്റ് ബോൾ, ഖോ ഖോ കനോയിംഗ് & കയാക്കിംഗ്, റോവിങ് എന്നീ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ജില്ലാ സ്പോർട്സ് അക്കാഡമികളിൽ നിലവിൽ 241 കായികതാരങ്ങളും സ്കൂൾ സ്പോർട്സ് അക്കാഡമികളിൽ 297

കായികതാരങ്ങളും പരിശീലനം നേടി വരികയാണ്. വിവിധ ജില്ലകളിലായി 61 ഡേ ബോർഡിംഗ് സെന്ററുകളിൽ ഒരു ദിവസം ഒരു കുട്ടിക്ക് 25 രൂപ വീതം ആഴ്ചയിൽ 5 ദിവസം ലഘുഭക്ഷണം നൽകി വരുന്നുണ്ട്.

(ബി) സ്കൂളുകളിലെ മൈതാനങ്ങൾ നവീകരിക്കുന്നതിന് കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ മൈതാനങ്ങളുടെ നവീകരണത്തിന് കായിക വികസന നിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. 2018-19 സാമ്പത്തിക വർഷം 13 സ്ഥാപനങ്ങൾക്കായി 80,50,000/-രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 4 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 50,00,000/-രൂപയും സ്കൂൾ മൈതാനത്തിന്റെ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലെ മൈതാനങ്ങൾ നവീകരിക്കുന്നതിന് കായിക വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കായിക വകുപ്പ് വിശദമായ പരിശോധനകൾക്കുശേഷം നടപടികൾ സ്വീകരിക്കാറുണ്ട്. കൊട്ടാരക്കര സ്കൂൾ ഗ്രൗണ്ട്, തൃശ്ശൂർ വേലൂർ സ്കൂൾ ഗ്രൗണ്ട്, തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ്., പാലക്കാട് കോട്ടായി ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട്, ആലപ്പുഴ തിരുവൻവണ്ടൂർ ജി.എച്ച്.എസ്.എസ്, കണ്ണൂർ

ജി.വി.എച്ച്.എസ്.എസ് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കായിക വകുപ്പിന് കൈമാറി ലഭിച്ച ജി.വി. രാജ സ്പോർട്സ് സ്കൂളിന്റെ കായിക വികസന പദ്ധതികളും നടത്തിവരുന്നുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം

280(1265) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ നിർവഹണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത

സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പണി പൂർത്തീകരിച്ചു. 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തു ടനീളമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളു ടെയും കൈവശമുള്ള കളിസ്ഥലത്തിനായി ലഭ്യമായ സ്ഥലം സംബന്ധിച്ച വിവരശേഖരണം നടത്തി വരുന്നു.

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ എസ്.പി.വി. കൺസൾട്ടന്റായ കിറ്റ്കോ മുഖാന്തിരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ പ്രവൃത്തികൾക്കുള്ള മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പഞ്ചായത്ത് സ്റ്റേഡിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കായിക രംഗത്തെ യശസ്സ് നിലനിർത്തുന്നതിന് നടപടികൾ

281(1266) പ്രൊഫ. ആബിദ് ഹുസൈൻതങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കായിക രംഗത്തുണ്ടായിരുന്ന യശസ്സ് നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്?

സംസ്ഥാനത്ത് കായിക രംഗത്തുണ്ടായിരുന്ന യശസ്സ് നിലനിർത്തുന്നതിനും ലോകോത്തര നിലവാരത്തിലുള്ള മികച്ച കായിക

താരങ്ങളെ വാർത്തെടുക്കാനും കായികതാരങ്ങളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിലേയ്ക്കുമായി സംസ്ഥാനത്തൊട്ടയാകെയുള്ള കായിക താരങ്ങളെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നീ സ്കീമുകൾ വഴി 8-ാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായിക താരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും നൽകി വരുന്നു. കൂടാതെ പ്രഗത്ഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകിവരുന്നു. ദേശീയ അന്തർദേശീയ കായികരംഗത്ത് മികവ് പുലർത്തുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിനും തുടർ പരിശീലനത്തിനുമുള്ള സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു. കായിക രംഗത്ത് മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുന്ന ഓരോ പുരുഷ, വനിതാ കായികതാരത്തിനും എല്ലാ വർഷവും ജി.വി.രാജ സ്പോർട്സ് അവാർഡ് നൽകി ആദരിച്ചുവരുന്നതോടൊപ്പം എ.പി.ജെ.അബ്ദുൽകലാം സ്കോളർഷിപ്പ് വഴി തെരഞ്ഞെടുക്കപ്പെടുന്ന മികവുറ്റ കായിക താരങ്ങൾക്ക് പ്രതിമാസം

10,000/-രൂപ വീതം സ്കോളർഷിപ്പും നൽകിവരുന്നുണ്ട്. കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശിയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കിവരുന്നു. അടിസ്ഥാന കായിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ പ്ലാൻ, നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിവിധ സ്ഥലങ്ങളിലായി 9 കായിക അടിസ്ഥാന സൗകര്യ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

(ബി) കായിക പ്രതിഭകളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(സി) എല്ലാ ജില്ലയിലും ഇതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കായിക താരങ്ങൾക്കുള്ള പരിശീലന കേന്ദ്രം

282(1267) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക രംഗത്ത് മികച്ച അത്ലറ്റുകളെ പ്രത്യേകിച്ചും വനിതാ താരങ്ങളെ സംഭാവന ചെയ്ത സംസ്ഥാനം പുതിയ താരങ്ങളെ സൃഷ്ടിക്കുന്നതിൽ പിന്നോക്കം പോകുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കായിക വകുപ്പ് താരങ്ങളെ വാർത്തെടുക്കുന്നതിന് പകരം ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റിൽമാത്രം ഒതുങ്ങിപ്പോകുന്നുവെന്ന അഭിപ്രായമുണ്ടോ?

ഇല്ല.

(സി) മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് മികച്ച പരിശീലനം നൽകുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ കായികമേഖലയുടെ പുരോഗമനത്തിനും കായികതാരങ്ങളെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിക്കോഫ്

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു

വേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്.

ഹൂപ്പ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്ക്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ്

ലോക നിലവാരത്തിലെത്താൻ സാദ്ധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ

വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

സ്പാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ 18 വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ്

പരിശീലനം നൽകുന്നത്. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ കുന്നംകുളത്ത് തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെത്തട്ടിലുള്ള വിദ്യാർത്ഥികൾക്ക് ചിട്ടയായ രീതിയിൽ ശാസ്ത്രീയമായ കായികപരിശീലനം നൽകുക എന്നതാണ് ഉദ്ദേശം. ഏഴ്, എട്ട് ക്ലാസ്സുകളിൽ 30 കുട്ടികൾ വീതം ഉൾപ്പെടുത്തി ഡിവിഷൻ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

കേരള ഷൂട്ടിംഗ് അക്കാഡമി

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3 ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു.

സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്ന പദ്ധതിയാണിത്. ആരംഭത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ

എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നടത്തുന്നത്. പ്രസ്തുത അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ജൂഡോക്ക

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പഞ്ച്

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗ് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച്

ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടാൻ പ്രാപ്തരാക്കാനും പദ്ധതി സഹായകരമാകും.

സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റഡൻസ്

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20 ൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിട്ടുണ്ട്.

ബയോപ്സി ടെസ്റ്റ്

ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കായിക അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

കായികയുവജനകാര്യാലയവും വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കായിക പരിശീലകർക്ക് മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 20 പരിശീലകർക്ക് വിക്ടോറിയ യൂണിവേഴ്സിറ്റിയിൽനിന്നും ഓൺലൈൻ പ്ലാറ്റ്ഫോം വഴി ട്രെയിനിംഗ് നൽകിവരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന് കൈമാറി. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും

സൗകര്യങ്ങളും നടന്നുവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം നൽകിവരികയും ചെയ്തു. തുടർന്ന് 9 കായികയിനങ്ങളിൽനിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ

ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ്. മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്. 2020-24 ൽ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പ്രമുഖ കായിക പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ നിലവിൽ ബോക്സിംഗ് കായികയിനം തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം നൽകിവരുന്നു. ഓരോ കായികയിനത്തിലും 15 കായികതാരങ്ങൾ വീതമാണ് പരിശീലനം നടത്തി വരുന്നത്. ഓരോ വർഷത്തിലും പ്രകടന മികവ് വിലയിരുത്തി വീഡ് ഔട്ട് നടത്തിവരുന്നുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ പരിശീലനം നേടി വരുന്ന കായികതാരങ്ങൾ 2018 മുതൽ വിവിധ കായികമത്സരങ്ങളിൽ സ്വർണ്ണം-20, വെള്ളി-13, വെങ്കലം-14 എന്നിങ്ങനെ മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

<u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ

എലൈറ്റ് ടെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

(ഡി) മികച്ച താരങ്ങളെ സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി വനിതകൾക്ക് മാത്രമായി അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സ്പോർട്സ് പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

കായികയുവജനകാര്യാലയത്തിന്റെ കീഴിലുള്ള കണ്ണൂർ സ്പോർട്സ് ഡിവിഷൻ വനിതകൾക്ക് മാത്രമായി കായിക പരിശീലനം നൽകിവരുന്ന സ്ഥാപനമാണ്. നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന "സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമിയുടെ" വനിതകൾക്കായുള്ള വിംഗ് കണ്ണൂർ

സ്പോർട്സ് ഡിവിഷനിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കായിക താരങ്ങളായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

283(1268) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സർവ്വകലാശാല തലത്തിൽ കായിക താരങ്ങളായ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രേസ് മാർക്ക് മത്സരങ്ങൾ നടക്കാത്തതുമൂലം ലഭിക്കാത്തതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

&

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് തുടർന്നുള്ള പഠനത്തിൽ സ്പോർട്സ് ക്വോട്ട റിസർവ്വേഷൻ എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

കുന്നംകുളം സീനിയർ ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം

284(1269) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കുന്നംകുളം സീനിയർ ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

കുന്നംകുളം സീനിയർ ഗ്രൗണ്ടിൽ ഖേലോ ഇന്ത്യ സ്കീം പ്രകാരം സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ച് കരാർ നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് പ്രസ്തുത പദ്ധതി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ പരിപാലിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കായിക വകുപ്പ് പൂർത്തീകരിച്ച ഫുട്ബോൾ ടർഫിന്റെയും മൈതാനത്തിന്റെയും പരിപാലനം നിലവിൽ കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കിവരികയാണ്. പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച

ഇൻഡോർ സ്റ്റേഡിയത്തിന്റെ ബാക്കി പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

കുന്നംകുളം ഗവൺമെൻറ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേയ്ക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്. പുതിയ ഹോസ്റ്റൽ കെട്ടിടത്തിനായുള്ള ഡിസൈൻ പ്രവൃത്തികൾ, സ്പോർട്സ് ഡിവിഷനുകളിലെ കുട്ടികളുടെ ആവശ്യങ്ങൾക്കായുള്ള ഫർണിച്ചറുകൾ, സ്പോർട്സ് ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. പുതിയ അദ്ധ്യയന വർഷത്തിലെ സ്കൂൾ പ്രവേശത്തിനത്തിനുള്ള നടപടികളും പ്രസ്തുത ഡിവിഷനിലേയ്ക്ക് ആവശ്യമായ പരിശീലകരേയും മറ്റ് അനുബന്ധ ജീവനക്കാരേയും നിയമിക്കുന്നതിനും കുട്ടികൾക്ക് ആവശ്യമായ മെസ്സ് ആരംഭിക്കുന്നതിനും കുട്ടികൾക്കുള്ള

താത്ക്കാലിക താമസസൗകര്യങ്ങൾ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായിക രംഗത്തെ മേധാവിത്വം വീണ്ടെടുക്കാൻ പദ്ധതി

285(1270) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കായിക രംഗത്തുണ്ടായിരുന്ന മേധാവിത്വം വീണ്ടെടുക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ കായികമേഖലയുടെ പുരോഗമനത്തിനും കായികതാരങ്ങളെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായവരെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം

ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടത്തി വരുന്ന പദ്ധതി പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിൽ കൂടി വ്യാപിക്കുന്നതിനുള്ള നടപടി പൂർത്തികരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഹൂപ്സ്, ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്പിന്റ്, കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പ്ലേ ഫോർ ഹെൽത്ത്, ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്പ്ലാഷ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ഗവ.ഹയർ സെക്കന്ററി സ്കൂൾ-കുന്നംകുളത്ത് ഏഴ്, എട്ട് ക്ലാസ്സുകളിൽ 30 കുട്ടികളെ വീതം ഉൾപ്പെടുത്തി സ്പോർട്സ് ഡിവിഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നൽകുന്നത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്ക് ജൂഡോ പരിശീലനം നടക്കുന്നതിന് ജൂഡോക്ക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

പഞ്ച് - സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി പഞ്ച് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ

സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20 ൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിട്ടുണ്ട്.

ബയോപ്സി ടെസ്റ്റ് - ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കായിക അടിസ്ഥാന സൗകര്യങ്ങൾ - സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന്

കൈമാറിയിട്ടുണ്ട്. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും സൗകര്യങ്ങളും നൽകി വരുന്നു. കായികയുവജനകാര്യാലയവും വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കായിക പരിശീലകർക്ക് മാസ്റ്റർ ട്രെയിനേഴ്സ് ട്രെയനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം

നൽകി വരികയും ചെയ്യ. തുടർന്ന് 9 കായികയിനങ്ങളിൽനിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം - മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ്

സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഫുട്ബോൾ എന്ന കായികയിനത്തിൽ വനിതാ കായിക താരങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ ഒരു വനിതാ ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കോവിഡ് പ്രതിസന്ധിമൂലം പരിശീലനം നിലച്ചത് കായികതാരങ്ങളുടെ ഭാവി പ്രകടനത്തെ ബാധിക്കാതിരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്; വിശദമാക്കുമോ?

കായിക പരിശീലകരുടെ നേതൃത്വത്തിൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലെയും കുട്ടികൾക്കായി ഓൺലൈൻ പരിശീലനം നടത്തിവരുന്നു. വിപുലീകരിച്ച ഓൺലൈൻ ക്ലാസ്സുകൾ സി-ഡിറ്റുമായി ചേർന്ന് വിദഗ്ധരെ ഉൾപ്പെടുത്തി തയ്യാറാക്കി വരുന്നു. ലോക്ക്ഡൗൺമൂലം പരിശീലനം മുടങ്ങിയ സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങളുടെ ഫിറ്റ്നസ് നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടും കായിക താരങ്ങളുടെ മാനസികസമ്മർദ്ദം കുറയ്ക്കുന്നതിനും വീട്ടിലിരുന്നതന്നെ ചെയ്യാൻ കഴിയുന്ന ട്രെയിനിംഗ് പ്ലാനുകൾ കുട്ടികൾക്ക് ഓൺലൈൻ ആയി പഠിപ്പിക്കുന്നതിന് കൗൺസിലിലെ പരിശീലകരെ

നിയോഗിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് പരിശീലനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ അവരുടെ കായികക്ഷമതയും ആരോഗ്യവും നിലനിർത്തുന്നതിന്റെ ഭാഗമായി പോക്ഷകാഹരങ്ങൾ ഉൾപ്പെടുന്ന ഭക്ഷ്യകിറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണ്.

റാന്നിയിൽ സ്പോർട്സ് അമിനിറ്റീസ് സെന്റർ

286(1271) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) റാന്നിയിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര/ദേശീയ നിലവാരത്തിലുള്ള സ്പോർട്സ് അമിനിറ്റീസ് സെന്ററിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) മലയോര മേഖലയിലെ സ്കൂൾ വിദ്യാർത്ഥികളിൽനിന്ന് കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും വാർത്തെടുക്കുന്നതിനും ഒരു സ്പോർട്സ്

അമിനിറ്റീസ് സെന്റർ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

അടിസ്ഥാന കായിക വിദ്യാഭ്യാസം

287(1272) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അടിസ്ഥാന കായികവിദ്യാഭ്യാസ വികാസം, കായിക സാക്ഷരത എന്നിവ രൂപീകരിക്കുന്നതിലും നേടിയെടുക്കുന്നതിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി ആരംഭിച്ച കേരള സാക്ഷരതാ മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക

ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ" . ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരംതിരിക്കുന്നതാണ്. നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കോവിഡ് കാലഘട്ടത്തിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മാനസികാരോഗ്യം വർദ്ധിപ്പിക്കാൻ കായിക വകുപ്പ് ഏതെങ്കിലും പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഇതിനായി പരിപാടി തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

കോവിഡ് 19-നോടനുബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക് ഡൗൺ സമയത്ത് വീട്ടിലിരുന്നുതന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ചു നടപ്പിലാക്കി വരുന്നു. കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായികതാരങ്ങൾക്കും സർക്കാർ സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും ശാരീരികക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോക്ഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പയ്യനാട് സ്പോർട്സ് കോംപ്ലക്സിന്റെ പ്രവർത്തനം

288(1273) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സിൽ ഹോക്കി ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം,

സിന്തറ്റിക് ട്രാക്ക് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ മലപ്പുറം ജില്ലാ സ്റ്റേഡിയമായ മൊയ്ദീൻകുട്ടി ഇൻഡോർ സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഹോക്കി കോർട്ട്, സ്വിമ്മിംഗ് പൂൾ, കോംപ്ലക്സ്, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ എന്നീ കായിക സൗകര്യങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

289(1274) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ)കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സായ ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയം ചേവായൂർ കുഷ്ഠരോഗ ആശുപത്രി കോമ്പൗണ്ടിൽ കായിക വകുപ്പിന് കൈമാറി കിട്ടിയിട്ടുള്ളതുമായ 5 ഏക്കർ സ്ഥലത്താണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നടുവണ്ണൂർ വോളിബോൾ അക്കാദമി

290(1275) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുവരുന്ന നടുവണ്ണൂർ വോളീബോൾ അക്കാഡമിയുടെ സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ 85% പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ ഫയർ & സേഫ്റ്റി വർക്കുകളും പേവർ ബ്ലോക്ക് ഫ്ളോറിംഗുമാണ് ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ആഗസ്റ്റ് മാസം അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവൃത്തിയുടെ സ്പോർട്സ് ഫ്ളോറിംഗ്

പ്രവൃത്തികളായ മേപ്പിൾവുഡ് ഫ്ളോറിംഗും സിന്തറ്റിക് കോർട്ടും നിർമ്മിക്കുന്നതിന് വേണ്ട നാലാമത്തെ റീ-ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. മേപ്പിൾവുഡ് ഫ്ളോറിംഗ്, സിന്തറ്റിക് ഫ്ളോറിംഗ് എന്നീ പ്രവൃത്തികൾകൂടി പൂർത്തീകരിച്ചാൽ മാത്രമേ അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) അക്കാഡമിയിൽ കായിക താരങ്ങൾക്ക് പരിശീലനം ആരംഭിക്കുന്നതിനായി എന്തെല്ലാം അനുബന്ധ സൗകര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്; ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

വോളീബോൾ അക്കാഡമി യാഥാർത്ഥ്യമാക്കാനുള്ള തരത്തിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കായിക താരങ്ങൾക്ക് പരിശീലനത്തിനായി ഒരു മേപ്പിൾവുഡ് കോർട്ടും ഒരു സിന്തറ്റിക് കോർട്ടുമാണ് ഈ അക്കാഡമിയിൽ നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

<u>എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം പദ്ധതി</u>

291(1276) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ മാർഗ്ഗരേഖയും നടപടിക്രമങ്ങളും വിശദമാക്കാമോ?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും 8 സ്റ്റേഡിയങ്ങളുടെയും ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം എന്ന പദ്ധതി ആരംഭിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന കായിക ഇനത്തിന്റെ അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിലാണ് സ്ഥല

വിസ്തൃതി നിർണ്ണയിക്കുന്നത്. പ്രാദേശിക താൽപര്യവും അഭിരുചിയും കണക്കിലെടുത്ത് സ്റ്റേഡിയത്തിൽ ഉൾപ്പെടുത്തേണ്ട കായിക ഇനം തീരുമാനിക്കുന്നതാണ്.

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥയിലുള്ള കളിസ്ഥലങ്ങളുടെ നവീകരണവും വികസനവും ഈ പദ്ധതിയിലൂടെ സാദ്ധ്യമാക്കാൻ കഴിയുമോ; ചുരുങ്ങിയത് എത്ര വിസ്തീർണ്ണമുള്ള കളിസ്ഥലങ്ങളാണ് പദ്ധതിക്കായി തെരഞ്ഞെടുക്കാറുള്ളതെന്ന് അറിയിക്കാമോ;

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും 8 സ്റ്റേഡിയങ്ങളുടെയും ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിന് നടപടികൾ

ആരംഭിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം എന്ന പദ്ധതി ആരംഭിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന കായിക ഇനത്തിന്റെ അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിലാണ് സ്ഥല വിസ്തൃതി നിർണ്ണയിക്കുന്നത്. പ്രാദേശിക താൽപര്യവും അഭിരുചിയും കണക്കിലെടുത്ത് സ്റ്റേഡിയത്തിൽ ഉൾപ്പെടുത്തേണ്ട കായിക ഇനം തീരുമാനിക്കുന്നതാണ്.

(സി) എത്ര തുകയാണ് ഓരോ കളിക്കളങ്ങളുടെയും വികസനത്തിനായി അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായുള്ള പദ്ധതി ഏത് ഏജൻസി വഴിയാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

പദ്ധതി പ്രദേശത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കായിക ഇനത്തിന്റെയും പദ്ധതി പ്രദേശത്തിന്റെ സ്വഭാവത്തിന്റെയും വിവിധ ഘടകങ്ങളെയും ആശ്രയിച്ചായിരിക്കും തുക വകയിരുത്തുന്നത്. സർക്കാർ നിശ്ചയിക്കുന്ന ഏജൻസി മുഖേനയായിരിക്കും അപേക്ഷകൾ സ്വീകരിക്കുക.

<u>ഉപ്പള മണ്ണംങ്കുഴി സ്റ്റേഡിയം</u>

292(1277) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ആധുനിക രീതിയിലുള്ള കളിസ്ഥലങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) മംഗൽപാടി പഞ്ചായത്തിലെ ഉപ്പള മണ്ണംങ്കുഴി സ്റ്റേഡിയം ആധുനികരീതിയിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉണ്ട്. മംഗൽപാടി പഞ്ചായത്തിലെ ഉപ്പള മണ്ണാംങ്കുഴി സ്റ്റേഡിയം ആധുനിക രീതിയിൽ നവീകരിക്കുന്നതിനുവേണ്ടി പദ്ധതികളൊന്നും കായിക വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>മാവേലിക്കര മണ്ഡലത്തിൽ പുതിയ സ്റ്റേഡിയം</u>

293(1278) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പുതിയ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) മാവേലിക്കര തഴക്കരയിലെ പഴഞ്ചിറക്കുളം നവീകരിച്ച് നീന്തൽ പരിശീലനത്തിന് ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(സി) മാവേലിക്കര മണ്ഡലത്തിലെ ചാരുമ്മൂട് കേന്ദ്രമാക്കി ഒരു ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ആനാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണം

294 (1279) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പാറശ്ശാല മണ്ഡലത്തിലെ ആനാവൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റേഡിയം നവീകരണത്തിന്റെ ഒന്നാം ഘട്ട പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

&

(ബി) രണ്ടാംഘട്ട പ്രവൃത്തികൾക്കായി 2020-21 വർഷത്തെ ബഡ്ജറ്റ് മുപടി പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ ഫണ്ട് അനുവദിക്കുമെന്ന് അറിയിച്ചിരുന്നതിന്മേൽ കായിക വകുപ്പ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ആനാവൂർ ഗവ. ഹയർ സെക്കൻററി സ്കൂളിലെ സ്റ്റേഡിയം നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യാലയം ഡി.പി.ആർ. തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള തുക പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിലാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക്, സ്റ്റേഡിയം നവീകരണം സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം

295(1280) ശ്രീ. ആന്റണി. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

&

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള ചേലാട് സ്റ്റേഡിയത്തിന്റെ സിവിൽ-എം.ഇ.പി. പ്രവൃത്തികളുടെ ടെൻഡർ നടപടികൾ നടന്നുവരികയാണ്.

(സി) ടെണ്ടർ നടപടികളിൽ എത്ര പേർ പങ്കെടുത്തിട്ടുണ്ടെന്നും ഇതിലാർക്കാണ് പ്രവൃത്തിയുമായി ബന്ധപ്പെട്ട നിർമ്മാണ ചുമതല നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

&

(ഡി) ടെണ്ടർ നടപടികൾക്ക് വേഗത്തിൽ അംഗീകാരം നൽകി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പ്രസ്തുത ടെൻഡറിൽ ആറുപേർ പങ്കെടുത്തിട്ടുണ്ടെന്നും സാങ്കേതിക പരിശോധനയിൽ 4 കരാറുകാർ യോഗ്യത നേടിയിട്ടുണ്ടെന്ന് കിഫ്ബി

പദ്ധതികളുടെ എസ്.പി.വി.-യായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

അരീക്കോട് സ്റ്റേഡിയം നിർമ്മാണം

296(1281) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

അരീക്കോട് സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 35-ാമത് ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ മേൽനോട്ടത്തിൽ കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റഡ് പൂർത്തീകരിച്ചിരുന്നു. എന്നാൽ രണ്ട് നിലകളുള്ള പവലിയൻ കെട്ടിടവും അനുബന്ധ ഫുട്ബോൾ കളിസ്ഥലവും അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നില്ല. രണ്ടാം ഘട്ടത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ നിർവ്വഹണത്തിനായി സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ സിൽക്കിനെ ചുമതലപ്പെടുത്തിയിരുന്നു. സിൽക്ക് പ്രസ്തുത

പ്രവൃത്തിക്കായുള്ള ഇ-ദർഘാസുകൾ ക്ഷണിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം റീടെണ്ടറുകൾ ക്ഷണിക്കുന്നതിലേയ്ക്കായി നിലവിലെ ദർഘാസുകൾ റദ്ദ് ചെയ്തിരുന്നു. 2016 ൽ നൽകിയ രണ്ടാംഘട്ട പ്രവൃത്തികളുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച സ്റ്റേഡിയം അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാത്ത സാഹചര്യത്തിലും 2019-ൽ ഉണ്ടായ പ്രളയത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഒരു നില മുങ്ങിപ്പോയതിനാൽ ചെലവേറിയ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സ്റ്റേഡിയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് പദ്ധതിക്ക് പകരമായി സ്വാഭാവിക പുൽത്തകിടിയും ജലസേചന സൗകര്യവും ഏർപ്പെടുത്തണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ഡി) എങ്കിൽ മണ്ഡലത്തിന്റെ സമഗ്ര കായിക വികസനത്തിന്റെ ഭാഗമായി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമായിട്ടില്ല. അരീക്കോട് സ്റ്റേഡിയത്തിലെ രണ്ടാംഘട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ബഹു.മുൻ കായിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനപ്രകാരം അരീക്കോട് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കായികയുവജനകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>നെന്മാറയിൽ മിനി സ്റ്റേഡിയം</u>

297(1282) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കായിക വിദ്യാർത്ഥികൾക്കും

മറ്റും പരിശീലനം നടത്തുന്നതിന് സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ സ്റ്റേഡിയം ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഈ വിഷയത്തിന് പരിഹാരം കാണുന്നതിനായി നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ മിനിസ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം

298(1283) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ നിർമ്മിച്ച/നിർമ്മാണം ആരംഭിച്ച മൾട്ടി പർപ്പസ്/ഇൻഡോർ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ; ഓരോ സ്റ്റേഡിയത്തിനും ചെലവാക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ?

കഴിഞ്ഞ സർക്കാർ നിർമ്മിച്ച/നിർമ്മാണം ആരംഭിച്ച മൾട്ടി പർപ്പസ്/ഇൻഡോർ സ്റ്റേഡിയങ്ങളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

ഹരിപ്പാട് ഗവ. സ്കൂൾ ഗ്രൗണ്ടിലെ സ്റ്റേഡിയം നിർമ്മാണം

299(1284) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഹരിപ്പാട് ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലെ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

&

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപടികൾ പൂർത്തീകരിച്ച് കരട് മാസ്റ്റർ-പ്ലാൻ തയ്യാറാക്കുകയും ചെയ്തിരുന്നു. കരട് മാസ്റ്റർ-പ്ലാൻ സ്കൂൾ അധികൃതർ അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കേന്ദ്ര സർക്കാർ സഹായത്തോടെ സ്റ്റേഡിയം നിർമ്മാണം

300(1285) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കായി സംസ്ഥാന സർക്കാർ ഏതെങ്കിലും പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇതിൽ എത്ര എണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്;

കേന്ദ്ര സർക്കാരിന്റെ 'ഖേലോ ഇന്ത്യ' സ്കീമിൽ ഉൾപ്പെടുത്തി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കായി നാല് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ജി.എച്ച്.എസ്.എസ്., കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക്

ട്രാക്ക് നിർമ്മിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും 7 കോടിരൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പ്രോജക്ടായ ഖേലോ ഇന്ത്യയിൽ സ്ഥല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം പ്രോജക്ട് ടി പദ്ധതിയിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ഡി) ഇല്ലെങ്കിൽ അനുമതിക്കായി സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതിരേഖ ഖേലോ ഇന്ത്യ പദ്ധതിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കുന്നതിന് കായികയുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>സ്റ്റേഡിയങ്ങളുടെ നിർമ്മാണം</u>

301(1286) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള സ്റ്റേഡിയങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളവയുടെ വിവരം ലഭ്യമാക്കാമോ;

&

(ബി) ഇനിയും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്തവയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച സ്റ്റേഡിയങ്ങളിൽ നിർമ്മാണം ആരംഭിച്ചവയും ഇനി നിർമ്മാണം ആരംഭിക്കാനുള്ള സ്റ്റേഡിയങ്ങളുടേയും വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

<u>കോതമംഗലം പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം</u>

302(1287) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മൈൽ പദ്ധതി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) എത്ര പേർ ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുണ്ടെന്നും ആർക്കാണ് ടെണ്ടർ നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) സ്റ്റേഡിയം നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

&

(ഇ) സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ മഡ് ഫുട്ബോൾ കോർട്ട്, മേസണറി ഗ്യാലറി, ചെയിഞ്ച് റൂം എന്നീ സൗകര്യങ്ങളോടെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 72.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം ഇ-ദർഘാസുകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത ദർഘാസിൽ 2 പി.ഡബ്ല്യു.ഡി. കരാറുകാരും 1 പി.ഡബ്ല്യു.ഡി.

ലൈസൻസുള്ള സ്ഥാപനവും ഇ-ദർഘാസുകൾ സമർപ്പിച്ചിരുന്നു. കായിക യുവജനകാര്യാലയത്തിന്റെ 21.06.2021-ന് ചേർന്ന 69-ാമത് ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ശ്രീ. സാജു. സി, മലപ്പുറം എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ടെണ്ടർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പ്രവൃത്തികൾക്കായുള്ള വർക്ക് ഓർഡർ ശ്രീ. സാജു. സി, മലപ്പുറം എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. നിലവിൽ കോവിഡ് 19 മഹാമാരി പശ്ചാത്തലത്തിൽ കരാറുകാരന് എഗ്രിമെന്റിൽ ഏർപ്പെടാനുള്ള സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2021 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

<u>എം.ആർ.സി. കൃഷ്ണൻ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിലെ ടർഫ്</u>

303(1288) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ കിഫ്ബി ഫണ്ട് വഴി പണി ആരംഭിച്ച എം.ആർ.സി. കൃഷ്ണൻ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിൽ നേരത്തേ ഉണ്ടായിരുന്നതും ഇപ്പോൾ ജീർണ്ണാവസ്ഥയിലു

ള്ളതുമായ ഇലവൻസ് ടർഫ് ഗ്രൗണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലാ സ്റ്റേഡിയമായ എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തികളുടെ കിഫ്ബി അംഗീകരിച്ച ഡി.പി.ആർ.-ൽ നിലവിലുള്ള ഇലവൻസ് ടർഫിന്റെ നവീകരണം ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ കിഫ്ബി പദ്ധതികളുടെ നിബന്ധനകൾ പ്രകാരം ടർഫിന്റെ നവീകരണം ഇപ്പോൾ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല.

<u>ഗ്രാമപഞ്ചായത്തുകളിൽ പൊതു കളിസ്ഥലം</u>

304(1289) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു കളിസ്ഥലം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കളിസ്ഥലത്തിനായി സ്വകാര്യ വ്യക്തികളിൽനിന്ന് സ്ഥലം വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

&

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ സ്ഥലമില്ലെങ്കിൽ മറ്റ്

വകുപ്പുകളുടെ ഉപയോഗശൂന്യമായ സ്ഥലത്ത് വകുപ്പുതല ഡെസ്റ്റിനേഷൻ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ഇരുമ്പിളിയത്ത് സ്റ്റേഡിയം നിർമ്മാണം

305(1290) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഡിയം ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ

ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കായികവികസന പദ്ധതികൾ

306(1291) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കായികവികസനം ലക്ഷ്യമാക്കി കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിക്കോഫ്

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ്

കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്.

ഹഡിൽ

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്ക്കറ്റ് ബാൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹഡിൽ. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പിന്റ്

ലോക നിലവാരത്തിലെത്താൻ സാദ്ധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ

2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ കുന്നംകുളത്ത് തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെ തട്ടിലുള്ള വിദ്യാർത്ഥികൾക്ക് ചിട്ടയായ രീതിയിൽ ശാസ്ത്രീയമായ കായികപരിശീലനം നൽകുക എന്നതാണ് ഉദ്ദേശം. ഏഴ്, എട്ട് ക്ലാസ്സുകളിൽ 30 കുട്ടികൾ വീതം ഉൾപ്പെടുത്തി ഡിവിഷൻ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

കേരള ഷൂട്ടിംഗ് അക്കാഡമി

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3 ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തി വരുന്നു.

സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്ന പദ്ധതിയാണിത്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നടത്തുന്നത്. പ്രസ്തുത അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ജൂഡോക്ക

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പഞ്ച്

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗ് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടാൻ പ്രാപ്തരാക്കാനും പദ്ധതി സഹായകരമാകും.

സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റഡൻസ്

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20 ൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിട്ടുണ്ട്.

ബയോപ്സി ടെസ്റ്റ്

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കായിക അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളും ഏകദേശം 1,000

കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന് കൈമാറി. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും സൗകര്യങ്ങളും നടന്നുവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ

തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്തു. തുടർന്ന് 9 കായികയിനങ്ങളിൽനിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്. 2020-24 ൽ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പ്രമുഖ കായിക പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ നിലവിൽ ബോക്സിംഗ് കായികയിനം തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം നൽകിവരുന്നു. ഓരോ കായികയിനത്തിലും 15 കായികതാരങ്ങൾ വീതമാണ് പരിശീലനം

നടത്തിവരുന്നത്. ഓരോ വർഷത്തിലും പ്രകടന മികവ് വിലയിരുത്തി വീഡിംഗ് ഔഡ് നടത്തിവരുന്നുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ പരിശീലനം നേടിവരുന്ന കായികതാരങ്ങൾ 2018 മുതൽ വിവിധ കായികമത്സരങ്ങളിൽ സ്വർണ്ണം-20, വെള്ളി-13, വെങ്കലം-14 എന്നിങ്ങനെ മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

<u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ടെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം

നൽകി വരുന്നു. ഫുട്ബോൾ എന്ന കായികയിനത്തിൽ വനിതാ കായിക താരങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഫുട്ബോളിന് ഏറെ പ്രാമുഖ്യമുള്ള എറണാകുളം ജില്ലയിൽ ഒരു വനിതാ ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷം ബഡ്ജറ്റ് വിഹിതം, കിഫ്ബി ധനസഹായം എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികളും ഇതിനായി ചെലവഴിച്ച തുകയും അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+ കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും കായിക വികസന നിധിയിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ച വിവരങ്ങളും അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+ കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കിയ പദ്ധതികളും ആയതിലേയ്ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

(സി) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റേഡിയം നിർമ്മിക്കാനും നിലവിലുള്ള സ്റ്റേഡിയം നവീകരിക്കാനും കായിക വകുപ്പ് ഏതെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതിയും വ്യക്തമാക്കാമോ?

പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. മൈതാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ കണ്ടെത്തി പ്രസ്തുത പഞ്ചായത്തുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭൂമിയിൽ മൈതാനങ്ങൾ നിർമ്മിച്ച് നൽകുന്നതാണ് പരിഗണനയിലുള്ളത്. തെരഞ്ഞെടുക്കുന്ന കായിക ഇനത്തിന്റെ അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിലാണ് സ്ഥല വിസ്തൃതി നിർണ്ണയിക്കുന്നത്. പ്രാദേശിക താൽപര്യവും അഭിരുചിയും കണക്കിലെടുത്ത് സ്റ്റേഡിയത്തിൽ ഉൾപ്പെടുത്തേണ്ട കായിക ഇനം തീരുമാനിക്കുന്നതാണ്.

(ഡി) കായിക വകുപ്പിന്റെ സഹായത്തോടെ പഞ്ചായത്തുകളിലും നഗരസഭകളിലും നിർമ്മിച്ച എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്ന് പേരുൾപ്പെടെ

+ നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്

ജില്ല തിരിച്ച് വ്യക്തമാക്കാമോ; കായിക വകുപ്പിൽനിന്നുള്ള സഹായം കൂടാതെ മറ്റേതെല്ലാം സഹായങ്ങൾ ഈ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷം ബഡ്ജറ്റ് വിഹിതം, കിഫ്ബി ധനസഹായം എന്നിവ മുഖേന പഞ്ചായത്തുകളിലും നഗരസഭകളിലും നിർമ്മിച്ച് സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം -IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയം

307 (1292) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത സ്റ്റേഡിയവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ മലപ്പുറം ജില്ലാ സ്റ്റേഡിയമായ മൊയ്ദീൻകുട്ടി ഇൻഡോർ സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഹോക്കി കോർട്ട്, സ്വിമ്മിംഗ് പൂൾ കോംപ്ലക്സ്, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ എന്നീ കായിക സൗകര്യങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നെഹ്റു ട്രോഫി അടക്കമുള്ള ദേശീയ, അന്തർ ദേശീയ നിലവാരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ദേശീയ അന്തർദേശീയ മത്സരങ്ങൾ പയ്യനാട് സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം

308 (1293) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) വസ്തു സംബന്ധമായ എല്ലാ നടപടികളും ആലപ്പുഴ നഗരസഭ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിനും പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയത്തിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ഇ.എം.എസ്. സ്റ്റേഡിയത്തിന് 8.62 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുമുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ നഗരസഭയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സമർപ്പിച്ചിരുന്ന

ഡി.പി.ആർ.-ൽ ജി.എസ്.ടി. ഉൾപ്പെടുത്താതിനാലും ഡി.എസ്.ആർ. കോസ്റ്റ് ഇൻഡക്സിലുണ്ടായ വ്യതിയാനവും കാരണം പ്രോജക്ടിൽ വ്യതിയാനം ഉണ്ടായതിനാൽ പുതുക്കിയ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നഗരസഭയിൽനിന്ന് ധാരണാപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്ഥലകൈമാറ്റം സംബന്ധിച്ച് സ്വകാര്യ വ്യക്തി ഫയൽ ചെയ്ത ഒരു കേസ് നിലവിലുണ്ട്. സ്ഥലകൈമാറ്റം സംബന്ധിച്ച കേസിന്റെ നടപടിക്രമം അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്; നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അടിയന്തരമായി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ.-ൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത സ്ഥലം സംബന്ധിച്ച കേസിന്റെ നടപടിക്രമങ്ങൾ തീരുന്ന മുറയ്ക്ക് നിർമ്മാണം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭരണിക്കാവ്, കണ്ടല്ലൂർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

309 (1294) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ അനുവദിച്ച ഭരണിക്കാവ് ഗവ.യു.പി.എസ്.-ലെ സ്റ്റേഡിയം, കണ്ടല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

ഭരണിക്കാവ് ഗവ. യു.പി. സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണം, കണ്ടല്ലൂർ പഞ്ചായത്ത് കളിസ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം കായികയുവജന കാര്യാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയിരുന്നു. ടി പ്രവൃത്തികളുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്ക് ഭരണിക്കാവ് ഗവ. യു.പി സ്കൂൾ, കണ്ടല്ലൂർ പഞ്ചായത്ത് അധികൃതർ എന്നിവരിൽനിന്നും നിർദ്ദിഷ്ട സ്ഥലങ്ങളുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

നെയ്യാറ്റിൻകര പരുത്തിയൂർ സ്റ്റേഡിയം

310 (1295) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2020-21 വർഷത്തിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക ഫണ്ട് ഉപയോഗിച്ച് പരുത്തിയൂർ സ്റ്റേഡിയത്തിൽ കായിക വകുപ്പിലെ ഫയൽ നം.എ 3/282/2020 പ്രകാരമുള്ള പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകിരിച്ചിട്ടുണ്ടോ;

&

(ബി) ഡി.പി.ആർ. പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് പരുത്തിയൂർ സ്റ്റേഡിയത്തിൽ ചെയ്യുന്നതെന്ന് വിശദമാക്കാമോ; നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ പരുത്തിയൂരിലെ സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട്, കായിക യുവജനകാര്യാലയത്തിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധിച്ചിരുന്നു. നിർദ്ദിഷ്ട സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് കുളത്തൂർ ഗ്രാമ പഞ്ചായത്തിനോട്

അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സ്കെച്ച് ലഭ്യമാക്കിയിട്ടില്ല. കൂടാതെ സർക്കാർ ഏറ്റെടുക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ സ്ഥല ഉടമയുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായിട്ടുണ്ട്. കുളത്തൂർ ഗ്രാമപഞ്ചായത്ത് കായിക യുവജനകാര്യാലയവുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കായിക താരങ്ങൾക്ക് തൊഴിൽ

311(1296) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവ് തെളിയിച്ച കായിക താരങ്ങൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായികതാരങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. ആയതിൽ 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു. 2015-19 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കായിക താരങ്ങൾക്ക് തൊഴിൽ നൽകിയെന്ന വിശദാംശം നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ, മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ

249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 54 പേരുടെ അന്തിമപട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈഭൻ. ഇ. ബിയ്ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവെച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി, കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി,/വെങ്കല മെഡലുകൾ

കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കായികയുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള. ഡി. വിയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

കായിക താരങ്ങൾക്ക് ജോലി

312(1297) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കായിക താരങ്ങൾക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ തസ്തികകളിൽ ജോലി നൽകിയിട്ടുണ്ടെന്നറിയിക്കാമോ; വിശദാംശം നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ, മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലിനൽകുന്ന പദ്ധതിപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്.

ശേഷിക്കുന്ന 54 പേരുടെ അന്തിമപട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈഭൻ ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായികയുവജന കാര്യാലയത്തിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്

നിയമനം നൽകിയിട്ടുണ്ട്. കായികയുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി ശകുന്തള. ഡി. വി.-ക്ക് നിയമനം നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി. കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

നെറ്റ് ബോൾ കളിക്കാർക്ക് പി.എസ്.സി. നിയമനത്തിൽ ഗ്രേസ് മാർക്ക്

313(1298) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമൺവെൽത്ത് ഗെയിംസ്, നാഷണൽ ഗെയിംസ്, ഏഷ്യൻ ഗെയിംസ് എന്നിവയിലെ മത്സര ഇനമായ നെറ്റ് ബോൾ കളിക്കാർക്ക് പി.എസ്.സി. നിയമനങ്ങളിൽ അർഹമായ ഗ്രേസ് മാർക്ക് ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മികച്ച കായികതാരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ക്ലാസ്-III, ക്ലാസ്-IV തസ്തികളിലേയ്ക്ക് നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ 40 കായിക ഇനങ്ങൾക്ക് അധികമാർക്ക് നൽകി

വരുന്നുണ്ട്. പ്രസ്തുത കായിക ഇനങ്ങളുടെ പട്ടികയിൽ നെറ്റ് ബാൾ ഉൾപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി. നിയമനങ്ങളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ള കായിക ഇനങ്ങളിൽ നെറ്റ് ബോൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അധികമാർക്ക് നൽകുന്ന കായിക ഇനങ്ങളുടെ പട്ടികയിൽ പുതിയ കായിക ഇനങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

മികച്ച കായിക താരങ്ങൾക്ക് സർക്കാർ നിയമനം

314(1299) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കായിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കായികതാരങ്ങളിൽ തൊഴിലില്ലാത്തവരെ സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

വിവിധ കായിക മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കായികതാരങ്ങളിൽ തൊഴിലില്ലാത്തവരെ സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഇവരിലെ മികച്ച കായികതാരങ്ങളിൽ തൊഴിലന്വേഷകരായി എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ; മികച്ച താരങ്ങൾക്ക് സർക്കാർ മേഖലയിൽ നിയമനം നൽകുന്ന പദ്ധതി എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളത്?

വിവരം ലഭ്യമല്ല. മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായിക താരങ്ങളുടെ നിയമനത്തിനായി നീക്കിവെച്ചിട്ടുണ്ട്. ആയതിൽ 2010-14 കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു. 2015-19 കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(സി) ഇവരിൽ എത്ര പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചുവരുന്നു; ഇവർക്ക് എപ്പോൾ വിവിധ മേഖലകളിൽ തൊഴിൽ നല്കുമെന്ന് വ്യക്തമാക്കുമോ?

വിവരം ലഭ്യമല്ല. മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായിക താരങ്ങളുടെ നിയമനത്തിനായി നീക്കിവെച്ചിട്ടുണ്ട്. ആയതിൽ 2010-14 കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ

പൂർത്തീകരിച്ചു വരുന്നു. 2015-19 കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി അപേക്ഷക്ഷണിച്ചിട്ടുണ്ട്.

ദേശീയ ഗെയിംസിൽ മെഡൽ നേടിയ താരങ്ങൾക്ക് ജോലി

315(1300) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-ലെ ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്; ഇവരിൽ എത്ര പേർക്ക് ഇനി ജോലി നൽകാനുണ്ട്; വിശദവിവരം നൽകാമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായിക താരങ്ങളിൽ 82 കായിക താരങ്ങൾക്ക് കായികയുവജനകാര്യാലയത്തിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി

തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. നിയമനം നൽകിയ 82 കായികതാരങ്ങളിൽ റിപ്പോർട്ട് ചെയ്ത 57 പേർ ജോലിയിൽ പ്രവേശിക്കുകയും നിയമന ഉത്തരവ് നൽകിയ 2 ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെടുകയും അതിൽ ഒരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത 83 കായിക താരങ്ങളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതിരുന്ന ശ്രീ. സുഭാഷ്. കെ. കെ.-യ്ക്ക് നിയമനം നൽകിയിട്ടില്ല. ടിയാന് അനുയോജ്യമായ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>കോവിഡ് പശ്ചാത്തലത്തിൽ കായിക പരിശീലനം</u>

316(1301) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സ്റ്റേഡിയങ്ങളുൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലെ കായിക പരിശീലനം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ

അത് കായിക താരങ്ങളുടെ കായികക്ഷമതയെ ദോഷകരമായി ബാധിക്കാൻ സാദ്ധ്യതയുണ്ടോ?

കോവിഡ്-19 പശ്ചാത്തലത്തിൽ സ്റ്റേഡിയങ്ങളുൾപ്പെടെയുള്ള പൊതു സ്ഥലങ്ങളിലെ കായിക പരിശീലനം നിരോധിച്ചിരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക് ഡൗൺ സമയത്തും വീട്ടിലിരുന്നുതന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് നടപ്പിലാക്കിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിലെ കായിക താരങ്ങൾക്ക് ശാരിരീക ക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 ടെസ്റ്റ് പോസ്റ്റിവിറ്റി റേറ്റിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുള്ള എ.ബി. കാറ്റഗറിയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനങ്ങൾ പുനരാരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിൽ ജല കായിക പദ്ധതികൾ

317(1302) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജക മണ്ഡലത്തിൽ കയാക്കിംഗ്, യാച്ചിംഗ് ഉൾപ്പെടെയുള്ള കായിക വിഭാഗങ്ങളുടെ സാധ്യതകൾ കണക്കിലെടുത്ത് ഇവയുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

കായംകുളം കായലോര ടൂറിസം കേന്ദ്രത്തിൽ ഓപ്പൺ ജിംനേഷ്യം

318(1303) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോരത്ത് പൂർത്തീകരിച്ച കായലോര ടൂറിസം കേന്ദ്രത്തിൽ പൊതുജനങ്ങൾക്കായി ഒരു ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

319(1304) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കായിക വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കായിക വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ യാതൊരു പദ്ധതികളും നടപ്പിലാക്കിയിട്ടില്ല.

കായിക വകുപ്പിന്റെ ലോക്ക്ഡൗൺ കാലത്തെ പ്രവർത്തനം

320(1305) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ പ്രവർത്തനം കോവിഡ് കാലത്ത് എത്രത്തോളം ഗുണപരമായി നടത്താൻ കഴിഞ്ഞുവെന്ന് വിശദീകരിക്കാമോ?

കായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി സംസ്ഥാന വ്യാപകമായി ഒട്ടനവധി പുതിയ ഇൻഡോർ സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്കുകൾ, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ കോർട്ടുകൾ എന്നിവയുടെ നിർമ്മാണവും നിലവിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണവും കായിക വകുപ്പ് നടപ്പിലാക്കിവരികയാണ്. 2020 മാർച്ച് മാസത്തെ കോവിഡ് 19 മഹാമാരിയുടെ നിയന്ത്രണം മൂലം രാജ്യത്ത് പ്രഖ്യാപിച്ച ലോക്ഡൗൺ കാലഘട്ടത്തിൽ കായിക മേഖലയിൽ അടിസ്ഥാന നിർവ്വഹണ പദ്ധതികൾ താൽക്കാലികമായി നിർത്തി വച്ചിരുന്നു. ലോക് ഡൗൺ കാലഘട്ടത്തിൽ സർക്കാർ നിർമ്മാണ മേഖലയ്ക്ക് പ്രഖ്യാപിച്ച ഇളവുകളുടെ അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച്

കായിക താരങ്ങൾക്ക് കായിക പരിശീലനത്തിന് നൽകിയിരുന്നു. കായിക വകുപ്പ് പൂർത്തീകരിച്ച നിരവധി സ്റ്റേഡിയങ്ങൾ, സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്ററായും കോവിഡ് കെയർ സെന്ററുകളായും സർക്കാർ ഏറ്റെടുത്ത് നടത്തിവന്നിരുന്നു. കൂടാതെ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും വാക്സിൻ എന്ന നയം പൂർത്തീകരിക്കുന്നതിലേയ്ക്കായി കായിക വകുപ്പിന്റെ നിരവധി ഇൻഡോർ സ്റ്റേഡിയങ്ങളിൽ മാസ് വാക്സിനേഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പദ്ധതികളുടെ ഭാഗമായി ഈ ലോക്ക്ഡൗൺ കാലഘട്ടത്തിൽ 21 സ്റ്റേഡിയങ്ങളുടെ വിവിധ ഘട്ടങ്ങളുടെ ഉദ്ഘാടനം ഓൺലൈനായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കോവിഡ് കാലത്ത് വിക്ടേഴ്സ് ചാനൽ വഴിയുള്ള അക്കാഡമിക് ക്ലാസ്സുകൾക്ക് പുറമെ ഓരോ കായികപരിശീലകരും ഓൺലൈനായി പരിശീലനം നൽകിയിരുന്നു. 2021-22 അധ്യയനവർഷത്തിലേയ്ക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടാലന്റ് ഹണ്ട് എല്ലാവിധ കോവിഡ് മാനദണ്ഡങ്ങളും പാലിച്ച് 14 ജില്ലകളിലും നടത്തിവരുന്നു. ഈ കോവിഡ് കാലഘട്ടത്തിലും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് കായിക വകുപ്പിന്റെ

പ്രവർത്തനം സമൂഹത്തിന് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ലോക്ക്ഡൗൺ കാലത്ത് വീട്ടിലടയ്ക്കപ്പെട്ട ജനതയ്ക്ക് ടി.വി., നവമാദ്ധ്യമങ്ങൾ വഴി മാനസികമായ ഉണർവ് ലഭിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകുവാൻ കായിക വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

കായികയുവജനകാര്യാലയത്തിൻ കീഴിൽ യോഗാദിനാചരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് കോവിഡ് കാലത്ത് ഫിറ്റ്നസ് കാത്തുസൂക്ഷിക്കുന്നതിനായി അവയർനെസ് നൽകുന്ന പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. കോവിഡ് 19-നോടനുബന്ധിച്ച് കേരള സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക്ഡൗൺ സമയത്ത് വീട്ടിലിരുന്നു തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ച് നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ശാരീരിക ക്ഷമത

ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സ്പോർട്സ് ആക്ട് പരിഷ്കരണം

321(1306) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്പോർട്സ് ആക്ട് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും 'എല്ലാവർക്കും ആരോഗ്യം' എന്ന ആശയം വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നു. 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലും 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും നിലവിൽ വരികയുണ്ടായി. 2018-ലെ 37-ാമത്

ആക്ട് പ്രകാരം 2000-ലെ കേരള സ്പോർട്സ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ്

322(1307) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വഖഫ് ബോർഡിന്റെ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് ബോർഡ് അംഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

&

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ വഖഫ് ബോർഡിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് ബോർഡ് അംഗങ്ങൾ സർക്കാരിൽ ആവശ്യപ്പെട്ടിട്ടില്ല.

വഖഫ് ബോർഡിന്റെ പ്രവർത്തനം

323(1308) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. രാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ ക്ഷേമ പദ്ധതി പ്രകാരമുള്ള ക്ഷേമ പെൻഷനുകൾ, വിവാഹ ചികിത്സ സഹായ വിതരണം, മാനസിക വൈകല്യമുള്ളവർക്ക് പ്രതിമാസ പെൻഷൻ തുടങ്ങിയ പദ്ധതികൾ നടന്നുവരുന്നു. കോവിഡ് പ്രോട്ടോകോളിന്റെ അടിസ്ഥാനത്തിൽ പൊതു പരിപാടികൾക്ക് നിയന്ത്രണമുള്ളതിനാൽ ഇളവുകൾ അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ ബോധവൽക്കരണ പരിപാടികൾ, അദാലത്തുകൾ, പരിശീലന

പരിപാടികൾ തുടങ്ങിയവ നടപ്പിൽവരുത്തുന്ന കാര്യം വഖഫ് ബോർഡിന് പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ബി) വഖഫ് ബോർഡിലെ സി.ഇ.ഒ. നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സി.ഇ.ഒ. നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി വ്യവഹാരങ്ങൾ അടിയന്തിരമായി തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വഖഫ് വസ്തുവകകൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിനും ബോർഡിന്റെ വിവിധ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വഖഫ് വസ്തുക്കൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിനും ബോർഡിന്റെ വിവിധ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും വഖഫ് ബോർഡ് കാലാകാലങ്ങളായി നടപടികൾ സ്വീകരിച്ചുവരുന്നു.

പാസഞ്ചർ ട്രെയിനുകളുടെ സ്റ്റോപ്പുകൾ

324(1309) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - കണ്ണൂർ, കോയമ്പത്തൂർ - മംഗലാപുരം തുടങ്ങിയ റൂട്ടുകളിലെ പാസഞ്ചർ ട്രെയിനുകളുടെ നിലവിലുള്ള സ്റ്റോപ്പുകൾ എടുത്തു കളയുന്നതിനെതിരെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത സ്റ്റോപ്പുകൾ ഒഴിവാക്കുന്നതിലൂടെ വർഷങ്ങൾ പഴക്കമുള്ള ഈ റൂട്ടിലെ പല ചെറു സ്റ്റേഷനുകളും നാമാവശേഷമാകുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് പാസഞ്ചർ ട്രെയിനുകൾ നിലവിൽ സർവ്വീസ് നടത്തുന്നില്ല. ട്രെയിൻ ഗതാഗതം സാധാരണ നിലയിലാവുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

രാജ്യറാണി എക്സ്പ്രസ്സ്

325(1310) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽനിന്ന് ആരംഭിക്കുന്ന രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽനിന്നും നീട്ടുന്നത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

&

(ബി) ഇല്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ടെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ്

തിരുവനന്തപുരം സെൻട്രലിലേയ്ക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു.

രാജ്യറാണി എക്സ്പ്രസ്സ്

326(1311) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ റീജണൽ കാൻസർ സെന്ററിലേയ്ക്കുള്ള രോഗികൾ ഉൾപ്പെടയുള്ള യാത്രക്കാർ സ്ഥിരമായി ആശ്രയിക്കുന്ന നിലമ്പൂർ - കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലേയ്ക്ക് നീട്ടണമെന്ന ആവശ്യം പരിഗണിക്കുമോ;

&

(ബി) യാത്രക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ട്രെയിനിൽ കൂടുതൽ

എ.സി., നോൺ എ. സി. കോച്ചുകൾ അനുവദിക്കുന്ന വിഷയം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു.

കെ - റെയിൽ പദ്ധതി

327 (1312) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010-ൽ കേന്ദ്ര റെയിൽവേ മന്ത്രാലയം ലാഭകരമാണെന്ന് കണ്ടെത്തിയ ഫറോക്കിൽനിന്നും കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴി അങ്ങാടിപ്പുറം വരെയുള്ള റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ഇടപെടൽ നടത്തുമോയെന്ന് അറിയിക്കാമോ?

2010-ൽ കേന്ദ്ര റെയിൽവേ മന്ത്രാലയം ലാഭകരമാണെന്ന് കണ്ടെത്തിയ ഫെറോക്കിൽനിന്നും കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴി അങ്ങാടിപ്പുറം വരെയുള്ള റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കാൻ സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തിവരികയാണ്. 2010-ൽ സർവ്വേ പൂർത്തീകരിച്ച അങ്ങാടിപ്പുറം - ഫറോക്ക് റെയിൽ പാത പിന്നീട് ലാഭകരമായി കണ്ടെത്തുകയും തുടർന്ന് റെയിൽവേ ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2010-ൽ നിലമ്പൂർ - നഞ്ചൻകോട്

പദ്ധതിക്കൊപ്പം അങ്ങാടിപ്പുറം - ഫറോക്ക് പദ്ധതിക്ക് ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകുകയുംചെയ്തു. കൂടാതെ അങ്ങാടിപ്പുറം - ഫറോക്ക് റെയിൽ പാത പദ്ധതി കേന്ദ്ര സർക്കാരിന്റെ "വിഷൻ 2020" പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അതേസമയം തന്നെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തിരൂർ-മലപ്പുറം-അങ്ങാടിപ്പുറം റെയിൽ ലൈനിന് സർവ്വേ നടത്തുകയും കോഴിക്കോട് പാലക്കാട് റൂട്ടിലെ അങ്ങാടിപ്പുറം റെയിൽപ്പാത ഒറ്റപ്പാലം വരെ നീട്ടുന്നത് പ്രയോജനകരമാണെന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ 2012-13 റെയിൽവേ ബഡ്ജറ്റിൽ ഇതുമായി ബന്ധപ്പെട്ടുള്ള വിശദ സർവ്വേയ്ക്ക് ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിക്ക് വേണ്ടത്ര പുരോഗമനം ഉണ്ടാകാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുന്നതാണ്.

ഭൂമിക പദ്ധതി

328(1313) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഭ്രമിക-അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

&

(ബി) മൃഗസംരക്ഷണ മേഖലയിലുള്ള എത്ര കുടുംബങ്ങളെ നാളിതുവരെ ഈ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇനി എത്ര കുടുംബങ്ങളെ രജിസ്റ്റർ ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിലെ മുഴുവൻ കർഷകരുടേയും ജ്യോഗ്രഫിക് ലൊക്കേഷൻ മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതിയാണ് ഭ്രമിക. ഇതുവരെ 5,24,000-ന് മേൽ കർഷകരുടെ വീടുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയുമായി ബന്ധമുള്ള 2500000 (25 ലക്ഷം)-ന് മേൽ കുടുംബങ്ങളെ ഘട്ടംഘട്ടമായി രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്നു.

(സി) പ്രളയ സമയത്ത് ഈ പദ്ധതി ഏതെല്ലാം രീതിയിലാണ് പ്രയോജനപ്പെടുത്താൻ സാധിച്ചത് എന്നറിയിക്കാമോ?

പ്രളയസമയത്ത് ഒഴുക്കിൽപ്പെട്ട പശുക്കളെ കണ്ടെത്തി യഥാർത്ഥ ഉടമസ്ഥർക്ക് തന്നെ തിരികെ നൽകുന്നതിന് ഭ്രമിക പദ്ധതി വഴി സാധിക്കുകയുണ്ടായി.

ജന്തുജന്യ രോഗങ്ങൾ

329(1314) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, വെറ്ററിനറി പൊതുജനാരോഗ്യ വിഭാഗം ആരംഭിക്കുന്നതിനുള്ള സമഗ്രമായൊരു റിപ്പോർട്ട് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരള തയ്യാറാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വകുപ്പിന്റെ അടിസ്ഥാന യൂണിറ്റുകളായ വെറ്ററിനറി ഡിസ്പെൻസറി, ഹോസ്പിറ്റലുകൾ എന്നിവയെ ശാക്തീകരിക്കുന്നതിനുള്ള വകുപ്പിന്റെ പുന:സംഘടനയും കർഷക സൗഹൃദ പദ്ധതികളും നടപ്പിൽ വരുത്തുവാനും ഉദ്ദേശിക്കുന്നു. ABC പദ്ധതിയും ശാസ്ത്രീയ അറവുശാലകളും പുറമെ നിന്ന് കൊണ്ടുവരുന്ന മൃഗങ്ങളുടെ നിരീക്ഷണങ്ങൾക്കുതകുന്ന സജ്ജീകരണങ്ങളുടെ ലാബുകളും ക്വാറന്റൈൻ സംവിധാനങ്ങളും എല്ലാം ഈ സാഹചര്യത്തിൽ ആവശ്യമാണ്. കോഴിക്കോട് ജില്ലയിൽ 2018-ൽ വ്യാപിച്ച

നിപ, പ്രളയനാന്തരം എലിപ്പനി പ്രതിരോധം, വയനാട് ജില്ലയിൽ ഏതാനും വർഷങ്ങളായി നടന്നു വരുന്ന കുരങ്ങുപനി നിയന്ത്രണ പ്രവർത്തനങ്ങൾ, ചെള്ളുപനി നിയന്ത്രണം, കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പക്ഷിപ്പനി പ്രതിരോധ നിയന്ത്രണങ്ങൾ ഒക്കെ വകുപ്പ് ജന്തു ജന്യരോഗ നിയന്ത്രണങ്ങൾക്കായി നടത്തി വരുന്ന പ്രവർത്തനങ്ങളാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ വകുപ്പിനെ ഇതിനായി സഹായിക്കുന്നു. മനുഷ്യരിലെ പേവിഷബാധ സ്ഥിരീകരിക്കുന്നതും പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകാരോഗ്യം (one health) നടപ്പിലാക്കുന്നതിനും വെറ്ററിനറി പൊതുജനാരോഗ്യം തുടങ്ങുന്നതിനും വകുപ്പ് ആലോചിക്കുന്നു.

<u>കുളമ്പ് രോഗ വ്യാപനം</u>

330(1315) <u>ശ്രീ രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുളമ്പ് രോഗം പടർന്നുപിടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ എന്ത് പ്രതിരോധ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട്, ചിങ്ങോലി, ചെറുതന, കരുവാറ്റ, മുതുകുളം, പള്ളിപ്പാട്, ഹരിപ്പാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലാണ് കുളമ്പുരോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ പഞ്ചായത്തുകളിലായി ആകെ 268 മൃഗങ്ങൾക്ക് രോഗം ബാധിച്ചിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്തപ്പോൾതന്നെ കണ്ടെയ്ന്മെന്റ് വാക്സിനേഷൻ ആരംഭിച്ചിരുന്നു. ആകെ 2871 മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്. രോഗം നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച പഞ്ചായത്തുകളിലും അതിർത്തി പഞ്ചായത്തുകളിലുമാണ് വാക്സിനേഷൻ നടത്തിയിരിക്കുന്നത്. മാത്രമല്ല രോഗ നിയന്ത്രണത്തിനായി അടിയന്തിര ചികിത്സയും മരുന്നും മറ്റ് അണുനാശിനികളും വിതരണം ചെയ്തിട്ടുണ്ട്. രോഗതീവ്രത കൂടിയ പഞ്ചായത്തുകളിൽ അടിയന്തര സേവനത്തിനായി മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. രോഗം ബാധിച്ച പഞ്ചായത്തുകളിലെ വെറ്ററിനറി സർജൻമാർ ഫീൽഡ് തലത്തിൽ സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശം നൽകുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഓരോ പഞ്ചായത്തിനും മരുന്നും

മറ്റും വാങ്ങുന്നതിനായി 5,000/- രൂപ (അയ്യായിരം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മരുന്നും മറ്റും വാങ്ങുന്നതിന് കർഷകർക്ക് ചെലവായ തുക അനുവദിച്ച് കിട്ടുന്നതിനും മരണപ്പെട്ട മൃഗങ്ങളുടെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹരിപ്പാട് മണ്ഡലത്തിൽ ഇപ്പോൾ രോഗം നിയന്ത്രണവിധേയമാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

331(1316) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ:

&

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പദ്ധതികൾ അതത് വർഷം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.+ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.+

നെയ്യാറ്റിൻകര മണ്ഡലത്തിലെ ക്ഷീര സഹകരണസംഘങ്ങൾ

332(1317) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, ചെങ്കൽ, തിരുപുറം, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി എത്ര ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; ഈ പ്രദേശങ്ങളിലെ ക്ഷീര സംഘങ്ങളുടെ പേരും നമ്പരും സ്ഥലവും നഗരസഭ, പഞ്ചായത്ത് എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ;

&

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2021 മാർച്ച് വരെ ഏതൊക്കെ ക്ഷീര സംഘങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്; അവയുടെ പേര് വിവരവും നൽകിയ തുകയും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, ചെങ്കൽ, തിരുപുറം, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി 38 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സംഘങ്ങളുടെ വിശദാംശങ്ങളും, സർക്കാർ ധനസഹായം നൽകിയതിന്റെ വിശദാംശങ്ങളും അനുബന്ധം-1 ആയി ഇതോടൊപ്പം ചേർക്കുന്നു.+

മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

333(1318) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

1) കന്നുക്കുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി കന്നുക്കുട്ടികൾക്കുള്ള തീറ്റ വിതരണം

2) 2018 -ലെ പ്രളയ ആനുകൂല്യം ലഭിച്ച കർഷകർക്കായി പ്രളയ പുനരുജ്ജീവന പാക്കേജ് പ്രകാരമുള്ള RKI പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തൊഴുത്ത് നിർമ്മാണം, താറാവ് വളർത്തൽ പദ്ധതി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റില് ലഭ്യമാണ്

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

1) കൊമേഴ്സ്യൽ ഗോട്ടറി

2) പോത്തുക്കുട്ടി പരിപാലനം

3) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

4) കറവയന്ത്രം വാങ്ങൽ പദ്ധതി

5) ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റൽ പദ്ധതി.

വളർത്തുമൃഗങ്ങൾക്ക് ആന്ത്രാക്സ് രോഗം പകരാതിരിക്കാൻ നടപടി

334(1319) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആനക്കട്ടിയിൽ ആന്ത്രാക്സ് ബാധിച്ച് കാട്ടാന ചരിഞ്ഞ സംഭവത്തെ തുടർന്ന് വളർത്തു മൃഗങ്ങൾക്ക് രോഗം പകരാതിരിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ആന്ത്രാക്സ് ബാധിച്ച് കാട്ടാന ചരിഞ്ഞ സംഭവത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ;

1. ഷോളയൂർ, പുളൂർ പഞ്ചായത്തുകളിലെ വാർഡ് മെമ്പർ, എസ്.ടി പ്രമോട്ടർമാർ എന്നിവരുടെ സഹകരണം ഉറപ്പാക്കികൊണ്ട് രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനും, താലൂക്ക് കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വെറ്ററിനറി സർജ്ജൻമാരുടെ സഹായത്തോടെ രോഗ നിയന്ത്രണ നിരീക്ഷണത്തിന് നിർദ്ദേശം നൽകാനും നടപടി സ്വീകരിച്ചു. 13/07/2021 -ന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടന്ന യോഗത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജോയിന്റ് ഡയറക്ടർ (ആർ.ഇ) എന്നിവർ പങ്കെടുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

2. പ്രദേശത്തെ കർഷകരുടെ കന്നുകാലികളെ 2-3 ആഴ്ചത്തേയ്ക്ക് കാട്ടിലേക്ക് പുല്ല് മേയാൻ വിടുന്നത് ഒഴിവാക്കാൻ നിർദ്ദേശം നൽകി.

3. രോഗലക്ഷണങ്ങൾ കാണുമ്പോൾ തന്നെ ബന്ധപ്പെട്ട വെറ്ററിനറി സർജന്മാരുടെ ശ്രദ്ധയിൽകൊണ്ടുവരാൻ കർഷകർക്ക് നിർദ്ദേശം നൽകി.

4. രോഗ പ്രതിരോധ പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കാനായി ബന്ധപ്പെട്ട ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ RRT രൂപീകരിച്ചിട്ടുണ്ട്.

5. അട്ടപ്പാടി ആട് വളർത്തൽ ഫാമിലെ ആടുകളെ മേയാൻ വിടുമ്പോൾ പ്രത്യേക നിരീക്ഷണം എർപ്പെടുത്തുവാൻ അട്ടപ്പാടി ആട്

ഫാമിലെ സീനിയർ വെറ്ററിനറി സർജന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്

6. മറ്റത്തുകാട്, വാളയാർ ചെക്ക് പോസ്റ്റിലെ നിരീക്ഷണം ശക്തമാക്കുന്നതിനുവേണ്ടി ജോയിന്റ് ഡയറക്ടർ (ആർ.ഇ.)ക്ക് നിർദ്ദേശം നൽകി.

7. ആന്ത്രാക്സ് രോഗ സാന്നിധ്യത്തിന്റെ പശ്ചാത്തലത്തിൽ രോഗ പ്രതിരോധത്തിന്റെ ഭാഗമായി ഷോളയൂർ പഞ്ചായത്തിൽ ഇതുവരെ നടത്തിയ കുത്തിവെയ്പ്പിന്റെ വിവരങ്ങൾ താഴെ പറയുന്നു.

ക്രമ നം.	തീയതി	പശു/പോത്ത്	ആട്	ആകെ
1	14/07/2021	62	87	149
2	15/07/2021	116	65	181
3	16/07/2021	34	24	58
ആകെ		**212**	**176**	**388**

ഈ പ്രതിരോധ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ADCP ഡിസ്ട്രിക്ട് കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിൽ പാലക്കാട് ജില്ലയ്ക്ക് ലഭിച്ച 500 ml ആന്ത്രാക്സ് വാക്സിനും അനുബന്ധ സാമഗ്രികളും ഷോളയൂർ, പുതൂർ

പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആനക്കട്ടി, വാളയാർ തുടങ്ങിയ ചെക്പോസ്റ്റുകൾ വഴി വരുന്ന കന്നുകാലികളിൽ പരിശോധന നടത്തുവാൻ തമിഴ്നാട് മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആനക്കട്ടി, വാളയാർ തുടങ്ങിയ ചെക്ക് പോസ്റ്റുകൾ വഴി വരുന്ന കന്നുകാലികളിൽ വിശദമായ പരിശോധന നടത്തുന്നുണ്ട്.

മുട്ട, മാംസം, പാൽ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

335(1320) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ട, മാംസം, പാൽ എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മുട്ട, മാംസം, പാൽ എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഗോവർദ്ധിനി പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി (പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ)

2. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ആട് വളർത്തൽ യൂണിറ്റുകൾ

4. വെറ്ററിനറി സേവനം

5. ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

6. രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി

7. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി

8. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി

9. കർഷക പരിശീലന പരിപാടികൾ

10. 2018-19 ൽ പുതിയതായി ആരംഭിച്ച അനിമൽ റിസോർസ് ഡെവലപ്മെന്റ് (എ.ആർ.ഡി.) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

11. കോഴി വളർത്തൽ പദ്ധതി.

(ബി) ഇവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കർഷകർക്ക് പലിശരഹിത വായ്പകളും പാവപ്പെട്ട കർഷകർക്ക് സൗജന്യമായി കോഴി, താറാവ്, പശു, ആട്, പോത്ത് എന്നിവ നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് വകുപ്പ് മുഖേന നേരിട്ട് പലിശ രഹിത വായ്പകൾ നൽകുന്നില്ലെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കർഷകർ എടുക്കുന്ന മൃഗസംരക്ഷണ മേഖലയിലെ വായ്പകളുടെ പലിശ ഇനത്തിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇതിനായി 125 ലക്ഷം രൂപ വകയിരുത്തി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വകുപ്പിൽ നിന്നും കോഴി, താറാവ്, പശു, ആട്, പോത്ത് എന്നിവ സൗജന്യമായി നൽകുന്നില്ല. എന്നാൽ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന പദ്ധതിയിനത്തിലും RKI യിൽ നിന്നും ഫണ്ട്

ലഭ്യമാക്കിയും താറാവ്, പശു, ആട്, പോത്ത് എന്നിവ വളർത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

താറാവ് വളർത്തൽ - RKI (Rebuild Kerala Initiative) ന്റെ ഭാഗമായി Duck rearing പദ്ധതി നടപ്പിലാക്കുന്നു.

ആട് വളർത്തൽ - ഗോട്ട് സാറ്റലൈറ്റ്, കൊമേഴ്സ്യൽ ഗോട്ടറി, RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി, National Livestock Mission ന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി

പോത്തുക്കുട്ടി വളർത്തൽ പദ്ധതി - Animal Resourse Development പദ്ധതിയ്ക്ക് കീഴിൽ പോത്തുക്കുട്ടി വളർത്തൽ പദ്ധതി

കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ

336(1321) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

കിടങ്ങൂർ പഞ്ചായത്തിലെ കുടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പ് സബ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ ആവശ്യപ്പെട്ട അധിക വിശദീകരണങ്ങൾ നൽകുന്നതിന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; എ.എച്ച്.ഡി. 8517/2018/സി2 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഈ വിഷയത്തിലെ പഴയ ഫയൽ എ.എച്ച്.ഡി 8517/2018/സി2 തീർപ്പാക്കിയിട്ടുള്ളതും ഇതേ വിഷയത്തിൽ എ.എച്ച്.ഡി 5751/2019-സി2 എന്ന പുതിയ ഫയലിൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കുടല്ലൂരിൽ വെറ്ററിനറി സബ് സെന്റർ ആരംഭിക്കുന്നതിലേയ്ക്ക് നെടുമാവ് സബ് സെന്റർ പുനർവിന്യാസം ചെയ്യാവുന്നതാണെന്ന് 21/03/2021-ൽ സർക്കാരിനെ അറിയിക്കുകയും പുനർവിന്യാസത്തിനായി സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകുമോ എന്ന് സർക്കാർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

337(1322) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും അറിയിക്കാമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ

338(1323) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ?

മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതി വഴി മൃഗസംരക്ഷണ മേഖലയിലെ തദ്ദേശീയമായി രൂപപ്പെട്ട് വരുന്ന പ്രോജക്ടുകൾക്ക് വകുപ്പിന്റെ ധനസഹായമായ 5 ലക്ഷം രൂപ വീതം നൽകുന്നു. ടി പദ്ധതിയിലേയ്ക്ക് അതത് പഞ്ചായത്തുകൾക്ക് വേണമെങ്കിലും വിഹിതം നൽകാം. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളാണ് മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(ബി)പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി നടപ്പിലാക്കുന്നു. 14 പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ നൽകുന്നു. അതത് പഞ്ചായത്തിന് കീഴിലുള്ള മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ പ്രോജക്ട് രൂപീകരിച്ച് ജില്ല അദ്ധ്യക്ഷന്റെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പൗൾട്രി ഫാമുകളുടെ ഉത്പാദനക്ഷമത

339(1324) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലെ ഫാമുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ)

കീഴിലെ ഫാമുകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏക ബ്രോയിലർ ബ്രീഡിംഗ് ഫാമായ കുടപ്പനക്കുന്നിൽ ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നു. ഈ ഫാമിന്റെ വികസനത്തിനുവേണ്ടി റീ ബിൽഡ് കേരള പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് രണ്ട് പുതിയ പൗൾട്രി ഷെഡ്ഡുകൾ കൂടി നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ സ്ഥാപനമായ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കുമ്പോൾ അവിടെ കൂടുതൽ പേരന്റ് സ്റ്റോക്കിനെ വളർത്തുന്നതാണ്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇവിടെനിന്നും 20 ലക്ഷം ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയും. കൂടാതെ തൃശ്ശൂർ ജില്ലയിലെ മാളയിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ അത്യുൽപാദന ശേഷിയുള്ള ബി.വി.-380 ഇനത്തിൽപ്പെട്ട കോഴികളെയാണ് വളർത്തുന്നത്. ഇപ്പോൾ 6.5 ലക്ഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വർഷംതോറും ഉൽപാദിപ്പിക്കുന്ന ഈ ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത വർഷം ഈ ഫാമിൽ നിന്നും 12 ലക്ഷം ബി. വി. 380

കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ മാതൃ-പിതൃ ശേഖരത്തെ വളർത്തുന്നതിന് വേണ്ടി പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സ്ഥിരമായി ഡോക്ടർമാരില്ലാത്ത മൃഗാശുപത്രികൾ

340(1325) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്ഥിരമായി ഡോക്ടർമാരില്ലാത്ത എത്ര മൃഗാശുപത്രികൾ ഉണ്ട്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ മീഞ്ച, പൈവാലിക, പെർള, മൂളിയാർ, വലിയപറമ്പ, ബേലൂർ, കുട്ടിക്കോൽ, കാലിച്ചാനടുക്കം, നായന്മാർമൂല എന്നീ 9 വെറ്ററിനറി ഡിസ്പെൻസറികളിൽ വെറ്ററിനറി ഡോക്ടർമാർ ഇല്ല.

(ബി) ഇവിടങ്ങളിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

വെറ്ററിനറി സർജൻ തസ്തികയുടെ PSC റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാവറട്ടി മൃഗാശുപത്രിയുടെ ഉപകേന്ദ്രം

341(1326) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി മൃഗാശുപത്രിയുടെ കീഴിലുള്ള കൈതമുക്കിലെ ഉപകേന്ദ്രം ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ പാവറട്ടി മൃഗാശുപത്രിയുടെ കീഴിലുള്ള കൈതമുക്കിലെ പെരിങ്ങാട് വെറ്ററിനറി ഉപകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഉപകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം നൽകാമോ?

പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ ഉപകേന്ദ്രം പ്രവർത്തിച്ചുവരുന്നത്. കെട്ടിടത്തിന്റെ അവസ്ഥ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(സി) പ്രസ്തുത ഉപകേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

പ്രസ്തുത ഉപകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പാവറട്ടി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

342(1327) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിമൃഗാദികളിലെ രോഗബാധയുടേയും രോഗവ്യാപനത്തിന്റെയും ജന്തുജന്യരോഗങ്ങളുടേയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ അടിസ്ഥാന യൂണിറ്റുകളായ വെറ്ററിനറി ഡിസ്പെൻസറി, ഹോസ്പിറ്റലുകൾ എന്നിവയെ

ശാക്തീകരിക്കുന്നതിനും വകുപ്പിന്റെ പുനസംഘടനയും കർഷക സൗഹൃദ പദ്ധതികളും നടപ്പിൽ വരുത്താനും ഉദ്ദേശിക്കുന്നു. ABC പദ്ധതിയും ശാസ്ത്രീയ അറവുശാലകളും പുറമെനിന്ന് കൊണ്ടുവരുന്ന മൃഗങ്ങളുടെ നിരീക്ഷണങ്ങൾ ക്കുതകുന്ന സജ്ജീകരണങ്ങളുള്ള ലാബുകളും ക്വാറന്റൈൻ സംവിധാനങ്ങളു മെല്ലാം ഈ സാഹചര്യത്തിൽ ആവശ്യമാണ്. കോഴിക്കോട് ജില്ലയിൽ 2018-ൽ വ്യാപിച്ച നിപ്പ, പ്രളയനാന്തരം എലിപ്പനി പ്രതിരോധം, വയനാട് ജില്ലയിൽ ഏതാനും വർഷങ്ങളായി നടന്നു വരുന്ന കുരങ്ങുപനി നിയന്ത്രണ പ്രവർത്തനങ്ങൾ, ചെള്ളുപനി നിയന്ത്രണം, കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പക്ഷിപ്പനി പ്രതിരോധ നിയന്ത്രണങ്ങളൊക്കെ ജന്തുജന്യ രോഗ നിയന്ത്രണങ്ങൾക്കായി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ വകുപ്പിനെ ഇതിനായി സഹായിക്കുന്നു. മനുഷ്യരിലെ പേവിഷബാധ സ്ഥിരീകരിക്കുന്നതും പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു ഏകാരോഗ്യം (one health) നടപ്പിലാക്കു ന്നതിനും വെറ്ററിനറി പൊതുജനാരോഗ്യം തുടങ്ങുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു.

(ബി) മൃഗാശുപത്രികളുടെ പ്രവർത്തനം നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും കഴിഞ്ഞ അഞ്ചുവർഷം സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തനം നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും കഴിഞ്ഞ അഞ്ചുവർഷം അനുവദിച്ച ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	അനുവദിച്ച തുക
1.	2016-17	6,89,68,554/-
2.	2017-18	5,66,34,170/-
3.	2018-19	4,69,95,806/-
4.	2019-20	3,89,81,653/-
5.	2020-21	3,21,56,468/-

(സി) മൃഗാശുപത്രികളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ജനകീയ സമിതികൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സ.ഉ.(സാധാ) നം.2164/2014/കൃഷി, 06-12-2014 പ്രകാരമാണ് മൃഗചികിത്സാ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള മൃഗസംരക്ഷണ വികസന സമിതി രൂപീകരിക്കുന്നത് സംബന്ധമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

കേരളത്തിലെ എല്ലാ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലും മൃഗാശുപത്രികളിലും വെറ്ററിനറി പോളിക്ലിനിക്കുകളിലും വെറ്ററിനറി ഡിസ്പെൻസറികളിലും മൃഗസംരക്ഷണ വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വികസന സമിതിയുടെ അംഗങ്ങൾ താഴെപ്പറയും പ്രകാരമാണ്.

a) സമിതി ചെയർമാൻ - അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ മേയർ/പ്രസിഡന്റ്/ചെയർമാൻ

b) സമിതി കൺവീനർ - തദ്ദേശഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയിലെ ചീഫ് വെറ്ററിനറി ഓഫീസർ/ സീനിയർ വെറ്ററിനറി സർജൻ /വെറ്ററിനറി സർജൻ

c) വൈസ് ചെയർമാൻ - തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

d) അംഗങ്ങൾ - സ്ഥാപനം സ്ഥിതിചെയ്യുന്ന വാർഡിലെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രതിനിധി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് മെമ്പർ, പരിധിയിലുള്ള ക്ഷീരസംഘം പ്രസിഡന്റുമാർ, ക്ഷീരകർഷകർ 2 പേർ, എസ്.എൽ.ബി.പി. സർക്കിൾ വെറ്ററിനറി സർജൻ.

മൃഗസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ടി സമിതിയുടെ കാലാവധി മൂന്ന് വർഷമാണ്. തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ജനപ്രതിനിധികളും ഭരണസമിതികളും അധികാരമേറ്റ സാഹചര്യത്തിൽ ടി സമിതികൾ ആയതിന് അനുസരിച്ച് പുന:സംഘടിപ്പേക്കേണ്ടതുണ്ട്. മൂന്ന് വർഷ കാലാവധി പൂർത്തീകരിച്ച സമിതികൾ പുതിയ ജനപ്രതിനിധികളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മുൻ സർക്കാർ ആരംഭിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ എന്ന പദ്ധതി കൂടുതൽ മൃഗാശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മുൻ സർക്കാറിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളി ക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ എന്ന പദ്ധതി കൂടുതൽ മൃഗാശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) മൃഗഡോക്ടർമാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങളും ചികിത്സാ ഉപകരണങ്ങളും നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 2,900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 182 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 100 ലക്ഷം രൂപയും വെറ്ററിനറി പോളീക്ലിനിക്കുകളുടേയും ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മൃഗാശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങൾക്കുള്ള ചെലവുകൾ ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നു.

വെറ്റിനറി ഡോക്ടർമാരുടെ രാത്രികാല സേവനം

343(1328) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വെറ്റിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കിക്കൊണ്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. രാത്രികാല അടിയന്തര വെറ്ററിനറി സേവനം നിലവിൽ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു.

(ബി) ഇതിനായി നിലവിൽ എത്ര ബ്ലോക്കുകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്; ഇനി എത്ര പേരെ നിയമിക്കാനുണ്ട്?

പദ്ധതി നടപ്പിലാക്കുന്ന 156 സെന്ററുകളിൽ 46 സെന്ററുകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന 110 സെന്ററുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സംവിധാനം സുഗമമാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 921 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജൂലൈ വരെ 75.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (8.23%).

കന്നുകാലികൾക്ക് വാക്സിനേഷൻ നൽകുന്നതിലെ ഉദ്യോഗസ്ഥതല വീഴ്ച

344(1329) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴ ജില്ലയുടെ പല മേഖലകളിലും കുളമ്പ് രോഗംമൂലം കന്നുകാലികൾ വ്യാപകമായി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കണക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ബ്ലോക്ക് തിരിച്ച് വ്യക്തമാക്കാമോ; ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ കുളമ്പുരോഗം മൂലം 250 മൃഗങ്ങൾ മരണപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	ബ്ലോക്കിന്റെ പേര്	എണ്ണം
1.	കഞ്ഞിക്കുഴി	16
2.	ആര്യാട്	32
3.	അമ്പലപ്പുഴ	88
4.	ചമ്പക്കുളം	20
5.	വെളിയനാട്	35
6.	ചെങ്ങന്നൂർ	15

7.	ഹരിപ്പാട്	9
8.	മുതുകുളം	1
9.	മാവേലിക്കര	7
10.	ഭരണിക്കാവ്	16
11.	ആലപ്പുഴ മുൻസിപ്പാലിറ്റി	8
12.	ഹരിപ്പാട് മുൻസിപ്പാലിറ്റി	2
13.	ചെങ്ങന്നൂർ മുൻസിപ്പാലിറ്റി	1
	ആകെ എണ്ണം	250

കന്നുകാലികളെ ബാധിക്കുന്ന മാരകമായ ഒരു രോഗമാണ് കുളമ്പുരോഗം. ഇതിന് ഫലപ്രദമായ പ്രതിവിധി പ്രതിരോധവാക്സിനേഷൻ നടത്തുക എന്നതാണ്. 6 മാസം കൂടുമ്പോൾ വാക്സിനേഷൻ നടത്തേണ്ടതായിട്ടുണ്ട്. ഒന്നാംഘട്ട NADCP വാക്സിനേഷൻ 2020 സെപ്റ്റംബർ മാസം നടന്നതിന് ശേഷം പിന്നീട് വാക്സിനേഷൻ നടന്നിട്ടില്ല. ഇതുമൂലം മൃഗങ്ങൾക്ക് പ്രതിരോധശേഷി കുറഞ്ഞിട്ടുണ്ട്. മാത്രമല്ല മരണപ്പെട്ടതിൽ കൂടുതലും ചെറിയ കിടാവുകളാണ്. ചെറിയ കിടാവുകൾക്ക് ഈ രോഗം ബാധിച്ചാൽ മരണനിരക്ക് കൂടാൻ സാധ്യതയുണ്ട്.

(ബി) കന്നുകാലികൾക്ക് യഥാസമയം വാക്സിനേഷൻ നൽകുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന കർഷകരുടെ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

വാക്സിനേഷൻ നൽകുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടില്ല. ഒന്നാംഘട്ട വാക്സിനേഷനിൽ 85.99% മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിരുന്നു. മാത്രമല്ല കുളമ്പുരോഗം റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ കണ്ടെയ്ൻമെന്റ് വാക്സിനേഷൻ ആരംഭിച്ചിരുന്നു. ഓരോ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിലും രോഗം ബാധിച്ച പഞ്ചായത്തിലും വാക്സിനേഷൻ നടത്തി. ആകെ 23395 മൃഗങ്ങളെ വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പിന്റെയും മറ്റും പേരുപറഞ്ഞ് യഥാസമയം വാക്സിനേഷൻ നടത്താതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണവും വകുപ്പുതല നടപടിയും സ്വീകരിക്കുമോ?

തെരഞ്ഞെടുപ്പിന്റെയും മറ്റും പേരുപറഞ്ഞ് യഥാസമയം വാക്സിനേഷൻ നടത്താതിരുന്നിട്ടില്ല.

(ഡി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ കുളമ്പ് രോഗത്താൽ മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കാമോ?

കുളമ്പുരോഗംമൂലം മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി 100 കർഷകരുടെ അപേക്ഷകളും

അനുബന്ധരേഖകളും പരിശോധിച്ചുവരുന്നു. കൂടാതെ കർഷകർക്ക് മരുന്ന് വാങ്ങുന്നതിന് ചെലവായ തുക അനുവദിച്ചുനൽകുന്നതിനായി 127 കർഷകരുടെ ബില്ലുകളും രേഖകളും പരിശോധിച്ചുവരുന്നു.

ചാലക്കുടി മൃഗാശുപത്രിയിലെ ചികിത്സാ സംവിധാനങ്ങൾ

345(1330) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മൃഗാശുപത്രിയിൽ സ്കാനിംഗ്, എക്സ്റേ, ലബോറട്ടറി സംവിധാനങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. ചാലക്കുടി താലൂക്കിൽ മാള വെറ്ററിനറി പോളിക്ലിനിക്കിൽ ലാബ് സൗകര്യം നിലവിലുള്ളതും ആയത് മറ്റ് സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നതുമാണ്. സ്കാനിംഗ് സൗകര്യം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ലഭ്യമാണ്. എക്സ്റേ സൗകര്യം തൃശ്ശൂർ ജില്ലയിലെ ഒരു മൃഗാശുപത്രിയിലും ലഭ്യമല്ല. പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(ബി) പ്രസ്തുത മൃഗാശുപത്രിയിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു. ജില്ലയിലെ സെൻട്രൽ വെറ്ററിനറി സ്റ്റോർ മുഖേന ആവശ്യത്തിനുള്ള മരുന്നുകൾ നൽകിവരുന്നു. കൂടാതെ ചാലക്കുടി നഗരസഭയുടെ ഫണ്ട് ഉപയോഗപ്പെടുത്തിയും മരുന്ന് വാങ്ങുന്നുണ്ട്.

കൊരട്ടി മൃഗാശുപത്രിക്ക് പുതിയ കെട്ടിടം

346(1331) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി മൃഗാശുപത്രിയുടെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മൃഗാശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ;

ഉണ്ട്. പ്രസ്തുത മൃഗാശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലാണ്.

(ബി) കൊരട്ടി മൃഗാശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൊരട്ടി മൃഗാശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറി അപ്ഗ്രഡേഷൻ

347(1332) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറി, മേഖല ലബോറട്ടറി ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറിയെ ജില്ലാ ലബോറട്ടറി ആക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

മൃഗാശുപത്രി കെട്ടിടം നിർമ്മാണം

348(1333) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ കോട്ടുകാൽ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥലത്ത് മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോവളം മണ്ഡലത്തിലെ കോട്ടുകാൽ പഞ്ചായത്തിൽ മൃഗാശുപത്രി കെട്ടിടം ഉള്ളതിനാൽ പഞ്ചായത്തിൽ കരിയറ എന്ന സ്ഥലത്ത് ഒരു വെറ്ററിനറി സബ്സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയിലെ നിയമനങ്ങൾ

349(1334) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തിക തിരിച്ച് വിശദമാക്കാമോ;

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ ജി.ഒ. (എം.എസ്.) നം.296/99/എ.ഡി, 15-10-99 പ്രകാരമാണ് തസ്തികകൾ നിശ്ചയിച്ച് നിയമനത്തിനുള്ള റൂൾ ഉണ്ടാക്കിയത്. കമ്പനിക്ക് ഇപ്പോൾ നിലവിലുള്ള 80 തസ്തികകൾ അംഗീകരിച്ചത് ജി.ഒ (എം.എസ്) നം.136/15/ എ.ഡി.

17.8.2015 പ്രകാരമാണ്. ഈ തസ്തികകളിലെ നിയമനങ്ങൾ, നിയമനരീതി, ഇപ്പോഴുള്ള വേക്കൻസി എന്നിവ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരെ നിയമിച്ചത് പി.എസ്.സി./എംപ്ലോയ്മെന്റ്/കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ പ്രകാരമായിരുന്നോ; വിശദമാക്കാമോ?

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലെ ജീവനക്കാരെ നിയമിക്കുന്നത് പി.എസ്.സി./എംപ്ലോയ്മെന്റ്/കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ പ്രകാരമാണ്. സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി.-ക്ക് വിട്ട തസ്തികകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിക്വസിഷൻ നൽകിയിട്ടുണ്ട്. നാളിതുവരെ നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടില്ല. ഇതിലുപരി കശാപ്പും അനുബന്ധ ജോലികളും ചെയ്യാൻ പുതിയ പ്ലാന്റിലേയ്ക്ക് Employment Exchange-ൽനിന്നും പത്രപ്പരസ്യം വഴിയും ലഭിച്ച അപേക്ഷകരിൽനിന്നും ഇന്റർവ്യൂ നടത്തി ദിവസക്കൂലി അടിസ്ഥാനത്തിൽ ഓരോ ദിവസവും ആവശ്യം വരുന്നവരെ നിയമിച്ചുവരുന്നു. കൂടാതെ പരിസരവാസികളായ 12 സ്ത്രീ തൊഴിലാളികളെ പാക്കിംഗ് ജോലിക്കായി ദിവസക്കൂലി വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഒഴിവുകൾ സംബന്ധിച്ച പരസ്യം ഏതെല്ലാം പത്രങ്ങളിലാണ് നൽകിയിരുന്നത്; വിശദമാക്കാമോ?

മലയാള മനോരമ അടക്കമുള്ള പ്രധാന പത്രങ്ങളിൽ ഒഴിവുകൾ സംബന്ധിച്ച പരസ്യം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ നിയമനം ലഭിച്ചവർ മുൻപ് ഈ സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടോ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഉണ്ട്.

മുൻപ് ജോലി ചെയ്തിരുന്നത്	**ഇപ്പോൾ ജോലി ചെയ്യുന്ന തസ്തിക**
മാനേജ്മെന്റ് ട്രയിനി (മാർക്കറ്റിംഗ്) (1 വർഷം)	അസി.മാനേജർ (മാർക്കറ്റിംഗ്)
മാനേജ്മെന്റ് ട്രയിനി (മാർക്കറ്റിംഗ്) (2 വർഷം)	സൂപ്പർവൈസർ (കൊമേഴ്സ്)
മാനേജ്മെന്റ് ട്രയിനി (പ്രൊഡക്ഷൻ) (6.5 വർഷം)	അസി.മാനേജർ (പ്രൊഡക്ഷൻ)
മെക്കാനിക്കൽ എൻജിനീയറിംഗ് ട്രയിനി (3 വർഷം)	അസി.എൻജിനീയർ
മാനേജ്മെന്റ് ട്രയിനി (മാർക്കറ്റിംഗ്) (5 വർഷം)	സെയിൽസ് എക്സിക്യൂട്ടീവ്

മൃഗഡോക്ടർമാരുടെ അപര്യാപ്തത

350(1335) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ നിലവിൽ മൃഗഡോക്ടർമാർ ഇല്ലാത്ത എത്ര മൃഗാശുപത്രികൾ ഉണ്ടെന്ന വിശദാംശം നൽകാമോ?

ഒന്ന്.

(ബി) മൃഗഡോക്ടർമാർ ഇല്ലാത്ത മൃഗാശുപത്രികളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നു.

സീനിയർ ക്ഷീരവികസന ഓഫീസർ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

351(1336) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിൽ സീനിയർ ക്ഷീരവികസന ഓഫീസർ എന്ന തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തിക അനുവദിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഉണ്ട്. 2011-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമാണ് സീനിയർ ക്ഷീരവികസന ഓഫീസർ തസ്തിക അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

നിലവിൽ ക്ഷീരവികസന ഓഫീസർ തസ്തികകളുടെ ആകെ എണ്ണം 196 ആണ്. 201-ലെയും 202-ലെയും ശമ്പള പരിഷ്കരണം പ്രകാരം 2:1 എന്ന അനുപാതത്തിലാണ് ക്ഷീരവികസന ഓഫീസർമാരിൽനിന്നും സീനിയർ ക്ഷീരവികസന ഓഫീസർമാരെ നിയമിക്കുന്നത്. ഈ അനുപാതം കണക്കിലെടുക്കുമ്പോൾ സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ എണ്ണം 65 ആണെങ്കിലും സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ സമാന തസ്തികയായ (ശമ്പള സ്കെയിൽ തുല്യമായ) വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ എണ്ണം കുറച്ച ശേഷമാണ് ഈ അനുപാതത്തിൽ സീനിയർ ക്ഷീരവികസന ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം 37 ആണ്. ആയതിനാൽ 65-ൽനിന്നും 37 അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം കുറച്ച് ബാക്കിയുള്ള 28

തസ്തികകളിലേയ്ക്കാണ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ക്ഷീരവികസന ഓഫീസർമാരെ സീനിയർ ക്ഷീര വികസന ഓഫീസർ ആയി നിയമനം നടത്തുന്നത്.

ഗുരുവായൂർ മണ്ഡലത്തിലെ തീറ്റപ്പുൽ കൃഷി

352(1337) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ എത്ര ഹെക്ടറിൽ തീറ്റപ്പുൽ കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ;

26.44 ഹെക്ടർ.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് തീറ്റപ്പുൽ കൃഷി നടത്തുന്നത് എന്ന് വിശദീകരിക്കാമോ?

ചാവക്കാട് മുനിസിപ്പാലിറ്റിയിൽപ്പെട്ട ചാവക്കാട്, തിരുവത്ര, എടക്കഴിയൂർ, അഞ്ചാംകല്ല്, മണത്തല, ആലുംപടി, ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽപെട്ട ഗുരുവായൂർ, ഇരിങ്ങാപ്പുറം, പേരകം, കോട്ടപ്പടി, അഞ്ഞൂർ, തൊഴിയൂർ, പുന്നയൂർക്കുളം പഞ്ചായത്തിൽപ്പെട്ട പുന്നയൂർക്കുളം, ചമ്മന്നൂർ, അണ്ടത്തോട്, ആറ്റുപുറം, ആൽത്തറ, പുന്നയൂർ പഞ്ചായത്തിൽപ്പെട്ട കല്ലൂർ, ഞമനേങ്ങാട്, വെലത്തൂർ, വടക്കേക്കാട്

പഞ്ചായത്തിൽപ്പെട്ട ഒരുമനയൂർ, എങ്ങണ്ടിയൂർ എന്നീ പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുവരുന്നു.

(സി) കിലോമീറ്ററുകളോളം വിസ്തൃതിയുള്ളതും കടലാക്രമണ ഭീഷണി ഇല്ലാത്തതുമായ ചാവക്കാട് മുതൽ പുന്നയൂർ വരെയുള്ള പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിന്റെ സാദ്ധ്യത പരിഗണിക്കുമോ; ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടില്ല.

<u>ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ</u>

353(1338) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ ജി. സ്റ്റീഫൻ</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസന മേഖലയെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികളുടെ ഗുണഫലങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21 ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലേയ്ക്ക് പാലുൽപ്പാദനം വർദ്ധിച്ചു. മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളുടേയും ആഭ്യന്തര പാൽ സംഭരണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21 കാലത്ത് തിരുവനന്തപുരം മേഖലാ യൂണിയന്റെ ആഭ്യന്തര സംഭരണത്തിൽ ദിനംപ്രതി ശരാശരി 39,599 ലിറ്ററിന്റെ വർദ്ധനവുണ്ടായി. എറണാകുളം മേഖല യൂണിയന്റെ പ്രതിദിന ശരാശരി സംഭരണത്തിൽ 25,502 ലിറ്ററിന്റെ വർദ്ധനവുണ്ടായി. മലബാർ മേഖല യൂണിയന്റെ ശരാശരി പ്രതിദിന പാൽ സംഭരണത്തിൽ 51,572 ലിറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ

മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ക്ഷീരവികസന മേഖലയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇവർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ക്ഷീരവികസന വകുപ്പിന്റെ എല്ലാ പദ്ധതികളും വനിതകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് നടപ്പിലാക്കുന്നത്. വകുപ്പ് വനിതകളുടെ സർവ്വേ നടത്തിയപ്പോൾ 36% സ്ത്രീകൾ ഈ മേഖലയിൽ വിവിധ തലങ്ങളിലായി പ്രവർത്തിച്ചുവരുന്നതായി കണക്കാക്കുന്നു. കൂടാതെ, വനിതാ ഗ്രൂപ്പുകൾക്കായി തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷിയും തീറ്റപ്പുൽ സംഭരണവും വിപണനവും നടപ്പിലാക്കിവരുന്നു. വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ വനിതകൾക്കായി കറവപ്പശു വാങ്ങൽ, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഇൻസെന്റീവ്, ബയോഗ്യാസ് പ്ലാന്റ്, കാലിത്തൊഴുത്ത് നിർമ്മാണം മുതലായവയും നടപ്പിലാക്കി വരുന്നു.

(സി) പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് എന്ന് അറിയിക്കുമോ?

വകുപ്പ് ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

*വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ്

*പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും

*കറവ പരിശീലനം

*ഇടുക്കി പാക്കേജ്

*വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം.

(ഡി) പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

പാലിന്റെ ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിച്ചു. ഇതിന്റെ ഭാഗമായി അധികം ഉല്പാദിപ്പിക്കപ്പെടുന്ന പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിനായി മലപ്പുറം ജില്ലയിൽ പാൽപ്പൊടി ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുട്ടയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടില്ല. 2020-21-ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ മുട്ടയുടെ വാർഷിക ഉല്പാദനം 21,768 ലക്ഷം ആണ് (പ്രൊവിഷണൽ). 2020-

21 വർഷം 23,346 ലക്ഷം മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് ഇറക്കുമതി ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദന വർദ്ധനവ്

354(1339) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി സമയത്ത് സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോ; തൊഴിലില്ലായ്മ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകരമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കോവിഡ് പ്രതിസന്ധി കാലത്ത് സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിച്ചില്ല എന്നാണ് ഉത്പാദന സൂചികാ കണക്കുകൾ കാണിക്കുന്നത്. എന്നിരുന്നാലും സംസ്ഥാനത്ത് ഈ കാലയളവിൽ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ അപര്യാപ്തത അനുഭവപ്പെട്ടിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ വളരെയധികം ആളുകൾ സ്വയം പര്യാപ്തതയ്ക്കുവേണ്ടി ഈ മേഖലയിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്.

ഇനം	2019-20	2020-21
പാൽ (ടൺ)	2,542.37	2,533.86
മുട്ട (ലക്ഷത്തിൽ)	21,812	21,768
ഇറച്ചി (ടൺ)	454.52	448.39

(ബി) ഇതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു.

1. ഗോവർദ്ധിനി പദ്ധതി - കന്നുകുട്ടി പരിപാലന പദ്ധതി പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ

2. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ആട് വളർത്തൽ യൂണിറ്റുകൾ

4. ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

5. രാത്രി കാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി

6. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി

7. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി

8. കർഷക പരിശീലന പരിപാടികൾ

9. വെറ്ററിനറി സേവനം

10. 2018-19-ൽ പുതുതായി ആരംഭിച്ച അനിമൽ റിസോഴ്സസ് ഡെവലപ്മെന്റ് (എ.ആർ.ഡി.) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

11. കോഴി വളർത്തൽ പദ്ധതി

(സി) മൃഗപരിപാലനം വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ട് വെറ്റിനറി ക്ലിനിക്കുകളിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളിക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ കേരളത്തിലെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും ഉൾപ്പെടെ 156 കേന്ദ്രങ്ങളിൽ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ

വികസനവും പുന:സംഘടനയും എന്ന പദ്ധതിയിൽ 2,900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 182 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 100 ലക്ഷം രൂപയും വെറ്ററിനറി പോളിക്ലിനിക്കുകളുടേയും ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നുസംഭരണത്തിനായി പ്രത്യേകം ഘടകം ഉള്ളതിൽ 2021-22 ൽ 1,400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) വളർത്തു മൃഗങ്ങൾക്ക് ഫ്ലൂയിഡ് തെറാപ്പി ചെയ്യേണ്ടിവരുന്ന അവസരങ്ങളിൽ മറ്റ് കേസുകൾ യഥാസമയം പരിശോധിക്കുന്നതിനുള്ള സംവിധാനം എന്തൊക്കെയെന്ന് അറിയിക്കാമോ?

ഒന്നിൽ കൂടുതൽ ഡോക്ടർമാർ ഉള്ള സ്ഥാപനങ്ങളിൽ വളർത്തു മൃഗങ്ങൾക്ക് ഫ്ലയിഡ് തെറാപ്പി ചെയ്യേണ്ടിവരുന്ന അവസരങ്ങളിൽ മറ്റ് കേസുകൾ ഒരു ഡോക്ടർ കൈകാര്യം ചെയ്യുന്നതായിരിക്കും. ഒരു ഡോക്ടർ മാത്രമുള്ള സാഹചര്യത്തിൽ പ്രാഥമിക ചികിത്സയിൽ പരിചയമുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പക്ടർ, ഡോക്ടറുടെ മേൽ നോട്ടത്തിൽ ഫ്ലയിഡ് തെറാപ്പി ചെയ്യുന്നതായിരിക്കും.

(ഇ) മൃഗപരിപാലനത്തിന് ആവശ്യമായ മരുന്നുകൾ ക്ലിനിക്കുകളിൽ ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നുസംഭരണത്തിനായി പ്രത്യേകം ഘടകം ഉള്ളതിൽ 2021-22-ൽ 1,400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്.

(എഫ്) ഇറച്ചിയുടെയും പാലിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഇറച്ചിയുടെയും പാലിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വലിയ അളവിൽ പരിശോധന നടത്തുന്ന സ്ഥാപനങ്ങൾ നിലവിലില്ല. എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന SLMAP എന്ന സ്ഥാപനത്തിൽ ഇറച്ചിയുടെ ഗുണനിലവാരം പരിശോധിക്കുന്ന ലബോറട്ടറി നിലവിലുണ്ട്.

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

355(1340) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടി തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽനിന്ന് കർഷകർക്ക് ആശ്വാസം നൽകുന്നതിനാണ് തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകിവരുന്നു. കൂടാതെ ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. ക്ഷീര സംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായം നൽകൽ പദ്ധതിയിൽ നടത്തിവരുന്നു. ക്ഷീരവികസന വകുപ്പിന്റെ ഗുണനിലവാര ലാബുകൾ ശക്തിപ്പെടുത്തുന്നു.

കാലിത്തീറ്റ സബ്സിഡി ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് നൽകി വരുന്നു.

(സി) ക്ഷീരവികസന വകുപ്പ് ക്ഷീരകർഷക ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

ക്ഷീര കർഷക ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനോടൊപ്പം കർഷകനെയും കുടുംബത്തെയും ഇൻഷ്വർ ചെയ്യാൻ സാധിക്കും. കൂടാതെ ക്ഷീരകർഷക ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി പെൻഷനും നൽകിവരുന്നു. കുടംബ പെൻഷൻ, വിദ്യാഭ്യാസ സഹായം, വിവാഹ ധനസഹായം എന്നിവയും നൽകിവരുന്നു.

ക്ഷീരഗ്രാമം പദ്ധതി

356(1341) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദന മേഖല കൂടുതൽ ആദായകരവും സുസ്ഥിരവുമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര

കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

(ബി) ക്ഷീര ഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതിനായി സർക്കാർ ധനസഹായത്തോടെ കറവപശുക്കളെ വാങ്ങുന്നതിനും രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

(സി) ക്ഷീര ഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ

പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ പാലുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) മലപ്പുറം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2018-19 -ൽ കണ്ണമംഗലം, വട്ടക്കുളം പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 2019-20-ൽ ആനക്കയം പഞ്ചായത്തിലും 2020-21-ൽ മങ്കട പഞ്ചായത്തിലും പദ്ധതി നടപ്പിലാക്കി.

(ഇ) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ക്ഷീരവികസന വകുപ്പുമുഖേന തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിനത്തിൽ 2017-18 വർഷം 1,76,000/- രൂപയും 2018-19 വർഷം 6,15,443/- രൂപയും തിരൂർ മണ്ഡലത്തിൽ ചെലവഴിച്ചു. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായമായി 2017-18 ൽ 56,707/- രൂപയും 2018-19 ൽ 1,25,919/- രൂപയും നൽകി. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായി 2017-18, 2018-19 കാലഘട്ടങ്ങളിൽ യഥാക്രമം 39,000/- രൂപയും 25,000/-രൂപയും ചെലവഴിച്ചു. തീറ്റപ്പുൽകൃഷിയ്ക്കായി 2017-18 ൽ 1000/- രൂപയും 2018-19 ൽ

45,225/- രൂപയും ധനസഹായം നൽകി. ധാതുലവണമിശ്രിത വിതരണത്തിനായി 2018-19 ൽ മണ്ഡലത്തിൽ 16,000/- രൂപ നൽകി. കേന്ദ്രസർക്കാർ സ്കീമിൽ 2017-18-ൽ 25,100/- രൂപയുടെ ഫണ്ട് ചെലവഴിച്ചു. ക്യാറ്റിൽഫീഡ് സബ്സിഡിയായി തദ്ദേശസ്വയംഭരണ വകുപ്പുവഴി 9,47,183/- രൂപ 2018-19 ൽ മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് നൽകുന്ന മിൽക്ക് ഇൻസെന്റീവ് പദ്ധതി പ്രകാരം ധനസഹായമായി 2017-18 ൽ 7,92,797/- രൂപയും 2018-19 ൽ 3,17,327/- രൂപയും തിരുർ മണ്ഡലത്തിൽ നൽകിയിട്ടുണ്ട്.

കോവിഡ് കാലത്തെ അധിക ക്ഷീരോത്പാദനം

357(1342) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വയനാട് ജില്ലയിൽ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് വർദ്ധിച്ചുവെങ്കിലും വിപണി കണ്ടെത്താൻ കഴിയാതെ ബുദ്ധിമുട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. വയനാട് ജില്ലയിൽ 55 ക്ഷീരസംഘങ്ങൾ വഴി മിൽമ സംഭരിക്കുന്ന പാൽ ശരാശരി പ്രതിദിനം 2,15,500 ലിറ്ററാണ്. ഇത് 2021 ജൂൺ മാസത്തിലെ ശരാശരിയാണ്. സംഘങ്ങൾ നൽകുന്ന മുഴുവൻ പാലും ദിവസവും സംഭരിക്കാൻ മിൽമ പരമാവധി ശ്രദ്ധിക്കുന്നുണ്ടെങ്കിലും കോവിഡ് വ്യാപനത്തെ തുടർന്ന് പ്രാദേശിക പാൽ ആവശ്യകതയിൽ കുറവുണ്ടായിരുന്നു. ഇതിനെ തുടർന്ന് കർഷകർ കൂടുതൽ പാൽ സംഘങ്ങളിൽ എത്തിക്കുന്ന സാഹചര്യമുണ്ടായി. ഇങ്ങനെ അധികമായി എത്തിയ പാൽ ചില സംഘങ്ങളിൽനിന്നും സംഭരിക്കാൻ സാധിച്ചിരുന്നില്ല. എങ്കിലും ക്ഷീരകർഷകർക്ക് ഇതുവഴി ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ അധികമായി സംഭരിക്കേണ്ടിവരുന്ന പാൽ അന്യസംസ്ഥാനത്ത് എത്തിച്ച് പാൽ പൊടിയാക്കി വരുന്നുണ്ട്. വയനാട് ജില്ലയിലെ ചില സംഘങ്ങൾ പാൽ സംഭരിച്ച് ബ്രാൻഡ് ചെയ്ത് വ്യാപകമായി വിപണനം ചെയ്യുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്ഷീരകർഷകരിൽ നിന്നും സൊസൈറ്റികളിൽനിന്നും മിൽമ ശേഖരിക്കുന്ന പാലിന് വയനാട് ജില്ലയിൽ കൺവർഷൻ ചാർജ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചാർജ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ 55 സംഘങ്ങളിൽ രണ്ട് സംഘങ്ങളിൽനിന്നുള്ള പാൽ സംഭരിക്കുന്നതിന് മാത്രമാണ് കൺവർഷൻ ചാർജ്ജ് ഏർപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ വരദൂർ, കുന്നമ്പറ്റ എന്നീ രണ്ട് സംഘങ്ങൾ ബൈലോ നിബന്ധനകൾക്ക് വിരുദ്ധമായി സ്വന്തമായി ബ്രാൻഡ് ചെയ്ത് പാലും പാലുൽപ്പന്നങ്ങളും സംഘത്തിന്റെ പ്രവർത്തന മേഖലയ്ക്ക് പുറമേ വ്യാപകമായി വിൽപ്പന നടത്തി മിൽമയ്ക്ക് സമാന്തരമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനാൽ ടി സംഘങ്ങൾ മിൽമയ്ക്ക് ഒരു നിശ്ചിത പരിധിക്കുപുറത്ത് നൽകുന്ന പാലിന് മാത്രമാണ് കൺവർഷൻ ചാർജ്ജ് ഈടാക്കുന്നത്. പ്രസ്തുത ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കാനാകില്ല. മറ്റ് സംഘങ്ങളിൽനിന്ന് കൺവർഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത

358 (1343) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകുപ്പിന് 52,263 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിന്റെ 90% തുകയും ക്ഷീരമേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. ഇതുവഴി സംസ്ഥാനം പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിച്ചേർന്നു. ക്ഷീരരംഗത്തെ വളർച്ചയും മികച്ച നേട്ടങ്ങളും കണക്കിലെടുത്ത് കേരളത്തിന് 2019 വർഷത്തെ ദേശീയ തലത്തിലുള്ള ഇന്ത്യാടുഡേ അവാർഡ് ലഭിക്കുകയുണ്ടായി. കൂടാതെ 2014-15 -ൽ ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 15.26 ലക്ഷം ലിറ്ററിൽനിന്നും 2020-21-ൽ 19.43 ലക്ഷം ലിറ്ററായി വർദ്ധിക്കുകയും ചെയ്തു. സംസ്ഥാനത്ത് 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് ആവശ്യംകഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടിയായി മാറ്റി സംഭരിക്കുന്നതിലേയ്ക്കായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലേയ്ക്ക് പാലുൽപ്പാദനം വർദ്ധിച്ചു.

(ബി) കഴിഞ്ഞ അഞ്ചുവർഷം വകുപ്പ് നടപ്പിലാക്കിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കാനും ക്ഷീരോല്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും വകുപ്പ് ഈ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നു. നൂതന പദ്ധതികളായ വൈയ്ക്കോൽ ബയിലിംഗ് യൂണിറ്റ്, കറവ പരിശീലനം, പാരമ്പര്യേതര തീറ്റവസ്തുക്കളുടെ സംഭരണവും വിപണനവും തെരഞ്ഞെടുത്ത ജില്ലകളിൽ ശുദ്ധമായ പാലുല്പാദന കിറ്റ് വിതരണം, ഇടുക്കി ജില്ലയ്ക്കായുള്ള പ്രത്യേക ഡയറി പാക്കേജ് എന്നിവയിലൂടെ തുടർന്നും ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പഞ്ചായത്തടിസ്ഥാനത്തിൽ ഡയറി സോണുകൾ രൂപീകരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ഡി) ക്ഷീരസംഘങ്ങളുടെ നവീകരണപദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ക്ഷീരസംഘങ്ങളുടെ നവീകരണത്തിനായി ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരസംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം എന്നീ രണ്ട് പ്രധാന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണനിലവാരമുള്ള പാൽ സംഭരിക്കുന്നതിനും വിപണനത്തിനും ക്ഷീര സംഘങ്ങളുടെ ആസ്തി വർദ്ധനവിനുമുള്ള ടി പദ്ധതികൾ ഈ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നുണ്ട്. കൂടാതെ ETP, സോളാർ പവർ ജനറേഷൻ, Rain Water Harvesting എന്നിവയ്ക്കായും പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനുള്ള സഹായവും നൽകുന്നുണ്ട്. ആയതിലേയ്ക്കായി ആകെ 1,800 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ക്ഷീരവികസന മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് മിൽക്ക് ഇൻസെന്റീവ്, കാലിത്തീറ്റ ധനസഹായം, പശുവാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, ബയോ ഗ്യാസ് പ്ലാന്റ്, തീറ്റപ്പുൽകൃഷി, ചാണകക്കുഴി നിർമ്മാണം ഇങ്ങനെ വിവിധങ്ങളായ പദ്ധതികളിലൂടെ ക്ഷീരവികസന മേഖലയിലെ പ്രവർത്തനങ്ങളെ വിപുലീകരികരിക്കാൻ ഉദ്ദേശിക്കുന്നു. ഇവ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്കും വനിതകൾക്കും മുൻഗണന നൽകുന്ന പദ്ധതികളാണ്.

(എഫ്) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദംശം നൽകാമോ?

സംസ്ഥാനത്ത് അധികം സംഭരിക്കുന്ന പാൽ പൊടിയാക്കുന്നതിനായുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മലപ്പുറം ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ക്ഷീര പരിശീലനകേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം

നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിപണനം ചെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നു.

പാലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി

359(1344) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശു വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം, കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷി, യന്ത്രവത്കരണം, മറ്റ് അവശ്യാധിഷ്ഠിത ധനസഹായങ്ങൾ എന്നിവ ക്ഷീരകർഷകർക്ക് നൽകി വരുന്നു. പശു വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച കർഷകർക്ക് 60 വയസ്സിനുശേഷം ക്ഷീര കർഷക ക്ഷേമനിധി പെൻഷനും അർഹതയുണ്ട്. എറണാകുളം മേഖലയിൽ കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, മെഡിക്ലെയിം ഇൻഷ്വറൻസ് സബ്സിഡി, അകിടുവീക്ക നിയന്ത്രണത്തിനുള്ള പ്രത്യേക പദ്ധതി, വൈക്കോൽ വിതരണ സബ്സിഡി, വിരശല്യ നിർമ്മാർജ്ജന പദ്ധതി, കറവയന്ത്ര സബ്സിഡി, റബ്ബർമാറ്റ് സബ്സിഡി, സംഘം ജീവനക്കാർക്കും കർഷകർക്കും

പരിശീലനം, ചാഫ് കട്ടർ ധനസഹായം, വീൽ ബാരോ സബ്സിഡി, പ്രഷർ വാഷ് സബ്സിഡി, പശു വായ്പ പലിശ സബ്സിഡി എന്നിവ നൽകുന്നുണ്ട്. കൂടാതെ മൃഗചികിത്സ സംവിധാനം പുനരാരംഭിക്കുന്നതിന് പി & ഐ ബഡ്ജറ്റിൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം മേഖലയിൽ ഗോവർദ്ധിനി കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി, സമയബന്ധിതമായ കൃത്രിമ ബീജധാന പദ്ധതി, അടിയന്തര മൃഗചികിത്സാ സൗകര്യം, മൃഗചികിത്സാ ക്യാമ്പുകൾ/കർഷക ബോധവൽക്കരണ സെമിനാറുകൾ/ വെബിനാറുകൾ, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, കെട്ടിടനിർമ്മാണ ഗ്രാന്റ് എന്നിവ നടപ്പിലാക്കിവരുന്നു. മലബാർ മേഖലാ യൂണിയൻ ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള തീറ്റ വസ്തുക്കളായ ഹൈബ്രിഡ് നേപ്പിയർ പച്ചപ്പുല്ല്, കായ്ഫലത്തോടുകൂടിയ ചോളത്തണ്ട്, ചോള സൈലേജ് എന്നിവ സബ്സിഡിയോടുകൂടി നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള വൈക്കോലും സമീകൃത കാലിത്തീറ്റയും കടലപ്പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, അരിത്തവിട്, ഗോതമ്പുതവിട് എന്നിവയും ലഭ്യമാക്കുന്നുണ്ട്. അർഹരായ കർഷകർക്ക് പകുതിവിലയ്ക്ക് ധാതുലവണ മിശ്രിതം, ബൈപ്പാസ് ഫാറ്റ് എന്നിവ മലബാർ മിൽമ

നൽകുന്നുണ്ട്. കർഷകർക്ക് ഇൻസെമിനേഷന് ചെലവാകുന്ന ബീജമാത്രകളുടെ വില പൂർണമായും സൗജന്യമായി നൽകുന്നുണ്ട്. മൃഗ ചികിത്സ ലഭ്യമാകാത്ത ഇടങ്ങളിൽ നാമമാത്രമായ ചാർജ് ഈടാക്കിക്കൊണ്ട് മരുന്നും ഡോക്ടറുടെ സേവനവും കർഷക ഭവനങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിന് പ്രീമിയത്തിന്റെ ഒരു വിഹിതം മിൽമ മലബാർ മേഖലാ യൂണിയൻ നൽകിവരുന്നുണ്ട്. അർഹരായ കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് അവരുടെ പശുക്കുട്ടികളെ 2 വർഷക്കാലം ദത്തെടുത്തുകൊണ്ട് പകുതിവിലയ്ക്ക് കാലിത്തീറ്റ, ധാതുലവണ മിശ്രിതം, മീനെണ്ണ, 3 വർഷത്തേയ്ക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകിവരുന്നുണ്ട്. അകിടുവീക്കം രോഗംമൂലം കർഷകർക്ക് ഉണ്ടാകുന്ന വലിയ നഷ്ടം ഒഴിവാക്കാനായി സൗജന്യ അകിട് രോഗ പരിശോധന വ്യാപകമായി മലബാർ മേഖലാ യൂണിയൻ നടപ്പിലാക്കുന്നുണ്ട്.

(ബി) പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയുടെ ഘടകപദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും നടപ്പിലാക്കിവരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില

വർദ്ധിക്കുന്നതുമാണ്. ഇതിൽനിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിന് പുറമെ മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ മുഖേന പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ക്ഷീരോത്പാദന പദ്ധതികൾ

360 (1345) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരോത്പാദന വർദ്ധനവിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടകപദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ്

ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽനിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

കേരള ഫീഡ്സിന്റെ പ്രവർത്തനങ്ങൾ

361 (1346) ശ്രീ. എ.എൻ.ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളുടെ ഉത്പാദന സംവിധാനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളുടെ ഉത്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1) തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ യൂണിറ്റിന്റെ പ്രതിദിന ഉല്പാദന ശേഷി 500 MT യിൽ നിന്ന് 650 MT ആക്കാൻ പെല്ലറ്റ് മില്ലും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചു.

2) അസംസ്കൃത വസ്തുക്കളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി 8 സൈലോകൾ (for 2000 MT DORB storage) സ്ഥാപിച്ചു.

3) 20 വർഷത്തിലധികം കാലപ്പഴക്കം ചെന്ന പെല്ലറ്റ് മിൽ 'ഓട്ടോമാറ്റിക് ഡൈ റോളർ സ്പേസിങ്ങ്'; (Automatic Die-Roller Spacing) സംവിധാനം ഏർപ്പെടുത്തി നവീകരിച്ചു.

4) അസംസ്കൃത വസ്തുക്കൾ പൊടിക്കുന്ന 20 വർഷത്തിലധികം പഴക്കമുള്ള ഹാമ്മർ മിൽ മാറ്റി പുതിയ കപ്പാസിറ്റി കൂടിയ 'ഹാമ്മർ മിൽ' സ്ഥാപിച്ചു.

5) കേരള ഫീഡ്സിന്റെ ബൈപ്പാസ് പ്രോട്ടീൻ കാലിത്തീറ്റയായ 'ഡയറി റിച്ച്' ഉല്പാദിപ്പിക്കുന്നതിനായി ബൈപ്പാസ് പ്രോട്ടീൻ പ്ലാൻറ് കല്ലേറ്റുംകരയിൽ സ്ഥാപിച്ചു.

6) മലപ്പുറം ജില്ലയിലെ ആതവനാട് പ്രവർത്തിക്കുന്ന കേരള ഫീഡ്സിന്റെ ധാതുലവണ മിശ്രിത യൂണിറ്റിന്റെ പ്രതിദിന ഉല്പാദനശേഷി 4 MT- യിൽ നിന്ന് 10 MT ആയി വർദ്ധിപ്പിച്ചു.

(ബി) ഉയർന്ന പാലുത്പാദനം സാദ്ധ്യമാക്കുന്നതിനും പാലിന്റെ ഗുണമേന്മ, കന്നുകാലികളുടെ പ്രത്യുൽപ്പാദനക്ഷമത, ആരോഗ്യം എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി കെ. എഫ്. ഡയറി റിച്ച് പ്ലസ് ഉത്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(സി) സങ്കരയിനം പശുക്കളുടെ ആരോഗ്യം ഉറപ്പുവരുത്തി പാലുത്പാദന ശേഷി വർദ്ധിപ്പിക്കുന്ന കെ.എഫ്.എലൈറ്റ് ഉത്പന്നങ്ങൾക്കുള്ള ആവശ്യകത വർദ്ധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ഡി) ഉത്പന്ന വൈവിദ്ധ്യവൽക്കരണത്തിനും വിലസ്ഥിരതയ്ക്കും കേരള ഫീഡ്സ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കാലിത്തീറ്റ ശ്രേണിയിൽ 'കെ.എഫ്. ഡയറി റിച്ച് പ്ലസ്' എന്ന അത്യുൽപാദന ശേഷിയുള്ള കറവപ്പശുക്കൾക്കുള്ള ബൈപാസ് പ്രോട്ടീൻ കാലിത്തീറ്റ വിപണിയിൽ അവതരിപ്പിച്ചു. ആടുതീറ്റ ശ്രേണിയിൽ ചെറുകിട ആടുകർഷർക്കുവേണ്ടി മിതമായ നിരക്കിൽ ആടുതീറ്റ ലഭ്യമാക്കാനായി 'കെ.എഫ്. റെഗുലർ ഗോട്ട് ഫീഡ്' വിപണിയിലിറക്കി. കോഴിത്തീറ്റ ശ്രേണിയിൽ 'കെ.എഫ്. അതുല്യം ലേയർ' 'കെ.എഫ്. അതുല്യം ഗ്രോവർ' 'കെ.എഫ്. കൈരളി' എന്നീ വിവിധ മുട്ടക്കോഴിത്തീറ്റകൾ വിപണിയിൽ അവതരിപ്പിച്ചു. വിപണിയിൽ വിലസ്ഥിരത നിലനിർത്തുന്നതിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കളുടെ വില വർദ്ധിക്കുമ്പോഴും കേരള ഫീഡ്സിന്റെ ഉൽപ്പന്നങ്ങളുടെ വില ആനുപാതികമായി വർദ്ധിപ്പിക്കാറില്ല. അതിനാൽ തന്നെ വിപണിയിലെ കാലിത്തീറ്റയുടെ വില കൂടുന്നത് ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്.

വള്ളിക്കുന്ന് മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

362(1347) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

ക്ഷീരവൃത്തി ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായുള്ള സാധ്യതാ പഠനം വള്ളിക്കുന്ന് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടത്തിയതിന് ശേഷം പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെന്ന് വ്യക്തമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്.

ക്ഷീരമേഖലയുടെ വികസനം

363(1348) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ക്ഷീരകർഷകർക്കായി ഏതൊക്കെ തരത്തിലുള്ള ക്ഷേമപദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശം അറിയിക്കാമോ;

ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വവും പെൻഷന് യോഗ്യതയുമുള്ള ക്ഷീര കർഷകർക്ക് 1,600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷനും 550/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകിവരുന്നു. കൂടാതെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മികച്ച ക്ഷീരകർഷകർക്ക് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്യാഷ് അവാർഡ് തുടങ്ങിയവയും നൽകി വരുന്നു. സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീര കർഷകനും കുടുംബാംഗങ്ങൾക്കും അവർ വളർത്തുന്ന കന്നുകാലികൾക്കും ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ കോവിഡ്-19 രോഗബാധിതരായ ക്ഷേമനിധി അംഗങ്ങൾക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും ക്ഷേമനിധി മുഖാന്തരം ധനസഹായം നൽകിവരുന്നു.

(ബി) ഗ്രാമീണമേഖലയിൽ പാലിന്റെയും പാലുത്പന്നങ്ങളുടെയും ഉപയോഗവും വിപണനവും വിപുലീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴി പാലിന്റെയും പാലുല്പന്നങ്ങളുടെയും ഉപയോഗവും വിപണനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകി വരുന്നു. കൂടാതെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ക്ഷീര സംഘങ്ങളിൽ പാലുല്പന്നങ്ങളുടെയും പാലിന്റെയും ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായവും നൽകിവരുന്നു. മിൽമ മേഖലാ യൂണിയനുകൾ മുഖാന്തരം ക്ഷീര സംഘങ്ങൾ കേന്ദ്രീകരിച്ച് മിൽമ ഷോപ്പുകളിലൂടെ പാലുത്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. ഇതിനായി സബ്സിഡി നിരക്കിൽ ഫ്രീസർ, കൂളർ എന്നിവയും നൽകുന്നു.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് മായംകലർന്ന പാലും പാലുല്പന്നങ്ങളും സംസ്ഥാനത്ത് എത്തിച്ച് വിപണനം നടത്തുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും

പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നിരന്തരമായുള്ള പരിശോധനകൾ കൂടാതെ ഓണം പോലുള്ള ആഘോഷ വേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. 2019 ജൂൺ മാസം മുതൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന 559

പാൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായോ, ഗുണനിലവാരമില്ലാത്തതോ ആയ പരിശോധനാ ഫലം ലഭിക്കുന്ന ബ്രാൻഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) പാറശ്ശാലയിൽ ആരംഭിച്ച ക്ഷീരപരിശോധനാ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പാറശ്ശാലയിൽ ആരംഭിച്ച ചെക്ക്പോസ്റ്റിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും പദ്ധതി വിഹിതത്തിൽനിന്നും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തു. 24 മണിക്കൂറും തുടർച്ചയായി പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി തിരുവനന്തപുരം ഗുണനിയന്ത്രണ ഓഫീസറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി

364 (1349) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനം നിലവിലുള്ളതിനാൽ സംസ്ഥാനത്തെ പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാൽ കവറുകൾ നിരോധിത പ്ലാസ്റ്റിക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഫോയിൽഡ് പേപ്പർ കവറുകളിൽ വിതരണം നടത്തുന്നതിന് പ്രത്യേകം നിർദ്ദേശം നൽകേണ്ട സാഹചര്യം നിലവില്ല. വെർജിൻ ഗ്രാന്യൂൾ ഉപയോഗിച്ചുള്ള എൽ.ഡി.പി.ഇ. ഫിലിമിനോടൊപ്പം ടെട്രാപായ്ക്ക്, ഫ്ളെക്സി പായ്ക്ക് എന്നീ തരത്തിലുള്ള അലൂമിനിയം ഫോയിലുള്ള പേപ്പർ കവറുകളിലും മിൽമപാൽ പായ്ക്ക് ചെയ്തുവരുന്നുണ്ട്.

(ബി) ഉപയോഗശേഷം പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുന്നതിന് മിൽമ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്നറിയിക്കാമോ?

ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാരംഭനടപടിയെന്ന നിലയ്ക്ക് സംസ്ഥാന സർക്കാരിനുകീഴിലുള്ള ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്ലാസ്റ്റിക് പാക്കേജുകൾ പുനരുപയോഗാർത്ഥം ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തുകയും കേരളത്തിലുടനീളമുള്ള മിൽമയുടെ ഡീലർ പോയിന്റുകളിലൂടെ ഉപയോഗിച്ച പാൽ കവറുകൾ

ശേഖരിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഓരോ മാസവും തിരിച്ചെടുക്കുന്ന പ്ലാസ്റ്റിക്കിന് നിർമ്മാതാവിൽനിന്നും കിലോഗ്രാമിന് ഒരു നിശ്ചിത തുക യൂസർ ഫീ കണക്കാക്കി പിരിക്കാനും ഇങ്ങനെ ലഭിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്വരൂപിക്കണമെന്നും ഈ തുക ഉപയോഗം കഴിഞ്ഞ് തിരിച്ചെടുക്കുന്ന പായ്ക്കറ്റുകളുടെ സംസ്കരണം, നീക്കം ചെയ്യൽ എന്നിവയ്ക്ക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിഗണനയിലാണ്. കോവിഡ് മഹാമാരിയും അനുബന്ധ ലോക്ഡൗണും കാരണം ഉപയോഗശേഷമുള്ള പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പൂർണമായും ഫലവത്തായിട്ടില്ല. താമസംവിനാ അത് പൂർണ്ണഫലപ്രാപ്തിയിലാകുന്നതാണ്.

(സി) പ്ലാസ്റ്റിക് നിരോധനത്തിനുശേഷവും സംസ്ഥാനത്ത് സ്വകാര്യ പാൽ കമ്പനികൾ പ്ലാസ്റ്റിക് കവറുകളിൽ പാലും പാലുത്പന്നങ്ങളും വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. പാൽ കവറുകൾ നിരോധിത പ്ലാസ്റ്റിക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ നിലവിൽ സംസ്ഥാനത്ത് സ്വകാര്യ പാൽ കമ്പനികൾക്ക് പ്ലാസ്റ്റിക് കവറുകളിൽ പാലും പാലുത്പന്നങ്ങളും വിൽപ്പന നടത്താവുന്നതാണ്. Extended producer responsibility അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പാൽ സംഭരണം

365 (1350) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയെന്നും മറ്റുസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെ അളവ് എത്രയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് പ്രതിദിനം ഏകദേശം 70 ലക്ഷം ലിറ്റർ ആണ്. മറ്റു സംസ്ഥാനങ്ങളിൽനിന്നും ക്ഷീരവികസന വകുപ്പിന്റെ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) ചെക്ക്പോസ്റ്റുകളിലൂടെ കടന്ന്

സംസ്ഥാനത്തെത്തുന്ന പാലിന്റെ അളവ് പ്രതിദിനം 4.9 ലക്ഷം ലിറ്റർ ആണ്.

(ബി) ഇതര സംസ്ഥാനത്തുനിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; പാലിൽ മായം കലർത്തിയതിന് കുറ്റക്കാരായി കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ കണ്ടെത്തിയവരെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ചെക്ക്പോസ്റ്റുകൾ നിലവിലുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം

കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ അയക്കാറുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നിരന്തരമായുള്ള പരിശോധനകൾ കൂടാതെ ഓണംപോലുള്ള ആഘോഷ വേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. 2019 ജൂൺ മാസം മുതൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന 559 പാൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായോ, ഗുണനിലവാരമില്ലാത്തതോ ആയ പരിശോധനാ ഫലം ലഭിക്കുന്ന ബ്രാൻഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ (1) സുഗുണ മിൽക്ക്, പൊള്ളാച്ചി (2) കർഷക മിൽക്ക്, കുണ്ടളം (3) അമൃത, ഈറോഡ് (4) അമൃത് മിൽക്ക്,

പൊള്ളാച്ചി (5) മലബാർ മിൽക്ക്, വടിയൂർ എന്നീ ഇതര സംസ്ഥാന പാൽ ബ്രാൻഡുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോവിഡ് ദുരിതകാലയളവിൽ പാൽ ശേഖരണം വെട്ടിക്കുറച്ച മിൽമയുടെ നടപടി പരിഹരിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിരുന്നോ;

&

(ഡി) എങ്കിൽ ആയത് പരിഹരിക്കാനും ക്ഷീര കർഷകരുടെ പാൽ മുഴുവനും ശേഖരിക്കാനുമായി സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

നടത്തിയിരുന്നു. സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ വഴി പാൽ പൂർണ്ണമായും സംഭരിക്കുകയും വിപണനം കഴിഞ്ഞ് ബാക്കിവരുന്ന അധിക പാൽ അന്യ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി പാൽപ്പൊടിയാക്കുകയും ചെയ്തുവരുന്നു.

<u>ക്ഷീര കർഷകർക്കുള്ള ആനുകൂല്യങ്ങൾ</u>

366(1351) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വവും, പെൻഷന് യോഗ്യതയുമുള്ള ക്ഷീര കർഷകർക്ക് 1,600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷനും 550/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകി വരുന്നു. കൂടാതെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മികച്ച ക്ഷീരകർഷകർക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്യാഷ് അവാർഡ്, ക്ഷീര സുരക്ഷാ പദ്ധതി പ്രകാരം അപകട മരണത്തിനുള്ള ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും ക്ഷേമനിധി മുഖാന്തരം നൽകിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകിവരുന്നു. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയവയും

നൽകി വരുന്നു. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽനിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാലവർഷക്കെടുതിയും മറ്റ് ദുരന്തങ്ങളുംമൂലം കന്നുകാലികളെ നഷ്ടപ്പെടുന്നവർക്കും കാലിത്തൊഴുത്തിന് നാശനഷ്ടം സംഭവിച്ചവർക്കും കണ്ടിജൻസി ഫണ്ടിൽനിന്നും അടിയന്തര ധനസഹായം നൽകിവരുന്നു. കൂടാതെ കോവിഡ്-19 രോഗബാധിതരായ ക്ഷേമനിധി അംഗങ്ങൾക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും ക്ഷേമനിധി മുഖാന്തരം ധനസഹായം നൽകിവരുന്നു.

(ബി) ക്ഷീരകർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് മറ്റ് സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതികളിൽ ചേരുന്നതിന് തടസ്സമുണ്ടോ?

ഇല്ല. എന്നാൽ സ.ഉ. (കൈ) നം. 483/2017/ധന, 06.11.2017 പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനോ, സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒരു പെൻഷൻ മാത്രമേ ഒരു വ്യക്തിക്ക് ലഭിക്കുകയുള്ളൂ.

(സി) ക്ഷീരകർഷകരുടെ നിലവിലുള്ള പെൻഷൻ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ അപാകതകൾ ഒന്നും ഇല്ല.

ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷ

367 (1352) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിൽ പ്രാധാന്യമുള്ളതുമായ പാലുല്പാദന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി: ക്ഷീരകർഷകർക്കും കുടുംബാംഗങ്ങൾക്കും കന്നുകാലികൾക്കും ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

ക്ഷീരകർഷക ക്ഷേമനിധി: കർഷകരുടെ സാഹമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി, 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകിവരുന്നു.

(ബി) ക്ഷീരകർഷകർക്ക് നൽകിവരുന്ന പെൻഷൻ തുകയെത്രയെന്നും അതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്നുമുള്ള വിവരം ലഭ്യമാണോ; പെൻഷൻ ഫണ്ടിലേയ്ക്കുള്ള വിഭവ സമാഹരണം എങ്ങനെയാണ്; കോവിഡ് പാശ്ചാത്തലത്തിൽ ഇവർക്കായി പ്രത്യേക സഹായ പദ്ധതി ആവിഷ്കരിച്ചിരുന്നോ; വിശദമാക്കാമോ?

2020-21 മാർച്ച് വരെ 353145 ക്ഷീരകർഷകർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. ആയതിൽ ക്ഷേമനിധി നിയമപ്രകാരം നിശ്ചിത യോഗ്യത നേടിയ 56,611 അംഗങ്ങൾക്ക് പ്രതിമാസം 1,600/- രൂപ വീതം പെൻഷൻ നൽകിവരുന്നു. ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകരിൽ നിന്നും പ്രതിമാസം 20/- രൂപയും ഓരോ ക്ഷീരസംഘവും സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.5 ശതമാനവും സംഘം മിൽമയ്ക്കോ

മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.3 ശതമാനവും മിൽമയോ മേഖലാ യൂണിയനോ വില്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75 ശതമാനവും എന്ന നിരക്കിൽ അംശദായമായി ക്ഷേമനിധിയിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ക്ഷേമനിധിയിൽ പെൻഷൻ വിഹിതമായി നേരിട്ടും ഫണ്ട് നൽകുന്നുണ്ട്. കോവിഡ് ബാധിച്ച ക്ഷീരകർഷകർക്ക് അടിയന്തിര ധനസഹായം ക്ഷേമനിധി ബോർഡ് നൽകിയിരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപയും കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകിയിട്ടുണ്ട് (കുറഞ്ഞത് 250/- രൂപ പരമാവധി 1,000/- രൂപ).

(സി) യുവാക്കൾക്കും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങാനിടയായ പ്രവാസികൾക്കും ഉൾപ്പെടെ ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പരിപാടിയുണ്ടോ; കന്നുകാലി വളർത്തൽ

ആരംഭിക്കുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉണ്ട്. യുവസംരംഭകർക്കും മറുനാടുകളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്ന പ്രവാസികൾക്കും തങ്ങളുടെ ഭൗതിക, സാമ്പത്തിക സാഹചര്യമനുസരിച്ച് തെരഞ്ഞെടുക്കാവുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കന്നുകാലി വളർത്തൽ ആരംഭിക്കുന്നതിന് മുന്നോടിയായി തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണം, ഉരുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തീറ്റ ധനസഹായം, ഉരുക്കളെ പരിപാലിക്കുന്നതിന് ഭൗതിക ചുറ്റുപാടുകൾ ഒരുക്കുക, ആധുനികവൽക്കരണത്തിനുള്ള ധനസഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>സമീകൃത കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും</u>

368 (1353) <u>ശ്രീ എ. സി. മൊയ്തീൻ</u>:
<u>ശ്രീ ഡി. കെ. മുരളി</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റകൾ സ്ഥിരമായി വിതരണം നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഫീഡ്സ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. ഉല്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഉന്നത ഗുണനിലവാരമുള്ള അസംസ്കൃത പദാർത്ഥങ്ങളാണ് സംഭരിക്കുന്നത്. കൂടാതെ ഉല്പാദനത്തിനുമുമ്പ് അസംസ്കൃത പദാർത്ഥങ്ങളുടെ ഗുണമേന്മ പരിശോധന നടത്തുകയും ഉല്പാദന പ്രക്രിയയിലും ഉല്പാദനത്തിനുശേഷവും ഗുണനിലവാരം ഉറപ്പുവരുത്തിയുമാണ് കേരള ഫീഡ്സ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നത്. അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധനവിന് ആനുപാതികമായി, വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നത്. 2020-21 സാമ്പത്തികവർഷത്തിൽ സർക്കാരിൽനിന്നും നൽകിയ 5 കോടി

രൂപയുടെ ധനസഹായം ഉപയോഗിച്ച്, 58,072 MT കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സമീകൃത കാലിത്തീറ്റയുടെയും ധാതുലവണ മിശ്രിതത്തിന്റെയും ഉത്പാദന-വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കേരള ഫീഡ്സിന്റെ സ്ഥാപിത പ്രതിദിന ഉല്പാദന ശേഷിയായ 500 MT-യിൽനിന്ന് 650 MT ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഉത്പാദനം, വിപണനം, വിറ്റുവരവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ കേരള ഫീഡ്സ് ലിമിറ്റഡിന്റെ കാലിത്തീറ്റ ഉത്പാദനം 214724.599 ടണ്ണും, വിപണനം 212864.338 ടണ്ണും, വിറ്റുവരവ് 49,801.85 ലക്ഷം രൂപയുമാണ്.

കാലിത്തീറ്റക്ഷാമം പരിഹരിക്കുന്നതിനും വിലനിയന്ത്രിക്കുന്നതിനും നടപടി

369 (1354) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് ക്ഷീരകർഷകർക്കും തൊഴിലാളികൾക്കും ഗുണകരമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും. 11.23 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ മുഖേന കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധനസഹായവും വിതരണം ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ കോവിഡ് രോഗബാധമൂലം മരണപ്പെടുന്ന സജീവ അംഗങ്ങളുടെ അനന്തരാവകാശിക്ക് 25,000/- രൂപയും ക്ഷീരസംഘം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് 20,000/- രൂപയും ധനസഹായമായി നൽകുന്നു.

ജീവനക്കാർക്കുള്ള കോവിഡ് ഇൻസെൻറീവ് ഇനത്തിൽ 20.6 ലക്ഷം രൂപ നടപ്പു വർഷം നൽകിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ കോവിഡ് രോഗം ബാധിച്ച് മരണമടഞ്ഞ ക്ഷീര കർഷകരുടെ ആശ്രിതർക്ക് ഒറ്റത്തവണ ധനസഹായമായി 10,000/- രൂപ വീതം സാമ്പത്തിക സഹായം നൽകിവരുന്നു. കോവിഡ് പോസിറ്റീവായ ക്ഷീര കർഷകർക്ക് ആരോഗ്യ സംരക്ഷണത്തിന് ഉതകുന്ന മിൽമയുടെ ഗോൾഡൻ മിൽക്ക് ഉൾപ്പെടെയുള്ള പോഷകാഹാരങ്ങൾ ചേർത്ത കിറ്റ് സൗജന്യമായി നൽകി വരുന്നു. എറണാകുളം മേഖലാ യൂണിയൻ സബ്സിഡി നിരക്കിൽ തെർമൽ സ്കാനർ, സെൻസർ സാനിറ്റൈസിംഗ് മെഷീൻ എന്നിവ സംഘങ്ങൾക്ക് നൽകി. ഓൺലൈൻ പാൽവിതരണം, ഫ്ളാറ്റുകൾ കേന്ദ്രീകരിച്ച് പാൽ വിതരണത്തിന് പ്രത്യേക വാഹനങ്ങൾ, പാൽ ബൂത്തുകളിലേയ്ക്ക് സ്റ്റോക്ക് തീരുന്ന മുറയ്ക്ക് പാൽ എത്തിയ്ക്കാനുള്ള സംവിധാനം എന്നിവ വഴി വില്പന വർദ്ധിപ്പിച്ചു. കോവിഡ് 19 മഹാമാരിമൂലം മരണമടഞ്ഞ സംഘം പ്രസിഡൻറുമാരുടേയും സ്ഥിരജീവനക്കാരുടേയും കുടുംബാംഗങ്ങൾക്ക് യഥാക്രമം 25,000/- രൂപ, 10,000/-രൂപ വീതം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനും വില നിയന്ത്രിക്കുന്നതിനുമായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനായി പച്ചപ്പുൽ/വൈക്കോൽ എന്നിവ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിതരണംചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്യുന്നതിന് മുൻഗണന നൽകുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന്റെ തോത് അനുസരിച്ച് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. പ്ലാൻ ഫണ്ടിൽനിന്നും വിഹിതം നൽകി, മിൽമയുടെ നിയന്ത്രണത്തിലുള്ള ക്യാറ്റിൽ ഫീഡ് പ്ലാന്റിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാലിത്തീറ്റ വിതരണത്തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന്റെ അളവാണ് ക്ഷീരവികസന വകുപ്പിന്റെ കാലിത്തീറ്റ വിതരണത്തിനുള്ള പ്രധാന മാനദണ്ഡം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കാലിത്തീറ്റ പദ്ധതിക്ക്, ഗുണഭോക്താക്കൾ അതാത് പ്രദേശത്ത് താമസിക്കുന്നവരും കന്നുകാലികളെ പോറ്റുന്നവരുമായിരിക്കണം എന്ന നിബന്ധനയാണുള്ളത്.

(ഡി) പഞ്ചായത്തുകൾ തോറും വിതരണത്തിനുള്ള കാലിത്തീറ്റ തടസ്സമില്ലാതെ എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ ഏജൻസികൾ നേരിട്ടാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ആയതിനായുള്ള തുക ക്ഷീരവികസന വകുപ്പ് നേരിട്ട് കാലിത്തീറ്റ വിതരണ ഏജൻസികളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്നു. ഇതുകാരണം കാലിത്തീറ്റ വിതരണത്തിന് യാതൊരു തടസ്സവും വന്നിട്ടില്ല. കൂടാതെ ക്ഷീര സംഘങ്ങൾ നേരിട്ടും കാലിത്തീറ്റ വാങ്ങി കർഷകർക്ക് നൽകുന്നുണ്ട്.

<u>മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും</u>

370 (1355) <u>ശ്രീ കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ കെ. ആൻസലൻ</u>:

ശ്രീ. പി. വി. ശ്രീനിജിൻ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിലെ സുരക്ഷയും പശ്ചാത്തല സൗകര്യവും കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരം മൃഗശാലയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്രമൃഗശാല അതോറിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. ടി മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. സുരക്ഷയുടെ ഭാഗമായി സി.സി.ടി.വി ക്യാമറകളും വാക്കി ടോക്കികളും 24x7 നിരീക്ഷണ സംവിധാനവും പോലീസ് എയ്ഡ് പോസ്റ്റ്, ഗാർഡുകളുടെ സേവനം എന്നിവ വകുപ്പിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗശാലകളുടെ പൊതുവായ സ്ഥിതിഗതികൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

1-ാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കേന്ദ്രമൃഗശാല അതോറിറ്റിയുടെ പരിശോധന പൂർത്തിയാക്കി ചെറിയ മൃഗശാലകളുടെ വിഭാഗത്തിൽപ്പെട്ടിരുന്ന തിരുവനന്തപുരം മൃഗശാലയെ വലിയ മൃഗശാല വിഭാഗത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) മൃഗങ്ങളിൽ പകർച്ചവ്യാധികളോ മറ്റ് രോഗബാധയോ ഉണ്ടാകുന്നുണ്ടോ എന്ന പരിശോധന, യഥാസമയം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

മൃഗശാലയിലെ മൃഗങ്ങളിൽ പകർച്ചവ്യാധികളോ മറ്റ് രോഗബാധയോ ഉണ്ടാകുന്നുണ്ടോ എന്നുള്ള പരിശോധന യഥാസമയം നടത്തുന്നുണ്ട്.

(ഡി) 2020-ന് ശേഷം വിവിധ മൃഗശാലകളിലെ പക്ഷിമൃഗാദികളിൽ ഉണ്ടായിട്ടുള്ള രോഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2020-നുശേഷം മൃഗശാലകളിലെ പക്ഷിമൃഗാദികളിൽ പകർച്ചവ്യാധികളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

മൃഗശാല ജീവനക്കാരന്റെ മരണം

371(1356) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി .ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ ജീവനക്കാരനായിരുന്ന കാട്ടാക്കട സ്വദേശി ഹർഷാദ് രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയായിരുന്നു?

മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 859/2021 U/S 174 CRPC നമ്പരായ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. രാജവെമ്പാലയെ പാർപ്പിച്ചിരിക്കുന്ന കൂടിന്റെ ഘടനാ വിന്യാസം നടത്തിയിട്ടുള്ളത്, സന്ദർശകർക്ക് രാജവെമ്പാലയെ കാണുന്നതിനുള്ള പ്രദർശന കൂടും പിൻഭാഗത്ത് കീപ്പേഴ്സ്ഗ്യാലറിയിൽ സജ്ജമാക്കിയിട്ടുള്ള ഷിഫ്റ്റ് കേജുമായാണ് (മാറ്റുകൂട്). പ്രദർശനകൂടും മാറ്റുകൂടും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതും ബന്ധിപ്പിക്കുന്ന ഭാഗത്ത് ഷട്ടർ ഘടിപ്പിച്ചിട്ടുള്ളതുമാണ്. ഈ സംവിധാനം ഉപയോഗിച്ച് പാമ്പുകളെ പ്രദർശനകൂടിലേയ്ക്കും മാറ്റുകൂടിലേയ്ക്കും അങ്ങോട്ടും ഇങ്ങോട്ടും മാറ്റാൻ സാധിക്കുന്നതാണ്. ജീവനക്കാരന് നേരിട്ട് പാമ്പിനെ കൈകാര്യം ചെയ്യാതെ തന്നെ മാറ്റാനുള്ള സംവിധാനമാണുള്ളത്. പാമ്പിനെ മാറ്റുകൂട്ടിൽ

ഇട്ടുകൊണ്ട് കൂടിനുള്ളിൽ കൈകടത്തിയതിന്റെ ഫലമായാവണം തിരുവനന്തപുരം മൃഗശാലയിൽ ജീവനക്കാരന് പാമ്പിന്റെ കടിയേറ്റത് എന്ന് കരുതുന്നു.

(ബി) പ്രസ്തുത സംഭവത്തിനുശേഷം സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് നൽകിയിട്ടുള്ള ഗംബൂട്ട്, ഗ്ലൗസ്സ് മുതലായ സുരക്ഷാ ഉപകരണങ്ങൾ കർശനമായും ജോലിസ്ഥലത്ത് ഉപയോഗിക്കുന്നതിനായി നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതസംബന്ധിച്ച് ഒരു വിദഗ്ധ സമിതിയുടെ അന്വേഷണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) വന്യജീവികൾക്ക് ഭക്ഷണം നൽകുമ്പോൾ രണ്ട് പേർ ഉണ്ടാകണം എന്ന മ്യൂസിയം പ്രോട്ടോക്കോൾ പാലിക്കാതിരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

വന്യജീവികൾക്ക് ഭക്ഷണം നൽകുമ്പോൾ രണ്ട് പേരുണ്ടാകണമെന്ന പ്രോട്ടോകോൾ നിലവിലില്ല. ഒരാൾക്ക് മാത്രം വഹിക്കാവുന്ന ജോലി

സ്വഭാവമുള്ള കൂടുകളും; രണ്ട് പേർ ജോലി നിർവ്വഹണം നടത്തുന്ന കൂടുകളും മൃഗശാലയിലുണ്ട്.

(ഡി) രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച വ്യക്തിക്ക് ആവശ്യമായ കൈയ്യുറകളോ ബൂട്ടുകളോ ഉണ്ടായിരുന്നില്ല എന്നും പ്രസ്തുത പ്രദേശത്ത് സി.സി.ടി.വി.-കൾ പ്രവർത്തിച്ചിരുന്നില്ല എന്നുമുള്ള ആക്ഷേപം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെട്ട വ്യക്തിക്ക് സുരക്ഷയുടെ ഭാഗമായി ഗംബൂട്ട്, കൈയ്യുറകൾ, പാമ്പുകളെ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സ്റ്റിക്കുകൾ എന്നിവയ്ക്ക് പുറമെ വാർത്താ വിനിമയത്തിന് വാക്കിടോക്കിയും ലഭ്യമാക്കിയിരുന്നു. രാജവെമ്പാലയെ പാർപ്പിച്ചിരിക്കുന്ന രണ്ട് വലിയ കൂടുകളിലും സി.സി.ടി.വി.കൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. പാമ്പിനെ താൽക്കാലികമായി മാറ്റുന്ന മാറ്റുകൂടുകൾ കീപ്പർഗ്യാലറിയിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. കീപ്പർഗ്യാലറി, കീപ്പർമാർ വസ്ത്രം മാറുന്നതിനുള്ള സ്വകാര്യയിടമായതിനാൽ അവിടെ സി.സി.ടി.വി.കൾ സ്ഥാപിച്ചിട്ടില്ല.

മൃഗശാലകളിലെ സുരക്ഷാസംവിധാനങ്ങൾ

372(1357) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ഒരു ജീവനക്കാരൻ മരിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. തിരുവനന്തപുരം മൃഗശാലയിലെ രാജ വെമ്പാലയെ പാർപ്പിച്ചിരിക്കുന്ന കൂടിന്റെ ഘടനാ വിന്യാസം നടത്തിയിരിക്കുന്നത് സന്ദർശകർക്ക് രാജവെമ്പാലയെ കാണുന്നതിനുള്ള പ്രദർശന കൂടും പിൻഭാഗത്ത് കീപ്പേഴ്സ്ഗ്യാലറിയിൽ സജ്ജമാക്കിയിട്ടുള്ള ഷിഫ്റ്റ് കേജുമാണ് (മാറ്റുകൂട്). പ്രദർശനകൂടും മാറ്റുകൂടും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതും ബന്ധിപ്പിക്കുന്ന ഭാഗത്ത് ഷട്ടർ ഘടിപ്പിച്ചിട്ടുള്ളതുമാണ്. ഈ സംവിധാനം ഉപയോഗിച്ച് പാമ്പുകളെ പ്രദർശനകൂടിലേയ്ക്കും മാറ്റുകൂടിലേയ്ക്കും അങ്ങോട്ടും ഇങ്ങോട്ടും മാറ്റാൻ സാധിക്കുന്നതാണ്. ജീവനക്കാരന് നേരിട്ട് പാമ്പിനെ കൈകാര്യം ചെയ്യാതെ തന്നെ മാറ്റാനുള്ള സംവിധാനമാണുള്ളത്. പാമ്പിനെ മാറ്റുകൂട്ടിൽ ഇട്ടുകൊണ്ട് കൂടിനുള്ളിൽ കൈകടത്തിയതിന്റെ

ഫലമായാവണം തിരുവനന്തപുരം മൃഗശാലയിൽ ജീവനക്കാരന് പാമ്പിന്റെ കടിയേറ്റത് എന്ന് കരുതുന്നു.

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മൃഗശാലകളിൽ ഒരുക്കിയിട്ടുള്ളതും സജ്ജമാക്കുന്നതുമായ സുരക്ഷാസംവിധാനങ്ങൾ വെളിപ്പെടുത്തുമോ?

മൃഗശാലകളിൽ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമാണ് കൂടുകൾ പണികഴിപ്പിച്ചിട്ടുള്ളത്. മൃഗങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷ മുൻനിർത്തി മൃഗങ്ങളുമായി നേരിട്ട് ബന്ധപ്പെടാതെതന്നെ അവയെ മാറ്റാൻ സാധിക്കുന്ന തരത്തിലുള്ള മാറ്റുകൂടുകളോടു കൂടിയാണ് മിക്ക കൂടുകളും നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മൃഗശാലയിൽ സി.സി.ടി.വി., വാക്കിടോക്കി, ഗാർഡുകളുടെ സേവനം, 24x7 നിരീക്ഷണ സംവിധാനമുള്ള കൺട്രോൾ റൂം എന്നിവ നേരത്തെ തന്നെ നിലവിലുണ്ട്. കീപ്പർമാരെ ഇൻഡ്യയിലെ പ്രധാനപ്പെട്ട മൃഗശാലകളിൽ കൊണ്ടുപോയി പരിശീലനവും നൽകിവരുന്നുണ്ട്.

(സി) മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

മരണമടഞ്ഞ ഹർഷാദിന്റെ മകന്റെ 18 വയസ്സ് വരെയുള്ള പഠനചെലവ് സർക്കാർ ഏറ്റെടുക്കുന്നതിനും തുടർ നടപടി സ്വീകരിക്കാനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കുടുംബത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിലിളവ് വരുത്തി 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒപ്പം സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ സീനിയോരിറ്റി മറികടന്ന് ടിയാന്റെ വിധവയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനും തീരുമാനിച്ചു.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മേലുദ്യോഗസ്ഥരുടെ അനുവാദമില്ലാതെ ഇത്തരം കൂടുകൾ തുറക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശവും ജീവനക്കാർക്ക് നൽകിയിട്ടുള്ള സുരക്ഷാ ഉപകരണങ്ങൾ ജോലി സമയത്ത് കർശനമായി ഉപയോഗിക്കുന്നതിനും ജോലി ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

മൃഗശാല ജീവനക്കാരുടെ സുരക്ഷ

373 (1358) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിന് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ സുരക്ഷ, ആരോഗ്യ പരിരക്ഷ എന്നിവ സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

മൃഗശാലകളിൽ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമാണ് കൂടുകൾ പണികഴിപ്പിച്ചിട്ടുള്ളത്. മൃഗങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷ മുൻ നിർത്തി മൃഗങ്ങളുമായി നേരിട്ട് ബന്ധപ്പെടാതെതന്നെ അവയെ മാറ്റാൻ സാധിക്കുന്ന തരത്തിലുള്ള മാറ്റുകൂടുകളോടുകൂടിയാണ് മിക്ക കൂടുകളും നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മൃഗശാലയിൽ സി.സി.ടി.വി., വാക്കിടോക്കി, ഗാർഡുകളുടെ സേവനം, 24x7 നിരീക്ഷണ സംവിധാനമുള്ള കൺട്രോൾ റൂം, ജീവനക്കാർക്ക്

ഗംബൂട്ട്, ഗ്ലൗസ്സ് മുതലായ സുരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കീപ്പർമാരെ ഇൻഡ്യയിലെ പ്രധാനപ്പെട്ട മൃഗശാലകളിൽ കൊണ്ടുപോയി പരിശീലനവും നൽകി വരുന്നുണ്ട്. ആരോഗ്യ പരിരക്ഷയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ജീവനക്കാർക്ക് പകർച്ചവ്യാധികൾ പിടിപെടുകയോ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റുകയോ ചെയ്താൽ സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ?

മൃഗശാലയിലെ മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് പിടിപെടാവുന്ന (Zoonotic disease) പകർച്ചവ്യാധികളൊന്നും തന്നെ മൃഗശാലകളിലെ ജീവനക്കാരെ ബാധിച്ചിട്ടില്ല. നാളിതുവരെ നടത്തിയിട്ടുള്ള മെഡിക്കൽ ക്യാമ്പുകളിൽ ഇക്കാര്യം വ്യക്തമായിട്ടുണ്ട്. മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റി സ്ഥിരമായ വൈകല്യമുണ്ടാകുകയാണെങ്കിൽ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് സ്കീമിൽ നിന്നുള്ള സഹായം ലഭ്യമാണ്. പരിക്ക് പറ്റി ചികിത്സയ്ക്ക് ചെലവാകുന്ന തുക മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് മുഖേനയും നൽകിവരുന്നുണ്ട്.

(സി) 2019-2021 കാലയളവിൽ സംസ്ഥാനത്തെ മൃഗശാലകളിൽ പക്ഷിമൃഗാദികളുടെ പരിചരണത്തിനിടയിൽ ജീവാപായം സംഭവിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകുമോ?

2019-2021 കാലയളവിൽ രാജവെമ്പാലയുടെ കടിയേറ്റ് ഹർഷാദ് എന്ന ജീവനക്കാരൻ മരണപ്പെട്ട സംഭവം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(ഡി) ഇപ്രകാരം ജീവാപായം സംഭവിച്ച ജീവനക്കാരുടെ കുടുംബത്തിന് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെട്ട ഹർഷാദിന്റെ മകന്റെ 18 വയസ്സ് വരെയുള്ള പഠനചെലവ് സർക്കാർ ഏറ്റെടുത്ത് തുടർനടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കുടുംബത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തവായിട്ടുണ്ട്. കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിലിളവ് വരുത്തി 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒപ്പം സമാശ്വാസ

തൊഴിൽദാന പദ്ധതിയിൽ സീനിയോരിറ്റി മറികടന്ന് ടിയാന്റെ വിധവയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

വെറ്റിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം

374(1359) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്റിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം പൂർത്തിയായോയെന്നറിയിക്കാമോ?

വെറ്ററിനറി ഡോക്ടർമാരുടെ അവസാന ബാച്ച് വകുപ്പുതല പരിശീലനം 18.07.2021-ന് പൂർത്തികരിച്ചു.

(ബി) പരിശീലനത്തിന് പോകുന്ന വെറ്റിനറി ഡോക്ടർമാർക്ക് പകരം അധിക ചുമതല നൽകുന്ന ഡോക്ടർമാർക്ക് തൃപ്തികരമായ സേവനം നൽകാൻ സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) മൃഗപരിപാലനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ അധികമുള്ള പ്രദേശങ്ങളിൽ ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് സംബന്ധിച്ച

പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

II. അടിയന്തരപ്രമേയം

കോവിഡ് മൂലമുള്ള പ്രതിസന്ധി

മി. സ്പീക്കർ: കോവിഡ് മഹാമാരിയും ലോക്ഡൗണും കാരണമുണ്ടായ തകർച്ചയും സാധാരണ ജനങ്ങൾക്കുണ്ടായ സാമ്പത്തിക ബാദ്ധ്യതയും പരിഹരിക്കാൻ ക്രിയാത്മകമായിട്ടുള്ള ഇടപെടൽ നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി, എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചുള്ളതാണ് ഇന്നത്തെ

അടിയന്തരപ്രമേയ നോട്ടീസ്. വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ലോകത്തും നമ്മുടെ രാജ്യത്തുമുണ്ടെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. വലിയ സാമ്പത്തിക ബാദ്ധ്യതയും തൊഴിൽ നഷ്ടവുമാണ് ഉണ്ടായിരിക്കുന്നത്. പക്ഷെ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ക്രിയാത്മകമായി ഇടപെടുന്നില്ലെന്നു പറഞ്ഞത് കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുന്ന ഒരു കാര്യമാണെന്ന് ഞാൻ കരുതുന്നില്ല. ഈ സഭയിലുള്ള പ്രതിപക്ഷാംഗങ്ങൾപോലും കരുതുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അടിയന്തരപ്രമേയത്തിനുവേണ്ടി പ്രതിപക്ഷത്തിന് ഇങ്ങനെയൊരു വിഷയം ഉന്നയിക്കേണ്ടി വന്നേക്കാം. കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കോവിഡ് പാക്കേജിന്റെ വിശദാംശങ്ങൾ പലതവണ ചർച്ചചെയ്തതുകൊണ്ട് എല്ലാം ഞാൻ ഓർമ്മിപ്പിക്കുന്നില്ല. കോവിഡ്പോലുള്ള മഹാമാരി വന്നാൽ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം ആളുകളുടെ ആരോഗ്യം സംരക്ഷിക്കുക എന്നതാണ്. ആരോഗ്യസംരക്ഷണത്തിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണിത്. സ്വകാര്യ മേഖലയേയുംകൂടി ഉൾപ്പെടുത്തി സൗജന്യ ചികിത്സാ സംവിധാനം നടപ്പിലാക്കി. ആളുകൾക്ക് തൊഴിൽ/വരുമാന നഷ്ടമുണ്ട്. അത് ജനങ്ങളുടെ

ആരോഗ്യത്തെയും ജീവിതത്തെയും ബാധിക്കരുതെന്ന ലക്ഷ്യംമുന്നിൽക്കണ്ട് അവർക്ക് ഭക്ഷണമെത്തിച്ചുകൊടുക്കാനുള്ള പ്രത്യേക പദ്ധതികൾ ഈ സമയത്ത് നടപ്പിലാക്കിയിട്ടുണ്ട്. സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിവരുന്നതിന്റെ കണക്കുകൾ പലതവണ പറഞ്ഞിട്ടുള്ളതാണ്. ഏകദേശം 90 ലക്ഷത്തോളം ആളുകൾക്ക് ഭക്ഷണവും കൂടാതെ പെൻഷനുമെത്തിച്ചുകൊടുക്കുന്നുണ്ട്. പെൻഷൻ കിട്ടാത്തവർക്ക് ധനസഹായമെത്തിക്കാനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കി. ഇതിനെല്ലാം പുറമെ കഴിഞ്ഞവർഷം ആദ്യമായി കോവിഡ് പാക്കേജ് കൊണ്ടുവന്നത് കേരളമായിരുന്നു. 20,000 കോടി രൂപയുടെ പാക്കേജിൽ ജനങ്ങളുടെ കയ്യിൽ പണമെത്തിക്കുന്നതിനുള്ള വിവിധ ഘടകങ്ങളുണ്ടായിരുന്നു. ലക്ഷ്യമിട്ടതിന്റെ ഇരട്ടിയിലധികം തുക ഒന്നാം കോവിഡ് പാക്കേജിൽ ചെലവഴിക്കാൻ കഴിഞ്ഞുവെന്നത് അനുഭവത്തിൽ വന്നതാണ്. ഇതുവരെ 23,205 കോടി രൂപ ഒന്നാം പാക്കേജിന്റെ ഭാഗമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ കയ്യിൽ അടിയന്തരമായി പണമെത്തിക്കാനുള്ള വിവിധ നടപടികൾ സ്വീകരിച്ചു. ഉപജീവനം മുട്ടിയവർക്ക് സമാശ്വാസം, സംരംഭക മേഖലയെ ഉണർത്താൻ വിവിധ പരിപാടികൾ എന്നിവ നടപ്പിലാക്കി. അതുപോലെ മൂന്നുഘട്ടങ്ങളിലായി 70 ലക്ഷംപേർക്ക്

സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിന് ചെലവഴിച്ചത് 5,681 കോടി രൂപയും കരാറുകാർക്കും വിതരണക്കാർക്കും നൽകിയത് 7,316 കോടി രൂപയുമാണ്. കുടുംബശ്രീ വഴി മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി ലക്ഷ്യമിട്ടത് 2,000 കോടി രൂപയായിരുന്നു, വായ്പാവിതരണത്തിന് 1,731 കോടി രൂപ നൽകി. ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പ്രകാരം 2.1 കോടി അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ക്ഷേമപെൻഷൻ ഒന്നും കിട്ടാത്തവർക്ക് അതായത്, പൊതുവിലുള്ള ലിസ്റ്റിൽ വരാത്തവർക്ക് പ്രത്യേകമായി 146 കോടി രൂപ വിതരണം ചെയ്തു. ഇങ്ങനെയെല്ലാം കോവിഡിന്റെ ഒന്നാംഘട്ടത്തിൽ ചെയ്തിട്ടുണ്ട്. രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിന് 2,800 കോടി രൂപ വകയിരുത്തി. ഉപജീവനം പ്രതിസന്ധിയിലായവർക്ക് അവരുടെ കയ്യിലേയ്ക്ക് പണമായോ ഉല്പന്നങ്ങളായോ എത്തിക്കുന്നതിനായി 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8,300 കോടി രൂപയും വകയിരുത്തി. ക്ഷേമപെൻഷൻ ലഭിക്കാത്തവർക്ക് 1,000 രൂപവീതം നൽകുന്നതിനുള്ള പദ്ധതിയുമാരംഭിച്ചു. കോവിഡ് സാഹചര്യമായതിനാൽ മസ്റ്ററിംഗ് ഒഴിവാക്കിക്കൊണ്ട് പെൻഷൻ നൽകിവരികയാണ്. സൗജന്യ

ഭക്ഷ്യക്കിറ്റ് നൽകുന്ന കാര്യം സൂചിപ്പിച്ചുകഴിഞ്ഞതാണ്. ഇപ്പോൾ ഓണക്കിറ്റുകൾ ഉൾപ്പെടെ കൊടുക്കുന്നു. ഇതിനുപുറമെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള PACS (Primary Agricultural Credit Society) വഴി 2,000 കോടി രൂപ കാർഷിക മേഖലയുടെ ഉത്തേജനത്തിന് നൽകാനുള്ള പദ്ധതിയുമുണ്ട്. വാണിജ്യാവശ്യങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ 1,600 കോടി രൂപയും എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശനിരക്കിൽ അധിക പ്രവർത്തനമൂലധനം ഉറപ്പാക്കാനുള്ള ടേം ലോൺ നൽകാൻ 2,000 കോടി രൂപയും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 1,000 കോടി രൂപയും ലഭ്യമാക്കി. നോർക്കാ സെൽഫ് എംപ്ലോയ്മെന്റ് സ്കീം വഴി 1,000 കോടി രൂപയും കെ.എഫ്.സി. വഴി ടൂറിസം മേഖലയുൾപ്പെടെയുള്ള ചെറുകിട വ്യവസായമേഖലയ്ക്ക് 500 കോടി രൂപയും ഇടത്തരം സ്റ്റാർട്ടപ് സംരംഭങ്ങളുടെ അതിവേഗ വളർച്ചയ്ക്കുള്ള പ്രത്യേക പദ്ധതികളും പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിന് 10 കോടി രൂപയുമെല്ലാം പ്രഖ്യാപിച്ചത് നമ്മൾ ഇവിടെ ചർച്ചചെയ്തതാണ്. ഹൈലൈറ്റായി ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത് അതീവദരിദ്രരെ കണ്ടെത്താനുള്ള പരിപാടിയാണ്. ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് അതീവദരിദ്രരെ കണ്ടെത്താനുള്ള സമഗ്ര സർവ്വേയ്ക്കുള്ള

പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതുകൂടാതെ വിവിധ മേഖലകളിൽ നടപ്പിലാക്കിയിട്ടുള്ള സ്കീമുകളുണ്ട്. എം.എസ്.എം.ഇ. യൂണിറ്റുകളെടുക്കുന്ന വായ്പകൾക്ക് 50 ശതമാനം താങ്ങുപലിശയും 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും 30,000 രൂപ മുതൽ പരമാവധി 60,000 രൂപ വരെ അനുവദിച്ചുവരുന്ന പ്രത്യേക സ്കീമും പ്രഖ്യാപിച്ചു. മൊറട്ടോറിയത്തിന്റെ കാര്യംപറഞ്ഞത് ശരിയാണ്, സംസ്ഥാന ഗവൺമെന്റിന് മൊറട്ടോറിയം പ്രഖ്യാപിക്കാനവകാശമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് ഇക്കാര്യം ചൂണ്ടിക്കാണിച്ച് കത്തയച്ചിട്ടുണ്ട്. അദ്ദേഹം പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് കിട്ടാനുള്ള കുടിശ്ശികയുടെയും മൊറട്ടോറിയത്തിന്റെയും വിഷയം സംസാരിച്ചിരുന്നു. വിവിധ മേഖലകളിൽ ഇതുപോലുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അഖിലേന്ത്യാതലത്തിലുള്ള സ്ഥിതിയുമായി താരതമ്യംചെയ്താൽ കേരളത്തിൽ മികച്ച രീതിയിൽ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് മനസ്സിലാക്കാം. ഇതുസംബന്ധിച്ച് ചർച്ചകൊണ്ടുവരണമെന്ന് അടിയന്തരപ്രമേയത്തിലൂടെ പറഞ്ഞത് ശരിയാണ്. എന്നാൽ അടുത്ത മൂന്ന് ദിവസങ്ങളിൽ ധനകാര്യത്തെ സംബന്ധിച്ചുമാത്രം ചർച്ചചെയ്യാനുള്ള അവസരം കൂടിയുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അല്ലെങ്കിൽ ഈ സർക്കാരിന്റെ കാഷ്വലായിട്ടുള്ള അപ്രോച്ചാണ് അടിയന്തരപ്രമേയത്തിന്റെ നിദാനം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ടെന്നും ധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ പറയാമെന്നുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, ഇതാണോ ഇവിടത്തെ സ്ഥിതി? കോവിഡിനെത്തുടർന്ന് അടച്ചിട്ട സംസ്ഥാനത്തെ ഓരോ സെക്ടറിലെയും ആളുകൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതത്താൽ കേരളം ദരിദ്രമായിരിക്കുകയാണ്. ആളുകളുടെ കയ്യിൽ കാശില്ല, എല്ലാ മേഖലകളിലും ആത്മഹത്യാ പ്രവണതയാണുള്ളത്. ബേക്കറിക്കാരൻ, ബസ് ഉടമ, ലൈറ്റ് ആന്റ് സൗണ്ട് ഉടമകൾ, കർഷകൻ, സ്റ്റേഷനറി കടക്കാർ, വ്യാപാരികൾ തുടങ്ങിയവർ ആത്മഹത്യചെയ്യുന്ന സംഭവങ്ങൾ കേൾക്കുന്നില്ലേ? ഇക്കാര്യങ്ങൾ രണ്ടുമൂന്ന് ദിവസംകഴിഞ്ഞ് ഇവിടെ ചർച്ചനടക്കുമ്പോൾ പറഞ്ഞാൽ പോരെ എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ചോദിക്കുന്നത്. ഇന്നലെ യു.ഡി.എഫ്. ധാരാളം സമയം ചർച്ചചെയ്തു. യു.ഡി.എഫ്. എന്നുപറയുമ്പോൾ രാഷ്ട്രീയമാണെന്ന് കരുതേണ്ട. അതിൽ ഞാനുൾപ്പെടെ വ്യത്യസ്ത വീക്ഷണങ്ങളുള്ള കുറേ എം.എൽ.എ.-മാരുണ്ട്. ജനാധിപത്യമല്ലേ,

ഞങ്ങളുടെ അഭിപ്രായത്തിൽ ഈ സർക്കാർ തുടരുന്ന പോളിസി ശരിയല്ല. ഇതുമായി ബന്ധപ്പെട്ട് നിരവധി വിദഗ്ധരോട് സംസാരിച്ചു. അതുസംബന്ധിച്ച് അറിയുവാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. ഞങ്ങളുടെ വീക്ഷണമാണ് പറയുന്നത്. അതിൽ ആരും പ്രകോപിതരാകേണ്ട, ആരോടും ദേഷ്യം തീർക്കുകയല്ല. ആത്മഹത്യയും തകർച്ചയും വളരെയധികം സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടേത് എങ്ങനെ വളർന്ന സംസ്ഥാനമാണ്? ഇന്ത്യയ്ക്ക് മാതൃകയായിരുന്ന സംസ്ഥാനം ഇപ്പോൾ പൊളിഞ്ഞ് പാളീസായി ജനങ്ങൾ പാപ്പരായിക്കൊണ്ടിരിക്കുകയാണ്...(ബഹളം)... നിങ്ങളെന്തിനാണ് പ്രകോപിതരാകുന്നത്. ഇതൊക്കെ നിങ്ങളുണ്ടാക്കിയതാണെന്ന് പറയുന്നില്ല. ...(ബഹളം)...

<u>മി. സ്പീക്കർ</u>: അങ്ങ് വളരെ ഗൗരവമുള്ള കാര്യം പറഞ്ഞപ്പോൾ കയ്യടിച്ചതാണ് ഈ പ്രതികരണത്തിനിടയാക്കിയത്. ഭരണപക്ഷാംഗങ്ങൾ നിശബ്ദരായിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിക്കട്ടെ.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പ്രതിപക്ഷാംഗങ്ങൾ കൈകൊട്ടിയിരുന്നോളൂ. ആരും കയ്യടിക്കണ്ട. ഇതെല്ലാം ജനങ്ങൾക്കറിയാനുള്ള അവകാശമുണ്ട്. ഇന്നലെ യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി

ഈ വിഷയം ചർച്ച ചെയ്തു. ജനങ്ങളുടെ കയ്യിൽ നേരിട്ട് പണമെത്തിക്കണമെന്ന് യു.ഡി.എഫ്. ഇലക്ഷൻ കാലത്ത് പറഞ്ഞിരുന്നു. വ്യക്തമായൊരു അഭിപ്രായമായിരുന്നു അത്. ബി.ജെ.പി.-ക്ക് പകരം ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ മറ്റ് യു.പി.എ. കക്ഷികളെല്ലാം കൂടി വളരെയധികം ചർച്ച ചെയ്ത് അവതരിപ്പിച്ചതാണ് ന്യായ്പദ്ധതി. ഞാനും അങ്ങും പാർലമെന്റിലുണ്ടായിരുന്ന സമയത്താണെന്ന് തോന്നുന്നു. പക്ഷേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആ പദ്ധതി നടപ്പിലാക്കി. തമിഴ്നാടും ഝാർഖണ്ഡും ഹരിയാനയും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി. ഇടതുകൈകൊണ്ട് ഫൈൻ വാങ്ങുകയും വലതുകൈകൊണ്ട് കിറ്റുകൊടുക്കുകയും മാത്രം തുടർന്നാൽ സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥ ശരിയാകുമോ? ഒരു നേരത്തെ ഭക്ഷണത്തിന് ആട്ടോറിക്ഷ ഓടിച്ചുപോകുമ്പോൾ അല്ലെങ്കിൽ മറ്റെന്തെങ്കിലും ആവശ്യത്തിന് പോകുമ്പോൾ അവരിൽനിന്നും ആവുന്നത്ര ഫൈൻ കളക്ട് ചെയ്യുകയാണ്. കൂലിവേലക്കാരുടെ കാര്യവും വലിയ കഷ്ടമാണ്, അവർക്ക് ജോലിയില്ല. രാവിലെ ജോലിക്ക് പോകുമ്പോൾത്തന്നെ അവരെ പിടികൂടി ഫൈൻ ഈടാക്കുകയാണ്. ഫൈൻ കഴിയുന്നത്ര വർദ്ധിപ്പിക്കുകയെന്ന പോളിസി പോലീസുകാർക്ക് കൊടുത്തിരിക്കുകയാണ്. ഇലക്ഷന് തൊട്ടുമുമ്പാണെങ്കിൽ കിറ്റ് ജയിക്കാൻ

കൊള്ളാം. പക്ഷേ, കാലാകാലങ്ങളിൽ ഇക്കോണമിയെ ശക്തമാക്കാൻ പോളിസിയുണ്ടാക്കേണ്ട സർക്കാർ അത് ചെയ്യാതിരുന്നാൽ പറ്റുമോ? അക്കാര്യത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്, അതുകൊണ്ടാണ് യു.ഡി.എഫ്. ഇന്നലെ ചർച്ചചെയ്ത ഈ വിഷയം ആതറൈസേഷനനുസരിച്ച് അടിയന്തരപ്രമേയമായി ഞാൻ കൊണ്ടുവന്നത്. കോവിഡും അതിനുശേഷമുള്ള നിയന്ത്രണവും സംബന്ധിച്ച പോളിസി ആരാണുണ്ടാക്കുന്നത്? അത് ഞങ്ങൾ നോക്കിക്കൊള്ളാം അതുസംബന്ധിച്ച് നിങ്ങൾക്കെന്തറിയാം; ഞങ്ങളാണ് ഭരണകക്ഷിയെന്ന് പറഞ്ഞാൽ പറ്റുമോ? ഈ രാജ്യത്തെ ജനങ്ങളിൽ, വ്യാപാരികളും വ്യവസായികളും കൃഷിക്കാരും കൂലിപ്പണിക്കാരും മത്സ്യത്തൊഴിലാളികളുമുണ്ട്. നികുതിയും വാടകയും അത്തരത്തിലുള്ള എല്ലാ ഫീസും അവർ ഒടുക്കണം, എന്നാൽ കട തുറക്കാനോ പുറത്തിറങ്ങാനോ അവർക്കനുവാദമില്ല. ഇതെന്ത് മാജിക്കാണ്? ആരെക്കൊണ്ടാണ് ഇതൊക്കെ ചെയ്യാൻ കഴിയുന്നത്? ഞങ്ങൾക്ക് കാര്യമായ സംശയമുണ്ട്, ഈ പോളിസിയുണ്ടാക്കുന്നത് ആരാണ്? ബഹുമാന്യരായ മുൻ ആരോഗ്യ വകുപ്പുമന്ത്രിയും നിലവിലെ ആരോഗ്യ വകുപ്പുമന്ത്രിയും സഭയിലുണ്ട്, ലോകം മുഴുവൻ പിന്തുടരുന്ന കോവിഡ് നയമല്ല നിങ്ങൾ ഇവിടെ നടപ്പാക്കിയത്. Trace, Test, & Treat ഈ മൂന്ന്

"T" കളിലാണ് ലോകം പിൻതുടർന്നത്. കേരള മോഡൽ, നിങ്ങൾ കൊട്ടിഘോഷിച്ച് റൂട്ട് മാപ്പുണ്ടാക്കി, ആർക്കെങ്കിലും കോവിഡുണ്ടായാൽ അവരുടെ പുറകെചെന്ന് അയാൾ എവിടെയെല്ലാം പോയി, ഇടുക്കിയിലെ ഉസ്മാന്റെ യാത്ര ചരിത്രപരമായ ഒന്നായിരുന്നു, അതിന്റെ പുറകെ ഏതാണ്ടൊരു സ്പേസ് യാത്രതന്നെ നടത്തി. ആ റൂട്ട് മാപ്പിന്റെ കാലം ഇപ്പോൾ ആലോചിച്ചുനോക്കിയിട്ടുണ്ടോ? എന്റെ വാചകങ്ങൾക്ക് മാർദ്ദവമില്ലെങ്കിൽ ഉദ്ദേശ്യശുദ്ധിമാനിച്ച് മാപ്പാക്കണം. എല്ലാവർക്കും കോവിഡ് വരട്ടെ, അപ്പോൾ ശരിയാകും എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മിനിഞ്ഞാന്ന് ഇവിടെ പറഞ്ഞത്, കോവിഡ് വന്നാൽ എല്ലാവർക്കും cured immunity ഉണ്ടാകുമെന്ന് വിചാരിച്ചാണോ ഇപ്പോഴിരിക്കുന്നത്. മുഴുവൻ അടച്ചിടുന്ന ഈ നയം ശരിയല്ല. അതിൽ എന്തോ പിശകുണ്ട്. Trace, Test, & Treat പോളിസിയെടുത്ത് കഴിയുന്നത്ര ആളുകൾക്ക് വാക്സിനേഷൻ നൽകി ഒരു വാക്സിനേറ്റഡ് സൊസൈറ്റിയുണ്ടാക്കണം. ലോകം മുഴുവൻ അത്തരമൊരു സിസ്റ്റം ഡെവലപ് ചെയ്തിരിക്കുകയാണ്. ഞാനൊരു വിദഗ്ധനൊന്നുമല്ല, സാധാരണ രാഷ്ട്രീയക്കാരനാണ്. ഇതുസംബന്ധിച്ച വിദഗ്ധാഭിപ്രായമാരായാൻ നിങ്ങൾക്ക് ആളെ ലഭിക്കില്ലേ? കോവിഡ് പോളിസിയിൽ അടച്ചിടൽ നയം തീരുമാനിക്കുന്നതാരാണ്? ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി വളരെ കാഷ്വലായി മറുപടി പറയേണ്ട വിഷയമല്ലിത്. ആരാണ് അടച്ചിടൽ പോളിസി തീരുമാനിക്കുന്നതെന്നറിയാനുള്ള അവകാശം ഞങ്ങൾക്കുണ്ട്. അത് വളരെ അശാസ്ത്രീയമാണെന്നാണ് പറയുന്നത്. മുഴുവൻ അടച്ചിട്ടശേഷം ഇടയ്ക്കൊരുദിവസം തുറക്കുമ്പോൾ ഈച്ച വരുന്നതുപോലെ കൂട്ടത്തോടെ ആളുകൾ വരികയും എല്ലാവരും കോവിഡുമായി മടങ്ങിപ്പോകകയും ചെയ്യുന്നു. ഇതാണ് ഇവിടെ നടക്കുന്നത്. ലോകത്ത് മറ്റെവിടെയും ഈ രീതിയില്ല. ലോകത്ത് Trace, Test, & Treat കഴിഞ്ഞ് ഒരു സിസ്റ്റം ഡെവലപ് ചെയ്ത് കൂടുതൽ സമയം അനുവദിക്കണം. ഇപ്പോൾ ബിവറേജസ് കോർപ്പറേഷനിൽ വളരെ നന്നായി നടപ്പാക്കിയ നയം മറ്റ് കച്ചവടസ്ഥാപനങ്ങളിലും നടപ്പിലാക്കിക്കൂടേ? ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഈ സിസ്റ്റം കൊണ്ടുവന്നുകൂടെ? ലോകം മുഴുവൻ ഒരു സിസ്റ്റം ഡെവലപ് ചെയ്യുകയും ജനങ്ങൾ അതനുസരിക്കുകയും ചെയ്യുന്നു. എല്ലാവരും മാസ്ക് കൃത്യമായി ധരിക്കും, കഴിയുന്നത്ര വാക്സിൻ കൊണ്ടുവന്ന് സൊസൈറ്റിയെ വാക്സിനേറ്റ് ചെയ്യണം. മാത്രമല്ല, കച്ചവടസ്ഥലങ്ങളിലും മാളുകളിലും മറ്റാവശ്യങ്ങൾക്കും പോകുന്നവർക്ക് കൂടുതൽ സമയം നൽകിയാൽ കൃനിന്ന് സിസ്റ്റമാറ്റിക്കായി സാധനം വാങ്ങാൻ സാധിക്കില്ലേ? കോവിഡ് തടയാൻ രണ്ടുപേർ തമ്മിൽ സാമൂഹിക അകലം പാലിക്കുകയും

മാസ്ക് ധരിക്കുകയും വേണം. അതിനുപകരം സകലതും അടച്ചിട്ട് എല്ലാവരുടെയും ജീവിതം പ്രയാസത്തിലാക്കി എത്രകാലം ഇങ്ങനെ തുടരാൻ സാധിക്കും? ലോകത്ത് കോവിഡ് ഏറ്റവുംകൂടുതലുള്ള രാജ്യം ഇന്ത്യയും അതിൽ ഒന്നാംസ്ഥാനം കേരളത്തിനുമാണ്. ഇതിന്റെ അർത്ഥമെന്താണ്? കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഒന്നാംസ്ഥാനം കേരളത്തിനാണെന്നും ലോക മാതൃകയെന്നും പറഞ്ഞ് നടന്നിട്ട്, അവസാനം ലോകത്ത് കോവിഡിൽ ഒന്നാം സ്ഥാനം കേരളത്തിനായി. WHO പറയുന്നത് രണ്ടാംതരംഗം അവസാനിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. രണ്ടാം തരംഗം അവസാനിക്കുകയല്ല, ഇപ്പോൾ കൂടിക്കൊണ്ടിരിക്കുകയാണ്. ലോകം മുഴുവൻ രണ്ടാംതരംഗം അവസാനിച്ച് മൂന്നാംതരംഗം വരുമോയെന്ന് പേടിയോടെ കാത്തിരിക്കുമ്പോൾ ഇവിടെ രണ്ടാംതരംഗം കൂടിക്കൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല, വിദ്യാർത്ഥികളുടെ അവസ്ഥ ആലോചിച്ചുനോക്കൂ. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതായിരുന്നു. ഇതല്ലാതെ മറ്റെന്ത് വിഷയമാണ് ചർച്ച ചെയ്യാനുള്ളത്? ഇവിടെ വ്യവസായവും കൃഷിയും ടൂറിസവുമുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാഷ്വലായി കാര്യങ്ങൾ പറഞ്ഞു, എന്നാൽ ഇതൊന്നുമില്ലാതെ എവിടെനിന്നാണ് വരുമാനമുണ്ടാകുന്നത്?

ഹിമാചൽ പ്രദേശിൽ പുറത്തുനിന്നും ഫ്ലൈറ്റുകളില്ല. പക്ഷേ ലോക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ കോവിഡ് നിയന്ത്രണങ്ങളോടെ ലോക്കൽ ടൂറിസം സംബന്ധിച്ചൊരു സിസ്റ്റം കൊണ്ടുവന്നു. നിരവധി ടൂറിസ്റ്റുകൾ അവിടെ വന്നുപോകുന്നുണ്ട്. അതുപോലെ പല സ്ഥലങ്ങളിലും വിദ്യാലയങ്ങൾ ഓൺലൈൻ സമ്പ്രദായത്തിൽനിന്നുംമാറ്റി ചെറിയ തോതിൽ തുറന്നിട്ടുണ്ട്. എന്തിനാണ് മറ്റ് സംസ്ഥാനങ്ങൾ ഉദാഹരണമായെടുക്കുന്നത്, നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഇപ്പോൾ കോവിഡ് കുറഞ്ഞിട്ടുണ്ട്. അവിടെ ഓരോരുത്തർക്കും നാലായിരം രൂപ വച്ചുകൊടുക്കുന്നുണ്ട്. ആ തുക കാലാകാലം കൊടുക്കുമോയെന്നറിയില്ല, ഇപ്പോൾ കൊടുക്കുന്നുണ്ട്. അതുപോലെ ജനങ്ങൾക്ക് നേരിട്ട് കാശെത്തിക്കണം. അതുമാത്രമാണ് ഇതിനുള്ള പരിഹാരം, അല്ലാതെ കിറ്റല്ല, കിറ്റ് കൊടുക്കണം അതും അവർക്ക് സഹായംതന്നെയാണ്. എനിക്ക് പ്രവാസികളുടെ കാര്യംകൂടി സൂചിപ്പിക്കാനുണ്ട്.

<u>മി. സ്പീക്കർ</u>: അങ്ങ് ആവശ്യപ്പെട്ട സമയം അനുവദിച്ചുകഴിഞ്ഞു....പ്ലീസ് ദയവായി അങ്ങ് ചുരുക്കണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇത് ജനങ്ങളറിയേണ്ട വിഷയമാണ്. ഈ വിഷയത്തിന്റെ പ്രാധാന്യം കാണേണ്ടതാണ്.

ഇതിനേക്കാൾ പ്രധാനപ്പെട്ടത് വേറെ എന്താണുള്ളത്? രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ നിർത്താം. ഒന്ന്, പ്രവാസികൾ - നിങ്ങൾ വലിയ അന്തസ്സൊക്കെ പറഞ്ഞ് നടക്കുന്നുണ്ടല്ലോ, അമേരിക്കയിലും ഗൾഫിലും തുടങ്ങി മലയാളികളില്ലാത്ത സ്ഥലമൊന്നുമില്ല. കേരളത്തിലേയ്ക്കുള്ള റെമിറ്റൻസ് എത്രയായിരുന്നു? ഇപ്പോൾ എത്രയാണ് റെമിറ്റൻസ്? പ്രവാസികളിൽ 50 ശതമാനം പേരും വൈകാതെ മടങ്ങിയെത്തും. ഇപ്പോൾ 25-30 ശതമാനം ആയിക്കഴിഞ്ഞു, 50 ശതമാനംപേരും മടങ്ങിയെത്തും. തൊഴിൽ നഷ്ടപ്പെട്ടാണ് ബഹുഭ്രൂരിപക്ഷവും തിരിച്ചെത്തുന്നത്. കേരളത്തിന്റെ ഇക്കോണമി തകരും, അന്യസംസ്ഥാന തൊഴിലാളികൾ കുറെയൊക്കെ പോയിത്തുടങ്ങി. എന്താണ് കാരണം, ഇവിടെ പണി ഇല്ല. നിർമ്മാണത്തൊഴിലാളികൾക്ക് ഇവിടെത്തന്നെ പണിയില്ല, ഏതുപണിയും ചെയ്യാൻ ഇവിടെയുള്ള നിർമ്മാണത്തൊഴിലാളികൾ തയ്യാറാണ്. ഇപ്പോഴത്തെ പോളിസി തെറ്റാണെന്നാണ് ഞാൻ പറയുന്നത്. കോവിഡ് വന്നത് നമ്മുടെ കുറ്റം കൊണ്ടല്ല, ലോകം മുഴുവനും ഇന്ത്യയിൽ പല സംസ്ഥാനങ്ങളും ഒരു സിസ്റ്റം ഡെവലപ് ചെയ്തുകഴിഞ്ഞു, നിങ്ങൾ വിദഗ്ധന്മാരോട് ചോദിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, പ്രതിപക്ഷ

നേതാവുപോലും ഇത്രയും സമയം ഇതുവരെ എടുത്തിട്ടില്ല.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ നിർത്തുകയാണ്, എന്താണ് വേണ്ടതെന്ന് വളരെ വ്യക്തമായി പറയാം. എല്ലാ കാര്യത്തിലും ഞങ്ങൾ തീരുമാനിക്കും, നിങ്ങൾ മിണ്ടണ്ട എന്നുള്ള ആ പോളിസി നിങ്ങൾ തിരുത്തണം. ഇതുസംബന്ധിച്ച് വിദഗ്ധരോട് അഭിപ്രായം ചോദിക്കണം. ആരോട് ചോദിച്ചിട്ടാണ് നിങ്ങൾ പോളിസി തീരുമാനിക്കുന്നത്? ഇത് വളരെ ഡിഫിക്കൽറ്റായിട്ടുള്ള പ്രശ്നമാണ്. കോവിഡ് പരക്കാനും പാടില്ല, അതേ അവസരത്തിൽ കാര്യങ്ങൾ നടക്കുകയും വേണം. കോവിഡിനുശേഷം വ്യവസായത്തിലും കാർഷിക മേഖലയിലും ടൂറിസത്തിലും ഒരു നയം രൂപീകരിക്കണം. ഇപ്പോൾ കുട്ടികൾ സ്കൂളിൽ പോകാതെ വീട്ടിൽത്തന്നെയിരുന്ന് ഡിജിറ്റലായി പഠിക്കുന്നതുകൊണ്ട് വിദ്യാഭ്യാസ നിലവാരം താഴും. അതുതന്നെ എല്ലാപേർക്കും ഈ സൗകര്യം കിട്ടുന്നുമില്ല. യു.എൻ.ഡി.പി.-യുടെ ഒരു വിദഗ്ധപഠനത്തിൽ പറയുന്നുണ്ട്, ഞാൻ ആരുടേതാണെന്നൊന്നും ക്വാട്ട് ചെയ്തിട്ടില്ല. പക്ഷെ അതിൽ പറഞ്ഞിട്ടുണ്ട്, Large part of our entire generation loses its livelihood, when it loses its livelihood without social safety - ഒരു സാമൂഹ്യ സുരക്ഷയും ഇല്ലെങ്കിൽ അതിന്റെ ഇഫക്ട് വളരെ ഗൗരവമുള്ളതായിരിക്കും. Economic instability

will follow. മാത്രമല്ല, സോഷ്യൽ പ്രോബ്ലമുണ്ടാകും, കേരളം ദരിദ്രമാകും, നേരെ പട്ടിണിയിലേയ്ക്കേ കടക്കാനുള്ളൂ. ഒരു നേരത്തെ ഭക്ഷണത്തിന് പ്രയാസപ്പെടുന്ന ഒരു സംസ്ഥാനമായി കേരളം മാറും. നമ്മുടെ വിദ്യാഭ്യാസ നിലവാരം താഴ്ന്നുപോകും. വ്യവസായങ്ങൾ വീണ്ടും ശരിയാക്കിയെടുക്കാൻ കഴിയാത്തവിധമാകും.

മി. സ്പീക്കർ: കഴിഞ്ഞ രണ്ട് നിയമസഭാ സമ്മേളനങ്ങളിലെ ഏറ്റവും ദീർഘമായ പ്രസംഗമാണിത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, സമയത്തിന്റെ വിഷയമൊന്നുമില്ലല്ലോ സർ, സഭ നിർത്തിവച്ച് ചർച്ചചെയ്താൽ മതി. ഞങ്ങൾ ആരോടും ചോദിക്കുകയില്ല, ഞങ്ങൾ ആരോടും പറയുകയില്ല, ഞങ്ങൾ നോക്കിക്കോളാം, എല്ലാപേർക്കും കോവിഡ് വന്ന് മാറട്ടെ, അപ്പോൾ ഇതിനൊക്കെ ഒരു പരിഹാരമുണ്ടാകും, എല്ലാം ശരിയായിക്കോളും എന്ന ഒരു നയം ശരിയല്ല. ഈ വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യണം.

മി. സ്പീക്കർ: രണ്ട് സെഷനുകളിലെ ഏറ്റവും കൂടുതൽ സമയം അങ്ങേയ്ക്കാണ് അനുവദിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

സംസ്ഥാനം മാത്രമല്ല, രാജ്യവും ലോകവുമൊക്കെ ഏറ്റവും ഗൗരവതരമായി ചർച്ച ചെയ്യേണ്ട വിഷയമാണിത്. എന്നുമാത്രമല്ല, ഭരണ-പ്രതിപക്ഷ വേർതിരിവില്ലാതെ മുഴുവൻ ജനങ്ങളും ഒരുമിച്ച് നേരിടേണ്ട കാര്യമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങനെ ചെയ്യുന്നതിന് സഹായകരമാണോ ഈ ചർച്ച എന്ന സംശയം എനിക്കുണ്ട്. അദ്ദേഹം പറഞ്ഞതുകേട്ടാൽ കോവിഡ് വന്നത് ഭരണപക്ഷം കാരണമാണെന്ന് പറഞ്ഞില്ലെന്നത് ഒഴിച്ചാൽ, ബാക്കിയെല്ലാത്തിനും ഉത്തരവാദിയാണെന്ന പോലെയാണ്. ഇന്ത്യയിലെ സാമ്പത്തിക സ്ഥിതിയെയും കോവിഡിനെ നേരിടുന്നതിനെയും സംബന്ധിച്ച് പ്രശസ്ത ഇക്കോണമിസ്റ്റും മുൻപ്രധാനമന്ത്രി യുമായ ശ്രീ. മൻമോഹൻ സിംഗ് കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. കോവിഡിന്റെ സാഹചര്യം വളരെ ഗുരുതരമാണെന്ന് പറഞ്ഞത് അദ്ദേഹം പ്രധാനമന്ത്രിയായിരുന്നതിന്റെ അനുഭവവും ഇന്ത്യയിലെ സാമ്പത്തിക സ്ഥിതിയും ലോകകാര്യങ്ങളും നോക്കിയിട്ടാണ്. സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറഞ്ഞ കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. കഴിഞ്ഞ ദിവസം ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിൽ വന്ന ഒരു വാർത്തയാണ്. The Centre on Friday told the Supreme Court five States, including Delhi, Maharashtra, Punjab,

Thripura and Karnataka, have not complied with the Court's order to pay salaries to Doctors and healthcare workers. ഇത് സംസ്ഥാനങ്ങളുടെ അവസ്ഥയാണ്, ആന്ധ്രയിൽ ഈ മാസം ശമ്പളം കൊടുക്കാൻ ആദ്യ ദിവസങ്ങളിൽ കഴിഞ്ഞിട്ടില്ല, പഞ്ചാബിൽ രണ്ടുംമൂന്നും മാസം താമസിച്ചാണ് ശമ്പളം കൊടുക്കുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലേയും സ്ഥിതി അതാണ്. ലോകത്ത് ഏറ്റവും മോശമാണ് നമ്മുടെ സംസ്ഥാനം എന്നുസ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ, കേരളത്തിൽ എന്തെങ്കിലും നല്ല കാര്യങ്ങളുണ്ടെങ്കിൽ അതുകൂടി പറയേണ്ടതല്ലേ. ലേറ്റസ്റ്റ് വേൾഡ് ഇക്കണോമിക്ക് ഔട്ട്ലുക്കിനെ സംബന്ധിച്ച് ഐ.എം.എഫ്.-ന്റെ സ്റ്റഡിയിൽ പറയുന്നത് ലോകത്തെ സാമ്പത്തികസ്ഥിതിയെക്കുറിച്ചാണ്. സാമ്പത്തികരംഗത്തെക്കുറിച്ച് പറയുന്നത് യുണൈറ്റഡ് സ്റ്റേറ്റ്സിൽ 3.5%, യൂറോപ്യൻ ഏരിയയിൽ മൊത്തത്തിൽ 6.6% കുറവുണ്ടാകും, ജർമ്മനിയിൽ 4.9%, ഫ്രാൻസിൽ 8.2%, സ്പെയിനിൽ 11%, ഇന്ത്യയിൽ 8% കുറവുണ്ടാകും എന്നാണ്. എന്നുമാത്രമല്ല അടുത്തവർഷവും അതിനടുത്തവർഷവും സാമ്പത്തികരംഗത്ത് പുനരുജ്ജീവനം ഉണ്ടാകുമെന്ന് ഈ റിപ്പോർട്ടിൽ പറയുമ്പോൾ അതിനുറപ്പില്ലെന്ന തരത്തിലാണ് സ്റ്റഡി റിപ്പോർട്ടിൽ പറയുന്നത്. ലോകത്താകെയുള്ള ഇക്കോണമികളെ സംബന്ധിച്ച്,

ഇന്ത്യയിലാകെ 8% കുറവുണ്ടാകുമ്പോൾ 3.8%-ത്തിനടുത്താണ് കേരളത്തിൽ കുറവുണ്ടാകുന്നത്. ഈ സാമ്പത്തികസ്ഥിതി നിലനിൽക്കുമ്പോൾ കേരളത്തിലെ സാമ്പത്തിക സ്ഥിതിയും മോശമാണെന്ന കാര്യം പറയാതെ പോയിട്ട് കാര്യമില്ല. ചോദ്യങ്ങൾക്കനുസരിച്ചല്ല ഉത്തരങ്ങൾ നൽകുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ബഡ്ജറ്റ് ഡിസ്കഷന്റെ അന്നുതന്നെ ചൂണ്ടിക്കാണിച്ചതാണ്. യഥാർത്ഥത്തിൽ കഴിഞ്ഞ 5 വർഷമായി നമ്മുടെ സാമ്പത്തിക രംഗത്ത് സ്റ്റാഗ്നേഷനാണ്. ആക്ച്വൽ വരുമാനം 2016-17-ൽ 51,876 കോടി രൂപയായിരുന്നു. ഇത് സംസ്ഥാന സർക്കാർ ഗ്രാന്റുകളും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന വിഹിതവും ഒഴികെയാണ്. 2017-18-ൽ അത് 57,659 കോടി രൂപയായി, 2018-19-ൽ 64,427 കോടി രൂപയായി, എന്നാൽ 2019-20-ൽ 62,588 കോടി രൂപയായി. തൊട്ടുമുൻവർഷം 54,000 കോടി രൂപയായി. അഞ്ച് വർഷംകൊണ്ട് സാധാരണഗതിയിൽ 50% വർദ്ധിക്കേണ്ടതാണ്. സ്റ്റാഗ്നേഷൻ അല്പം കുറവുമാണ്. 2019-20-ൽ നോൺടാക്സ് റവന്യൂ 12,265 കോടി രൂപയാണെങ്കിൽ ഇപ്പോൾ 6,420 കോടി രൂപയാണ്. ഇതാണ് ലേറ്റസ്റ്റ് പൊസിഷൻ, ഇത് വസ്തുതയാണ്. അടുത്ത വർഷംമുതൽ കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പ്രൊട്ടക്ടഡ് റവന്യൂ കോമ്പൻസേഷൻ ഇല്ല എന്നുള്ളതാണ്

ഇപ്പോഴത്തെ നിയമം. ഈ വർഷം കിട്ടിയ സ്പെഷ്യൽ ഗ്രാന്റ് 19,000 കോടി രൂപയാണ്, അടുത്ത വർഷം അത് 13,000 കോടി രൂപയാകും. പിന്നീടത് 4,500 രൂപയായി കുറഞ്ഞുവരികയും ചെലവ് വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഇക്കാര്യം സഭയെ അറിയിക്കാതെ പോയിട്ട് കാര്യമില്ല എന്ന് എല്ലാവർക്കും അറിയുന്നതുമാണ്. യഥാർത്ഥത്തിൽ 1,30,000 കോടി രൂപ വരുമാനമുള്ള സ്ഥലത്ത് 95,000 കോടി രൂപയാണ് ഇപ്പോഴത്തെ വരുമാനം. ഇത് രഹസ്യരേഖയല്ല, ഇതാണ് നമ്മുടെ സ്ഥിതി. 5 വർഷമായി സ്റ്റാഗ്നേഷനാണ്. ഈ സ്ഥിതിയുള്ളപ്പോഴും സാമ്പത്തിക രംഗത്ത് പൊതുവിൽ തളർച്ചയുണ്ടാകാൻ ഈ സർക്കാർ സമ്മതിച്ചിട്ടില്ല. അവിടെയാണ് ഏറെ വിവാദങ്ങൾക്ക് വഴിവച്ച കിഫ്ബിപോലുള്ള പദ്ധതികൾക്ക് രൂപംനൽകിയത്. എത്രയോ ഇൻവെസ്റ്റുമെന്റുകളാണ് നടക്കുന്നത്. ഈ വർഷം അരശതമാനം ടാക്സ് വർദ്ധിപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. 12,000-ത്തിലധികം കോടി രൂപ ബഡ്ജറ്റ് വഴിയല്ലാതെ ചെലവഴിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞത് നിക്ഷേപപദ്ധതികൾ പലതും നടക്കുന്നുണ്ടെന്നാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഒരാളെപ്പോലും വിശന്നുവലയാൻ അനുവദിക്കുന്നില്ല. മറ്റു പല സംസ്ഥാനങ്ങളിലുമുള്ളതുപോലെയല്ല ഇവിടത്തെ സ്ഥിതി. ഞാൻ ഒരു സംസ്ഥാനത്തിന്റെയും പേരെടുത്ത് പറയുന്നില്ല,

ഒരാൾക്കെങ്കിലും അപകടം പറ്റിയിട്ടുണ്ടോ? ഇല്ല. മരുന്നോ ചികിത്സയോ ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടില്ല. ഡൽഹിയിലെ ഒരു ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത രോഗിയെ അവിടത്തെ നാട്ടുകാർ സഹായിച്ച്, എയർ ആംബുലൻസിൽ നാട്ടിൽ കൊണ്ടുവന്നു. ഒരു ഹോസ്പിറ്റലിലെ അനുഭവം അദ്ദേഹം പരസ്യമായി എഴുതിയിരുന്നതുകൊണ്ട് പറഞ്ഞതാണ്. കേരളത്തിൽ അങ്ങനെയൊരു സ്ഥിതിയില്ല. എന്നാൽ നമ്മൾ ആഗ്രഹിക്കുന്നതുപോലെ എല്ലാമേഖലയിലും നടക്കുന്നുണ്ടോ? കച്ചവടക്കാർക്ക് പ്രശ്നമുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കഴിഞ്ഞ ദിവസങ്ങളിൽ ഇക്കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്. ടൂറിസം, വ്യവസായം, കൃഷി തുടങ്ങി എല്ലാ മേഖലകളിലും ബുദ്ധിമുട്ടുണ്ട്, കാരണം അത് പൊതുവായൊരു സാമ്പത്തികസ്ഥിതിയാണ്. 1930-നേക്കാളും സീരിയസ്സായ സാമ്പത്തിക തകർച്ചയായിരിക്കും വരാൻ പോകുന്നതെന്നാണ് ലോക സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതുതന്നെയാണ് ഡോ. മൻമോഹൻ സിംഗും കഴിഞ്ഞദിവസം പറഞ്ഞത്. സാമ്പത്തിക രംഗത്ത് വലിയ തകർച്ച വരുന്നു, അതിനെ നേരിടാൻ യുണൈറ്റഡായ ആക്ഷൻ വേണം. അത് കേരളത്തിൽ വേണ്ട എന്നാണോ പ്രതിപക്ഷം ആലോചിക്കുന്നത്. ആദ്യഘട്ടം വന്നപ്പോൾ എല്ലാ ഇനത്തിലും എന്തുകൊണ്ടാണ് നോൺ ടാക്സ് റവന്യൂ കുറഞ്ഞത്?

ടാക്സുകളെല്ലാം കട്ട് ചെയ്യ. മോട്ടോർ വെഹിക്കിൾ രജിസ്ട്രേഷൻ, കച്ചവടം ഒന്നും നടക്കുന്നില്ല. കോവിഡ് സംബന്ധിച്ച് ഇവിടെ അവാസ്തവമായ കാര്യങ്ങൾ സൂചിപ്പിച്ചു. ഓരോ എം.എൽ.എ.-മാരും 4 കോടിരൂപ ചികിത്സാ പദ്ധതികൾക്കായി മാറ്റിവച്ചു. 2,800 കോടി രൂപയാണ് പുതിയതായി ആരോഗ്യ രംഗത്തെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ മാറ്റിവച്ചത്. 2,800 കോടിരൂപയിൽ 500 കോടി രൂപയോളം എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്നും വരും. ഓക്സിജൻ പ്രൊഡക്ഷൻ വളരെ ഗുരുതരമായ സ്ഥിതിയായിരുന്നു, 129.08 മെട്രിക് ടണ്ണായിരുന്ന ഉല്പാദനം 249.24 മെട്രിക് ടണ്ണായി ഈ സമയംകൊണ്ട് ഉയർത്താൻ കഴിഞ്ഞു. ഇപ്പോൾ 881.37 മെട്രിക് ടൺ ഓക്സിജൻ സ്റ്റോക്കുണ്ട്. ഒരു ഘട്ടത്തിൽ ഓക്സിജൻ ലഭിക്കാതെ ആളുകൾ നെട്ടോട്ടമോടുന്ന അവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ എത്രയോ സ്ഥലത്ത് ഓക്സിജൻ പ്ലാന്റുകൾ പ്രവർത്തിപ്പിച്ചു. ആയിരവും ആയിരത്തിഅഞ്ഞൂറും ബെഡ്ഡുകളുള്ള, ഓക്സിജൻ ബെഡ്ഡുകളുള്ള ആശുപത്രികൾ ടെമ്പററിയായി ഈ സർക്കാരിന്റെ കാലത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പണിതീർത്തു. ഒന്ന് എറണാകുളത്ത് അമ്പലമുകളിലും മറ്റൊന്ന് ചവറ കെ.എം.എം.എൽ.-മാണ് നിർമ്മിച്ചത്. ഇത്തരം കാര്യങ്ങൾ നടന്നുവെന്നുള്ളത് നമ്മൾ കണ്ണേണ്ടതല്ലേ. 2274

സി.എഫ്.എൽ.ടി.സി.-കളിൽ (Covid First-Line Treatment Centre) ഉൾപ്പെടെ 1,98,748 കിടക്കകൾ കോവിഡ് ചികിത്സയുടെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ ഇപ്പോഴുള്ള occupancy rate 27.78 ശതമാനം മാത്രമാണ്. അതുപോലെ കോവിഡ് പ്രതിരോധ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രിയുടെ Entrepreneurship Development Programme മുഖേന 50 ലക്ഷം രൂപ നൽകുന്നുണ്ട്. സ്വകാര്യ ആർ.ടി.പി.സി.ആർ. ടെസ്റ്റ് ഫീസ് ക്രമീകരിച്ചു. കോവിഡുമായി ബന്ധപ്പെട്ട് അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കാനായി Essential Commodities Act ഏർപ്പെടുത്തിയിട്ടുണ്ട്. സൗജന്യ കോവിഡ് പരിശോധനയും ചികിത്സയും തുടരുന്നുണ്ട്. 'സാർവ്വത്രിക സൗജന്യ കിറ്റ് ' വിതരണവും തുടരുന്നുണ്ട്. കിറ്റ് വിതരണം ചെയ്യുന്ന നടപടിയെപ്പറ്റി ഞങ്ങൾ എന്തോ പാതകം ചെയ്യുന്നതാണെന്ന രീതിയിൽ പ്രമേയാവതാരകൻ സംസാരിച്ചു. സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി അയ്യായിരത്തോളം കോടി രൂപ ചെലവഴിച്ച സർക്കാർ, അങ്ങനെ ചെയ്തത് ആളുകളെ പറ്റിക്കാനല്ല, ആളുകളുടെ ജീവൻ നിലനിർത്താനാണ്. ഓണത്തിനും ഞങ്ങൾ ഒന്നാന്തരം ഭക്ഷ്യക്കിറ്റ് കൊടുക്കുന്നുണ്ട്, അത് ഈ സർക്കാരിന്റെ നയമാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നത് ശരിയാണ്, അങ്ങനെ പറഞ്ഞുകൊണ്ടുതന്നെയാണ്

കാര്യങ്ങൾ ചെയ്യുന്നത്. ഭക്ഷ്യക്കിറ്റെന്നത് കണ്ണിൽപ്പൊടിയിടാനുള്ള എന്തോ മാർഗ്ഗമാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, ക്രോസ് ടോക്ക് ചെയ്യാതെ ചെയറിനോട് സംസാരിക്കൂ...

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രാഷ്ട്രീയ ഗുണം കിട്ടട്ടെ എന്ന ലക്ഷ്യത്തോടെ ബോധപൂർവ്വം ഇത്തരം പ്രസ്താവനകൾ നടത്തുന്നതാണെന്നാണ് എനിക്ക് തോന്നിയത്. കിറ്റിനെ സംബന്ധിച്ച് ഞാൻ പറഞ്ഞത്, ആളുകളുടെ കയ്യിൽ പണമില്ലാത്തതുകൊണ്ട് ഭക്ഷ്യക്കിറ്റ് മാത്രം കൊടുത്താൽപ്പോരാ പണംകൂടി നൽകണമെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ടത് അക്കാര്യത്തിനാണ്, ഭക്ഷ്യക്കിറ്റ് നൽകുന്നത് വലിയ കാര്യമാണെന്ന രീതിയിലല്ല മറുപടി നൽകേണ്ടത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം ഉദ്ദേശിച്ചകാര്യം ഇപ്പോൾ മനസ്സിലായി, എന്നാൽ അദ്ദേഹം ഇവിടെ പറഞ്ഞത്, 'ഇപ്പോൾ അതുകൊണ്ട് ഗുണമില്ല,' എന്നാണ്. അദ്ദേഹത്തിന്റെ ഉദ്ദേശ്യം വ്യക്തമായതിനാൽ ഞാനത് അംഗീകരിക്കുന്നു. ഇക്കോണമി സജീവമാകണമെന്നാണ് നമ്മുടെയെല്ലാം ആഗ്രഹം. അതിനായി 2,800 കോടി രൂപ ആരോഗ്യരംഗത്ത് പ്രത്യേകമായി ചെലവഴിക്കാൻ

വകയിരുത്തിയെന്നുമാത്രമല്ല, ഏകദേശം 8,900 കോടി രൂപ പലതരത്തിൽ അളുകളിലേയ്ക്കെത്തിക്കാൻ ശ്രമിച്ചു. കഴിഞ്ഞമാസം ശമ്പളമുൾപ്പെടെയുള്ള ചെലവുകൾക്കായി ഏകദേശം 15,000 കോടി രൂപയാണ് നമ്മുടെ സമ്പദ് വ്യവസ്ഥയിലേയ്ക്ക് സംസ്ഥാന സർക്കാർ ചെലവഴിച്ചത്. അതൊരു ചെറിയ ചെലവല്ല. ഇതിനായി പണം കടമെടുക്കേണ്ടി വന്നിട്ടുണ്ട്. ആഗസ്റ്റ് മാസം ആദ്യം മുതൽ രണ്ടുമാസത്തെ പെൻഷൻ ഒരുമിച്ച് നൽകും. ഇത്തരത്തിൽ 1,600 കോടി രൂപ പാവപ്പെട്ട ജനങ്ങളിലേയ്ക്കെത്തിയാൽ, അത് കമ്പോളത്തിലേയ്ക്കെത്തും. അങ്ങനെവന്നാൽ നെയ്ത്തുകാർ, നിർമ്മാണപ്രവർത്തനം നടത്തുന്നവർ, കച്ചവടക്കാർ തുടങ്ങിയവരിലേയ്ക്കെല്ലാം ആ പണമെത്തും. ഇതുമാത്രമല്ല, കൂടുതൽ പണം കമ്പോളത്തിലേയ്ക്കെത്തിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുമുണ്ട്. അതോടൊപ്പം പല പദ്ധതികൾക്കായി കടമെടുത്തവർക്ക് പലിശയിളവ് നൽകുന്നുണ്ട്. കൂടാതെ വ്യവസായ പുനരുദ്ധാരണ പാക്കേജും നടപ്പിലാക്കുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പെൻഷൻ കൊടുക്കുന്നതുൾപ്പെടെ സാധാരണഗതിയിൽ ചെയ്യേണ്ട നടപടികളൊക്കെ ഇവിടെ സ്വീകരിക്കുന്നുണ്ട്. പക്ഷേ പ്രതിപക്ഷ ഉപനേതാവ് ചോദിച്ച ഒരു പ്രധാനപ്പെട്ട കാര്യം അതല്ല. കേരളമൊഴിച്ച് മറ്റ് സംസ്ഥാനങ്ങൾ

കാർഡുടമകൾക്ക് നേരിട്ട് പണം നൽകുന്നുണ്ട്. ഉദാഹരണത്തിന് തമിഴ്നാട് 4,000 രൂപ നേരിട്ട് കാർഡുടമകൾക്ക് നൽകുന്നുണ്ട്. അതുപോലെ കേരളത്തിലെ റേഷൻ കാർഡുടമകൾക്ക് 5,000 രൂപ നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നാണ് ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുപോലുള്ള കാര്യങ്ങൾക്ക് ഒന്നിച്ച് നിൽക്കണമെന്നതുകൊണ്ടാണ് ഞാൻ അതുസംബന്ധിച്ച് വിവാദമുണ്ടാകുന്ന തരത്തിൽ പരാമർശം നടത്താത്തത്. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബുൾപ്പെടെ ശമ്പളം കൊടുക്കാത്ത സംസ്ഥാനങ്ങളുടെ കാര്യമല്ല ഞാൻ പറയുന്നത്. അവർക്കും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നത് ഞങ്ങൾ അംഗീകരിക്കുന്നു. താഴെത്തട്ടിൽ കൊടുക്കുന്ന കാര്യമല്ല, ഞാൻ സൂചിപ്പിച്ചത്, ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല എന്ന കാര്യമാണ്. ആന്ധ്രയിലും അങ്ങനെതന്നെയാണ്. എന്നാൽ കേരളം ഈ ബുദ്ധിമുട്ടുകൾക്കിടയിലും ശമ്പളം കൊടുക്കുന്നുണ്ട്, മറ്റാനുകൂല്യങ്ങൾ കൊടുക്കാൻ ശ്രമിക്കുന്നുമുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, കേൾക്കുന്ന എല്ലാ കമന്റുകളോടും അങ്ങ് പ്രതികരിക്കേണ്ടതില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ

നേതാവ് ചോദിച്ച കാര്യത്തിന് ഞാൻ മറുപടി പറഞ്ഞുവെന്നേയുള്ളൂ. ജനങ്ങളിൽ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന അവസ്ഥയുണ്ടാകരുത്. അതിൽ വ്യക്തത വരുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എൺപത്തിയഞ്ച് ലക്ഷത്തോളം വരുന്നവർക്ക് സാർവ്വത്രികമായി ഭക്ഷ്യക്കിറ്റ് നൽകുന്ന സമ്പ്രദായം കേരളത്തിലല്ലാതെ ഇന്ത്യയുൾപ്പെടെ ലോകത്തെവിടെയെങ്കിലുമുണ്ടോ? നമ്മൾ എല്ലാവർക്കും ഭക്ഷ്യക്കിറ്റ് നൽകുകയാണ്. അങ്ങനെ ചെയ്തത് കോവിഡ് പ്രതിസന്ധിഘട്ടത്തിലാണ്. ഭക്ഷ്യക്കിറ്റ് സ്ഥിരം നൽകുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് നമുക്കറിയാം. 1,600 രൂപവച്ച് 55 ലക്ഷത്തിലധികം ആളുകൾക്ക് പെൻഷൻ നൽകുന്നു. ചിലർക്ക് അതിൽക്കൂടുതലും ലഭ്യമാകുന്നുണ്ട്. അതുമാത്രമല്ല, ഇത്തരം സാമൂഹ്യസുരക്ഷാ പെൻഷനുകളുടെയൊന്നും പരിധിയിൽ വരാത്തതും പെൻഷൻ മാനദണ്ഡങ്ങൾക്കുള്ളിൽപ്പെടാത്തതുമായ ആളുകൾക്ക്, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് പ്രത്യേകം 1,000 രൂപ നൽകി. ക്ഷേമനിധിയിൽ അംഗത്വമുണ്ടെങ്കിലും 60 വയസ്സ് തികയാത്തവർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാകില്ല, ഇവർക്കെല്ലാം ആനുകൂല്യം നൽകുന്നതിനായി 1,100 കോടിരൂപ കഴിഞ്ഞ ബഡ്ജറ്റിൽ മാറ്റിവച്ചു. ഇവയോരോന്നും മാറ്റിവച്ചത് രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനങ്ങളെ സഹായിക്കാനാണ്.

അടുത്തത് വ്യവസായത്തിന്റെ കാര്യമാണ്. അൽപ്പംമുൻപ് പൈനാപ്പിൾ കൃഷിയെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറയുന്നത് കേട്ടു. ആ മേഖലയിൽനിന്നുള്ള എം.എൽ.എ.-മാരും ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. 2,000 കോടി രൂപയാണ് PACS (പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ) വഴി ഉത്പാദനമേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിന് മാറ്റിവച്ചത്. എല്ലാവരും ചേർന്ന് നല്ലതുപോലെ അക്കാര്യം ചെയ്യണമെന്നതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അദ്ദേഹം പറഞ്ഞത് ശരിയാണ്, പതിനാല് ലക്ഷം പ്രവാസികൾ ഇവിടെയുള്ളതിൽ 4 ലക്ഷം അവരുടെ കുടുബാംഗങ്ങളായിരിക്കും. ബാക്കിവരുന്ന പത്ത് ലക്ഷം പ്രവാസികൾ നാട്ടിൽ തിരിച്ചെത്തിയിരിക്കുകയാണ്. ഇപ്പോഴത്തെ സ്ഥിതി മെച്ചപ്പെട്ടാൽ മാത്രമേ തിരിച്ചുപോകാൻ പറ്റുകയുള്ളൂ. അവരുടെയെല്ലാം ക്ഷേമത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം കാര്യങ്ങൾ ഭംഗിയായി നടക്കുന്നുണ്ട്. ചെയ്യാവുന്ന പരിധിക്കകത്തുനിന്നുകൊണ്ട് ഇനിയും കുറച്ച് കാര്യങ്ങൾകൂടി ചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം, അത് നടപ്പിലാക്കുകയും ചെയ്യും. മോട്ടോർ വെഹിക്കിൾ മേഖലയിലുൾപ്പെടെ ധാരാളം പ്രശ്നങ്ങൾ നിലവിലുണ്ട്.

ടൂറിസം മേഖലയെ സംബന്ധിച്ച് വളരെ ഗൗരവമായ ചർച്ചകൾ ടൂറിസം വകുപ്പുമന്ത്രിയുമായി നടത്തിക്കൊണ്ടിരിക്കുകയാണ്. വ്യാപാരികളുടെ പ്രശ്നം ചർച്ചചെയ്യാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാങ്കേഴ്സിനെ വിളിച്ചിട്ടുണ്ട്. മൈക്രോ ഫൈനാൻസിംഗ് എന്നുപറഞ്ഞ് ചില പ്രൈവറ്റ് ബാങ്കുകളുടെ ആളുകൾ വീടുകളിൽച്ചെന്ന് പാവപ്പെട്ട സ്ത്രീകളെ ഭീഷണിപ്പെടുത്തുന്ന സംഭവങ്ങളുണ്ടാകുന്നുണ്ട്, പ്രതിപക്ഷം അത് സൂചിപ്പിച്ചിട്ടുണ്ട്. വീണ്ടും ഞാനത് പറയുകയാണ്, അത്തരം സംഭവങ്ങൾ ഒരു കാരണവശാലും അനുവദിക്കില്ല, ശക്തമായ നിലപാടെടുക്കുമെന്നതിൽ യാതൊരു തർക്കവുമില്ല. മേൽസൂചിപ്പിച്ചതുപോലുള്ള വിഷയങ്ങൾ അംഗീകരിക്കുന്ന പ്രശ്നമില്ല. ദൗർഭാഗ്യകരമെന്ന് പറയട്ടെ, പ്രതിപക്ഷം കേന്ദ്രഗവണ്മെന്റിന്റെ നിലപാടുകളെക്കുറിച്ചൊന്നും പറയുന്നില്ല. ഏതെങ്കിലും കാര്യത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞോ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസി ഫണ്ട് വരുന്ന സംസ്ഥാനമാണ് കേരളം. പ്രവാസികൾക്ക് പ്രത്യേകമായി ഒരു പാക്കേജ് വേണമെന്ന് ഞങ്ങൾ ഡൽഹിയിൽച്ചെന്ന് ആവശ്യപ്പെട്ടു. രാജ്യത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്നത് പ്രവാസി മേഖലയായതിനാൽ അവർക്ക് പ്രത്യേക പദ്ധതി ആവശ്യമുണ്ട്. കാർഷിക-ബാങ്കിംഗ് മേഖലയിലെ കാര്യങ്ങൾ പ്രത്യേകമെടുത്തുപറഞ്ഞു. വായ്പകളുടെ

മൊറട്ടോറിയത്തെക്കുറിച്ചുപോലും കേന്ദ്രം പറഞ്ഞിട്ടില്ല, അത് റിസർവ് ബാങ്ക് ചെയ്യേണ്ടതാണെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. കേന്ദ്രസർക്കാർ നൽകേണ്ട പണം നൽകുന്നില്ല. വാക്സിന്റെയും മറ്റ് സൗകര്യങ്ങളുടെ കാര്യത്തിലായാലും കേന്ദ്രം തരാത്ത കാര്യങ്ങളെപ്പറ്റി ഞങ്ങൾ കൃത്യമായി ഉന്നയിക്കുന്നുണ്ട്. ഏതായാലും അത്തരം കാര്യങ്ങൾ നമുക്കൊരുമിച്ച് ആവശ്യപ്പെടണം. ഞാൻ ഇവിടെ സൂചിപ്പിച്ച സാമ്പത്തിക സ്ഥിതിയനുസരിച്ചുമാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. നമ്മൾ ചിലപ്പോൾ ഇനിയും നിയന്ത്രിക്കേണ്ടിവരും. കോവിഡ് വ്യാപനം വീണ്ടുമൊരിക്കൽക്കൂടി വന്നാൽ സ്ഥിതി ഇതിനേക്കാൾ അപകടകരമായിരിക്കുമെന്ന് ഞാൻ ഇവിടെ സൂചിപ്പിച്ച സാമ്പത്തിക സ്ഥിതിയുടെ ചെറിയതോതിലുള്ള കണക്കിൽനിന്നും മനസ്സിലായിട്ടുണ്ടാകുമല്ലോ. പഴയസ്ഥിതി വീണ്ടെടുക്കാൻ കഴിയുമെന്നാണ് ശുഭപ്രതീക്ഷ. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ജി.എസ്.ടി. കളക്ഷൻ 70-80 ശതമാനം വർദ്ധിച്ചുവെന്ന പുതിയ കണക്ക് ഇന്നലെ വന്നിട്ടുണ്ട്. കോവിഡ് മൂന്നാംതരംഗം വന്നില്ലെങ്കിൽ ഒന്നരണ്ട് വർഷംകൊണ്ട് സമ്പദ്ഘടന വീണ്ടെടുക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനായാണ് ഓരോ മേഖലയിലും പലിശകുറഞ്ഞ വായ്പാ പദ്ധതികളും മറ്റും കൊടുക്കുന്നത്,

അതെല്ലാം മുന്നോട്ടുകൊണ്ടുപോകും. ഈ കോവിഡ്കാലം കടന്നുകിട്ടാൻ ഒരുമിച്ചുചേർന്ന് ഇക്കാര്യങ്ങളെല്ലാം ഏറ്റെടുക്കുകയാണ് ചെയ്യേണ്ടത്. പരസ്പരം കുറ്റപ്പെടുത്തി നിലവിലുള്ള കാര്യങ്ങളുടെ ആവേശം കുറയുന്ന സമീപനമല്ല നമുക്കാവശ്യം. നമുക്കൊരുമിച്ചുനിന്ന് കേന്ദ്ര സർക്കാരിൽൽനിന്നും ലഭ്യമാകേണ്ടവ നേടിയെടുക്കണം. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പറഞ്ഞ കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. "Government has no plan to print currency notes to overcome the economic crisis faced by country due to the outbreak of the corona virus disease (Covid-19)." കൂടുതൽ പണം അച്ചടിച്ച് സമ്പദ്ഘടനയെ സജീവമാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണ് പറഞ്ഞത്. ബി.ജെ.പി. ഇതര സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ ഒരുമിച്ചുചേർന്ന് ജി.എസ്.ടി. കൗൺസിലിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേക പാക്കേജും സഹായവും വേണമെന്ന് നമ്മളൊരുമിച്ച് ആവശ്യപ്പെടണം. അതല്ലാതെചെയ്യുന്ന നല്ല കാര്യങ്ങൾ നല്ലതല്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയല്ല ചെയ്യേണ്ടത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന അഭിപ്രായമാണ്

ഗവൺമെന്റിനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അത്യന്തം നിർഭാഗ്യകരമായ സമീപനമാണ് പ്രതിപക്ഷ ഉപനേതാവിന്റെ ഭാഗത്തുനിന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോഴുണ്ടായത്. അദ്ദേഹം പിന്നീടത് നിഷേധിക്കുന്നതുകണ്ടു. കിറ്റിനോട് വല്ലാത്തൊരു അസഹിഷ്ണത പ്രകടിപ്പിക്കുകയുണ്ടായി. കോവിഡിനെ പ്രതിരോധിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ നിയന്ത്രണങ്ങളെയും എതിർക്കുന്ന സമീപനമാണ് അദ്ദേഹമിവിടെ സ്വീകരിച്ചത്. അതോടൊപ്പം കോവിഡ് പ്രതിരോധത്തിനുവേണ്ടി സംസ്ഥാന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന നടപടികളിലും ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങളിലുമുൾപ്പെടെ അദ്ദേഹം കേരളത്തിൽ ജീവിക്കുന്ന രീതിയിലല്ല അഭിപ്രായം പറഞ്ഞത്. ഇതുവരെയുള്ള കോവിഡ് പരിശോധനാ സംവിധാനത്തെക്കുറിച്ച് അദ്ദേഹത്തിന് അറിയില്ലെന്ന രീതിയിലാണ് പരാമർശിച്ചത്. ഇവിടെ രോഗികളെ കണ്ടെത്താൻ ശ്രമം നടത്തിയത് കേവലം സർക്കാർ മാത്രമല്ല, ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും വാർഡടിസ്ഥാനത്തിലുള്ള സമിതികളാണ്. ആ പ്രവർത്തനത്തെക്കുറിച്ചൊന്നും കേട്ടുപോലും അറിവില്ല എന്ന രീതിയിലാണ് ഇവിടെ പരാമർശം നടത്തിയത്. എന്താണ്

ഇതിൽനിന്ന് അനുമാനിക്കേണ്ടത്? നമ്മുടെ നാട് എന്തോ ആയിക്കോട്ടെ എന്നൊരു ചിന്തയിലാണെന്ന് തോന്നുന്നു. ഇവിടെ ഒരാളെയും പുറത്തിറങ്ങാൻ അനുവദിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. അതാണോ കേരളത്തിലെ ഇന്നത്തെ സ്ഥിതി; പ്രതിരോധ നടപടികളുടെ ഭാഗമായി നേരത്തെമുതൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേയ്ക്ക് ഞാനിപ്പോൾ വിശദമായി പോകുന്നില്ല. കോവിഡിന്റെ രണ്ടാം തരംഗത്തിൽ ഇന്ത്യയൊട്ടാകെ കേസ്സുകൾ വർദ്ധിക്കുന്ന നിലയുണ്ടായി. ഏപ്രിൽ ആദ്യവാരം മുതൽ കേരളത്തിലും കേസ്സുകൾ വർദ്ധിക്കുന്ന സ്ഥിതിവന്നു. കേരളത്തിൽ നാളിതുവരെ 24,70,872 പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. അതിൽ 8,257 പേരാണ് കോവിഡുമൂലം മരണപ്പെട്ടത്. 2021 ഏപ്രിൽ-മേയ് മാസങ്ങളിൽ മാത്രം 13,46,288 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. നമ്മുടെ നാടിന്റെ ചില പ്രത്യേകതകൾ കാണണം. പകർച്ചവ്യാധി പ്രതിരോധത്തിനുമുന്നിൽ പ്രധാനപ്പെട്ട മൂന്ന് വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനമാണ് കേരളം. വളരെ ഉയർന്ന ജനസാന്ദ്രതയാണ് കേരളത്തിലുള്ളതെന്ന് എല്ലാപേർക്കുമറിയാവുന്ന കാര്യമാണ്. കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 860 ആണ്. അതേസമയം ദേശീയ ശരാശരി 430 ആണെന്ന വ്യത്യാസം ഇവിടെ

നിലനിൽക്കുകയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ ഒരേ പട്ടണമായോ ഗ്രാമമായോ ആണ് നമ്മുടെ നാട് കിടക്കുന്നത്. ഇതാണോ രാജ്യത്തിന്റെ അവസ്ഥ; മറ്റൊരു സ്ഥലത്ത് ചെന്നാൽ ഒരു ഗ്രാമം, അത് പ്രത്യേകമായി കിടക്കുന്നു. അടുത്ത ഗ്രാമം, അതും പ്രത്യേകമായി കിടക്കുന്നു. മഹാനഗരമുണ്ടാകും, അത് വലിയ തോതിൽ കിടക്കുന്നു. ഇതല്ലല്ലോ നമ്മുടെ കേരളം. കേരളമാകെ ഒരു നഗരമായി കിടക്കുന്ന അവസ്ഥയല്ലേ. ജനസാന്ദ്രത വലിയ തോതിലുണ്ടാകുന്നു. അതുപോലെ പ്രായം കൂടിയവരുടെ ജനസംഖ്യ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ആകെ ജനസംഖ്യയുടെ 14 ശതമാനം മുതിർന്ന പൗരന്മാരാണ്, അവർക്ക് രോഗവ്യാപന സാദ്ധ്യത വളരെ കൂടുതലാണ്. നിർഭാഗ്യവശാൽ ജീവിതശൈലീ രോഗവ്യാപനവും കേരളത്തിൽ കൂടുതലാണ്. ഇന്ത്യയുടെ പ്രമേഹ തലസ്ഥാനം എന്ന രീതിയിലാണ് കേരളത്തെ ആരോഗ്യവിദഗ്ധർ അഭിപ്രായപ്പെടുന്നത്. നമ്മുടെ പല മാനവിക സൂചികകളിലും നാം ഒന്നാമതെത്തിയെങ്കിലും ആരോഗ്യ ശീലങ്ങൾ, ജീവിതശൈലിയിലുണ്ടായ അശാസ്ത്രീയ പ്രവണതകൾ തുടങ്ങിയവ ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കാനിടയാക്കിയിട്ടുണ്ട്. ഇതൊക്കെ രോഗവ്യാപനത്തിന് വലിയ തോതിൽ ഇടയാക്കിയെന്നത് വസ്തുതയാണ്. ഇതറിയാത്ത ആളല്ല അദ്ദേഹം. പക്ഷെ ഇത്തരം കാര്യങ്ങൾ

മറച്ചുവയ്ക്കാനാണ് ഏറ്റവുമധികം താല്പര്യം. അത്തരമൊരു സമീപനം എന്തുകൊണ്ടാണ് കണ്ടതെന്ന് ഒരുതരത്തിലും പിടികിട്ടാത്തൊരു കാര്യമാണ്. ലോകം മുഴുവൻ സ്വീകരിക്കുന്ന നടപടികൾ കേരളത്തിൽ സ്വീകരിച്ചില്ലെന്ന് അദ്ദേഹം ആക്ഷേപിച്ചു. നാം ഇവിടെ ശാസ്ത്രീയമായ നിലപാടുകൾ സ്വീകരിച്ചതിന്റെ തെളിവായി ഐ.സി.എം.ആർ.-ന്റെ seroprevalence റിപ്പോർട്ട് വന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം ഞാനതിവിടെ പറഞ്ഞു. അദ്ദേഹം എങ്ങനെയാണത് പരമാർശിച്ചത്; എന്റെ വാക്കുകൾക്ക് മാർദ്ദവമില്ലെങ്കിലും ഉദ്ദേശശുദ്ധി മനസ്സിലാക്കണമെന്നാണ് അദ്ദേഹം പറഞ്ഞ്, അതിനെയാണ് ഞാനിവിടെ ചോദ്യം ചെയ്യുന്നത്. വാക്കുകളുടെ പ്രശ്നമല്ല, വാക്കുകൾ വേറെയാണ്. എന്താണ് ഉദ്ദേശമെന്നതാണ് പ്രശ്നം? ഇവിടെ നാം കാണേണ്ടത്, കേരളത്തിലെ seroprevalence - 42.7 ശതമാനമാണ്. അതേസമയം ഇന്ത്യയുടെ ശരാശരി 67.6 ശതമാനമാണ്. അതായത് നമ്മുടെ സംസ്ഥാനത്ത് രോഗം വരാത്തവരായി 50 ശതമാനത്തിൽ കൂടുതൽ ആളുകളുണ്ട്. രാജ്യത്ത് 67 ശതമാനം പേരും രോഗം വന്നവരാണ്. ചില സംസ്ഥാനങ്ങളിൽ 80 ശതമാനത്തോളം ആളുകൾ ഈ ഗണത്തിൽപ്പെടുന്നവരാണ്. അവിടെ രോഗം വരാതിരിക്കുന്നത് സ്വാഭാവികമാണ്. ഇതിനർത്ഥം നമ്മുടെ നാട്ടിൽ എല്ലാപേർക്കും രോഗം

വന്നോട്ടെ എന്നല്ല. സർക്കാർ മുന്നിൽ നിന്നുകൊണ്ട് നാടാകെ ഒന്നിച്ച് ഈ രോഗത്തെ പ്രതിരോധിക്കാൻ ശ്രമിച്ചതിന് ഫലമുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഇപ്പോഴും 42 ശതമാനത്തിൽ നാം നിൽക്കുന്നത്. ബാക്കിയുള്ള 58 ശതമാനം ആളുകൾ രോഗം വരാത്തവരാണ്. അത് കേരളത്തിന്റെ പ്രത്യേകതയല്ലേ? അത് അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നാണ് കരുതേണ്ടത്. ഇവിടെ ഏറ്റവും നിർഭാഗ്യകരമായ ഒരു വസ്തുത, കഴിയാവുന്നത്ര വാക്സിനേഷൻ നടത്തുന്നില്ലെന്ന് പറഞ്ഞു. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, ഇന്ത്യയിലെ 130 കോടി ജനങ്ങളിൽ 34,29,46,228 പേർക്ക് ഒന്നാം ഡോസ് വാക്സിനും 9,37,98,052 പേർക്ക് രണ്ടാം ഡോസ് വാക്സിനും നല്കിയിട്ടുണ്ട്. അങ്ങനെ ആകെ 43,67,44,280 ഡോസ് വാക്സിനാണ് രാജ്യത്ത് നൽകിയത്. ജനസംഖ്യാടിസ്ഥാനത്തിൽ 26.39 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും 7.21 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകി. കേരളത്തിൽ 2021-ലെ എസ്റ്റിമേറ്റഡ് ജനസംഖ്യ 3,51,00,000 ആണ്. ഇവിടെ ജൂലൈ 26 വരെ 1,31,21,707 പേർക്ക് ഒന്നാം ഡോസ് വാക്സിനും 56,82,627 പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകി. അതായത് 37.38 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകി. ഇന്ത്യയിൽ ഇത് 26.39 ശതമാനമാണ്. ആ സ്ഥാനത്താണ് നമ്മൾ 37.38

ശതമാനം വാക്സിൻ കൊടുത്തത്. രണ്ടാം ഡോസ് വാക്സിൻ ഇന്ത്യയിൽ ശരാശരി 7.21 ശതമാനമാണ് കൊടുത്തത്. കേരളത്തിൽ 16.19 ശതമാനം. ഇത് ദേശീയ ശരാശരിയെക്കാളും കൂടുതലല്ലേ; യഥാർത്ഥത്തിൽ രണ്ടാം ഡോസ് വാക്സിൻ ലഭിച്ചവരുടെ ശതമാനം ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമല്ലേ; വാക്സിനേഷന് എന്തെങ്കിലും വീഴ്ച വരുത്തിയോ; മാത്രമല്ല എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ അവയെല്ലാം അതേ രീതിയിൽ നാം നടപ്പാക്കിയിട്ടുണ്ട്. നമ്മുടെ രാജ്യത്ത് വാക്സിനേഷൻ ആരംഭിച്ചപ്പോൾ ആരോഗ്യ പ്രവർത്തകർക്ക് കൃത്യമായി വാക്സിനേഷൻ നൽകുന്ന നിലപാടാണ് ഇവിടെ സ്വീകരിച്ചത്. സർക്കാർ ആശുപത്രി മാത്രമല്ല സ്വകാര്യ ആശുപത്രി ജീവനക്കാർ, ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ എന്നിവർക്കെല്ലാം വാക്സിനേഷൻ നൽകി. സംസ്ഥാനത്തെ നൂറുശതമാനം ആരോഗ്യപ്രവർത്തകർക്കും ഒന്നാം ഡോസ് വാക്സിൻ നൽകി. രണ്ടാം ഡോസ് ചിലയാഴ്ചകൾ കഴിഞ്ഞതിനുശേഷമേ എടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് 82 ശതമാനം പേർക്കാണത് ലഭിച്ചത്. മറ്റുള്ളവർക്ക് എടുക്കാൻ ബാക്കിനിൽക്കുകയാണ്. ഇത് നമ്മുടെ നാടിന്റെ പ്രത്യേകതയല്ലേ? ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഇന്നലെ സഭയിൽ ബഹുമാന്യനായ ഒരംഗം ചില

കാര്യങ്ങൾ കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ചില പരാമർശങ്ങളുടെ ഭാഗമായി ഉന്നയിച്ചതുസംബന്ധിച്ച് ആരോഗ്യ വകുപ്പുമന്ത്രിയോ മറ്റോ ചില പരാമർശങ്ങൾ നടത്തുകയും ചെയ്തിരുന്നു. കേരളത്തിലെ മുന്നണിപ്രവർത്തകർക്കാവശ്യമായ വാക്സിൻ നൽകിയില്ലെന്ന വസ്തുതയ്ക്ക് നിരക്കാത്ത കാര്യമാണ് അംഗം പറഞ്ഞത്. ഇതുസംബന്ധിച്ച കണക്ക് ഇന്നലെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതുമാണ്. 18-നും 45 വയസ്സിനുമിടയിൽ പ്രായമുള്ള വിഭാഗത്തിൽ 21 ശതമാനം പേർക്ക് ഒന്നാം ഡോസ് ലഭിച്ചിട്ടുണ്ട്. ഒന്നാം ഡോസ് ലഭിച്ച് പന്ത്രണ്ടാഴ്ചകൾക്കുശേഷമാണ് രണ്ടാം ഡോസ് ലഭിക്കുന്നത്. 2,64,738 പേർക്കാണ് രണ്ടാം ഡോസ് എടുക്കാനായത്. ആദ്യഘട്ടത്തിൽ 18 മുതൽ 45 വയസ്സുവരെയുള്ളതിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് വാക്സിൻ നൽകിയത് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരംതന്നെയാണ്. 45 വയസ്സിന് മുകളിലുള്ള 76 ശതമാനം പേർക്ക് ഒന്നാം ഡോസും 39 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകിയിട്ടുണ്ട്. ഇതെല്ലാം ദിവസവും നാം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്, ഇതൊന്നും മറച്ചുവയ്ക്കുന്നില്ല. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ചുതന്നെയാണ് കാര്യങ്ങൾ നീക്കിയിട്ടുള്ളത്. അതേസമയം

കേന്ദ്രത്തിൽ പുതിയതായി വന്ന ആരോഗ്യ വകുപ്പുമന്ത്രിയെ ചില എം.പി.-മാർ ചെന്ന് കണ്ടപ്പോഴാണ് തീർത്തും തെറ്റായൊരു വർത്തമാനമുണ്ടായത്. നേരത്തെയുള്ള ആരോഗ്യ വകുപ്പുമന്ത്രിയെ പലർക്കും അറിയാമായിരിക്കുമല്ലോ; അദ്ദേഹം പോയിട്ട് ദിവസങ്ങളേ ആയിട്ടുള്ളൂ. അന്ന് ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പും കേരളത്തിന്റെ എല്ലാ നേട്ടങ്ങളെയും എടുത്തുപറയുന്നുണ്ടായിരുന്നു. പത്ത് ലക്ഷം ഡോസ് വാക്സിൻ കേരളത്തിന്റെ കൈവശമുണ്ടെന്ന് പുതിയ ആരോഗ്യ വകുപ്പുമന്ത്രി വന്നപ്പോൾ പറഞ്ഞു. ഇല്ലാത്തൊരു കാര്യമാണത്; ആ ദിവസം നമ്മുടെ കൈവശമുണ്ടായിരുന്നത് അഞ്ചുലക്ഷം ഡോസ് വാക്സിനാണ്. കഴിഞ്ഞ ശനിയാഴ്ച സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വാക്സിൻ നൽകി. ഒരു ദിവസംകൊണ്ട് 4,88,000 പേർക്ക് വാക്സിൻ നൽകിയത് റെക്കോർഡാണ്. ഇപ്പോൾ എന്താണ് സ്ഥിതി? ഇനി നമ്മുടെ കൈവശം വാക്സിനില്ലാത്തതുകൊണ്ട് കേന്ദ്രത്തോട് ചോദിക്കുന്നു; കേന്ദ്രം നൽകുന്നുണ്ട്, പക്ഷേ നമ്മുടെ ആവശ്യത്തിന് തികയുന്നില്ല. വീണ്ടും ചോദിക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. ഞായറാഴ്ച 1,26,000 പേർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. കേരളം വളരെ കൃത്യതയോടെ കാര്യക്ഷമമായാണ് വാക്സിൻ നൽകുന്നതെന്ന വസ്തുത കാണാതിരിക്കരുത്.

ഇവിടെ നിയന്ത്രണങ്ങളുടെ കാര്യം പറഞ്ഞു. ആദ്യഘട്ടത്തിൽത്തന്നെ

നിയന്ത്രണം കൊണ്ടുവന്ന സംസ്ഥാനമാണ് നമ്മുടേത്. നമ്മുടെ സംസ്ഥാനമായിരുന്നു ആദ്യം ലോക്ഡൗൺ പ്രഖ്യാപിച്ചത്. 2020 ഫെബ്രുവരി 4-ാം തീയതിയാണ് കോവിഡ് ഒരു ദുരന്തമാണെന്ന് പ്രഖ്യാപിക്കുന്ന നിലവന്നത്. അതിന്റെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിക്കേണ്ടിവന്നു. തൊട്ടുപിന്നാലെ രാജ്യമാകെ ലോക്ഡൗൺ പ്രഖ്യാപിക്കുന്ന നിലയുണ്ടാകുകയും ചെയ്തു. അപ്പോൾ നാം സ്വീകരിച്ച ശാസ്ത്രീയ സമീപനമാണ് ഇതേവരെയും തുടർന്നുവന്നത്. 'നിങ്ങൾക്കാരാണ് ഉപദേശം നൽകുന്നത്; ഏത് വിദഗ്ധരാണ് നിങ്ങൾക്കുള്ളത്; നിങ്ങൾക്ക് വിദഗ്ധരോട് ചോദിച്ചുകൂടെ' എന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ചോദിച്ചു. ആ ഉപദേശങ്ങളുടെ ഭാഗമായി 2020 ഫെബ്രുവരി മാസം മുതൽ നാം സ്വീകരിച്ച നടപടികളെല്ലാം ഫലപ്രദവും കാര്യക്ഷമവും നാടിന്റെ രക്ഷയ്ക്കുതകുന്നതുമായിട്ടുണ്ട് എന്നതാണ് വസ്തുത. അതിന്റെ ഭാഗമായി പിന്നീടുവന്ന നിയന്ത്രണങ്ങൾ തുടരുകയല്ലേ ചെയ്തത്. നിയന്ത്രണങ്ങളുടെ ഘട്ടത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മഹാദുരന്തത്തിന്റെ ഭാഗമായി പട്ടിണി കിടക്കേണ്ടിവരുമെന്ന് ചിന്തിക്കുന്ന ജനങ്ങൾ, അന്നന്ന് ജോലിയെടുത്താൽ മാത്രം അടുപ്പ് പുകയുന്ന

കുടുംബങ്ങളുള്ള വീടുകൾ, അത്തരം ആളുകളെ ചേർത്തുപിടിക്കാനും അവർക്ക് ഭക്ഷണമെത്തിക്കാനും നാടാകെ ഒന്നിച്ചുനീങ്ങിയ ഒന്നായിരുന്നു കമ്മ്യൂണിറ്റി കിച്ചൻ. ഇതൊന്നും സർക്കാർ നേരിട്ട് മാത്രമല്ലല്ലോ ചെയ്യുന്നത്, നാടാകെ എല്ലാവരും കൂടിയാണ് ചെയ്തത്. അക്കാര്യം മറന്നുപോകരുത്. പിന്നീട് നല്ല രീതിയിൽ ഇളവുകൾ നൽകുന്ന സ്ഥിതിയുണ്ടായി. എന്തായിരുന്നു ഉദ്ദേശ്യം? സമൂഹത്തിൽ വേഗത്തിലുള്ള വ്യാപനം കുറയ്ക്കാനും രോഗം തീവ്രമായി വരുമ്പോൾ ആശുപത്രിവാസം വേണ്ടിവരുന്നവരുടെ എണ്ണം നിയന്ത്രിക്കാനുമാണ് ഇതിലൂടെ ലക്ഷ്യംവച്ചത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കോവിഡ് നിയന്ത്രണവിധേയമായിരിക്കുന്ന ഘട്ടത്തിൽ ഒരു സിസ്റ്റം കൊണ്ടുവന്ന് സാധാരണ ജീവിതം എല്ലാ മേഖലകളിലും അനുവദിക്കുന്ന രീതിയാണ് മറ്റു രാജ്യങ്ങളിലൊക്കെ ചെയ്യുന്നത്. ബിവറേജിന്റെ വിഷയം പൊളിറ്റിക്കലായി പറഞ്ഞതല്ല, അവിടെയൊരു സിസ്റ്റം കൊണ്ടുവന്നല്ലോ. അത് വിവിധ മേഖലകളിൽ കൊണ്ടുവന്ന് സാധാരണജീവിതം അനുവദിച്ചുകൂടേ? അതുപോലെ ഡയറക്ട് പേമെന്റ് എന്നുപറയുന്നത് വെറുതെ കാശ് കൊടുക്കലല്ല. കിറ്റ് കൊടുക്കണമെന്ന് തന്നെയാണ് ഞാൻ പറഞ്ഞത്. അതിന്റെകൂടെ ഡയറക്ട് പേമെന്റ്കൂടി കൊടുത്താൽ പണം സർക്കുലേറ്റ് ചെയ്യും. ശ്രീ. മൻമോഹൻ

സിംഗാണ് ഈ ആശയത്തിന്റെ ഉപജ്ഞാതാവ്. സ്റ്റിമുലസ് പാക്കേജാണത്. പ്രവാസികൾക്ക് എത്ര രൂപ കൊടുത്തുവെന്ന് നേരത്തെ ഡോ. എം. കെ. മുനീർ ചോദിച്ചു. പത്ത്-പതിനഞ്ചുലക്ഷം പ്രവാസികൾ വന്നവർക്ക് ഒരു ലക്ഷം രൂപപോലും കൊടുത്തിട്ടില്ല. എങ്ങനെയെങ്കിലും കാശുണ്ടാക്കി മാസംതോറും അയ്യായിരമോ രണ്ടായിരമോ രൂപ ജനങ്ങളുടെ കയ്യിലെത്തിച്ചാൽ എക്കണോമി സ്റ്റിമുലേറ്റഡാകും. ആരുടെ കയ്യിലും പണമില്ല. ഞങ്ങൾ പറയുന്നതല്ല, വിദഗദ്ധന്മാർ ഞങ്ങളോട് പറയുന്നുണ്ട്. അതുകൊണ്ട് പ്രതിപക്ഷത്തെ വിളിച്ച് ചർച്ചചെയ്താൽ ഞങ്ങൾ സജഷൻ വയ്ക്കാം. നമ്മളെല്ലാവരുംകൂടി നോക്കാമെന്ന് പറയുമ്പോൾ നിങ്ങൾ പോളിസി ഉണ്ടാക്കി അതാണ് നല്ലതെന്ന് നിങ്ങൾക്ക് പറയാം. പക്ഷേ ലോകംമുഴുവൻ പോകുന്നത് ഇങ്ങനെയാണ്. സ്റ്റിമുലസ് പാക്കേജ് നൽകണം. ഒരു സിസ്റ്റം കൊണ്ടുവന്നിട്ട് ഇക്കോണമിയെ തുറന്നിടണം. ഇതാണ് ഞാൻ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, കോവിഡിന്റെ ആദ്യഘട്ടത്തിലും പിന്നീടും ഞങ്ങളെല്ലാവരും കൂടിയിരുന്നാണ് ചർച്ചചെയ്തത്. അതിൽ സർവ്വകക്ഷി ചർച്ചകൾ നടന്നിട്ടുണ്ട്. അതിന്റെ ഭാഗമായിത്തന്നെയാണ് സർക്കാർ നടപടികളിലേയ്ക്ക് നീങ്ങിയിട്ടുള്ളത്. ഇവിടെ നിയന്ത്രണങ്ങളുടെ കാര്യം പറയുമ്പോൾ എല്ലാവർക്കും ഫ്രീയായി കാര്യങ്ങൾ നീക്കാൻ അനുമതി

വേണമെന്നും മറ്റ് രാജ്യങ്ങളിലൊക്കെ അങ്ങനെയാണെന്നും അദ്ദേഹം പലവട്ടം ആവർത്തിച്ചിട്ടുണ്ട്. നമ്മുടെയെല്ലാം അനുഭവത്തിലൊരു കാര്യമുണ്ട്. പല രാജ്യങ്ങളും ഇപ്പോഴും അടച്ചിട്ടിരിക്കുകയാണ്. അങ്ങോട്ട് ആളുകൾക്ക് പോകാൻ കഴിയാത്ത അവസ്ഥ ഇപ്പോൾ പലയിടത്തും നിൽക്കുന്നുണ്ട്. അത് നമ്മൾ മറന്നുപോകരുത്. ചില ഘട്ടത്തിൽ അവിടത്തെ രോഗവ്യാപനസ്ഥിതിവച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ്. നമ്മൾ ഇവിടെ ചെയ്തത് എന്താണ്? ഇപ്പോഴത്തെ നില ഞാൻ പറയാം. നാലായി തിരിച്ചു. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അഞ്ച് ശതമാനത്തിൽ താഴെയായാൽ അവിടെ എല്ലാ തരത്തിലും കാര്യങ്ങൾ നടത്താം, ഒരു തടസ്സവുമില്ല. അഞ്ച് മുതൽ പത്ത് ശതമാനം വരെയായാൽ അത് 'ബി' കാറ്റഗറിയായി കണക്കാക്കുന്നു. പത്ത് മുതൽ പതിനഞ്ച് ശതമാനം വരെ 'സി' കാറ്റഗറിയും പതിനഞ്ച് ശതമാനത്തിന് മുകളിലായാൽ 'ഡി' കാറ്റഗറിയുമാണ്. അഞ്ച് ശതമാനത്തിന് താഴെയുള്ള പ്രദേശങ്ങളിൽ സാധാരണഗതിയിൽ നിയന്ത്രണങ്ങളൊന്നുമില്ല. അഞ്ചിനും പത്ത് ശതമാനത്തിനുമിടയിലുള്ളതാണ് 'ബി' കാറ്റഗറി. 'സി', 'ഡി' കാറ്റഗറികളിലാണ് കൂടുതൽ നിയന്ത്രണങ്ങളുള്ളത്. നമ്മുടെ അനുഭവം എന്താണ്? കേരളത്തിൽ 'ഡി' കാറ്റഗറിയിൽ 75 തദ്ദേശഭരണ സ്ഥാപനങ്ങൾ

ഉൾപ്പെട്ടിട്ടുണ്ടെന്ന് കരുതുക. ഒരാഴ്ച കഴിഞ്ഞ് പരിശോധിച്ചാൽ അതിൽ പകുതിയിലധികവും 'എ'-യിലേയ്ക്കോ 'ബി'-യിലേയ്ക്കോ മാറിയിട്ടുണ്ടാകും. അതുപോലെ 'എ'-യിലും 'ബി'-യിലും ഉള്ളവർ 'ഡി'-യിലേയ്ക്കെത്തിയിട്ടുമുണ്ടാകും. എന്താണ് കാര്യം? അവിടെ ഫ്രീയായ അവസ്ഥ വന്നപ്പോൾ അവർ നിയന്ത്രണങ്ങൾ പാലിക്കാതെയായി. അങ്ങനെ വരുമ്പോൾ കോവിഡ് വ്യാപിക്കുന്ന സ്ഥിതിവന്നു. അതിന്റെ ഭാഗമായി 'ഡി' കാറ്റഗറിയായി മാറുകയാണ്. ഇത് കാണിക്കുന്നത് നിയന്ത്രണങ്ങൾ ഫലപ്രദമാണെന്നാണ്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ നിയന്ത്രണങ്ങൾ തീർത്തും ഒഴിവാക്കാറായിട്ടില്ല. എന്നാൽ ഒരുകാര്യം എല്ലാ ഘട്ടത്തിലും നാം ഉറപ്പുവരുത്തിയിട്ടുണ്ട്. തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എല്ലാ ഘട്ടത്തിലും ഉറപ്പ് നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടായിട്ടില്ല. അതുപോലെ നെൽകൃഷി, വിളവെടുപ്പ്, സംഭരണം, ചെറുകിട വ്യവസായങ്ങൾ ഇവയ്ക്കെല്ലാം ഇളവുകൾ നൽകിയിട്ടുണ്ട്. വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ചില ഇളവുകൾ നൽകിയിട്ടുണ്ട്. നമ്മുടെ രാജ്യത്ത് പൊതുവായ ചില മാനദണ്ഡങ്ങളുണ്ട്. കേന്ദ്ര സർക്കാർ 25-03-2020-ന് നിർദ്ദേശിച്ച നിയന്ത്രണങ്ങളുടെ പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് കാര്യങ്ങൾ ചെയ്യേണ്ടത്. അല്ലെങ്കിൽ

നിങ്ങളെന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് അവർ ചോദിക്കും. അത് രാജ്യത്തിന്റെ പൊതുവായ സ്ഥിതിക്ക് ചേർന്നതല്ല. അതിനകത്ത് നിന്നുകൊണ്ട് നമ്മൾ കാര്യങ്ങൾ നിർവ്വഹിക്കുകയാണ്. അതിന് ഫലമുണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് കേരളത്തിൽ ഏറ്റവും കൂടുതൽ രോഗം വന്ന ഘട്ടത്തിൽപ്പോലും നമ്മുടെ ആരോഗ്യശേഷിക്കപ്പുറം രോഗികൾ എത്തിപ്പെടാതിരുന്നത്. മറ്റ് പലയിടത്തും ഉണ്ടായതുപോലെ ഒരാശുപത്രിയിലും അത്തരം പ്രശ്നങ്ങളുണ്ടായില്ല. നമ്മുടെ ആരോഗ്യശേഷിയുടെ പ്രത്യേകത തന്നെയാണ് അത് കാണിച്ചത്. ഇവിടെ ഒരു ഘട്ടത്തിൽ മൈക്രോ കണ്ടെയ്ൻമെന്റ് സോണുകൾവരെ ഏർപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. ഒരു വാർഡല്ലെങ്കിൽ ഒരു പ്രദേശം ഉൾപ്പെടെ വേർതിരിച്ച് നിർത്തിക്കൊണ്ട് മൈക്രോ കണ്ടെയ്ൻമെന്റ് സോണാക്കുന്ന നിലപാട് സ്വീകരിച്ചു. ഇപ്പോൾ നമ്മൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം .... (ബഹളം)... അദ്ദേഹം പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ മറുപടി പറയണ്ടേ; അദ്ദേഹം ഈ നാടിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്താനുള്ള ശ്രമം നടത്തിയാൽ, എന്താണ് നാട്ടിൽ നടക്കുന്നതെന്ന് പറയാനുള്ള ബാധ്യത സർക്കാരിനില്ലേ. അത് നിർവ്വഹിക്കുകയാണ് ഞാൻ. അല്ലാതെ കൂടുതൽ സമയമെടുക്കാനൊന്നും എനിക്ക് താൽപ്പര്യമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രതിരോധത്തിന്റെ കാര്യത്തിൽ കേരളം നടപ്പാക്കിയ കാര്യങ്ങളെക്കുറിച്ചാണല്ലോ ഇവിടെ സൂചിപ്പിച്ചത്. പക്ഷേ അലാമിംഗായ പ്രശ്നം ടി.പി.ആർ. കൂടുന്നു, രോഗികളുടെ എണ്ണം വർദ്ധിക്കുന്നു എന്നുള്ളതാണ്. കേന്ദ്ര ഹോം സെക്രട്ടറി ചീഫ് സെക്രട്ടറിയുമായി സംസാരിക്കാൻ തയ്യാറായിരിക്കുന്നുവെന്ന വാർത്തയാണ് ഇന്നലെ നാഷണൽ ചാനലുകളിലൊക്കെ പ്രത്യക്ഷപ്പെട്ടത്. ഗുരുതരമായ ഈ അവസ്ഥയെ ഗൗരവപൂർവ്വം കണ്ടുകൊണ്ട് ഇതുവരെ നമ്മളെടുത്ത നടപടികൾക്ക് പാളിച്ചയുണ്ടായിട്ടുണ്ടോയെന്നുള്ള റിവ്യൂ നടത്തണം. ഇത് ദുരുദ്ദേശത്തോടുകൂടി പറയുന്നതല്ല, ദുരഭിമാനത്തിന്റെ ആവശ്യവുമില്ല. കേരളത്തിലും മഹാരാഷ്ട്രയിലുമാണ് ഇപ്പോൾ ഏറ്റവും കൂടുതൽ രോഗികളുള്ളത്. കേരളമാണ് നമ്പർ വൺ. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നുവെന്നതിൽ ഒരു പുനരാലോചനയോ കൂടിയാലോചനയോ നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഉന്നയിച്ചത് ശരിയായ കാര്യമാണ്. എന്തുകൊണ്ടാണിത്? ഇതുമായി ബന്ധപ്പെട്ട് ഏതൊരാൾക്കും പുറമെനിന്ന് നോക്കുമ്പോൾ, എന്താണ് കേരളം ഇങ്ങനെ നിൽക്കുന്നത്, ടി.പി.ആർ. കുറേക്കാലമായി പത്ത് ശതമാനത്തിന് മുകളിൽത്തന്നെയാ

ണല്ലോ, താഴേയ്ക്ക് പോകുന്നില്ലല്ലോ, എന്താണ് അങ്ങനെയെന്ന് സ്വാഭാവികമായും തോന്നും. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ വിദഗ്ധർ പലരും ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. കേരളം അങ്ങോട്ട് കാര്യങ്ങൾ പറയുമ്പോൾ, 'ഇതല്ലാതെ ഇതിനപ്പുറം ഒന്നുംചെയ്യാനില്ല, നിങ്ങൾ ശരിയായ രീതിയിൽത്തന്നെയാണ് പോകുന്നത്' എന്ന മറുപടിയാണ് എല്ലാ വിദഗ്ധരും പറയുന്നത്. നാം സ്വീകരിച്ച നടപടികളിൽ തെറ്റുണ്ടെന്ന് ഒരു വിദഗ്ധരും ചർച്ചയിൽ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ദേശീയ തലത്തിലുള്ള വിദഗ്ധരുമായിട്ടാണല്ലോ നമ്മൾ ചർച്ചചെയ്യുന്നത്. എന്നാൽ നമ്മുടെ നാട്ടിൽ ഈ ഒരു അവസ്ഥയുണ്ട്. ദീർഘകാലമായി ഒരേ നില തുടരുന്നു എന്നുള്ളത് ശ്രദ്ധിക്കേണ്ട കാര്യമാണ്. രോഗം കൂടുതൽ വ്യാപിക്കാതിരിക്കണം, വ്യാപനം തടയാൻ കഴിയണം. കാരണം, ഈ ഘട്ടത്തിൽ വിവിധ വേരിയന്റുകൾ വന്നേയ്ക്കാം. നേരത്തേ മഹാരാഷ്ട്രയിൽ ഇത്തരമൊരു അവസ്ഥയുണ്ടായിരുന്നുവെന്നും ഡെൽറ്റാ വൈറസിന്റെ ഉത്ഭവത്തിന് അതിടയാക്കി എന്നും പറയുന്നുണ്ട്. അങ്ങനെയൊരു അപകടാവസ്ഥ ഇതിനുണ്ട്. അതുകൊണ്ടുതന്നെ കഴിയാവുന്ന ശ്രമമൊക്കെ നടത്തുകയാണ്. നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുപോകുക എന്നതാണ് ചെയ്യേണ്ടത്. അതിന് സഹായകരമായ നിലപാടാണ് നമ്മളെല്ലാവരും സ്വീകരിക്കേണ്ടത്.

നമുക്കെല്ലാവർക്കും കടകൾ തുറക്കണമെന്ന് ആഗ്രഹമുണ്ടാകും. എല്ലാം തുറന്ന് വിടണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷേ ഈയൊരു പൊതുനിയന്ത്രണത്തിൽനിന്നുകൊണ്ട് മാത്രമേ കാര്യങ്ങൾ നിർവ്വഹിക്കാനാകൂ എന്നത് തിരിച്ചറിയാനാകണം. അതിന്റെ ഭാഗമായി എന്താണോ ചെയ്യാൻ സാധിക്കുന്നത് അത് ഓരോ ഘട്ടത്തിലും ചെയ്യുകയാണ്. അതിന്റെ ഭാഗമായി നമുക്ക് നല്ല രീതിയിൽ കാര്യങ്ങൾ നിയന്ത്രണവിധേയമാക്കാൻ കഴിയുമെന്നതന്നെയാണ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

11.00AM]

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ സർക്കാരിന്റെ മറുപടി വിസ്മയിപ്പിക്കുകയാണ്. സഭ നിർത്തിവച്ച് ഇത് വളരെ ഗൗരവത്തോടുകൂടി ചർച്ചചെയ്യുമെന്നാണ് ഞങ്ങൾ കരുതിയത്. ഞാനിവിടെ

ഇരിക്കുന്ന മന്ത്രിമാരുൾപ്പെടെയുള്ള മുഴുവൻ എം.എൽ.എ.-മാരോടും ചോദിക്കുന്നു - നിങ്ങളെ കാണാൻ എത്രയോ ആളുകൾ വരുന്നു, ഓരോ സെക്ടറിൽനിന്നുമുള്ള ആളുകളും അവരുടെ സംഘടനകളും പ്രതിനിധികളുമെല്ലാം നിങ്ങളെ വന്നുകണ്ട് സങ്കടങ്ങൾ പറയുന്നുണ്ട്. എത്രപേരാണ് നമ്മളെ എല്ലാവരെയും കണ്ട് അവരുടെ വിഷമങ്ങൾ പറയുന്നത്, വാടക നൽകാത്തതിന്റെ പേരിൽ വീട്ടിൽനിന്നും ഇറക്കിവിട്ടതുകൊണ്ടും മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ടും സങ്കടങ്ങളുമായി നമ്മുടെ മുമ്പിൽ വരുന്നത്. ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം ദിനംപ്രതി കേരളത്തിൽ വർദ്ധിക്കുകയാണ്. സർക്കാർ നടത്തുന്ന പഠനത്തിന്റെ സംവിധാനങ്ങളൊന്നും ഞങ്ങൾക്കില്ല. പക്ഷേ യു.ഡി.എഫ്. നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇവിടെ വിഷയങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചത്. കേരളത്തിലെ ഓരോ മേഖലയിലും കോവിഡും മഹാമാരിയും അതിനെത്തുടർന്നുണ്ടായ ലോക്ക്ഡൗണുകളുമുണ്ടാക്കിയ ആഘാതം എത്രമേൽ ആഴത്തിലാണെന്ന് പഠിച്ച് ആ മേഖലകളെ എങ്ങനെ കൈപിടിച്ചുയർത്താം, രക്ഷപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ആലോചനകൾ വേണ്ടേ? ഇവിടെ കാർഷിക മേഖല ഉൾപ്പെടുന്ന പ്രൈമറി സെക്ടറിൽ സമ്പൂർണ്ണ ലോക്ക്ഡൗണിന്റെ കാലത്ത് 74

ശതമാനവും അല്ലാത്ത സമയത്ത് 46 ശതമാനവും ഉൽപ്പാദന മേഖല ഉൾപ്പെടുന്ന സെക്കണ്ടറി സെക്ടറിൽ ലോക്ക്ഡൗൺ കാലത്ത് 88 ശതമാനവും അല്ലാത്ത സമയത്ത് 81 ശതമാനവും സർവീസ് സെക്ടറിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ കാലത്ത് 79 ശതമാനവും അല്ലാത്ത സമയത്ത് 58 ശതമാനവും നഷ്ടമുണ്ടായിരിക്കുന്നു. കോവിഡ് കാരണം ഏറ്റവും കൂടുതൽ ആഘാതം സംഭവിച്ചത് ദിവസവേതനക്കാർക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുമാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കാൻ അനുവാദം കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, എന്നാൽ അസംസ്കൃത വസ്തുക്കളായ സിമന്റിന്റെയും കമ്പിയുടെയും വലിയ തോതിലുള്ള വിലവർദ്ധനവ് നിർമ്മാണ മേഖലയെ അക്ഷരാർത്ഥത്തിൽ സ്തംഭിപ്പിച്ചിരിക്കുകയാണ്. അതുമൂലം നിർമ്മാണ മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾ പട്ടിണിയിലേയ്ക്ക് പോകുകയാണ്. സിനിമാ പ്രദർശന ശാലകൾ, ഓഡിറ്റോറിയങ്ങൾ, ഹൗസ് ബോട്ടുകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ, ഹോട്ടലിലെ പാചകക്കാർ, വിനോദ സഞ്ചാര കേന്ദ്രത്തിലെ തൊഴിലാളികൾ, കാറ്ററിംഗ്, പന്തൽ തൊഴിലാളികൾ, ലൈറ്റ് & സൗണ്ട്, പ്രിന്റിംഗ് തൊഴിലാളികൾ, കലാകാരന്മാർ, സ്റ്റേജ് ഷോ നടത്തുന്നവർ, ബ്യൂട്ടി പാർലറുകളിൽ

ജോലിചെയ്യുന്നവർ എന്നിവർക്ക് പൂർണ്ണമായ തൊഴിൽനഷ്ടം സംഭവിച്ചിരിക്കുകയാണ്. വസ്തുവ്യാപാര സ്ഥാപനങ്ങൾ, ഫാൻസി ഡെക്കറേഷൻ വ്യാപാരം, സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ ബസ്സുകൾ, വർക്ഷോപ്പുകൾ, സ്പെയർപാർട്സ് കടകൾ, ചെറുകിട നിർമ്മാണ യൂണിറ്റുകൾ, ഫീൽഡ് ജീവനക്കാർ എന്നിവർക്ക് 50 മുതൽ 60 ശതമാനം വരെയാണ് തൊഴിൽനഷ്ടമുണ്ടായിരിക്കുന്നത്. കേരളത്തിൽ മൂന്ന് ലക്ഷത്തോളം പേരുടെ ഉപജീവനമാർഗ്ഗമായ ലൈറ്റ് & സൗണ്ട്സ് തൊഴിൽ മേഖലയിലെ അഞ്ച് പേർ കഴിഞ്ഞ ദിവസം ആത്മഹത്യചെയ്തു. അതുമാത്രമല്ല, ബേക്കറി തൊഴിലാളിയും ബസ് ഉടമയുമൊക്കെ ആത്മഹത്യ ചെയ്ത വാർത്തകൾ വായിച്ചതാണ്. അത്തരത്തിൽ എല്ലാ മേഖലകളിലും ആത്മഹത്യകൾ വർദ്ധിച്ചുവരികയാണ്. ഇവിടെ ചെറുകിട വ്യവസായ മേഖല പൂർണ്ണമായും തകർച്ചയുടെ ഘട്ടത്തിലെത്തി നിൽക്കുകയാണ്. 25,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലെ ചെറുകിട വ്യവസായ മേഖലകളിലുണ്ടായിരിക്കുന്നത്. അൻപത് ശതമാനത്തിൽ താഴെയുള്ള വ്യവസായ യൂണിറ്റുകൾ മാത്രമാണ് തുറക്കാൻ കഴിഞ്ഞിട്ടുള്ളത്. പുതിയ ഉൽപ്പന്നങ്ങളില്ല, തൊഴിലില്ല, പണലഭ്യതപോലുമില്ലാത്ത സാഹചര്യങ്ങൾ വന്നിരിക്കുകയാണ്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവർക്ക് ലോൺ

അനുവദിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. 2018-ലെ പ്രളയത്തിൽ നിങ്ങൾ പ്രഖ്യാപിച്ച ലോൺ ഇതുവരെ ഒരു കച്ചവടക്കാരനോ വ്യവസായിക്കോ കൊടുത്തിട്ടില്ല. നിങ്ങൾ ഈ സഭയിൽ നടത്തിയ വലിയ പ്രഖ്യാപനം 2019-ലെ പ്രളയത്തിനുശേഷവും ഇപ്പോഴും അതുപോലെ നിൽക്കുകയാണ്. 1,75,000 ചെറുകിട വ്യവസായ സംരംഭങ്ങളിലായി സംസ്ഥാനത്ത് നാൽപത് ലക്ഷത്തോളം തൊഴിലാളികളുണ്ട്. ഈടില്ലാതെ പ്രവർത്തന മൂലധനമായി 30% വരെ വായ്പ നൽകണം എന്നതാണ് ഇവരുടെ ആവശ്യം. ഇവിടെ മൊറട്ടോറിയവുമായി ബന്ധപ്പെട്ട വിഷയം പറഞ്ഞു. നിങ്ങൾ തെരഞ്ഞെടുപ്പിനുമുൻപ് ഇതൊക്കെ നല്ലരീതിയിൽ അഡ്രസ്സ് ചെയ്തിരുന്നു. ആദ്യ ലോക്ഡൗൺ വന്നപ്പോൾ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടി നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾക്കും എൻ.ബി. എഫ്.സി.-കൾക്കും മൊറട്ടോറിയം കൊടുത്തു. അതുപോലെ വട്ടിപ്പലിശക്കാരോടും മൈക്രോ ഫിനാൻസുകാരോടും ഇപ്പോൾ പണം പിരിക്കരുതെന്ന് പറഞ്ഞിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എന്താണ് ചെയ്തത്? ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടിയോ? ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടണം, ബാങ്കുകളോട് അഭ്യർത്ഥിക്കണമെന്ന് ഞങ്ങൾ കഴിഞ്ഞ സഭയിൽ പറഞ്ഞതാണ്. കോവിഡിന്റെ ഒന്നാം തരംഗത്തെക്കാളും എത്രയോ

ശക്തമാണ് രണ്ടാം തരംഗം. അതുകൊണ്ടുതന്നെ രണ്ടാമത്തെ ലോക്ഡൗൺ എത്രമാത്രം പ്രശ്നങ്ങളാണുണ്ടാക്കിയിരിക്കുന്നത്. എന്നിട്ട് നാഷണലൈസ്ഡ്/ സഹകരണ ബാങ്കുകൾക്കോ എൻ.ബി.എഫ്.സി.-ക്കോ കുടുംബശ്രീ ലോണിനോ എന്തിനെങ്കിലും നിങ്ങൾ മൊറട്ടോറിയം നൽകിയോ? ഒരാൾക്കും നൽകിയില്ല. ബാങ്കുകളിൽനിന്നുമുള്ള റിക്കവറി നോട്ടീസുകളാണ് ഇപ്പോൾ എല്ലാ വീടുകളുടെയും വാതിൽക്കൽ പതിപ്പിക്കപ്പെടുന്നത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ വട്ടിപ്പലിശക്കാരും എൻ.ബി.എഫ്.സി.-കളും ഗുണ്ടകളെവിട്ട് ലോണടയ്ക്കാത്തവരെ ഭീഷണിപ്പെടുത്തുകയാണ്, പാവപ്പെട്ട സ്ത്രീകളോട് ദ്വയാർത്ഥത്തിൽ സംസാരിക്കുകയാണ്. ആളുകൾ ആത്മഹത്യ ചെയ്താൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ? ആരുണ്ട് അവർക്കുവേണ്ടി സംസാരിക്കാൻ? ഒരാളും ചോദിക്കാനില്ലാത്ത അവസ്ഥയാണുള്ളത്. ഞങ്ങൾ കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞതാണ്, നിങ്ങൾ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചു ചേർക്കണം, റിസർവ് ബാങ്കുമായി ബന്ധപ്പെടണം. സിബിൽ റേറ്റിംഗ് ഈ കാലയളവിൽ സസ്പെന്റ് ചെയ്തില്ലെങ്കിൽ കേരളത്തിൽ ഇനി ഒരാൾക്കുപോലും ലോൺ കിട്ടില്ല, കാരണം എല്ലാവരുടെയും സിബിൽ റേറ്റിംഗ് താഴേയ്ക്ക് പോയിരിക്കുകയാണ്. ഇതെല്ലാം ഞങ്ങൾ ഈ സഭയുടെ ആദ്യ സമ്മേളനത്തിൽ പറഞ്ഞിട്ട് നിങ്ങൾ എന്തെങ്കിലും നടപടി സ്വീകരിച്ചോ?

ഗതാഗത മേഖലയിൽ സ്വകാര്യ ബസ്സുകൾ, ഓട്ടോറിക്ഷ, ടാക്സികൾ, കോൺട്രാക്ട് ക്യാരേജുകൾ, ചരക്കുവാഹനങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗവും സമരത്തിലാണ്. ഇവിടെ ഞങ്ങൾ കാലുപിടിച്ച് പറഞ്ഞപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ഓഗസ്റ്റ് 31-ാം തീയതി വരെ അവർ ടാക്സ് അടയ്ക്കേണ്ട എന്നാണ്. കഴിഞ്ഞ പ്രാവശ്യത്തെ ലോക്ഡൗൺ ഇലക്ഷന് മുൻപായതുകൊണ്ട് നിങ്ങൾ ടാക്സ് എക്സംപ്ഷൻ കൊടുത്തു, ഇലക്ഷൻ കഴിഞ്ഞപ്പോൾ ആ സഹായങ്ങളൊന്നുമുണ്ടായില്ല. ഓഗസ്റ്റ് 31 വരെ ടാക്സ് അടയ്ക്കേണ്ട എന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽപറഞ്ഞതിനുശേഷം എത്ര ദിവസം കഴിഞ്ഞിട്ടാണ് ഓർഡർ ഇറങ്ങിയത്? ഗതാഗത വകുപ്പുമന്ത്രി പറയൂ. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിനുശേഷം കേരളത്തിൽ എത്ര വാഹനങ്ങൾക്ക് ടാക്സടച്ചില്ല എന്ന കാരണത്താൽ 5,000 രൂപയും 7,000 രൂപയും ഫൈൻ ഈടാക്കി? ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ പോലീസും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ചേർന്ന് തോന്നിയതുപോലെ ഫൈൻ ഈടാക്കി ജനങ്ങളെ ദ്രോഹിക്കുകയാണ്. നിങ്ങൾക്ക് പണമുണ്ടാക്കുന്നതിന് കഷ്ടപ്പെടുന്ന ജനങ്ങളെ ദ്രോഹിക്കണോ? ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം വന്നിട്ടുപോലും ടാക്സ് അടച്ചില്ല എന്നുപറഞ്ഞുകൊണ്ട് ഓടാത്ത

വാഹനത്തിന്റെ ഉടമകളിൽനിന്നും ഫൈൻ ഈടാക്കിയില്ലേ? എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ ഇവിടെ ചെയ്തത്? ഏത് മേഖല നോക്കിയാലും എല്ലായിടത്തും തൊഴിൽ നഷ്ടങ്ങളാണ് കാണാൻ സാധിക്കുന്നത്. കാർഷിക മേഖലയിൽ 2,000 കോടിയോളം രൂപയുടെയും മത്സ്യമേഖലയിൽ 1,600 കോടി രൂപയുടെയും നഷ്ടം വന്നിരിക്കുകയാണ്. അതുപോലെ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലകൾ പൂർണ്ണമായി തകർന്നു. റസ്റ്റോറന്റുകൾ തുറക്കാൻ കഴിയുന്നില്ല. അതിനിടയിൽ കേന്ദ്ര സർക്കാർ ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കുള്ള പാചക വാതകത്തിന്റെ വിലയും വർദ്ധിപ്പിച്ചു. ഇതിനുപുറമേ റസ്റ്റോറന്റുകൾക്ക് വാടകയും ഇലക്ട്രിസിറ്റി ചാർജ്ജിന്റെ മിനിമം റേറ്റെങ്കിലും കൊടുക്കേണ്ട സാഹചര്യവുമുണ്ട്.

പ്രവാസികളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. പ്രവാസികളിൽ ധാരാളം ആളുകൾ തിരിച്ചുപോകാൻ കഴിയാതെ വിഷമിക്കുകയാണ്. എന്ത് നടപടിയാണ് ഇക്കാര്യത്തിൽ നിങ്ങൾ സ്വീകരിച്ചത്? ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒരു സംസ്ഥാനമാണ് കേരളം. കോവാക്സിൻ ഗൾഫ് രാജ്യങ്ങളിൽ അംഗീകരിക്കുന്നില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എന്താണ് സഭയിൽ പറഞ്ഞത്? കോവാക്സിന്റെ ബ്രാക്കറ്റിൽ 'AstraZeneca' എന്നെഴുതിയാൽ അവിടെ സ്വീകരിക്കുമെന്ന്. എന്നിട്ട് സ്വീകരിച്ചോ?

(..ബഹളം...) കോവിഷീൽഡിൽ അല്ലെങ്കിൽത്തന്നെ 'AstraZeneca' എന്നെഴുതിയിട്ടുണ്ട്, അത് ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നതാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഷീൽഡ് വാക്സിൻ ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നുണ്ടായിരുന്നില്ല. അതിൽ Oxford- AstraZeneca എന്നുള്ള സർട്ടിഫിക്കറ്റ് നമ്മളാണ് സംസ്ഥാനതലത്തിൽ കൊടുക്കാൻ തീരുമാനിച്ചത്. അതിനുശേഷം കുറേയേറെ ദിവസങ്ങൾ കഴിഞ്ഞാണ് കേന്ദ്ര സർക്കാർ അതിന് തയ്യാറായത്.

ശ്രീ. വി. ഡി. സതീശൻ: സർ, കോവാക്സിൻ അല്ല കോവിഷീൽഡാണ് ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നത്. ഇതറിയാതെ കോവാക്സിൻ സ്വീകരിച്ച ആളുകളെന്തുചെയ്യും? ആരോഗ്യ വകുപ്പിന് ഇതുസംബന്ധിച്ച് എന്ത് മറുപടിയാണ് പറയാനുള്ളത്? ഇനി രണ്ടാമത് അവർ കോവിഷീൽഡ് എടുക്കണോ? അപ്പോൾ ഒരു വ്യക്തിക്ക് രണ്ട് വ്യത്യസ്ത ഡോസ് വാക്സിനുകൾ സ്വീകരിക്കാൻ സാധിക്കുമോ? അങ്ങനെയുള്ളവർ തിരിച്ചുപോകാൻ കഴിയാതെ നിൽക്കുകയാണ്. (...ബഹളം...) നിങ്ങൾ മറുപടി പറയണ്ട. സർക്കാരാണ് മറുപടി പറയേണ്ടത്. എന്താണ് പോംവഴി? ഞങ്ങളോട് ആളുകൾ ഫോൺ ചെയ്ത് 'ഞങ്ങൾ കോവാക്സിൻ എടുത്തുപോയി, അത്

ഗൾഫ് രാജ്യങ്ങൾ സ്വീകരിക്കുന്നില്ല, ഇനി ഞങ്ങൾ എന്തുചെയ്യും, ഞങ്ങൾ എങ്ങനെ പോകും' എന്ന് ചോദിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്. കോവാക്സിൻ അംഗീകരിക്കണമെങ്കിൽ ലോകാരോഗ്യ സംഘടനയോട് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട് സാധിച്ചെടുക്കണം. അതിനുവേണ്ടി സംസ്ഥാന സർക്കാർ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഇത് ഭരണ-പ്രതിപക്ഷം ഒന്നിച്ചുനിന്ന് ആവശ്യപ്പെടേണ്ട കാര്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാന സർക്കാർ കത്തുകൾ അയയ്ക്കുന്നുണ്ടാകാം, ഞാനും പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഇതിനൊരു പരിഹാരമുണ്ടാകണ്ടേ? (...ബഹളം...) അവർക്കെന്താണ് പ്രശ്നം?

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. (....ബഹളം....)

ശ്രീ. വി. ഡി. സതീശൻ: സർ, പ്രധാനപ്പെട്ടൊരു വിഷയം അവതരിപ്പിക്കുകയല്ലേ? (...ബഹളം...) ഒരു പരിഹാരമുണ്ടാക്കാൻ വേണ്ടിയല്ലേ. നിയമസഭയിൽ ഒരു വിഷയം കൊണ്ടുവരുന്നതെന്തിനാണ്? ഉദ്യോഗസ്ഥരുടെയും ഭരണകൂടത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അത് പരിഹരിക്കപ്പെടുന്നതിനുവേണ്ടിയാണ്. അല്ലാതെ ഗവൺമെന്റിനെ

കുറ്റപ്പെടുത്തുന്നതിനുവേണ്ടിയല്ല. (...ബഹളം...) ഒരുപാട് ആരോഗ്യ വകുപ്പുമന്ത്രിമാർ വേണ്ട. (...ബഹളം...) കൊവാക്സിനെടുത്തവർ എന്തുചെയ്യും? ആരോഗ്യ വകുപ്പിന്റെ മറുപടി എന്താണ്? അവർ കോവിഷീൽഡ് എടുത്തിട്ട് പോകണോ? അതോ കോവാക്സിൻ ഗൾഫ് നാടുകൾ അംഗീകരിക്കുന്നതുവരെ അവരുടെ വിസ നഷ്ടപ്പെടുത്തി ഇവിടെ നിൽക്കണോ? ഇത്തരം ആളുകൾക്ക് തിരിച്ചുപോകാൻ കഴിയുന്നില്ല. മടങ്ങിവന്ന പ്രവാസികളെ ഇവിടെ നിർത്തണമെന്നാഗ്രഹിക്കുന്നവരല്ലല്ലോ നമ്മൾ; പ്രവാസികളെ തിരിച്ചയയ്ക്കണം. പ്രവാസികളുടെ മടങ്ങിവരവുമൂലം സംസ്ഥാനത്തിന് താങ്ങാൻ കഴിയാത്തവിധം പ്രശ്നങ്ങളുണ്ടാക്കിയിരിക്കുന്ന കാര്യമാണ് പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്. നമ്മുടെ സമ്പദ് വ്യവസ്ഥയിലും സാമ്പത്തിക മേഖലയിലും ജനജീവിതത്തിലുമെല്ലാം ഗൗരവതരമായ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളാണ് ഞങ്ങൾ അവതരിപ്പിച്ചത്. അതുപോലെ അസുഖങ്ങൾ വർദ്ധിച്ചുവരികയാണ്. അതായത്, കേരളത്തിലാണ് ഏറ്റവും കൂടുതൽ കോവിഡ് രോഗമുള്ളതെന്നാണ് ആദ്യം അവകാശപ്പെട്ടത്. കാറ്റിനെപ്പോലെ കേരളത്തിൽ രോഗങ്ങളെ തടുത്തുനിർത്തി എന്നാണ് ന്യൂയോർക്ക് ടൈംസിലും വാഷിംഗ്ടൺ പോസ്റ്റിലുമൊക്കെ വലിയ വാർത്ത വന്നത്. പി.ആർ. വർക്ക്

ആണെന്നൊക്കെ ആരോപണമുണ്ടായി. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. കേരളത്തെക്കുറിച്ച് നല്ലൊരു വാർത്ത വന്നാൽ സന്തോഷിക്കണം. എന്നാൽ രോഗികളുടെ എണ്ണം വർദ്ധിച്ച് മൂന്ന് മില്യൺ/ മുപ്പതുലക്ഷം കടന്നുപോയപ്പോൾ നമ്മുടെ ആദ്യത്തെ അവകാശവാദം നഷ്ടപ്പെട്ടു. അപ്പോഴാണ് ഇന്ത്യയിൽ ടി.പി.ആർ. ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് അവകാശപ്പെട്ടത്. ഇന്ന് ഇന്ത്യയിൽ ടി.പി.ആർ. കുറയാതെ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറി. അതുപോലെ കോവിഡ് മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളമെന്ന് അവകാശപ്പെട്ടു. അതിന്റെ കണക്ക് എല്ലാവർക്കുമറിയാം. എന്റെ കയ്യിൽ ഇൻഫർമേഷൻ കേരള മിഷനിൽനിന്നും ലഭിച്ച വിവരങ്ങളുണ്ട്. സർക്കാരിന്റെ ഏജൻസിയാണത്. ഔദ്യോഗിക കണക്കും ഇൻഫർമേഷൻ കേരള മിഷന്റെ കണക്കും തമ്മിൽ ഏകദേശം പതിനായിരത്തിന്റെ വ്യത്യാസമുണ്ട്. 25,000 പേർ മരിച്ചെന്നാണ് ഇൻഫർമേഷൻ കേരള മിഷൻ വിവരാവകാശത്തിലൂടെ ഞങ്ങൾക്ക് നൽകിയ വിവരം. അതേസമയം നിങ്ങളുടെ കണക്കിൽ അത് പതിനയ്യായിരമോ പതിനാറായിരമോ ആണ്. ഇൻഫർമേഷൻ കേരള മിഷന്റേത് ഔദ്യോഗിക കണക്കല്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിൽ ജനസാന്ദ്രത കൂടുതലാണെന്നും

അതുകൊണ്ടാണ് അസുഖങ്ങൾ വരുന്നതെന്നുമൊക്കെ മുഖ്യമന്ത്രി മറുപടി പറഞ്ഞു. കേരളത്തിൽ അസുഖങ്ങൾ കുറയണമെന്നുള്ള ആഗ്രഹത്തോടു കൂടിയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചോദിച്ചത്. അതിനെന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്ര അസ്വസ്ഥനാകുന്നത്? അസുഖങ്ങൾ കുറയാതെ നിൽക്കുന്നതിനാൽ ഇപ്പോൾ തുടർന്നുവരുന്ന സിസ്റ്റത്തിൽ എന്തെങ്കിലും തകരാറുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് പറയാനുള്ള അവകാശമില്ലേ; അതല്ലേ അദ്ദേഹം ചോദിച്ചത്. അദ്ദേഹം വിമർശിക്കുകയാണോ ചെയ്തത്; അല്ലെങ്കിൽ വിമർശിക്കാൻ പാടില്ലേ? നമ്മൾ ഫോളോ ചെയ്യുന്ന സിസ്റ്റത്തിൽ പ്രതീക്ഷിച്ച റിസൾട്ട് ഉണ്ടാകുന്നില്ലെങ്കിൽ അതിലെന്തെങ്കിലും പരാജയമുണ്ടോയെന്ന് പരിശോധന നടത്തണമെന്ന് ഞങ്ങൾക്കാർക്കും പറയാൻ പാടില്ലേ; ഞങ്ങൾ അതല്ലേ പറഞ്ഞത്. പല വിദഗ്ധരും പല അഭിപ്രായങ്ങൾ പറയുന്നുണ്ട്. ഈ രീതി ശരിയല്ലെന്ന് വളരെ പ്രശസ്തരായ, ഇന്റഗ്രിറ്റിയുള്ള, ഇന്റർനാഷണൽ എക്സ്പോഷറുള്ള ഡോക്ടർമാർ അഭിപ്രായപ്പെടുന്നുണ്ട്. ഞങ്ങൾ ലോക്ക്ഡൗൺ നിയന്ത്രണത്തെക്കുറിച്ച് എന്താണ് പറഞ്ഞത്; നമ്മുടെ ഉദ്ദേശം എന്താണ്; ആൾക്കൂട്ടത്തെ നിയന്ത്രിക്കുക എന്നതാണ്. കോവിഡ് വ്യാപനം തടയുന്നതിന് തിരക്ക്

നിയന്ത്രിക്കുക. നിങ്ങൾ ആഴ്ചയിൽ ഒരു ദിവസം കട തുറക്കാൻ സമ്മതിച്ചാൽ സ്ഥിതി എന്താകും? ആറ് ദിവസത്തെ തിരക്കുകൂടി ഒറ്റദിവസം വരും. ആ ഒരു ദിവസംകൊണ്ട് കോവിഡ് വ്യാപിക്കും. അതാണ് ഈ സിസ്റ്റത്തിലുള്ള പ്രശ്നമെന്ന് പറഞ്ഞത്. നിങ്ങൾ ആറ് ദിവസം കട തുറക്കുമ്പോൾ ശരാശരി നൂറുപേർ കടയിൽ വരും. അത് മൂന്ന് ദിവസമാക്കി കുറച്ചാൽ ഒരു ദിവസം ഇരുനൂറ് പേരായി വർദ്ധിക്കും. അതിനാൽ ഇക്കാര്യത്തിൽ കോമൺസെൻസുകൂടി അപ്ലൈ ചെയ്യണം. കാരണം ഉദ്യോഗസ്ഥർ എഴുതിക്കൊണ്ടുവരുന്നത് അതുപോലെ വായിക്കരുത്, അതിന്റെ താഴെ ഒപ്പുവയ്ക്കരുത്. നമ്മൾ ജനപ്രതിനിധികളാണ്. ഉദ്യോഗസ്ഥർ അവരുടെ ചിട്ടവട്ടങ്ങളും രീതിയുമനുസരിച്ച് അഡ്വൈസ് ചെയ്യുന്നു. നമ്മളല്ലേ അതിൽ അവസാന തീരുമാനമെടുക്കേണ്ടത്. അല്ലെങ്കിൽ നമ്മുടെ ആവശ്യമില്ലല്ലോ; ബ്യൂറോക്രാറ്റുകൾ ഭരിച്ചാൽ പോരെ. നമ്മൾ ജനങ്ങളുടെ നിരവധി ആവശ്യങ്ങൾ രാവിലെ മുതൽ വൈകുന്നേരം വരെ കേൾക്കുന്നു. ഡോക്ടർമാർ ഒ.പി.-യിൽ ഇരിക്കുന്നതുപോലെ ഇരുന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുന്നു. ആളുകളുടെ പരാതികൾ ശ്രദ്ധിക്കുകയും ചിലത് മനസ്സിൽ സൂക്ഷിക്കുകയും ഒരവസരം ലഭിക്കുമ്പോൾ അത് പറയുകയും ചെയ്യുന്നു. ഞങ്ങൾ അത്തരമൊരു അവസരമാണ് ഈ സഭയിലുണ്ടാക്കിയത്. നിരവധി

മാസമായി വൈവിദ്ധ്യമാർന്ന രംഗങ്ങളിൽനിന്ന് വരുന്ന കഷ്ടപ്പാടും ദുരിതവും പ്രയാസവും കണ്ണീരും ആത്മഹത്യയുടെ കഥകളും ഈ സഭയിൽ വന്ന് പറയേണ്ടതല്ലേ, ജനങ്ങളുടെ സങ്കടങ്ങൾ പറയണ്ടേ; അതുകൂടി ചേർത്തുവച്ചുകൊണ്ട് തീരുമാനമെടുത്തിട്ട് അത് യുക്തിപൂർവ്വമാണോയെന്ന് ആലോചിക്കണം. അല്ലാതെ, വൈകുന്നേരമാകുമ്പോൾ അവർ എഴുതിത്തരുന്ന കാര്യങ്ങൾ മുഴുവൻ വായിക്കുകയും ഇതാണ് നടപടി, ഇതിൽ ഒരുമാറ്റവും വരുത്തുകയില്ലെന്ന് പറയുകയും മാറ്റം വരുത്താൻ ആര് പറഞ്ഞാലും സമ്മതിക്കില്ലെന്നുമുള്ള നിലപാട് ശരിയല്ല. ഞാൻ രണ്ട് കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി പറയുകയാണ്. പാവങ്ങളും നിസ്സഹായരും നിരാലംബരുമായ മനുഷ്യരുടെ കണ്ണീര് കാണാനും അവരുടെ സങ്കടങ്ങൾ കേൾക്കാനും കണ്ണും കാതുമുണ്ടാകണം. ദൗർഭാഗ്യവശാൽ അത് നഷ്ടപ്പെട്ട ഒരു സർക്കാരായിരിക്കുന്നു. ഇലക്ഷൻ വരെയൊക്കെ അഡ്ജസ്റ്റ് ചെയ്തുപോയി. അതായത് 'തെരഞ്ഞെടുപ്പ് (പാലം) കടക്കുവോളം നാരായണ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ (പാലം കടന്നപ്പോൾ) കൂരായണ' എന്ന് പറയുന്നതുപോലെയാണ്. നിങ്ങൾ ഇപ്പോൾ ഒന്നും ശ്രദ്ധിക്കുന്നില്ല, സർക്കാർ ഒരു മേഖലയേയും ഒരു സെക്ടറിനെയും അഡ്രസ് ചെയ്യുന്നില്ല, ഒന്നും നോക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡയറക്ട്

ബെനിഫിറ്റ് ട്രാൻസ്ഫറിനെക്കുറിച്ച് പറഞ്ഞു. അത് കഴിഞ്ഞ സഭയിൽ ഞങ്ങൾ പറഞ്ഞ കാര്യമാണ്, പുതിയ കാര്യമല്ലല്ലോ; ശ്രീ. രാഹുൽ ഗാന്ധി കൊണ്ടുവന്ന ഒരാശയമാണ് ഞങ്ങൾ പറഞ്ഞത്. ധനകാര്യ വകുപ്പുമന്ത്രി അത് തത്വത്തിൽ അംഗീകരിക്കുകയും പണമില്ലെന്ന് പറയുകയും ചെയ്തു. നിങ്ങൾ രണ്ട് കോവിഡ് പാക്കേജുകൾ പ്രഖ്യാപിച്ചു. രണ്ട് സ്റ്റിമുലസ് പാക്കേജുകൾ പുരപ്പുറത്ത് കയറിനിന്ന് പ്രഖ്യാപിച്ചു. എന്താണ് ആ സ്റ്റിമുലസ് പാക്കേജുകൾ. കരാറുകാരുടെ കടം കൊടുത്തുതീർത്തു, പെൻഷൻ കൊടുത്തു. It is a liability of the Government, you have to pay that. സർക്കാർ കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ചിരിക്കുകയാണ്. പണി പൂർത്തിയാക്കിയാൽ കാശ് നൽകാമെന്നാണ് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്നത്. സർക്കാരിന്റെ ബാദ്ധ്യതയാണ്. മൂന്നുനാല് കൊല്ലം മുമ്പ് നിങ്ങൾ വച്ച എഗ്രിമെന്റിന്റെ ഭാഗമായി കോൺട്രാക്ടറുടെ കാശ് സർക്കാർ കൊടുക്കുന്നു. അതെങ്ങനെയാണ് സ്റ്റിമുലസ് പാക്കേജാകുന്നത്. Legally you are binding. തുക നൽകാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്. മൂന്ന് കൊല്ലംമുമ്പ് നടത്തിയ വർക്ക് അല്ലെങ്കിൽ ഒരു കൊല്ലംമുമ്പ് നടത്തിയ വർക്കിന്റെ പേമെന്റ് കോൺട്രാക്ടർക്ക് കൊടുക്കുന്നതിനെ സ്റ്റിമുലസ് പാക്കേജെന്ന ഓമനപ്പേരിട്ട് വിളിക്കാൻ നിങ്ങൾക്കല്ലാതെ വേറെ ആർക്കെങ്കിലും

കഴിയുമോ? നിങ്ങൾ പെൻഷൻ കൊടുക്കുന്നുവെന്ന് പറയുന്നു. അതിനുവേണ്ടി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച് അലോക്കേഷൻ നൽകേണ്ടത് നിങ്ങളുടെ ബാധ്യതയാണ്. ഏത് സർക്കാർ വന്നാലും സാലറിയും പെൻഷനും നൽകണം, it is a liability of the Government. സർക്കാർ പേമെന്റ് നടത്തണ്ടേ; സർക്കാർ പെൻഷൻ നൽകുന്നത് സ്റ്റിമുലസ് പാക്കേജാക്കിയിരിക്കുന്നു. രണ്ടാമത്തെ സ്റ്റിമുലസ് പാക്കേജ് വന്നു. അതിൽ തുക വകയിരുത്താത്ത കാര്യം ഇപ്പോഴത്തെ മന്ത്രി കുറച്ചുകൂടി പാവമായതുകൊണ്ട് പറഞ്ഞു. ഇരുപതിനായിരം കോടി രൂപയുടെ പ്രഖ്യാപനം മാത്രമേയുള്ളൂ. ഇരുപതിനായിരം കോടി രൂപ പ്രഖ്യാപിച്ചാൽ ഇതെങ്ങനെ ലഭിക്കും? അതിന് എവിടെനിന്ന് പണം കണ്ടെത്തും? അപ്പോൾ ഒരു പാക്കേജുമില്ല. സർക്കാരിന്റെ റൂട്ടീൻ ജോലിക്കിടയിൽ ബാധ്യത തീർക്കുന്നതിന് സ്റ്റിമുലസ് പാക്കേജായി എന്നുപറഞ്ഞുകഴിഞ്ഞാൽ ആളുകളുടെ കയ്യിൽ പൈസ ലഭിക്കുമോ? ജനങ്ങളുടെ കയ്യിൽ പണം കൊടുക്കണമെന്ന് നമ്മൾ പറഞ്ഞു. നിങ്ങൾ salaried class-ന് നൽകണ്ട, പാവങ്ങളെ കണ്ടെത്തി മാനദണ്ഡം നിശ്ചയിച്ച് അവർക്ക് കൊടുക്കണം. നിങ്ങൾ പതിനായിരം കോടി രൂപ കൊടുക്കണം. അത് ഏത് സെക്ടറിനെയാണ് താങ്ങിനിർത്തേണ്ടതെന്ന് മനസ്സിലാക്കി നൽകൂ.

2013-ലാണ് ആദ്യമായി ശ്രീ. മൻമോഹൻ സിംഗ് സർക്കാർ 'ജനനീ സുരക്ഷാ യോജന' എന്ന പേരിൽ ആദ്യത്തെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ഇന്ത്യയിൽ നടപ്പിലാക്കിയത്. അതുകഴിഞ്ഞ് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഒരുവിധത്തിൽ പറഞ്ഞാൽ 2008-ലെ മാന്ദ്യത്തെ മറികടക്കാൻ ഉണ്ടാക്കിയ ഒരു ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറാണ്. നേരിട്ട് ആളുകളുടെ കയ്യിൽ പണമെത്തിക്കാനുള്ള ഒരു മാർഗ്ഗമാണ്. അത്തരം മാർഗ്ഗങ്ങൾ നിങ്ങൾ അവലംബിക്കണമെന്നാണ് പറയാനുള്ളത്. ഞങ്ങൾ പ്രധാനപ്പെട്ട ഒരുനിർദ്ദേശം സർക്കാരിന്റെ മുമ്പിൽ വയ്ക്കുന്നു. സർക്കാർ പ്ലാനിംഗ് ബോർഡ് മോഡലിൽ കോവിഡ് ദുരന്തനിവാരണ കമ്മീഷൻ രൂപീകരിക്കണം. ആ കമ്മീഷൻ എല്ലാ സെക്ടറിലുമുണ്ടായിരിക്കുന്ന ദുരിതങ്ങൾ എന്താണ്, നഷ്ടങ്ങൾ എന്താണ്, ജനങ്ങളെ എങ്ങനെ ബാധിച്ചിരിക്കുന്നുവെന്ന് പരിശോധിക്കണം. ഓരോ സെക്ടറിനുമുള്ള എക്സ്പെർട്ടുകളെ കമ്മീഷനായി നിയമിക്കാം. സർക്കാരിന്റെ കൈവശമുള്ള വിവരങ്ങൾ വച്ച് പ്ലാനിംഗ് ബോർഡ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതുപോലെ ഓരോ ഗ്രൂപ്പുകൾക്കും സെക്ടർ തിരിച്ചാൽ മതി. ഏറ്റവും കൂടുതൽ ഇംപാക്ടുണ്ടായിരിക്കുന്ന സെക്ടറുകൾ തിരിച്ച് റിപ്പോർട്ട് ലഭിക്കും. അതിന്റെ അടിസ്ഥാനത്തിൽ കോവിഡ് ദുരന്തനിവാരണ കമ്മീഷന് ഗവൺമെന്റിന്

മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കാം. നിങ്ങൾ ഇതുവരെ പഠിച്ചില്ലല്ലോ; ഓരോ സെക്ടറിലും എന്ത് സംഭവിച്ചുവെന്ന് നിങ്ങൾ പഠിക്കണം. സർക്കാർ പഠിക്കുമ്പോൾ കുറേക്കൂടി ആധികാരികത വരും. നിങ്ങൾ പഠിച്ച് റിപ്പോർട്ട് കൊടുത്ത് ഞങ്ങളുമായി കൂടിയാലോചിച്ച് നടപ്പിലാക്കണം. തമിഴ്നാട്ടിലെ മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ അധികാരത്തിൽ വന്നതിനുശേഷം നാലുപ്രാവശ്യം ഓൾ പാർട്ടി മീറ്റിംഗുകൾ നടത്തി എല്ലാവരുമായി അദ്ദേഹം സംസാരിച്ചു. അദ്ദേഹം നാലായിരം രൂപ കോവിഡ് റിലീഫായി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകി. പാലിന്റെ വില കുറച്ചു. അങ്ങനെ ധാരാളം കാര്യങ്ങൾ ചെയ്തു. നിരവധി കൂടിയാലോചനകൾ നടത്തി തീരുമാനങ്ങളെടുത്തു. പഞ്ചാബിനെ സംബന്ധിച്ച് പറഞ്ഞ കാര്യം ശരിയല്ല. 13,800 കോടി രൂപയുടെ പുതിയ ശമ്പള കമ്മീഷന്റെ പ്രഖ്യാപനം പഞ്ചാബിലെ മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിംഗ് നടപ്പിലാക്കിയിരിക്കുകയാണ്. അല്ലാതെ പഞ്ചാബിൽ ശമ്പളം കൊടുക്കാത്ത സ്ഥിതിയല്ല ഉള്ളത്. പഞ്ചാബിൽ മിനിമം ശമ്പളം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. പഞ്ചാബിലെ കോൺഗ്രസ് സർക്കാർ ശമ്പളം കൊടുക്കാതിരുന്നിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ കാര്യങ്ങളിൽ യു.പി.-യുമായി കേരളത്തെ താരതമ്യപ്പെടുത്തിയിരി

ക്കുകയാണ്. അങ്ങനെ ആരെങ്കിലും ചെയ്യുമോ? മിഷനറികളുടെയും രാജഭരണത്തിന്റെയും കാലംമുതൽ ജനാധിപത്യ ഗവൺമെന്റുകൾ അധികാരത്തിൽ വന്നതിനുശേഷവും കേരളത്തിൽ വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ ഗൗരവതരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. മഹാമാരിയെ നേരിടുമ്പോഴും അതിന്റെ റിസൾട്ടിപ്പോൾ കാണുന്നില്ല, അതിനെന്താണ് സംഭവിച്ചതെന്ന് പരിശോധിക്കണം. മുഖ്യമന്ത്രി എപ്പോഴും പറയുന്നത്, ഞങ്ങൾ ജയിച്ചില്ലേ; 99 സീറ്റ് കിട്ടിയില്ലേ എന്നാണ്. ജനവിധിയെന്നത് ജനോപകാരപ്രദങ്ങളായ തീരുമാനങ്ങളെടുക്കാനുള്ള ഉത്തേജകമായി മാറണം. അല്ലാതെ ധാർഷ്ട്യത്തിനും അഹങ്കാരത്തിനും എന്തുംചെയ്യാനുള്ള ലൈസൻസായി വഴിമാറരുത്. വിമർശനം നടത്തിയാൽ അപ്പോഴേയ്ക്കും പൊട്ടിത്തെറിക്കും. കോവിഡ് നിയന്ത്രണരീതിയെക്കുറിച്ചുള്ള കാര്യങ്ങൾ ഞങ്ങൾ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊട്ടിത്തെറിക്കുന്നതെന്തിനാണ്? അണികളെല്ലാവരും ചേർന്ന് ദൈവമാക്കി വച്ചിരിക്കുന്നതിനാൽ താൻ വിമർശനത്തിനതീതനാണെന്ന ചിന്ത മുഖ്യമന്ത്രിയെ ഭരിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. ഏത് ദൈവമായാലും ഏത് ചക്രവർത്തിയായാലും വിമർശിക്കേണ്ടിടത്ത് അതുതന്നെ ചെയ്യുമെന്ന് ഓർമ്മപ്പെടുത്തുന്നു. കേരളം തകർന്നിരിക്കുന്ന സാഹചര്യത്തെക്കുറിച്ച്

ഗൗരവതരമായ ചർച്ചപോലും ഈ നിയമസഭയിൽ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ വളരെ കുറച്ച് സമയം മാത്രമാണ് സംസാരിക്കുന്നത്, ബഹുമാനപ്പെട്ട സ്പീക്കർ ഇടയ്ക്ക് ഓർമ്മിപ്പിക്കാതിരിക്കാൻവേണ്ടി പറഞ്ഞതാണ്. ഞങ്ങൾക്ക് വളരെയധികം ചാരിതാർത്ഥ്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലില്ലാത്തതിനാൽ ധനകാര്യ വകുപ്പുമന്ത്രിയെങ്കിലും ഇതുശ്രദ്ധിച്ചാൽ നന്നായിരിക്കും. ലോകത്ത് ഏറ്റവും കൂടുതൽ കോവിഡ് വ്യാപനമുള്ളത് ഇന്ത്യയിലും ഇന്ത്യയിൽ ഏറ്റവും കൂടുതൽ രോഗവ്യാപനമുള്ളത് കേരളത്തിലുമാണ്. കോവിഡ് വ്യാപനത്തിന്റെ കാര്യത്തിൽ സിംഗപ്പൂരിലും ഇപ്പോൾ കേരളത്തിന്റെ സ്ഥിതിയാണ്. തായ്വാനിലെ ആളുകൾ സിംഗപ്പൂരിൽ വന്നതുകൊണ്ട് അവിടെ കോവിഡ് വ്യാപനമുണ്ടായി. ഇപ്പോൾ സിംഗപ്പൂരും അല്ലാതെ ഒന്നുരണ്ട് രാജ്യങ്ങളിലുമാണ് കോവിഡിന്റെ കാര്യത്തിൽ കേരളത്തിന്റെ സമാന സ്ഥിതിയുള്ളത്. WHO പറയുന്നത് രണ്ടാംഘട്ടം കഴിഞ്ഞുവെന്നാണ്. ഇവിടെ അത് സംഭവിക്കാത്തതിൽ ചാരിതാർത്ഥ്യമുള്ളതിനാൽ ഞങ്ങളത്

ച്ചൂണ്ടിക്കാണിക്കും. പുതിയൊരു സിസ്റ്റം ഡെവലപ്പ് ചെയ്ത് ലോകജനത മുഴുവൻ നോർമൽ ലൈഫ് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 'ഞങ്ങൾ പിടിച്ച മുയലിന് മൂന്ന് കൊമ്പ്' എന്നുപറഞ്ഞ് നിൽക്കുന്നുവെങ്കിൽ നിൽക്കൂ. പക്ഷേ, ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. നിങ്ങളാലോചിക്കാൻ പറയുകയാണ്. ബിവറേജസ് കോർപ്പറേഷനിൽ ഒരു സിസ്റ്റം നടപ്പിലാക്കിയില്ലേ; അങ്ങനെയുള്ള വേറെ ഏരിയകളുണ്ടല്ലോ; കോവിഡ് വ്യാപനമുണ്ടാക്കാത്ത രീതിയിൽ നോർമൽ ലൈഫിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടുവരാൻ കഴിയുമെന്ന് വിദഗ്ധർ പറയുന്നു. അത് ചർച്ച ചെയ്യുന്നതിൽ നിങ്ങൾക്ക് എന്തിനാണ് പിടിവാശി? ഒരുമിച്ചുനിന്ന് സഹകരിക്കണമെന്നുപറഞ്ഞ് രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞു, ഞങ്ങൾ തയ്യാറാണ്. കേരളത്തിന്റെ കാര്യത്തിൽ ആശങ്കയുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞതായി വാർത്തയിൽ കേട്ടത് ഏത് സന്ദർഭത്തിലാണെന്ന് എനിക്കറിയില്ല, അത് മനസ്സിലാക്കണം. ഈ അവസരത്തിൽ മാക്സിമം വാക്സിൻ നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നതിന് നിങ്ങൾ നടത്തുന്ന ശ്രമങ്ങൾക്കൊപ്പം നിൽക്കാൻ ഇവിടത്തെ പ്രതിപക്ഷം തയ്യാറാണ്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും വാക്സിനേറ്റഡാക്കാൻ ഈ സാഹചര്യത്തിൽ സാധിക്കും. ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങളെക്കാളും കൂടുതൽ മുൻഗണന ഈ

അവസരത്തിൽ നമ്മുടെ സംസ്ഥാനത്തിനുണ്ട്. ഇന്ത്യയ്ക്ക് ലഭിക്കുന്ന remittance ആണ് പ്രവാസികൾ. ഇന്ത്യൻ ഇക്കോണമിയെ പ്രവാസികൾ സഹായിക്കുന്നുണ്ട്. കേരളത്തിലാണ് ഏറ്റവും കൂടുതൽ പ്രവാസികളുള്ളത്. വാക്സിൻ ലഭ്യതയുമായി ബന്ധപ്പെട്ട് സർവ്വകക്ഷി യോഗത്തിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ ഇക്കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനമെടുക്കണം. മടങ്ങിപ്പോകാൻ കഴിയാത്തതുകൊണ്ടാണ് പ്രവാസികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നത്. ഇന്ത്യയിൽനിന്നുള്ള ആളുകളെ ചില വിദേശരാജ്യങ്ങളിലേയ്ക്ക് പ്രവേശിക്കാൻ സമ്മതിക്കുന്നില്ല. ഇക്കാര്യം ഇന്ത്യാ ഗവണ്മെന്റ് ടേക്കപ്പ് ചെയ്യണം. ഇതൊരു constructive suggestion ആയതിനാൽ ഞങ്ങൾ അക്കാര്യത്തിൽ കേരള ഗവൺമെന്റിനൊപ്പം നിൽക്കാൻ തയ്യാറാണ്. ടൂറിസം മേഖലയിൽ എൻവയോൺമെന്റ് നോക്കുകയാണെങ്കിൽ ഒന്നാംസ്ഥാനത്ത് കേരളമാണ്. ആ രീതിയിൽ ടൂറിസം-ഇൻഡസ്ട്രിയൽ പോളിസിയുണ്ടാക്കാം, വാക്സിൻ കൂടുതൽ ലഭ്യമാക്കാം. അല്ലാതെ ഞങ്ങൾ ഒന്നിനുമില്ലെന്ന നിലപാട് സ്വീകരിച്ചാൽ ശരിയാകില്ല. കുറച്ചുകൂടി ലിബറലായി, സംസ്ഥാനത്തെ നോർമൽ ലൈഫിലേയ്ക്ക് കൊണ്ടുവരാനുള്ള മനസ്സ് നിങ്ങൾക്കുണ്ടെങ്കിൽ അതിനൊപ്പം നിൽക്കാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറാണ്. പക്ഷേ

ഇക്കാര്യങ്ങളൊന്നും ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, കോവിഡ് വ്യാപനം തടയാൻ നമ്മൾ സ്വീകരിച്ചിരിക്കുന്ന നിലപാടുകൾ സഹായകരമാണോയെന്ന് പരിശോധിക്കണം. കാരണം, ശനിയും ഞായറും ലോക്ഡൗൺ ആയതിനാൽ വെള്ളിയാഴ്ചയും തിങ്കളാഴ്ചയും വലിയ തിരക്കാണ്. ഡിസ്ട്രിബ്യൂട്ടഡാണെങ്കിൽ തിരക്ക് വളരെ കുറയും. അത്തരം കാര്യങ്ങളിൽ ഒരു പുനഃപരിശോധന വേണമെന്നാണ് എനിക്ക് പറയാനുള്ളത്. Stimulus package-ന്റെ ഭാഗമായി തമിഴ്നാട് 4,000 രൂപ വീതം എല്ലാ കാർഡുടമകൾക്കും നൽകിയെങ്കിൽ അതിനൊരു അർത്ഥമുണ്ട്. ഇപ്പോഴുള്ള സാമ്പത്തിക പ്രതിസന്ധിയിൽ അങ്ങനെയൊരു stimulus package നടപ്പാക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. അത് പ്രായോഗികമായി ചിന്തിക്കണം. അത്തരം കാര്യങ്ങൾ ചർച്ചചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കോവിഡ് മഹാമാരിയും അശാസ്ത്രീയമായ ലോക്ഡൗണുംമൂലം സാമൂഹികവും സാമ്പത്തികവുമായ തകർച്ച സംസ്ഥാനത്തുണ്ടാക്കിയിരിക്കുകയാണ്. ഇവിടെ ഉന്നയിച്ച വിഷയങ്ങൾ മനസ്സിരുത്തി ഗൗരവപൂർവ്വം സർക്കാർ ഉൾക്കൊള്ളണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ജനങ്ങൾ ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. നിരവധിപേർ ആത്മഹത്യ ചെയ്തുകഴിഞ്ഞു. ലൈറ്റ് ആൻഡ് സൗണ്ട്സ് മേഖലയിലെ അഞ്ചോളം ആളുകളാണ് ആത്മഹത്യ ചെയ്തത്. ആ യാഥാർത്ഥ്യം കാണാൻ സർക്കാർ തയ്യാറാകണം. ജനങ്ങളെ വീണ്ടും ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള stimulus package നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഈ വിഷയം ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

(1) പ്രീപ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രീപ്രൈമറി മേഖലയിലെ പ്രധാനപ്പെട്ട ചില വിഷയങ്ങൾ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽ പെടുത്തുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ശ്രമിക്കുന്നത്. പൊതുവിദ്യാലയങ്ങളിലെ പ്രീപ്രൈമറി വിഭാഗം ജീവനക്കാരുടെ നിയമനങ്ങളും സംസ്ഥാനത്ത് പൊതുവിൽ നിയമനം നടക്കാത്ത സാഹചര്യം സംബന്ധിച്ചും സർക്കാർ ഇടപെടൽ നടത്തണം. മൂന്നുമുതൽ അഞ്ച് വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം നിർവ്വഹിക്കുന്ന മേഖലയാണ് പ്രീപ്രൈമറി. കേരളത്തിലെ ഏറെക്കുറെ എല്ലാ പ്രൈമറി വിദ്യാലയങ്ങൾക്കൊപ്പവും ഇന്ന് പ്രീപ്രൈമറി പ്രവർത്തിക്കുന്നുണ്ടെങ്കിലും കേവലം 2115 പ്രീപ്രൈമറി സ്ഥാപനങ്ങളെയാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. 2012 ജൂലൈ മാസത്തിനുമുൻപ് സ്ഥാപിതമായ പ്രീപ്രൈമറി സ്ഥാപനങ്ങൾക്ക് നിലവിൽ അംഗീകാരമില്ല. ഈ സ്ഥാപനങ്ങളിൽ 30 വിദ്യാർത്ഥികൾക്ക് ഒരു ടീച്ചറും ഒരു ആയയും സർക്കാർ വേതനം വാങ്ങി ജോലിചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇവർക്കുള്ള

വേതനം വളരെ കുറവാണ്. ടീച്ചർക്ക് 10,500 രൂപയും ആയയ്ക്ക് 6,500 രൂപയുമാണ് നൽകുന്നത്. 2012-നുശേഷം സ്ഥാപിതമായതാണ് ബാക്കി പ്രീപ്രൈമറി സ്കൂളുകളെല്ലാം. സ്കൂൾ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. രക്ഷാകർത്തൃ സമിതിയുടെ നേതൃത്വത്തിൽ അവിടെ ജോലിചെയ്യുന്ന അദ്ധ്യാപകർക്കും ആയമാർക്കുമെല്ലാം കുട്ടികളിൽനിന്ന് ചെറിയ തോതിൽ ഫീസ് ഈടാക്കി നൽകാൻ തീരുമാനിച്ചു. അദ്ധ്യാപകർക്കും ആയമാർക്കും നാമമാത്രമായ വേതനമാണ് നൽകുന്നത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പ്രീപ്രൈമറി അദ്ധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ നടത്തുന്ന പരിശീലനങ്ങളോ സംസ്ഥാന വിദ്യാഭ്യാസ പഠന ഗവേഷണ കൗൺസിൽ പ്രസിദ്ധീകരിക്കുന്ന കൈപുസ്തകങ്ങളോ ലഭ്യമല്ല. അത്തരം വിദ്യാലയങ്ങളിൽ രക്ഷാകർത്തൃ സമിതിയുടെ നേതൃത്വത്തിൽ ചെറിയ തോതിലുള്ള ആനുകൂല്യങ്ങൾ കൊടുത്തുനടത്തുന്ന പ്രവർത്തനമാണ് നടക്കുന്നത്. സ്കൂളിലെ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്ന വിഷയമാണ് യഥാർത്ഥത്തിൽ അത്തരം സ്ഥലങ്ങളിലുള്ളത്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച അവസാന ബഡ്ജറ്റിൽ 2012-നുശേഷം ആരംഭിച്ച പ്രീപ്രൈമറി വിഭാഗത്തെക്കൂടി അംഗീകരിക്കാനുള്ള നടപടികൾക്ക് നിർദ്ദേശമുണ്ടെങ്കിലും

ഇതുവരെ അതിനുള്ള തീരുമാനമുണ്ടായതായി കാണുന്നില്ല. സർക്കാർ ഈ മേഖലയിലെ എല്ലാ വിദ്യാലയങ്ങളെയും അംഗീകരിച്ചെങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഈ മേഖലയെ ആകർഷകമാക്കാനും സാധിക്കുകയുള്ളൂ. കച്ചവട വിദ്യാഭ്യാസ ശക്തികൾ വലിയ തോതിൽ കയ്യടക്കിവച്ചിരിക്കുന്ന മേഖലയാണിത്. അശാസ്ത്രീയ വിദ്യാഭ്യാസമാണ് അവർ പ്രദാനം ചെയ്യുന്നത്. കുട്ടികൾക്ക് മാതൃഭാഷയിൽ പഠിക്കാനുള്ള ജന്മാവകാശം നിഷേധിക്കുന്നു. ഏതൊരു കുട്ടിയുടെയും ഭാഷാപരമായ ബുദ്ധി വികസിക്കണമെങ്കിൽ അവന്/അവൾക്ക് പരിചിതമായ മാതൃഭാഷയിൽ ബാല്യകാല വിഭ്യാഭ്യാസം ഉറപ്പാക്കണമെന്നാണ് ആധുനിക വിദ്യാഭ്യാസ മനഃശാസ്ത്രം അടിവരയിട്ട് പറയുന്നത്. നോം ചോംസ്കിയെപ്പോലുള്ള പണ്ഡിതർ അത് ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. നമ്മുടെ പ്രീപ്രൈമറി സ്കൂളുകളെ ഈ രൂപത്തിൽ മാറ്റംവരുത്തേണ്ടതാണ്. പണം കൊയ്യാനായി നടത്തുന്ന സ്ഥാപനങ്ങൾ ഈ കാഴ്ചപ്പാടിനെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ 2020-ൽ പ്രസിദ്ധപ്പെടുത്തിയ വിദ്യാഭ്യാസ നയത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം വ്യാപിപ്പിക്കണമെന്ന് സൂചിപ്പിക്കുന്നുണ്ട്. മൂന്ന് വയസ്സുമുതൽ ശാസ്ത്രീയ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കണം. പ്രീപ്രൈമറിയിൽ പഠിച്ചുതുടങ്ങുന്ന

വിദ്യാർത്ഥിക്ക് സ്കൂൾ അനുഭവം ചെറിയ പ്രായത്തിൽ ലഭിക്കുന്നതിനാൽ കൊഴിഞ്ഞുപോക്ക് കുറവാകും തുടങ്ങിയ നിർദ്ദേശങ്ങൾ എല്ലാവരും മുന്നോട്ടുവച്ചിരിക്കുകയാണ്. മൂന്ന് വയസ്സുമുതൽ ആറ് വയസ്സുവരെയുള്ള പ്രായം കുട്ടികളുടെ ബുദ്ധിവികാസത്തിന്റെ സുപ്രധാന കാലയളവാണ്. ഈ കാലഘട്ടത്തിൽ ഏതൊരു വ്യക്തിയുടെയും മസ്തിഷ്ക വളർച്ച പൂർണ്ണതയിലെത്തുമെന്നതിനാൽ മികച്ച അനുഭവം കുട്ടിക്ക് പ്രദാനം ചെയ്യാനാകുമെന്നാണ് വിദ്യാഭ്യാസ-ആരോഗ്യ രംഗത്തെ വിദഗ്ധർ പ്രസ്താവിക്കുന്നത്. പ്രീപ്രൈമറി ഘട്ടമായതിനാൽ നിർണ്ണായകമായും ശാസ്ത്രീയമായും അത് നടത്തുന്നതിന് സംവിധാനമുണ്ടാക്കണം. പ്രീപ്രൈമറി വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകാൻ കഴിയണമെങ്കിൽ യോഗ്യതയുള്ള, സംതൃപ്തരായ ജീവനക്കാരുടെ സേവനം ഈ മേഖലയിൽ അത്യന്താപേക്ഷിതമാണ്. അത്തരം പ്രീപ്രൈമറി അദ്ധ്യാപകരുടെ ലഭ്യത പ്രധാനപ്പെട്ട കാര്യമാണ്. ആയതിനാൽ ഈ മേഖലയിലെ ജീവനക്കാർക്ക് മാന്യമായ വേതനം നൽകണം. ജോലിചെയ്യുന്ന ജീവനക്കാർക്ക് അവരുടെ നിയമനങ്ങളിൽ അംഗീകാരം നൽകുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി ഞാൻ രേഖപ്പെടുത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഏറ്റവും പ്രാധാന്യം നൽകേണ്ട പ്രീപ്രൈമറി വിദ്യാഭ്യാസം സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻമന്ത്രി ഇ. ചന്ദ്രശേഖരൻ ഉന്നയിച്ചത് അതീവ ഗൗരവമുള്ള വിഷയം തന്നെയാണ്. പ്രീപ്രൈമറി ടീച്ചർമാരെ സംരക്ഷിക്കാനും പാരന്റ് ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഓരോ വിദ്യാലയങ്ങളിലുമുള്ള പ്രീപ്രൈമറി സ്ഥാപനങ്ങൾക്കാവശ്യമായ സംരക്ഷണം നൽകുന്നതിനും കഴിഞ്ഞ അഞ്ചുവർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വളരെ പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രീപ്രൈമറി ആരംഭിക്കുന്ന അവസരത്തിൽ ടീച്ചർമാരുടെ ശമ്പളം തുച്ഛമായിരുന്നു. കുട്ടികളിൽനിന്നും പിരിച്ചെടുക്കുന്ന തുച്ഛമായ കാശിൽ നിന്നാണ് ടീച്ചറും ആയയും അവരുടെ ശമ്പളം വീതിച്ചെടുത്തിരുന്നത്. ചിലപ്പോൾ ശമ്പളം ലഭിക്കാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. കാരണം വളരെ പാവപ്പെട്ട, സാധാരണക്കാരന്റെ വീട്ടിലെ കുട്ടികൾ ഗവൺമെന്റ് സ്കൂളിലെ പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കാൻ വരുന്നത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഇക്കാര്യത്തിൽ ഇടപെടാൻ സർക്കാർ

തീരുമാനിച്ചത്. 06.02.1988-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറി സ്കൂളുകളാരംഭിക്കാൻ അനുമതി നൽകിയത്. പ്രസ്തുത ജീവനക്കാർക്ക് പി.ടി.എ. നൽകിവരുന്ന വേതനത്തിന് പുറമേ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് പ്രതിമാസം 300 രൂപയും ആയമാർക്ക് 200 രൂപയും ഓണറേറിയമായി സർക്കാർ നൽകിയിരുന്നു. തുടർന്ന് പ്രസ്തുത ഓണറേറിയം യഥാക്രമം 600 രൂപയായും 400 രൂപയായും വർദ്ധിപ്പിച്ചിരുന്നു. എന്നാൽ കേരള പ്രീപ്രൈമറി ടീച്ചേഴ്സ് ആൻഡ് ആയാസ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. ആ കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളോടനുബന്ധിച്ചുള്ള പി.ടി.എ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന നിശ്ചിത യോഗ്യത നേടിയ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 07.12.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം 01.08.2012 മുതൽ യഥാക്രമം അയ്യായിരം രൂപയും മൂവായിരത്തി അഞ്ഞൂറ് രൂപയും ഓണറേറിയമായി അനുവദിക്കുകയുണ്ടായി. 07.12.2012 നുശേഷം സർക്കാർ അനുമതിയില്ലാതെ പ്രീപ്രൈമറികൾ ആരംഭിക്കാൻ പാടില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. 25.04.2018-ലെ സർക്കാർ ഉത്തരവ് പ്രകാരം

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി ക്ലാസുകളിലെ നിർദ്ദിഷ്ട യോഗ്യത നേടാത്തതും 01.08.2012-ൽ ഒരു വർഷത്തെ സർവ്വീസെങ്കിലും പൂർത്തിയാക്കിയതുമായ എല്ലാ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 01.08.2012 മുതൽ യഥാക്രമം 5,000 രൂപയും 3,500 രൂപയും ഓണറേറിയമായി അനുവദിച്ചു. ഈ ഉത്തരവുകൾ പ്രകാരം സർക്കാർ സ്കൂളിനോടനുബന്ധിച്ച് പി.ടി.എ.- യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത യോഗ്യതയുള്ളതും ഇല്ലാത്തതുമായ എല്ലാ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ടി ശമ്പളം നൽകിവരുന്നു. പ്രസ്തുത ശമ്പളം ക്രമാനുസൃതമായി വർദ്ധിപ്പിച്ച്, ഇന്നിപ്പോൾ പത്ത് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള പ്രീപ്രൈമറി അദ്ധ്യാപകർക്ക് 12,500 രൂപയും പത്ത് വർഷത്തിൽക്കൂടുതൽ സർവ്വീസുള്ള ആയമാർക്ക് 7,500 രൂപയും ലഭിക്കുകയാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീപ്രൈമറിയിലെ അദ്ധ്യാപകരുടെയും ആയമാരുടെയും നിലവിലെ വേതന വിവരങ്ങൾ ചുവടെ ചേർക്കുകയാണ്. പത്ത് വർഷത്തിൽ താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12,000 രൂപ; പത്ത് വർഷത്തിൽ മുകളിൽ സേവനമുള്ള അദ്ധ്യാപകർക്ക് 12,500 രൂപ.

പത്ത് വർഷത്തിൽ താഴെ സേവനമുള്ള ആയമാർക്ക് 7,000 രൂപ; പത്ത് വർഷത്തിൽ മുകളിൽ സേവനമുള്ള ആയമാർക്ക് 7,500 രൂപ. ഇപ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറികൾ പ്രവർത്തിച്ചുവരികയാണ്. സർക്കാർ അംഗീകരിച്ച പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും മേൽപ്രകാരം ശമ്പളം വർദ്ധിപ്പിച്ച് നൽകിവരുന്നുണ്ട്. 07.12.2012-നുശേഷം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രീപ്രൈമറികൾ ആരംഭിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 07.12.2012-നുശേഷം ആരംഭിച്ച പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെയും ആയമാരുടെയും നിയമനം അംഗീകരിക്കുന്നതും അങ്ങനെയുള്ളവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം വിശദമായി പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തോടെ സർക്കാർ പരിഗണിക്കുന്നതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, വിദേശരാജ്യങ്ങളിലുൾപ്പെടെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യമാണ് നൽകുന്നതെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമായതുകൊണ്ടുതന്നെയാണ് നമ്മുടെ സംസ്ഥാനത്തും പ്രീപ്രൈമറി വിദ്യാഭ്യാസം ആരംഭിക്കുന്നതിന്

തീരുമാനിച്ചതും 2012 വരെയുള്ളവ അംഗീകരിച്ചതും. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച അവസാന ബഡ്ജറ്റിൽ 2012-നുശേഷം ആരംഭിച്ച പ്രീപ്രൈമറി സ്കൂളുകളെ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് സ്വാഭാവികമായും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഏറ്റവും വലിയ കാര്യമായിരിക്കും. അത് നടപ്പാക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുമെന്ന് വിശ്വസിക്കാമല്ലോ;

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഈ സർക്കാർ അതുസംബന്ധിച്ച് ആലോചിച്ചിട്ടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്. ഞാൻ ഇവിടെ ജീവനക്കാരുടെ വേതനത്തെക്കുറിച്ച് സൂചിപ്പിച്ചു. 500, 750 രൂപയിൽനിന്നാണ് ഇപ്പോൾ 12,500, 7,500 രൂപയിൽ എത്തിച്ചേർന്നിട്ടുള്ളത്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വരുന്ന സാധാരണക്കാരന്റെ കുട്ടികളിൽനിന്നും പത്തും ഇരുപത്തഞ്ചും രൂപ പിരിച്ചാണല്ലോ ഇവർക്ക് വേതനം കൊടുത്തിരുന്നത്. ഇവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ പലരും നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരാണ്. അതുകൊണ്ടാണ് ഒരു ഘട്ടം കഴിഞ്ഞപ്പോൾ സർക്കാരിന്റെ അനുവാദമില്ലാതെ പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുള്ളത്. എന്തായാലും ബഹുമാനപ്പെട്ട

മെമ്പർ ഇവിടെ സൂചിപ്പിച്ച പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ കാര്യങ്ങളുൾപ്പെടെ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന അവസരത്തിൽ അങ്ങ് പറഞ്ഞ കാര്യംകൂടി പരിഗണിക്കാവുന്നതാണ്.

(2) അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിനുപുറത്ത് പഠിച്ച് നാട്ടിൽ തിരിച്ചെത്തിയ അലൈഡ് ഹെൽത്ത് കോഴ്സുകളിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി പി.എസ്.സി. വഴി ജോലിനേടാനും ഗൾഫിൽപ്പോകാനും കഴിയാത്ത ആയിരത്തിലധികം വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും രക്ഷിതാക്കളുടെയും സങ്കടമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. പ്രസ്തുത കോഴ്സുകൾ പൂർത്തിയാക്കിയ കേരളീയരായ വിദ്യാർത്ഥികൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നതിനും പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. സംസ്ഥാനത്തിനുപുറത്ത് യു.ജി.സി. അംഗീകൃത ആരോഗ്യ സർവ്വകലാശാലകളിൽനിന്നും B.Sc. മെഡിക്കൽ ലബോറട്ടറി ടെക്നോളജി, ഇമേജിംഗ് ടെക്നോളജി, റേഡിയോ തെറാപ്പി, ഡയാലിസിസ് ടെക്നോളജി, അനസ്തേഷ്യ

ആന്റ് ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി, പെർഫ്യൂഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾ പഠിച്ചിറങ്ങിയ ആയിരക്കണക്കിന് ആരോഗ്യ പ്രവർത്തകർക്ക് തൊഴിലവസരങ്ങൾ നിക്ഷേധിക്കപ്പെടുകയാണ്. യു.ജി.സി. അംഗീകാരമുള്ള AIMS-Delhi, JIPMER-Pondicherry, Rajiv Gandhi University, Manipal University-Mangalapuram, NITTE University, Yenepoya University, Mysore University, JSS University തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നാണ് ഇവർ ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയിട്ടുള്ളത്. National Assessment and Accreditation Council (NAAC), National Architectural Accrediting Board (NAAB), National Accreditation Board for Testing and Calibration Laboratories (NABL), Joint Commission International (JCI) തുടങ്ങിയ ദേശീയ അംഗീകാരമുള്ള ഈ സ്ഥാപനങ്ങളിൽനിന്നും പഠനം പൂർത്തീകരിച്ച ഇവർക്ക് കേരളത്തിൽ ജോലിചെയ്യാനോ തുടർപഠനം നടത്താനോ കഴിയുന്നില്ല, മാത്രമല്ല കഴിഞ്ഞ ആറുമാസമായി വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങൾ നഷ്ടമാകുന്ന അവസ്ഥയിലുമാണ്. കേരളത്തിലും വിദേശത്തും ജോലിക്ക് അപേക്ഷിക്കുമ്പോൾ യോഗ്യതാ സർട്ടിഫിക്കറ്റിന്റെകൂടെ ആരോഗ്യ വകുപ്പിന്റെ പാരാമെഡിക്കൽ കൗൺസിൽ

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ആവശ്യമാണ്. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് പഠനം പൂർത്തിയാക്കിയവർക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നില്ല. കൂടാതെ കേരള ആരോഗ്യ സർവ്വകലാശാല ഈ കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകാത്ത സ്ഥിതിയാണ്. പ്രസ്തുത കോഴ്സുകൾ പഠിച്ച നിരവധി ഉദ്യോഗാർത്ഥികൾ വളരെ പ്രയാസത്തിലാണ്. കേരളത്തിന്റെ അതിർത്തിയായ മഞ്ചേശ്വരത്തിന്റെ തൊട്ടടുത്താണ് ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഹബ്ബായ മംഗലാപുരം. എസ്.എസ്.എൽ.സി. റിസൾട്ട് വന്നപ്പോൾ എന്റെ മേഖലയിലുള്ള 5000-ത്തിലധികം കുട്ടികൾക്ക് പ്ലസ് വൺ-ന് സീറ്റില്ലാത്ത അവസ്ഥയാണ്. കുട്ടികൾ ലോണെടുത്ത് മംഗലാപുരത്തും മൈസൂരും ബാംഗ്ലൂരിലും പോണ്ടിച്ചേരിയിലും തമിഴ്നാട്ടിലുമൊക്കെപോയി അവിടത്തെ ആഹാരരീതികളോടും കാലാവസ്ഥയോടും പ്രയാസപ്പെട്ട് പടപൊരുതി ഈ മേഖലയിൽ വിദ്യാഭ്യാസം പൂർത്തിയാക്കി നാട്ടിലേയ്ക്ക് തിരിച്ചുവരുന്നു. എന്നാൽ സ്വന്തം നാട്ടിൽ ഒരു ആശുപത്രിയിൽ ജോലിചെയ്യുകയെന്നുള്ളത് അവരുടെ കുട്ടിക്കാലം മുതലുള്ള സ്വപ്നമായിരിക്കാം. ഇവർ പഠനം പൂർത്തിയാക്കി നാട്ടിലേയ്ക്ക് തിരിച്ചുവന്ന് പി.എസ്.സി. പരീക്ഷയെഴുതി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട്

ഇന്റർവ്യൂവിനെത്തുന്ന ഘട്ടത്തിലാണ് നിങ്ങൾ പഠിച്ച ഈ യൂണിവേഴ്സിറ്റികളുടെ സർട്ടിഫിക്കറ്റുകൾ കേരളത്തിലെ ആരോഗ്യ യൂണിവേഴ്സിറ്റി അംഗീകരിക്കുന്നില്ലെന്നും കേരളത്തിലെ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാൻ കഴിയുന്നില്ലെന്നുമുള്ള കാര്യം അവരോടുപറയുന്നത്. ഇവിടെ മനസ്സിലാക്കേണ്ട ഒരുകാര്യം, ഈ കുട്ടികൾക്ക് ഏറ്റവും മികച്ച ക്യാംപസുകളിൽനിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും കഴിഞ്ഞ് ഐ.എ.എസ്. നേടി ഒരു ജില്ലയുടെ കളക്ടറായും ആ ജില്ലയുടെ പോലീസ് ചീഫായും വരാൻ കഴിയുന്നു. ഇവിടത്തെ കുട്ടികളാണ് ഏറ്റവും വലിയ വിവേചനപരമായ അവസ്ഥ നേരിടുന്നത്. ഇന്ന് കേരളം ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് പ്രവാസ ലോകത്തെയാണ്. സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയുടെ തുല്യതാ സർട്ടിഫിക്കറ്റിന്റെയും പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ഇല്ലാത്തതിന്റെയും പേരിൽ ഈ കുട്ടികൾക്ക് ഗൾഫിൽ പോകാൻ കഴിയാത്ത അവസ്ഥയും ഇവരുടെ സർട്ടിഫിക്കറ്റിന് കടലാസിന്റെ വിലപോലും ഇല്ലാത്ത അവസ്ഥയായിട്ടുണ്ട്. തീർച്ചയായും ഈ പ്രയാസം ദൂരീകരിക്കണമെന്ന അപേക്ഷയാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും മുമ്പിൽ അവതരിപ്പിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രധാനപ്പെട്ടൊരു വിഷയത്തിലേയ്ക്കാണ് ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് നമ്പർ 1504/2008 പ്രകാരം കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ, മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും പാരാമെഡിക്കൽ ഡിപ്ലോമ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്. കേരളത്തിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ഉന്നതനിലവാരം പുലർത്തുന്നതിനാൽ കേരള പാരാമെഡിക്കൽ കൗൺസിലിൽനിന്നും രജിസ്ട്രേഷൻ ലഭിക്കുന്നവർക്ക് മറ്റുസംസ്ഥാനങ്ങളിലും വിദേശത്തും ഉയർന്ന പരിഗണനയും ലഭിക്കാറുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ നൽകുന്ന സ്ഥാപനങ്ങളുടെ വിശ്വസ്തതയും നിലവാരവും പരിശോധിക്കുന്നതിന് സംവിധാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ആരോഗ്യപരിപാലനവും രോഗീപരിചരണവുമായി ബന്ധപ്പെട്ട കോഴ്സുകളായതിനാൽ ഇവയുടെ പഠനനിലവാരം കൃത്യമായി

പരിശോധിക്കുന്നതിന് വിപുലമായ സംവിധാനങ്ങളാവശ്യമാണ്. നിലവിൽ കേരളത്തിൽ നടത്തപ്പെടുന്ന പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിനും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു ഹൈപവർ കമ്മിറ്റി 03-04-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിവരുന്ന ധാരാളം കുട്ടികൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാറുണ്ട്. ഇത്തരത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ മികച്ച രീതിയിൽ പഠിച്ച് പാസ്സായിവരുന്ന വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ ഈ ഘട്ടത്തിൽ കേന്ദ്രം ഇതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിന് കരട് രൂപപ്പെടുത്തുകയും ആരോഗ്യ പരിപാലനരംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൃത്യതയും ഗുണനിലവാരവും വിലയിരുത്തുന്നതിനും മറ്റുമായി നാഷണൽ കമ്മിഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത്

കെയർ പ്രൊഫഷണൽ ആക്ട് 2021 എന്നപേരിൽ 28-03-2021-ൽ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ വ്യവസ്ഥ പാലിച്ചുകൊണ്ട് സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ നിലവിൽവരുന്ന മുറയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സംസ്ഥാനങ്ങളിലെ പാരാമെഡിക്കൽ കൗൺസിൽ അഥവാ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് കോഴ്സുകളുടെ നിലവാരവും വിദ്യാർത്ഥികളുടെ യോഗ്യതയും പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും യോഗ്യരായവർക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ആക്ട് പ്രകാരമുള്ള പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് രണ്ടുമാസത്തിനുള്ളിൽ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതാണ്. 08-05-2015-ലെ സർക്കാർ ഉത്തരവുപ്രകാരം നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല അലൈഡ്

ഹെൽത്ത് ഡിഗ്രി കോഴ്സുകളുൾപ്പെടെ വിവിധ ഡിഗ്രി കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് പരിശോധനയ്ക്കുശേഷം സർവ്വകലാശാല തുല്യതാ സർട്ടിഫിക്കറ്റ് നൽകിവരുന്നു.

12 Noon]

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ചൈനയിൽനിന്നും എം.ബി.ബി.എസ്. കഴിഞ്ഞ് മടങ്ങിവരുന്നവർക്കുവരെ പ്രത്യേക അഭിമുഖം/ പരീക്ഷ നടത്തി അംഗീകാരം നൽകുന്നുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ പ്രവാസലോകത്ത് കോവിഡുമായി ബന്ധപ്പെട്ട് തൊഴിൽക്ഷാമം നേരിടുന്നതിനാൽ അവർക്കും ആ രീതിയിലുള്ള അഭിമുഖമോ പരീക്ഷയോ നടത്തിക്കൂടെ? അതുപോലെ കാസർഗോഡ് ജില്ലയിലെ ആരോഗ്യ മേഖലയുടെ അവസ്ഥ എല്ലാവർക്കുമറിയാം, 22 ജീവനുകൾ നഷ്ടപ്പെട്ട കോവിഡിന്റെ കാലഘട്ടവുമറിയാം. ഇപ്പോൾ എൻ.എച്ച്.എം. വഴി 46 തസ്തികകളിലേയ്ക്ക് താൽക്കാലിക നിയമനം നടത്താൻ ഇന്റർവ്യൂ വച്ചിട്ടുണ്ട്. മംഗലാപുരത്ത് പഠിച്ച, പി.ജി. കഴിഞ്ഞ കാസർഗോഡ് ജില്ലയിലെ ധാരാളം കുട്ടികൾ ആ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ കൂ നിൽക്കുന്നുണ്ട്. ഈ പ്രശ്നം നിലനിൽക്കുന്നതുകാരണം ഇന്റർവ്യൂവിലൂടെ അവർക്കൊരിക്കലും

ജോലിയിൽ കയറാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, രണ്ടുമാസത്തിനകം പ്രശ്നം പരിഹരിക്കപ്പെടുമെന്ന ശുഭാപ്തിവിശ്വാസത്തിലാണവർ. താൽക്കാലികമായി അവർക്ക് ജോലിയിൽ കയറാൻ ഇളവ് അനുവദിക്കാമോ?

ശ്രീമതി വീണ ജോർജ്ജ്: സർ, ഞാൻ നേരത്തെ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ, ഇതിനായി സംസ്ഥാന സർക്കാർ ഒരു നിയമം നിർമ്മിക്കുന്നതിനാണ് ശ്രമിച്ചത്. കേന്ദ്ര ഗവൺമെന്റ് ഒരു നിയമനിർമ്മാണം ആലോചിച്ചതുകൊണ്ട് അത് നിർത്തിവയ്ക്കുകയാണുണ്ടായത്. മാർച്ച് മാസത്തിൽ കേന്ദ്ര ഗവൺമെന്റ് നിയമം പാസ്സാക്കിയിട്ടുണ്ട്. കേന്ദ്രനിയമത്തിലധിഷ്ഠിതമായ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള പുതിയ കൗൺസിൽ സെപ്തംബർ മാസത്തോടുകൂടി നിലവിൽവരും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആയിരത്തോളം വിദ്യാർത്ഥികളുണ്ട്. അവരുടെ രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി എത്രയുംവേഗം നടപ്പിലാക്കാം.

IV. സബ്മിഷൻ

(1) ബയോഡാറ്റായിലെ വ്യാജവിവരങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ തന്റെ ബയോഡാറ്റയിൽ വ്യാജ

വിവരങ്ങൾ നൽകി സെർച്ച് കമ്മിറ്റിയെ കബളിപ്പിച്ചുവെന്ന ഗുരുതരമായ ആരോപണം ഉയർന്നുവന്നിരിക്കുകയാണ്. 23-12-2017-ലാണ് വൈസ് ചാൻസലറെ തെരഞ്ഞെടുക്കാനുള്ള സെർച്ച് കമ്മിറ്റി യോഗം ചേർന്നത്. ആകെ ഒരേയൊരു യോഗമാണ് കൂടിയത്. അതിൽവച്ച് അന്നുതന്നെ വൈസ് ചാൻസലറാകുന്നതിനുള്ള അപ്പോയിന്റ്മെന്റ് ഓർഡർ കൊടുക്കുകയാണ്. അദ്ദേഹം ഇരുപത് പ്രധാനപ്പെട്ട വിവരങ്ങളാണ് കൊടുത്തിരിക്കുന്നത്. ലോകത്തിലെ പ്രധാനപ്പെട്ട സർവ്വകലാശാലകളിൽ അദ്ദേഹം വിസിറ്റിംഗ് സയന്റിസ്റ്റായിരുന്നു എന്നുള്ള രീതിയിലാണ്. University of California, Davis, U.S.A.-ൽ പ്രോജക്ട് ചെയ്തുവെന്നാണ് അദ്ദേഹം പറയുന്നത്. പ്രസ്തുത യൂണിവേഴ്സിറ്റിയിൽനിന്നും കിട്ടിയ വിവരം, 'there is no University of California Davis faculty listed on the page' അങ്ങനെയൊരു ഫാക്കൽറ്റിയില്ല എന്നാണ്; 'We can't find anyone who knows Dr. R. Chandrababu'. ഇദ്ദേഹത്തെ അറിയാവുന്ന ഒരാളെപ്പോലും യൂണിവേഴ്സിറ്റിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ്. North Carolina State University-ൽ അദ്ദേഹം വിസിറ്റിംഗ് സയന്റിസ്റ്റാണെന്ന് പറയുന്നു. 'We do not have any record of Dr. R. Chandrababu who has been working at NC State University', ഒരു റിക്കോർഡും യൂണിവേഴ്സിറ്റിയിലില്ല. Lawrence Berkeley

National Laboratory-യിൽ വിസിറ്റിംഗ് സയന്റിസ്റ്റാണെന്ന് പറയുന്നു. 'LBNL does not have any record of Chandrababu Ranganathan being affiliated at LBNL now or in the past' എന്നാണ് Lawrence Berkeley National Laboratory പറയുന്നത്. വേറെ യൂണിവേഴ്സിറ്റിയിൽനിന്നുമുള്ള വിവരങ്ങളനുസരിച്ച് അദ്ദേഹത്തിന്റെ പല ക്ലെയിമും ഇതുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. ബയോടെക്നോളജി ഡിപ്പാർട്ടുമെന്റിൽ അദ്ദേഹം പ്രോജക്ട് ചെയ്തുവെന്ന് പറയുന്നു. എന്നാൽ വിവരാവകാശ നിയമപ്രകാരം കിട്ടിയിരിക്കുന്നത് ഈ പ്രോജക്ടുകളെല്ലാം ചെയ്തത് വേറെ ആളുകളാണ് അദ്ദേഹമല്ല എന്നാണ്. നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററിൽ അദ്ദേഹം കൊളാബറേറ്റ് ചെയ്ത് വർക്ക് ചെയ്തിരുന്നുവെന്ന ക്ലെയിമുണ്ട്. അദ്ദേഹവുമായി യാതൊരു ബന്ധവുമില്ല, അദ്ദേഹം ഒരു പ്രോജക്ടും ചെയ്തിട്ടില്ല എന്നാണ് നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ പറയുന്നത്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചും പറയുന്നത് ഇദ്ദേഹവുമായി യാതൊരു ബന്ധവുമില്ല എന്നാണ്. അതുപോലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച്, ബാംഗ്ലൂരിൽ ഒരു പ്രോജക്ട് ചെയ്തതായി അദ്ദേഹം പറയുന്നു. 'These projects are not related to Dr. R. Chandrababu or his laboratory' എന്നാണ് അവർ പറയുന്നത്. ആസ്സാം

അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയും ഒരു പ്രോജക്ടും ചെയ്തിട്ടില്ലെന്നും അദ്ദേഹവുമായി അവർക്കൊരു ബന്ധവുമില്ലെന്ന് നാഷണൽ റിസർച്ച് സെന്റർ, ആന്ധ്രാ പ്രദേശും പറയുന്നു. ലോകത്തിലെ പ്രധാനപ്പെട്ട ഇരുപത് സ്ഥാപനങ്ങളുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നുവെന്നും അദ്ദേഹം റിസർച്ചും പ്രോജക്ടും ചെയ്തിരുന്നുവെന്നും അദ്ദേഹംവഴി പ്രോജക്ട് കിട്ടിയിരുന്നുവെന്നുമുള്ള സെർച്ച് കമ്മിറ്റിയുടെ മുൻപാകെ നൽകിയ എല്ലാ ക്ലെയിമും വ്യാജമാണെന്നും അദ്ദേഹം അഞ്ച് പ്രധാനപ്പെട്ട പേപ്പറുകൾ പ്രസന്റ് ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നതും തെറ്റാണെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുകയാണ്. Cl.7.3. of the UGC Regulations 2006 has prescribed the following for the selection and appointment of a Vice Chancellor. ഒരു വൈസ് ചാൻസലർക്കുവേണ്ട പ്രാഥമികമായ കാര്യം, 'Persons of the highest level of competence, integrity, morals and institutional commitment are to be appointed as Vice Chancellor'. ലോകത്തിലെ സർവ്വകലാശാലകളുമായും ലോകത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട് എന്ന തെറ്റായ വിവരം ഒരു സെർച്ച് കമ്മിറ്റിക്ക് കൊടുക്കുകയും കമ്മിറ്റി അത് പരിശോധിക്കാതെ അദ്ദേഹത്തെ വൈസ് ചാൻസലറായി

നിയമിച്ചിരിക്കുകയുമാണ്. ബഹുമാനപ്പെട്ട ഗവർണർ ചോദിച്ചിരിക്കുന്ന ചോദ്യത്തിനും അദ്ദേഹം നൽകിയിട്ടുള്ളത് തെറ്റായ വിവരങ്ങളാണെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ അടിയന്തരമായി നടപടികൾ സ്വീകരിക്കണം. ഇതിനുമുൻപ് എം.ജി. യൂണിവേഴ്സിറ്റിയിൽ ഡോ. എ. വി. ജോർജ്ജുമായി ബന്ധപ്പെട്ട് ഒരു വിഷയം വന്നപ്പോൾ, അതായത് നിയമനാധികാരിയെ കബളിപ്പിച്ചുകൊണ്ടും തെറ്റിദ്ധരിപ്പിച്ചുകൊണ്ടും ഇത്തരം നിയമനങ്ങൾ നേടിയാൽ ആ നിയമനങ്ങൾ റദ്ദ് ചെയ്യപ്പെടേണ്ടതാണെന്നുള്ള ഹൈക്കോടതിയുടെ സുപ്രധാന വിധിയുടെ പശ്ചാത്തലത്തിൽ ഇങ്ങനെയൊരു വലിയ സ്ഥാപനത്തിൽ നേതൃത്വപദവിയിലിരിക്കുന്ന, ഇതുപോലെ കേരളത്തിലെ ഒരു സെർച്ച് കമ്മിറ്റിയെയും സർവ്വകലാശാലയെയും വിദ്യാർത്ഥികളെയും എല്ലാം കബളിപ്പിച്ചുകൊണ്ട് വൈസ് ചാൻസലറായ ആൾക്കെതിരായി കർശനമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരള കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലർ നിയമനത്തിനായി സമർപ്പിച്ച ബയോഡാറ്റയിൽ നിലവിലെ വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു തെറ്റായ വിവരങ്ങൾ സമർപ്പിച്ചാണ് നിയമനം നേടിയതെന്ന് തൃശ്ശൂർ

സ്വദേശി ശ്രീ. സത്യശീലൻ വി. എസ്. കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിൽ സർക്കാർ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബയോഡാറ്റയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തനപരിചയവും സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർതലത്തിൽ ഗൗരവതരമായി പരിശോധിക്കുന്നതും അടിയന്തരമായ തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്.

(2) ദേശീയ ജലപാത

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ ഗതാഗത മേഖലയിലും ടൂറിസം രംഗത്തും ഒരു പുതിയ അദ്ധ്യായം കുറിച്ചുകൊണ്ടാണ് ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ദേശീയ ജലപാതയുടെ 520 കിലോമീറ്റർ പൂർത്തിയാക്കാൻ കഴിഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ വലിയ വികസനക്കുതിപ്പുണ്ടാക്കാനാണ് പരിശ്രമിക്കുന്നത്. അത് ജലഗതാഗത, വ്യോമമേഖലകളിലാകെ വലിയമാറ്റം പ്രതിഫലിക്കുന്നതുമാണ്. എല്ലാ ഉൾനാടൻ ജലാശയങ്ങളെയും ഒറ്റരജിസ്ട്രേഷനുകീഴിൽ കൊണ്ടുവരുന്നതിനുള്ള ബിൽ കേന്ദ്രസർക്കാർ കഴിഞ്ഞ ദിവസം ലോക്സഭയിൽ

അവതരിപ്പിക്കുകയുണ്ടായി. ഓരോ സംസ്ഥാനത്തിന്റെയും സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള അവകാശം ഈ ബിൽ ഇല്ലാതാക്കുമെന്നുള്ള ഉത്കണ്ഠകൂടി ഈ സമയത്ത് ഞാൻ പങ്കുവയ്ക്കുകയാണ്. ദേശീയ ജലപാതയുടെ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കാൻ ഇനിയും കഴിയേണ്ടതുണ്ട്. കോട്ടപ്പുറം-കോഴിക്കോട് ജലപാതയുടെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്നില്ലെന്നത് ഗൗരവമായ പ്രശ്നം തന്നെയാണ്. സംസ്ഥാനത്തിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് കുറേയെങ്കിലും പ്രവർത്തനങ്ങൾ ഇന്നത്തെ ജലപാതയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. നാഷണൽ വാട്ടർ വേ ആയി 2016-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിനുശേഷം ജലപാതയുടെ വീതികൂട്ടുന്നതുൾപ്പെടെ ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നതാണ് വസ്തുത. നാഷണൽ വാട്ടർ വേ ആയി പ്രഖ്യാപിച്ച ആലപ്പുഴ-ചങ്ങനാശ്ശേരി ബോട്ട് റൂട്ട്, ആലപ്പുഴ-കോട്ടയം അതിരമ്പുഴ കനാൽ, കോട്ടയം-വൈക്കം കനാൽ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. വടക്ക് ബേക്കൽ മുതൽ തെക്ക് കോവളം വരെ ജലഗതാഗത സൗകര്യം ഒരുക്കുന്നതിലൂടെ താരതമ്യേന ചെലവും മലിനീകരണവും കുറഞ്ഞ യാത്രാസംവിധാനങ്ങൾ കേരളത്തിൽ യാഥാർത്ഥ്യമാകും. വേമ്പനാട്

കായലിലെ ജലപാതയിൽ ചരക്ക് ഗതാഗതം ആരംഭിക്കേണ്ടതാണ്. എറണാകുളത്തെ കൊച്ചിൻ റിഫൈനറിയിൽനിന്നും ടാങ്കർ ലോറിയിൽ ചവറയിലെ കെ.എം.എം.എൽ.-ലേയ്ക്ക് ദിനംപ്രതി ഇരുന്നൂറ് ടൺ അതായത് ഏകദേശം ഇരുപത് ടാങ്കർ ഹൈഡ്രോക്ലോറിക് ആസിഡും ഫർണസ് ഓയിലുമാണ് കൊണ്ടുപോകുന്നത്. കോട്ടയം പോർട്ടിലെത്താൻ കഴിയുന്ന നിലയിലേയ്ക്ക് വല്ലാർപാടത്തുനിന്നും ചരക്കുനീക്കം നടത്താൻ കഴിയുകയും ചെയ്യും. ആലപ്പുഴയിലുൾപ്പെടെ പത്ത് കാർഗോ ടെർമിനലുകളുടെ ബേ റോഡുകളുടെ ബിൽഡിംഗ് പണി പൂർത്തീകരിച്ച് വർഷങ്ങളായിട്ടും ഇതെല്ലാം പ്രവർത്തനരഹിതമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായ ഇടപെടലുണ്ടാകണം. ഈ ടെർമിനലുകളെ പ്രവർത്തിപ്പിക്കാനും ചരക്കുഗതാഗതം ഫലപ്രദമായി നടത്താനും ഈ ജലപാതയെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താനും കഴിയുന്ന നിലയിലേയ്ക്കുള്ള നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ദേശീയ ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം നിലവിൽ ഗതാഗത യോഗ്യമായിട്ടുണ്ട്. കോട്ടപ്പുറം മുതൽ വടകരവരെ നിലവിലുള്ള

ജലപാതയിലെ ചില ലോക്കുകളും പാലങ്ങളും പൂർത്തിയാക്കാനുണ്ട്. മാഹി മുതൽ ബേക്കൽ വരെയുള്ള ജലപാതയിലെ മാഹി-എരഞ്ഞോളി, എരഞ്ഞോളി - ധർമ്മടം, അഞ്ചരക്കണ്ടി - വളപട്ടണം എന്നീ ഭാഗങ്ങളിൽ പുതിയ കനാൽ നിർമ്മിക്കുന്നതിനുള്ള നടപടി ഏറ്റെടുത്തുവരികയാണ്. ഭൂമിയേറ്റെടുക്കലും കനാൽ നിർമ്മാണവും പുനരുദ്ധാരണവും കനാൽ പുറമ്പോക്കുകളിലെ ഭൂരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യമിടുന്നത്. ദേശീയജലപാത യാഥാർത്ഥ്യമാകുന്നതോടെ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനും അന്തരീക്ഷ മലിനീകരണം കുറച്ചുകൊണ്ടുവരാനും കഴിയും. ശേഷിക്കുന്ന സംസ്ഥാന ജലപാത ഗതാഗതയോഗ്യമാക്കി 2025-ഓടെ പശ്ചിമ തീരദേശ ജലപാത സജ്ജമാക്കുന്നതിൽ ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലപാതയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ഉയരവും വീതിയും കുറഞ്ഞ പാലങ്ങളുടെ പുനർനിർമ്മാണം കനാലിന്റെ വീതിക്കൂട്ടൽ, ആഴം കൂട്ടൽ പ്രവൃത്തികൾ എന്നിവയാണ് നടപ്പാക്കിവരുന്നത്.

(3) <u>ശമ്പളപരിഷ്കരണവും പെൻഷനും</u>

<u>ശ്രീമതി സി. കെ. ആശ:</u> സർ, <u>ശു</u>ചീകരണത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണവും പെൻഷനും നടപ്പിലാക്കുന്നത് സംബന്ധിച്ചാണ് എന്റെ

സബ്മിഷൻ. പൊട്ടിയൊലിക്കുന്ന ഇരുമ്പ് ബക്കറ്റിൽ മനുഷ്യവിസർജ്ജ്യം തലയിൽച്ചുമന്ന് സമൂഹത്തിന്റെ അവജ്ഞയും പരിഹാസവും ഏറ്റുവാങ്ങി ജീവിച്ചിരുന്ന തോട്ടികൾ എന്നറിയപ്പെടുന്ന ഒരു വിഭാഗത്തെ നമുക്കറിയാം. കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും നിരന്തര പോരാട്ടങ്ങളിലൂടേയും ഇടപെടലുകളിലൂടെയും കേരളീയ സമൂഹത്തിൽനിന്നും തോട്ടിപ്പണി അവസാനിപ്പിക്കാൻ സാധിച്ചു. എന്നാൽ, മനുഷ്യമാലിന്യമൊഴിച്ച് മറ്റെല്ലാ മാലിന്യങ്ങളും - ചത്ത പട്ടിയുടെയും പൂച്ചയുടെയും ചീഞ്ഞളിഞ്ഞ ശരീരഭാഗങ്ങളുൾപ്പെടെ നിരത്തുകളിൽനിന്നും എടുത്തുമാറ്റി ജനജീവിതത്തെ സുഗമമാക്കുന്ന നഗര ശുചീകരണത്തൊഴിലാളികളുടെ ജീവിതാവസ്ഥ ഇന്നും പരിതാപകരമായി തുടരുകയാണ്. മാറിമാറിവരുന്ന സർക്കാരുകൾ, പ്രത്യേകിച്ച് തൊഴിലാളി ആഭിമുഖ്യം പുലർത്തുന്ന ഇടതുപക്ഷ സർക്കാരുകൾ ഈ വിഭാഗത്തിനുവേണ്ടി നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, അവരുടെ സേവന-വേതന ഘടന സമൂഹത്തിലെ മറ്റ് തൊഴിലാളികളുടെ വേതന ഘടനയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണെന്ന് നമുക്ക് കാണാൻ സാധിക്കും. നിപ, കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിൽ സ്വന്തം ആരോഗ്യവും കുടുംബവും സ്വജീവനും മറന്ന് സമൂഹത്തിന്റെ ആരോഗ്യവും

നാടിന്റെ നന്മയും മാത്രംകണ്ട് ജോലി ചെയ്തവരുന്ന നഗര ശുചീകരണത്തൊഴിലാളികളുടെ ശമ്പളവും പെൻഷനും കാലോചിതമായി പരിഷ്കരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. ശുചീകരണത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടി നിയോഗിച്ച കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിലെ തൊഴിലാളിവിരുദ്ധ പരാമർശങ്ങളും സ്ഥിരംനിയമനങ്ങൾ പാടില്ലെന്നും പകരം കരാറടിസ്ഥാനത്തിൽ ആളുകളെ എടുക്കണമെന്നുമുള്ള നിലപാട് മാറ്റുകയും വേണം. പല നഗരസഭകളിലും ആവശ്യത്തിന് ശുചീകരണത്തൊഴിലാളികൾ ഇല്ലാത്തതിനാൽ ഉള്ള തൊഴിലാളികൾക്ക് അമിതജോലി ചെയ്യേണ്ട അവസ്ഥയുമുണ്ട്. പല നഗരസഭകളിലും തൊഴിലാളികൾക്കാവശ്യമായ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തതയുമുണ്ട്. ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിലും റെഗുലർ സർവ്വീസിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സെർവന്റായിപ്പോലും ഈ വിഭാഗത്തിന് പ്രൊമോഷൻ സാദ്ധ്യതയില്ല. ഇക്കാര്യങ്ങളെല്ലാം പരിഹരിച്ച് മെച്ചപ്പെട്ട വേതന ഘടന ഉറപ്പുനൽകി സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ജോലിചെയ്യുന്ന ഈ വിഭാഗത്തെ സഹായിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, നഗര-മുനിസിപ്പൽ-കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ 17-08-2016-ലെ സ.ഉ.(സാധാ.)118/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ നൽകിവരുന്നത്. നഗര ശുചീകരണത്തൊഴിലാളികളുടെ പുതുക്കിയ ശമ്പള പരിഷ്കരണത്തിനും പെൻഷൻ പരിഷ്കരണത്തിനുംവേണ്ടി പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ട് നിലവിൽ സർക്കാർ പരിഗണിച്ചുവരികയാണ്. ശമ്പള പരിഷ്കരണ റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ് ഇപ്പോഴുള്ളത്. 01-07-2019 മുതൽ മുൻകാല പ്രാബല്യത്തിലാണ് ശമ്പളക്കമ്മീഷൻ പുതുക്കിയ ശമ്പള പരിഷ്കരണം ശിപാർശ ചെയ്തിരിക്കുന്നത്. പതിനൊന്നാം ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ തൊഴിലാളിവിരുദ്ധ പരാമർശങ്ങളുള്ളതായും സ്ഥിരം നിയമനം പാടില്ലെന്നും കരാറടിസ്ഥാനത്തിൽ ആളുകളെ എടുക്കണമെന്ന നിലപാട് തള്ളിക്കളയണമെന്നുമാണ് സബ്മിഷനിലെ നിർദ്ദേശം. തൊഴിലാളിവർഗ്ഗ വിരുദ്ധമായ ഒരു നിർദ്ദേശവും ശമ്പള പരിഷ്കരണ കമ്മീഷന്റെ ഭാഗമായിട്ടുണ്ടെന്ന് തോന്നുന്നില്ല. തൊഴിലാളികൾക്കെതിരായ രീതിയിലുള്ള

ഒരു ശിപാർശയും അംഗീകരിക്കാൻ സാധിക്കുന്നതുമല്ല. ചില നഗരസഭകളിൽ ആവശ്യത്തിൽ കൂടുതൽ തൊഴിലാളികളും ചില നഗരസഭകളിൽ കുറവ് തൊഴിലാളികളുമുള്ള സാഹചര്യമുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രശ്നം പരിഹരിച്ച് ഓരോ നഗരസഭയ്ക്കും ആവശ്യമുള്ള തൊഴിലാളികളെ മാത്രം നിയമിച്ച് അവർക്ക് മെച്ചപ്പെട്ട വേതന വ്യവസ്ഥകൾ നടപ്പിലാക്കണമെന്നുമാണ് ശമ്പളക്കമ്മീഷൻ ശിപാർശ. ഈ ശിപാർശയിന്മേൽ സർക്കാർ യാതൊരു തീരുമാനവും ഇതുവരെ കൈക്കൊണ്ടിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് ശുചീകരണത്തൊഴിലാളികളെ നിയമിക്കുന്നത്. സ്ഥിരം കണ്ടിജന്റ് തസ്തികയിൽ ഒഴിവുവരുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പകരം തൊഴിലാളികളായി ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്. ചില അടിയന്തര സാഹചര്യങ്ങളിൽ ജോലിഭാരം ലഘൂകരിക്കുന്നതിനായി ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിന് കരാറടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയമിക്കാറുണ്ട്. സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചീകരണ പ്രവർത്തനങ്ങളിൽ അവരുടെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം തികയാതെ വരികയാണെങ്കിൽ കുടുംബശ്രീയുടെ

സേവനം തേടാവുന്നതാണ്. കുടുംബശ്രീയുടെ സേവനം പര്യാപ്തമാകാത്ത അനിവാര്യഘട്ടങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തെരഞ്ഞെടുത്ത കണ്ടിജന്റ് ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താറുണ്ടെന്നതും ശരിയാണ്. 03-11-2006-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിൽ നഗരസഭയിൽ തൊഴിലാളികൾക്കാവശ്യമായ സുരക്ഷാസംവിധാനങ്ങളെല്ലാം നൽകുന്നുണ്ട്. ഓവർകോട്ട്, സോപ്പ്, ഗംബൂട്ട്, ഗ്ലൗസ്, റെയിൻകോട്ട് എന്നിവ നൽകിവരുന്നു. കൂടാതെ, യൂണിഫോം അലവൻസ്, സ്പെഷ്യൽ അലവൻസ്, റിസ്ക് അലവൻസ്, വാഷിംഗ് അലവൻസ്, ചൂൽ അലവൻസ്, തയ്യൽക്കൂലി, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മെഡിക്കൽ ചെക്കപ്പ് ആൻഡ് ഹെൽത്ത് കാർഡ്, ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ്, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിദ്യാഭ്യാസ അലവൻസ്, ചൈൽഡ് കെയർ അലവൻസ് എന്നിവയും നൽകിവരുന്നു. മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് കെ.എസ്.ആർ. പ്രകാരമുള്ള അവധിച്ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ല. എന്നാൽ, ആർജ്ജിത അവധി, അർദ്ധവേതന അവധി, Special Disability Leave, Maternity Leave,

Paternity Leave, Hysterectomy Leave തുടങ്ങിയ അവധികൾ ഈ വിഭാഗം ജീവനക്കാർക്ക് അനുവദിക്കുന്നുണ്ട്. മിക്ക നഗരസഭകളിലും മാൻഹോൾ വൃത്തിയാക്കലുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നു. ജെ.സി.ബി., മിനി ജെ.സി.ബി., വാക്വംസക്കർ, ഹൈപ്രഷർ വാട്ടർ പമ്പ്, ഹിറ്റാച്ചി, റൊബോട്ടിക് സിസ്റ്റം, മിനി ചെയിൻ ബ്ലോക്ക് എന്നിവ ഉപയോഗിച്ചാണ് ഡ്രെയിനേജ് വൃത്തിയാക്കൽ പ്രക്രിയ നടക്കുന്നത്. മനുഷ്യ പ്രയത്നം പ്രയോജനപ്പെടുത്തുന്ന നഗരങ്ങളിൽ മതിയായ പരിശീലനം നൽകി സുരക്ഷാസംവിധാനത്തോടുകൂടിയാണ് വൃത്തിയാക്കൽ നടന്നുവരുന്നത്.

(4) കടൽഭിത്തി നിർമ്മാണം

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ തീരദേശമുള്ള മണ്ഡലമാണ് അമ്പലപ്പുഴ. 24 കിലോമീറ്റർ ഏതാണ്ട് പൂർണ്ണമായും അറബിക്കടൽ അതിരിടുന്ന മണ്ഡലവും എല്ലാ വർഷങ്ങളിലും കടലാക്രമണം രൂക്ഷമായി അനുഭവിക്കുന്ന പ്രദേശവുമാണ്. കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുമാത്രം പറഞ്ഞാൽ 172 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടിവന്ന പ്രദേശമാണിത്. വാഹനത്തിൽ വരുന്ന സാമാജികർക്ക് തോട്ടപ്പള്ളി ഭാഗത്ത് ഹൈവേയോട് ചേർന്ന് കടൽ

കാണാൻ കഴിയും. 30 മീറ്റർ മാത്രമാണ് റോഡും കടലുമായുള്ള ദൂരം. ഇപ്പോഴും കടലാക്രമണം രൂക്ഷമായുണ്ടാകുന്ന പ്രദേശമാണ്. അവിടെ പുലിമുട്ടില്ല. അതുകൊണ്ട് തോട്ടപ്പള്ളി ഹാർബർ കഴിഞ്ഞ് ഹൈവേയോട് ചേർന്നുള്ള ഭാഗം മുതൽ വടക്കോട്ട് മൂന്ന് കിലോമീറ്റർ, മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ ബീച്ച് വരെയും പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഇ.എസ്.ഐ. ഉൾപ്പെടെയുള്ള ആശുപത്രികൾ ഈ തീരത്തോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. അതുപോലെ ആലപ്പുഴ ബൈപ്പാസ് ഈ തീരത്തുകൂടിയാണ് പോകുന്നത്. ബൈപ്പാസും കടലുമായി വളരെ ചെറിയ ദൂരം മാത്രമാണുള്ളത്. പുന്നപ്ര മുതൽ ആലപ്പുഴ ബീച്ച് വരെ ഏഴ് കിലോമീറ്ററും മാത്തേരി മുതൽ പുറക്കാട് വരെ മൂന്ന് കിലോമീറ്ററും പുലിമുട്ട് നിർമ്മിക്കാനാവശ്യമായ പദ്ധതികൾ ഇപ്പോൾ തയ്യാറാക്കിയിട്ടില്ല. ഇപ്പോൾ പുലിമുട്ട് നിർമ്മാണം നടക്കുന്ന കുറച്ചുദൂരം സെൻട്രൽ ഷെയറില്ലാതെ കിഫ്ബിയുടെ മാത്രം ഫണ്ടുപയോഗിച്ചാണ് ചെയ്യുന്നത്. അത് 'നക്ഷത്ര ക്കല്ലുകൾ' എന്ന സ്കീമിൽ വിജയകരമായിട്ടാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ചെയ്യുന്നതിന് പുറമേ അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ ബീച്ച് വരെയും

പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് എന്നീ പഞ്ചായത്തുകളിലെ കക്കാഴം മുതൽ പുന്നപ്ര വരെയുള്ള തീരപ്രദേശങ്ങളിൽ കുറേവർഷങ്ങളായി കടലാക്രമണംമൂലമുണ്ടായിരുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് പ്രതിരോധ പ്രവൃത്തികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്ന് ധനസഹായം ലഭ്യമാക്കി ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അമ്പലപ്പുഴ മണ്ഡലത്തിൽ ഏകദേശം 23 കിലോമീറ്റർ കടൽത്തീരമുള്ളതിൽ മിക്കവാറും എല്ലാഭാഗത്തും രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നു. ഈ ഭാഗങ്ങളിൽ വളരെയധികം വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുകയും ചെയ്തുവരുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്ന അമ്പലപ്പുഴ കോമന മുതൽ കക്കാഴം വരെയും വളഞ്ഞവഴി മുതൽ പുന്നപ്ര ഫിഷിംഗ് ഹാർബർ വരെയും കിഫ്ബി ഫണ്ടുപയോഗിച്ച് 3.24 കിലോമീറ്റർ

നീളമുള്ള കടൽത്തീരത്ത് 51.30 കോടി രൂപ ചെലവിൽ 30 പുലിമുട്ടുകളുടെയും 305 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെയും നിർമ്മാണം നടന്നുവരുന്നു. പരമ്പരാഗത രീതിയിൽ കല്ലുകൾമാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കുപകരം മദ്രാസ് ഐ.ഐ.ടി.-യിൽനിന്നും ലഭിച്ച ഗ്രോയിൻസ് ഡിസൈനനുസരിച്ച് അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമ്മിതവുമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഈ പ്രവൃത്തികൾ 2022 മേയ് മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കും. ഇതുകൂടാതെ കക്കാഴം മുതൽ വളഞ്ഞവഴി വരെയുള്ള ഭാഗത്ത് മദ്രാസ് ഐ.ഐ.ടി. പഠനം നടത്തി രൂപകല്പന ചെയ്തപ്രകാരം 2.20 കിലോമീറ്റർ നീളത്തിൽ 11 പുലിമുട്ടുകൾക്കായി 43.03 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പുറക്കാട് മുതൽ അമ്പലപ്പുഴ കോമന വരെയുള്ള 3.90 കിലോമീറ്റർ ഭാഗത്ത് 44 പുലിമുട്ടുകളുടെ നിർമ്മാണം 50 കോടി രൂപയുടെ നബാർഡ് സഹായത്തോടെ 2016-ൽ ഈ വകുപ്പിന്റെ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. കോമന മുതൽ പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ വരെ 5.5 കി. മീ. നീളം കിഫ്ബിയിൽ ഉൾപ്പെടുത്തി എസ്.പി.വി. ആയ കിറ്റ്കോയുടെ മേൽനോട്ടത്തിൽ പുലിമുട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. അവിടത്തെ വിഷയങ്ങൾ വളരെ

ശ്രുക്ഷമാണെന്ന് ചൂരുങ്ങിയ കാലംകൊണ്ടുതന്നെ ശ്രീ. എച്ച്. സലാം ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള പ്രദേശമാണ് അമ്പലപ്പുഴ മണ്ഡലം. ഇവിടെ സൂചിപ്പിച്ചതുപോലെ, ആളുകളെ പുനരധിവസിപ്പിക്കാനും അതോടൊപ്പം പൊതുസ്ഥാപനങ്ങളെല്ലാം കടൽഭിത്തിയോട് ചേർന്നിരിക്കുന്നതിനാലും തോട്ടപ്പള്ളി - മാത്തേരി മുതൽ പുറക്കാട് വരെയുള്ള ഏകദേശം മൂന്ന് കിലോമീറ്റർ ദൂരവും പുന്നപ്ര മുതൽ വിജയ് പാർക്ക് വരെയുള്ള ഏഴ് കിലോമീറ്റർ ഭാഗവും കടൽത്തീര സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവൃത്തികൾക്ക് തുടക്കംകുറിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞു. പ്രയോറിറ്റിയിൽ പ്രസ്തുത വർക്ക് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

(5) വൈവിദ്ധ്യവൽക്കരണം

ശ്രീ. എം. വിജിൻ: സർ, കേരളത്തിലെ എന്നല്ല ഇന്ത്യയിലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അഭിമാനിക്കാൻ വകയുള്ള ഇലക്ട്രോണിക് സ്ഥാപനമാണ് കെൽട്രോൺ. കെൽട്രോണിന്റെ സ്ഥാപക ചെയർമാൻ കെ. പി. പി. നമ്പ്യാർ അദ്ദേഹത്തിന്റെ സ്വദേശമായ കല്ല്യാശ്ശേരിയിലെ മാങ്ങാട്ടുപറമ്പിൽ Keltron Component Complex Ltd. (KCCL)

സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനം മികച്ച നിലയിൽ മുന്നോട്ടുപോകുകയും ചെയ്യുകയാണ്. അവിടെ മികച്ചയിനം കപ്പാസിറ്ററുകളും റെസിസ്റ്ററുകളുമാണ് നിർമ്മിച്ചുവരുന്നത്. കെട്ടിടത്തിന്റെയും യന്ത്രസാമഗ്രികളുടെയും കാലപ്പഴക്കം സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഈ പരിമിതികൾക്കുള്ളിലും സ്ഥാപനത്തെ നഷ്ടമില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ നിലവിൽ സാധിക്കുന്നുണ്ട്. കണ്ണൂർ എയർപോർട്ടിൽനിന്ന് ഏകദേശം 30 കിലോമീറ്ററും അഴീക്കൽ തുറമുഖത്തുനിന്ന് 15 കിലോമീറ്ററും അതോടൊപ്പം നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിലുള്ള കെൽട്രോൺ. കൺസ്യൂമർ ഇലക്ട്രോണിക്സിന്റെ സാധ്യതകൾകൂടി പരിശോധിച്ച് ടെക്നോളജി അപ്ഗ്രഡേഷനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വൈവിധ്യവൽക്കരണം നടത്തിയും കെൽട്രോണിനെ ഇന്ത്യയിലെതന്നെ മികച്ച പൊതുമേഖലാ സ്ഥാപനമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന Keltron Component Complex Ltd. (KCCL) വിവിധയിനം കപ്പാസിറ്ററുകളും റെസിസ്റ്ററുകളും

നിർമ്മിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ്. കപ്പാസിറ്റർ നിർമ്മാണ രംഗത്ത് ഇന്ത്യയിലെ മുൻനിരയിലുള്ള കമ്പനിയാണ് Keltron Component Complex Ltd. എന്നാൽ ഈ കമ്പനി തുടർച്ചയായി നഷ്ടത്തിലായിരുന്നു. 2017-18 മുതൽ ആദ്യമായി ലാഭത്തിൽ പ്രവർത്തിച്ചു. 2017-18-ൽ 52.05 ലക്ഷം രൂപയും 2018-19-ൽ 101.68 ലക്ഷം രൂപയും 2019-20-ൽ 279.26 ലക്ഷം രൂപയും കോവിഡ് പ്രതിസന്ധി നിലനിന്നിട്ടും ഈ സാമ്പത്തികവർഷം ഇതുവരെ 120 ലക്ഷം രൂപയും ലാഭമുണ്ടാക്കിയിട്ടുണ്ട്. കമ്പനിയുടെ സമഗ്ര വികസനവും വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് പ്രോജക്ടുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. നാല് കോടി രൂപ മുതൽമുടക്കുള്ള എം.പി.പി. കപ്പാസിറ്റർ ഉല്പാദന കേന്ദ്രം 2017 മാർച്ചിലും രണ്ട് കോടി രൂപ മുതൽമുടക്കുള്ള എം.പി.പി. കപ്പാസിറ്റർ ഉല്പാദന കേന്ദ്രം 2021 ഫെബ്രുവരിയിലും കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ഡോ. കെ. പി. പി. നമ്പ്യാർ ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രം കമ്പനിയിൽ ആരംഭിച്ചിട്ടുണ്ട്. 'വിഷൻ 2030' എന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കി കമ്പനിയുടെ കപ്പാസിറ്റർ ഉല്പാദനം വർദ്ധിപ്പിക്കാനും ഉയർന്ന വൈവിധ്യവൽക്കരണം നടപ്പാക്കാനും താഴെപ്പറയുന്ന പദ്ധതികളിലൂടെ കമ്പനി ലക്ഷ്യമിട്ടിട്ടുണ്ട്.

1. സൂപ്പർ കപ്പാസിറ്റർ ഉല്പാദനം
2. S.M.D. (Surface Mount Capacitor/Resistor/Crystal ഉല്പാദനം)
3. Active Electronic Components (Diode, Thyristor, Power IC മുതലായവയുടെ ഉല്പാദനം).

മേൽപ്പറഞ്ഞ പ്രകാരം വിഭാവന ചെയ്തിരിക്കുന്ന പദ്ധതികൾ സമീപഭാവിയിൽ കമ്പനിയിൽ വലിയ തോതിൽ വിറ്റുവരവ് വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലൂടെ കൂടുതൽ പ്രത്യക്ഷ തൊഴിലവസരങ്ങളും പദ്ധതികളുമായി ബന്ധപ്പെട്ട് അനേകം താൽക്കാലിക തൊഴിലവസരങ്ങളും അതിനോടൊപ്പമുള്ള അനുബന്ധ ചെറുകിട വ്യവസായ രംഗത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാദ്ധ്യതകളും കാണുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വൈവിദ്ധ്യവൽക്കരണ പദ്ധതിയുടെ തുടർച്ചയായി ഈ സർക്കാർ ആവിഷ്കരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് കൂടുതൽ വിറ്റുവരവും ഉയർച്ചയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും നേടാൻ കഴിയുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ രൂപത്തിൽ നല്ല മുന്നേറ്റം പ്രസ്തുത

സ്ഥാപനത്തിനുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(6) പരിസ്ഥിതിലോല നിയമത്തിന്റെ പരിധി

ശ്രീ. സണ്ണി ജോസഫ്: സർ, രാജ്യത്തെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റിലും ESZ (Eco-Sensitive Zone) സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കും ഇതുസംബന്ധിച്ചുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും വ്യാപകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 100 മീറ്റർ മുതൽ 3 കിലോമീറ്ററും അതിലുപരിയുമായ സ്ഥലങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, വ്യാപാര വാണിജ്യ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. അതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. 2020-ലാണ് ഈ വിജ്ഞാപനം കരടായി വന്നത്. അത് പരിഗണിച്ചുകൊണ്ട് കേരളം സീറോ പോയിന്റായി നിശ്ചയിക്കണമെന്ന രൂപത്തിലുള്ള നിർദ്ദേശങ്ങൾ ഭേദഗതിയായി സമർപ്പിച്ചിരുന്നെങ്കിലും കേന്ദ്രം വീണ്ടും അത് പരിശോധിച്ച് സ്വീകാര്യമല്ലെന്ന നിലയിൽ മടക്കിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ആറളം വന്യജീവി സങ്കേതവും കൊട്ടിയൂർ വന്യജീവി സങ്കേതവുമുണ്ട്. അവിടെ 100 മീറ്റർ മുതലുള്ള പ്രദേശങ്ങൾ, 3 കിലോമീറ്റർ, 600 മീറ്റർ

വരെയുള്ള പ്രദേശങ്ങൾ ഇങ്ങനെ വളരെ വ്യത്യാസത്തിൽ ESZ വന്നുകഴിഞ്ഞാൽ അവിടത്തെ കൃഷിയേയും മറ്റനുബന്ധ പ്രവർത്തനങ്ങളേയും അത് ബാധിക്കും. ആറളം പൂർണ്ണമായും ആദിവാസി പുനരധിവാസ മേഖലയാണ്. അവർക്ക് ഒരേക്കർ സ്ഥലമാണ് കിട്ടിയിട്ടുള്ളത്. ആ സ്ഥലം പൂർണ്ണമായും നഷ്ടപ്പെടുന്ന അല്ലെങ്കിൽ അവിടെ അവർക്ക് സ്വാതന്ത്ര്യമില്ലാതാകുന്ന പ്രശ്നം വരും. കേളകം പഞ്ചായത്ത് ഇതിന്റെ ഭാഗമായി വരും. വളയംചാൽ, പൂക്കുണ്ട്, മുട്ടുമാറ്റി, അടയ്ക്കാത്തോട്, കരിയംകാപ്പ്, രാമച്ചി എന്നീ പട്ടികവർഗ്ഗ കോളനികൾ വനാതിർത്തിയോട് ചേർന്നുനിൽക്കുകയാണ്. അതിന്റെ നടുവിലായി പുഴ ഒഴുകുന്നു, പി.ഡബ്ല്യു.ഡി. റോഡുണ്ട്. അവിടെ ESZ വന്നുകഴിഞ്ഞാൽ അവിടത്തെ കൃഷിയെയും ഭവന നിർമ്മാണത്തെയും റോഡ് നിർമ്മാണത്തെയുമൊക്കെ ബാധിക്കും. കുളങ്ങളും കിണറുകളും കുഴിക്കാൻ സാദ്ധ്യമല്ലാതാകും. മറ്റ് സംസ്ഥാനങ്ങൾ ഈ വിഷയം നന്നായി അവതരിപ്പിച്ചു. അരുണാചൽ പ്രദേശിൽ 0.5 മീറ്റർ മുതൽ 50 മീറ്ററായും ത്രിപുരയിൽ 10 മുതൽ 50 മീറ്ററായും വെസ്റ്റ് ബംഗാളിൽ 5 മീറ്ററായും കുറച്ചു. ത്രിപുരയിലെ ജനസാന്ദ്രത 350 ആണെങ്കിൽ കേരളത്തിലേത് 860 ആണ്. ജനസാന്ദ്രതയിലും വനവിസ്തൃതിയിലും ഒന്നാമതായി നിൽക്കുന്ന പ്രദേശത്ത് പരിസ്ഥിതി ലോല,

പരിസ്ഥിതി പ്രാധാന്യ പ്രദേശങ്ങൾ വന്നുകഴിഞ്ഞാൽ അതവിടത്തെ ജനങ്ങളെ സാരമായി ബാധിക്കും. വൃക്ഷാവരണം കേരളത്തിൽ 54 ശതമാനമാണ്. ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കഴിഞ്ഞ സമ്മേളനത്തിലും ഈ സമ്മേളനത്തിലും വന്യമൃഗശല്യത്തെ സംബന്ധിച്ച് സഭയിൽ ആവർത്തിച്ച് ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. എന്റെ മണ്ഡലത്തിലെ ആറളം ആദിവാസി മേഖലയിൽ ആനയുടെയും പന്നിയുടെയും ആക്രമണത്തിന്റെ ഫലമായി എട്ടോളം ആളുകൾ അടുത്ത വർഷങ്ങളിലായി മരണപ്പെട്ടിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇതിനെ എങ്ങനെയാണ് വ്യാഖ്യാനിച്ചത്? ഇപ്പോൾത്തന്നെ അവിടെ വന്യജീവികളുടെ സാന്നിദ്ധ്യമുള്ളതുകൊണ്ട് ഈ പ്രദേശങ്ങൾ ESZ ആക്കണമെന്ന നിലയിൽ കേരളത്തിനെതിരായ വ്യാഖ്യാനമാണ് അവർ നൽകിയിട്ടുള്ളത്. അതുകൊണ്ട് കേരളത്തിന്റെ പ്രശ്നം നല്ലതുപോലെ സമർത്ഥിക്കാൻ സാധിക്കേണ്ടതായിട്ടുണ്ട്. ജനപ്രതിനിധികളെന്ന നിലയിൽ എം.എൽ.എ.-യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മോണിറ്ററിംഗ് കമ്മിറ്റിയിലംഗങ്ങളായിരുന്നു. എന്നാൽ പുതിയ നിർദ്ദേശത്തിൽ എം.എൽ.എ.-യെ ഒഴിവാക്കിയിരിക്കുകയാണ്. എം.എൽ.എ.-യെ ഒഴിവാക്കിയാൽ ജനങ്ങളുടെ കാര്യങ്ങൾ സംസാരിക്കാൻ ഗ്രാമപഞ്ചായത്ത്

പ്രസിഡന്റിനെയോ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയോ മോണിറ്ററിംഗ് കമ്മിറ്റിയിലുൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കേരളത്തിന്റെ ശക്തമായ നിലപാട് കേന്ദ്രത്തെ അറിയിക്കേണ്ടതായിട്ടുണ്ട്. ഇവിടെ സീറോ പോയിന്റായി തന്നെ ESZ നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ വനം വകുപ്പുമാത്രം ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടിയപ്പോൾ ജനപ്രതിനിധികളുടെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഭരണനേതൃത്വത്തിന്റെ ശക്തമായ ഇടപെടലും ന്യായമായ പരിഹാരവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. സണ്ണി ജോസഫ് മലയോര മേഖലയിൽ പൊതുവെ ജനങ്ങളെയും ജനപ്രതിനിധികളെയും ബാധിക്കുന്ന പ്രശ്നമാണന്നയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഭാഗമായി ഒടുവിൽ പറഞ്ഞത് പ്രാദേശിക സമിതികളിൽനിന്ന് ജനപ്രതിനിധികളെ (എം.എൽ.എ.-യേയും പഞ്ചായത്ത് പ്രസിഡന്റിനെയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയും) ഒഴിവാക്കിയിട്ടുണ്ടെന്നാണ്. എനിക്ക് ലഭിച്ച നോട്ടീസിൽ അക്കാര്യം സൂചിപ്പിച്ചിട്ടില്ലായിരുന്നു. തീർച്ചയായും ജനപ്രതിനിധികളെ

പ്രാദേശിക സമിതികളിൽ പങ്കാളികളാക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്നതാണ്. അദ്ദേഹംതന്നെ കുറച്ച് കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. വന്യജീവിസങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കുചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശത്തെയാണ് പാരിസ്ഥിതിക സംവേദക മേഖല അഥവാ ഇക്കോ സെൻസിറ്റീവ് സോൺ എന്നുപറയുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 04/12/2006-ലെ ഉത്തരവ് പ്രകാരമാണ് വന്യജീവിസങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനെ അടിസ്ഥാനപ്പെടുത്തി അനുയോജ്യമായ നിയമങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അതനുസരിച്ച് 31/10/2019-ലെ 29/2019/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവിസങ്കേതങ്ങൾക്കുംചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള പ്രദേശം ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള കരട് നിദ്ദേശങ്ങൾ തയ്യാറാക്കാൻ

തീരുമാനിച്ചിരുന്നു. അപ്രകാരം എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ 23 സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ 03-01-2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ആയതിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇതിനകം 20 എണ്ണത്തിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിൽ മതികെട്ടാൻചോല ദേശീയ ഉദ്യാനത്തിന്റെ അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കരട് വിജ്ഞാപന ത്തിലൂടെ നിജപ്പെടുത്തിയ ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 20-09-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇത്തരം സോണിൽനിന്ന് ജനസാന്ദ്രതകൂടിയ മേഖലകളെയും കൃഷിസ്ഥലങ്ങളെയും സർക്കാർ, അർദ്ധസർക്കാർ, പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ട് പുതിയ കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനസാന്ദ്രതകൂടിയ മേഖലകളെയും കൃഷിസ്ഥലങ്ങളെയും സർക്കാർ,

അർദ്ധസർക്കാർ, പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ആറളം, കൊട്ടിയൂർ ഉൾപ്പെടെയുള്ള 14 വന്യജീവിസങ്കേതങ്ങൾക്കുചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശം കേന്ദ്രസർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിച്ചു. പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൊട്ടിയൂർ വന്യജീവിസങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ 22.34 ചതുരശ്ര കിലോമീറ്ററായിരുന്നത് 12.91 ചതുരശ്ര കിലോമീറ്ററായും ആറളം വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ 12.4 ചതുരശ്ര കിലോമീറ്ററിൽനിന്നും 10.136 ചതുരശ്ര കിലോമീറ്ററായും കുറച്ചിട്ടുണ്ട്. മംഗളവനം വന്യജീവിസങ്കേതത്തിനുചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ബാക്കിയുള്ള 8 വന്യജീവി സങ്കേതങ്ങളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിന് ആദ്യഘട്ടത്തിൽ സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ ജനവാസ മേഖല ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പുതുക്കിയ കരട് ഭേദഗതി നിർദ്ദേശം ആവശ്യമില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജനവാസ മേഖലയെയും

കൃഷിസ്ഥലങ്ങളെയും പരമാവധി ഒഴിവാക്കിയാണ് പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഇതിന് അംഗീകാരം ലഭിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും ഊർജ്ജിതമായി നടത്തുന്നതാണ്.

(7) തുക ചെലവഴിക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസ വർഷം ആരംഭിച്ചിട്ട് രണ്ട് മാസമായെങ്കിലും ആയിരക്കണക്കിന് കുട്ടികൾക്ക് ഇപ്പോഴും ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള ഭാഗ്യമില്ലാതായിരിക്കുകയാണ്. സർക്കാർ ഇതൊരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻവേണ്ടി പുറത്തെഴുത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക പ്രയാസമുള്ളതുകൊണ്ട് സ്പോൺസർ ചെയ്യാൻ ആളുകൾക്കും വളരെ ബുദ്ധിമുട്ടാണ്. രക്ഷിതാക്കളും അദ്ധ്യാപകരും കുട്ടികളും നേരിട്ടും ഫോൺ മുഖാന്തരവും എം.എൽ.എ.-മാരെ നിത്യേന വിളിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ സാധിക്കുന്നില്ല. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പുറത്തെഴുത്തിൽ 'സാമൂഹ്യനീതിയും അവസരതുല്യതയും ഉറപ്പുവരുത്തി വിദ്യാഭ്യാസത്തെ കൂടുതൽ കരുതലുള്ള ജനാധിപത്യ ഇടമാക്കിമാറ്റേണ്ടതുണ്ട് ' എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ

ഉന്നയിക്കുന്നത്. നേരത്തെ ഇവിടെ ജാതിവിവേചനവും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വേർതിരിവുമുണ്ടായിരുന്നു. ഇപ്പോൾ ഉണ്ടായിരിക്കുന്ന ഡിജിറ്റൽ ഡിവൈഡിന് പരിഹാരമുണ്ടാക്കാൻ കഴിയണം. എം.എൽ.എ. ഫണ്ടിൽനിന്ന് ഇപ്പോൾ നാല് കോടി രൂപ എടുത്തിട്ടുണ്ട്. ഇനി അതിൽ അവശേഷിക്കുന്ന തുകയിൽനിന്ന് ഒരു നിശ്ചിത തുക സ്കൂളും വിദ്യാഭ്യാസ അധികൃതരും നിർദ്ദേശിക്കുന്ന കുട്ടികൾക്ക് ഫോൺ വാങ്ങിക്കൊടുക്കാൻ ഉപയോഗിക്കുന്നതിന് അനുവാദം നൽകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളുമൊക്കെ നിരന്തരമായി ബന്ധപ്പെടുന്നുണ്ടെങ്കിലും മിക്കവാറും എല്ലാ എം.എൽ.എ.-മാരും നിസ്സഹായരാണ്. ഇതിനൊരു പരിഹാരമുണ്ടാക്കണം. അതോടൊപ്പം കുട്ടികൾക്ക് പഠിക്കാൻ സൗകര്യം ഒരുക്കുകയും ചെയ്യണം. ഇതിനുമുമ്പ് ഒന്നര ലക്ഷം ടി.വി. വിതരണം ചെയ്തിരുന്നുവെങ്കിലും അതിൽ പലതും പ്രവർത്തിക്കുന്നില്ല. ഇതൊന്നും രാഷ്ട്രീയ പ്രശ്നമല്ല. പ്രയോഗികമായി കുട്ടികൾ അനുഭവിക്കുന്ന പ്രയാസമാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. ഡിജിറ്റൽ ഡിവൈഡ് ഒഴിവാക്കുകയും പരമാവധി കുട്ടികൾക്ക് മൊബൈൽ ഫോൺ സൗകര്യം ലഭ്യമാക്കുകയും വേണം. എം.എൽ.എ-മാരും മറ്റ് ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യപ്രവർത്തകരുമെല്ലാം ഇക്കാര്യത്തിൽ നല്ല സഹകരണം നടത്തി വലിയതോതിൽ ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇനിയും കുറേ കുട്ടികൾക്ക് ലഭിക്കാൻ ബാക്കിയുണ്ട്. അതുകൊണ്ടുതന്നെ നിലവിലെ നിയമമനുസരിച്ച് എം.എൽ.എ. ആസ്തിവികസന പദ്ധതി-പ്രത്യേക വികസന നിധി പദ്ധതിപ്രകാരം തുക അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ പറഞ്ഞ ഫണ്ടുകൾ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് അനുവദിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ, ടെലിവിഷൻ വിതരണം ചെയ്യുന്നതിൽ പ്രത്യേക എക്സംപ്ഷൻ കൊടുത്തതനുസരിച്ച് കെ.എസ്.എഫ്.ഇ. കൈമാറുന്ന 75 ശതമാനം തുകയുടെകൂടെ 25 ശതമാനം തുക കണ്ടെത്താനാകാതെ വരുന്നപക്ഷം, ടെലിവിഷന്റെ ആകെ വിലയുടെ 25 ശതമാനം എന്ന നിബന്ധനയ്ക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതും തുടർന്ന് ഈ തുക എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്നപക്ഷം

നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽനിന്നോ പ്രത്യേക വികസന നിധിയിൽനിന്നോ സബ്സിഡിയായി അനുവദിച്ചുകൊടുക്കുന്ന പദ്ധതിയനുസരിച്ച് കുറെയേറെ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ എം.എൽ.എ. ഫണ്ടിൽനിന്നും 4 കോടിരൂപ എടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തിനോട് യാതൊരു എതിർപ്പുമുണ്ടായിട്ടല്ല. ഇത്തരം നടപടികൊണ്ടുമാത്രം ഇത് പരിഹരിക്കാൻ കഴിയില്ലായെന്നുള്ളതാണ് അവസ്ഥ. വലിയതോതിൽ തുക വേണ്ടിവരുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് സഭയിൽ പറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ ഡിവൈഡിന്റെ പ്രശ്നം മൊബൈൽ ഫോണുകളല്ല, പ്രൊമോട്ട് ചെയ്തത് ലാപ്ടോപ്പുകളോ ടാബുകളോ ആണ്. ഡിജിറ്റൽ ലൈബ്രറിപോലുള്ള സങ്കൽപ്പങ്ങൾ ധാരാളം വരുന്നുണ്ട്. കണക്കിവിറ്റി പരമാവധി സ്ഥലത്തേയ്ക്കെത്തിക്കാനുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് യോഗങ്ങൾ വിളിച്ചിരുന്നു. ഡിജിറ്റൽ ഉപകരണങ്ങളുള്ളവരും വിലകുറഞ്ഞ രീതിയിൽ വാങ്ങാൻ കഴിയുന്നവരും ഇതുകൂടാതെ തീരെ വാങ്ങാൻ ഗതിയില്ലാത്തവരുമുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ അത്തരത്തിലുള്ളവരുടെ കണക്ക് എടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ

ദിവസങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നു. മന്ത്രിസഭായോഗത്തിലും ഇക്കാര്യം സംബന്ധിച്ച് ചർച്ചചെയ്തിരുന്നു. എല്ലാ എം.എൽ.എ.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭാരവാഹികളും ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരുമായി യോഗം ചേർന്ന് പരമാവധി ജനങ്ങളുടെ സപ്പോർട്ടോടുകൂടി ഈ ദൗത്യം വിജയിപ്പിക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കെന്നപോലെ ഒരു പ്രത്യേക ഹെഡ്ഡിൽ ഇതിനുള്ള സഹായം സ്വീകരിച്ച് പരമാവധി വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു വശത്തുകൂടി ഇതെല്ലാം നടക്കുമ്പോഴും മറുവശത്ത് നേരത്തെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഒരു പ്രശ്നമുണ്ട്. ടെലിവിഷൻ വിതരണം ചെയ്തകാര്യം പറഞ്ഞതുപോലെ, കെ.എസ്.എഫ്.ഇ. വഴിയുള്ള ലാപ്ടോപ്പിന്റെ കാര്യവും സഭയിൽ ഉന്നയിച്ചിരുന്നു. 62,000-ത്തോളം ലാപ്ടോപുകൾ നേരത്തെ കുടുംബശ്രീ വഴി രജിസ്റ്റർ ചെയ്തിരുന്നു. അത്രയും ലാപ്ടോപുകൾക്കായി എഗ്രിമെന്റ് വച്ചത് ലെനോവ, എയ്സർ, എച്ച്.പി. ഉൾപ്പെടെയുള്ള കമ്പനികളുമായാണ്. എന്നാൽ അവർക്ക് സമയബന്ധിതമായി എത്തിക്കാൻ സാധിക്കുന്നില്ല. കോവിഡ് സാഹചര്യത്തിൽ സാധനങ്ങൾ കിട്ടുന്നില്ല, ഉല്പാദനം മുടങ്ങിയാണ്

എന്നൊക്കെയാണ് അവർ പറയുന്നത്. അതുകൊണ്ട് ഇവിടെ ഉയർത്തിയ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ, ലാപ്ടോപ്പുകൾ സമയത്തിന് നൽകാത്ത കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിക്കാനുള്ള കാര്യങ്ങൾ ആലോചിച്ചുകൊണ്ട് നേരത്തെ കൊടുക്കാമെന്ന് പറഞ്ഞ 15,000-20,000 രൂപ വരെ വായ്പ കൊടുക്കാനുള്ള സംവിധാനത്തെപ്പറ്റി ആലോചിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത 62,000-ത്തോളം വരുന്നവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ കൊടുക്കാനുള്ള പ്രോസ്സസ് നടന്നുവരികയാണ്, അത് അടിയന്തരമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ, വിദ്യാതരംഗിണി പദ്ധതിയിൽ സഹകരണ മേഖലയിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 32,634 എക്യുപ്മെന്റുകളാണ് നൽകാനുദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള ലോൺ കൊടുത്തുകഴിഞ്ഞു, ഇനിയും കൊടുക്കാനുണ്ട്. ആലോചിച്ച് തീരുമാനിച്ചതനുസരിച്ചുതന്നെ അതിനുള്ള ഫണ്ട് നൽകും. പൊതുവിൽ ആ ഒരു സ്കീം നടക്കുന്നതായിരിക്കും എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്നത്. എം.എൽ.എ.-മാരും പൊതുപ്രവർത്തകരും നേരിടുന്ന പ്രശ്നംതന്നെയാണ് ഇവിടെ ഉന്നയിച്ചത്. സർക്കാർ ഇങ്ങനെയൊരു സ്കീം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ നിർദ്ദേശംകൂടി

പരിശോധിക്കാവുന്നതാണ്. ഇപ്പോൾ ഇങ്ങനെയൊരു നല്ല പദ്ധതിയാണ് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നത്.

(8) കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

ശ്രീ. പി. ടി. എ. റഹീം: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ കുന്നമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശം ഒരേക്കർ ഭൂമിയുണ്ട്. മറ്റ് പൊതു ആവശ്യങ്ങൾക്ക് ചോദിച്ചപ്പോൾ വിദ്യാഭ്യാസവകുപ്പിനുതന്നെ ഭൂമി ആവശ്യമുണ്ടെന്ന് പറഞ്ഞ് അത് തരാതിരിക്കുകയാണ്. അതേ അവസരത്തിൽ ASAP-ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസലുണ്ടായിരുന്നു. ഉദ്യോഗസ്ഥർ വന്ന് പരിശോധിച്ച് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയെങ്കിലും തുടർനടപടിയൊന്നും സ്വീകരിച്ചിട്ടില്ല. അടിയന്തരമായി കുന്നമംഗലം ടൗണിന്റെ ഹൃദയഭാഗത്തുള്ള ഈ സ്ഥലം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, അധിക നൈപുണ്യ ആർജ്ജന പദ്ധതി (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏഷ്യൻ

ഡെവലപ്മെന്റ് ബാങ്ക് വായ്പാസഹായത്തോടെയുള്ള ഒരു പദ്ധതിയാണ്. 2012-ൽ ആരംഭിച്ച ഈ പദ്ധതിയുടെ അടങ്കൽ തുകയിൽ 68 ശതമാനം എ.ഡി.ബി. വായ്പാസഹായമായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അടങ്കൽ തുകയും പ്രവർത്തനങ്ങളും മറ്റും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ പദ്ധതിയുടെ വിവിധ ഘടകങ്ങളും ഡിസ്ബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്റേഴ്സും പദ്ധതി ആരംഭത്തിൽത്തന്നെ നിർവ്വചിക്കപ്പെടുകയുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ നിർവ്വചിച്ച് നിശ്ചയിക്കപ്പെടുന്ന ഘടകത്തിൽപ്പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥലലഭ്യതയുടെയും മറ്റനുയോജ്യ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെ തീരുമാനിക്കപ്പെട്ട കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പ്രവർത്തനം ആംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ള സ്ഥലംനിർണ്ണയിച്ച് നിശ്ചയിക്കുന്ന ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുന്നമംഗലത്തുള്ള സ്ഥലം പരിഗണിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള

താണെന്നും ടി സ്ഥലത്തിന്റെ പകുതി മുമ്പ് പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ബാക്കിഭാഗം ഏറെനാളായി ഉപയോഗശൂന്യമായി കിടക്കുകയാണെന്നും കണ്ടെത്തി. ഈ സ്ഥലം കിടക്കുന്ന കുത്തനെയുള്ള കുന്നിൻപ്രദേശത്തിന്റെ മുകൾഭാഗത്തേയ്ക്ക് എത്തിപ്പെടാനായി നീളമുള്ളതും കുത്തനെയുള്ളതുമായ അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടിവരുമെന്നും പോലീസ് വകുപ്പിന് നേരത്തെ കൈമാറിയിരുന്ന സ്ഥലത്തുനിന്ന് ഗണ്യമായ ഭാഗം ലഭിച്ചാൽമാത്രമേ അത്തരത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കാനാകൂ എന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലെന്നുമാണ് വിലയിരുത്തപ്പെട്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ കുന്നമംഗലം മണ്ഡലത്തിലെ പ്രസ്തുത സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കാൻ നിർവ്വാഹമില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് 11.12.2020-ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബഹുമാന്യനായ കുന്നമംഗലം എം.എൽ.എ അഡ്വക്കേറ്റ് പി.ടി.എ. റഹീമിന് ഔദ്യോഗിക കത്തയച്ചിട്ടുള്ളതാണ്. മുൻനിശ്ചയപ്രകാരമുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായതുകൊണ്ടും എ.ഡി.ബി. വായ്പയുടെ കാലാവധി അവസാനിച്ചതുകൊണ്ടും പുതിയ കമ്മ്യൂണിറ്റി സ്കിൽ

പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(9) കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. ലിന്റോ ജോസഫ്: സർ, തിരുവമ്പാടി മണ്ഡലത്തിലെ മലയോര മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനും ഗതാഗതരംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുംവേണ്ടി 2010-ൽ തിരുവമ്പാടിയിൽ ആരംഭിച്ചതാണ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ. സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് ബസ് ഹാൾട്ടിംഗ്രം വർക്ഷോപ്പും പഞ്ചായത്ത് കെട്ടിടത്തിൽ ഓഫീസും താൽക്കാലികമായി ഒരുക്കി. സ്ഥിരം സംവിധാനത്തിനായി ഗ്രാമപഞ്ചായത്ത് പൊതുജന പങ്കാളിത്തത്തോടെ ഒരേക്കർ സ്ഥലം വാങ്ങി 2014-15 വർഷം ശ്രീ. സി. മോയിൻകുട്ടി എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരുകോടി രൂപ അനുവദിച്ച് സ്ഥലസൗകര്യം ഒരുക്കുന്നതുൾപ്പെടെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ശ്രീ. ജോർജ്ജ് എം. തോമസ് എം.എൽ.എ.-യുടെ 2016-17 ആസ്തിവികസന ഫണ്ടിൽനിന്നും സബ്ഡിപ്പോ നിർമ്മാണത്തിനായി മൂന്ന് കോടി രൂപ അനുവദിച്ചു. കെ.എസ്.ആർ.ടി.സി. എഞ്ചിനീയറിംഗ് വിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാത്ത സാഹചര്യത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗ്

തയ്യാറാക്കിയ എസ്റ്റിമേറ്റിന് 30-04-2018-ലെ സർക്കാർ ഉത്തരവ് ഗതാഗതം/192/2018 പ്രകാരം ഭരണാനുമതി നൽകി, പ്രവൃത്തിയുടെ നിർവ്വഹണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിക്കൊണ്ട് 26-07-2018-ലെ സർക്കാർ ഉത്തരവ് 339/2018 പ്രകാരം പുതുക്കിയ ഭരണാനുമതിയും നൽകി. 2018-ൽ ബഹുമാനപ്പെട്ട മന്ത്രി പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ടിൽ മാറ്റംവരുത്തി 01-02-2020-ലെ സർക്കാർ ഉത്തരവ് 50/2020 പ്രകാരം പുതുക്കിയ ഭരണാനുമതിയും നൽകി. ഇതിനിടെ കോടതി പരാമർശവും പ്രവൃത്തികളുടെ ആധിക്യവും ചൂണ്ടിക്കാട്ടി പ്രവൃത്തിയിൽനിന്ന് യു.എൽ.സി.സി.എസ്. പിന്മാറി. ഇക്കാര്യങ്ങളെല്ലാം സൂചിപ്പിച്ചും ഓപ്പൺ ടെണ്ടറിന് സാദ്ധ്യതവച്ചും ഈ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കിനൽകുന്നതിന് 2020 ഒക്ടോബറിൽ സർക്കാരിനെ സമീപിച്ചെങ്കിലും കോർപ്പറേഷന്റെ അഭിപ്രായം അറിയിക്കാത്തതിനാൽ ഇതുവരെയും പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടില്ല. ഗതാഗത വകുപ്പുസെക്രട്ടറിയെയും കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസറെയും ബഹുമാനപ്പെട്ട മന്ത്രിയെയും ബോധിപ്പിച്ചെങ്കിലും ഇതുവരെ തീരുമാനം വന്നിട്ടില്ല. പ്രാദേശിക സർക്കാർ,

എം.എൽ.എ. ഫണ്ട്, പൊതുപങ്കാളിത്തം എന്നിവയൊക്കെയുള്ള ഒരു പദ്ധതിക്ക് വളരെ നിരുത്തരവാദപരമായ സമീപനമാണ് വകുപ്പ് വരുത്തുന്നത്. തിരുവമ്പാടിയിൽ വളരെ അത്യാവശ്യമായ ഈ സ്ഥാപനവും ഓഫീസും നിലനിർത്തുന്നതിനും ആയതിന് കെട്ടിടം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിന് മുൻ എം.എൽ.എ. ശ്രീ. ജോർജ് എം. തോമസിന്റെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച 2,78,96,160/- രൂപ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ടി പ്രവൃത്തി ചെയ്യുന്നതിൽനിന്നും കോൺട്രാക്ടെടുത്തവർ പിന്മാറിയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കണമെന്ന് മുൻ എം.എൽ.എ. അറിയിച്ചിരുന്നതിനാൽ ഇതുസംബന്ധിച്ച റിപ്പോർട്ട് നൽകാൻ കെ.എസ്.ആർ.ടി.സി.-യോട് ആവശ്യപ്പെട്ടിരുന്നു. തിരുവമ്പാടി

കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ് ചെയ്യുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ ലഭ്യമായാൽ നിർമ്മാണം തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

(10) ഡയാലിസിസ് സെന്റർ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് വിഷയങ്ങളാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒന്ന്, കെട്ടിടം പണി പൂർത്തിയായ വേങ്ങര സി.എച്ച്.സി.-യിൽ സർക്കാർ തലത്തിൽ ഒരു ഡയാലിസിസ് സെന്ററുണ്ടായാൽ വളരെ നല്ലതായിരിക്കും. മണ്ഡലത്തിൽനിന്നും വളരെ ദൂരെ മാത്രമേ ഒരു ഡയാലിസിസ് സെന്ററുള്ളൂ. വേങ്ങര സി.എച്ച്.സി.-യിൽ ആവശ്യമായ തസ്തികൾ സൃഷ്ടിച്ച് അതിനെ ഒരു ഡയാലിസിസ് യൂണിറ്റാക്കി മാറ്റണമെന്നതാണ് എന്റെ ആവശ്യം. അതുപോലെ എന്റെ മണ്ഡലത്തിലെ കുന്നുംപുറം ആരോഗ്യ കേന്ദ്രത്തിൽ കിടത്തിച്ചികിത്സാ സൗകര്യമൊരുക്കി സാമൂഹ്യ ആരോഗ്യകേന്ദ്രമായി ഉയർത്തണമെന്നുള്ളതാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ

ജോർജ്ജ്): സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിന്റെ മണ്ഡലത്തിലെ കുന്നുംപുറം എ. ആർ. നഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ 13-02-2018-ൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ആയതിനുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയ ഒരു ആശുപത്രിയാണിത്. ഇവിടെത്തെ ദിനംപ്രതിയുള്ള ശരാശരി ഒ.പി. നാന്നൂറിനും അഞ്ഞൂറിനും ഇടയിലാണ്. രാവിലെ ഒൻപത് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കുടുംബാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി 1.92 ഏക്കർ സ്ഥലമാണുള്ളത്. ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽ നിലനിർത്തിക്കൊണ്ട് 10 സെന്റ് സ്ഥലത്ത് കുന്നുംപുറം പാലിയേറ്റീവ് ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നു. കുടുംബാരോഗ്യകേന്ദ്രത്തിൽ നിലവിൽ മൂന്ന് അസിസ്റ്റന്റ് സർജൻമാർ, രണ്ട് സ്റ്റാഫ് നേഴ്സ്, രണ്ട് ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിങ്ങനെ ഇരുപത് സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇതിനുപുറമെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് അസിസ്റ്റന്റ് സർജനുൾപ്പെടെ രണ്ട് ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്. എൻ.എച്ച്.എം.-ൽനിന്നും നാല് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. അഡ്ഹോക്ക് വ്യവസ്ഥയിലും എച്ച്.എം.സി.-യിൽനിന്നുമായി രണ്ട് ജീവനക്കാരും ജോലി

ചെയ്തുവരുന്നുണ്ട്. കുടുംബാരോഗ്യകേന്ദ്രത്തിൽ നാല് ഡോക്ടർമാരുൾപ്പെടെ ഇരുപത്തിയെട്ട് ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സർക്കാർ നയപ്രകാരം ഒരു റവന്യൂ ബ്ലോക്കിൽ ഒരു സി.എച്ച്.സി./ബ്ലോക്ക് എഫ്.എച്ച്.സി. എന്നുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വേങ്ങര റവന്യൂ ബ്ലോക്കിൽനിന്നും വേങ്ങര സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എ.ആർ. നഗർ കുടുംബാരോഗ്യകേന്ദ്രവും വേങ്ങര സി.എച്ച്.സി.-യും വേങ്ങര റവന്യൂ ബ്ലോക്കിന്റെ കീഴിലാണുള്ളത്. 20-03-2020-ലെ സർക്കാർ ഉത്തരവുപ്രകാരം വേങ്ങര സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി 34,80,000 രൂപയുടെ ഭരണാനുമതി നൽകി തുക അനുവദിക്കുകയുണ്ടായി. വേങ്ങര ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള വിവരങ്ങൾ മറ്റൊരു സബ്മിഷനിൽ വിശദീകരിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല. വേങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടത്തിൽ നിലവിൽ ഒരു സി.എഫ്.എൽ.ടി.സി.-യാണ് പ്രവർത്തിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാന്റേർഡൈസേഷൻ നിശ്ചയിച്ച 22-01-2021-ലെ സർക്കാർ ഉത്തരവുപ്രകാരം സാമൂഹികാരോഗ്യ

കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നിഷ്കർഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഡയാലിസിസ് കേന്ദ്രം സംബന്ധിച്ച വിഷയം ഗൗരവത്തോടെ പരിശോധിക്കുന്നതാണ്.

V. പ്രത്യേക അനുമതി

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടം 170(1) അനുസരിച്ച്, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അപേക്ഷ വായിക്കാം.

"ചിക്കുൻഗുനിയ പിടിപെട്ടതിനെത്തുടർന്ന് കഴിഞ്ഞ ഒരു മാസമായി ഞാൻ ചികിത്സയിലാണ്. ഹോസ്പിറ്റലിൽനിന്ന് ഡിസ്ചാർജായെങ്കിലും ആരോഗ്യനില പൂർണ്ണമായും മെച്ചപ്പെട്ടിട്ടില്ല. ശക്തമായ ശരീരവേദനയും ശരീരത്തിൽ നീരുകെട്ടിയതും ക്ഷീണവുംനിമിത്തം നടക്കുന്നതിനും മറ്റും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഡോക്ടർമാരുടെ നിർദ്ദേശാനുസരണം വീട്ടിൽ പൂർണ്ണമായും വിശ്രമത്തിലാണിപ്പോൾ. ആയതിനാൽ ഈ മാസം 22 മുതൽ ആരംഭിക്കുന്ന നിയമസഭാ

സമ്മേളനത്തിന്റെ തുടക്കക്കാലയളവിൽ പങ്കെടുക്കാൻ കഴിയില്ല. ടി കാലയളവിൽ എനിക്ക് ലീവ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അസുഖം ഭേദമാകുന്നമുറയ്ക്ക് അങ്ങയെ അറിയിക്കുന്നതും ശേഷിക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതുമാണ്."

ശ്രീ. കടകംപള്ളി സുരേന്ദ്രന് പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.

VI. ധനകാര്യം

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-2022

സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-2022								
ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	25-01-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		10-06-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
XXXVII	വ്യവസായങ്ങൾ	179,65,97,000	358,12,34,000	134,74,58,000	268,59,29,000	224,57,53,000	447,65,45,000	672,22,98,000
XXXIX	വൈദ്യുത പദ്ധതികൾ	138,48,00,000	12,53,33,000	103,86,00,000	9,40,00,000	173,10,00,000	15,66,67,000	188,76,67,000

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അൻവർ സാദത്ത് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് ലോക്ഡൗൺ നിയന്ത്രണങ്ങളെത്തുടർന്ന് വ്യാപാര മേഖലയിൽ ഉണ്ടായതായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജനങ്ങളുടെ ആരോഗ്യ ഡേറ്റ

അമേരിക്കൻ കമ്പനിക്ക് ചോർത്തി നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി അഭ്യസ്തവിദ്യർക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ സൗകര്യം നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാത്തതിനാൽ വ്യവസായികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് സ്ഥാപനങ്ങൾ മാറ്റുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000

രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടികൾ ലഘൂകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ സൗഹൃദാന്തരീക്ഷം ഇല്ലാത്തതിനാൽ വ്യവസായ സംരംഭകർ അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിച്ച പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ദുരനുഭവങ്ങൾ നേരിടേണ്ടി വന്നതായും ചില സംരംഭകർ ആത്മഹത്യ ചെയ്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്തതുമൂലം ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതിനാൽ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർദ്ദിഷ്ട വ്യവസായ ഇടനാഴിയുടെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൈത്തറി

വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സൂക്ഷ്മ, ഇടത്തരം, ചെറുകിട വ്യവസായ മേഖലകളിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000

രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം താറുമാറായതായും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ്ങിൽ രാജ്യത്ത് ഏറ്റവും പിന്നിലുള്ള സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സണ്ണി ജോസഫ്

2. ശ്രീ. എം. വിൻസെന്റ്

3. ശ്രീ. സി. ആർ. മഹേഷ്

4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

5. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

6. ശ്രീ. ടി. ജെ. വിനോദ്

ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ
നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. നജീബ് കാന്തപുരം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതിമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ പ്രതികരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതിവിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ നീക്കം നടത്തുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകണമെന്ന ആവശ്യം നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സൗരോർജ്ജവൈദ്യുതി നിർമ്മാണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതിമേഖലയിൽ പ്രസരണനഷ്ടം കുറയ്ക്കുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (400 കെ.വി ട്രാൻസ്മിഷൻ ലൈൻ നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് ('ദ്യുതി' പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതായി പറയപ്പെടുന്നത് കാലതാമസം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ വൈദ്യുത പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത കമ്പികൾ പൊട്ടിവീണ് അപകടമരണങ്ങൾ ഉണ്ടാകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകളിൽ സുരക്ഷിത ജലനിരപ്പ് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇലക്ട്രിസിറ്റി ബോർഡിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ഇ.ബി. ലിമിറ്റഡ് ജലവൈദ്യുത ഉല്പാദനനയം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി സബ്സിഡി ഒഴിവാക്കാനുള്ള നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് ലോക്ക്ഡൗൺ കാരണം ദുരിതമനുഭവിക്കുന്ന ചെറുകിട വ്യാപാര-വ്യവസായ മേഖലയിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിൽ ഇളവ് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ഇ.ബി. എൽ. മുഖേനയുള്ള ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എ. പി. അനിൽ കുമാർ
2. ശ്രീ. സനീഷ്കുമാർ ജോസഫ്
3. ശ്രീ. ഷാഫി പറമ്പിൽ
4. ശ്രീ. പി. ടി. തോമസ്
5. ശ്രീ. പി. സി. വിഷ്ണുനാഥ്
6. ശ്രീ. സജീവ് ജോസഫ്
7. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
8. ശ്രീ. അൻവർ സാദത്ത്

01.00 PM]

ശ്രീ. പി. നന്ദകുമാർ: സർ, പുതുക്കിയ ബഡ്ജറ്റിലെ വ്യവസായങ്ങളും വൈദ്യുത പദ്ധതികളും സംബന്ധിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കേന്ദ്രസർക്കാർ എല്ലാം സ്വകാര്യ മേഖലയ്ക്ക് തീറെഴുതുമ്പോഴാണ് കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിൽ സംരക്ഷിപ്പെടുന്നത്. കേന്ദ്രത്തിന്റെ പുതിയ വൈദ്യുതി നയം കേരളത്തിന്റെ സമ്പദ്ഘടനയേയും വ്യവസായത്തേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ, സഭയുടെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കണം. ഞാൻ പ്രധാനമായും സംസാരിക്കാൻ ഉദ്ദേശിക്കുന്നത് വ്യവസായ മേഖലയെ സംബന്ധിച്ചാണ്. കേരളത്തിലെ വ്യാവസായിക മേഖലയിൽ സൗഹൃദാന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ വലിയ നേട്ടം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ വകുപ്പുകൾ കയറിയിറങ്ങി മനംമടുക്കുന്ന വ്യവസായികളെ സഹായിക്കാൻ കൂട്ടമറ്റ ഏകജാലക സംവിധാനം, പരാതി പരിഹരിക്കാൻ ഉടനടി നടപടികൾ, കാലഹരണപ്പെട്ട നിയമങ്ങളും വകുപ്പുകളും മാറ്റാൻ നടപടി, എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ നിരക്കിൽ അധിക മൂലധനം കണ്ടെത്താൻ 2,000 കോടി രൂപ വായ്പാ സൗകര്യം, 50 കോടി രൂപയുടെ പലിശയിളവ്, ഉത്തരവാദിത്ത നിക്ഷേപം സംബന്ധിച്ച കാഴ്ചപ്പാട് ഇതെല്ലാം തികച്ചും ആശാവഹമാണ്. ബഹുമാനപ്പെട്ട

വ്യവസായ വകുപ്പുമന്ത്രിയേയും വകുപ്പിനേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. ഉത്തരവാദിത്ത നിക്ഷേപം സംബന്ധിച്ച് സമൂഹത്തിലാകെ അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ പരിപാടികൾ തയ്യാറാക്കാവുന്നതാണ്. കോവിഡ് മഹാമാരിയുടെ കാലത്ത് രാജ്യരക്ഷാ ഉപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ കേന്ദ്രസർക്കാർ സ്വകാര്യവല്കരിക്കുമ്പോഴും വാക്സിൻ നിർമ്മാണം സ്വകാര്യ മേഖലയ്ക്ക് നൽകുമ്പോഴും കേന്ദ്രസഹായം ലഭിക്കുകയാണെങ്കിൽ പൊതുമേഖലയിൽ വാക്സിൻ നിർമ്മിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ച സർക്കാരാണ് കേരളത്തിലുള്ളത്. കാർഷിക-വ്യാവസായിക മേഖലയുടെ വളർച്ചയിൽക്കൂടി മാത്രമേ രാജ്യത്തിന് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ആ വഴിക്കാണ് സംസ്ഥാന ഗവൺമെന്റ് നീങ്ങുന്നത്. കേരളത്തിൽ വലിയ തോതിൽ പരമ്പരാഗത വ്യവസായങ്ങളുണ്ടെങ്കിലും അവയ്ക്കുള്ള പരിമിതികൾ നമുക്കറിയാം. ആധുനിക സാങ്കേതികവിദ്യയിലൂന്നിയുള്ള ഉത്പാദനവും വിപണനസാദ്ധ്യതകളും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾ മാത്രമേ സ്ഥിരമായി നിലനിൽക്കുകയുള്ളൂ എന്ന് എല്ലാവർക്കുമറിയാം. പൊതുമേഖലയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് പ്രഖ്യാപിച്ചത് രണ്ട് ഘട്ടത്തിലാക്കണമെന്നാണ് എന്റെ അഭിപ്രായം. സർക്കാർ ഇടപെട്ടാൽ രക്ഷപ്പെടുത്താൻ കഴിയുന്ന,

റിസൾട്ടുണ്ടാക്കാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഒന്നാംഘട്ടമായും മറ്റുള്ളവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ രണ്ടാംഘട്ടമായും പോകണം. എൻ.റ്റി.സി. മില്ലുകൾവരെ പൂട്ടുന്ന അവസരത്തിലാണ് കേരളത്തിലെ നൂൽനൂൽപ്പ് മേഖല ലാഭത്തിൽ പ്രവർത്തിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ നല്ല ശ്രമം നടത്തണം. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ പൂർത്തീകരണം ഏകദേശം അവസാനിച്ചിരിക്കുകയാണ്. സർക്കാർ ഇനി പെട്രോകെമിക്കൽ പാർക്കിന്റെ പൂർത്തീകരണം വേഗത്തിലാക്കണമെന്നാണ് എന്റെ അഭിപ്രായം. അന്താരാഷ്ട്ര മാർക്കറ്റുമായി നമുക്ക് മത്സരിക്കാനും ഇടപെടാനും കഴിയണമെങ്കിൽ പ്രസ്തുത മേഖലയ്ക്കുള്ളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമുണ്ടാക്കണം. ഗ്യാസ് കിട്ടിയതോടുകൂടി എഫ്.എ.സി.ടി. ഇപ്പോൾ നല്ലലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ യൂറിയ പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ ഇടപെടൽ കേന്ദ്ര സർക്കാരിൽ നടത്തണം. പെട്രോളിന് ഇപ്പോൾ 104 രൂപയായി. ഇന്നത്തെ പത്രത്തിൽ കണ്ടത് 110 രൂപയോളം വരുമെന്നാണ്. എന്നാൽ ഗ്യാസിന് കിലോയ്ക്ക് 56 രൂപ മാത്രമാണ് വില വരുന്നത്. ഒരു കിലോ ഗ്യാസ് ഒന്നേകാൽ ലിറ്റർ

പെട്രോളിന് സമമാണ്. ഏകദേശം എഴുപത് രൂപയുടെ സേവിംഗ്സ് നമുക്ക് കിട്ടും. അതിനാൽ ഗ്യാസിന്റെ സംവിധാനം വ്യാപകമാക്കിയാൽ പല കമ്പനികളും വൻകിട കമ്പനികൾ മാത്രമല്ല, സാധാരണ കടകളിൽ ഉപയോഗിക്കുന്ന ജനറേറ്ററിനും ചെലവ് കുറയ്ക്കാൻ കഴിയുന്ന അവസ്ഥയും ഓട്ടോ, ടാക്സി തൊഴിലാളികൾക്ക് വലിയ തരത്തിലുള്ള മെച്ചവുമുണ്ടാകും. മലപ്പുറം ജില്ലയോട് ചേർന്നുകിടക്കുന്ന കൂറ്റനാട് ഒരു ഹബ്ബുണ്ട്. അവിടെനിന്ന് മലപ്പുറം ജില്ലയുൾപ്പെടെയുള്ള ഗ്യാസ് വിതരണ സംവിധാനത്തിന്റെ വേഗത കൂട്ടുകയും വിതരണത്തിൽ വികേന്ദ്രീകരണം കൊണ്ടുവരികയും വേണം. അത് കുത്തകകളെ ഏൽപ്പിക്കാൻ കഴിയില്ല. വികേന്ദ്രീകരണത്തിനാവശ്യമായ ഇടപെടൽ നടത്തണം. നിരവധി സ്റ്റാർട്ടപ്പുകൾ വരാൻ സാധ്യതയുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഇക്കാര്യത്തിലിടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വളരെയധികം സാദ്ധ്യതയുള്ള ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രിയെക്കുറിച്ചാണ് മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ രംഗത്ത് വിയറ്റ്നാമിനെ റോൾ മോഡലായി കാണണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. എത്രയെത്ര സംരംഭങ്ങളാണ് കാർഷികോല്പന്നങ്ങളുമായി ബന്ധപ്പെട്ട് ഫുഡ് പ്രോസസ്സിംഗ് രംഗത്ത്

കടന്നുവന്നിട്ടുള്ളത്. അതുകൊണ്ട് വിയറ്റ്നാമിനെ മാതൃകയാക്കി മാർക്കറ്റിംഗ് സാദ്ധ്യതയുള്ള ഈ വ്യവസായത്തിന് കൂടുതൽ ഊന്നൽ കൊടുക്കണം, ഇലക്ട്രോണിക്സ് ഉല്പന്നങ്ങളുടെ മേഖലയിലും കടന്നുകയറാൻ കഴിയണം. വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന മലബാർ മേഖലയുടെ വികാസത്തിനുതകുന്ന കൊച്ചി-മംഗലാപുരം വ്യാവസായിക ഇടനാഴിയുടെ പൂർത്തീകരണം വേഗത്തിലാക്കണം. വ്യവസായ ക്ലസ്റ്ററുകൾ സാദ്ധ്യമാക്കാൻ കഴിയണം. വൻകിട വ്യവസായങ്ങളുൾപ്പെടെ വ്യവസായ ലോകത്തിന്റെ എല്ലാവിധ പിന്തുണയും കിട്ടിക്കൊണ്ടിരിക്കുന്ന അവസരമാണിത്. എതിരായുള്ള പ്രചാരവേലകൾ പലതുമുണ്ടായിരിക്കാം. നിരാശാവാദികൾ പലതും പറയും. കേരളത്തിന്റെ വ്യാവസായിക മേഖലയിലെ മുന്നേറ്റം സഹിക്കുന്നവരല്ല പലരുമെന്ന് നമുക്കറിയാവുന്നതാണ്. പൊതുമേഖല വിറ്റുതുലയ്ക്കാൻ ഒരു കാലഘട്ടത്തിൽ ഉദ്യോഗസ്ഥരെ നിശ്ചയിച്ചവരാണവർ. പഴയകാര്യമൊന്നും മറക്കണ്ട. കേരളത്തിന്റെ നേട്ടത്തെ കാണാനുള്ള മാനസികാവസ്ഥയിലേയ്ക്ക് പ്രതിപക്ഷം വരണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. വ്യാവസായിക കേരളം മുന്നോട്ട് കുതിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. വ്യവസായ വകുപ്പിനെയും അതിന്റെ പ്രവർത്തനങ്ങളേയും ഞാൻ അഭിനന്ദിക്കുന്നു. ഈ

ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

മി. ചെയർമാൻ: അനുവദിച്ച സമയത്തിന് മുമ്പുതന്നെ താങ്കൾ അവസാനിപ്പിച്ചു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ.എൻ.എ. നെല്ലിക്കുന്ന്]

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് കേരളത്തിന് ദേശീയ ഉത്സവവും ദേശീയ പക്ഷിയും ദേശീയ മൃഗവുംപോലെ, ഒരു ദേശീയ ദൈവംകൂടി ഉണ്ടായിരിക്കുകയാണ്. ഞാൻ ഇതിനെതിരല്ല, നമ്മളൊക്കെ ദൈവങ്ങളായി മാറുന്നത് മറ്റുള്ളവർക്കാവശ്യമായ സഹായ സഹകരണങ്ങൾ നൽകുമ്പോഴാണ്. ഒരുപക്ഷേ ഈ നിയമസഭയിലെ 21 മന്ത്രിമാരും 21 പ്രാദേശിക ദൈവങ്ങളാണെന്ന് കരുതുക. അങ്ങനെയാകുമ്പോൾ തീർച്ചയായും വ്യവസായ വകുപ്പുമന്ത്രി ബഹുമാന്യനായ ശ്രീ. പി. രാജീവിനെ ഒരു വ്യവസായ ദൈവമായിട്ടാണ് ഇപ്പോൾ കേരളത്തിലെ ആളുകൾ കാണുന്നത്. ഞാൻ ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു ഇന്റർവ്യൂ കണ്ടു, അങ്ങ് പറഞ്ഞിട്ടുള്ള അഞ്ച് കാര്യങ്ങൾ യാഥാർത്ഥ്യമാക്കിക്കഴിഞ്ഞാൽ അങ്ങേയ്ക്ക് ഞാൻ ഒരു പൊൻമോതിരം ഇട്ടുതരും. ഇതൊരു ചലഞ്ചായി ഏറ്റെടുക്കണം. ഇതിൽ അങ്ങ് പറഞ്ഞ ചില കാര്യങ്ങളുണ്ട്. ഒന്ന്, ഓരോ

ജില്ലയിലെയും പ്രധാന കാർഷികവിളകളെ അടിസ്ഥാനമാക്കി 104 മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കും, അത് സ്ഥാപിക്കണം, ഞങ്ങൾ ചലഞ്ച് ചെയ്യുകയാണ്. രണ്ട്, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കായുള്ള സ്ഥലമേറ്റെടുക്കൽ ഡിസംബറിൽ പൂർത്തിയാകുമെന്ന് പറഞ്ഞത് ഈ ഡിസംബറിൽത്തന്നെ പൂർത്തിയാക്കണം. മൂന്ന്, വനിതാ പ്രവാസി സംരംഭകരെ കേരളത്തിലേയ്ക്ക് കൂടുതൽ കൊണ്ടുവരാൻ ശ്രമിക്കും. നാല്, പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുരസ്കാരങ്ങൾ ഏർപ്പെടുത്തും. അഞ്ച്, കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ മാർക്കറ്റിംഗിന്റെ എല്ലാ സാധ്യതകളും ഉപയോഗിക്കും. അതുകൂടാതെ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ രാജ്യത്തെ മികച്ച സംസ്ഥാനമായി മാറാനും നിക്ഷേപം ആകർഷിക്കാനുമുള്ള വിവിധ നടപടികൾ കൈക്കൊള്ളുമെന്നാണ് അങ്ങ് നൽകിയ ഇന്റർവ്യൂവിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ 5 വർഷം നിങ്ങൾ ഭരിച്ച് വീണ്ടും ഭരണം തുടർന്നുപോകുമ്പോൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളത്തിന്റെ സ്ഥാനം 28-ാമതാണ്, എന്നുപറഞ്ഞാൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും പിന്നിലാണ് കേരളത്തിന്റെ സ്ഥാനം, ഏറ്റവും ഒടുവിലാണ് നിൽക്കുന്നതെന്ന് ഞാനിവിടെ സൂചിപ്പിക്കട്ടെ. ഇവിടെ നമുക്ക് ഒട്ടേറെ

കാര്യങ്ങൾ ചെയ്യാനുണ്ട്, വ്യവസായ മേഖലയിൽ പുതിയ പ്രതീക്ഷകൾ ഉണ്ടാകുകയെന്ന് പറയുന്നത് വലിയകാര്യം തന്നെയാണ്. സി.പി.ഐ.(എം.) ഭരണത്തിൽ, കഴിഞ്ഞ 5 വർഷത്തെ ഭരണത്തിൽ, മുഖ്യമന്ത്രി പറയുന്നതുപോലെ ഇവിടെ വ്യവസായ മേഖല ചീറ്റിപ്പോയി എന്നൊന്നും ഞാൻ പറയുന്നില്ല, എന്നാൽ പുഷ്ടിപ്പെട്ടു എന്ന് സമ്മതിക്കുന്നതിന് ദ്വയാർത്ഥത്തോടെ ധാരാളം ഉദാഹരണങ്ങൾ പറയാനെനിക്ക് കഴിയും. 500 കോടി രൂപയുടെ കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്, മുഖ്യമന്ത്രിയുടെ ഓഫീസിന്റെ കാവലാൾ ശ്രീ. എം. ശിവശങ്കറും ശ്രീമതി സ്വപ്നയുംകൂടി നടത്തിയ സ്വർണ്ണക്കടത്ത്, കുഴൽപ്പണം ഒത്തുതീർപ്പ്, മരംമുറി തട്ടിപ്പ്, സ്ത്രീ പീഡന പരാതി ഒത്തുതീർക്കൽ തുടങ്ങിയവ പുഷ്ടിപ്പെട്ടു. ഇങ്ങനെ തുടങ്ങി വ്യവസായ രംഗത്ത് ചില നേട്ടങ്ങൾ കൈവരിച്ച് അഴിമതി, ധൂർത്ത്, സ്വജനപക്ഷപാതം ഇതെല്ലാം കൊണ്ടുനടക്കുന്ന സർക്കാരിന് നല്ല ബുദ്ധി തോന്നാൻ വേണ്ടിയാണ് എന്റെ പ്രസംഗവും പ്രാർത്ഥനയും. ഐൻസ്റ്റീൻ പറഞ്ഞത്, ഒരു നാട് നശിക്കുന്നത് തിന്മ ചെയ്യുന്നവരെ കൊണ്ടായിരിക്കുകയില്ല, പകരം തിന്മ കണ്ടിട്ടും പ്രതികരിക്കാത്തവരെ കൊണ്ടായിരിക്കും എന്നാണ്. ആ പ്രതികരണമാണ് പ്രതിപക്ഷം ഈ സഭാതലത്തിൽ ഉയർത്തിപ്പിടിക്കുന്നത്. ഇന്ന് കേരളം വ്യവസായങ്ങളുടെ

ശവപ്പറമ്പായി മാറിയിരിക്കുന്നു. പൂട്ടിപ്പോയ വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനോ, ലിക്വിഡേഷനിൽ ഇരിക്കുന്നവയെ നിയമനടപടി തീർത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ എന്ത് നടപടി സ്വീകരിച്ചു? ഈ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായിരുന്ന പെരുമ്പാവൂരിലെ റയോൺസ് എന്ന് അങ്ങേയ്ക്കുമറിയാം. ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ കൊടുത്തിരുന്നു, എന്താണവസ്ഥ? 20 വർഷത്തിലേറെയായി ഇന്നും അത് പൂട്ടിക്കിടക്കുന്നു. ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നില്ല. ഇന്ന് വേണമെങ്കിൽ അതിനെ കേരളത്തിലെ ഏറ്റവും വലിയ ഇക്കോടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ സാധിക്കും. ഇക്കാര്യത്തിലിടപെട്ട് എത്രയുംപെട്ടെന്ന് ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് 65 ഏക്കറോളം വരുന്ന സ്ഥലം സർക്കാർ ഏറ്റെടുത്ത്, പുതിയ വ്യവസായങ്ങൾ ആരംഭിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തെ വ്യവസായങ്ങളുടെ സ്മാരക ഭൂമിയായി മാറാൻ അനുവദിക്കരുത്. സംസ്ഥാനത്തെ ഏറ്റവും വലിയ രണ്ടാമത്തെ വ്യവസായ മേഖലയായ കഞ്ചിക്കോട്ടിൽ ഏഴ് വർഷത്തിനിടെ, എന്നു പറഞ്ഞാൽ നിങ്ങൾ ഭരിക്കുമ്പോൾ, ചെറുതും വലുതുമായ നൂറോളം സ്ഥാപനങ്ങളാണ് പൂട്ടിപ്പോയത്. ഓൾഡ് ഇൻഡസ്ട്രിയൽ ഏരിയ, ന്യൂ

ഇൻഡസ്ട്രിയൽ ഏരിയ, വൈസ് പാർക്ക്, കിൻഫ്ര, ടെക്സ്റ്റൈൽ പാർക്ക് തുടങ്ങി 1400 ഏക്കർ സ്ഥലത്തെ ഭൂമിയിൽ 5 വർഷമായി ഒരു രീതിയിലും വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല. എന്തുകൊണ്ടാണ് സംസ്ഥാനം പിന്നിലാകുന്നത്? ഒന്ന്, റോഡുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ അഭാവവും രണ്ട്, ഭരണകൂടങ്ങളുടെ നിഷേധാത്മക സമീപനവും മൂന്ന്, തൊഴിലാളി യൂണിയനുകളുടെയും സംഘടനകളുടെയും വിവിധതരത്തിലുള്ള പ്രഷറുമാണ്. മറ്റൊന്ന് നോട്ട് നിരോധനം, ജി.എസ്.ടി., ഇതുകൂടാതെ മാനേജ്മെന്റിന്റെ പിടിവാശിയും നിഷേധാത്മകസമീപനവും. പണം ഉപയോഗിച്ച് ജനങ്ങളെ വിലയ്ക്കുവാങ്ങാൻ കഴിയുമെന്ന മാനേജുമെന്റുകളുടെ ധാർഷ്ട്യം. എറണാകുളം ജില്ലയിൽ ഒരു മുതലാളി രാഷ്ട്രീയപ്രസ്ഥാനം കൂടെകൊണ്ടുനടക്കുന്നുണ്ട്. പൊളിറ്റിക്കൽ ആഡിറ്റ് നടക്കുമ്പോൾ പണം ഉപയോഗിച്ച് അദ്ദേഹത്തിന് ബിസിനസ്സുകാരന്റെ പ്രിവിലേജ് വേണം, ബിസിനസ് ആഡിറ്റ് നടക്കുമ്പോൾ രാഷ്ട്രീയക്കാരന്റെ പ്രിവിലേജ് വേണം. ഇവിടെ പണം ഉപയോഗിച്ച് എന്തും വിലയ്ക്കുവാങ്ങാം. പഞ്ചായത്തിൽ മെമ്പർമാരെ ഉണ്ടാക്കുകയാണ്, അവർക്ക് പ്രത്യേകം പണം കൊടുക്കുകയാണ്. സി.എസ്.ആർ. ഫണ്ട് ദുരുപയോഗം ചെയ്യുകയാണ്. ഇത് ചോദ്യംചെയ്തത് മാത്രമല്ല, അവിടെ ഉണ്ടായ മാലിന്യപ്രശ്നം

ചൂണ്ടിക്കാണിച്ചപ്പോൾ എന്താണ് പറഞ്ഞത്? ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൽ രജിസ്റ്റർചെയ്ത അദ്ദേഹം പറഞ്ഞത് ഞാൻ കേരളം വിട്ടുപോകുന്നു എന്നാണ്. അപ്പോൾ അദ്ദേഹത്തിന് കേരളത്തിനോട് എന്ത് രാഷ്ട്രീയ പ്രതിബദ്ധതയാണുള്ളത്? എല്ലാ ബിസിനസ്സുകളും ഇവിടെ തുടരണം, നമ്മൾ ആർക്കും എതിരല്ല. പക്ഷെ മാലിന്യനിർമ്മാർജ്ജനത്തിലൂടെ സത്യസന്ധമായി ബിസിനസ്സ് നടത്തുന്നവരെ അംഗീകരിക്കുകയും അവർക്കുവേണ്ട പ്രിവിലേജുകൾ നൽകുകയും വേണം. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്, മൂന്ന് മിനിറ്റ് അദ്ദേഹത്തിന്റേത്കൂടി ഉള്ളതുകൊണ്ട് അല്പംകൂടി സംസാരിക്കാൻ സാധിക്കുമായിരിക്കും.

മി. ചെയർമാൻ: അദ്ദേഹത്തിന്റെ മാതൃക സ്വീകരിക്കണം. ചെയറിന് അദ്ദേഹത്തിന്റെ കാര്യത്തിൽ ബെൽ അടിക്കേണ്ടി വന്നിട്ടില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അദ്ദേഹത്തിന്റെ രണ്ടു മിനിറ്റ് സമയം കൂടുതലെടുക്കുന്നതിൽ അദ്ദേഹത്തിന് കുഴപ്പമില്ലെന്ന് കരുതുന്നു. നെഞ്ചിൽ നെരിപ്പോടുമായാണ് കേരളത്തിലെ ഓരോ സംരംഭകനും ജീവിക്കുന്നത്. അവർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചോദിച്ചാൽ ചുട്ടുപൊള്ളുന്ന ലാവകണക്കെ വാക്കുകൾ പുറത്തേയ്ക്കുവരും. സ്ഥാപനം തുറക്കാൻ പറ്റുന്നില്ല, പക്ഷെ ജീവനക്കാർക്ക് വേതനം

കൊടുക്കണം. ഫാക്ടറിയിൽ ഉൽപ്പാദനമില്ല, കെ.എസ്.ഇ.ബി.എൽ.-ന്റെ ഫിക്സഡ് ചാർജ്ജടയ്ക്കണം, നികുതി കൊടുക്കണം, ചിലതിന്റെ നിരക്ക് കൂട്ടി. ബാങ്ക് വായ്പയിൽ മൊറട്ടോറിയം ഇല്ല, ലൈസൻസ് ഫീസ് കൂട്ടി, ജപ്തി നടപടികൾ വരുന്നു. എല്ലാത്തരത്തിലും ജീവിക്കാൻ പറ്റാത്ത സാഹചര്യമാണ് കേരളത്തിലുള്ളത്. സ്വന്തമായി സംരംഭം തുടങ്ങി കുറച്ചുപേർക്ക് ജോലി നൽകി മുന്നോട്ടുപോകാൻ ശ്രമിച്ചതിന്റെ പേരിൽ കേരളത്തിലെ സംരംഭകരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. നിരവധി പ്രശ്നങ്ങൾ നമ്മുടെ മുൻപിലുണ്ട്, കൊറോണ മാത്രമല്ല, അതിലുപരി സാമൂഹ്യ, സാമ്പത്തിക, മാനസിക, അതിജീവന പ്രശ്നമായി നമ്മൾ ഇതിനെ കാണണം. ഈ സാഹചര്യത്തിൽ സർക്കാർ ബിസിനസ് സംരംഭകരെ സഹായിക്കുന്ന നടപടികളുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ദുരിതങ്ങളെല്ലാം നിലനിൽക്കുമ്പോഴാണ് വ്യവസായ മേഖലയിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ചെയ്യാൻ KPMG-യെ പോലെയുള്ള ഭീമന്മാർ നമ്മളെ സഹായിക്കാൻ വരുന്നതെന്നത് വലിയ കാര്യമല്ല. ഖജനാവിൽ ചില്ലിക്കാശില്ലെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ.കെ. എൻ. ബാലഗോപാൽ ഇവിടെ പറഞ്ഞത്. എന്നാൽ ഈ ബിസിനസ് നടത്താൻ വരുന്ന നാല് KPMG ജീവനക്കാർക്ക് കൊടുക്കുന്ന

ശമ്പളം പതിനൊന്നുലക്ഷത്തി ഇരുപതിനായിരം രൂപയാണ്. ഇവിടെ വ്യവസായം തഴച്ചുവളരണമെങ്കിൽ വ്യവസായികൾക്കാവശ്യമായ അനുകൂല സാഹചര്യം ചെയ്തുകൊടുക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട്, ബാക്കി കാര്യങ്ങൾ ഞാൻ നേരിട്ട് പറഞ്ഞുകൊള്ളാം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു, ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. വി. ശശി: സർ, പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഡോ. ടി. എം. തോമസ് ഐസക് 2021 ജനുവരി 15-ന് അവതരിപ്പിച്ചത് 2021-22-ലേയ്ക്കുള്ള ഒരു സമ്പൂർണ്ണ ബഡ്ജറ്റായിരുന്നു. യഥാർത്ഥത്തിൽ അതൊരു സാമ്പത്തിക നയപ്രഖ്യാപനമായിരുന്നു എന്നാണ് കാണേണ്ടത്. കോവിഡിന്റെ ഒന്നാംതരംഗം പിന്നിട്ട് സമ്പദ്‌വ്യവസ്ഥ തിരിച്ചുവരവിന്റെ പാതയിൽ പ്രവേശിക്കാൻ തുടങ്ങുന്ന പശ്ചാത്തലത്തിലാണ് സുസ്ഥിര വികസനത്തിനുള്ള ഒരു മാസ്റ്റർപ്ലാൻ എന്ന നിലയ്ക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനും പ്രാമുഖ്യം നൽകിയ ബഡ്ജറ്റ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. അഭ്യസ്തവിദ്യരുടെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ഒരു മുഖ്യപ്രശ്നമാണെന്ന് ബഡ്ജറ്റ് അടയാളപ്പെടുത്തി. തുടർന്ന് പ്രസിദ്ധീകരിച്ച പ്രകടനപത്രികയിലും ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ഇതിന് അടിവരയിട്ടു.

കേരളത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തി, തൊഴിൽ പ്രാവീണ്യം ഉയർത്തി അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു ബഡ്ജറ്റ് ലക്ഷ്യമാക്കിയത്. കോവിഡ് മഹാമാരിയുടെ രണ്ടാംഘട്ടത്തിന്റെ പശ്ചാത്തലത്തിൽ മേയ് മാസം ഇരുപതാം തീയതിയാണ് രണ്ടാം പിണറായി സർക്കാർ അധികാരമേറ്റത്. കോവിഡ് രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു, മരണസംഖ്യയും വർദ്ധിച്ചു. സ്വാഭാവികമായും ആരോഗ്യ ബഡ്ജറ്റ് അനിവാര്യമായിമാറി. അതാണ് പുതിയ ബഡ്ജറ്റിന്റെ പശ്ചാത്തലം. വൈജ്ഞാനിക സമ്പദ്വ്യവസ്ഥയെന്ന ലക്ഷ്യത്തോട് പൂർണ്ണമായും ഐക്യപ്പെട്ടുകൊണ്ട് വിഭവ പരിമിതിയെ അതിജീവിച്ച് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഏറ്റെടുത്ത ചുമതല. അതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നുവെന്നാണ് ഇതിനോടകം ബഡ്ജറ്റിനെക്കുറിച്ചുവന്ന പ്രതികരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

ഈ ബഡ്ജറ്റിലെ XXXVII, XXXIX എന്നീ നമ്പർ ധനാഭ്യർത്ഥനകളാണ് ഇന്ന് പരിഗണിക്കുന്നത്. XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിൽ വ്യവസായ വകുപ്പ്, കേരള ഖാദി ഗ്രാമവ്യവസായ

ബോർഡ്, കൈത്തറി, ടെക്സ്റ്റൽസ് വകുപ്പ്, കയർ വികസന വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവവഴി നടപ്പിലാക്കുന്ന പദ്ധതികളും അവയ്ക്കുള്ള ബഡ്ജറ്റ് വിഹിതവുമെല്ലാം പരിഗണിക്കുകയാണ്. സബ്ജക്ട് കമ്മിറ്റി പരിശോധിച്ചുനൽകിയ വിവരങ്ങളും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമർപ്പിച്ചിട്ടുണ്ട്. ഒന്നുരണ്ട് വിഷയങ്ങളെക്കുറിച്ച് മാത്രം ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് പരമ്പരാഗത മേഖലയാണ്. കയർ, കൈത്തറി, കരകൗശലം എന്നീ മേഖലകളിൽ കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാന സർക്കാർ കൈവരിച്ച നേട്ടങ്ങൾ, ഇനിയും പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ എന്നിവയെ സംബന്ധിച്ച് സൂചിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സമയപരിധികൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. കയർ വ്യവസായ രംഗത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വമ്പിച്ച പുരോഗതി നേടാൻ സാധിച്ചിട്ടുണ്ട്. കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയിലൂടെ ഉത്പാദനം അഞ്ചുവർഷംകൊണ്ട് 7,870 ടണ്ണിൽനിന്നും 25,000 ടണ്ണായി ഉയർത്താനും വില്പനരംഗത്ത് 7,209 ടണ്ണിൽനിന്നും 20,948 ടണ്ണായി വർദ്ധിപ്പിക്കാനും സംഭരണം 399 കോടി രൂപയിൽനിന്നും 732 കോടി രൂപയിലേയ്ക്കുയർത്താനും കഴിഞ്ഞു. മുമ്പെങ്ങും സംഭവിക്കാത്ത

തരത്തിലുള്ള വലിയ നേട്ടമായാണ് ഞാനിതിനെ കാണുന്നത്. യന്ത്രവത്കരണത്തിലൂടെയും പുനഃസംഘടനാ സംവിധാനത്തിലൂടെയും കയർ രംഗത്ത് നേട്ടങ്ങളുണ്ടാക്കാനുള്ള ശ്രമമാണ് തുടർന്നുവരുന്നത്. ഇരുപത്തിമൂവായിരത്തോളം ഇലക്ട്രോണിക് റാട്ടുകൾ നൽകി, ആയിരം ആട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിച്ചു. അഞ്ഞൂറോളം ചകിരി മില്ലുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടതിൽ 130 എണ്ണം ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഡീ-ഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കയർഭ്രവസ്തു നിർമ്മാണം കയർമേഖലയ്ക്ക് പുത്തനുണർവ് നൽകി. മണ്ണ്-ജലസംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്ക് കയർഭ്രവസ്തും ഉപയോഗിക്കുന്നു. നൂറ് കോടി രൂപയുടെ ഭ്രവസ്തും ഇതിനകം വിറ്റഴിച്ചു. നമുക്കാവശ്യമായ ചകിരിയുടെ മുപ്പത് ശതമാനംപോലും കേരളത്തിൽ ഉത്പാദിപ്പിക്കുന്നില്ല. യന്ത്രവത്കരണം പൂർണ്ണമാക്കുന്നതിനാവശ്യമായ ചകിരി കേരളത്തിൽത്തന്നെ ഉത്പാദിപ്പിക്കണമെന്നതാണ് ഞാൻ മുന്നോട്ടുവയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം. ഇതിനായി ഡീ-ഫൈബറിംഗ് യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം, ചകിരി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നടപടികളുണ്ടാകണം. ഈ മേഖലയുടെ വളർച്ചയ്ക്കായി കയർ, പിത്ത് (ചകിരിപ്പൊടി), ചകിരിനാര്

എന്നിവ പ്രയോജനപ്പെടുത്തി വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നതിനാൽ അതിനുള്ള നടപടിക്കൂടി സ്വീകരിക്കണം. കൈത്തറി മേഖല ഗുരുതരമായ പ്രതിസന്ധിയിലായിരുന്നു. 250 രൂപ പ്രതിദിന വേതനവും 100 ദിവസത്തെ തൊഴിലും എന്നതായിരുന്ന അവസ്ഥ. പ്രവർത്തിക്കുന്ന തറികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതി ഒരു പരിധിവരെ മാറി. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നടപ്പിലാക്കിയ സ്കൂൾ യൂണിഫോം പദ്ധതി ആറായിരത്തഞ്ഞൂറോളം കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന സ്ഥിതിവിശേഷമുണ്ടാക്കി. 700 രൂപയോളം പ്രതിദിന വേതനവും ലഭിക്കുന്നുണ്ട്. പ്രതിവർഷം 240 ദിവസം ജോലി ലഭ്യമാകുന്നുമുണ്ട്. കൈത്തറി മേഖലയിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്ന പരമ്പരാഗത കൈത്തറി ഉത്പന്നങ്ങളുടെ കുറവ് ഇന്ന് ശ്രദ്ധേയമാണ്. സാരി, മുണ്ട്, സെറ്റ് മുണ്ട്, ബാലരാമപുരം സാരി, കാസർഗോഡ് സാരി, കുത്താമ്പുള്ളി സാരി, ചേന്ദമംഗലം മുണ്ട്, നേരിയ കോട്ടൺ ഉത്പന്നങ്ങൾ എന്നിവയുടെ ഉത്പാദനത്തിൽ കുറവ് സംഭവിച്ചിരിക്കുന്നു. അത്തരം കൈത്തറി ഉത്പന്നങ്ങളുടെ പാരമ്പര്യവും അതിലടങ്ങിയ കരവിരുതും മൂല്യവും ചോർന്നുപോകാതെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയണം.

ആ മേഖലയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികൾക്കുകൂടി രൂപംനൽകി നടപ്പിലാക്കാൻ സാധിക്കണം. കേന്ദ്രസർക്കാരിന്റെ പദ്ധതിവിഹിതം ഈ മേഖലയിൽ മുൻകാലങ്ങളെപ്പോലെ ലഭിക്കുന്നില്ലെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭ്യമാകാൻ സാദ്ധ്യതയുള്ള മേഖലയായതിനാൽ പ്രത്യേക പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ ഹാൻടെക്സിനെ ശക്തിപ്പെടുത്തണം. കൈത്തറി മേഖലയുടെ അത്താണിയായ ഹാൻടെക്സിനെ പുനഃസംഘടിപ്പിക്കാനുള്ള പദ്ധതി 2000-ൽ ആരംഭിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിലെ എല്ലാ ബാദ്ധ്യതകളും സർക്കാർ സഹായത്തോടെ കൊടുത്തുതീർത്തിരുന്നു. നബാർഡിന്റെ സഹായത്തോടെ സംസ്ഥാന സഹകരണ ബാങ്കുവഴി പ്രവർത്തന മൂലധനം ലഭ്യമാക്കി, ഉത്പാദന രംഗത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. അതുപൂർണ്ണമായും നടപ്പിലാക്കിക്കാണുന്നില്ല. കുറഞ്ഞ പലിശനിരക്കിൽ ആവശ്യമായ ധനസഹായം (പ്രവർത്തന മൂലധന വായ്പാ സഹായം) നൽകാതെ ഒരു പരമ്പരാഗത മേഖലയിലെയും ഉത്പാദന - വിപണന രംഗത്തെ സുഗമമായി നിലനിർത്തിപ്പോകാൻ കഴിയില്ല. ഹാൻടെക്സിനെ സംബന്ധിച്ചിടത്തോളം

പ്രവർത്തന മൂലധനമില്ല, ലഭ്യമാകുന്ന വിറ്റുവരവുകൊണ്ടുമാത്രം പ്രവർത്തനം മുന്നോട്ടുപോകുകയാണ്. അതുകൊണ്ടുതന്നെ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും ഹാൻടെക്സ് സംഭരിക്കുന്ന തുണിയുടെ വില കൊടുക്കുന്നത് വർഷത്തിലൊരിക്കൽ മാത്രമാണ്. ഈ നടപടി പ്രസ്തുത വ്യവസായത്തെ തകർക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കുമെന്നതിനാൽ ഹാൻടെക്സിനെ ശക്തിപ്പെടുത്തുന്ന നടപടിയുണ്ടാകണം. മുള വ്യവസായത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മുള, ഈറ്റ, ചൂരൽ എന്നിവയുപയോഗിച്ച് പരമ്പരാഗത രീതിയിൽ ഉത്പന്നങ്ങൾ നിർമ്മിച്ച്, ഇടനിലക്കാർവഴി വിറ്റഴിച്ച് ഉപജീവനം നടത്തുന്ന നിരവധി കുടുംബങ്ങൾ കേരളത്തിലുണ്ട്. ഇവരുടെ ക്ലസ്റ്ററുകൾ പല ജില്ലകളിലും നമുക്ക് കാണാനാകും. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തിലുൾപ്പെട്ട ഈ തൊഴിലാളികൾക്കായി തുച്ഛമായ തുകയാണ് കുറേയേറെ വർഷങ്ങളായി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നത്. ഒരുകോടി ഇരുപത് ലക്ഷം രൂപമാത്രമാണ് ഈ ബഡ്ജറ്റിലും നീക്കിവച്ചത്. ഏറ്റവും പാവപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്നതും ധാരാളം തൊഴിൽ സാദ്ധ്യതകളുള്ളതുമായ ഈ മേഖലയ്ക്കായി ബഡ്ജറ്റിൽ കൂടുതൽ വിഹിതം നീക്കിവയ്ക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി

ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ദൈവം കനിഞ്ഞനുഗ്രഹിച്ച ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. 'പച്ചീരി' (മലപ്പുറം വളാഞ്ചേരി വൈക്കത്തെ)യിലെ ഫ്ലക്സിലുള്ള ദൈവമല്ല, സാക്ഷാൽ സർവ്വവ്യാപിയായ ദൈവം. നല്ല കാലാവസ്ഥ, എവിടെ നോക്കിയാലും പിക്നിക് സ്പോട്ടുകൾ, വിദ്യാസമ്പന്നരായ ചെറുപ്പക്കാർ, ഉയർന്ന സാക്ഷരത, ആയുർദൈർഘ്യവും ആരോഗ്യവുമുള്ള ജനത, ഇന്ത്യയിൽ ഏറ്റവുമധികം വിദ്യാസമ്പന്നരായ ചെറുപ്പക്കാരുള്ള സംസ്ഥാനം. ഇതുകൂടാതെ നമുക്ക് മാത്രമായുള്ള ഒരു പ്രധാന നേട്ടം പ്രവാസി നിക്ഷേപമാണ്. വിദേശ മലയാളികളുടേതായി ഏകദേശം രണ്ട് ലക്ഷം കോടി രൂപ നമ്മുടെ ബാങ്കുകളിലുണ്ട്. ഏകദേശം ഇതിന്റെ പത്തിരട്ടിയോളം സംഖ്യ വിദേശ രാജ്യങ്ങളിലുമുണ്ട്. കരിമണൽ മുതൽ കൈതച്ചക്കവരെയുള്ള വിഭവങ്ങൾ നമുക്കുണ്ടായിട്ടും ഇവിടെ വ്യവസായങ്ങൾ മാത്രം വളരുന്നില്ല. Men, money, material എന്നിവയുണ്ടായിട്ടും ഇവിടെ വ്യവസായങ്ങൾ വളരുന്നില്ലെങ്കിൽ അതിന്റെ കുറ്റം നമ്മുടേതാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ 39 ഫാക്ടറികളുണ്ട്. അതിന്റെ ഏകദേശ മൂലധനം 4,150 കോടി രൂപയാണ്, അത് പഴയ കണക്കാണ്. ഇപ്പോഴത്തെ മാർക്കറ്റ് റേറ്റ്

വച്ചുനോക്കുകയാണെങ്കിൽ അത് എത്രയോ കൂടുതലാണ്. എന്നിട്ട് കഴിഞ്ഞവർഷത്തെ ലാഭം വെറും 110 കോടി രൂപ മാത്രമാണ്. മലബാർ സിമെന്റ്സ് നഷ്ടത്തിലായതിന്റെ കാരണങ്ങൾ എന്താണെന്ന് അങ്ങേയ്ക്കറിയാം. സിഡ്കോ വലിയ നഷ്ടത്തിലാണ്. ഒരുകാലത്ത് ലോക പ്രശസ്തമായിരുന്ന കെൽട്രോൺ ഇന്ന് വെറും കമ്മീഷൻ ഏജന്റ് മാത്രമായി അധ:പതിച്ചു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിനും ദേശീയ-അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ വികസനത്തിനും Emerging Kerala, SAS, CAN, WE Mission എന്നീ പദ്ധതികൾ ആരംഭിച്ചിരുന്നു. യഥാർത്ഥത്തിൽ കേരളം അതുവരെ കാണാത്തൊരു പദ്ധതിയായിരുന്നു. എമർജിംഗ് കേരള സംഗമത്തിൽ 56 പദ്ധതികൾക്കായി ഏകദേശം 32,137 കോടി രൂപയുടെ നിക്ഷേപം കണക്കാക്കിയിരുന്നു. കെ.എസ്.ഐ.ഡി.സി. മാത്രം 23,334 കോടി രൂപയുടെ 14 പദ്ധതികളാണ് അന്ന് ഏറ്റെടുത്തത്. ഇവിടെ ഒന്നും നടക്കില്ലെന്നൊരു വ്യത്യാസം ഉണ്ടാക്കാൻ കഴിഞ്ഞുവെന്നതാണ് അതുമൂലമുണ്ടായിട്ടുള്ള പ്രധാനപ്പെട്ടൊരു കാര്യം. 2020-ൽ ASCEND KERALA എന്ന ആഗോള നിക്ഷേപസംഗമം കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. അന്ന് ഒരു ലക്ഷം കോടി രൂപയുടെ

നിക്ഷേപമുണ്ടാകുമെന്നാണ് പറഞ്ഞത്. എന്നാൽ ഇതുവരെയായി 18 പദ്ധതികളിലായി 423 കോടി രൂപയുടെ പദ്ധതികളാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത സമ്മേളനത്തിന്റെ തലേദിവസം ഇവിടെ സമരമായിരുന്നു. നിക്ഷേപകർ എത്തിയ സമയം എയർപോർട്ടടച്ചു, വഴിയില്ലാത്തതിനാൽ അവർക്ക് വരാൻ സാധിക്കുന്നില്ല. പിന്നെങ്ങനെയാണ് നിക്ഷേപകർ കേരളത്തിൽ വ്യവസായം ആരംഭിക്കുന്നത്? അന്ന് അവിടെ കരാറിൽ ഒപ്പുവച്ച കിറ്റെക്സ് ഗാർമെന്റ്സ് തെലുങ്കാനയിലാണ് ആരംഭിക്കുന്നത്. വ്യവസായ ലോകത്ത് കേരളത്തിന്റെ ഇമേജ് ഇത്രയും നശിപ്പിച്ച വേറൊരു സംഭവം ഉണ്ടായിട്ടില്ല. ഇവിടെ വ്യവസായങ്ങളുടെ ശവപ്പറമ്പാണ്, ഒന്നും നടക്കില്ല. അതുകൊണ്ട് വ്യവസായികൾ ഇവിടെനിന്ന് രക്ഷപ്പെടുകയാണ്. തൊട്ടടുത്ത സംസ്ഥാനത്തുനിന്ന് ചാർട്ടേഡ് ഫ്ലൈറ്റയയ്ക്കുന്നു, മന്ത്രി എയർപോർട്ടിൽ വന്ന് സ്വീകരിക്കുന്നു, താലപ്പൊലി, ജഗബൊഗ ബാന്റ് മേളം, എന്തൊക്കെയാണ് അവിടെ സംഭവിച്ചത്. കേരളത്തിലെ സ്ഥിതി ആലോചിക്കുകയാണെങ്കിൽ ഇതേ രീതിയിൽ വ്യവസായിയെ ആരെയെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; നമ്മുടെ ഉദ്യോഗസ്ഥർ പോകാറുണ്ടോ. ഇവിടത്തെ ഫാക്ടറികളിൽ എന്തെങ്കിലുമൊരു പ്രശ്നമുണ്ടായാലോ ഫാക്ടറി അടച്ചുപൂട്ടിയാലോ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ അങ്ങോട്ട് തിരിഞ്ഞു

നോക്കുമോ? ഉദ്യോഗസ്ഥർ പോകുകയാണെങ്കിൽത്തന്നെ എത്രയോ ദിവസംകഴിഞ്ഞ് എല്ലാ ആൾക്കാരും ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. ഇതാണ് നമ്മളും അയൽ സംസ്ഥാനങ്ങളും തമ്മിലുള്ള മൈന്റ്സെറ്റിന്റെ വ്യത്യാസം. അത് മാറ്റണമെന്നാണ് എനിക്ക് അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. വ്യവസായ സ്ഥാപനങ്ങളില്ലാത്ത, തൊഴിലില്ലാത്ത നമ്മുടെ സംസ്ഥാനത്തിന് നിലനിൽപ്പില്ലെന്ന് പ്രത്യേകം മനസ്സിലാക്കണം. പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ ഇവിടെ ടൂറിസമില്ല, കൃഷിയില്ല മറ്റുള്ള കാര്യങ്ങളും മോശമായിപ്പോകുകയാണ്. നമുക്ക് രക്ഷപ്പെടാൻ ഇൻഡസ്ട്രികൾ മാത്രമാണുള്ളത്. അതിനനുസരിച്ചുള്ള കൾച്ചർ രൂപപ്പെടുത്തിയെങ്കിൽ മാത്രമേ രക്ഷയുള്ളൂ. യുവാക്കളിൽ തൊഴിലില്ലായ്മ 35 ശതമാനവും സ്ത്രീകളിൽ 55 ശതമാനവുമാണ്, എല്ലാപേർക്കും തൊഴിൽ നൽകാൻ സർക്കാരിന് കഴിയില്ല. പക്ഷേ അവരെ സംരംഭകരാക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയണം. വിദേശ ജോലി സാദ്ധ്യത കുറഞ്ഞുവരികയാണ്. കഴിഞ്ഞ 30 വർഷത്തിനിടയിൽ അമ്പതോളം കമ്പനികളെ കൊടികുത്തി പൂട്ടിച്ച സംസ്കാരമാണ് നമുക്കുള്ളത്. 3,000 കോടി രൂപയിലധികം നിക്ഷേപമുണ്ടായിരുന്നതും പതിനായിരത്തിലധികം ജീവനക്കാർ ജോലിചെയ്തിരുന്നതുമായ 21 വൻകിട വ്യവസായങ്ങൾ

പൂട്ടിപ്പോയി. ഇപ്പോഴും നിക്ഷേപകർ ധൈര്യത്തോടെ കേരളത്തിൽ വരാത്തതിന്റെ പ്രധാനപ്പെട്ട കാരണം ഈ ചരിത്രം അവർക്കറിയാവുന്നതു കൊണ്ടാണ്. കേരളം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ 28-ാം റാങ്കിലേയ്ക്ക് കൂപ്പുകുത്തിയത് മാനദണ്ഡം നിശ്ചയിച്ചതിലുള്ള അപാകതയാണെന്ന് പറഞ്ഞ് നമുക്ക് സമാധാനിക്കാം. പക്ഷേ, ഇവിടത്തെ നിക്ഷേപകരുടെ ഇടയിലുള്ള സർവ്വേ തന്നെയാണ് ഇതിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്. ഇവിടെ സർവ്വേ നടത്തുകയാണെങ്കിൽ നമ്മളായിരിക്കും പിന്നിൽ പോകുന്നത്, മൈനസിൽ പോകുമെന്നതാണ് സത്യം. നിക്ഷേപ സൗഹൃദങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ളൊരു സംസ്ഥാനത്തിൽ എങ്ങനെയാണ് ഒരു നിക്ഷേപകൻ തന്റെ സമ്പാദ്യം മുഴുവൻ നിക്ഷേപിക്കാൻ തയ്യാറാകുന്നത്? ഇതിനൊരു മാറ്റമുണ്ടാക്കാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ്. അതിന് ഇപ്പോഴുള്ള പഴഞ്ചൻ സമീപനം മാറ്റണം. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളോടെയുള്ള സമീപനം ഉണ്ടായാൽ മാത്രമേ നമുക്ക് രക്ഷനേടാൻ സാധിക്കുകയുള്ളൂ.

തൊഴിൽ നഷ്ടപ്പെട്ട് വരുന്ന പ്രവാസികളെ വന്ന സ്ഥലത്തേയ്ക്കുതന്നെ തിരിച്ചോടിക്കുന്ന നയമാണ് ഇപ്പോഴുള്ളത്. 29 വർഷം ഗൾഫിൽ അദ്ധ്വാനിച്ച് കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പാദ്യവുമായി കഴക്കൂട്ടത്തൊരു

ഷോപ്പിംഗ് മാൾ പണിയാൻ വന്നൊരു പ്രവാസിയെ വധഭീഷണി മുഴക്കിയാണ് തൊഴിലാളികൾ നേരിട്ടത്. ആന്തൂരിലെ സാജന്റെയും കൊല്ലത്തെ സുഗതന്റെയും അനുഭവത്തിൽനിന്ന് നമ്മൾ ഒന്നും പഠിച്ചിട്ടില്ലെന്നാണ് ഇതൊക്കെ കാണിക്കുന്നത്. മടങ്ങിവരുന്ന പ്രവാസികളിൽ പലരും വ്യവസായ മേഖലകളിൽ നല്ല പരിചയമുള്ളവരാണ്. അവരുടെ കയ്യിൽ ക്യാപിറ്റലുണ്ട്, അവരെ ഇലക്ട്രോണിക്സ്, ഐ.ടി., ഭക്ഷ്യസംസ്കരണം, ബയോടെക്നോജി തുടങ്ങിയ മേഖലകളിൽ ഇൻവെസ്റ്റ് ചെയ്യാൻ പ്രേരിപ്പിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റും സബ്സിഡിയും വാങ്ങിയെടുക്കാൻ ഒരു പ്രത്യേക ടീമിനെ അങ്ങയുടെ ഡിപ്പാർട്ട്മെന്റിൽ രൂപീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കിൻഫ്രയുടെ കൈവശമുള്ള 2939 ഏക്കറിൽ 2318 ഏക്കർ വികസന ആവശ്യങ്ങൾക്ക് ലഭ്യമാണെങ്കിലും 1476 ഏക്കർ മാത്രമാണ് വ്യവസായ യൂണിറ്റുകൾക്ക് നൽകിയിട്ടുള്ളത്. അതിൽത്തന്നെ ഭൂമി ഏറ്റെടുത്തിട്ട് വ്യവസായം ആരംഭിക്കാത്ത ധാരാളം യൂണിറ്റുകളുണ്ട്. അത്തരം ഭൂമി തിരികെ ഏറ്റെടുത്ത് നിക്ഷേപം നടത്താൻ തയ്യാറാകുന്നവർക്ക് കൊടുക്കണം. നിലവിലുള്ള വ്യവസായ പാർക്കുകളുടെ അടിസ്ഥാനസൗകര്യം ഉയർത്തണം. ഏതെങ്കിലും ഫാക്ടറികളിൽ എന്തെങ്കിലും പ്രശ്നം നടന്നാൽ പരിഹരിക്കാൻ

വകുപ്പുതല റാപ്പിഡ് ആക്ഷൻ ടീമിനെ സജ്ജമാക്കണം. കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നിവയെ റീ-സ്ട്രക്ചർ ചെയ്യണം. നമ്മുടെ സംസ്ഥാനത്തെ വ്യാപാരികളുടെ പ്രശ്നം കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക വകുപ്പില്ല. അവർ കളക്ട് ചെയ്യുന്ന ജി.എസ്.ടി.കൊണ്ടാണ് സർക്കാർ നിലനിൽക്കുന്നത്. അവരെക്കൂടി കണക്കിലെടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെ പേര് 'Industry and Trade' എന്നാക്കണം. അത് മറ്റുള്ള സംസ്ഥാനങ്ങൾക്കൊരു മാതൃകയാകും. ലോകത്ത് മുഴുവൻ 'Industry and Trade' ആണ് ഇപ്പോൾ നിലനിൽക്കുന്നത്. ആധുനിക കാലഘട്ടങ്ങളിൽ കേരളം പോലൊരു കൊച്ചുസംസ്ഥാനത്ത് കൃഷിക്കും വികസനത്തിനും ടൂറിസത്തിനും സാദ്ധ്യത കുറഞ്ഞ ഈ കാലഘട്ടത്തിൽ ഇവിടെ വ്യവസായത്തിന് വലിയ പങ്ക് വഹിക്കാനുണ്ട്. ഒരുകാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അടുത്തകാലത്ത് അങ്ങയുടെ ഒന്നുരണ്ട് പ്രസംഗങ്ങൾ ഞാൻ യൂട്യൂബിൽ കണ്ടു. അതിൽ അങ്ങ് തന്നെയാണോ സംസാരിച്ചതെന്ന് ഞാൻ വീണ്ടും വീണ്ടും നോക്കി. അതിൽ അങ്ങ് നീട്ടിനീട്ടി സംസാരിച്ചത്, 'സാങ്കേതിക നൈപുണ്യമുള്ള തൊഴിലാളി ആധുനിക മുതലാളിത്തത്തിന്റെ ഉൽപ്പാദന പ്രക്രിയയ്ക്ക് അനിവാര്യമായ ഉപാധിയാണ്. അതുകൊണ്ട് എല്ലാപേർക്കും വിദ്യാഭ്യാസമെന്നത്

മുതലാളിത്തത്തിന്റെ മുദ്രാവാക്യമാണ്.' അങ്ങയെ ബഹുമാനിക്കുന്ന ഒരാളായതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇങ്ങനെയൊരു പ്രസംഗം നടത്തിയത് ഏതെങ്കിലുമൊരു വ്യവസായി കണ്ടാൽ കേരളത്തിലേയ്ക്ക് വരുന്നതിനെപ്പറ്റി അവർ വീണ്ടുമൊന്ന് ആലോചിക്കും. അതുകൊണ്ട് മന്ത്രിയായിരിക്കുന്നിടത്തോളം കാലം ദയവുചെയ്ത് ഇതുപോലുള്ള വരട്ട് തത്വവാദങ്ങളൊന്നും അങ്ങ് പറയരുതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, തൊഴിലും വരുമാനവും ഉറപ്പുവരുത്തി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തി വികസിത കേരളം സൃഷ്ടിക്കുന്നതിന് വ്യവസായവൽക്കരണം അനിവാര്യമാണെന്ന ബോദ്ധ്യത്തോടെ കഴിഞ്ഞ 5 വർഷം തുടർന്നുവന്ന നയങ്ങൾക്കൊപ്പം പുതിയ കാഴ്ച്ചപ്പാടോടുകൂടി മുന്നോട്ടുപോകുന്ന വ്യവസായ, വൈദ്യുതി വകുപ്പുകൾക്കുള്ള 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞത് നമ്മുടെ മന്ത്രിമാരെല്ലാം ദൈവങ്ങളാകുമെന്നാണ്. ഇരുണ്ടകാലത്ത് പിറന്നുവീണ പ്രവാചകനായ യേശുവും മുഹമ്മദ് നബിയും വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും

പിന്നീട് ദൈവതുല്യരായി ആദരിക്കപ്പെടുന്ന കാലഘട്ടമാണിത്. ഇരുളടഞ്ഞ ഈ ലോകത്ത് വെളിച്ചവും ജനങ്ങൾക്കാവശ്യമായ സൗകര്യങ്ങളുമൊരുക്കുന്നവർ നാളെ ദൈവതുല്യരായി വാഴ്ത്തപ്പെടുമെന്നതിൽ യു.ഡി.എഫ്.-ലെ ആർക്കെങ്കിലും ഖേദമുണ്ടെങ്കിൽ അത് മാറ്റുന്നത് നല്ലതാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും വ്യവസായമാക്കിയാണ് 2011-16 വരെയുള്ള യു.ഡി.എഫ്. ഭരണകാലം മുന്നോട്ടുപോയത്. 5 വർഷംകൊണ്ട് വ്യവസായങ്ങളുടെ ശവപ്പറമ്പാക്കി മാറ്റിയില്ലേ അവർ. എന്നാൽ അതിൽനിന്നും പുതിയ ലോകത്തിലേയ്ക്കുള്ള ചുവടുവയ്പായിരുന്ന കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ 5 വർഷം. വ്യവസായം ആരംഭിക്കാൻ ഭൂമിവേണം. അതിനാണ് കിൻഫ്ര ലാൻഡ് ബാങ്കിലൂടെ 4,400 ഏക്കർ സ്ഥലവും കെ.എസ്.ഐ.ഡി.സി. 300 ഓളം ഏക്കർ സ്ഥലവും ഏറ്റെടുത്തത്. TELK-ന്റെ ഭൂമി നിലവിലുണ്ട്. എവിടെനിന്ന് ഭൂമി; ഇത് പ്രഖ്യാപനമല്ലേ, സ്വർണ്ണ നൂൽകൊടുക്കും, കരുതിവച്ചോളാമെന്ന് ഇവിടെ ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിക്കൊരു സ്വർണ്ണനൂൽ നിങ്ങൾ കരുതിവയ്ക്കേണ്ടിവരും. കൊച്ചി-ബാംഗ്ലൂർ ഇടനാഴിക്കാവശ്യമായ രൂപത്തിലുള്ള വ്യവസായവൽക്കരണത്തിന്

300 ഏക്കറിലധികം ഭൂമി ഇപ്പോൾ ഏറ്റെടുത്തെങ്കിൽ അതിനുള്ള നിയമപരമായ എല്ലാ തടസ്സങ്ങളുംമാറ്റി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. എന്റെ മണ്ഡലത്തിലെ മുതലമടയിലും അത്തരമൊരു വ്യവസായ പാർക്കിനാവശ്യമായ ഭൂമി നൽകാൻ ഞങ്ങൾ തയ്യാറാണ്. അങ്ങോട്ടും വരണം. എവിടെനിന്നാണ് സമ്പത്ത്? കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി., കെ.എസ്.എഫ്.ഇ. എന്നിവർ ചേർന്ന് വെഞ്ചർ കമ്മിറ്റിയുണ്ടാക്കി കേരളത്തിലെ വ്യവസായികൾക്കാവശ്യമുള്ള സമ്പത്ത് നൽകുന്നതിനുവേണ്ടിയുള്ള തീരുമാനവുമായി മുന്നോട്ടുപോകുന്നു. ഇപ്പോൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളം വളരെ പിന്നിലാണെന്നാണ് പറയുന്നത്. എസ്.ഡി.ജി.-യിൽ (Sustainable Development Goals) ഇന്ത്യാ മഹാരാജ്യത്ത് ഒന്നാംസ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. ബിസിനസ് സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളം ഇന്ന് അഞ്ചാമതാണ് നിൽക്കുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ദുരാഗ്രഹംകൊണ്ട് സ്വന്തം പെറ്റമ്മയും പോറ്റമ്മയുമായ കേരളത്തെ തള്ളിപ്പറഞ്ഞ് അക്കരപ്പച്ച തേടിപ്പോകുന്ന ചില മഹാന്മാർ കേരളത്തിന്റെ വ്യവസായ ഇടനാഴികൾ വരുന്നതിന് ശകുനികളായി നിൽക്കുന്നത് ഇപ്പോൾ നാം കണ്ടുവരികയാണ്.

അതിനെയെല്ലാം അതിജീവിക്കുന്നതിനും വ്യവസായവത്കരണത്തിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കുമെന്നും നൂറ് കോടി രൂപവരെ മുതൽമുടക്കുന്ന വ്യവസായത്തിന് ഒരാഴ്ചകൊണ്ടുതന്നെ കേരളത്തിൽ അനുവാദം കൊടുക്കുമെന്നും അതിനുവേണ്ടിവരുന്ന ഭൂമിയും വൈദ്യുതിയും ആവശ്യമായിവരുന്ന സമ്പത്തും സബ്സിഡി ക്രമത്തിൽ കൊടുത്ത് കേരളത്തെ പുതിയ വ്യവസായകേന്ദ്രമാക്കി മാറ്റുമെന്ന ആദ്യ ക്യാബിനറ്റ് യോഗത്തിലെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു, അതാണ് ജനങ്ങളും ആഗ്രഹിക്കുന്നത്. യു.ഡി.എഫ്. ഭരണകാലം വ്യവസായത്തെ ശവപ്പറമ്പാക്കി മാറ്റുകമാത്രമല്ല പൊതുമേഖലയിൽ 1,516 കോടി രൂപയുടെ നഷ്ടമാണുണ്ടാക്കിയത്. എന്നാൽ ഇന്ന് പ്രളയവും മഹാമാരിയുമുണ്ടായിട്ടും കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ഉൽപ്പാദന മേഖലയിൽ ദേശീയ ശരാശരിയെക്കാൾ ഉയർന്ന വളർച്ചയുണ്ടാക്കുകയും ഏകദേശം 300 കോടിയോളം രൂപ ലാഭകരമായ അവസ്ഥയിലേയ്ക്ക് കേരളത്തിന്റെ വ്യവസായത്തെ മാറ്റുകയും ചെയ്തത് എൽ.ഡി.എഫ്. സർക്കാരാണ്. പരമ്പരാഗത വ്യവസായ മേഖലയായ കയർ, കൈത്തറി, കശുവണ്ടി, തോട്ടം മേഖല, സ്പിന്നിംഗ് മില്ലുകൾ തുടങ്ങിയവ യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് അടച്ചുപൂട്ടി തൊഴിലാളികളെ പട്ടിണിക്കിട്ട് കൊല്ലാനുള്ള നയമായിരുന്നു

എടുത്തതെങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതെല്ലാം തുറന്നുപ്രവർത്തി ക്കുകയും അവർക്കാവശ്യമായ രൂപത്തിൽ തൊഴിലും കൂലിയും നൽകുകയും ചെയ്തു. അതുകൊണ്ടാണ് കയർ മേഖല അഞ്ചുവർഷംകൊണ്ട് 55 കോടി രൂപ വിറ്റുവരവിൽനിന്നും 200 കോടി രൂപയിലേയ്ക്കുയർന്നത്. കൈത്തറി മേഖലയ്ക്ക് 52 കോടി രൂപ നൽകിയതും സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം കൈത്തറിയാക്കി അവരെ സംരക്ഷിച്ചതും ഇടതുപക്ഷ മുന്നണി ഗവണ്മെന്റാണ്. തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലും കൂലിയും ഉറപ്പുനൽകി കശുവണ്ടിത്തൊഴിലാളികളെയും ഈ സർക്കാർ സംരക്ഷിച്ചു. അടച്ചുപൂട്ടിയ 13 സ്പിന്നിംഗ് മില്ലുകളാണ് ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്നത് എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകേണ്ടതാണ്. അഞ്ചുവർഷംകൊണ്ട് 63,542 MSME (Micro Small and Medium Enterprises) വ്യവസായങ്ങളും 5,919.74 കോടി രൂപയുടെ നിക്ഷേപവും 2,23,622 തൊഴിലവസരങ്ങളും കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞത് തൊഴിൽ മേഖലയിലുണ്ടാകുന്ന പുരോഗതിയാണ്. കിൻഫ്ര മെഗാ ഫുഡ് പാർക്കുകൾ, ഡിഫൻസ് പാർക്കുകൾ, പെട്രോകെമിക്കൽ പാർക്കുകൾ, സംയോജിത റൈസ് പാർക്കുകൾ, സ്മാൾ ഇൻഡസ്ട്രീസ് പാർക്കുകൾ തുടങ്ങി നിരവധി വ്യവസായ

സംരംഭങ്ങൾക്കാവശ്യമായ ഭൂമിയും 468 കോടി രൂപയും 7,058 തൊഴിൽ പദ്ധതിയുമായി ഇപ്പോൾ മുന്നോട്ടുപോകുന്നു. കെ.എസ്.ഐ.ഡി.സി. മെഡ്സ് പാർക്കുകൾ, ലൈഫ് സയൻസ് പാർക്കുകൾ, മെഗാ ഫുഡ് പാർക്കുകൾ, പ്രവർത്തനം ആരംഭിക്കാൻ പോകുന്ന ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് വൈറോളജി പാർക്ക്, പ്രീ പ്രോസസ്സിംഗ് യൂണിറ്റ്, റബ്ബർ ഗ്ലൗസ് ഫാക്ടറി, സിയാൽ മോഡൽ റബ്ബർ ഫാക്ടറി, കെൽപ്പാം ആധുനിക റൈസ് പാർക്ക് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഇവിടത്തെ ഇ-ആട്ടോറിക്ഷയാണ് ശ്രീലങ്ക, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽ ഓടിക്കൊണ്ടിരിക്കുന്നത്; അതൊരു രാജ്യത്തിന്റെ വ്യവസായ പുരോഗതിയല്ലേ കാണിക്കുന്നത്? അതുപോലെ കാർഷികോൽപ്പന്നത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനായി നെല്ലുൽപ്പാദനത്തിൽ മുന്നിൽനിൽക്കുന്ന പാലക്കാട് ജില്ലയിൽ റൈസ് പാർക്ക് രൂപീകരിച്ചുകഴിഞ്ഞു. അതുപോലെ ചക്ക, കൈതച്ചക്ക എന്നിവയ്ക്കാവശ്യമായ വ്യവസായ പാർക്കുകൾ വരുമെന്നതിൽ ഒരു തർക്കവുംവേണ്ട.

വൈദ്യുതി മേഖല - പ്രകാശപൂരിതമായ കേരളം പടുത്തുയർത്താൻ മുൻ മന്ത്രി ബഹുമാനപ്പെട്ട എം. എം. മണിയുടെ നേതൃത്വത്തിൽ വൈദ്യുതി

വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങളെ ആർക്കാണ് നിഷേധിക്കാൻ കഴിയുക? "വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം" എന്ന കവിത മണി ആശാൻ അഞ്ചുവർഷംകൊണ്ട് മാറ്റിയെഴുതി. 'തമസ്സ് ദുഃഖമാണുണ്ണീ വെളിച്ചമല്ലോ സുഖപ്രദം' എന്നാണ് മണി ആശാൻ രചിച്ച കവിത. സമ്പൂർണ്ണമായി വൈദ്യുതവത്കരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനം എൽ.ഡി.എഫ്. ഭരിച്ച കേരളമാണ്. അതുപോലെ 'ദേ വന്നു ദാ പോയി' അതായിരുന്നല്ലോ യു.ഡി.എഫ്. ഭരണകാലത്ത് കറന്റിനെക്കുറിച്ച് പറഞ്ഞിരുന്നത്. 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. ഭരണകാലത്ത് വോൾട്ടേജ് കുറച്ചും പത്തുമിനിട്ട് ഇടവിട്ട് കറന്റില്ലാതാക്കിയും അപ്രഖ്യാപിത കറന്റുകട്ട് ഏർപ്പെടുത്തിയും ദിവസവും അഞ്ചുമണിക്കൂർ കേരളജനതയെ ഇരുട്ടിലാഴ്ത്തിയപ്പോൾ കഴിഞ്ഞ ഗവൺമെന്റ് ഒരു മിനിട്ടുപോലും പവർക്കട്ടില്ലാത്ത ഏക സംസ്ഥാനമാക്കി ഈ കേരളത്തെ മാറ്റിയെടുത്തു. യു.ഡി.എഫ്. ഭരണകാലത്ത് മൂന്നുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും വൈദ്യുതി വകുപ്പിന്റെ നഷ്ടം ഏഴായിരം കോടി രൂപയായിരുന്നു. കർഷകർക്ക് 120 യൂണിറ്റിന് താഴെയുള്ള വൈദ്യുതി ചാർജ്ജിൽ ഇളവ് പ്രഖ്യാപിച്ചിട്ടും ഇന്ന് വൈദ്യുതി മേഖലയിൽ 280 കോടി രൂപയുടെ നഷ്ടം മാത്രമാണെന്നാണ് കഴിഞ്ഞ ആഡിറ്റിൽ പറയുന്നത്. ഡമോക്ലസിന്റെ

വാൾമുനപോലെ വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കുന്ന കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ നാം ഒന്നിച്ച് പൊരുതേണ്ട കാലമാണിതെന്ന് ഓർമ്മപ്പെടുത്തുകയാണ്. അന്യസംസ്ഥാനത്തിന് ആയിരം മെഗാവാട്ട് വൈദ്യുതി എത്തിക്കാൻ കഴിയുന്ന ഇടമൺ-കൊച്ചി ലൈൻ എപ്പോഴാണ് പൂർത്തീകരിച്ചത്? 400 ഇ.എച്ച്.ടി ലൈൻ, പുഗലൂർ - മാടക്കത്തറ 2000 മെഗാവാട്ട് ഡയറക്ട് കറന്റ് എത്തിക്കുന്ന പ്രവർത്തനം എന്നിവ പൂർത്തീകരിച്ചതും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. സംസ്ഥാനത്തിന്റെ തെക്കുവടക്ക് പ്രദേശങ്ങളിൽ സുരക്ഷിതമായ വൈദ്യുതി എത്തിക്കാനുള്ള രണ്ടായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് തുടക്കം കുറിച്ചതും കിഫ്ബി വഴി പതിനായിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചതും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അമിതമായ കറന്റ് ഉപയോഗവും അമിത ചാർജ്ജിൽനിന്നും പഞ്ചായത്തുകളെ രക്ഷിക്കുന്നതിനുമാണ് 'നിലാവ്' പദ്ധതി പ്രഖ്യാപിച്ചത്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് ചെയ്തതുപോലെ സൗരോർജ്ജമെന്ന പേരിൽ ശ്രീമതി സരിതയ്ക്ക് ഊർജ്ജമുണ്ടാക്കി കൊടുക്കുകയായിരുന്നില്ല എൽ.ഡി.എഫ്. ഗവൺമെന്റിലെ ശ്രീ. എം. എം. മണിയുടെ നേതൃത്വത്തിലുള്ള വൈദ്യുതി വകുപ്പെന്ന് നിങ്ങളെ ഞാൻ

ഓർമ്മപ്പെടുത്തുകയാണ്. 'പ്രധാനമന്ത്രി കൃസും യോജന പദ്ധതി' - സബ്സിഡിയോടുകൂടി കർഷകർ സ്ഥാപിച്ച സോളാർ പ്ലാന്റിൽനിന്ന് ആവശ്യംകഴിഞ്ഞ് മിച്ചംവരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കുന്നതിനും വൈദ്യുതിയെത്താത്ത പ്രദേശങ്ങളിൽ സോളാർ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തതിന് ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. കെ. കൃഷ്ണൻകുട്ടിയെ ഞാൻ അഭിനന്ദിക്കുകയാണ്. മറ്റൊന്ന് പാലക്കാട് ജില്ലയിലെ കിഴക്കൻമേഖലയിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിനും അതിനോടൊപ്പം 3 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനും കഴിയുന്ന കുരിയാർകുറ്റി - കാരപ്പാറ പദ്ധതിയെയും മഴക്കാലങ്ങളിൽ നീരൊഴുക്കിലൂടെ പാഴായിപ്പോകുന്ന വെള്ളത്തെ തടഞ്ഞുനിർത്തിയാൽ ഭാവിയിൽ മിനി ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളിലൂടെ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയാവുന്ന പദ്ധതികളെയുംകുറിച്ച് ആലോചിക്കുകയും ഏറ്റെടുക്കുകയും ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച

ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം മന്ത്രിമാരെ ദൈവങ്ങളായി ചിത്രീകരിക്കുകയുണ്ടായി. പാവങ്ങളുടെ കണ്ണീരൊപ്പുന്ന ജനക്ഷേമ നടപടികളുമായി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മന്ത്രിമാർ മുന്നോട്ടുപോകുമ്പോൾ അവരെ കൺകണ്ട ദൈവങ്ങളായി ഈ നാട്ടിലെ ജനങ്ങൾ കരുതുന്നതിൽ തെറ്റുപറയാൻ കഴിയില്ല. അതുപോലെ അദ്ദേഹം ഇവിടെ വ്യവസായ വകുപ്പുമന്ത്രിക്ക് പൊൻമോതിരം നൽകുമെന്ന് പറഞ്ഞു. പറഞ്ഞവാക്കുകൾ പാലിച്ച പാരമ്പര്യവും അതിന്റെ ആർജ്ജവത്വവും കൈമുതലായുള്ളൊരു സർക്കാരാണ് ഇവിടെയുള്ളത് എന്നതാണ് രണ്ടാം പിണറായി സർക്കാരിനെ ജനങ്ങൾ അധികാരത്തിലേറ്റിയപ്പോൾ വ്യക്തമായത്. സ്വാഭാവികമായും അദ്ദേഹത്തിന് പൊൻമോതിരത്തിന്റെ പണം നഷ്ടപ്പെടുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ചുരുങ്ങിയ രണ്ടുമാസംമാത്രം പിന്നിടുന്ന ഈ സമയത്ത് എത്രയോ ശ്രദ്ധേയമായ നേട്ടങ്ങൾ സർക്കാരിന് കൈവരിക്കാൻ കഴിഞ്ഞു. ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചു. നൂറുദിന കർമ്മപരിപാടിയിലൂടെ സമസ്ത വികസന മേഖലകളെയും സ്പർശിച്ചുകൊണ്ട് ശ്രദ്ധേയമായ മുന്നേറ്റങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 1,416 കോടി രൂപയുടെ പ്രത്യേക പാക്കേജാണ് ചെറുകിട വ്യവസായങ്ങളെ

സംരക്ഷിക്കാൻ ഈ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. മുപ്പത് യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്കും 120 യൂണിറ്റ് വരെയുള്ള കാർഷിക മേഖലയിലെ ഉപയോഗങ്ങൾക്കും സൗജന്യ നിരക്കിൽ വൈദ്യുതി പ്രഖ്യാപിച്ചുകൊണ്ട് ക്ഷേമകരമായ പ്രവർത്തനങ്ങളാണ് വ്യവസായ, വൈദ്യുതി വകുപ്പുകളിലൂടെ നടക്കുന്നത്. വ്യാവസായിക രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളെയാകെ വിറ്റുതുലയ്ക്കാൻ വ്യഗ്രത കാണിക്കുന്ന കേന്ദ്ര നയങ്ങളും പൊതുമേഖലയിലെ തൊഴിലാളി താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വ്യവസായസൗഹൃദമായി മുന്നോട്ടുപോകുന്ന സംസ്ഥാന നയങ്ങളുമെന്ന രണ്ട് വിരുദ്ധതാൽപര്യങ്ങൾ ഇവിടെ പ്രകടമാകുന്നതിന്റെ ഉദാഹരണങ്ങളാണ് കാസർഗോഡ് ജില്ലയിലെ Bharat Electrical Machines Limited കേന്ദ്ര സർക്കാർ വിൽക്കാൻ തീരുമാനിച്ചപ്പോൾ സർക്കാർ അതേറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തിയത്. എന്റെ ജില്ലയിലുള്ള വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി അനാധീനപ്പെടുന്ന സ്ഥിതിയിലേയ്ക്ക് കേന്ദ്ര സർക്കാർ കൊണ്ടുചെന്നെത്തിച്ചപ്പോൾ അതും സർക്കാർ ഏറ്റെടുത്ത് അവിടെ സിയാൽ മോഡൽ റബ്ബർ കമ്പനി സ്ഥാപിക്കാൻ നയം സ്വീകരിച്ചിരിക്കുന്നതിനെ അഭിനന്ദിക്കുന്നു. റബ്ബർ കർഷകർ വലിയ പ്രതീക്ഷയോടെയാണ് അതിനെ കാണുന്നതെന്ന്

സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ വികേന്ദ്രീകൃത അടിസ്ഥാനത്തിൽ വ്യാപകമായി നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപൊലെ സർക്കാർ ചെറുകിട വ്യവസായങ്ങൾക്ക് വളരെയേറെ പ്രോത്സാഹനം നൽകുന്നുണ്ട്. അതിനാൽത്തന്നെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ വായ്പകൾക്ക് ആറ് മാസത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും സൗജന്യ വൈദ്യുതി ലഭ്യമാക്കുകയും ചെയ്തകൊണ്ട് ചെറുകിട വ്യവസായങ്ങളെ കൂടുതലായി സംരക്ഷിക്കേണ്ട ആവശ്യകത സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദേശീയ നിലയിൽ ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ ഡാറ്റ അനുസരിച്ച് കോവിഡ് കാലത്ത് അൻപത്തിയേഴ് ശതമാനം ഉൽപാദനം കുറഞ്ഞിരിക്കുന്നു. ഇവിടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ സംസ്ഥാനത്തിന് ബാധകമല്ലാത്ത പതിനഞ്ച് മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുകയും അവ കണക്കാക്കിയുള്ള റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ നാം പിന്നിലാണെങ്കിൽ വസ്തുതാപരമായി റേറ്റിംഗ് നിശ്ചയിച്ചാൽ പത്തിലേയ്ക്കെത്തുമെന്നുള്ളതും അപ്രകാരമുള്ള മാനദണ്ഡങ്ങൾ ഇന്ത്യയിലാദ്യമായി പാലിച്ച ആദ്യത്തെ എട്ട് സംസ്ഥാനങ്ങളിലൊന്നാണ് കേരളമാണെന്നും ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നീതി

ആയോഗിന്റെ സുസ്ഥിര വികസന ഇൻഡക്സ് പ്രകാരം കേരളം ഒന്നാം സ്ഥാനത്തും നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക്സിന്റെ കണക്കിൽ നിക്ഷേപ സൗഹൃദത്തിന്റെ കാര്യത്തിൽ നാലാം സ്ഥാനത്തുമാണ്. 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം പാസ്സാക്കിയാണ് ഈ സർക്കാർ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിൽ കേരള സംസ്ഥാനത്താകെയുള്ളതിൽ നാൽപ്പത്തിയേഴ് ശതമാനവും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിലാണ് ആരംഭിച്ചതെന്നുള്ളത് ഈ സംസ്ഥാനം എത്രമാത്രം വ്യവസായ സൗഹൃദമാണെന്നുള്ളതിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയാണ്. വ്യവസായ രംഗത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുതിയ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കൽ, പ്രവാസികൾക്ക് അഞ്ച് ശതമാനം പലിശയ്ക്ക് വായ്പ, കെ-സ്വിഫ്റ്റ് പദ്ധതി, ഏകജാലകം, വ്യവസായ ഇടനാഴി, വ്യവസായ ഭദ്രതാ പാക്കേജ്, ഓരോ ജില്ലയിലും ഓരോ ഉൽപ്പന്നം, കേന്ദ്രീകൃത പരിശോധനാ സംവിധാനം, ഗ്രീവൻസ് റിഡ്രസ്സൽ സെൽ തുടങ്ങിയവയെല്ലാം അഭിനന്ദനാർഹമാണ്. വ്യവസായ മന്ത്രി 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ഓരോ ജില്ലയിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കോട്ടയം ജില്ലയിൽ കഴിഞ്ഞ ദിവസം

മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ എന്റെ നിയോജകമണ്ഡലത്തിലെ ഒരു വ്യവസായിക്ക് അദ്ദേഹത്തിന്റെ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുവാദം ആ ദിവസംതന്നെ ലഭിച്ചത് വളരെ സന്തോഷത്തോടെ അദ്ദേഹം എന്നോട് സൂചിപ്പിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാറിൽ പൊതുമേഖലാ വ്യവസായങ്ങളൊന്നുമില്ല. കഴിഞ്ഞ കുറേക്കാലങ്ങളായി സംസ്ഥാനത്തെതന്നെ വിവാദ വ്യവസായങ്ങളുടെ തലസ്ഥാനമായിരുന്നു. ഇപ്പോൾ വ്യവസായ അനുകൂല അന്തരീക്ഷമുണ്ട്. അവിടെ റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോട്ടയം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിൽ നിലവിൽ വൈറ്റ് സിമന്റും പുട്ടി ഉൽപാദനവും മാത്രമാണുള്ളതെങ്കിൽ ഗ്രേ സിമന്റുകൂടി ഉൽപാദിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അവിടത്തെ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കോട്ടയം ജില്ലയിൽ നിലവിൽ അഞ്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടെങ്കിലും അവയിലൊന്നും പുതിയ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യമില്ല. അതെല്ലാം സാച്ചുറേറ്റഡായതിനാൽ പുതിയ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കോട്ടയം

ജില്ലയിൽ സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ, ഇന്ത്യയിൽ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളൊക്കെ കേരളത്തെ മോഡലാക്കി 'കേരള മോഡൽ' എന്ന് വിശേഷിപ്പിക്കപ്പെടുമ്പോൾ അതേരീതിയിൽ വ്യവസായ മേഖലയെയും 'കേരള മോഡൽ' എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. വയലാറിന്റെ 'അശ്വമേധ'ത്തിലെ ഒരു കവിതാശകലമാണ് എനിക്ക് ഓർമ്മ വരുന്നത്. വ്യവസായ വകുപ്പിന്റെയും ഗവൺമെന്റിന്റെയും മുന്നേറ്റത്തിന്റെ കാര്യത്തിൽ "ആരൊരാളെൻ കുതിരയെ കെട്ടുവാൻ ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ" എന്നുള്ളതാണ് പ്രതിപക്ഷത്തിനോട് എനിക്ക് ചോദിക്കാനുള്ളത്. ഒറ്റക്കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

വൈദ്യുതി വകുപ്പിന്റെ ദ്യുതി പദ്ധതി, ഫിലമെന്റ് രഹിതം, നിലാവ് പദ്ധതികൾ, പ്രസരണനഷ്ടം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയെയെല്ലാം അഭിനന്ദിക്കുന്നു. അതുപോലെ, കർഷകർക്കുവേണ്ടി കൃഷിഭൂമികളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിച്ച് അവരിൽനിന്നും വിലയ്ക്കെടുക്കുന്ന പദ്ധതി വൈദ്യുതി വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നതിനെ അങ്ങേയറ്റം പ്രകീർത്തിക്കുകയും അത് എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി

അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നതായി അറിയിച്ച് എന്റെ വാക്കുകൾ നിർത്തുന്നു.

2.00 PM]

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഇവിടെ അവതരിപ്പിച്ച വ്യവസായങ്ങൾ, വൈദ്യുതി പദ്ധതികൾ എന്നിവയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. അസാധാരണമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കോവിഡ് മഹാമാരി ലോകത്തും നമ്മുടെ രാജ്യത്തും സംസ്ഥാനത്തും പ്രതിസന്ധി സൃഷ്ടിച്ചത് പുതിയ കാര്യമായി കാണാൻ കഴിയില്ല. കോവിഡ് മഹാമാരി മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ പൊള്ളത്തരം ലോകത്തിന് മുന്നിൽ തുറന്നുകാട്ടിയപ്പോൾ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്ക് ഈ ഘട്ടത്തിൽ കുറച്ചുകൂടി മുന്നോട്ടുപോകാൻ കഴിഞ്ഞു. കേരളം കോവിഡ് വ്യാപനവും മരണനിരക്കും പിടിച്ചുനിർത്തുന്നതിൽ വിജയിച്ചു. രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ച് ഒട്ടേറെ ഉപദേശവും നിർദ്ദേശങ്ങളും നൽകി. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് പാർലമെന്റിൽ ഇതിനുള്ള അവസരം നല്ലതുപോലെയുണ്ടായിരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ നയങ്ങളാണ് വാക്സിൻ ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ പ്രതിഫലിച്ചതെന്ന് അറിയാത്തവരാണോ യു.ഡി.എഫ്.? അവിടെ കിട്ടിയ

അവസരം ഉപയോഗിക്കാതെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്. നേതാക്കന്മാരെ ദൈവങ്ങളായി കാണുന്ന പാർട്ടിയേതെന്ന് എല്ലാവർക്കുമറിയാം. സംഘടനാ തെരഞ്ഞെടുപ്പ് നടന്നിട്ടെത്ര കാലമായി? വയനാട്ടിലെ പ്രധാനമന്ത്രിയും അമ്മയും ദൈവമാണോ, അതോ നിങ്ങൾക്ക് ഭയമാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. പെൻഷനെപ്പറ്റിയും ജനങ്ങളിലേയ്ക്ക് പണം കൊടുക്കുന്നതിനെ സംബന്ധിച്ചുമൊക്കെ വാതോരാതെ പറയുന്നത് കേട്ടു. 1980-ൽ കേരളത്തിൽ കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവുമൊക്കെ ആരംഭിച്ച ഘട്ടത്തിൽ പ്രത്യുൽപ്പാദനകരമല്ല ഈ പെൻഷൻ പദ്ധതികൾ എന്ന നിലപാട് കോൺഗ്രസിന് ഇപ്പോഴുമുണ്ടോ? എൽ.ഡി.എഫ്. നയം ജനങ്ങളിലേയ്ക്ക് പണമെത്തിക്കുകയെന്നത് തന്നെയാണ്. കോവിഡിന്റെ ഭാഗമായി ഈ കഴിഞ്ഞ പാക്കേജിൽ അത് കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പുതിയ ഘട്ടത്തിലും ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 2021 രാജ്യത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്, ആഗോളവൽക്കരണ നയങ്ങൾ ഈ രാജ്യത്ത് നടപ്പാക്കി മൂന്ന് പതിറ്റാണ്ട് തികയുകയാണെന്ന പ്രത്യേകത ഈ വർഷത്തിനുണ്ട്. ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക രംഗത്തെല്ലാം പൊളിച്ചെഴുത്തുണ്ടായ മുപ്പത്

വർഷങ്ങളാണ് കടന്നുപോയത്. ഇവിടെ പുതിയ ശതകോടീശ്വരന്മാർ രൂപപ്പെടുകയും അവരുടെ ആസ്തി പ്രതിദിനം വർദ്ധിപ്പിക്കാനുള്ള അവസരവുമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. സാധാരണക്കാർക്കും തൊഴിലാളികൾക്കും കൃഷിക്കാർക്കും എന്ത് നേട്ടമാണുണ്ടായത്? ഉള്ള തൊഴിൽ നഷ്ടപ്പെടുന്നു, പുതിയ തൊഴിലവസരങ്ങൾ ഇല്ലാതാകുന്നു, കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. ലോക വിശപ്പ് സൂചികയിൽ നമ്മുടെ സ്ഥാനം 94-ാമതാണ്. ആഗോളവത്കരണത്തിലൂടെ രാജ്യത്തിന്റെ വിഭവങ്ങൾ കൊള്ളയടിക്കുകയും തൊഴിലാളികളെ ചൂഷണംചെയ്യുകയും വ്യവസായം, വൈദ്യുതി തുടങ്ങി എല്ലാ മേഖലകളും സ്വകാര്യവത്കരിക്കുകയും ചെയ്യുകയും പൊതുമേഖലാ വ്യവസായങ്ങളെ തുക്കിവിൽക്കാൻ കേന്ദ്രത്തിന് ഒരു വകുപ്പും ഒരു മന്ത്രിയും ഈ ഘട്ടത്തിലുണ്ടാവുകയും ചെയ്തു. റെയിൽവേ, വ്യോമയാനം, തുറമുഖം, ഭൂമി, കടൽ, ആകാശം ഉൾപ്പെടെ രാജ്യത്തിന്റെ സർവ്വ മേഖലയെയും വിൽക്കുന്നതിലൂടെ രാജ്യത്തെ സമ്പത്ത് ഏതാനും മുതലാളിമാർക്ക് കൊള്ളയടിക്കാനുള്ള അവസരമുണ്ടാക്കുന്നതിൽ ഒന്നാം പ്രതി കോൺഗ്രസ്സാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വെട്ടിയ പാതയിലൂടെ ബി.ജെ.പി. സൂപ്പർഫാസ്റ്റ് വേഗതയിൽ പോകുന്നുവെന്നതാണ് ഇതിന്റെ

പ്രത്യേകത. കേരളത്തിലെ പ്രതിപക്ഷത്തിന് ഇക്കാര്യത്തിൽ കൈകഴുകി മാറിനിൽക്കാനാകില്ല. നിങ്ങളല്ലേ വൈദ്യുതി ബിൽ കൊണ്ടുവന്നത്? ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളിക്കളഞ്ഞ സഹകരണ നിയമ ഭേദഗതി ബിൽ 2012-ൽ യു.പി.എ. സർക്കാർ കൊണ്ടുവന്നതാണ്. നിങ്ങളല്ലേ കാർഷികരംഗത്ത് സ്വകാര്യവത്കരണ നയങ്ങളും തൊഴിലാളിവിരുദ്ധ മുതലാളി അനുകൂല നയങ്ങളും ഇന്ത്യയിലുണ്ടാക്കാൻ ശ്രമിച്ചത്? അത്തരത്തിൽ കോൺഗ്രസ്സ് ഒരുക്കിയ പാതയിലൂടെ ബി.ജെ.പി. അതിവേഗം സഞ്ചരിക്കുന്ന കാഴ്ചയാണ് രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. ഇതംഗീകരിച്ച് തിരുത്താൻ കോൺഗ്രസ്സ് തയ്യാറാകണം. എല്ലാം സ്വകാര്യവത്കരിക്കുകയും ശതകോടീശ്വരന്മാർക്ക് ലാഭംകൊയ്യാൻ അവസരമുണ്ടാക്കുകയും ലാഭവിഹിതം കൈപ്പറ്റി സ്വന്തം അക്കൗണ്ടുകൾ വികസിപ്പിക്കുകയും ചെയ്യുന്ന പാർട്ടികളാണ് കോൺഗ്രസ്സും ബി.ജെ.പി.-യും. പിന്നീട് ഈ പണം തെരഞ്ഞെടുപ്പുകളിലേയ്ക്ക് കുഴൽ- ഹവാലവഴി എത്തിക്കുന്നതാണ് ഇവരുടെ രീതി. എ.ഐ.സി.സി. ഫണ്ട് എത്ര വന്നുവെന്നുകൂടി വ്യക്തമാക്കണം. 'പാണ്ടൻനായുടെ പല്ലിനുശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല'. അതുകൊണ്ട് കോൺഗ്രസ്സിന് ഭരണം നഷ്ടപ്പെട്ടപ്പോൾ ഇത്തരം പ്രവൃത്തികളിലൂടെ നീങ്ങുന്ന അവസ്ഥ

സൃഷ്ടിക്കുന്നത് ഇന്ന് ബി.ജെ.പി.-യാണ്. കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളിൽ ജീവിതം വഴിമുട്ടിയ തൊഴിലാളികളുടെയും കൃഷിക്കാരുടെയും സമരങ്ങളെയും പ്രതിഷേധങ്ങളെയും രാജ്യദ്രോഹകുറ്റം ചുമത്തി അടിച്ചമർത്തുകയാണ്, ഇതാണ് രാജ്യത്തിന്റെ അവസ്ഥ. ഈ ജനവിരുദ്ധ നയങ്ങൾക്കെല്ലാം ബദലായി ഈ രാജ്യത്തെ ഒരു സംസ്ഥാനമെന്നുള്ള നിലയിൽ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളവത്കരണ നയങ്ങളുടെ കെടുതിയിൽനിന്നും കേരളത്തെയും വ്യവസായം, വൈദ്യുതി തുടങ്ങി സമസ്ത മേഖലകളെയും സംരക്ഷിക്കുകയാണ് എൽ.ഡി.എഫ്. ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എല്ലാരംഗത്തും കേരളം ഇന്ത്യയ്ക്ക് മാതൃകയായി ഒന്നാം സ്ഥാനത്തെത്തിയിരിക്കുകയാണ്. ആഗോളവത്കരണ നയങ്ങൾക്ക് ബദൽ നടപ്പിലാക്കാൻ കഴിയുമെന്ന് കേരളം തെളിയിച്ചതിന്റെ ജനകീയ അംഗീകാരമാണ് രണ്ടാം പിണറായി സർക്കാർ എന്നത് നിങ്ങൾ മനസ്സിലാക്കണം. ഇന്ന് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിലുള്ള ഏക സംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങളിൽ അത് ഇല്ലാതായിക്കഴിഞ്ഞിരിക്കുകയുമാണ്. അതിനുകാരണം 2003-ലെ കോൺഗ്രസ്സ് കൊണ്ടുവന്ന വൈദ്യുതിരംഗത്തെ സ്വകാര്യവത്കരണ നയങ്ങളാണ്. കോവിഡിന്റെ മറവിൽ ബി.ജെ.പി. സർക്കാർ ഇപ്പോൾ

നടക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ കൊണ്ടുവരുന്ന വൈദ്യുതി ഭേദഗതി നിയമത്തിന്റെ തുടക്കം 2013-ലെ യു.പി.എ. ഭരണത്തിലാണ് എന്നുകൂടി മനസ്സിലാക്കണം. ഐ.എൻ.ടി.യു.സി. ഇപ്പോൾ സമരത്തിലുണ്ടെന്നത് നിങ്ങൾ നേരത്തെയെടുത്ത നയം തെറ്റാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണോയെന്നും പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിനെതിരെ കോൺഗ്രസ്സ് ഇപ്പോൾ സമരം നടത്തുന്നതുപോലെയുള്ള 'സമരത്തിൽ പങ്കെടുക്കലാണോ' കോൺഗ്രസ്സിന്റെ ട്രേഡ് യൂണിയൻ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതെന്നുകൂടി വ്യക്തമാക്കണം. കേരളം പൊതുമേഖലയിലും വൈദ്യുതി രംഗത്തും ആർജ്ജിച്ച നേട്ടങ്ങൾ നിരവധിയാണ്, കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാത്ത അഞ്ച് വർഷമാണ് കടന്നുപോയത്. യു.ഡി.എഫ്. ഭരിക്കുമ്പോൾ മൂന്ന് തവണയാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത്. പ്രളയമുണ്ടായപ്പോൾ വൈദ്യുതി വകുപ്പിലെ ജീവനക്കാർ നടത്തിയ പ്രവർത്തനം കണ്ടതാണ്, ഒരാൾപോലും ഷോക്കേറ്റ് മരിച്ചില്ല. അതിവേഗത്തിലാണ് പുനർനിർമ്മാണം നടത്തിയത്. മറ്റ് സംസ്ഥാനങ്ങളിൽ സമാനസ്ഥിതിയുണ്ടായപ്പോൾ അവിടെയെല്ലാം ഓടിയെത്താനായത് കാര്യക്ഷമതയോടുകൂടി പൊതുമേഖലയിലെ വൈദ്യുതി

രംഗത്തെ നിലനിർത്താൻ സാധിച്ചുവെന്നുള്ള ഒരൊറ്റ കാരണംകൊണ്ടാണ്. പരസ്പര ബഹുമാനത്തോടെയുള്ള അഥവാ ഉത്തരവാദിത്ത വ്യവസായം എന്ന ആശയത്തിലേയ്ക്ക് എത്തിനിൽക്കുകയാണ്. കേരളത്തിൽ വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്ന സംരംഭകരെ ഇരുകൈകളുംനീട്ടി സ്വീകരിക്കുന്ന നയമാണ് നമ്മുടേത്. കേരളത്തിലേയ്ക്ക് വരുന്ന നിക്ഷേപകരോട് ഏറ്റവും അനുകൂലമായ നിലപാടുകൾ സ്വീകരിച്ച സർക്കാരാണ് ഇടതുപക്ഷ സർക്കാർ. മുതൽമുടക്കുന്നവരോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ട് തൊഴിലാളികളുടെ അവകാശങ്ങളെയും പ്രകൃതിയെയും സംരക്ഷിക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. സർക്കാരിനുള്ളത്. വ്യവസായങ്ങൾക്കനുകൂലമായ സാഹചര്യം ഒരുക്കിക്കൊടുക്കുകയും പണിയെടുക്കുന്ന തൊഴിലാളികൾ സംതൃപ്തരാകുകയും ചെയ്യുമ്പോൾ മാത്രമേ ഉത്തരവാദിത്ത വ്യവസായം യാഥാർത്ഥ്യമാകൂ എന്ന നിലപാടാണ് ഈ ഗവൺമെന്റിനുള്ളത്. പ്രകൃതിയെ സംരക്ഷിക്കുമ്പോഴാണ് സുസ്ഥിര വികസനം യാഥാർത്ഥ്യമാകുന്നത്. സുസ്ഥിര വികസന സൂചികയിൽ എല്ലാ വർഷവും ഒന്നാമത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇതിൽ പരിഗണനാ വിഷയമായ വ്യവസായത്തിലും വികസനത്തിലും മികച്ച പ്രകടനമാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. വടക്കാഞ്ചേരി

മണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ 2003-ൽ പ്രവർത്തനമവസാനിപ്പിച്ച കെൽട്രോണിന്റെ 12 ഏക്കറോളം ഭൂമിയുണ്ട്. സ്റ്റേറ്റ് ഹൈവേയ്ക്കടുത്തായി സ്ഥിതിചെയ്യുന്ന പ്രസ്തുത സ്ഥലത്തിന്റെയടുത്ത് റെയിൽവേ സ്റ്റേഷനുമുണ്ട്. ലിക്വിഡേഷൻ നടപടിയുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമി ബഹുമാനപ്പെട്ട ഹൈക്കോടതിയിലാണ്. 44.13 കോടി രൂപ അടച്ച് ബാദ്ധ്യത തീർത്ത് കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഈ ഭൂമിയെറ്റെടുത്ത് കെൽട്രോണിന് പുതിയ വ്യവസായങ്ങൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. മറ്റൊന്ന് മൂന്ന് വ്യവസായ പാർക്കുകൾ എന്റെ മണ്ഡലത്തിലുള്ളതിൽ വളരെ പ്രധാനപ്പെട്ട വ്യവസായ യൂണിറ്റുകളാണ് അത്താണിയിലും മുണ്ടൂരുമുള്ളത്. ഇവയ്ക്കാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടിയുണ്ടാകണം. വടക്കാഞ്ചേരി മണ്ഡലത്തിൽ അവണൂർ പഞ്ചായത്തിൽ ചൂലിശ്ശേരിയിൽ നാലേക്കർ വരുന്ന പോൾ കാസ്റ്റിംഗ് യാർഡ് പുനർനിർമ്മിച്ച് പ്രവർത്തനക്ഷമമാക്കണമെന്നുകൂടി ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയോട് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാരിന് നിരവധി അംഗീകാരങ്ങൾ പല വഴികളിലൂടെ കിട്ടിക്കൊണ്ടിരിക്കുന്നുവെന്നാണ് ഭരണപക്ഷ സ്നേഹിതന്മാർ പറഞ്ഞത്. ഹൈക്കോടതിയിൽനിന്ന് ഒരംഗീകാരം കിട്ടിയതിന്റെ വാർത്തയാണ് ഇപ്പോൾ ബ്രേക്കിംഗ് ന്യൂസായി വന്നുകൊണ്ടിരിക്കുന്നത്. മരംമുറി കേസുമായി ബന്ധപ്പെട്ട പ്രതികളെ സംരക്ഷിക്കുന്ന സർക്കാരിന്റെ നിലപാടിനെതിരായുള്ള ഹൈക്കോടതിയുടെ അതിരൂക്ഷമായ വിമർശനങ്ങളാണ് മാധ്യമങ്ങൾ പുറത്തുവിട്ടിരിക്കുന്നത്. അപ്പോൾ കോടതിക്ക് കിറ്റ് കിട്ടിയില്ലേ എന്ന് നിങ്ങൾ ചോദിക്കരുത്. വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് 1,613 കോടിയാണ് ഒറിജിനൽ ഡിമാൻഡ്, Alteration memorandum-ൽ 22,000 രൂപ മാത്രമാണ് ആകെ വന്നിട്ടുള്ളത്. 1,613 കോടി രൂപ എന്നത് പരിശോധിക്കുമ്പോൾ 2019-20 വർഷത്തെ കണക്കുമാത്രമേ കൈവശമുള്ളൂ. 2019-20-ൽ 734 കോടി രൂപയാണ് റവന്യൂ എക്സ്പെൻഡിച്ചറായി കാണിച്ചിരിക്കുന്നത്, കഴിഞ്ഞ വർഷത്തേത് വന്നിട്ടുമില്ല. ഈ വർഷം 1,613 കോടി രൂപ എന്നുപറയുമ്പോൾ 120%-ലധികം വർദ്ധനവാണുണ്ടാകേണ്ടത്. എല്ലാവരും ഈ മേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് അടിയന്തരപ്രമേയമുൾപ്പെടെ ഉന്നയിക്കുമ്പോൾ,

ഈ കോവിഡ് കാലഘട്ടത്തിൽ 120 ശതമാനത്തിന്റെ വർദ്ധനവ് എങ്ങനെയാണെന്ന് പരിശോധിക്കുമ്പോൾ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ജനങ്ങളെ കബളിപ്പിക്കാൻ പ്രഖ്യാപിച്ച കേവലമായ പ്രഖ്യാപനങ്ങൾ മാത്രമുള്ള ഒരു ബഡ്ജറ്റായിരുന്നു കഴിഞ്ഞ ബഡ്ജറ്റെന്ന് കാണാൻ സാധിക്കും. കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത് അതാണ്. ഞാൻ കശുവണ്ടി വ്യവസായ മേഖലയിൽനിന്നുള്ള, 82 കശുവണ്ടി ഫാക്ടറികളുള്ള കൊല്ലം നിയോജകമണ്ഡലത്തിന്റെ എം.എൽ.എ.-യാണ്. 2852 എന്ന ഹെഡ്ഡിൽ ജൈവ കശുവണ്ടി കൃഷിക്ക് ആറര കോടി രൂപ, കശുവണ്ടി വികസന കോർപ്പറേഷന്റെ ബ്രാൻഡ് പ്രൊമോഷന് അൻപത് ലക്ഷം രൂപ, അന്താരാഷ്ട്ര വിപണിയിലെ ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനും അൻപത് ലക്ഷം രൂപ എന്നിങ്ങനെ ഏഴരക്കോടി രൂപയാണ് വകവച്ചിരിക്കുന്നത്. ക്യാപ്പിറ്റൽ എക്സ്പൻഡിച്ചറിൽ The Kerala State Cashew Workers Apex Industrial Co-operative Society (CAPEX)-ക്ക് കൊടുക്കുന്നത് അഞ്ചുകോടി രൂപയും The Kerala State Cashew Development Corporation Limited (KSCDC)-ന്റെ നവീകരണത്തിന് അഞ്ചരക്കോടി രൂപയുമാണുള്ളത്.

കശുവണ്ടി വ്യവസായ മേഖലയിൽ എന്റെ മണ്ഡലത്തിലെ 82 എണ്ണമുൾപ്പെടെ ഏതാണ്ട് 800-ന് മുകളിൽ ഫാക്ടറികൾ കേരളത്തിലുണ്ട്. പുതുതായി തൊഴിൽദിനങ്ങൾ കൂട്ടുന്നതിനും കാപെക്സിനോ കശുവണ്ടി വ്യവസായ കോർപ്പറേഷനോ അതുപോലെ സ്വകാര്യ മേഖലകളിലെ ഫാക്ടറികളിൽ ഉൽപ്പാദനം ആരംഭിക്കുന്നതിനുവേണ്ടിയിട്ടുള്ള സർക്കാരിന്റെ യാതൊരു സാമ്പത്തിക പിന്തുണയും ഈ ബഡ്ജറ്റ് രേഖകളിലൂടെ കടന്നുപോകുമ്പോൾ വകയിരുത്തിയിട്ടില്ല. അങ്ങേയ്ക്ക് ആഗ്രഹമുണ്ടായിരുന്നുവെന്ന് എനിക്കറിയാം. പക്ഷെ ധനകാര്യ വകുപ്പിന്റെ പിന്തുണ അക്കാര്യത്തിൽ കിട്ടിയിട്ടില്ല. അങ്ങ് മറുപടി പറയുമ്പോൾ അനുകൂലമായ സമീപനം ഈ വ്യവസായ മേഖലയ്ക്കുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. കൊല്ലം ജില്ലയിലെ എല്ലാ എം.എൽ.എ.-മാർക്കും ഈ അഭിപ്രായമുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ബഹുമാന്യനായ ശ്രീ. പി. എസ്. സുപാൽ ഈ വിഷയത്തിൽ ഒരു സബ്മിഷൻ എനിക്കുമുൻപ് ഇവിടെ ഉന്നയിച്ചതാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംബന്ധിച്ച് സഭയിൽ എല്ലാവരും പറഞ്ഞു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ പതിനെട്ടാം സ്ഥാനത്തായിരുന്ന കേരളം ഇപ്പോൾ ഇരുപത്തിയെട്ടാമതാണ് നിൽക്കുന്നത്.

ഇരുപത്തിയൊൻപതാം റാങ്കുള്ള അഞ്ച് സംസ്ഥാനങ്ങൾ മാത്രമേയുള്ളൂ. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിലടക്കം (HDI) എല്ലാക്കാലത്തും ഒന്നാംസ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ഇരുപത്തിയെട്ടാം റാങ്കിലേയ്ക്ക് വരുന്നു. എന്റെ സ്നേഹിതൻ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി പറഞ്ഞതുപോലെ, മാനദണ്ഡങ്ങളുടെ കാര്യം മാത്രം പരിശോധിക്കേണ്ട. ആത്മഹത്യചെയ്യുന്ന പ്രവാസികളുടെ ഭാര്യയെപ്പോലും പാർട്ടി പത്രത്തിലൂടെ അപമാനിക്കുന്ന സമീപനമെടുക്കുമ്പോൾ വ്യവസായ സൗഹൃദ സമീപനത്തെക്കുറിച്ച് റാങ്ക് ലിസ്റ്റിന്റെ തെളിവിലേയ്ക്കൊന്നും കടക്കേണ്ട കാര്യമില്ല. ഇവിടെ എങ്ങനെയാണ് ആളുകൾ നിക്ഷേപിക്കാൻ വരുന്നത്? കോവിഡ് കാലം MSME-യുടെ കാര്യത്തിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ന് അടിയന്തരപ്രമേയമായി വന്നൊരു വിഷയമാണത്. സർക്കാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കടകളും വ്യാപാര സ്ഥാപനങ്ങളുമടച്ച് വ്യവസായികൾ സഹകരിക്കുകയാണ്. വ്യാപാരസ്ഥാപനങ്ങൾ അടഞ്ഞുകിടക്കുകയാണെന്ന് സർക്കാരിന് അറിയാമെങ്കിൽ കേരളത്തിലെ വ്യാപാരികളെ വൈദ്യുതി ബോർഡിന്റെ ഫിക്സഡ് ചാർജ്ജിൽനിന്ന് ഒഴിവാക്കാനുള്ള തീരുമാനത്തെക്കുറിച്ച് ഇന്ന് മറുപടി പറയുമ്പോൾ

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല, എന്നിട്ടും ഫിക്സഡ് ചാർജ്ജ് കൊടുക്കണമെന്ന് പറയുന്നത് അനീതിയല്ലേ; വ്യാപാരികൾക്ക് പ്രളയകാലത്ത് വലിയ നഷ്ടമുണ്ടായതിനുശേഷം 2,000 കോടി രൂപ ലക്ഷ്യംവച്ചുകൊണ്ട് പ്രളയ സെസ്സ് ഏർപ്പെടുത്തി. പ്രളയത്തിന്റെ ദുരിതമനുഭവിച്ചവരുടെ ചുമലിലേയ്ക്ക് സെസ്സിന്റെ ഭാരവുംകൂടി അടിച്ചേൽപ്പിച്ചു. പ്രളയ സെസ്സിൽ കൂടിശ്ശിക വരുത്തുന്ന വ്യാപാരികൾ പതിനെട്ട് ശതമാനം പലിശ നൽകണമെന്ന തീരുമാനം പിൻവലിക്കാൻ നടപടി സ്വീകരിക്കണം. വ്യാജപ്രചരണ ങ്ങളാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. കേരളത്തിന്റെ സ്വന്തം ലാപ്ടോപ് (കോക്കൊണിക്സ്) എന്ന പ്രഖ്യാപനം നടത്തി. ഇനി നമ്മുടെ മുമ്പിൽ ആപ്പിളും എച്ച്.പി.-യുമെല്ലാം നിന്നുവിറയ്ക്കും. കേരളത്തിന്റെ സ്വന്തം ലാപ്ടോപ് ഇപ്പോൾ എന്തായി; മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. ശിവശങ്കറിന്റെ കുഞ്ഞായിരുന്നു കോക്കൊണിക്സ്. കെൽട്രോണിന് ആദ്യം താല്പര്യമുണ്ടായിരുന്ന സംരംഭമല്ലയിത്. കെൽട്രോണിനെ നിർബന്ധിച്ച് ഒരു സ്വകാര്യ കുത്തക മുതലാളിത്ത സ്ഥാപനത്തിന് കമ്മ്യൂണിസ്റ്റ് സർക്കാർ പ്രതിവർഷം രണ്ട് ലക്ഷം ലാപ്ടോപ് നിർമ്മിക്കുമെന്ന് പറഞ്ഞ് 49

ശതമാനം ഓഹരിയും സർക്കാരിന്റെ സ്ഥലവും നൽകി. ലാപ്ടോപ് ലഭിക്കുന്നതിനായി 93,043 പാവപ്പെട്ട കുഞ്ഞുങ്ങൾ അപേക്ഷ നൽകി. കുടുംബശ്രീയിലെ വനിതകൾ മാസം 500 രൂപവീതം നിക്ഷേപിച്ചു. ആ കോക്കൊണിക്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. കോക്കൊണിക്സ് ലാപ്ടോപ്പുകൾ പ്രവർത്തിക്കുന്നില്ലെന്നാണ് മാദ്ധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നത്. അതൊരു തട്ടിപ്പ് ലാപ്ടോപാണ്. മൂവായിരത്തിനുതാഴെ കുഞ്ഞുങ്ങൾക്ക് ലാപ്ടോപ് അസംബിൾ ചെയ്തുകൊടുത്തിട്ട് കേരളത്തിന്റെ സ്വന്തം ലാപ്ടോപാണെന്നുള്ള വ്യാജപ്രചരണം രാജ്യം മുഴുവൻ നടത്തിയില്ലേ; അതിന്റെ പിന്നിൽ വലിയ അഴിമതി നടന്നിട്ടുണ്ടെന്ന ആരോപണമുണ്ട്. കോക്കൊണിക്സുമായിട്ടുള്ള ഇടപാടുകളെ സംബന്ധിച്ച് വ്യവസായ വകുപ്പ് പ്രത്യേകിച്ച് കെ.എസ്.ഐ.ഡി.സി.-യും കെൽട്രോണും ഇതിന്റെ ഭാഗമായതുകൊണ്ട് ഒരന്വേഷണം നടത്തണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

എന്റെ മണ്ഡലമായ കുണ്ടറ ഒരുകാലത്ത് ആലുവപോലെ കേരളത്തിന്റെ പ്രധാനപ്പെട്ട വ്യവസായ കേന്ദ്രമായിരുന്നു. ലക്ഷ്മി സ്റ്റാർച്ച് ലിമിറ്റഡ്, Kerala Ceramics Limited, Kerala Electrical and Allied Engineering

Company (KEL), The Aluminium Industries Limited (ALIND) ഇവയെല്ലാം പ്രൗഢിയോടും പ്രതാപത്തോടുംകൂടി പ്രവർത്തിച്ചിരുന്ന എന്റെ നിയോജകമണ്ഡലം ഇന്ന് വ്യവസായ മേഖലയിൽ വലിയ പ്രതിസന്ധി നേരിടുകയാണ്, ഊർദ്ധശ്വാസം വലിക്കുകയാണ്. പൊതു-സ്വകാര്യ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിച്ചുചേർക്കാൻ മുൻകയ്യെടുക്കണം. കെ.എസ്.ഇ.ബി.എൽ.-നെ സംബന്ധിച്ച കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, രണ്ട് ഡ്യൂട്ടി ചെയ്യുന്നവരെ deploy ചെയ്യണമെന്ന ചീഫ് എഞ്ചിനീയറുടെ തീരുമാനം മൂവാറ്റുപുഴയിലെ ഒരു എഞ്ചിനീയർ നടപ്പിലാക്കിയ സമയത്ത് സ്ഥലംമാറ്റപ്പെട്ടയാൾ സി.ഐ.ടി.യൂണിയന്റെ നേതാവായിരുന്നുവെന്നതിന്റെ പേരിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിച്ച അദ്ദേഹത്തെ സ്ഥലം മാറ്റുന്നതിനുമാത്രമായി ഒരുത്തരവിറക്കിയിരിക്കുന്നത് പ്രത്യേകം പരിശോധിക്കണമെന്നഭ്യർത്ഥിക്കുകയാണ്. സഭയിൽ ഇന്നലെ ചില സ്നേഹിതന്മാർ തൊഴിലിടങ്ങളിലെ സമരങ്ങളിൽ പോലീസിന്റെ ഇടപെടൽ ഒന്നാം കമ്മ്യൂണിസ്റ്റ് സർക്കാരില്ലാതാക്കിയെന്ന് പ്രസംഗിച്ചത് ജൂലൈ 26 നാണ്. അതിന്റെ പ്രത്യേകതയെന്താണ്; ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാർ ചന്ദനത്തോപ്പിൽ രാമൻ, സുലൈമാൻ എന്നീ

രണ്ട് തൊഴിലാളി നേതാക്കന്മാരെ വെടിവെച്ച് കൊന്നത് ജൂലൈ 26-നായിരുന്നു. അന്നുതന്നെ ഇവിടെവന്ന് അങ്ങനെയൊരു പ്രസംഗം നടത്തുമ്പോൾ ആ രക്തസാക്ഷിത്വങ്ങളെ ചരിത്രനിഷേധത്തിൽക്കൂടി റദ്ദുചെയ്യുന്ന സമീപനം സി.പി.ഐ.-യുടെ ഒരംഗം ചെയ്തത് ശരിയായില്ല. കാരണം അച്യുതമേനോന്റെ സി.പി.ഐ.-യോട് ഞങ്ങൾക്ക് ബഹുമാനമാണുള്ളത്. ഇന്നലെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പോലീസിനെയെല്ലാം വല്ലാതെ പ്രശംസിക്കുന്നത് കേൾക്കുമ്പോൾ സി.പി.ഐ.-യുടെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. പ്രകാശ് ബാബുവിന്റെ റിപ്പോർട്ട് എം.എൻ. സ്മാരകത്തിലുണ്ട്. പാലക്കാട് ജില്ലയിലെ മഞ്ചക്കട്ടിയിൽ നടന്ന വ്യാജ ഏറ്റുമുട്ടലിനെക്കുറിച്ച് സി.പി.ഐ. നിയോഗിച്ച കമ്മിഷൻ പരിശോധിച്ച് കണ്ടെത്തിയ നിഗമനങ്ങൾ എം. എൻ. സ്മാരകത്തിലുണ്ട്. അതിനാൽ അതെങ്കിലും പരിശോധിച്ചിട്ടുവേണം ഈ പ്രശംസ നടത്തേണ്ടതെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കശുവണ്ടി മേഖലയിലെ വ്യവസായങ്ങളെ നിലവിൽ MSME-യുടെ സാമ്പത്തികസഹായം ലഭിക്കാത്ത വിധത്തിൽ നെഗറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അടിയന്തരമായും മന്ത്രി ഇടപെട്ട് നെഗറ്റീവ് ലിസ്റ്റിൽനിന്നും വ്യവസായങ്ങളെ ഒഴിവാക്കാനുള്ള നടപടി

സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഈ മേഖലകളെല്ലാം തകർന്നിരിക്കുകയാണ്. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ അല്ലാതെ മറ്റൊരു പരിഹാരവുമില്ല. അടിയന്തരമായും സർക്കാർ ഈ മേഖലയിൽ പ്രയാസമനുഭവിക്കുന്ന ആളുകളുൾപ്പെടെ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും 6,000 രൂപ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറായി നൽകണമെന്ന തീരുമാനമെടുക്കണം. അല്ലാതെ തട്ടിപ്പ്, ജാലവിദ്യ, വ്യാജപ്രചരണങ്ങൾ എന്നിവകൊണ്ട് ജനങ്ങളനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാവുകയില്ല. അതിനാൽ ഛത്തീസ്ഗഢിലെയും തമിഴ്നാട്ടിലെയും സർക്കാരുൾപ്പെടെ നടപ്പിലാക്കിയിരിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പ്രഖ്യാപിക്കാൻ കേരള സർക്കാർ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാനെതിർക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, വ്യവസായ മേഖലയിൽ വളരെയധികം ശ്രദ്ധിക്കേണ്ട ഒന്നായ അമ്പലമേട്ടിലെ പ്രെട്രോകെമിക്കൽസിനായി കേന്ദ്രസർക്കാർ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് മുടക്കിയിരിക്കുന്നത് 35,000 കോടി രൂപയാണ്. പെട്രോകെമിക്കൽസ് പാർക്ക് വരാൻ പോകുന്നതിന്റെ പ്രയോജനം കേരളത്തിന് ലഭിക്കേണ്ടതല്ലേ? പെട്രോകെമിക്കൽസുമായി ബന്ധപ്പെട്ട ജോലികൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെയല്ല,

പോളിടെക്നിക് യോഗ്യതയുള്ളവരെയാണ് ആവശ്യം. ഈ മേഖലയിൽ ജോലി ചെയ്യുന്നതിനാവശ്യമായ വിഷയങ്ങൾ പോളിടെക്നിക്കുകളിൽ പഠിപ്പിക്കുന്നുണ്ടോ; ഇത്രയുമധികം മുതൽമുടക്കുള്ള മേഖലയിലുണ്ടാകാൻ പോകുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ കേരളത്തിന് കഴിയുന്നുണ്ടോ; കെമിക്കൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയവയിൽ പലവിഷയങ്ങളും നമ്മുടെ പോളിടെക്നിക്കുകളിലില്ല. ഓൾ ഇന്ത്യ ലെവലിലാണ് സെലക്ഷൻ നടക്കുന്നത്. അപേക്ഷ ക്ഷണിച്ച് ഓൾ ഇന്ത്യ ലെവലിൽ മത്സരമുണ്ടാകുമ്പോൾ പ്രസ്തുത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ കേരളത്തിൽനിന്നും കാണില്ല. നിലവിലുള്ള പോളിടെക്നിക്ക് കോഴ്സുകൾക്ക് പുറമെ അടിയന്തരമായും ഇത്തരം ജോലികളുമായി ബന്ധപ്പെട്ട കോഴ്സുകളാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പല എഞ്ചിനീയറിംഗ് കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ കണ്ടെത്തി ഇൻസ്ട്രുമെന്റേഷൻ, കെമിക്കൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ തുടങ്ങിയ വിഷയങ്ങളിൽ മൂന്നുവർഷത്തെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതുമൂലം കേരളത്തിലെ ആളുകൾക്ക് ജോലി ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. കേരളത്തിൽ പ്രസ്തുത പാർക്ക് യാഥാർത്ഥ്യമാകുമ്പോൾ

ഇവിടെ ജോലിചെയ്യുന്നവർ മറ്റുസംസ്ഥാനങ്ങളിൽനിന്നുള്ളവരായിരിക്കും. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതാണെങ്കിലും ഇതിനാവശ്യമായ പരിശീലന പരിപാടി സംഘടിപ്പിക്കാൻ വ്യവസായ വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്. പെട്രോകെമിക്കൽ പാർക്കിന്റെ പ്രവർത്തനം ഏതുഘട്ടത്തിലായിരിക്കുന്നുവെന്നും 35,000 കോടി രൂപ മുടക്കിയപ്പോൾ എത്രപേർക്ക് സ്ഥിര ജോലിയും താൽക്കാലിക ജോലിയും ലഭിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഗുജറാത്തിൽ ഒരു പെട്രോകെമിക്കൽ യൂണിവേഴ്സിറ്റിയുണ്ട്. നമ്മൾ എന്തുകൊണ്ട് ഇത്തരം കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നില്ല, ബഹുദൂരം മുന്നോട്ടുപോകുന്നില്ലെന്നുള്ള കാര്യം ഞാൻ ഉന്നയിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിവിധോദ്ദേശ്യ വ്യവസായ പാർക്കുകളെക്കുറിച്ച് പറഞ്ഞിരുന്നു. ഞാനിത് പറയുമ്പോൾ പ്രാദേശികവാദം ഉന്നയിക്കുകയാണെന്ന് പറയരുത്. അഞ്ച് ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കുമെന്നാണ് 163-ാം ഖണ്ഡികയിൽ അദ്ദേഹം പറഞ്ഞത്. പട്ടന്നൂർ - പനയത്തുപറമ്പിൽ 1000 ഏക്കർ, തൊടുപുഴയിൽ 900 ഏക്കർ, മങ്കടയിൽ 700 ഏക്കർ, കാസർഗോഡ് 500 ഏക്കർ എന്നിവയിൽ എത്രയെണ്ണം നടപ്പിലാക്കി? തൊടുപുഴയിൽ 900

ഏക്കർ എന്നത് മലങ്കര എസ്റ്റേറ്റാണ്, ആറിന്റെ ഒരു വശമാണ്. ആ പ്രദേശം ഞാൻ നിർദ്ദേശിച്ചതല്ല. അവിടെനിന്നും ഒരു മണിക്കൂർ ദൂരം സഞ്ചരിച്ചാൽ നെടുമ്പാശ്ശേരി എയർപോർട്ടിലെത്താം. ഒറ്റ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ ആരെയും നമുക്ക് ഇറക്കിവിടേണ്ടി വരുന്നില്ല. വിവിധോദ്ദേശ്യ പാർക്കിൽ പന്ത്രണ്ട് മാസവും വെള്ളം ലഭ്യമാകുന്ന ഒരു സ്ഥലംകൂടിയാണ് തൊടുപുഴ. കേരളത്തിലെ ഇപ്പോഴുള്ള ടെക്നോപാർക്കിനെക്കാൾ പ്രാധാന്യമുള്ള സ്ഥലമായി ഇത് മാറും. സർക്കാർ നിഷ്പക്ഷമായി ചിന്തിച്ച് ഇതിനൊരു തീരുമാനമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വിവിധോദ്ദേശ്യ പാർക്കുകൾ തീർച്ചയായും വലിയ പ്രയോജനവും ഒട്ടേറെ തൊഴിലവസരങ്ങളുമുണ്ടാക്കും. ഈ സ്ഥലത്ത് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളൊരുക്കിയാൽ കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കാൻ കഴിയും. സംസ്ഥാനത്ത് പലയിടത്തും സ്ഥലങ്ങളേറ്റെടുത്തിട്ടുണ്ട്. തൊടുപുഴയിൽ തുടങ്ങനാട് കിൻഫ്ര ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ ഇൻഫ്രാസ്ട്രക്ചറുണ്ടായാൽ വ്യവസായങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ളവരുണ്ട്.

മരങ്ങൾ ധാരാളമുള്ള സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിളിംഗ് വലിയ തോതിൽ നടപ്പിലാക്കണം. Touchings

വെട്ടുന്നതുതന്നെ വലിയ ജോലിയാണ്. വൈദ്യുതി മുടങ്ങുന്നതിനുള്ള പ്രധാനപ്പെട്ട കാരണവുമതാണ്. പരമാവധി ഭൂഗർഭ കേബിൾ സ്ഥാപിച്ച് ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കണമെന്നാണെനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Uninterrupted power supply ഉറപ്പാക്കണമെന്നാണ് വൈദ്യുതി വകുപ്പുമന്ത്രിയോട് പറയാനുള്ളത്. ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കണമെങ്കിൽ Uninterrupted power supply വേണമെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

പെട്രോകെമിക്കൽസിനെക്കുറിച്ച് വ്യവസായ വകുപ്പുമന്ത്രി പ്രത്യേകം ആലോചിക്കണം. പെട്രോകെമിക്കൽസിന് ഗുജറാത്തിൽ ഒരു യൂണിവേഴ്സിറ്റിതന്നെ ആരംഭിച്ചിരിക്കുന്നു. അത്തരം മേഖലകളെക്കുറിച്ച് കൂടുതൽ ചിന്തിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. 1957 മുതൽ 2020 വരെ കേരളം പ്രഗത്ഭരായ നിരവധി വ്യവസായ-വൈദ്യുതി വകുപ്പുമന്ത്രിമാരെ കണ്ടിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായ പുതിയ ആവശ്യങ്ങളും നൂതനമായ ആശയങ്ങളുമാണ്

ഇന്നത്തെ കാലഘട്ടവും ചരിത്രവും നമ്മോട് ആവശ്യപ്പെടുന്നത്. അത് നിർവ്വഹിക്കുന്നതിന് ഭാവനാസമ്പന്നതയും ദീർഘവീക്ഷണവുമുള്ള വ്യവസായ വകുപ്പുമന്ത്രിയും അനുഭവസമ്പന്നനായ വൈദ്യുതിവകുപ്പുമന്ത്രിയും നമുക്കുണ്ട്. അവരുടെ കരങ്ങളിൽ ഭാവി കേരളം സുരക്ഷിതമായിരിക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. കേരളത്തിന്റെ വ്യവസായ പുരോഗതിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കേരളം ആത്മവിമർശനം നടത്തേണ്ടതുണ്ട്, എന്തെന്നാൽ, ആയുർദൈർഘ്യത്തിലും ശിശുമരണനിരക്കിലും വിദ്യാഭ്യാസരംഗത്തും ഉൾപ്പെടെ ലോകത്തിന് ധാരാളം മാതൃകകൾ സമ്മാനിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ, വ്യവസായ രംഗത്ത് അങ്ങനെയൊരു കേരള മോഡൽ ആവിഷ്കരിക്കപ്പെടാൻ കഴിയാതെപോയത് എന്തുകൊണ്ടാണ്? ഇതിനർത്ഥം വ്യവസായ രംഗത്ത് കേരളത്തിലെ സംഭാവനകളില്ല എന്നല്ല, പുതിയ വ്യവസായ വകുപ്പുമന്ത്രി ചുമതലയെടുത്തശേഷം പുതിയ മാറ്റങ്ങൾ ദൃശ്യമാണ്. സർക്കാരിന്റെ തീരുമാനങ്ങളും മന്ത്രിയുടെ പ്രഖ്യാപനങ്ങളും വലിയ പ്രതീക്ഷ ഉളവാക്കുന്നതാണ്. വ്യവസായങ്ങളാരംഭിക്കുന്നതിനുള്ള നടപടിക്രമം ലളിതമാക്കുമെന്നുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനവും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പത്ത് വർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ലാൻ

തയ്യാറാക്കുമെന്ന തീരുമാനവും സ്വാഗതാർഹമാണ്. ഓരോ വ്യവസായ സ്ഥാപനവും ഹ്രസ്വ-ദീർഘകാല പദ്ധതികൾ തയ്യാറാക്കണമെന്നും ശക്തി ദൗർബല്യങ്ങൾ മനസ്സിലാക്കി സാങ്കേതികവിദ്യകൾ മെച്ചപ്പെടുത്തി വ്യവസായങ്ങൾ ലാഭത്തിലെത്തിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നും റിയാബ് അതിന്റെ മേൽനോട്ടം വഹിക്കണമെന്നുമുള്ള നിർദ്ദേശവും കെ.എസ്.ഐ.സി.ഡി.സി.-യെ പുനഃസംഘടിപ്പിച്ച് കിൻഫ്രയും ജില്ലാ വ്യവസായ കേന്ദ്രങ്ങളും കൂടുതൽ കാര്യക്ഷമമാക്കുമെന്നുമുള്ള പ്രഖ്യാപനവും ആവേശകരവും വലിയ പ്രതീക്ഷ നൽകുന്നതുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥ നിയമനത്തിന് റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനവും മുൻ ഹൈക്കോടതി ജഡ്ജിയും സെക്രട്ടറിതല ഉദ്യോഗസ്ഥരുംചേർന്ന സമിതി രൂപീകരിച്ച വിദഗ്ധരുടെ പാനലിൽനിന്നും യോഗ്യതയുള്ളവരെ വിജിലൻസ് ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാസ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുമെന്നുമുള്ള പ്രഖ്യാപനവുമെല്ലാം നിശ്ചയദാർഢ്യ ത്തോടെ നടപ്പാക്കാൻ കഴിയണം. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കുമെന്നും ഓൺലൈൻ സംവിധാനം

ശക്തിപ്പെടുത്തുമെന്നുള്ള പ്രഖ്യാപനമുൾപ്പെടെ സഫലമാകട്ടെയെന്ന് ആശിക്കുകയാണ്. കേരളത്തിൽ വലിയ വ്യവസായ വികസന സാധ്യതകളാണ് തുറന്നുതരുന്നത്. കേരളത്തിൽ വൻകിട വ്യവസായ വികസന പദ്ധതികൾക്ക് സാദ്ധ്യത കുറവാണെന്ന് എല്ലാവർക്കുമറിയാമെങ്കിലും അതിനുകാരണം ഭൂമിയുടെ ലഭ്യതക്കുറവും വൈദ്യുതിയുടെ പരിമിതികളുമാണ്. കേരളത്തിന്റെ വ്യവസായരംഗം നവീകരിക്കാൻ വലിയ സാധ്യതകളാണ് പുതിയകാലം നമുക്ക് തുറന്നുതരുന്നത്. ഇതിനുപുറമെ, ഇൻഫർമേഷൻ ടെക്നോളജിയുടെയും ടൂറിസത്തിന്റെയും സാദ്ധ്യതകൾ നല്ലനിലയിൽ ഉപയോഗിക്കാൻ കഴിയണം. പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങൾക്ക് മുൻതൂക്കം നൽകാൻ കഴിയണം. വ്യവസായ രംഗത്തിന്റെ നവീകരണത്തിന്റെ ഭാഗമായി പഴയകാലത്ത് വ്യവസായത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഭൂമി പല കാരണങ്ങളാൽ വ്യവസായം തളർച്ച നേരിടുന്നപക്ഷം വ്യവസായേതര ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥിതിയുണ്ടാകുന്നത്. അത്തരത്തിലുള്ള ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലെന്ന് നിയമമുണ്ടെങ്കിലും അതിനെ മറികടന്ന് ടൗൺഷിപ്പുകൾ സ്ഥാപിക്കുന്നതിനും റിയൽ എസ്റ്റേറ്റ് താൽപ്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുമുള്ള ശ്രമങ്ങൾ തടയണം. എറണാകുളത്തെ ടാറ്റാ കമ്പനി അതിന് ഉദാഹരണമാണ്. കൊച്ചി

രാജാവിന്റെ കാലത്ത് വ്യവസായം തുടങ്ങാൻ കൈമാറിയതാണ് അവിടത്തെ ഭൂമി. കൊച്ചി രാജാവും അന്നത്തെ കൊച്ചി സർക്കാരുമായുണ്ടാക്കിയ കരാറിന്റെ രേഖകൾപോലും ആർക്കിയോളജി വകുപ്പിലില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവ ഇവിടെനിന്ന് കളവ് ചെയ്യപ്പെട്ട് ബ്രിട്ടണിലെ പ്രധാനപ്പെട്ട ലൈബ്രറികളിൽമാത്രം കാണാൻ കഴിയുന്ന ഒന്നാണ്. ഇന്ന് 54 ഏക്കറോളം വരുന്ന ഭൂമിയാണ് ടാറ്റ കമ്പനിയുടെ കൈവശമുള്ളതും കൺവെർട്ട് ചെയ്യപ്പെടുന്നതും. കേരളത്തിന്റെ വ്യവസായ പുരോഗതിക്ക് നമ്മുടെ നയങ്ങളിലും സമീപനങ്ങളിലും മാറ്റങ്ങൾ വരണം. നിശ്ചലമായ വ്യവസായങ്ങളുടെ ഭൂമിയും പശ്ചാത്തല സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ഇന്റഗ്രേറ്റഡ് സ്റ്റീൽ പാർക്ക് സ്ഥാപിക്കാൻ കഴിയണം. ഒമാൻപോലുള്ള രാജ്യങ്ങളിൽ നിലനിൽക്കുന്ന 60 ശതമാനം സർക്കാർ മൂലധനവും 40 ശതമാനം സ്വകാര്യ പങ്കാളിത്തവുമെന്ന വ്യവസ്ഥകൾ നമുക്ക് ആലോചിക്കാവുന്നതാണ്. നാൽപ്പത് ശതമാനത്തോളം എൽ.എൻ.ജി. ഇത്തരം വ്യവസായങ്ങൾക്ക് ഗ്യാരന്റി നൽകാനാകും. പെട്രോകെമിക്കൽ ഇൻഡസ്ട്രിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നമുക്ക് ഫാർമാ കെമിക്കൽ വ്യവസായം പ്രോത്സാഹിപ്പിക്കാൻ കഴിയണം. ഹൈദരാബാദ് പോലുള്ള സ്ഥലങ്ങളാണ് ഇന്ത്യയിലെ ഫാർമസ്യൂട്ടിക്കൽ രംഗത്തിന്റെ പ്രധാനപ്പെട്ട

ഹബ്ബായി കണക്കാക്കുന്നത്. ബി.പി.സി.എൽ.-ഉം എച്ച്.ഒ.സി.-യും നൽകുന്ന ബൈപ്രോഡക്ടുകൾ ഫാർമസ്യൂട്ടിക്കൽ രംഗത്തെ ശക്തിപ്പെടുത്താൻ സഹായിക്കും. പെട്രോകെമിക്കൽ പാർക്കിനാവശ്യമായ ഭൂമി കേരള സർക്കാർ ഏറ്റെടുത്ത് ലീസ് വ്യവസ്ഥയിൽ നൽകിക്കഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വ്യവസായികൾക്കാവശ്യമായ ഇളവുകളും സൗജന്യങ്ങളും നൽകി അവരെ കേരളത്തിൽ നിലയുറപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയണം. ബി.പി.സി.എൽ.-ൽ കേരള ഗവൺമെന്റിന്റെ അഞ്ച് ശതമാനം ഷെയറുണ്ട്, ഗവൺമെന്റിന്റെ ഒരു പ്രതിനിധിയെ അതിൽ നിശ്ചയിച്ചാൽ അത് നമ്മുടെ താൽപ്പര്യങ്ങൾക്കുകൂടി പ്രയോജനപ്പെടുമെന്ന് ഞാൻ കണക്കാക്കുകയാണ്. കേബിൾ രംഗത്ത് പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് 1960-ൽ സ്ഥാപിതമായ ട്രാക്കോ കേബിൾ കമ്പനി. കഴിഞ്ഞ അഞ്ചുവർഷം ഇടതുപക്ഷമുന്നണി സർക്കാർ 17.9 കോടി രൂപ മുതൽമുടക്കി അത്യാധുനിക സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്ന അഭിമാനകരമായ സ്ഥാപനമാണത്. കെ.എസ്.ഇ.ബി.എൽ.-നാവശ്യമായ വിവിധ കമ്പികളും കേബിളുകളും ഒരു റേറ്റ് കോൺട്രാക്ടുടിസ്ഥാനത്തിൽ നൽകിയാൽ ആ സ്ഥാപനത്തെ നിലനിർത്താൻ കഴിയും. അതുപോലെ സൺറൈസ് അഥവാ സൂര്യോദയ

വ്യവസായത്തിന്റെ പട്ടികയിൽവരുന്ന കരിമണൽ വ്യവസായത്തിനായി ചവറ, നീണ്ടകര ഭാഗത്തെ കരിമണൽ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. സർ സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് പോലുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടെങ്കിലും കരിമണൽ നാം കയറ്റുമതി ചെയ്യുകയാണ്. എന്നാൽ ഉൽപ്പന്നാധിഷ്ഠിത വ്യവസായങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അനന്തസാദ്ധ്യതകളുള്ള ഈ മേഖലയെ ഉപയോഗപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LNG-യെക്കുറിച്ച് പലരും ഇവിടെ പരാമർശിക്കുകയുണ്ടായി. കൊച്ചിയിലുൾപ്പെടെയുള്ള വ്യവസായശാലകൾക്ക് LNG നൽകുന്നത് പരമാവധി ഉപയോഗപ്പെടുത്താൻ കഴിയണം. എൽ.എൻ.ജി.-യുമായി ബന്ധപ്പെട്ട മറ്റൊരുവിഷയം സംബന്ധിച്ച് ഞാനൊരു ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിട്ടുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഫുഡ് ഇൻഡസ്ട്രിയുടെ കാര്യത്തിലും കേരളത്തിന് വലിയ ഭാവിയുള്ളതാണ്. മൂല്യവർദ്ധിത ഉല്പന്നമേഖലയിലും കുടുംബശ്രീ ഉൾപ്പെടെയുള്ള മനുഷ്യവിഭവശേഷിയെ ആ മേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിയണം. എറണാകുളം ജില്ലയിൽ സ്ഥിതിചെയ്യുന്ന

വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിനോട് ചേർന്നുകിടക്കുന്ന മുളവുകാട് ഗ്രാമപഞ്ചായത്തിലെ തരിശുഭൂമിയുൾപ്പെടെ 250 ഏക്കറോളം ഭൂമി സർക്കാർ ഏറ്റെടുത്ത് ലോജിസ്റ്റിക് ആൻഡ് ഇൻഡസ്ട്രിയൽ പാർക്കും അതുപോലെ പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളും ആരംഭിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ വ്യവസായതലസ്ഥാനമായ കളമശ്ശേരി ഏലൂർ വ്യവസായമേഖല ഇന്ന് തകർച്ചയെ നേരിടുകയാണ്. കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളാണെങ്കിലും IAC (Indian Aluminium Company), FACT, TCC, HMT തുടങ്ങിയവയെല്ലാം തകർച്ചയെ നേരിടുകയാണ്. FACT-ൽ പതിനായിരമാളുകൾ തൊഴിലെടുത്തപ്പോൾ ഇന്ന് രണ്ടായിരത്തിൽത്താഴെ ആളുകൾ മാത്രമാണ് പണിയെടുക്കുന്നത്. ഇപ്പോഴും ഈ വ്യവസായങ്ങളുടെയെല്ലാം പശ്ചാത്തലസൗകര്യങ്ങൾ അവിടെയുണ്ട്. അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക നടപടി സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. പതിനെട്ടോളം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും നിരവധി സംസ്ഥാനപൊതുമേഖലാ സ്ഥാപനങ്ങളും കേരളത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. പൊതുവേ കേരളം നിക്ഷേപ, വ്യവസായസൗഹൃദ സംസ്ഥാനമാണ്. കേരളം

വ്യവസായവിരുദ്ധ സംസ്ഥാനമാണെന്നും നിക്ഷേപസൗഹൃദമല്ലെന്നുമുള്ള കള്ളപ്രചാരവേല നടക്കുന്ന കാലമാണിത്. എത്രയോ വ്യവസായങ്ങൾ കേരളത്തിൽ നല്ലനിലയിൽ നടക്കുന്നു. കേരളത്തിൽ മികച്ച നിക്ഷേപസൗഹൃദ അന്തരീക്ഷമാണുള്ളതെന്നതിന്റെ തെളിവാണ് അപ്പോളോ ടയേഴ്സ്, മലയാള മനോരമയുടെ കോട്ടയത്തുള്ള എം.ആർ.എഫ്. ടയേഴ്സ്, പ്രീമിയർ ടയേഴ്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെല്ലാം ഇവിടെനിന്നും കെട്ടുകെട്ടാതെ ഇവിടെത്തന്നെയാണ് നല്ലനിലയിൽ പ്രവർത്തിക്കുന്നത്. വ്യവസായ വികസനത്തിന്റെയും വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെയും കാര്യത്തിൽ കേരളം പ്രധാനപ്പെട്ട സവിശേഷതയുള്ള നാടാണ്. കേരളത്തിന്റെ വനസമ്പത്തും ജലസമ്പത്തും മനുഷ്യശേഷിയും ധാതുസമ്പത്തുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ഐശ്വര്യസമ്പന്നമായൊരു കേരളം കെട്ടിപ്പടുക്കാൻ കഴിയണം. ഒരു പുതിയ കേരളം സൃഷ്ടിക്കാനുള്ള ഈ പടയോട്ടത്തിൽ വ്യവസായ-വൈദ്യുതി വകുപ്പുമന്ത്രിമാരുടെ പരിശ്രമങ്ങൾക്ക് പിന്തുണനൽകിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. പി. മോഹനൻ: സർ, 2021-22 സാമ്പത്തിക

വർഷത്തേയ്ക്കുള്ള വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് വ്യാവസായികാന്തരീക്ഷം മെച്ചപ്പെടുത്തി വ്യവസായികളെ ആകർഷിച്ച് യുവസംരംഭത്വ വ്യവസായങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഇവിടെ ഉണ്ടാകുന്നത്. കോവിഡ് വരുത്തിയ വെല്ലുവിളികളിലൂടെ ജോലിനഷ്ടപ്പെട്ട പ്രവാസികളുടെയും യുവതലമുറയുടെയും ചെറുകിട വ്യവസായ സംരംഭങ്ങൾ ഗ്രാമങ്ങളിലും നഗരങ്ങളിലും വർദ്ധിച്ചുവരുന്നു. അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കണം. നമ്മുടെ സംസ്ഥാനം വ്യവസായസൗഹൃദമാണ്. എന്നാൽ അങ്ങനെയല്ലെന്ന് വരുത്തിത്തീർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ചില ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. കിറ്റെക്സ് പ്രശ്നങ്ങളും മറ്റും സൂചിപ്പിക്കുന്നത് ഇത്തരം സന്ദേശങ്ങളാണ്. ഇത് പരിഹരിക്കാൻ നമുക്ക് സാധിക്കണം. വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി N.O.C. നൽകാനുള്ള സംവിധാനം സുതാര്യവും ലളിതവുമാക്കണം. യുവസംരംഭകർക്കും മറ്റും ചെറുതും വലുതുമായ വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനായി എന്റെ നിയോജക മണ്ഡലത്തിലെ നവോദയക്കുന്നിൽ കിൻഫ്രയുടെ കീഴിൽ

ഏകദേശം അഞ്ഞൂറോളം ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കണം. വളരെയധികം പ്രാധാന്യമുള്ള ധാരാളം വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി യുവതലമുറ മുന്നോട്ടുവന്നിരിക്കുകയാണ്. അതോടൊപ്പം ചെറുകിട വ്യവസായമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടിയുണ്ടാകണം, കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണത്. വികസിച്ചുവരുന്ന കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്ക് ഊർജ്ജം അനിവാര്യമാണ്. അതിനായി വൈദ്യുതി-വ്യവസായ വകുപ്പുകൾ പരസ്പരപൂരകങ്ങളായി പ്രവർത്തിക്കേണ്ടതുണ്ട്. വൈദ്യുതിയുടെ ഉറവിടം, വിതരണം, ഉപയോഗം തുടങ്ങിയ മേഖലകളിലെ പ്രതിസന്ധികൾ പരിഹരിച്ചത് പിണറായി വിജയൻ സർക്കാരാണ്. ജല വൈദ്യുതി, സോളാർ വൈദ്യുതി, കാറ്റിൽനിന്നുള്ള വൈദ്യുതി എന്നിവയിലും വലിയ മുന്നേറ്റമാണുണ്ടാക്കിയത്. അത് തുടർന്നും കൂടുതൽ ശക്തിപ്പെടുത്താൻ സാധിക്കണം. കാർഷികമേഖലയിൽ നാമമാത്രമായ തുകയ്ക്ക് സുലഭവും സുസ്ഥിരവുമായി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികളുണ്ടാകണം. അതോടൊപ്പം കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി ചെറുകിട കാർഷികയന്ത്രങ്ങൾ സാർവ്വത്രികമായി ഉപയോഗിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കാർഷികോൽപ്പന്നങ്ങളിൽനിന്നും

മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി സോളാർ മേഖലയിൽ ഉല്പാദിപ്പിക്കാനും സാധിക്കണം, ഇത് ഗ്രാമീണമേഖലയ്ക്ക് കൂടുതൽ ശക്തിപകരും. ഒരു കർഷകനായ നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രി ഇതിൽ പ്രത്യേക താൽപ്പര്യം കാണിക്കുമെന്ന് എനിക്കറിയാം. നമ്മുടെ രാജ്യത്തെ ഗാർഹിക-വ്യാവസായികാവശ്യത്തിന് കുറഞ്ഞനിരക്കിൽ വൈദ്യുതി ലഭിക്കുന്ന സംസ്ഥാനമായി കേരളം വളരണം. കൂടുതൽ മേഖലകളിലേയ്ക്ക് ചെറുകിട വ്യവസായങ്ങൾ വളർന്നുവരുന്നതിന് വൈദ്യുതി ഉല്പാദനരംഗത്ത് കൂടുതൽ മുന്നേറ്റം നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. പുരപ്പുറ സൗരോർജ്ജപദ്ധതി സാർവ്വത്രികമാക്കുന്നതിനുള്ള നടപടികളാരംഭിച്ചെങ്കിലും അതൊരു മെല്ലെപ്പോക്കായിട്ടാണ് കാണുന്നത്. വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥർ ധാരാളം സ്ഥലങ്ങളിൽപോയി അളവെടുത്ത് പുരപ്പുറ സൗരോർജ്ജപദ്ധതിക്ക് എത്ര രൂപ ചെലവ് വരും എന്നൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും അത് കൂടുതൽ മുന്നോട്ടുകൊണ്ടു പോകാനുള്ള നടപടികൾ സ്വീകരിക്കണം. കാർഷികാവശ്യത്തിന് തുച്ഛമായ ചെലവിൽ ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പുരപ്പുറ സൗരോർജ്ജ പദ്ധതി സാർവ്വത്രികമാക്കുന്നതിനും കർഷകർക്ക് കൂടുതൽ വൈദ്യുതി കുറഞ്ഞ തുകയ്ക്ക് നൽകി മുന്നോട്ടുപോകാനും കഴിയണം.

കാർഷികയന്ത്രങ്ങളുടെ ഉല്പാദനം വ്യവസായവുമായി ബന്ധപ്പെട്ടുള്ളതാണ്. കേരള അഗ്രോ മെഷീനറി കോർപ്പറേഷനും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും കൂടുതൽ യന്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്. യംഗ് ജനറേഷൻ പവർ ടില്ലർ ഉൾപ്പെടെയുള്ളവ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും വ്യാവസായികതലത്തിൽ മുന്നോട്ടുവരുന്നില്ല. ട്രാക്ടറുകളും ടില്ലറുകളുമൊക്കെ ഇവിടെ ഉപയോഗിക്കാൻ കഴിയുന്ന രൂപത്തിലുള്ള യന്ത്രങ്ങളാക്കണം. എന്നാൽ ഇവിടെ അത് ഉപയോഗിക്കാതെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിൽ പരമ്പരാഗതവും ആധുനികവുമായ രീതികൾ സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ വ്യാവസായികരംഗത്തും കൂടുതൽ മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. കാർഷികോല്പന്നങ്ങളെ വ്യാവസായികതലത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. സോളാർ എനർജിയെക്കുറിച്ച് നമുക്കറിയാം; കൊച്ചി എയർപോർട്ടിലെ സോളാർ മേഖല ലോകം മുഴുവനും ചർച്ചചെയ്യുന്ന വിഷയമാണ്. അവിടെനിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് എയർപോർട്ടിലേയ്ക്കും പുറത്തേയ്ക്കും വില്പന നടത്തുന്ന രൂപത്തിലേയ്ക്ക് വളർന്നിരിക്കുകയാണ്. സോളാർ എനർജി കൂടുതൽ ശക്തിപ്പെടുത്തി സൗരോർജ്ജോൽപ്പാദന വർദ്ധനവിൽ മാതൃകയാകാൻ

സാധിക്കണം. വൈദ്യുതിയും വ്യവസായവും ജീവിതത്തിൽ പരസ്പരപൂരകമാണ്. ജീവിക്കാൻ വൈദ്യുതിയും വ്യവസായവും വേണം, നാടിന്റെ ആവശ്യമാണത്. അതിൽ കൂടുതൽ മുന്നേറാൻ സാധിക്കട്ടേയെന്ന് ആശംസിച്ചുകൊണ്ടും ഈ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. എം. നൗഷാദ്: സർ, 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിന്മേലുള്ള വ്യവസായവും വൈദ്യുതിയുമായി ബന്ധപ്പെട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പവർകട്ടും ലോഡ്ഷെഡ്ഡിംഗുംകൊണ്ട് ദുരിതമനുഭവിച്ചിരുന്ന വൈദ്യുതി മേഖലയുടെ ഒരു കാലഘട്ടത്തെ അതിജീവിച്ചുകൊണ്ട്, ഉല്പാദനമേഖലയിൽ വമ്പിച്ച മുന്നേറ്റമുണ്ടാക്കി പ്രസരണനഷ്ടം കുറച്ചുകൊണ്ടുവന്ന് മുഴുവൻപേർക്കും വൈദ്യുതി ലഭ്യമാക്കുന്നതരത്തിൽ വൈദ്യുതി മേഖലയെ മാറ്റിയ പിണറായി സർക്കാരിന്റെ തുടർച്ചയായിട്ടുള്ള ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് നേതൃത്വം നൽകുന്ന, കഴിഞ്ഞ രണ്ടുമാസംകൊണ്ടുതന്നെ അത് തെളിയിച്ച മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. 'നിലാവ്' ഉൾപ്പെടെയുള്ള പുത്തൻ പദ്ധതികൾ നടപ്പിലാക്കി. വൈദ്യുതി ഇല്ലെങ്കിൽ രാജ്യത്ത് പുരോഗതിയുണ്ടാകില്ല. വ്യവസായ-ആരോഗ്യ മേഖലകളിൽ പുരോഗതി

ഉണ്ടാകണമെങ്കിൽ വൈദ്യുതി അനിവാര്യമാണെന്നുള്ളത് മനസ്സിലാക്കി കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി വൈദ്യുതി കണക്ഷൻ ഇല്ലാത്ത ഒരു വീടുപോലുമില്ലാത്ത തരത്തിലേയ്ക്കെത്തിച്ച് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. വ്യാവസായിക മേഖലയെക്കുറിച്ച് പറയുമ്പോൾ, 'കേരളം ദൈവത്തിന്റെ സ്വന്തംനാടാണ്'. ദൈവത്തിന്റെ സ്വന്തംനാടായ കേരളം ഒരു കാലഘട്ടത്തിൽ വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്നു. കേരളത്തെ വ്യവസായങ്ങളുടെ പറുദീസയാക്കി മാറ്റിയ ഭരണമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാം ഗവൺമെന്റ്. അതിന്റെ തുടർച്ചയായി ആ പറുദീസയെ കൂടുതൽ മികവുറ്റതാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾനടത്തി മുന്നോട്ടുകൊണ്ടുപോകുകയാണ് സഖാവ് പി. രാജീവിന്റെ നേതൃത്വത്തിലുള്ള വ്യവസായ വകുപ്പ്. പ്രഖ്യാപനങ്ങളും നിലപാടുകളും കൃത്യമായി ഏതൊരു വ്യവസായിക്കും സാധാരണക്കാർക്കും മനസ്സിലാകുന്നതരത്തിൽ നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്. യാഥാർഥ്യബോധത്തോടുകൂടി ആ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് വസ്തുതാപരമായി പരിഹരിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. വ്യവസായത്തെ സംരക്ഷിക്കുന്നതിനോടൊപ്പം

വ്യവസായികളെയും സംരക്ഷിക്കുക എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. വ്യവസായികളുടെ ഏറ്റവും പ്രധാനപ്പെട്ട പരാതി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പരിശോധന സംബന്ധിച്ചായിരുന്നു. അതൊരു വസ്തുതയും സത്യവുമാണ്. അതവസാനിപ്പിക്കാൻ കേന്ദ്രീകൃതവും ഏകീകൃതവുമായ പരിശോധനാസംവിധാനം ഏർപ്പെടുത്തി വ്യവസായികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പരിശ്രമങ്ങൾ നടത്തി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കേരളം വ്യവസായങ്ങളുടെ പറുദീസയാണ്, ഇവിടെ പുത്തൻ വ്യവസായങ്ങൾ വന്നുകൊണ്ടേയിരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റുമായി MoU ഒപ്പുവച്ചിട്ടുള്ള സംരംഭകരെല്ലാം വ്യവസായവും കേരളത്തിലെ അന്തരീക്ഷവും അറിയാത്തവരുമല്ല. കേരളത്തിലെ വ്യവസായ അന്തരീക്ഷം കലുഷിതമാണെന്ന് വരുത്തിതീർക്കാൻ ബോധപൂർവ്വം ചില കുബുദ്ധികൾ നടത്തിയ പരിശ്രമങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞവരാണ് ഈ വ്യവസായ സംരംഭകർ. TCS, V Guard ഉൾപ്പെടെയുള്ളവർ ഈ ഗവൺമെന്റുമായി MoU ഒപ്പുവച്ച് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുകമാത്രമല്ല, വ്യാവസായികോല്പന്നങ്ങൾക്ക് വിപണനം കണ്ടെത്തുകയും വേണം. ചെറുകിട വ്യവസായികളുടെ ഏറ്റവും പ്രധാനപ്പെട്ട

ആവശ്യങ്ങളിലൊന്നായ മാർക്കറ്റിംഗിന് എറണാകുളത്ത് പതിനഞ്ചേക്കർ സ്ഥലത്ത് എഴുപതുകോടി രൂപ മുടക്കി ട്രേഡ്-കം-എക്സിബിഷൻ സെന്റർ സ്ഥാപിക്കാൻ തീരുമാനിക്കുകയും അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോകുകയുമാണ്. അത്തരത്തിൽ വ്യാവസായിക മേഖലയിലാകെ വലിയ കുതിപ്പാണുണ്ടായിട്ടുള്ളത്. 2016-ൽ 75,000-ത്തോളം എം.എസ്.എം.ഇ.-കളാണുണ്ടായിരുന്നതെങ്കിൽ ഇന്നത് ഒന്നരലക്ഷമായി മാറി. രണ്ടുമാസത്തിനുള്ളിൽ 920 എം.എസ്.എം.ഇ.-കളാണ് പുതിയതായി സംസ്ഥാനത്തേയ്ക്ക് കടന്നുവന്നിട്ടുള്ളത്. അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് 1,416 കോടിരൂപയുടെ പാക്കേജാണ് അവർക്കുവേണ്ടി തയ്യാറാക്കിയത്. കോവിഡ് മഹാമാരി എല്ലാ വ്യവസായത്തെയും തകർത്തിട്ടുണ്ടെന്ന് നമുക്കറിയാം. അതിൽനിന്നും വ്യവസായങ്ങളെ സംരക്ഷിക്കാൻവേണ്ടിയാണ് 1,416 കോടിരൂപയുടെ പാക്കേജ്. വ്യവസായികളുടെ വായ്പകൾ പുനഃക്രമീകരിച്ച്, വായ്പകൾ വർദ്ധിപ്പിച്ച്, പലിശ സബ്സിഡികൊടുത്ത്, പിഴപ്പലിശ ഒഴിവാക്കി പുത്തൻ ഉണർവ് വ്യവസായമേഖലയ്ക്ക് നൽകുന്ന സമീപനമാണ് വ്യവസായ വകുപ്പിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വ്യാവസായിക-വൈദ്യുതി തുടങ്ങി സമസ്തമേഖലയിലും കേരളം കൈവരിച്ച നേട്ടങ്ങൾ കാണാനും

മനസ്സിലാക്കാനും കഴിയാത്തവർ നിർഭാഗ്യവശാൽ കേരളീയരായിട്ടുണ്ട്. നേരത്തെ വ്യവസായസംരംഭകരുടെ കാര്യം പറഞ്ഞു. ശ്രീ. സാബു എം. ജേക്കബ് കിറ്റെക്സ്സ് എവിടെയാണ് ആരംഭിച്ചത്? ഇപ്പോൾ തെലുങ്കാനയിലേയ്ക്കുപോയി, മന്ത്രി സ്വീകരിച്ചുകൊണ്ടുപോയി എന്നൊക്കെ പറഞ്ഞല്ലോ. മന്ത്രി സ്വീകരിക്കാൻ തക്കവണ്ണം കിറ്റെക്സ് കമ്പനിയെ സജ്ജമാക്കിയ നാടാണിത്, കേരളമാണ് അതിന് ജന്മം നൽകിയത്. പാലൂട്ടിവളർത്തിയ കൈയ്ക്ക് കടിച്ചിട്ടുപോയിരിക്കുകയാണ്. അനുഭവിച്ചോളും പൊയ്ക്കോട്ടെ; കാരണം ഇവിടെ വ്യവസായികൾക്കനുകൂലമാണ്. കിറ്റെക്സിന്റെ മുൻ എം.ഡി. ശ്രീ. ജേക്കബിന് 2008-ൽ പുരസ്കാരം നൽകി ആദരിച്ചത് കേരള ഗവൺമെന്റാണ്. ഒരു വ്യവസായ സംരംഭകൻ നാടുപിടിക്കാനിറങ്ങി, കാശ്മീരുവന്നപ്പോൾ അധികാരം പിടിക്കാൻ നോക്കി, ഒരു പഞ്ചായത്ത് കിട്ടി അപ്പോൾ കേരളം കിട്ടുമെന്ന് വിചാരിച്ചു. അതിന്റെ തുടക്കമെന്നുള്ള രീതിയിൽ മണ്ഡലം പിടിക്കാനിറങ്ങി, വന്നവഴിക്ക് ജനം പറഞ്ഞുവിട്ടു. കേരളത്തിലെ ജനത്തെ പറ്റിക്കാനൊന്നും കഴിയില്ല. പ്രബുദ്ധരായ കേരള ജനതയെ പറ്റിക്കാൻ വന്നപ്പോൾ അവർ പണികൊടുത്തു, അതുകൊണ്ടാണ് പോയത്. അല്ലാതെ വേറൊരു കാര്യവുമില്ല. കേരളത്തിൽ ഇതൊന്നും മനസ്സിലാക്കാൻ കഴിയാത്തൊരു വിഭാഗമുണ്ട്. രാവിലെ ഒരു

അടിയന്തരപ്രമേയം വന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ WHO ഉൾപ്പെടെ അംഗീകരിച്ച, ലോകത്തിനുതന്നെ മാതൃകയായ, എല്ലാ മേഖലയിലും ഏറ്റവും മുൻപന്തിയിലുള്ള, മരണനിരക്കിൽ ഏറ്റവും കുറവും ടെസ്റ്റും വാക്സിനേഷനും നടത്തുന്നതിൽ ഏറ്റവും മുൻപന്തിയിലും നിൽക്കുന്ന നാടാണ് കേരളം. പക്ഷേ കോവിഡിന്റെ കാലഘട്ടത്തിൽ ജനങ്ങളാകെ ദുരിതമനുഭവിക്കുന്നുവെന്ന് മുതലക്കണ്ണീരുമൊഴുക്കി വന്നിരിക്കുകയാണ്. ജനങ്ങൾക്ക് കിറ്റുകൊടുക്കുന്നത് വോട്ടിനുവേണ്ടിയിട്ടാണ്. വോട്ട് കഴിഞ്ഞല്ലോ; ഇപ്പോഴും കൊടുക്കുന്നില്ലേ; ജനങ്ങളുടെ കയ്യിൽ കാശെത്തിക്കണമെന്നാണ് പുതിയ നിർദ്ദേശം. തമിഴ്നാട് 4,000/- രൂപ കൊടുത്തെന്നാണ് പറയുന്നത്. ഇവിടെ ഒരു വർഷം 19,200/- രൂപയാണ് സാധാരണക്കാരന്റെ കൈകളിലേയ്ക്കെത്തിച്ച് കൊടുക്കുന്നത്. ഇത് കാണാൻ കഴിയണ്ടേ? മാസം 1,200/- രൂപവച്ചുകൊടുക്കുന്നു. ഒറ്റത്തവണ 4,000/- രൂപ കൊടുക്കുകയല്ല, പെൻഷൻ ലഭിക്കാത്തവർക്ക് 1,000/- രൂപവച്ചും അല്ലാതെയും കൊടുത്തിട്ടില്ലേ; അതിനുപുറമേയാണ് കിറ്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. കിറ്റ് കൊടുക്കുമ്പോഴും അതും കാശല്ലേ; ജനങ്ങളുടെ കൈകളിലേയ്ക്ക് കാശുകൊടുത്താൽ അവരെന്താണ് ചെയ്യുക, സാധാനം വാങ്ങുകയാണ്. എന്നാൽ ഇവിടെ സാധനംതന്നെ എത്തിച്ച്

കൊടുക്കുകയാണ്. അതിനോടൊപ്പം കാശും കൊടുക്കുന്നു. അതൊന്നും കാണാൻ ഇവർക്ക് കഴിയുന്നില്ല. ഇത് കാണണമെന്നുണ്ടെങ്കിൽ, ഇതൊക്കെ മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ശ്രീ. മമ്മൂട്ടി പറയുന്നതുപോലെ 'സെൻസുണ്ടാകണം, സെൻസിബിലിറ്റിയുണ്ടാകണം, സെൻസിറ്റിവിറ്റി ഉണ്ടാവണം'.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

ഇതൊന്നുമില്ലാതെ എന്തിനും ഏതിനും ഗവൺമെന്റിനെ കുറ്റപ്പെടുത്താനുള്ള പരിശ്രമങ്ങളുമായി നടക്കുന്ന നിങ്ങളെ ജനം തിരിച്ചറിയും. ക്രിയാത്മക പ്രതിപക്ഷമെന്ന് പറഞ്ഞാൽ ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുക, അതിന്റെ പേരിൽ വാക്കൗട്ട് നടത്തുക, എന്നതാണോ? ഇന്നെന്തിനാണ് വാക്കൗട്ട്? ഈ കോവിഡ് പ്രതിരോധ കാലഘട്ടത്തിൽ അതിനുവേണ്ടിയിട്ടുള്ള വളരെ കൃത്യമായ, ശാസ്ത്രീയമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാരിൽ ജനങ്ങൾക്ക് വിശ്വാസമുണ്ട്. നിങ്ങൾക്ക് കോൺഗ്രസ്സിനെയും കോൺഗ്രസ്സുകാരെയും വിശ്വാസമില്ലല്ലോ? ചിരിക്കുന്നവരെ നമ്പരുതെന്ന് പറഞ്ഞത് ഞങ്ങളല്ല. ശ്രീ. രമേശ് ചെന്നിത്തലയാണ് പറഞ്ഞത് കൂടെ നിൽക്കുന്നവരെ നമ്പരുതെന്ന്. ഇവർ ചിരിച്ചുകൊണ്ട് പറ്റിക്കുമെന്ന് പറഞ്ഞത് ശ്രീ. രമേശ്

ചെന്നിത്തലയാണ്. അത് ജനങ്ങൾക്ക് നേരത്തെ മനസ്സിലായി. ജനങ്ങൾക്ക് നേരത്തെ മനസ്സിലായതുകൊണ്ടാണ് അവർ അവരെ അവിടെത്തന്നെ ഇരുത്തിയത്. പിന്നെയോ, ഈ സർക്കാരിലുള്ള വിശ്വാസം. ഈ സർക്കാരിന്റെ എല്ലാ പദ്ധതികളെയും അവർ എതിർക്കും. ഏത് പാക്കേജ് പ്രഖ്യാപിച്ചാലും ചുമ്മാതാണെന്നല്ലേ പറയുന്നത്. ആ സർക്കാർ മുമ്പാകെ ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ചതെന്താ, 'പാലക്കാടിന് ഒരു പ്രത്യേക പാക്കേജ് തരണം സർ' എന്നാണ്. ഈ സഭയിൽ ഉന്നയിച്ചതല്ലേ? ഈ പാക്കേജുകളെല്ലാം വെറുതെയാണെങ്കിൽ എന്തിനാണ് ശ്രീ. ഷാഫി പറമ്പിൽ വീണ്ടും നിങ്ങളൊരു പാക്കേജ് ആവശ്യപ്പെട്ടത്? ഇതുതന്നെയല്ലേ കിഫ്ബിയുടെ കാര്യത്തിലും നിങ്ങൾ നടത്തിയത്. പറയുന്നത് പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നതുമാത്രം പറയുകയും ചെയ്യുന്നവരാണ് ഈ സർക്കാർ. അത് ഇവരെപ്പോലുള്ളവർക്കറിയാം. പക്ഷേ, അത് പരസ്യമായി സമ്മതിച്ചുതരില്ല. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. പി. സി. വിഷ്ണുനാഥുണ്ട്. അദ്ദേഹത്തിന് ബി.ജെ.പി.-യുടെ വോട്ട് കിട്ടിയിട്ടില്ലെന്ന് ഈ ഫ്ലോറിലോ ഏതെങ്കിലുമൊരു വേദിയിലോ പറയാൻ കഴിയുമോ? ബി.ജെ.പി.-യോടൊപ്പം കൂട്ടുചേർന്ന് കേരളത്തിന്റെ നന്മകളെ ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന നിലപാടുകൾ അവസാനിപ്പിക്കണമെന്ന് ഞാൻ

അഭ്യർത്ഥിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിലെ വ്യാവസായിക പുരോഗതിയെക്കുറിച്ച് പറയുകയാണ്. ഒട്ടേറെ കാര്യങ്ങൾ കശുവണ്ടി മേഖലയ്ക്കായി ചെയ്യുന്നുണ്ട്. അത് കുറച്ചുകൂടി ശക്തിപ്പെടുത്തി ആ തൊഴിൽ മേഖലയെ സംരക്ഷിക്കണമെന്നും മീറ്റർ കമ്പനിയെ കൂടുതൽ സഹായിക്കണമെന്നുംകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് എനിക്കേറെ ആദരവുണ്ട്. അദ്ദേഹമൊരു മാധ്യമസ്ഥാപനത്തിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള ഒരാളാണ്. ഞാനും മാധ്യമ മേഖലയിൽനിന്ന് വന്ന ആളായതുകൊണ്ട് പ്രത്യേകിച്ചും അദ്ദേഹത്തോടുള്ള സ്നേഹം അറിയിക്കുകയാണ്. 'Responsible Investment' എന്ന അദ്ദേഹത്തിന്റെ ആശയത്തോട് ഞങ്ങൾക്ക് വലിയ യോജിപ്പുണ്ട്. അത് പറഞ്ഞുകൊണ്ടുതന്നെ എന്റെ ചില വിയോജിപ്പുകൾകൂടി ഇവിടെ രേഖപ്പെടുത്തുകയാണ്. വ്യവസായവും വാണിജ്യവും രണ്ട് പ്രവർത്തനങ്ങളാണ്. വാണിജ്യത്തെക്കുറിച്ച് ഞാൻ പിന്നീട് പറയാം. അതിൽ വ്യവസായത്തെ ഉല്പാദനം, സേവനം എന്നീ മേഖലകളെ

തരംതിരിച്ച് കാണേണ്ടിവരും. അതിൽത്തന്നെ മറ്റൊരു തരംതിരിവ് വേണം. കാരണം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെയും വൻകിട വ്യവസായങ്ങളെയും രണ്ടായി കാണേണ്ടതുണ്ട്, പറയുമ്പോൾ അംഗീകരിക്കുമോ എന്നറിയില്ല. ഇവിടത്തെ പോളിസികൾ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ടുള്ളതല്ല. അതിന്റെകൂടി അടിസ്ഥാനത്തിലാണ് പറയുന്നത് വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിനെ വിഭജിച്ച് എം.എസ്.എം.ഇ. ഡയറക്ടറേറ്റ് രൂപീകരിക്കണമെന്നതാണ് എന്റെയൊരു നിർദ്ദേശം. അവരുടെ പ്രശ്നങ്ങൾ വൻകിട വ്യവസായികൾ നേരിടുന്നവയല്ല. എം.എസ്.എം.ഇ. ഡയറക്ടറേറ്റ് രൂപീകരിച്ച് അതിനുകീഴിൽ സേവന-ഉൽപ്പാദന മേഖലകൾക്ക് വ്യത്യസ്തമായ ഉദ്യോഗസ്ഥ സംവിധാനം കൊണ്ടുവരണമെന്നാണ് എന്റെ അഭ്യർത്ഥന. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് വൻകിട വ്യവസായങ്ങളും വാണിജ്യങ്ങളും ഏകോപിപ്പിക്കാൻ ശ്രമിക്കട്ടെ. അങ്ങ് കഴിഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിച്ച എല്ലാമെന്ന് ഞാൻ പറയുന്നില്ല, സിംഹഭാഗം വ്യവസായ നിക്ഷേപങ്ങളും വന്നത് സേവനമേഖലയുമായി ബന്ധപ്പെട്ടാണ്. അത് നല്ലതാണ്, യോജിക്കാവുന്നതുമാണ്. പക്ഷേ, ഉൽപ്പാദനമേഖലയെ പുഷ്ടിപ്പെടുത്താൻ ശ്രമങ്ങളുണ്ടാകണം. വൻകിട വ്യവസായങ്ങൾ സ്വാഭാവികമായും

മലിനീകരണം, ഭ്രമിയുടെ ലഭ്യത തുടങ്ങി വ്യത്യസ്ത പ്രശ്നങ്ങൾ നേരിടുകയാണ്. എന്നാൽ, എം.എസ്.എം.ഇ. മേഖലയുടെ പ്രശ്നം അതല്ല. നമ്മുടെ ഏറ്റവും വലിയ പ്രശ്നവും സാദ്ധ്യതയും എം.എസ്.എം.ഇ.-കളിലാണ്. അങ്ങ് പറയുന്നത് എം.എസ്.എം.ഇ.-കളുടെ കാര്യത്തിൽ 100 ശതമാനം വളർച്ചയുണ്ടായി എന്നാണ്. 75,000 എം.എസ്.എം.ഇ.-കൾ ഇപ്പോൾ ഒന്നരലക്ഷമായെന്ന് ബഹുമാന്യനായ അംഗം ശ്രീ. എം. നൗഷാദ് നേരത്തെ പറഞ്ഞു. പക്ഷെ, ഞാൻ താങ്കളോട് വിയോജിക്കുന്നു. ഇത് കളവാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, യാഥാർത്ഥ്യമല്ല. ഇത് വെറും കണക്കിലെ കളികൾ മാത്രമാണ്. 140 അംഗങ്ങൾക്കും ഇപ്പോൾ ഇന്റർനെറ്റ് ഉപയോഗിച്ച് ഓരോ എം.എസ്.എം.ഇ.-കൾ സഭയ്ക്കകത്തുനിന്നും ഉണ്ടാക്കാവുന്നതേയുള്ളൂ. ആധാർ നമ്പരുള്ള ഏതൊരാൾക്കും ഉദ്യോഗ് ആധാർ പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. ഇത്തരം രജിസ്ട്രേഷനുകൾ പക്ഷെ ഫിസിക്കലായി മാറുന്നുണ്ടോയെന്ന് ആലോചിക്കേണ്ടതാണ്. ഇത് യഥാർത്ഥത്തിൽ യൂണിറ്റുകളാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അത്തരമൊരു പരിശോധന നടത്തിയിട്ടുണ്ടോയെന്ന് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്. സ്വാഭാവികമായും അത്തരത്തിലൊരു ഫിസിക്കൽ വെരിഫിക്കേഷൻ നടത്താത്ത ഡാറ്റയാണെങ്കിൽ

അതിനുമുകളിൽ നമുക്ക് മേനിനടിക്കാനാകില്ലെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരുകാര്യം, യൂണിഫൈഡ് ലാൻഡ് ലീസ് പോളിസിയെക്കുറിച്ചാണ്. ലീസിന് വ്യവസായമെന്നത് സ്വാഭാവികമായും എം.എസ്.എം.ഇ. സെക്ടറിൽ പ്രായോഗികമല്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വൻകിട വ്യവസായമാണെങ്കിൽ പ്രശ്നമില്ല, അവർക്ക് ലീസിന് വ്യവസായം തുടങ്ങാൻ ഭൂമിനൽകുന്നത് തന്നെയാണ് ഗുണകരം. ചെറുകിട വ്യവസായങ്ങൾക്ക് ലീസിനേക്കാൾ ഓണർഷിപ്പ് നൽകുന്നതാകും നന്നാവുകയെന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല, യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി എന്നുപറയുന്നത് കേരളത്തിൽ വിപരീതഫലം ഉണ്ടാക്കുന്നതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം, കെ.എസ്.ഐ.ഡി.സി., കിൻഫ്ര, സിഡ്കോ തുടങ്ങിയവ വ്യത്യസ്തമായ ആശയങ്ങളെ പ്രതിനിധാനംചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ്. യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് ഉയർന്നുവന്നൊരു ചിന്തയുടെ ഭാഗമാണെന്ന് സംശയിക്കാവുന്നതാണ്. കാരണം, വ്യത്യസ്ത ഒബ്ജക്ടീവുള്ള ഏജൻസികളുടെ രൂപീകരണത്തേയും അസ്തിത്വത്തേയും ഇത് ഇല്ലായ്മ ചെയ്യും. നമ്മൾ ഇപ്പോഴും യൂണിഫോം സിവിൽ കോഡിനെക്കുറിച്ച് പറയാറുണ്ട്. അത്

വൈജാത്യങ്ങളെ അഡ്രസ്സ് ചെയ്യുന്നില്ല എന്നതുകൊണ്ട് ഞങ്ങൾ എതിർക്കാറുണ്ട്. വ്യവസായ മേഖലയിലും വൈജാത്യങ്ങളെ അഡ്രസ്സ് ചെയ്യാൻ യൂണിഫൈഡ് ലാൻഡ് ലീസ് പോളിസിക്ക് സാധിക്കുന്നില്ലെന്ന കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി നിരവധി വിഭാഗങ്ങളുമായി കൂടിക്കാഴ്ച നടത്തുന്നുണ്ട്. ഞാൻ അദ്ദേഹത്തിന്റെ ഫേസ്ബുക്ക് എപ്പോഴും പിന്തുടരാറുണ്ട്. അദ്ദേഹം നന്നായി പാർട്ടി ക്ലാസ്സെടുക്കുന്നതും ഫേസ്ബുക്കിലായിരുന്നു. ഈ കോവിഡ് കാലത്ത് ഓൺലൈനിൽ ധാരാളം കണ്ടിട്ടുണ്ട്. അദ്ദേഹം ഐ.എ.എസ്.-കാർ, എം.ഡി.-മാർ, ഉന്നത ഉദ്യോഗസ്ഥരുമായുമൊക്കെ ചർച്ചനടത്തുന്നത് കാണുന്നുണ്ട്. പക്ഷെ, അതോടൊപ്പം ഇംപ്ലിമെന്റിംഗ് ഓഫീസർമാരുമായും നിർബന്ധമായും അതിന് നേരെതാഴെയുള്ള രണ്ടാംനിര ഉദ്യോഗസ്ഥരുമായും സംസാരിക്കണമെന്ന് ഞാൻ പറയുകയാണ്. അല്ലെങ്കിൽ യഥാർത്ഥ പ്രശ്നങ്ങളെ നമുക്ക് അഡ്രസ്സ് ചെയ്യാൻ കഴിയുകയില്ല. ചൈനയിൽ 'Great Famine' വന്നതിനെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. എന്താണ് സംഭവിച്ചത്? ചൈനയിൽ ചെയർമാൻ മാവോ ആയിരുന്ന കാലത്ത് അവിടത്തെ കർഷകരെല്ലാം അദ്ദേഹത്തിന്റെ മുന്നിൽവന്ന് ഒരുകാര്യം പറയുകയുണ്ടായി, വെട്ടുകിളികൾ കൃഷികളെല്ലാം നശിപ്പിക്കുകയാണെന്ന്.

നമുക്കെല്ലാവർക്കുമറിയാം ചരിത്രത്തിലിടം നേടിയ 'Great Sparrow Campaign' എന്നുപറയുന്ന സംഭവം. മാവോ ഉടൻ ഉത്തരവിട്ടത് വെട്ടുകിളികളെ മുഴുവൻ നശിപ്പിക്കാനായിരുന്നു. ചൈനയ്ക്ക് മുകളിൽ ഒരു വെട്ടുകിളിയും പറക്കാത്തവിധം എല്ലാ വെട്ടുകിളികളെയും നശിപ്പിച്ചപ്പോഴാണ് യഥാർത്ഥ പ്രശ്നം മനസ്സിലായത്. ഈ വെട്ടുകിളികൾ വന്നത് പുൽച്ചാടികളെ ഭക്ഷിക്കാനായിരുന്നു. ആ പുൽച്ചാടികൾ അവസാനം ചൈനയുടെ മുഴുവൻ കാർഷിക സമ്പത്തും നശിപ്പിച്ച് 45 ലക്ഷം ആളുകൾ മരണപ്പെട്ട വലിയ ക്ഷാമമുണ്ടാക്കിയതുപോലെ കേരളത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ഈ സർക്കാരിന് സാധിക്കുന്നില്ലെങ്കിൽ ഇതൊരു വ്യവസായത്തിന്റെ ശവപ്പറമ്പായിത്തീരുമെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ അവസരം ഉപയോഗിക്കുകയാണ്.

കോവിഡിന്റെ ആദ്യ തരംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുകേട്ട് പലരും കപ്പ നട്ടു. കിലോഗ്രാമിന് 30 രൂപയായിരുന്നു അന്ന് കർഷകന് കിട്ടിയിരുന്ന വില. എല്ലാവരും കപ്പനടാൻ തുടങ്ങിയതോടെ അത് 10 രൂപയിലും താഴെയായി. ഞങ്ങളുടെയൊക്കെ നാട്ടിൽ അവസാനം കപ്പ ചലഞ്ച് വച്ച് ആളുകൾക്ക് സൗജന്യമായി കപ്പകൊടുക്കുന്ന സ്ഥിതിവന്നു. കർഷകർ മുഴുവൻ കണ്ണീരിലായത് പ്ലാനിംഗില്ലാതെ പ്രൊഡക്ഷൻ

നടത്തിയതുകൊണ്ടാണ്. ഈ ഉൽപ്പന്നങ്ങൾക്കെല്ലാം സംസ്കരണ കേന്ദ്രങ്ങളുണ്ടാക്കാൻ സർക്കാർ ശ്രദ്ധിക്കണമെന്നുകൂടി പറയുന്നു. വ്യാപാര മേഖലയെക്കുറിച്ച് പരാമർശിക്കാതിരിക്കാൻ കഴിയില്ല. വ്യാപാര മേഖലയെ കോവിഡ് എത്രമാത്രം തകർത്തിരിക്കുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. വ്യാപാരികൾ എപ്പോഴും നമുക്ക് കൈത്താങ്ങായിനിന്ന സമൂഹമാണ്. പക്ഷെ, അവർ നേരിടുന്ന അടിസ്ഥാനപ്രശ്നങ്ങളെ ഇപ്പോഴും അഭിസംബോധന ചെയ്യാൻ സാധിക്കുന്നില്ലെന്നത് സങ്കടത്തോടെയല്ലാതെ പറയാൻ സാധിക്കില്ല. നേരത്തെ വൈദ്യുതി വകുപ്പുമന്ത്രിയോട് ശ്രീ. പി. സി. വിഷ്ണുനാഥ് ഒരഭ്യർത്ഥന നടത്തി, കോവിഡ് കാലത്ത് അടച്ചിടുന്ന സ്ഥാപനങ്ങൾക്കെങ്കിലും ഫിക്സഡായിട്ടുള്ള കറണ്ട് ചാർജ്ജ് തീർച്ചയായും ഒഴിവാക്കിക്കൊടുക്കണമെന്ന്. ഞാൻ വീണ്ടും അത് ആവർത്തിക്കുകയാണ്. തീർച്ചയായും വ്യാപാരികളുടെ പ്രശ്നത്തെ അഡ്രസ്സ് ചെയ്യാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അതുപോലെതന്നെ സി-ഡിറ്റ്, കെൽട്രോൺ, ടൂട്രോണിക്സ്, സി-ആപ്റ്റ് തുടങ്ങിയ സർക്കാർ ഏജൻസികളും വലിയതോതിൽ ഫീസടച്ച് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവരും കുത്തുപാളയെടുത്തിരിക്കുകയാണ്. കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിന് മുന്നിലെ സമരപ്പന്തൽ സന്ദർശിച്ചിരുന്നു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ

വലിയ പ്രയാസത്തിലാണ്. വ്യവസായ വകുപ്പിനുകീഴിലെ കോട്ടയം ട്രാവൻകൂർ സിമെന്റ്സും കേരള സോപ്പ്സും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്, സ്വയം ഉയിർത്തെഴുന്നേൽക്കാൻ സംവിധാനമില്ലാത്ത സാഹചര്യത്തിൽ അവർക്ക് സഹായകരമായ തീരുമാനമുണ്ടാകണം.

ഇവിടെ എന്തുപറഞ്ഞാലും അവസാനം ലീഗിനെ ചൊറിയുന്നത് ചിലർക്ക് ആത്മസുഖമാണ്. അത് അവർ അനുഭവിച്ചുകൊള്ളട്ടെ എന്ന് ഞാൻ പറയുന്നു. പക്ഷെ, ഇവിടെ മുറിവേറ്റ വലിയൊരു ജനവിഭാഗത്തിന്റെ മുറിവുണക്കാൻ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. അതിന് കഴിയുന്നില്ലെങ്കിൽ അവരുടെ മുറിവിൽ ഉപ്പുതേയ്ക്കാൻ ദയവായി ക്വട്ടേഷൻ നൽകരുതെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അതാണ് ഞാൻ നേരത്തെ യൂണിഫൈഡ് ലാൻഡ് ലീസിനെക്കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞത്. ഇത് വൈവിദ്ധ്യം നിറഞ്ഞ ഒരു നാടാണ്. ഓരോ സമൂഹത്തിന്റെയും പ്രശ്നങ്ങളെ വെവ്വേറെ കാണണം, പഠിക്കണം, പരിഹരിക്കണം. കേരളത്തിലെ മുസ്ലീങ്ങളും ദളിതരും ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങൾക്ക് ഈ സർക്കാരിന്റെ പല ചെയ്തികളിലും ആശങ്കയുള്ളത് പരിഹരിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. തീർച്ചയായും അതിനുവേണ്ടി സർക്കാർ നിലപാടെടുക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

3.00 PM]

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഈ സഭയിൽ വ്യവസായ-വൈദ്യുതി വകുപ്പുമന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. വ്യവസായ രംഗത്ത് നല്ല പുരോഗതി രേഖപ്പെടുത്തിയ കാലഘട്ടം 1980-90 ആണ്. എന്നാൽ 1990-കളായപ്പോൾ കേരളത്തിലെ വ്യവസായരംഗം മാത്രമല്ല ഇന്ത്യാരാജ്യം മുഴുവനും പുറകോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കേന്ദ്രത്തിൽ നരസിംഹറാവുവും ഡോ. മൻമോഹൻസിംഗും അധികാരത്തിൽ വന്നപ്പോൾ പുത്തൻ സാമ്പത്തിക പരിഷ്കരണവും ആഗോളവൽക്കരണവും പൊതുനയമായി സ്വീകരിച്ചു, രാജ്യം തകരാൻ തുടങ്ങിയതിന്റെ ഭാഗമായി കേരളത്തിലെ ചെറുകിട വ്യവസായ സംരംഭവും തകരാൻ തുടങ്ങി. പൊതുമാർക്കറ്റിൽ വൻകിടക്കാരോട് മത്സരിച്ച് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഇവിടത്തെ ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളമുണ്ടായി. മുണ്ട് മുറുക്കിയുടുത്ത് ഇന്ത്യക്കാർ പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവനും വിറ്റുതുലയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് നരസിംഹറാവു, ഡോ. മൻമോഹൻസിംഗ് കൂട്ടുകെട്ട് തയ്യാറായതെന്ന് നമുക്കെല്ലാമറിയാം. പൊതുമേഖലാ

സ്ഥാപനങ്ങളുടെ വിൽപ്പനയ്ക്കുവേണ്ടി ഒരു മന്ത്രാലയംതന്നെ രൂപീകരിച്ചു. ചരിത്രത്തിലാദ്യമായി ഇന്ത്യാരാജ്യത്ത് പൊതുമേഖല വിൽപ്പനയ്ക്കുവേണ്ടി ഒരു മന്ത്രി. ആധുനിക ഇന്ത്യാചരിത്രത്തിൽ കോൺഗ്രസിന്റെ ഏറ്റവും വലിയ സംഭാവന അതാണെന്നുകൂടി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ആ നയം ശ്രീ. നരേന്ദ്ര മോദി തുടരുമ്പോൾ രാജ്യം മുഴുവനും തകർന്നുകൊണ്ടിരിക്കുന്നു. ഈ തകർച്ചയ്ക്ക് ശ്രീ. നരേന്ദ്ര മോദി മാത്രമല്ല ഉത്തരവാദി. കോൺഗ്രസ്സിനും ഇക്കാര്യത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ഒരുകാരണവശാലും കഴിയില്ല. കോൺഗ്രസ്സിന്റെ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചു എന്നതാണ് വസ്തുത. കേന്ദ്രം സ്വീകരിക്കുന്ന ജന-തൊഴിലാളിവിരുദ്ധ നയത്തിന് ബദൽനയം ആവിഷ്കരിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. 2011-16 കാലഘട്ടത്തിലെ യു.ഡി.എഫ്. ഭരണത്തിൽ വ്യവസായ മേഖല സമ്പൂർണ്ണമായും തകർന്ന് ശവപ്പറമ്പായി, പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായി. വിറ്റുതുലയ്ക്കൽ നയം യു.ഡി.എഫ്.-ഉം ഇവിടെ നടപ്പിലാക്കാൻ തുടങ്ങി. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽവരെ വിൽക്കാൻ ശ്രമിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. - യു.ഡി.എഫ്. ഭരണകാലത്ത് പൊതുമേഖലാ

സ്ഥാപനങ്ങളുടെ നഷ്ടം 131.87 കോടി രൂപയായിരുന്നു. അഭിമാനപൂർവ്വം പറയട്ടെ, എൽ.ഡി.എഫ്. ഭരണത്തിൽ 2019-20-ലെ കണക്കനുസരിച്ച് 3,149 കോടി രൂപയുടെ വിറ്റുവരവും 2018-19-ൽ 155.80 കോടി രൂപയുടെ ലാഭവുമുണ്ടായി. ഈ രൂപത്തിൽ മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണുന്നത്. 12 വർഷം നഷ്ടത്തിലായിരുന്ന കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (KEL) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ചരിത്രത്തിലാദ്യമായി ഇലക്ട്രിക്കൽ വാഹനങ്ങൾ കമ്പോളത്തിലിറക്കിയിരിക്കുന്നു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇതുപോലൊരു സംരംഭം നടന്നിട്ടില്ല. കേരളാ നീം-ജി (Neem-G) ഇലക്ട്രിക് ഓട്ടോ ഇന്ന് മാർക്കറ്റിൽ പ്രിയങ്കരമായിരിക്കുന്നു. ഇലക്ട്രിക്കൽ വാഹന നിർമ്മാണത്തിന്റെ ഹബ്ബായി കേരളം മാറാൻപോകുന്നു. ആയിരക്കണക്കിന് അഭ്യസ്തവിദ്യർക്ക് ജോലികിട്ടാൻ സാദ്ധ്യതയുള്ള രംഗമാണിത്. ഇപ്പോൾ നേപ്പാളിലേയ്ക്ക് ഇലക്ട്രിക് ഓട്ടോ കയറ്റിയയച്ചിട്ടുണ്ട്. ധാരാളം ആവശ്യക്കാർ ഇതിനായി വന്നുകൊണ്ടിരിക്കുന്ന സാഹചര്യവും കാണുകയാണ്. ഇപ്പോൾ ഇ-സ്കൂട്ടർ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ സാദ്ധ്യതയുള്ള ഒരു രംഗമാണ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്. യു.ഡി.എഫ്. ഭരണകാലത്ത്

കെ.എസ്.ഡി.പി.എൽ. (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്) 4.98 കോടി രൂപയുടെ നഷ്ടത്തിലായിരുന്നു. അഭിമാനപൂർവ്വം പറയട്ടെ, 2019-20 ൽ 7.13 കോടി രൂപയുടെ ലാഭമുണ്ടാക്കിയ ശ്രദ്ധേയമായ സ്ഥാപനമായി ഇത് മാറിയിരിക്കുകയാണ്. ഇന്ത്യാരാജ്യത്തെ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് രംഗത്ത് ഗണ്യമായ സംഭാവന അർപ്പിക്കാൻ ശ്രദ്ധാപൂർവ്വം മുന്നോട്ടുപോയാൽ കേരളത്തിന് കഴിയുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക പുരോഗതിയിൽ സൂക്ഷ്മ-ഇടത്തരം സംരംഭങ്ങൾക്ക് മുഖ്യപങ്കുണ്ട്. കേരളത്തിന്റെ മികച്ച കണക്ടിവിറ്റി, വാർത്താവിനിമയം, അടിസ്ഥാന സൗകര്യം എന്നിവ എം.എസ്.എം.ഇ. മേഖലയെ വലിയ രൂപത്തിൽ സഹായിച്ചിട്ടുണ്ട്. നോട്ട് നിരോധനംകൂടി വന്നപ്പോൾ ഈ മേഖല വലിയ തിരിച്ചടി നേരിട്ടു. ഈ പ്രതിസന്ധികളിൽനിന്നെല്ലാമാണ് കേരളത്തിലെ വ്യവസായ മേഖല ഉയിർത്തെഴുന്നേൽക്കാൻ ശ്രമിക്കുന്നത്. കഴിഞ്ഞ നാലര വർഷത്തെ കണക്കെടുത്താൽ 63,542 എം.എസ്.എം.ഇ.-കൾ ഉണ്ടാകുകയും 5,919.74 കോടി രൂപയുടെ നിക്ഷേപവും 2,23,622 തൊഴിൽ സാദ്ധ്യതയും പ്രദാനം ചെയ്യുകയുമുണ്ടായി. കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽപ്പന നടത്തുന്നു. ബദൽനയം ആവിഷ്കരിക്കുന്ന കേരളം പൊതുമേഖലാ

സ്ഥാപനങ്ങൾ ഏറ്റെടുത്ത് ലാഭകരമായി മുന്നോട്ടുപോകാൻ ശ്രമിക്കുന്നു. BHEL (Bharat Heavy Electricals Ltd.)-കാസർഗോഡ്, HLL Lifecare Limited- Kottayam, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് - പാലക്കാട്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് - കോട്ടയം എന്നിങ്ങനെ ഒട്ടനവധി സ്ഥാപനങ്ങൾ കേരള സർക്കാർ ഏറ്റെടുത്ത് നടത്താൻ തയ്യാറായി. സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി നേരത്തെ 40 കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ സംരംഭമായ കെ-സ്വിഫ്റ്റ് 2019-ൽ നിലവിൽ വന്നപ്പോൾ 21 വകുപ്പുകളുടെ 79 അനുമതികൾ, ലൈസൻസ് എന്നിവ ഈ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സാഹചര്യം വന്നു. വ്യവസായ സൗഹൃദാന്തരീക്ഷമാണ് കേരളത്തിലുള്ളതെന്ന് പ്രമുഖ വ്യവസായികൾ പരസ്യപ്രസ്താവന നടത്തിയത് ഈയിടെ നാം കാണുകയുണ്ടായി. ബഹുമാന്യരായ രത്തൻ ടാറ്റ, അസിം പ്രേംജി, ആനന്ദ് മഹീന്ദ്ര, എം. എ. യൂസഫ് അലി, ആസാദ് മൂപ്പൻ എന്നിവരുടെ നീണ്ട പട്ടികയാണ്. ആ ഘട്ടത്തിൽ ഇതിനെയെല്ലാം അപവാദമാക്കിക്കൊണ്ടും വികൃതപ്പെടുത്താൻവേണ്ടിയുമുള്ള ശ്രമങ്ങളും നമുക്കിടയിൽ നടക്കുന്നുണ്ടെന്ന് കാണാതിരിക്കരുത്. 'കേരം തിങ്ങും കേരളനാട്' എന്നാണ് അറിയപ്പെടുന്നത്. കേരളത്തിന്റെ പേരുതന്നെ

കേരവുമായി ബന്ധപ്പെട്ടതാണ്. പക്ഷെ, അന്തർദ്ദേശീയ മാർക്കറ്റിൽ നാളികേരത്തിനോ നാളികേര ഉല്പന്നങ്ങൾക്കോ യാതൊരു സാധ്യതയും സ്ഥാനവുമില്ല. നമ്മുടെ രാജ്യത്തിനെക്കാളും ചെറിയ രാജ്യമായ ശ്രീലങ്കയിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണി മുഴുവൻ കയ്യടക്കി മുന്നോട്ടുപോകുന്ന കാഴ്ച നാം കാണുന്നു. സമയബന്ധിതമായി പദ്ധതികളാവിഷ്കരിച്ച് അന്തർദേശീയ വിപണിയിലിറങ്ങാനുള്ള പരിശ്രമം വ്യവസായ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേരളത്തിൽ ഗുണനിലവാരമുള്ള നാളികേരം ഉല്പാദിപ്പിക്കുന്ന ജില്ലയാണ് കോഴിക്കോട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന വ്യവസായ ഹബ്ബായി കോഴിക്കോടിനെ മാറ്റണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിൽ കുറ്റ്യാടിയിൽ 10 വർഷമായി വാങ്ങിയ 116 ഏക്കർ ഭൂമി കാടുപിടിച്ചുകിടക്കുന്ന കാഴ്ച നമ്മൾ കാണുകയാണ്. വളരെ വിനയപൂർവ്വം ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഉദ്യോഗസ്ഥർ ഫയലിൽ നോട്ട് കുറിക്കുമ്പോൾ വ്യവസായ സൗഹൃദത്തിനനുയോജ്യമായ രൂപത്തിലായിരിക്കണം നോട്ടെഴുതേണ്ടതെന്ന കാര്യത്തിൽ ജാഗ്രത വേണം. കോടതിയിലെ ഒരു ചെറിയ പ്രശ്നത്തിന്റെ പേരിലാണ് 10

വർഷമായി കുറ്റ്യാടിയിലെ ഭൂമി കാടുപിടിച്ചുകിടക്കുന്നത്. കോടതിയിൽ വ്യവഹാരം നിലനിൽക്കെ 3,000 ഏക്കർ ഭൂമി ശബരിമലയ്ക്ക് വാങ്ങാൻ ധീരമായ നിലപാടെടുത്ത സർക്കാരാണ് ഇവിടെയുള്ളത്. അവിടെയാണ് ചെറിയൊരു കേസിന്റെ പേരിൽ 10 വർഷമായി നടപടികൾ ഇഴഞ്ഞുനീങ്ങുന്നത്. വ്യവസായം തുടങ്ങുന്നതിന് ഭൂമിയുടെ ലഭ്യതക്കുറവാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ വ്യാവസായികാവശ്യത്തിന് വാങ്ങിയ ഭൂമിയുടെ കണക്ക് വിവിധ വകുപ്പുകളുടെ കയ്യിലുള്ളതിന്റെ കണക്കെടുപ്പ് വ്യവസായ വകുപ്പ് നടത്തിയാൽ അതിനനുയോജ്യമായ ചെറുകിട സംരംഭങ്ങൾ നമുക്കാരംഭിക്കാൻ കഴിയും. പക്ഷേ, ഒരു കാര്യം ചെയ്യേണ്ടതുണ്ട്. വാട്ടർടൈറ്റ് ഡിപ്പാർട്ടുമെന്റുകളാകരുത്. ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനം ഓരോ ഡിപ്പാർട്ടുമെന്റുകളുടെ ഭാഗത്തുനിന്നുമുണ്ടാകണം. അനുയോജ്യമായ ആവശ്യത്തിന് ഭൂമി വിട്ടുകൊടുക്കാൻ തയ്യാറാകണം. കെ.എസ്.ഐ.ഡി.സി. വ്യവസായസൗഹൃദ സ്ഥാപനമായി മാറിയിട്ടുള്ളത് വളരെ അഭിനന്ദനീയമാണ്, ഇനിയും മാറേണ്ടതുണ്ട്. സംരംഭകരെ തേടിയെത്തുന്ന ഒരു സ്ഥാപനമായി കെ.എസ്.ഐ.ഡി.സി. ഉയരണമെന്നാണ് എനിക്ക് പറയാനുള്ളത്. വ്യാവസായിക ഭൂപടത്തിൽ

തൃശ്ശൂരിന്റെ വടക്കുഭാഗത്തുള്ള ജില്ലകളിലുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം. കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്തു. ഭൂമി, കണക്ടിവിറ്റി, പ്രകൃതി വിഭവങ്ങൾ തുടങ്ങി അനന്തസാദ്ധ്യതയാണ് ഈ വ്യവസായത്തിനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കണ്ണൂർ എയർപോർട്ടുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, ഇവിടെ അവതരിപ്പിച്ച 2020-21 വർഷത്തെ പുതുക്കിയ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. വ്യവസായരംഗത്ത് പിണറായി സർക്കാർ നടത്തിയ കുതിച്ചുചാട്ടം എടുത്തുപറയേണ്ടതാണ്. എനിക്കുമുൻപ് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ നിരവധി പൊതുമേഖലാസ്ഥാപനങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. കോവിഡ് പ്രതിസന്ധിയിലും കെ.എം.എം.എൽ. (Kerala Minerals and Metals Ltd.) 112 കോടിരൂപയാണ് ലാഭമുണ്ടാക്കിയത്. പിണറായി സർക്കാർ ചുമതലയേൽക്കുന്നതിനുമുൻപ് 24 വർഷംകൊണ്ട് തുടർച്ചയായി നഷ്ടത്തിലായിരുന്ന കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനും 5

വർഷമായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 28 കോടിരൂപ സഞ്ചിതനഷ്ടവും 16.50 കോടി രൂപ പ്രോവിഡന്റ് ഫണ്ടിലടയ്ക്കാനും പിരിഞ്ഞുപോയ തൊഴിലാളികളുടെ നാലരക്കോടി രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ കൊടുക്കാനുമുണ്ടായിരുന്നു. പിരിഞ്ഞുപോയ ജീവനക്കാർ ഗ്രാറ്റുവിറ്റി കിട്ടാതെ കമ്പനി winding up petition ഫയൽചെയ്ത് മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് ഇടതുപക്ഷ സർക്കാർ ആ സ്ഥാപനത്തിന്റെ ചുമതലയേറ്റെടുത്തത്. ഇന്ന് എല്ലാ കടബാദ്ധ്യതകളും തീർത്തു എന്നുമാത്രമല്ല, പത്താം ശമ്പളക്കമ്മീഷന്റെ ശിപാർശ നടപ്പാക്കിയ ആദ്യത്തെ പൊതുമേഖലാസ്ഥാപനമായി കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഉയർന്നു. അതുപോലെ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ വെറും നാലായിരം രൂപ ചികിത്സാനുകൂല്യമായി ലഭിച്ചിരുന്നവർക്ക് ഇന്ന് 5 ലക്ഷം രൂപയുടെ ചികിത്സാനുകൂല്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തി. ഇതുപോലെ നിരവധി ഉദാഹരണങ്ങൾ പറയാൻ കഴിയും. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്ത് പല പൊതുമേഖലാസ്ഥാപനങ്ങളിലും അക്കൗണ്ട്സ് കൃത്യസമയത്ത് ഓഡിറ്റ് ചെയ്യുന്നതിനോ എ.ജി.-യുടെ റിപ്പോർട്ട് വാങ്ങുന്നതിനോ തയ്യാറായിരുന്നില്ല. അതേത്തുടർന്ന് പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേന്ദ്രസർക്കാരിൽനിന്നും ഷെയർ

ക്യാപ്പിറ്റൽ കിട്ടാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. എന്നാൽ ആ സ്ഥിതിവിശേഷം മാറി, ഇവിടെ സൂചിപ്പിച്ചതുപോലെ, നിരവധി സ്ഥാപനങ്ങൾ ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാതിൽപ്പടി സേവനം നടത്താൻ മുന്നോട്ടുവന്ന സന്ദർഭത്തിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനും അതിന് കൈത്താങ്ങായി പ്രവർത്തിച്ചതുകൊണ്ടാണ് ഈ പ്രതിസന്ധി കാലഘട്ടത്തിലെല്ലാം റേഷനും വാതിൽപ്പടി വിതരണവും മുടങ്ങാതെ കിറ്റും മറ്റ് സൗകര്യങ്ങളുമെല്ലാം പാവപ്പെട്ട ജനങ്ങൾക്ക് കൃത്യസമയത്ത് എത്തിച്ചുകൊടുക്കാനും കഴിഞ്ഞത്. കെടുകാര്യസ്ഥതയും അഴിമതിയും സ്വജനപക്ഷപാതവുമെല്ലാമായി പൊതുമേഖലാസ്ഥാപനങ്ങളെ നശിപ്പിച്ചവർ ഇപ്പോൾ അതിന്റെ വക്താക്കളാകാൻവേണ്ടി സംസാരിച്ചുകൊണ്ടിരിക്കുന്നത് തീർത്തും നിഷേധാത്മകമാണ്. ഇവിടെ നിരവധി മെമ്പർമാർ പരമ്പരാഗത വ്യവസായത്തെയും തൊഴിലാളികളെയും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും പരാമർശിച്ചെങ്കിലും തോട്ടം മേഖലയെ സംബന്ധിച്ച് കാര്യമായ വിമർശനങ്ങളൊന്നും വന്നിട്ടില്ല. കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സ് സർക്കാർ നടപ്പാക്കിയ ആഗോളവൽക്കരണ-ഉദാരവൽക്കരണ നടപടികൾമൂലം കഴിഞ്ഞ 30 വർഷമായി തകർന്നുതരിപ്പണമായതാണ് തോട്ടം മേഖല.

നൂറുകണക്കിന് തൊഴിലാളികൾ പിടഞ്ഞുവീണ് മരിച്ചു; നിരവധി തോട്ടങ്ങൾ പൂട്ടിക്കിടക്കുകയാണ്. അടച്ചുപൂട്ടുന്നതിനെക്കാൾ കഷ്ടമായി നിരവധി സ്ഥാപനങ്ങൾ പ്രതിസന്ധിയിലകപ്പെട്ട് ഉഴലുന്ന സന്ദർഭത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വിശേഷിച്ചും അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു പ്ലാന്റേഷൻ നയം പ്രഖ്യാപിക്കാനും അത് നടപ്പിലാക്കാനും തീരുമാനമെടുത്തത്. വളരെ ബഹുമാനപൂരസ്സരം പറയട്ടെ, തോട്ടം മേഖലയെ സംബന്ധിച്ചിടത്തോളം ഇതൊരു രജതരേഖയാണ്. കാരണം വ്യവസായ വകുപ്പുമന്ത്രി തോട്ടം വ്യവസായത്തെ വ്യവസായവകുപ്പിനുകീഴിൽ ഒരു പ്രത്യേക ഡയറക്ടറേറ്റായി കൊണ്ടുവരാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയുമാണ്. വ്യവസായം, തൊഴിൽ, ജലസേചനം, കൃഷി, മൈനർ ഇറിഗേഷൻ വകുപ്പുകളെല്ലാം ഏകോപനത്തോടെ പ്രവർത്തിച്ചാൽ ഏതാണ്ട് രണ്ടുലക്ഷത്തോളം തൊഴിലാളികൾ ജോലിചെയ്യുന്ന ഈ മേഖലയെ രക്ഷപ്പെടുത്താനും രാജ്യത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വൈദ്യുതി രംഗത്ത് വളരെ പ്രശംസനീയമായ നടപടികൾ കൈക്കൊണ്ട സർക്കാരാണ്

പിണറായി സർക്കാർ. ശ്രീ. എം. എം. മണി വൈദ്യുതി വകുപ്പിന്റെ ചുമതലയേറ്റതിനുശേഷം ആ രംഗത്ത് വന്നിട്ടുള്ള പ്രകടമായ മാറ്റങ്ങൾ നമുക്കറിയാവുന്നതാണ്. പ്രസരണവിതരണ നഷ്ടംനികത്താൻ PAT (Perform Achieve & Trade Cycle) KSEBL പൂർത്തീകരിച്ച് പ്രസരണവിതരണനഷ്ടം എക്കാലത്തെയും കുറവായ 12.47 ശതമാനത്തിലേയ്ക്ക് എത്തിക്കുകയും സാങ്കേതിക വാണിജ്യനഷ്ടം 10.8 ശതമാനമായി കുറയ്ക്കുകയും ചെയ്തു. കാർഷികമേഖലയ്ക്ക് യൂണിറ്റിന് 1.70 രൂപയ്ക്ക് നൽകിയിരുന്ന വിദ്യുച്ഛക്തി ഇപ്പോൾ 60 പൈസ സബ്സിഡിക്കൂടി നൽകിക്കൊണ്ടാണ് ആ രംഗത്ത് ഈ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഇളവ് തോട്ടം മേഖലയ്ക്കുകൂടി ഒരു നിശ്ചിത കാലയളവിലേയ്ക്ക് നൽകിയാൽ നഷ്ടത്തിലുള്ള സ്ഥാപനങ്ങളെ ശക്തമായി മുന്നോട്ടുകൊണ്ടു വരാൻ കഴിയുമെന്നുള്ള കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാന്യനായ സഹപ്രവർത്തകൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ രാഷ്ട്രീയ മര്യാദയെക്കുറിച്ചും സദാചാര മൂല്യങ്ങളെക്കുറിച്ചുമെല്ലാം പ്രസംഗിച്ചു. അദ്ദേഹം അഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ബഹുമാന്യനായ മണിയാശാനെ ഒരു പ്രസംഗത്തിന്റെ പേരിൽ പീരുമേട് ജയിലിലടച്ചത്. ഇതുസംബന്ധിച്ച് എന്താണ് കോൺഗ്രസ്സുകാർക്ക്

പറയാനുള്ളത്? തികച്ചും നിഷേധാത്മകമായ നിലപാടല്ലേ സ്വീകരിച്ചത്? എന്തിന്; ജയ്ഹിന്ദ് ചാനലിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പീരുമേട്ടിലെ തോട്ടത്തിൽ സമരം ചെയ്തതിന്റെ പേരിൽ എന്നെയും കള്ളക്കേസിൽക്കുടുക്കി ജയിലിലടയ്ക്കാൻ ശ്രമംനടത്തി. കോടതിയുള്ളതുകൊണ്ടുമാത്രം ഞാൻ രക്ഷപ്പെട്ടു. തൊഴിലാളിവർഗ്ഗത്തെയും സാധാരണക്കാരെയും ദ്രോഹിക്കുന്ന കോൺഗ്രസ് പ്രവർത്തകർ ഇവിടെ സദാചാരപ്രസംഗം നടത്തുന്നത് കേൾക്കുമ്പോൾ ദുഃഖം തോന്നുകയാണ്. അവർ അവരുടെ നിലപാടുകൾ മാറ്റണം. കോൺഗ്രസ്സും ബി.ജെ.പി.-യും ഒരു നാണയത്തിന്റെ ഇരുവശമെന്ന നിലയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കാൻ തുടങ്ങിയത് കോൺഗ്രസ്സാണ്. അതിനേക്കാൾ വേഗതയിൽ ആ നയം ബി.ജെ.പി. ഇപ്പോൾ ശക്തമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മുസ്ലീംലീഗ് സുഹൃത്തുക്കൾക്ക് എന്താണ് പറയാനുള്ളത്? അവരിപ്പോൾ കോൺഗ്രസ്സിനെ സപ്പോർട്ട് ചെയ്ത് സംസാരിക്കുകയാണ്. നമ്മുടെ രാജ്യത്തെ കൂട്ടിച്ചോറാക്കുന്ന നയങ്ങൾ നടപ്പാക്കുമ്പോൾ അതിനെതിരെ ചെറുവിരലനക്കാതെ സംസാരിച്ചിരുന്നിട്ട് എന്തർത്ഥമാണുള്ളത്? കോൺഗ്രസ്സിന്റെ നിലപാടുകളും നയസമീപനങ്ങളും തിരുത്തണം. നെഹ്റുവിന്റെ കാലത്തിലേയ്ക്ക് മടങ്ങിയാൽ മാത്രമേ അവർക്ക്

രക്ഷപ്പെടാൻ സാധിക്കുയുള്ളയെന്ന് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വൈദ്യുതിമേഖലയിൽ വന്വിച്ച മാറ്റങ്ങൾ സംഭവിച്ച് കൊണ്ടിരിക്കുകയാണ്. ടൂറിസം മേഖലയിൽ അൺഇന്ററപ്റ്റഡ് പവർ സപ്ലൈ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് അത്യന്താപേക്ഷിതമാണ്. കോവിഡ് കാലഘട്ടം കഴിഞ്ഞാൽ നമ്മുടെ രാജ്യത്തെ മുന്നോട്ടുകൊണ്ടുപോകാൻ ടൂറിസം വ്യവസായത്തിനുമാത്രമേ കഴിയൂ. അതുകൊണ്ട് ആ മേഖലയിൽ അൺഇന്ററപ്റ്റഡ് ഇലക്ട്രിസിറ്റി സപ്ലൈ ഉറപ്പുവരുത്തണം. അതോടൊപ്പം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലേയ്ക്കും ഇലക്ട്രിസിറ്റി സപ്ലൈ സംവിധാനം നിർബാധം നടത്തുന്നതിനുള്ള സൗകര്യമൊരുക്കണമെന്നും ഞാനഭ്യർത്ഥിക്കുകയാണ്. പരമ്പരാഗത രീതികൾ മാറ്റിവച്ച് സൂര്യതാപത്തിൽനിന്നും തിരമാലകളിൽനിന്നും കാറ്റിൽനിന്നുമെല്ലാം വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, വ്യവസായം, വൈദ്യുതി എന്നീ

ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. വ്യവസായവും വൈദ്യുതിയും പരസ്പരപൂരകമാണ്. വ്യവസായരംഗത്ത് കേരളത്തിൽ പുതിയ മുന്നേറ്റം നടത്താനുള്ള എല്ലാ സാധ്യതയുമുണ്ട്. ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകണം. നിലവിലുള്ള പൊതുമേഖലാ വ്യവസായങ്ങൾ ശക്തിപ്പെടുത്തുകയും പരമാവധി ലാഭപ്പെടുത്തുക എന്ന നയം സ്വീകരിക്കുകയും വേണം. കാർഷികോല്പന്നവുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പാദനം നടത്തുന്നതിന് വ്യവസായ വകുപ്പിന് എന്തെങ്കിലും പങ്ക് വഹിക്കാൻ കഴിയുമോയെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണി എന്ന് അധികാരത്തിൽവന്നാലും കേരളത്തിന്റെ സംഘടിതമായ പൊതുമേഖലാ വ്യവസായം ലാഭത്തിലാകാറുണ്ട്. എൽ.ഡി.എഫ്. എന്ന് അധികാരമൊഴിയുന്നോ അന്ന്, യു.ഡി.എഫ്.-ഉം മുസ്ലീം ലീഗും ഇതേറ്റെടുക്കുകയും കട്ടമുടിക്കുകയും ചെയ്യും. എന്തും നഷ്ടമാണ്. പത്തുവർഷം ആ ദുരന്തം നടക്കുകയില്ലല്ലോയെന്നോർക്കുമ്പോൾ അതിയായ സന്തോഷമുണ്ട്. ലാഭമുണ്ടാക്കൽ ഇടതുപക്ഷത്തിന്റെ ജോലിയും കട്ടെടുക്കുക കോൺഗ്രസ്സിന്റെ ജോലിയുമാണ്. എന്തായാലും അതിന് ആശ്വാസം കണ്ടു. വ്യവസായ രംഗത്ത് പുതിയ സംരംഭത്തിന് നേതൃത്വം കൊടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഊർജ്ജരംഗത്ത് വലിയ

മുന്നേറ്റമാണ് കഴിഞ്ഞ അഞ്ചുവർഷമുണ്ടായത്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽ.ഡി.എഫ്. സർക്കാർ ആ മുന്നേറ്റം കൂടുതൽ ശക്തിപ്പെടുത്തിയും വ്യക്തമായ കാഴ്ചപ്പാടോടുകൂടിയും മുന്നോട്ടുപോകുമെന്ന കാര്യത്തിൽ എനിക്ക് അശേഷം സംശയമില്ല. കാര്യമായ മാറ്റമാണ് ഊർജ്ജരംഗത്ത് വരുത്തിയതെന്ന് നമുക്കറിയാം. സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി, ഇന്ത്യയിലെ ഒരു സംസ്ഥാനത്തും നടക്കാത്തതാണിത്. ശ്രീ. നരേന്ദ്ര മോദിയുടെ നാട്ടിലും മുൻകാലത്ത് ഈ രാജ്യംഭരിച്ചവരുടെ നാടുകളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിട്ടില്ലെന്ന കാര്യം തെല്ല് അഹങ്കാരത്തോടുകൂടി പറയാൻ കേരളീയർക്ക് കഴിയും. സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുക മാത്രമല്ല, ഊർജ്ജോല്പാദന രംഗത്ത് പുതിയ മുന്നേറ്റം നടത്താനും സാധിച്ചു. കഴിഞ്ഞ അഞ്ചുവർഷകൊണ്ട് 250 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാൻ സാധിച്ചുവെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പവർകട്ടും ലോഡ് ഷെഡ്ഡിംഗുമുണ്ടാകില്ലെന്ന് ഞങ്ങൾ ജനങ്ങളോടുപറഞ്ഞത് പൂർണ്ണമായി നടപ്പിലാക്കിയെന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുപോലെ ഊർജ്ജോല്പാദന രംഗത്ത് പുതിയ മുന്നേറ്റമുണ്ടാക്കി.

സൗരോർജ്ജരംഗത്ത് പ്രത്യേക ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനം നടത്താനും ഉല്പാദനം വർദ്ധിപ്പിക്കാനും സാധിച്ചു. ഇനിയും കൂടുതൽ സാധ്യത സൗരോർജ്ജ രംഗത്തുണ്ടെന്നാണ് എന്റെ അഭിപ്രായം. ജലവൈദ്യുതി രംഗത്ത് സാധ്യതകൾ വളരെ കുറവാണ്. ഏതാനും ചെറുകിട പദ്ധതികൾ മാത്രമാണുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് വേണ്ടെന്നുവച്ച പള്ളിവാസൽ പദ്ധതി ഞങ്ങൾ 250 കോടി രൂപ മുടക്കി പുനരുജ്ജീവിപ്പിച്ചു. താമസംവിനാ അത് ഉദ്ഘാടനം ചെയ്യാൻ സാധിക്കും. അതുപോലെ ഏതാനും ചില ജലവൈദ്യുത പദ്ധതികൾകൂടിയുണ്ട്. അതുകഴിഞ്ഞാൽ ഇടുക്കി രണ്ടാം നിലയത്തിന്റെ സാധ്യതയുണ്ട്, പ്രകടനപ്പത്രികയിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റവും മികച്ച നിലയിലാണ് ഊർജ്ജ വകുപ്പിന്റെ പ്രവർത്തനം നടന്നത്,ആ നിലയിൽത്തന്നെ അത് മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കൂടാതെ വിതരണരംഗം ശക്തിപ്പെടുത്തി വലിയതോതിലുള്ള മുന്നേറ്റമാണ് ഈ രംഗത്തുണ്ടായത്. ഏതാണ്ട് തൊണ്ണൂറോടടുത്ത സബ്സ്റ്റേഷനുകൾ ഈ കാലയളവിൽ സംസ്ഥാനത്തുടനീളം നിർമ്മിച്ച് ഉദ്ഘാടനം ചെയ്തു. പുതിയ പദ്ധതികൾ ഉദ്ഘാടനം ചെയ്യാനുള്ള കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. 10,000 കോടി രൂപ മുടക്കി ട്രാൻസ്ഗ്രിഡ്, 4,000 കോടി രൂപ മുടക്കി 'ദ്യുതി' പദ്ധതി,

എന്നുപറഞ്ഞാൽ വൈദ്യുതീകരണത്തിനായി വൈദ്യുതിലൈൻ നവീകരിക്കുന്നതിലൂടെ 50 വർഷത്തേയ്ക്ക് ഊർജ്ജ വകുപ്പിന്റെ വിതരണരംഗം സമ്പൂർണ്ണവും ഫലപ്രദവുമായിരിക്കും. ആ നിലയിൽ പുതിയൊരു മുന്നേറ്റം വൈദ്യുതിരംഗത്ത് നടത്താൻ കഴിഞ്ഞു. ഈ കാലയളവിൽ നിരവധി പ്രതിസന്ധികൾ നേരിട്ടു. 2017-ലെ നിപ വൈറസ്, 2018-ലെയും 2019 ലെയും വെള്ളപ്പൊക്കം, കോവിഡ്-19 വന്നതിനെത്തുടർന്നുള്ള പ്രതിസന്ധി ഇവയെല്ലാം വൈദ്യുതി രംഗത്തെ വലിയ തോതിൽ ബാധിച്ചു. ഇതിനെയെല്ലാം ഫലപ്രദമായി നേരിടാൻ സംസ്ഥാന സർക്കാരിനും വൈദ്യുതി ബോർഡിനും കഴിഞ്ഞു. വൈദ്യുതി ബോർഡിൽനിന്നും പെൻഷനായവരുൾപ്പെടെയുള്ള ജീവനക്കാരും എല്ലാ സംഘടനക്കാരും ഈ പ്രതിസന്ധി സമയത്ത് സഹായിക്കാൻ തയ്യാറായി, ആ നിലയിലുള്ള പ്രവർത്തനമാണ് സംഘടിപ്പിച്ചത്. ഇനിയും കൂടുതൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നതിനാവശ്യമായ കർമ്മപരിപാടി പുതിയ പ്രകടനപ്പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുക്കുന്നതുപോലെ സംഘടന നോക്കാതെ വൈദ്യുതി ബോർഡിലെ മുഴുവൻ ജീവനക്കാരെയും വിശ്വാസത്തിലെടുത്ത്, എല്ലാ സംഘടനകളെയും യോജിപ്പിച്ച് അണിനിരത്തിയെന്നതാണ് നമ്മുടെ

വിജയത്തിനാധാരം. കൊച്ചി-മാടക്കത്തറ ലൈനും പുഗലൂർ-തൃശ്ശൂരിലേയ്ക്കുള്ള ലൈനും ഫലത്തിൽ നിന്നുപോയതാണ്. മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ മുൻകയ്യെടുത്ത് ഈ രണ്ട് ലൈനും പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തുവെന്ന കാര്യം അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. ചെറിയ കാര്യത്തിന്റെ പേരിലാണ് ഈ പദ്ധതികൾ വേണ്ടെന്നുവച്ചത്. മുൻമുഖ്യമന്ത്രിയുടെ മണ്ഡലമായ പുതുപ്പള്ളിയിലും മറ്റ് ചില സ്ഥലങ്ങളിലും ഭൂമിയുടെയും നഷ്ടപരിഹാരത്തിന്റെയും പേരിൽ ചില തർക്കങ്ങൾ വന്നപ്പോൾ കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം നൽകി പരിഹാരമുണ്ടാക്കി. ഊർജ്ജം അതിപ്രധാനമാണ്, അതൊഴിവാക്കി ജീവിക്കാനാവില്ലെന്നതുപോലെയാണ് ഊർജ്ജം ഉല്പാദിപ്പിക്കുന്നതോടൊപ്പം പുതിയ സംവിധാനങ്ങളുപയോഗിച്ച് ഊർജ്ജം ലഭ്യമാക്കുക എന്ന കർമ്മപരിപാടിയും വൈദ്യുതി ബോർഡിന്റെ മുന്നിലുണ്ട്. ഇപ്പോൾ വൈദ്യുതി ലാഭിക്കാൻ കഴിയുന്ന ആധുനിക സംവിധാനമുണ്ട്. വൈദ്യുതി ലാഭിക്കുന്ന കോടിക്കണക്കിന് ബൾബുകളാണ് വൈദ്യുതിരംഗത്ത് വിതരണംചെയ്തത്. ഊർജ്ജം കൂടുതൽ ഉല്പാദിപ്പിക്കുന്നതോടൊപ്പം ഊർജ്ജത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരിക എന്നതും അതിപ്രധാനമാണ്. ആവശ്യമുള്ള വൈദ്യുതിയുടെ 30-35 ശതമാനം മാത്രമേ നമ്മൾ ഉല്പാദിപ്പിക്കുന്നുള്ളൂ.

ബാക്കി വലിയ വിലകൊടുത്തുവാങ്ങി വിതരണംചെയ്താണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയത്. അതുകൊണ്ടുതന്നെ ഊർജ്ജം ലാഭിക്കാനുള്ള കർമ്മ പരിപാടി ആവിഷ്കരിക്കണം. സൗരോർജ്ജ രംഗത്തെ പുതിയ സാദ്ധ്യതകൾ ഉൾപ്പെടുത്തി കഴിഞ്ഞ സർക്കാർ വ്യക്തമായ പരിപാടികൾ തയ്യാറാക്കി ഇത്തവണ അവതരിപ്പിച്ച പ്രകടനപ്പത്രികയിൽ അതിനെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ആ നിലയിൽ നമുക്ക് വലിയ രീതിയിൽ മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് എല്ലാവിധ വിജയവും ആശംസിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ രാവിലെ മുതൽ കോവിഡ്-19-നെക്കുറിച്ച് ചർച്ച നടത്തി. ഇവിടെ ആകെ കുഴപ്പം, കിറ്റ് കൊടുക്കുന്നത് കുഴപ്പം. കിറ്റും റേഷനും കൊടുക്കാതെ പാവപ്പെട്ട ആൾക്കാർ മരിച്ചാലും പ്രശ്നമില്ലെന്ന മട്ടിലാണ് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ്ബ് ഇവിടെ പ്രസംഗിച്ചപ്പോൾ എനിക്ക് തോന്നിയത്. നിങ്ങൾക്കെങ്ങനെ തോന്നിയെന്ന് എനിക്കറിയില്ല, കേട്ടപ്പോൾ എനിക്കങ്ങനെയാണ് തോന്നിയത്. ഇപ്പോൾ, യമുന, ഗംഗ തുടങ്ങിയ ഏതെല്ലാം നദികളിൽ ശവം ഒഴുകിനടന്നു. അത് യു.ഡി.എഫ്.-ന്റെയോ ലീഗിന്റെയോ കോൺഗ്രസ്സിന്റെയോ നേതാക്കന്മാർ കണ്ടില്ല, പത്രം വായിച്ചില്ല. നിങ്ങളുടെ വലിയ പുംഗവന്മാരായ

നേതാക്കന്മാരുടെ നാട്ടിൽ പ്രാണവായു കിട്ടാതെ ആളുകൾ മരിച്ചുവീണു. പ്രിയമുള്ളവരേ, അക്കാര്യത്തിൽ കേരളീയരായ നമുക്കഭിമാനിക്കാം, ഇവിടെ അത്തരത്തിൽ ഒരു സംഭവമുണ്ടായില്ല. നമ്മുടെ നാട്ടിൽ പ്രാണവായുകിട്ടാതെ മരിച്ച സംഭവമില്ലെന്ന് അഭിമാനബോധത്തോടുകൂടി കേരളീയർക്ക് പറയാം. പക്ഷേ നിങ്ങൾ അതൊന്നും കണ്ടില്ല. ശ്രീ. നരേന്ദ്ര മോദി സർക്കാർ ആവശ്യാനുസരണം വാക്സിൻ നൽകുന്നില്ല, സഹായിക്കുന്നില്ല. അതൊന്നും നിങ്ങൾക്ക് പ്രശ്നമല്ല. കേരളത്തിലെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം താറുമാറാക്കുന്ന നിലയിൽ ശ്രീ. നരേന്ദ്ര മോദി സർക്കാർ ഇന്ത്യയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മുതലാളിമാർക്കുവേണ്ടി, പുതിയ ഊർജ്ജനയം, പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നുവെന്നത് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഒരുകാര്യത്തിൽ കോൺഗ്രസ്സിന് കൈകഴുകാൻ പറ്റുകയില്ല, കാരണം 2003-ലെ നിങ്ങളുടെ ഗവൺമെന്റാണ് അതിന് തുടക്കംകുറിച്ചതെന്ന കാര്യം നമുക്ക് മറക്കാൻ കഴിയുന്നതല്ല. കിറ്റും പെൻഷനും കൊടുത്താൽ പരാതി. വിദ്വാന്മാർ ഹൈക്കോടതിയിൽ കേസ്സിന് പോകുകയാണ്. എന്തൊരു നാണക്കേടാണിത്, ഇതപമാനമല്ലേ? എന്താണ് നിങ്ങളുടെ മനോഭാവം; "നാത്തൂൻ മരിച്ചാലും ശരി, കുഞ്ഞാങ്ങളയുടെ കരച്ചിൽ കാണണമെന്ന മട്ടിലാണ്". കേരള ജനത ഇതെല്ലാം

കണ്ടുകൊണ്ടിരിക്കുകയാണ്, അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ ഇന്നുള്ള 41 പോലും സ്വാഹ. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നന്ദി.

ശ്രീ. പി. ടി. തോമസ്: സർ, കേരളം ഉറ്റുനോക്കിയ ഒരു മഹാ നിക്ഷേപക സംരംഭമായിരുന്നു സ്മാർട്ട്സിറ്റി കൊച്ചി പ്രോജക്ട്. കേരള സർക്കാരിന്റെ 240 ഓളം ഏക്കർ സ്ഥലം ഒരുരൂപ പാട്ടത്തിന് ദുബായ് ആസ്ഥാനമായ ടീക്കോം കമ്പനിക്ക് നൽകി അന്താരാഷ്ട്ര നിലവാരമുള്ള ഐ.ടി. പാർക്ക് സ്ഥാപിക്കുകയായിരുന്നു ഉദ്ദേശ്യം. 2007-ൽ കേരള സർക്കാർ ഒപ്പുവച്ച കരാർപ്രകാരം കേരളത്തിൽ ഐ.ടി. നിക്ഷേപം കൊണ്ടുവരികയും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയുമായിരുന്നു ലക്ഷ്യം. എന്നാൽ 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നും 62 ലക്ഷം ചതുരശ്ര അടി കൺസ്ട്രക്ഷൻ നടക്കണമെന്നുമുള്ള വ്യവസ്ഥ 14 വർഷം കഴിഞ്ഞിട്ടും ഇന്നുവരെ നടപ്പിലാക്കിയിട്ടില്ല. കേവലം നാലായിരത്തോളം തൊഴിലവസരങ്ങൾ മാത്രമാണ് ഇതുവരെ അവിടെയുണ്ടായിട്ടുള്ളത്. പത്തു വർഷത്തിനകം 90,000 തൊഴിലവസരങ്ങൾ എന്നതായിരുന്ന കരാർ. അതോടൊപ്പം 62 ലക്ഷം ചതുരശ്രഅടി കൺസ്ട്രക്ഷൻ എന്നുള്ളതാണെങ്കിലും ആറരലക്ഷം ചതുരശ്രഅടിയിൽ താഴെമാത്രമാണ് നടന്നിട്ടുള്ളത്. അവിടെ

പ്രവർത്തിക്കുന്ന 35 ഐ.ടി. കമ്പനികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നില്ല. ടീക്കോം കമ്പനിയുമായുള്ള ധാരണയനുസരിച്ച്, കേരള സർക്കാർ കേരളത്തിലെ ഐ.ടി. പാർക്കുകൾക്കും ഇൻഫോ പാർക്കുകൾക്കും നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സ്മാർട്ട് സിറ്റിയിലെ കമ്പനികൾക്കും നൽകണമെന്നാണ്. എന്നാൽ സ്മാർട്ട് സിറ്റിയിലെ 18-ഓളം കമ്പനികളോട് ഒഴിഞ്ഞുപോകാൻ ഇപ്പോഴത്തെ നേതൃത്വം ആവശ്യപ്പെടുകയാണ്. ഈ കോവിഡ് കാലത്ത് 15 ശതമാനം വാടക കുറച്ചുകൊടുക്കണമെന്ന ആവശ്യമാണ് മുന്നോട്ടുവയ്ക്കുന്നത്. സൈബർ പാർക്ക്, ടെക്നോപാർക്ക്, ഇൻഫോ പാർക്കുൾപ്പെടെയുള്ള മേഖലകളിൽ സർക്കാർ നൽകിയ മൂന്നുമാസത്തെ ആശ്വാസ പദ്ധതിയുൾപ്പെടെ ഒരു ആനുകൂല്യവും കൊടുക്കുന്നില്ല. ആർക്കുവേണ്ടിയാണ് ഇങ്ങനെയൊരു പാർക്ക് പ്രവർത്തിക്കുന്നത്? അതിന്റെ ഫ്രെയിംവർക്ക് എഗ്രിമെന്റ് ക്ലോസ് 7 അനുസരിച്ച് ലീഗൽ ആക്ഷനോടുകൂടി അവരെ എവിക്ട് ചെയ്യാൻപോലും അവകാശമുണ്ട്. അവർതന്നെ കൊടുത്തിരിക്കുന്ന മറുപടി 'ഞങ്ങൾ ഒരു ഭ്രകച്ചവട ഇടപാടാണ് നടത്തുന്നത് എന്നാണ്. ഇക്കാര്യത്തിൽ വളരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്; നാലായിരത്തോളം ജീവനക്കാർ ജോലിയെടുക്കുന്ന കമ്പനികളെ അവിടെനിന്ന് പോകാൻ ശക്തമായ

സമ്മർദ്ദം നടത്തിക്കൊണ്ടിരിക്കുകയാണ്. ജി.ഒ. (ആർ.ടി.) 51/2020/ITD അനുസരിച്ച് മൂന്നുമാസത്തെ വാടക ഇളവ് കേരള സർക്കാർ കൊടുത്തിട്ടും സ്മാർട്ട്സിറ്റി ഈ ആനുകൂല്യങ്ങളൊന്നും കമ്പനികൾക്ക് കൊടുക്കുന്നില്ല. 52,000-ത്തിലധികം ആളുകൾ ജോലിചെയ്യുന്ന ഇൻഫോപാർക്കും സ്മാർട്ട്സിറ്റിയും എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. അതിന്റെ രണ്ടാംഘട്ടം മുഭാഗത്താണ്. അന്നനുവദിച്ചുകൊടുത്ത ഇൻഫോപാർക്കിന്റെ സ്ഥലത്തിൽനിന്നും 55 ഏക്കർ സ്ഥലം ഇപ്പോൾ കെ-റെയിലിനുവേണ്ടി മാറ്റിവയ്ക്കുകയാണ്, അതിന്റെ സ്റ്റേഷൻ അവിടെയാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തെ ദോഷകരമായി ബാധിക്കുന്ന ഈ നടപടി സർക്കാർ പുനരാലോചിക്കണം, അഥവാ അങ്ങനെയാണ് മുന്നോട്ടുപോകുന്നതെങ്കിൽ 100 ഏക്കർ സ്ഥലം ഇൻഫോപാർക്കിന്റെ വികസനത്തിനുവേണ്ടി കണ്ടെത്തണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുന്നു. ഈ ദുരിതകാലത്തും ഇൻഫോപാർക്കിൽ 7,000 കോടി രൂപയുടെ വരുമാനം എക്സ്പോർട്ട്വഴി ഉണ്ടായിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ ഇക്കാര്യം ശ്രദ്ധിക്കണം. സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരുരൂപ പാട്ടത്തിന് നമ്മൾ കൊടുത്ത ഒരേക്കർ സ്ഥലം ഒന്നര-രണ്ട്-അഞ്ച്-ഏഴ് കോടി രൂപയ്ക്ക് ഇഷ്ടാനുസരണം റിയൽ എസ്റ്റേറ്റ് കച്ചവടം നടന്നുകൊണ്ടിരിക്കുന്നതിനെപ്പറ്റി

അന്വേഷിക്കണം. ഒരേ ബോർഡ് മീറ്റിംഗിൽ വ്യത്യസ്ത കാലയളവിൽ വ്യത്യസ്ത തുകയ്ക്ക് കച്ചവടം നടന്നിരിക്കുകയാണ്. സ്മാർട്ട് സിറ്റി റിയൽ എസ്റ്റേറ്റ് ബിസിനസ്സാണെന്ന് വിവരാവകാശത്തിന് മറുപടിയായി അവർ പരസ്യമായി തന്നിരിക്കുകയാണ്. ഇക്കാര്യം സർക്കാർ ഗൗരവകരമായി ആലോചിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഇൻഫോപാർക്കും സ്മാർട്ട് സിറ്റിയുമിരിക്കുന്ന ആ പ്രദേശത്തെ ശുദ്ധജലത്തിന്റെ ഉറവിടമായ കടമ്പ്രയാറിനെ മലിനപ്പെടുത്തുന്ന നടപടിയിലും ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണം, അക്കാര്യത്തിൽ ശക്തമായ നടപടി വേണം. കേരളത്തിൽ വ്യവസായങ്ങൾ വേണം, പക്ഷെ നിയമങ്ങൾ അംഗീകരിക്കുന്ന, നിയമാനുസരണം പ്രവർത്തിക്കുന്ന വ്യവസായങ്ങളുണ്ടാകണമെന്നാണ് വ്യക്തിപരമായ എന്റെ അഭിപ്രായം.

വൈദ്യുതിയെപ്പറ്റി ഒരു വാക്ക് ഞാൻ പറയുന്നു, ലോകത്തെമ്പാടും വൈദ്യുതി വിതരണരംഗത്ത് വലിയമാറ്റം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ നാട്ടിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ ഇന്നും സ്വപ്നമായിരിക്കുകയാണ്. വളരെ ശക്തനായ വൈദ്യുതി വകുപ്പുമന്ത്രി, അത് ചെയ്യാൻ കഴിയുന്ന ആളാണ്. അദ്ദേഹം അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം. കോവിഡ് കാലത്ത് കാർഷികമേഖല വലിയ

ദുരിതമനുഭവിക്കുകയാണ്. അതുകൊണ്ട് അഗ്രി വ്യവസായം - കാർഷിക ഉൽപ്പന്നങ്ങൾ മൂല്യാധിഷ്ഠിതമായി മാറ്റിയെടുക്കാനുള്ള വ്യവസായങ്ങൾക്ക് പ്രാമുഖ്യം കൊടുക്കാൻ സർക്കാർ തയ്യാറാകണം. കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കീഴിലുള്ള സ്പേസ് പാർക്കിലാണ് ശ്രീമതി സ്വപ്നയുടെ കേളീനടനം അരങ്ങേറിയത്. 'എസ് കത്തി'യെപ്പറ്റി നമ്മൾ ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ ഐ.ടി. വകുപ്പിന്റെ പിന്നാമ്പുറങ്ങളിൽ കറങ്ങിനടന്ന 'എസ് കത്തി'മാരെ മറക്കാൻ കഴിയില്ല. ആരെല്ലാമാണ് 'എസ് കത്തി'കൾ, ശ്രീ. എം. ശിവശങ്കർ, ശ്രീമതി സ്വപ്ന, ശ്രീ. സരിത്ത് ഇങ്ങനെ പോകും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീമതി സ്വപ്ന സുരേഷിന്റെ അനധികൃത നിയമനം വിവാദമായതിനെത്തുടർന്ന് ഐ.ടി. വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ട് റിപ്പോർട്ട് ഇതുവരെ പുറത്തുവന്നിട്ടില്ല. മുഖ്യമന്ത്രിയുടെ കൈയിലുള്ള ആ ഫയൽ പുറത്തുവരണം. വ്യവസായ വികസനത്തിന്റെ മറവിൽ അഴിമതികൾ അരങ്ങേറാൻ പാടില്ല. കൺസൾട്ടൻസികളുടെ മറവിൽ കേരളത്തിൽ നടന്നത് അതാണ്, ആ

കള്ളക്കളി മാലോകർക്ക് മനസ്സിലാകുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഉപദേശികളായിരുന്നു! ഉപദേശികളെയൊന്നും ഞാൻ കുറ്റപ്പെടുത്തുന്നില്ല. അവരുടെ കഴിവിനെ ഞാൻ മാനിക്കുന്നു, പക്ഷേ ഉപദേശമെല്ലാം അഴിമതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളായിരുന്നോ? കേരളത്തിൽ നിലിൽക്കുന്ന മതസൗഹാർദ്ദം തകർക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുകയാണ്. മുസ്ലീം-ക്രിസ്ത്യൻ വിരുദ്ധത സൗകര്യംപോലെ നടക്കുന്നുണ്ടെന്നതിനാൽ അതിനെ ഗൗരവതരമായി കാണണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. മുഖ്യമന്ത്രി മുതൽ സി.പി.ഐ.(എം) എം.എൽ.എ.-മാർക്കുവരെ സംഘപരിവാറിനെ വിമർശിക്കാൻ നാവ് പൊങ്ങാതിരിക്കുകയും ശ്രീ. രാഹുൽ ഗാന്ധിയെ അനന്തന്റെ ആയിരംനാവുകൊണ്ട് വിമർശിക്കുകയുമാണ്. അദ്ദേഹത്തെയും കോൺഗ്രസിനെയും വിമർശിക്കുന്നതുകൊണ്ട് സി.പി.ഐ.(എം)-നുള്ള നേട്ടമെന്താണ്; അങ്ങനെചെയ്യുമ്പോൾ സംഘപരിവാറിന് വടികൊടുക്കുകയല്ലേ? ശ്രീ. രാഹുൽ ഗാന്ധി എം.പി.-യായത് വയനാട്ടിൽനിന്നല്ലേ? കേരളത്തിൽനിന്നുള്ള എം.പി.-യായ അദ്ദേഹത്തിന്റെ ഫോൺ ചോർത്തിയതിനെപ്പറ്റി ഒരു ജുഡീഷ്യൽ അന്വേഷണം നടത്താനുള്ള നട്ടെല്ല് കേരളത്തിന്റെ മുഖ്യമന്ത്രിക്കുണ്ടോ; അതിന് നടപടി സ്വീകരിക്കാൻ

തയ്യാറുണ്ടോ? നിങ്ങൾ ആർക്കുവേണ്ടിയാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്? നിങ്ങൾ എപ്പോഴും സംഘപരിവാറിന്റെ പേരുപറയുകയാണ്. എന്റെ കയ്യിലുള്ളത് 24 അസംബ്ലി മണ്ഡലത്തിലെയും ലിസ്റ്റാണ്, അവിടെയെല്ലാം ബി.ജെ.പി.-യുടെ വോട്ടുകൾ കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ കുറഞ്ഞിട്ടുണ്ട്. കുറ്റ്യാടി, റാന്നി, കണ്ണൂർ, പീരുമേട്, തവനൂർ, കുന്നത്തുനാട്, നാദാപുരം, അരുവിക്കര, കുട്ടനാട്, ഇടുക്കി, ചങ്ങനാശ്ശേരി, ചേർത്തല, കായംകുളം, അരൂർ, കൊയിലാണ്ടി, നിലമ്പൂർ, ദേവികുളം, കോതമംഗലം, കൊല്ലം എന്നിവയുൾപ്പെടെയുള്ള മണ്ഡലങ്ങളിൽ നിങ്ങൾ സംഘപരിവാറുമായി നടത്തിയ ബാന്ധവത്തിന്റെ ഉദാഹരണമാണിത്. 1970-ൽ കുത്തുപറമ്പിൽ മത്സരിച്ച ശ്രീ. പിണറായി വിജയന് കിട്ടിയ ഭൂരിപക്ഷം 743 വോട്ടായിരുന്നു. അടുത്ത തെരഞ്ഞെടുപ്പിൽ സംഘപരിവാർ ബന്ധമുള്ള കെ.ജി. മാരാർ അച്ചുതണ്ട് പ്രവർത്തിച്ചു. അങ്ങനെയാണ് 1977-ൽ ജയിക്കുന്നത്. അതിനെത്തുടർന്നുണ്ടായ ഈ ബാന്ധവമാണ് കേരളത്തിലെ സംഘപരിവാറിനെതിരെ സംസാരിക്കാതിരിക്കുന്ന നടപടി വന്നത്. എന്റെ കയ്യിലിരിക്കുന്നത് കോടതി ഉത്തരവാണ്, അതിൽ ശ്രീ. പിണറായി വിജയൻ മാഫിയാ സംഘത്തിന്റെ തലവനാണെന്ന് ജസ്റ്റിസ് സുകുമാരൻ പറഞ്ഞതിനെതിരെ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഒരു കേസ് കൊടുത്തിരുന്നു. അദ്ദേഹം നേരിട്ടുപോയി തലശ്ശേരി കോടതിയിൽ മൊഴികൊടുത്തു, ആ കേസ് അദ്ദേഹം ഇപ്പോൾ നിരുപാധികം പിൻവലിച്ചിരിക്കുന്നു. കേരളത്തിലെ ജനങ്ങൾ നമ്മുടെ പ്രിയങ്കരനായ മുഖ്യമന്ത്രി മാഫിയാ തലവനാണെന്ന് വിശ്വസിക്കണോ? ഇതിനെ സംബന്ധിച്ച് സഭയിൽ മറുപടി പറയണം. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച ഗൗരവതരമായ ചർച്ചയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പൊതുവേ വ്യവസായ വകുപ്പിനെക്കുറിച്ച് നല്ലരീതിയിലുള്ള അഭിപ്രായപ്രകടനങ്ങളാണ് പ്രതിപക്ഷ അംഗങ്ങളുൾപ്പെടെ നടത്തിയിട്ടുള്ളത്. കേരള ചരിത്രത്തിലാദ്യമായി ഒരു മുഖ്യമന്ത്രിക്കും അദ്ദേഹം നയിക്കുന്ന മുന്നണിക്കും നാട്ടിലെ ജനങ്ങൾ അധികാരത്തുടർച്ച നൽകിയെന്നുള്ളതാണ് ഈ ഗവൺമെന്റിന് ലഭിച്ച സൗകര്യം. അധികാരത്തുടർച്ച നയങ്ങളുടെകൂടി തുടർച്ചയായതുകൊണ്ട് ഏത് നയമാണ് പിന്തുടരേണ്ടത്, ഏതാണ് തള്ളേണ്ടത്, എങ്ങനെ പ്രവർത്തിക്കണം എന്നതിനെ സംബന്ധിച്ചൊന്നും പുതിയ ഗവൺമെന്റിന് ആശങ്കയുണ്ടായില്ല,

ഒരു സെക്കൻഡുപോലും അതിനായി പാഴാക്കേണ്ടിയും വന്നില്ല. നേരത്തെ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ അതിശക്തമായി തുടരാനുള്ള അവസരം കേരളത്തിലെ ജനങ്ങൾ തന്നിരിക്കുകയാണ്, എല്ലാതലങ്ങളിലും അക്കാര്യം പ്രകടമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ നിരവധി പ്രശ്നങ്ങൾ ഉയർത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ നയങ്ങൾതന്നെയാണ് ഈ ഗവൺമെന്റും തുടരുന്നത്. ഉത്തരവാദിത്ത നിക്ഷേപം സംബന്ധിച്ചുള്ള അവബോധം ശക്തിപ്പെടുത്തണമെന്ന ആവശ്യം ചർച്ചയിൽ ഉയർന്നുവന്നു. വ്യവസായങ്ങൾ വരുന്നതിനായി സർക്കാർ ശക്തമായ പ്രവർത്തനം നടത്തുന്നുണ്ട്. എപ്പോഴൊക്കെ ഇടതുപക്ഷമുന്നണി അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ ആ നയം തുടർന്നിട്ടുമുണ്ട്. 1957 ഏപ്രിൽ 5 -ന് ഇന്ത്യയ്ക്കും ലോകത്തിനും പുതിയ ചരിത്രം സംഭാവന ചെയ്തുകൊണ്ട് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിന്റെ രാഷ്ട്രീയ അധികാരത്തിലേയ്ക്കുവന്നു. ആ ഗവൺമെന്റിന്റെ ആദ്യത്തെ നയപ്രഖ്യാപനത്തിൽ വളരെ ശ്രദ്ധേയമായ ഒരു നിലപാടുണ്ടായിരുന്നു, കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനായി സ്വകാര്യ സ്ഥാപനങ്ങളിൽപ്പോലും സർക്കാർ ഓഹരിയെടുത്ത് അവർക്ക് ആത്മവിശ്വാസം പകരണമെന്നതായിരുന്നു അത്. സാധാരണ

ഇടതുപക്ഷത്തെക്കുറിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടി നയിക്കുന്ന സർക്കാരുകളെക്കുറിച്ചും നടത്തുന്ന പ്രചാരവേലകളിൽനിന്നും തീർത്തും വ്യത്യസ്തമായൊരു നിലപാട് ആദ്യത്തെ സർക്കാരിന് നേതൃത്വം നൽകുമ്പോൾത്തന്നെ മുഖ്യമന്ത്രിയായ ഇ.എം.എസ്.-ഉം കമ്മ്യൂണിസ്റ്റ് പാർട്ടിയും സ്വീകരിക്കുകയുണ്ടായി. എപ്പോഴൊക്കെ ഇടതുപക്ഷം അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സമീപനവും സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത നിക്ഷേപമെന്നാൽ വ്യവസായം എങ്ങനേയും നടത്തിക്കൊള്ളാം എന്നല്ല സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തും രാജ്യത്തും നിലനിൽക്കുന്ന നിയമങ്ങൾക്കനുസൃതമായ വ്യവസായങ്ങൾ വരണം. ജനസാന്ദ്രത കൂടിയതും ഭൂമി ലഭ്യത കുറവായതും ശക്തമായ പാരിസ്ഥിതികാവബോധമുള്ള ജനത ജീവിക്കുന്നതുമായ പ്രദേശമാണ് കേരളം. അതുകൊണ്ടുതന്നെ വ്യവസായങ്ങൾ ആരംഭിക്കേണ്ടത് പാരിസ്ഥിതിക നിയമങ്ങൾ, തൊഴിൽ നിയമങ്ങൾ തുടങ്ങിയവയെല്ലാം പാലിച്ചുകൊണ്ടുവേണം. പ്രത്യേകിച്ചും ഈ പാൻഡമിക് കാലയളവിൽ ലോകംതന്നെ ചിന്തിക്കുന്നത് അങ്ങനെയാണ്. 'ഹിന്ദു' ദിനപ്പത്രത്തിന്റെ ഡെപ്യൂട്ടി എഡിറ്ററായ ശ്രീ. വർഗ്ഗീസ് കെ. ജോർജ്ജെഴുതിയ ലേഖനത്തിൽ

മുതലാളിത്തവും ജനാധിപത്യവും തമ്മിലുള്ള ഏറ്റുമുട്ടൽ നടക്കുകയാണെന്നും അതിൽ ജനാധിപത്യപരമായ രൂപത്തിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം ലോകവ്യാപകമായി ഉയരുന്നുണ്ടെന്നും പറയുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം ലോകത്താകെയുള്ള വ്യവസായ നിക്ഷേപത്തിന്റെ നാലിലൊന്ന് ഉത്തരവാദിത്ത നിക്ഷേപമാണ്. അത് കേരളത്തിന് വലിയ സാദ്ധ്യത തുറന്നുതരുന്നുണ്ട്. ഇന്ത്യയുടെ ഉത്തരവാദിത്ത നിക്ഷേപത്തിന്റെ ഡെസ്റ്റിനേഷനായി മാറാൻകഴിയുന്ന സാദ്ധ്യതയും മാനവവിഭവ സൂചകങ്ങളുടെ കാര്യത്തിൽ ഏത് വികസിതരാജ്യങ്ങളോടും കിടപിടിക്കാവുന്ന മികവും കേരളത്തിനുണ്ട്, അത് തുടർന്നുകൊണ്ടുപോകാൻ കേരളത്തിന് കഴിയുന്നുമുണ്ട്. ബഹുമാനപ്പെട്ട പല അംഗങ്ങളും ചൂണ്ടിക്കാട്ടിയ പോലെ വേണ്ടത്ര സജ്ജീകരണങ്ങളോടുകൂടിയ, തൊഴിൽപരമായ കഴിവുകളുള്ള മാനവവിഭവശേഷി നമുക്കുണ്ട്. ഉത്തരവാദിത്ത നിക്ഷേപം കൊണ്ടുവരുന്നതിന്റെ ഭാഗമായി വ്യവസായശാലകൾക്ക് പ്രവർത്തനങ്ങൾക്കനുസൃതമായി നക്ഷത്രപദവി നൽകണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. എല്ലാ നിയമങ്ങളും അനുസരിച്ച്പോകുന്ന വ്യവസായശാലകളെ ഫൈവ് സ്റ്റാർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന രീതിയിൽ

ഗ്രേഡിംഗ് ചെയ്യുന്നതിന് യൂണിവേഴ്സിറ്റികളെയോ അതുപോലുള്ള സംവിധാനത്തെയോ ചുമതലപ്പെടുത്തണമെന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്.

വാക്സിൻ നിർമ്മാണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു, കേരളത്തിൽ വാക്സിൻ നിർമ്മാണം എങ്ങനെ ആരംഭിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ആലോചനകൾ നടത്തി ഈ വിഷയത്തിലെ വിദഗ്ധരുമായി ബന്ധപ്പെടുകയും അവ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾക്കായി ഒരു സംവിധാനത്തെ ചുമതലപ്പെടുത്തുകയും ഐ.എ.എസ്. ഉദ്യോഗസ്ഥയെ അതിന്റെ ഡയറക്ടറായി നിശ്ചയിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനത്തിന്റെ നേതൃത്വത്തിൽ എല്ലാവിഭാഗം വിദഗ്ധരുമായി ചർച്ചചെയ്യുകയും തിരുവനന്തപുരത്തെ തോന്നയ്ക്കലിലുള്ള ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ നിർമ്മാണ യൂണിറ്റിനായി സ്ഥലം മാർക്ക് ചെയ്യുകയും ചെയ്തു. ഇപ്പോഴുണ്ടായിരിക്കുന്ന കോവിഡ് മഹാമാരിയെ നേരിടുന്നതിനുമാത്രമല്ല, നിലവിൽ കേരളത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാക്സിനുകളുടെ നിർമ്മാണത്തോടൊപ്പം ഭാവിയിൽവരുന്ന ആവശ്യങ്ങളെക്കൂടി അഭിസംബോധനചെയ്യാൻ കഴിയുന്ന വാക്സിൻ നിർമ്മാണത്തിന്റെയും

ഗവേഷണത്തിന്റെയും ഒരു സ്ഥാപനം കേരളത്തിലാരംഭിക്കാനുള്ള പദ്ധതി അതിവേഗത്തിൽ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് ഇതുസംബന്ധിച്ച വിവിധ തലത്തിലുള്ള യോഗങ്ങൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്, അത് അവസാനഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. അടിയന്തരമായി വാക്സിൻ വിപണിയിലേയ്ക്കെത്തിക്കാനും വാക്സിൻ നിർമ്മാണം ഇവിടെ സാധ്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സൂചിപ്പിച്ചപോലെ പ്രസ്തുത മേഖലയ്ക്കാവശ്യമായ കോഴ്സുകൾ ഇപ്പോൾത്തന്നെ ആരംഭിക്കേണ്ടതുണ്ട്. ഭാവിയിൽ വാക്സിൻ നിർമ്മാണം ആരംഭിച്ചാൽ, അതിനുപകരിക്കുന്ന കോഴ്സുകൾ ഇപ്പോൾത്തന്നെ കോളേജുകളിൽ തുടങ്ങാൻ സാധിക്കുമോ എന്നതരത്തിലൊക്കെ വളരെ ദീർഘവീക്ഷണത്തോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഗവൺമെന്റാണ് കേരളത്തിലുള്ളത്. വാക്സിന്റെ കാര്യത്തിൽ ആ സമീപനം സ്വീകരിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ രണ്ട് ഘട്ടമാകണമെന്ന അഭിപ്രായം ഇപ്പോൾത്തന്നെ വിവിധരൂപത്തിൽ മാർക്ക് ചെയ്തിട്ടുണ്ട്. നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡയമണ്ട് എന്ന രീതിയിൽ നാലോ അഞ്ചോ കാറ്റഗറിയായി തിരിച്ച് അവർക്കാവശ്യമായ

പ്രവർത്തനമൂലധനം അനുവദിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുകയാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഒരു മോതിരം കരുതി വച്ചിട്ടുണ്ടെന്നും ദൈവങ്ങളെക്കുറിച്ചും പറയുകയുണ്ടായി. ദൈവമെന്ന് കേട്ടാൽ ഉടൻതന്നെ സംഭാവന നൽകുന്ന ഉദാരമനസ്കനായ ആളാണ് ബഹുമാന്യനായ എം.എൽ.എ., പൊൻമോതിരമല്ല, ഈ ഗവൺമെന്റിന് ജനങ്ങളുടെ മനസ്സിന്റെ അംഗീകാരമാണ് നല്കിയിരിക്കുന്നത്, കാരണം ചെയ്യാൻ കഴിയുന്നതേ പറഞ്ഞിട്ടുള്ളൂ. അങ്ങനെ പ്രവർത്തിച്ചതിന്റെ ഭാഗമായാണ് പൊൻമോതിരമല്ല, ജനങ്ങളുടെ മനസ്സിന്റെ അംഗീകാരം നല്കിക്കൊണ്ട് ഈ സർക്കാർ അധികാരസ്ഥാനത്തിരിക്കുന്നത്. പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ട്. അദ്ദേഹം സൂചിപ്പിച്ച കൊച്ചി-ബാംഗ്ലൂർ ഇടനാഴിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ ഡിസംബറിൽ പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. ശ്രീ. റോജി എം. ജോൺ എം.എൽ.എ., അവിടത്തെ എം.പി. ഉൾപ്പെടെയുള്ളവർ അങ്കമാലിയിൽ, എറണാകുളം ഗിഫ്റ്റ് സിറ്റി പദ്ധതിയുടെ സ്ഥലമെടുപ്പുമായുണ്ടായ പ്രവർത്തനങ്ങളിൽ നല്ല രീതിയിൽ മുൻകയ്യെടുത്ത് അത് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. വൈദ്യുതി വകുപ്പുമന്ത്രി, അവിടെയുള്ള ജനപ്രതിനിധികൾ തുടങ്ങിയവരെല്ലാം സഹകരിക്കുന്നുമുണ്ട്.

അതിവേഗത്തിൽ ഡിസംബറോടുകൂടി ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്.

അതോടൊപ്പം, 104 കാർഷികോല്പന്നങ്ങളുടെ വ്യവസായ കേന്ദ്രങ്ങൾ സംബന്ധിച്ച് നല്ല രീതിയിലുള്ള പ്രതികരണങ്ങൾ വന്നു. One District, One Product (ODOP) എന്നുള്ളത് കേന്ദ്ര ഗവൺമെന്റുമായി ചേർന്നുള്ള പദ്ധതിയാണ്. എല്ലാ ഉല്പന്നങ്ങളും ജില്ലകൾക്ക് നിശ്ചയിച്ചുകഴിഞ്ഞു, 104-ൽ അധികം അപേക്ഷകൾ ലഭിച്ചു. ഇന്ന് രാവിലെ 10.30-ന് KIED (Kerala Institute for Entrepreneurship Development)-ന്റെ നേതൃത്വത്തിൽ അപേക്ഷകർക്കുള്ള സംരംഭക ക്ലാസ് ഓരോ ജില്ലയ്ക്കും സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ന് കാസർഗോഡ് ജില്ലയുടെ പരിപാടിയായിരുന്നു, ഞാനതിൽ പങ്കെടുത്തിരുന്നു. കാർഷികാടിസ്ഥാന വ്യവസായങ്ങൾക്കും ODOP-ക്കും വേണ്ടി ഇന്ന് രാവിലെ നടന്ന സംരംഭകരുടെ പരിപാടിയിൽ കാസർഗോഡ് ജില്ലയിൽമാത്രം അഞ്ഞൂറിലധികം ആളുകൾ പങ്കെടുത്തു, നല്ല പ്രതികരണമാണ് വന്നുകൊണ്ടിരിക്കുന്നത്. നേരത്തെ ബഹുമാന്യരായ ധനകാര്യം, കൃഷി, വൈദ്യുതി, വ്യവസായം, എക്സൈസ് വകുപ്പുമന്ത്രിമാരെല്ലാംചേർന്ന് എങ്ങനെ കാർഷികമേഖലയിൽ പുതിയ ഉല്പന്നങ്ങൾ കൊണ്ടുവരാമെന്നുള്ള ചർച്ച നടത്തിയിട്ടുണ്ട്. സമയബന്ധിമായി

ഇത്തരം കാര്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് നിലവിൽ ബി ടു ബി ആണുള്ളത്. ബി ടു സി - നേരെ കൺസ്യൂമറിലേയ്ക്കെത്തിക്കുന്ന രൂപത്തിൽ ഒരു പേമെന്റ് ഗേറ്റ്വേ സംവിധാനത്തോടുകൂടി ഓൺലൈൻ സംവിധാനം സർക്കാർ മുൻകയ്യെടുത്ത് എല്ലാപേർക്കും ലഭ്യമാകുന്ന രൂപത്തിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഏതൊരാൾക്കും അവരുടെ ഉല്പന്നം ഓൺലൈനായി വിൽക്കുന്നതിനാവശ്യമായ സൗകര്യം ക്രമീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. Ease of doing business-ന്റെ കാര്യത്തിൽ ചർച്ചചെയ്തിരുന്നപ്പോൾ വ്യവസായ വകുപ്പുമന്ത്രിയെന്ന രീതിയിൽ ഞാൻ പ്രതികരിച്ചിരുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അക്കാര്യം സൂചിപ്പിച്ചിരുന്നു. Ease of doing business-ൽ മാനദണ്ഡം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചു നിങ്ങളെവിടെ നിൽക്കുന്നുവെന്ന്. നിങ്ങളല്ല, നമ്മളാണ്, കേരളം എവിടെ നിൽക്കുന്നുവെന്നാണ് പറയേണ്ടത്. അതിൽ 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തവണ റാങ്കിംഗില്ലെന്നും achievers, top achievers എന്നിങ്ങനെ നാല് കാറ്റഗറിയായി തിരിക്കുമെന്ന രീതിയിലാണ് ആദ്യം പറഞ്ഞിരുന്നത്. വ്യവസായ മേഖലയിൽ Ease of doing business-ന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള

പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ മികവ് കൈവരിച്ചിട്ടുള്ള സംസ്ഥാനങ്ങൾക്ക് ജി.ഡി.പി.-യുടെ രണ്ട് ശതമാനം വായ്പയെടുക്കാൻ അനുമതി നൽകിയതുപ്രകാരം ഇന്ത്യയിലെ എട്ട് സംസ്ഥാനങ്ങൾക്കുമാത്രമേ നൽകിയിട്ടുള്ളൂ. ഇവിടെ നടത്തിയ പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ ആ എട്ട് സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടു. Ease of doing business റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം 28-ാമത് ആയിരിക്കും. ഇവിടത്തെ പ്രശ്നം സർവ്വേ അടിസ്ഥാനപ്പെടുത്തിയാണ് റാങ്കിംഗ് നടത്തിയത്. പൂജ്യം ശതമാനം പരിഷ്കാരം നടപ്പിലാക്കിയ ഒരു കേന്ദ്രഭരണ പ്രദേശം 15-ാം റാങ്കിൽ വന്നു. റാങ്കിംഗിൽ കേരളം കഴിഞ്ഞ് ആറ് സംസ്ഥാനങ്ങളുണ്ട്. അതിൽ ഒരു സംസ്ഥാനം നമ്മെക്കാൾ മികവാർന്ന രീതിയിൽ 96 ശതമാനം പരിഷ്കാരം നടപ്പിലാക്കി. പക്ഷേ അവർ റാങ്കിൽ നമ്മുടെ പുറകിലാണ് നിൽക്കുന്നത്. സർവ്വേയുടെ പ്രശ്നമെന്താണെന്നുവച്ചൽ, ഇപ്പോൾ ഒരുകാര്യം നടപ്പിലായോയെന്ന് ഫോണിലൂടെയോ വാട്സ്ആപ്പിലൂടെയോ ചോദിക്കുമ്പോൾ ഭൂരിപക്ഷം വ്യവസായികളും അറിയാത്ത നമ്പറിൽനിന്നുള്ള കാൾ എടുക്കില്ല. രണ്ട് തവണ വിളിച്ചിട്ടെടുത്തില്ലെങ്കിൽ പൂജ്യമാണ് രേഖപ്പെടുത്തുന്നത്. സർവ്വേയുടെ ഒരു മാനദണ്ഡം ഇതാണെന്ന് പരിശോധിച്ചപ്പോഴാണ് മനസ്സിലായത്. അതുകൂടാതെ 100 പേരോട്

ചോദിക്കുമ്പോൾ 70 പേർ മറുപടി പറഞ്ഞാൽ ഒരു മാർക്ക് കിട്ടും, 69 പേർ ആയാൽ പൂജ്യം മാർക്കേ ലഭിക്കുകയുള്ളൂ. ചോദ്യം ഇംഗ്ലീഷിലും ഹിന്ദിയിലുമാണ്. ഒരു സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നു, രണ്ട് മിനിറ്റ് തരുമോയെന്ന് ചോദിച്ചാൽ ഇപ്പോൾ സമയമില്ലെന്ന് പറയുന്നത് മലയാളികളുടെ സ്വാഭാവികമായ രീതിയാണ്, പൊതുവെയുള്ള ഒരു പ്രവണതയാണത്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് റാങ്കിംഗ് നിശ്ചയിക്കുന്നത്. 100 ശതമാനം സബ്ജക്ടീവാണ്, ആത്മനിഷ്ഠമായ വിലയിരുത്തലാണ്. അതുകൊണ്ടാണ് ഇത് സുതാര്യമാക്കണമെന്നും മാനദണ്ഡങ്ങൾ വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കത്തെഴുതിയത്. നിരവധി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ കത്തെഴുതിയിട്ടുണ്ട്, പക്ഷേ പ്രതികരണം വന്നിട്ടില്ല. ഇത്തവണ Ease of doing business-ന്റെ ഭാഗമായി നടപ്പിലാക്കാൻ പറഞ്ഞ പരിഷ്കാരങ്ങളിൽ 94 ശതമാനവും ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞു. കഴിഞ്ഞ തവണത്തെക്കാളും 9 ശതമാനം വർദ്ധനവ് കൈവരിക്കാൻ സാധിച്ചു. വസ്തുനിഷ്ഠമായി പരിശോധിക്കുകയാണെങ്കിൽ നല്ല രീതിയിൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്, അതല്ലേ നോക്കേണ്ടത്; ഇതല്ലേ റാങ്കിൽ പരിശോധിക്കേണ്ടത്; എന്തിനാണ്

റാങ്കിംഗിലേയ്ക്ക് പോകുന്നത് തുടങ്ങിയ കാര്യങ്ങൾ ചില അംഗങ്ങൾ സൂചിപ്പിച്ചു. കേരളത്തിൽ ഇതുവരെയുള്ള കണക്കെടുത്താൽ ആകെ എം.എസ്.എം.ഇ.-കളുടെ 100 ശതമാനവും കഴിഞ്ഞ അഞ്ച് വർഷത്തിലും ഇപ്പോഴത്തെ രണ്ട് മാസത്തിലുമുള്ള കാലയളവിലാണ് ആരംഭിച്ചത്. ഇവിടെ രജിസ്റ്റർ ചെയ്താൽ മതി, അതിന് മറ്റ് രീതിയിലുള്ള ഫിസിക്കൽ ഇൻസ്പെക്ഷനുണ്ടോയെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം ഇവിടെ സൂചിപ്പിക്കുകയും വളരെ പ്രസക്തമായ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. എന്നാൽ വ്യവസായ വകുപ്പിനുകീഴിൽ വ്യവസായ ജാലകമെന്നുള്ള ജിയോ പോർട്ടൽപ്രകാരം നേരിട്ടുള്ളതും ജി.പി.എസ്. സംവിധാനം ഉപയോഗിച്ചുള്ള പരിശോധനയും നടത്തിയിട്ടുണ്ട്. ഫിസിക്കൽ പരിശോധനയിൽ വർദ്ധനവുണ്ട്. 2016 മുതൽ ജൂൺ 30 വരെയുള്ള കണക്കെടുത്താൽ പുതിയതായി 70,067 എം.എസ്.എം.ഇ.-കൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം കേന്ദ്ര ഗവൺമെന്റിന്റെ പോർട്ടലിൽ ലഭ്യമാണ്. ഇത് മറുപടിക്ക് വേണ്ടിപറയുന്ന കണക്കല്ല. ഈ വസ്തുത നിൽക്കുമ്പോൾ എങ്ങനെയാണ് Ease of doing business-ൽ പുറകിലാണെന്ന് പറയുന്നത്. അതാണ് പറയുന്നത് ആത്മനിഷ്ഠമാണ്,

വസ്തുതയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല. വ്യവസായങ്ങളുടെ ശവപ്പറമ്പാണ് പെരുമ്പാവൂർ റയോൺസെന്നും 20 വർഷത്തിലധികമായി പൂട്ടിക്കിടക്കുകയാണെന്നും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞത് നന്നായി. 2016 ജൂലൈ മാസത്തിൽ സർക്കാർ ആദ്യമായി ഇതുസംബന്ധിച്ച് ഓർഡറിറക്കുന്ന സന്ദർഭത്തിലാണ് ഏറ്റെടുക്കൽ പ്രക്രിയയിലേയ്ക്ക് പോകുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ ആ സ്ഥലംതന്നെ ഉപയോഗിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. 73 ഏക്കർ സ്ഥലമുള്ളതിൽ 5 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് കൊടുത്തു. 28 ഏക്കറിലാണ് ഫാക്ടറിയും മറ്റനുബന്ധകെട്ടിടങ്ങളുമുള്ളത്. 40 ഏക്കറാണ് കിൻഫ്രയെ ഏല്പിക്കാൻ തീരുമാനിച്ചത്. ലിക്വിഡേറ്റർ 30 ഏക്കറാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. ജോയിന്റ് ഇൻസ്പെഷൻ ജൂൺ 29-ാം തീയതി നടത്തിയിട്ടുണ്ട്. 30 ഏക്കർ അളന്ന് തിരിക്കാനായി ജൂലൈ മാസം ആദ്യം എറണാകുളം കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവിടെ നല്ല രീതിയിൽ വ്യവസായം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പിന്തുണയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ട്രേഡ് യൂണിയനുകൾ തടസ്സമാകുന്നുവെന്ന പ്രചാരവേലകളുണ്ടായിരുന്നു. തൊഴിലാളികൾ പണിമുടക്കുന്നതുമൂലം

നഷ്ടപ്പെടുന്ന തൊഴിൽദിനങ്ങളുടെ കണക്കെടുത്താൽ ഇന്ത്യയിൽ ഏറ്റവും കുറവുള്ളത് കേരളത്തിലാണ്. ലേ ഓഫ്, ലോക്കൗട്ടെടുത്താൽ കേരളത്തിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നത് വളരെ കുറവായിരിക്കും. സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി., ബി.എം.എസ്, എസ്.ടി.യു. തുടങ്ങി എല്ലാ ട്രേഡ് യൂണിയനുകളും പൊതുമേഖലയിലായാലും വ്യവസായ ശാലകളിലായാലും മുന്നോട്ടുപോകണമെന്നുള്ള ക്രിയാത്മകമായ കാഴ്ചപ്പാട് സ്വീകരിച്ചിട്ടുണ്ട്. ചില ഒറ്റപ്പെട്ട അപവാദങ്ങളുണ്ടാകും, അത് കൂട്ടായി ശ്രമിച്ച് തിരുത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയർ ബോർഡിലെ പ്രവർത്തനങ്ങളും മാറ്റങ്ങളും വളരെ ശ്രദ്ധേയമാണ്. കേരളത്തിലെ കയർ മേഖലയിൽ ഈ കാലയളവിൽ വന്ന മാറ്റം അത്ഭുതകരമാണ്. 2015-16-ൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കേരളത്തിൽ ഉണ്ടാക്കിക്കൊണ്ടിരുന്ന രണ്ടര ശതമാനമായിരുന്ന ഫൈബർ 32 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. തകർന്നുപോകുമെന്ന് കരുതിയ ഒരു മേഖലയെ രണ്ടാം പുന:സംഘടനവഴി ശക്തിപ്പെടുത്താനും മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞുവെന്നുള്ളതാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന. 2015-16-ൽ കേരളത്തിൽ അഞ്ചുശതമാനം മാത്രമായിരുന്ന തൊണ്ടിന്റെ

യൂട്ടിലൈസേഷനിൽ 18 ശതമാനം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ വർഷം 21 ശതമാനമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. 2015-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കയറിന്റെ ആകെയുള്ള ഉൽപ്പാദനം 7,880 ടണ്ണായിരുന്നത് സർക്കാരിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 26,500 ടൺ കയർ ഉൽപാദിപ്പിക്കാൻ കഴിഞ്ഞുവെന്നത് അഭിമാനത്തോടുകൂടി പറയുകയാണ്. തകർന്നുപോകുമെന്ന് പ്രതീക്ഷിച്ച കയർ മേഖലയിൽ വലിയ കുതിച്ചുചാട്ടമാണുണ്ടായിട്ടുള്ളത്. ഈ സാമ്പത്തികവർഷം കയറുൽപ്പാദനം 30,000 ടണ്ണാക്കി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

4.00 PM]

ഹാന്റക്സിന്റെ പുനഃസംഘടന സംബന്ധിച്ച് ബഹുമാന്യനായ വി. ശശി, എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി, അക്കാര്യം ഞങ്ങൾ ഗൗരവമായി പരിഗണിക്കുന്നുണ്ട്. കൈത്തറിമേഖലയെ ലോകത്താകമാനം ശക്തിപ്പെടുത്തുന്നതിന് ചില സാദ്ധ്യതകളുണ്ട്. അതെങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും, അതിന്റെ മൂല്യവർദ്ധനവ് എത്രമാത്രം സാദ്ധ്യമാകുമെന്നത് സംബന്ധിച്ച് ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ ജപ്പാൻപോലുള്ള രാജ്യങ്ങളിൽ മുള

വ്യവസായത്തിൽ നല്ല വർദ്ധനവുണ്ട്. നമുക്ക് മുള ലഭിക്കാത്തൊരു പ്രശ്നമുണ്ടെങ്കിലും അതിന് പ്രത്യേക പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ മൂല്യവർദ്ധിത ഉൽപന്നങ്ങളിലൂടെ ഓർഗാനിക് ഉൽപന്നങ്ങൾക്ക് നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

ബഹുമാന്യനായ മഞ്ഞളാംകുഴി അലി, എം.എൽ.എ. ഇവിടെ കുറെയേറെ കാര്യങ്ങൾ പറഞ്ഞു. അതിലെ നല്ല നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ചിലത് വസ്തുതകൾക്ക് നിരക്കാത്തതാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ 45 സ്ഥാപനങ്ങളുണ്ട്. 42 സ്ഥാപനങ്ങളുടെ കണക്കാണ് അവതരിപ്പിക്കുന്നത്. 110 കോടി രൂപയാണ് ലാഭമുള്ളതെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. പക്ഷേ ലാഭത്തിന്റെ കാര്യത്തിൽ കഴിഞ്ഞ കാലത്തുനിന്നും വലിയ മാറ്റമുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുകയായിരുന്ന യു.ഡി.എഫ്.-ന്റെ കാലത്ത് നിയോഗിച്ച ചൗധരി കമ്മിറ്റിയുടെ പ്രധാനപ്പെട്ട ദൗത്യം. അതിന്റെ ഭാഗമായി എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കാൻ പദ്ധതി കൊണ്ടുവന്നു. ഇവിടെ ചില ബഹുമാനപ്പെട്ട

അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ പിന്നീട് എൽ.ഡി.എഫ്. സർക്കാർ വന്നു, ഓരോ വ്യവസായശാലയിലും ട്രേഡ് യൂണിയനുകൾ വന്നു, അതാണ് ഞാൻ നേരത്തെ പറഞ്ഞത് ചുമരുണ്ടെങ്കിലേ ചിത്രമുണ്ടാകുകയുള്ളൂ. നല്ല രീതിയിൽ ക്രിയാത്മകമായി പ്രതികരിച്ചതിനാൽ നല്ല മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഒരുമാസത്തിനുള്ളിൽ എല്ലാ സ്ഥാപനങ്ങളുടെയും കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതത് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യാൻ പോകുകയാണ്. ആഗസ്റ്റ് 15-നകം മാസ്റ്റർ പ്ലാനിന് അവസാനരൂപം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. എല്ലാ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനവും സെലക്ഷൻ കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു. റിട്ടയേർഡ് ജസ്റ്റിസ് അദ്ധ്യക്ഷനും വിദഗ്ധരും വകുപ്പ് സെക്രട്ടറിയും മറ്റുയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന സെലക്ഷൻ കമ്മിറ്റി നിശ്ചയിക്കുന്നവർ മാത്രമായിരിക്കും എം.ഡി.-മാരായി വരാൻ പോകുന്നത്. അതോടൊപ്പം എല്ലാ നിയമനങ്ങളും റിക്രൂട്ട്മെന്റ് ബോർഡിന് വിടാനും തീരുമാനിച്ചു. ഇക്കാര്യം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപ്പത്രികയിൽ പറഞ്ഞതാണ്. അത് നടപ്പിലാക്കാനുള്ള ബില്ലിന്റെ കരട് രൂപമായി. ഇനിയുള്ള നിയമനങ്ങളെല്ലാം റിക്രൂട്ട്മെന്റ് ബോർഡുവഴി നടത്താനാണ്

ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ജൂലൈ 5-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുമ്പുനടന്ന ചർച്ചകളുടെ തുടർച്ചയായി സോഫ്റ്റ്വെയർ അടിസ്ഥാനപ്പെടുത്തി ഒരു സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിച്ചു. വ്യവസായ നടത്തിപ്പിന്റെ ലൈസൻസ് നൽകുന്നതിൽ വ്യവസായ വകുപ്പിന്റെ റോൾ വളരെ പരിമിതമാണ്. തദ്ദേശസ്വയംഭരണ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ലീഗൽ മെട്രോളജി, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, ലേബർ, വലിയ വ്യവസായശാലകൾക്കാണെങ്കിൽ ഫയർ എന്നിങ്ങനെ ആറ് വകുപ്പുകളാണ് ലൈസൻസ് നൽകുന്നത്. ഇതിന് വ്യവസായ വകുപ്പുമായി നേരിട്ടൊരു ബന്ധവുമില്ലാത്തതാണ്. എന്നാൽ ഒരു പരാതി വന്നാൽ ഉടൻതന്നെ അയാളെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെടുകയാണ്. എന്നാൽ വ്യവസായ വകുപ്പുമായി ബന്ധമില്ലാത്തതായിരിക്കും. അതുകൊണ്ടാണ് ആദ്യത്തെ ക്യാബിനറ്റ് യോഗത്തിൽ Statutory Grievance Redress Mechanism രൂപീകരിക്കാൻ തീരുമാനിച്ചത്. കരട് ബില്ലിന് വകുപ്പ് ഇതിനകം രൂപം നൽകിയിട്ടുമുണ്ട്. അധികം വൈകാതെ ഈ സമ്മേളനത്തിൽത്തന്നെ നിയമമാക്കാനാണ് ആഗ്രഹിക്കുന്നത്. രണ്ടാമത്തെ കാര്യം, ജൂലൈ 5-ന് മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിലെ തീരുമാന

പ്രകാരം ആഗസ്റ്റ് 1 മുതൽ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം നടപ്പിലാക്കും. അതിന്റെ ഉദ്ഘാടനം ഈ മാസം 30-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കാൻ പോകുകയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയാണ്. അതോടുകൂടി ഇൻസ്പെക്ഷൻ സംവിധാനത്തിൽ നേരിട്ട് ആളുകളുടെ ആത്മനിഷ്ഠമായ ഘടകങ്ങളുണ്ടാകില്ല. ഇഷ്ടപ്പെട്ട സ്ഥലത്ത് പോകുന്നതും എന്തെങ്കിലും വ്യത്യസ്തതയുണ്ടെങ്കിൽ അങ്ങോട്ടുപോകുന്നതുമെല്ലാം സോഫ്റ്റ്വെയറായിരിക്കും തീരുമാനിക്കുന്നത്. കൂടാതെ അന്നത്തെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും സർക്കാർ ഉത്തരവിറക്കി. NUALS (National University of Advanced Legal Studies)-ന്റെ ലോ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസിലറായ ഡോ. കെ. സി. സണ്ണി അദ്ധ്യക്ഷനായും കേന്ദ്ര കാർഷിക സെക്രട്ടറിയായി ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന ശ്രീ.നന്ദകുമാർ ഐ.എ.എസ്. പ്രത്യേക ക്ഷണിതാവായും ലോ റിഫോംസ് കമ്മീഷന്റെ വൈസ് ചെയർമാനായിരുന്ന ശ്രീ. കെ. ശശിധരൻ നായർ അംഗമായുമുള്ള മൂന്നംഗ കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട

അംഗങ്ങൾ ചൂണ്ടിക്കാട്ടിയതുപോലെ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, രജിസ്റ്ററുകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ പൊതുവായി എല്ലാവരിൽനിന്നും അഭിപ്രായം ശേഖരിക്കുന്നതിൽ പ്രതിപക്ഷത്തുള്ളവരുടെയും സഹായം വേണം. നമുക്കെല്ലാവർക്കും ഒന്നിച്ച് നിയമങ്ങളും ചട്ടങ്ങളും കാലികമാക്കി മാറ്റാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് വാണിജ്യ വകുപ്പുമന്ത്രി കൂടിയാണ്. സിമന്റ്, കമ്പി തുടങ്ങിയ ഉൽപ്പാദന വസ്തുക്കൾക്കെല്ലാം അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വലിയ വിലയാണ് ഈടാക്കുന്നത്. നിർമ്മാണ വസ്തുക്കളുടെ വിലകുറയ്ക്കുന്ന കാര്യത്തിലിടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; മറ്റൊരുകാര്യം, ഇൻഡസ്ട്രിയൽ പാർക്കുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ പത്തെണ്ണം ഒഴിച്ച് മറ്റൊന്നിനും പട്ടയമില്ലാത്തതിനാൽ ബാങ്കിൽനിന്നും വായ്പയെടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഉടമസ്ഥാവകാശം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ ചോദിച്ച കാര്യങ്ങൾക്ക് മറുപടി

പറഞ്ഞതിനുശേഷം ഇതുസംബന്ധിച്ച് പരാമർശിക്കാം. 'ASCEND KERALA'-യെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച് ഞാൻ ഈ സഭയിൽ വ്യക്തമാക്കിയതാണ്. 'ASCEND KERALA' നടന്നതിനുശേഷമുള്ള സാഹചര്യം നമുക്കെല്ലാവർക്കുമറിയാം. മഹാമാരി ലോകത്താകെ ബാധിച്ച ഘട്ടമാണ്. നിലവിലുള്ള വ്യവസായങ്ങൾ എങ്ങനെ കൊണ്ടുപോകണമെന്ന് വ്യക്തതയില്ലാതെ ലോകം പകച്ചുനിന്ന ഘട്ടത്തിൽപ്പോലും 2020 ജനുവരിയിൽ നടന്ന ASCEND-ലൂടെ സമാഹരിച്ച 12 ശതമാനം നിക്ഷേപങ്ങളും പ്രായോഗികമാക്കി പ്രവർത്തനമാരംഭിച്ചു. 40% ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ 52 ശതമാനം പൂർത്തീകരിച്ചതോ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതോ ആണ്. ഇന്നത്തെ സാഹചര്യംകാരണം ഹോൾഡ് ചെയ്തിരിക്കുകയാണ്. 18 ശതമാനം പല കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്. അതുസംബന്ധിച്ച് കൃത്യമായി പരിശോധിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം ചൂണ്ടിക്കാട്ടിയ മറ്റൊരു കാര്യം യു.ഡി.എഫ്.-ന്റെ പൊതു അഭിപ്രായത്തിൽനിന്ന് വ്യത്യസ്തമാണ്. ഞങ്ങൾ ആരെയോ ഇവിടെനിന്നും ഓടിച്ചുവെന്ന് പറയുകയുണ്ടായി. നിയമത്തിനനുസരിച്ച് പ്രവർത്തിക്കണമെന്നാണ് ബാക്കിയെല്ലാവരും

പറഞ്ഞത്. ഞങ്ങൾ സംരംഭകരുടെ രാഷ്ട്രീയം നോക്കുന്നതേയില്ല. പല വ്യത്യസ്തതകളുണ്ടാകാം. പക്ഷേ ഇവിടെത്തന്നെ നല്ലരീതിയിൽ സംരംഭങ്ങൾ നിയമാനുസൃതമായി നടക്കണം, അതിനാണ് സർക്കാർ ശ്രമിക്കുന്നത്. പ്രതിപക്ഷമുൾപ്പെടെ അതിന് നല്ല പിന്തുണ നൽകുന്ന രീതിയിലുള്ള പ്രതികരണം നൽകിയിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായ ഒരഭിപ്രായമാണ് അദ്ദേഹം ഉന്നയിച്ചത്. ഞങ്ങളാരേയും ഇവിടെനിന്ന് ഓടിക്കാൻ ശ്രമിക്കുന്നില്ല. അങ്ങോട്ട് പോകുന്നവരെപ്പോലും ഇങ്ങോട്ട് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ നമ്മൾ പിന്നിലാണെങ്കിലും അതിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്ത് ഒരു സർക്കാർ അധികാരത്തിലിരുന്നപ്പോൾ നാൽപ്പതിലധികം കാറ്റാടിയധിഷ്ഠിത വ്യവസായങ്ങൾക്ക് അനുമതി നൽകി പ്രവർത്തനം ആരംഭിച്ചു. തെരഞ്ഞെടുപ്പുകഴിഞ്ഞ് പുതിയ സർക്കാർ വന്നതിന്റെ പിറ്റേ ദിവസം അതിനെല്ലാം അനുമതി നിഷേധിച്ചു. ഇത് കേരളത്തിൽ സംഭവിക്കില്ല എന്നതാണ് പ്രത്യേകത. വളരെ പ്രധാനപ്പെട്ട ഒരു മൾട്ടിനാഷണൽ ഫോൺ കമ്പനിയുടെ പ്ലാന്റ് കത്തിച്ച സംസ്ഥാനമുണ്ട്. ആ രൂപത്തിൽ ആക്രമണം നേരിട്ട ആട്ടോമൊബൈൽ കമ്പനിയുള്ള സംസ്ഥാനമുണ്ട്. ഇതൊന്നും കേരളത്തിലില്ല. കേരളത്തിൽ നല്ല രീതിയിൽ

വ്യവസായം കൊണ്ടുപോകാൻ സാധ്യതയുണ്ട്. പക്ഷേ നേരത്തെ പറഞ്ഞതുപോലെ കേരളത്തിന്റെ സവിശേഷതകൾ വച്ചുകൊണ്ടാണ് ഫോക്കസ് ചെയ്യുന്നത്. അത് അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രീസും ഇലക്ട്രോണിക്സും ഐ.ടി. അധിഷ്ഠിത വ്യവസായവും ടൂറിസവുമായി ബന്ധപ്പെട്ട വ്യവസായങ്ങളുമാണ്. ഇങ്ങനെ കേരളത്തിന്റെ സവിശേഷതകളുമായി ചേർന്നുനിന്നുകൊണ്ടുള്ള വ്യവസായങ്ങൾ ആരംഭിക്കാനാണ് പ്രാമുഖ്യം നൽകുന്നത്. അതുവഴിയാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാട്ടിയ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുന്നത്. അത് അഡ്രസ് ചെയ്യാൻ എഴുപതോ, എൺപതോ ശതമാനം മൈഗ്രന്റ് ലേബേഴ്സ് വർക്ക് ചെയ്യുന്ന കമ്പനികൾക്ക് കഴിയില്ല. ഈ രൂപത്തിൽ പുതിയ വ്യവസായങ്ങൾ ഇവിടെ ആരംഭിച്ചാൽ മാത്രമേ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിലാണ് സർക്കാർ ഫോക്കസ് ചെയ്യുന്നത്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം കിൻഫ്ര ഏറ്റെടുത്ത ഭൂമിയുടെ വലിയൊരു ശതമാനം ഇപ്പോൾ വിനിയോഗിക്കുന്നില്ലെന്നത് പൂർണ്ണമായും വസ്തുതയ്ക്ക് നിരക്കാത്തതാണ്. വളരെ ചെറിയ ഭാഗമാണ് കിൻഫ്ര ഏറ്റെടുത്തത്. കിൻഫ്ര ഏറ്റെടുത്ത 3,693 ഏക്കറിൽ 3,422 ഏക്കറാണ് അലോട്ട് ചെയ്യാനുള്ളത്. ബാക്കി പശ്ചാത്തല സൗകര്യത്തിന്റെ

വികസനത്തിനുവേണ്ടി വിനിയോഗിച്ചതാണ്. അതിൽ 3,269 ഏക്കർ, അതായത് 95 ശതമാനം കിൻഫ്രയുടെ ഭൂമി ഇതിനകം വിതരണംചെയ്ത് കഴിഞ്ഞിട്ടുണ്ട്, അതാണ് വസ്തുത. മണ്ഡലത്തിൽ വ്യവസായ പാർക്ക് എന്നത് ചില അംഗങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. സർക്കാർ വളരെ ഗൗരവപൂർവ്വം ആ നിർദ്ദേശം പരിഗണിക്കും. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകയ്യെടുത്താൽ ഓരോ മണ്ഡലത്തിലും വ്യവസായ പാർക്കുകളാരംഭിക്കാൻ കഴിയും. കഴിഞ്ഞ സർക്കാർ ശ്രദ്ധേയമായ ചുവടുവയ്പ് നടത്തിയിട്ടുണ്ട്. അത് സ്വകാര്യ വ്യവസായ പാർക്കുകൾക്കുള്ള അനുമതിയാണ്. സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നഗരത്തിൽ പതിനഞ്ചും ഗ്രാമത്തിൽ ഇരുപത്തഞ്ചും ഏക്കർ സ്ഥലം വേണമെന്നാണ് കണ്ടിട്ടുള്ളത്. അവിടെ സ്ഥലം ലഭിക്കുകയാണെങ്കിൽ സ്വകാര്യ സംരംഭകർ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാൻ വന്നാൽ കിൻഫ്രയോ കെ.എസ്.ഐ.ഡി.സി.-യോ അതിൽ സംയുക്ത പങ്കാളിത്തത്തോടുകൂടി വന്നാൽ മറ്റ് സൗകര്യങ്ങളെല്ലാം നൽകുകയും സർക്കാർ പിന്തുണയ്ക്കുകയും ചെയ്യും. കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സ്വകാര്യ വ്യവസായ എസ്റ്റേറ്റെന്ന കാഴ്ചപ്പാടിന് കഴിയും. അത് ഓരോ മണ്ഡലത്തിലും ആരംഭിക്കാൻ കഴിയും. അതിന് എല്ലാ ബഹുമാനപ്പെട്ട

എം.എൽ.എ.-മാരും മുൻകയ്യെടുത്ത് വാശിയോടെയും മത്സരത്തോടെയും തയ്യാറായാൽ വ്യവസായ വകുപ്പ് എല്ലാ പിന്തുണയും നൽകുമെന്നാണ് അറിയിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിൽനിന്നും വ്യത്യസ്തമായി ഈ ഗവണ്മെന്റിന്റെ സവിശേഷമായ ഒരു നയമാണ് പൊതുമേഖലയെ സംരക്ഷിക്കുകയും കേന്ദ്ര ഗവൺമെന്റുതന്നെ കൈയൊഴിയുന്ന പൊതുമേഖലയെ വീണ്ടെടുത്ത് കേരളത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുക എന്നുള്ളത്. എച്ച്.എൻ.എൽ. നൽകണമെന്നാവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാർ അതിന് തയ്യാറായില്ല. ഓപ്പൺ ബിഡ്ഡിംഗിൽ മത്സരത്തിൽ പങ്കെടുത്താണ് എച്ച്.എൻ.എൽ. കേരള സർക്കാർ വാങ്ങിയത്. അതിപ്പോൾ മൂന്നായി ഉപയോഗിക്കാൻ തീരുമാനിക്കുന്നു. എച്ച്.എൻ.എൽ. ഇല്ലാതായതോടുകൂടി പേപ്പറിന്റെ ഒരു പുതിയ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നേരത്തെ പറഞ്ഞതുപോലെ, ഒരു റബ്ബർ കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ബാക്കി സ്ഥലം കിൻഫ്രയുടെ എസ്റ്റേറ്റായി പുതിയ വ്യവസായങ്ങൾ ആരംഭിക്കാനും കോട്ടയം ജില്ലയിൽ വലിയ മാറ്റമുണ്ടാക്കാനും കഴിയുന്നൊരു പദ്ധതി സർക്കാർ വിഭാവന ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടിയ പ്ലാന്റേഷന്റെ കാര്യത്തിൽ കഴിഞ്ഞ സർക്കാർ വിപ്ലവകരമായ സമീപനം സ്വീകരിച്ചു. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി സൂചിപ്പിച്ച ഇടവിളകൾ കഴിഞ്ഞ സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ നയത്തിന്റെ ഭാഗമാണ്. തോട്ടങ്ങളിൽ നിലവിലുള്ള അടിസ്ഥാന ഘടനയിൽ യാതൊരു മാറ്റവും വരുത്താതെ ഇടവിള കൃഷികളും വിവിധവിള കൃഷികളും അനുവദിച്ചാൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാനും സാമ്പത്തികപ്രതിസന്ധിയിലായ തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കാനും കഴിയും. കഴിഞ്ഞ സർക്കാർ നയത്തിനുശേഷം ഇപ്പോൾ ഈ സർക്കാർ സ്വീകരിച്ച ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പ് പ്ലാന്റേഷനെ ഒരു വ്യവസായമായി അംഗീകരിച്ചത് ആ മേഖലയിൽ വലിയ ആവേശവും പ്രതികരണവുമുണ്ടാക്കിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാട്ടിയതുപോലെ ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ നയം പുനഃപരിശോധിക്കും. നേരത്തെ തൊഴിൽ വകുപ്പിന്റെ കാഴ്ചപ്പാടിലാണ് ഈ നയം ആവിഷ്കരിച്ചത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുമ്പോൾ, വ്യവസായം എന്ന നിലയിൽ പ്ലാന്റേഷനെ സമീപിച്ചുകൊണ്ട് ഒരു പുതിയ നയം അധികംവൈകാതെ അംഗീകരിക്കണമെന്നാണ് കരുതുന്നത്. അധികം വൈകാതെ പ്ലാന്റേഷന്റെ ഡയറക്ടറേറ്റ് രൂപീകരിക്കും. കേരള ചരിത്രത്തിൽ ഒരു പുതിയ ഘട്ടമായി പ്ലാന്റേഷൻ വ്യവസായമെന്ന പദവിയിലൂടെ തുടക്കംകുറിക്കാൻ കഴിയുമെന്നാണ് സർക്കാർ

പ്രതീക്ഷിക്കുന്നത്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് പി.എസ്.യു.-കളുടെ മാസ്റ്റർ പ്ലാനിലുള്ളതാണ്. അവിടെ ഗ്രേ സിമന്റുകൂടി ഉൽപ്പാദിപ്പിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെക്കുറിച്ച് അങ്ങ് പരാമർശിച്ചതിന് നന്ദി. അതിന്റെ പശ്ചാത്തലമൊക്കെ അങ്ങേയ്ക്കറിയാവുന്നതുകൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. അവിടെനിന്നും 2019-ൽ റിട്ടയർ ചെയ്ത 95 ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും കൊടുത്തിട്ടില്ല. വളരെ ദൗർഭാഗ്യകരമായ ജീവിതമാണ് അവർക്കുള്ളത്. അതിന് പോസിറ്റീവായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയത് വളരെ പ്രസക്തമായ കാര്യമാണ്. കഴിഞ്ഞ സർക്കാർ ക്രിയാത്മക സമീപനം സ്വീകരിച്ചതിന്റെ ഭാഗമായി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ കാക്കനാടുള്ള ഭൂമി കിൻഫ്രയ്ക്ക് കൊടുത്തപ്പോൾ അഡ്വാൻസായി 5 കോടി രൂപ ആദ്യഘട്ടം നൽകിയിട്ടുണ്ട്. അതിനുശേഷം കിൻഫ്ര ബോർഡ് ചർച്ചചെയ്ത് ലാൻഡിന്റെ വിലനിർണ്ണയത്തിലുള്ള പ്രശ്നങ്ങൾ പരിശോധിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ രജിസ്ട്രേഷന് എക്സംപ്ഷൻ നൽകിയതുസംബന്ധിച്ച് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ

ഒബ്ജക്ഷൻ വന്നത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നം വളരെ ഗൗരവമായി സർക്കാർ പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സേവ്യർ ചിറ്റിലപ്പിള്ളി മുളംകുന്നത്തുകാവിലെ കെൽട്രോണിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിരുന്നു. ബഹുമാനപ്പെട്ട ശ്രീ. എ. സി. മൊയ്തീൻ മന്ത്രിയായിരിക്കുമ്പോൾ അക്കാര്യം പിന്തുടരുന്നതിനും ആ സ്ഥലം കെൽട്രോണിൽത്തന്നെ നിലനിർത്തുന്നതിനും പ്രത്യേക താല്പര്യമെടുത്തിരുന്നു. അവിടെയുള്ള 12.19 ഏക്കർ സ്ഥലം ലിക്വിഡേറ്ററുടെ അധീനതയിലാണ്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ് അവസാനഘട്ടത്തിലേയ്ക്കെത്തിയിട്ടുണ്ട്. അത് കെൽട്രോണിന്റേത് തന്നെയാക്കി വ്യവസായ ആവശ്യങ്ങൾക്കുപയോഗിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

Coconics Private Limited-നെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി, അതൊരു എസ്.പി.വി. ആണ്. 49 ശതമാനം ഓഹരി യു.എസ്.ടി. ഗ്ലോബലിനാണ്. കെൽട്രോൺ-26 ശതമാനം, കെ.എസ്.ഐ.ഡി.സി.-23 ശതമാനം, Acceleron - 2 ശതമാനം എന്നിങ്ങനെ പെയ്ഡ് അപ് ക്യാപ്പിറ്റൽ പത്ത് കോടി രൂപയുമായി ആരംഭിച്ച കമ്പനിയാണ്. ഇതിനകം പതിനൊന്നായിരം ലാപ്ടോപ്പുകൾ

ഇന്ത്യൻ മാർക്കറ്റിൽ വിതരണം ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് പ്രധാനപ്പെട്ട പരാതികളൊന്നും വന്നിട്ടില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയത് ശരിയാണ്. 2,300 ലാപ്ടോപ്പുകളിൽ പവർസ്വിച്ചിന്റെ ഡിഫക്ട് കണ്ടുപിടിച്ചിട്ടുണ്ട്. കൊക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡിനുതന്നെ അത് എളുപ്പത്തിൽ റെക്ടിഫൈ ചെയ്യാൻ കഴിയും. ഒരു പുതിയ സംരംഭമായതിനാൽ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. 'വിദ്യാശ്രീ' പ്രോജക്ടിന്റെ ഭാഗമായി 4,700 ലാപ്ടോപ്പുകൾ പതിനയ്യായിരം രൂപ നിരക്കിൽ സപ്ലൈ ചെയ്തിട്ടുണ്ട്. കുണ്ടറയെക്കുറിച്ച് പറഞ്ഞ കാര്യം പരിശോധിക്കാം. കയർ മേഖലയിലെ പ്രശ്നങ്ങൾ അദ്ദേഹം വളരെ ഗൗരവമായി സൂചിപ്പിച്ചത് ശരിയാണ്. എന്നാൽ കഴിഞ്ഞ സർക്കാർ സ്വീകരിച്ച ക്രിയാത്മകമായ നിലപാടിന്റെ ഭാഗമായി ബുദ്ധിമുട്ടുകൾ നേരിട്ട 70 സ്വകാര്യ ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി. അതിന്റെ ഭാഗമായി 2019-20-ൽ സ്വകാര്യ വ്യവസായശാലകളുടെ 9% പലിശ സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകിയതിൽ 2020-21-ലെ ഒരു ഗഡുകൂടി അനുവദിക്കാനുണ്ട്. 2016-ൽ പ്രവർത്തനരഹിതമായിരുന്ന പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളെല്ലാം ഇപ്പോൾ

പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. തോട്ടണ്ടി ഇറക്കുമതിയുടെ കണക്ക് പരിശോധിക്കുമ്പോൾ കഴിഞ്ഞ പ്രാവശ്യത്തെക്കാളുമധികം ഇറക്കുമതി ഇതിനകം ചെയ്തിട്ടുണ്ട് എന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം. അതുകൂടാതെ കരാർ കൊടുത്തതുകൂടി നോക്കുമ്പോൾ കഴിഞ്ഞ പ്രാവശ്യത്തെക്കാൾ ഇരട്ടി തോട്ടണ്ടി ഫാക്ടറികൾക്ക് ആവശ്യമാകുന്ന രൂപത്തിൽ ഇപ്പോൾ ലഭ്യമാകുന്നത് നല്ലരീതിയിലുള്ള മാറ്റമാണ് കാണിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സ്വകാര്യ സ്ഥാപനങ്ങൾ ഇപ്പോൾ പ്രതിസന്ധി നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാങ്കേഴ്സിന്റെയും വ്യവസായികളുടെയുമെല്ലാം യോഗം വിളിക്കുകയും ഇതിനാവശ്യമായ ശക്തമായ നിലപാട് സ്വീകരിച്ച് മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ബാങ്കുകൾ വേണ്ടത്ര സഹകരിക്കാത്ത പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വ്യവസായ വകുപ്പുമന്ത്രിതന്നെ ഒരു പ്രത്യേക യോഗം വിളിക്കുകയുണ്ടായി. ആ യോഗത്തിന്റെ തുടർച്ചയായി വീണ്ടും കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. അതിൽ 35% principal amount അടയ്ക്കാമെന്ന

നിലപാടാണ് കശുവണ്ടി മുതലാളിമാർ സ്വീകരിച്ചത്, എന്നാൽ 55% എങ്കിലും വേണമെന്ന നിലപാടിലാണ് ബാങ്കുകൾ. അടുത്തയാഴ്ച വീണ്ടും കമ്മിറ്റി യോഗംചേരുന്നുണ്ട്. അത് അതിവേഗത്തിൽ പരിഹരിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കശുവണ്ടി വ്യവസായം കുറച്ചുകാലങ്ങളായി എം.എസ്.എം.ഇ.-കളുടെ സാമ്പത്തിക സഹായത്തിന്റെ നെഗറ്റീവ് ലിസ്റ്റിൽനിന്നും മാറ്റാനുള്ള നടപടി സ്വീകരിച്ചാൽ വലിയ സഹായകരമായിരിക്കും.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയായൊരു കാര്യമാണ്. കശുവണ്ടി വ്യവസായത്തെ നെഗറ്റീവ് ലിസ്റ്റിൽനിന്നും മാറ്റുന്നതിനുള്ള ഉത്തരവ് ഇപ്പോൾത്തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ടെന്നാണ് അറിയിക്കാനുള്ളത്. ഞങ്ങൾ പരിശോധിക്കുമ്പോൾ ഈ ലിസ്റ്റിൽ സാധാരണഗതിയിൽ വരാൻ പാടില്ലാത്ത പല വ്യവസായങ്ങളും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. അതോടൊപ്പം റെഡ് കാറ്റഗറിയിൽപ്പെട്ട ഡെയറി യൂണിറ്റ് പരിശോധിക്കാൻ മൂന്നംഗ കമ്മിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്, നല്ല രീതിയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കശുവണ്ടി വ്യവസായം കേരളത്തിലെ ഒരു പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ്. കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് ഇതെല്ലാം സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. അവിടെ പരമാവധി ജോലികൊടുക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട് വീഴ്ചകളുണ്ടായിട്ടുണ്ട്. അവരുടെ ആനുകൂല്യങ്ങളുൾപ്പെടെ കുടിശ്ശിക തീർത്തുകൊടുക്കാനുള്ള നടപടി സ്വീകരിച്ചത് ഈ സർക്കാരാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള ഫാക്ടറികളിൽ പരമാവധി തൊഴിലവസരങ്ങൾ കൊടുക്കാനുള്ള നടപടികളുണ്ടാകണം. അതോടൊപ്പം സ്വകാര്യ മേഖലയിൽ നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന സാഹചര്യവും അതുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് കയർ മേഖലയ്ക്കനുവദിച്ചതുപോലെ, കശുവണ്ടി മേഖലയ്ക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് രൂപീകരിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ നേരത്തെതന്നെ പ്രതിപാദിച്ചതാണ്. ഈ മേഖലയിൽ പരമാവധി

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്, സ്വകാര്യ സ്ഥാപനങ്ങളുടെ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അതിനിടയിൽ ഒരു കാര്യം പറഞ്ഞു, വ്യാജ പ്രചരണങ്ങൾ നടത്തുന്നുവെന്ന്. അതൊരു വ്യവസായമായി ശക്തിപ്പെടുത്താൻ ശ്രമിച്ചൊരു കാലമായിരുന്നല്ലോ പിന്നിട്ട അഞ്ച് വർഷം എന്നുള്ളത്. പക്ഷേ ആ വ്യവസായത്തെ കേരളമാകെ തള്ളിക്കളഞ്ഞിട്ടാണ് ഈ സർക്കാരിനെ വീണ്ടും അധികാരത്തിലെത്തിച്ചത്. ഇപ്പോൾ വ്യാജപ്രചരണങ്ങളല്ല, തൊട്ടറിയാൻ കഴിയാവുന്ന വസ്തുതകളാണ് ഞങ്ങൾ പറയാൻ ശ്രമിക്കുന്നത്.

ബഹുമാന്യനായ പി. ജെ. ജോസഫ് എം. എൽ. എ. ചൂണ്ടിക്കാണിച്ചത് വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ്. അക്കാദമി-ഇൻഡസ്ട്രി ലിങ്കേജ് എന്നുള്ളത് ഈ സർക്കാർ ഊന്നൽ നൽകുന്ന ഒരു വിഷയമാണ്. അതിൽ രണ്ട് ഭാഗങ്ങളുണ്ട്, ഒന്ന് ഇൻഡസ്ട്രിയുടെ ആവശ്യങ്ങൾക്കനുസരിച്ച് കോഴ്സുകളുടെ റീസ്ട്രക്ചറിംഗും രണ്ട് ഇൻഡസ്ട്രിക്കാവശ്യമായ ഗവേഷണ പിന്തുണ ഇത്തരം സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുക എന്നുള്ളതും. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദ്ദേശം സർക്കാരിന്റെതന്നെ

പ്രകടനപ്പത്രികയിലുൾപ്പെടെയുള്ള വിഷയമാണ്. അടുത്തതായി അദ്ദേഹം പറഞ്ഞ പെട്രോകെമിക്കൽ പ്രോജക്ടിന് 35,000 കോടി രൂപ എന്നുള്ളത് ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) നടപ്പിലാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ്. നമ്മൾ പെട്രോകെമിക്കൽ പാർക്കാണ് ആരംഭിക്കാൻ പോകുന്നത്. അതിന് ഭൂമി നല്ല രീതിയിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്, വിശദാംശങ്ങൾ സമയക്കുറവുമൂലം അവതരിപ്പിക്കുന്നില്ല. എന്നാൽ റിഫൈനറിയുടെ ബൈപ്രോഡക്ടായ അസംസ്കൃത വസ്തുവിന്റെ ഉൽപ്പാദനത്തിനുള്ള പുതിയ പ്ലാന്റിന്റെ നിർമ്മാണം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ടപ്പോൾ ഇത് സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരിമണലധിഷ്ഠിത വ്യവസായത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ കെ.എം.എം.എൽ., ടാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ വലിയ സാദ്ധ്യതകളുള്ള സ്ഥാപനങ്ങളാണ്. ഇപ്പോൾ ഉൽപാദിപ്പിക്കുന്നതിൽനിന്നുകൊണ്ടുതന്നെ കൂടുതൽ വാല്യു അഡീഷനിലേയ്ക്ക് പോകാൻ സാധിക്കും. ടൈറ്റാനിയം അതുപോലെ

ലിത്തിയം, ബാറ്ററി എന്നിവ എങ്ങനെ ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നുള്ളതെല്ലാം മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുപോലെ യൂണിഫൈഡ് ലാൻഡ് ലീസിനെ യൂണിഫോം സിവിൽ കോഡുമായി ബഹുമാനപ്പെട്ട ഒരംഗം താരതമ്യപ്പെടുത്തിയത് ശരിയായില്ല, അത്തരത്തിലുള്ള അപകടത്തിലേയ്ക്ക് പോകരുത്. വ്യവസായ കേന്ദ്രങ്ങൾ, സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. ഇങ്ങനെയുള്ള നാല് സ്ഥാപനങ്ങളുടെ കീഴിൽ പലതരത്തിലാണ് ഇൻഡസ്ട്രികൾ നിൽക്കുന്നത്.

ലാൻഡ് ലീസ് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) ചൂണ്ടിക്കാണിച്ചിരുന്നു. Unified land lease policy വരുമ്പോൾ അതിനൊരു പരിഹാരമുണ്ടാകും. ഈ നാല് മേഖലകളിലുള്ളവരുടെ ആവശ്യമായതിനാൽ അവരുമായി ചർച്ച നടത്തിയിട്ടുണ്ട്, പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉദ്യോഗസ്ഥരുമായി ചർച്ചചെയ്യണമെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഞങ്ങൾ ഇതിനകം ജനറൽ മാനേജർമാരുടെയും സെക്രട്ടേറിയറ്റിലുള്ള സെക്ഷൻ ഓഫീസർമാർ വരെയുള്ളവരുടെയും യോഗം ചേർന്നിരുന്നു. ലാൻഡ് ഹോൾഡ് സർവ്വീസിന്റെ ഭാഗമായി ജനറൽ മാനേജർമാർക്ക്

ഐ.ഐ.എം.എൽ.-ന്റെ (Indian Institute of Management, Lucknow) റിഫ്രഷർ കോഴ്സുകളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അവർക്കെല്ലാം ടാർജെറ്റ് നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ പദ്ധതിയിലും ഓരോ ജില്ലാ വ്യവസായ കേന്ദ്രവും എത്രപേരെ ആകർഷിച്ചു എന്നുള്ളതിന്റെ ടാർജെറ്റ് നിശ്ചയിച്ചിട്ടുള്ള പ്രവർത്തനം ആലോചിച്ചിട്ടുണ്ട്. ടാവൻകൂർ സിമന്റ്സ് ലിമിറ്റഡും കേരള സോപ്സും ഞാൻ നേരത്തെ പറഞ്ഞതുപോലെ പി.എസ്.യു.-ന്റെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായിട്ടുള്ളതാണ്. തോട്ടം മേഖലയെക്കുറിച്ചും നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സ്മാർട്ട് സിറ്റി യഥാർത്ഥത്തിൽ റിയൽ എസ്റ്റേറ്റാണ് എന്നുള്ളത് ഇപ്പോഴാണ് ബഹുമാനപ്പെട്ട എം.എൽ.എ. കണ്ടതെങ്കിൽ തുടക്കക്കാലത്ത് ആ വിമർശനം ശക്തമായി ഉയർന്നുവന്നതായിരുന്നു. ഞാൻ സമയക്കുറവുമൂലം അതിലേയ്ക്ക് പോകുന്നില്ല. കാർഷിക വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകണമെന്നത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണ്, സർക്കാരും അതിന് പ്രാധാന്യം നൽകുന്നുണ്ട്. സിമന്റിന്റെ വിലവർദ്ധനവ് സംബന്ധിച്ച് സർക്കാർ യോഗം വിളിച്ചുചേർത്തിരുന്നു. കേരളത്തിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് സിമന്റ് ഉൽപ്പാദിപ്പിക്കുന്നത് എന്നതാണ് നമ്മുടെ പരിമിതി. മലബാർ സിമന്റ്സ് ആറ് ശതമാനമാണ് ഉൽപ്പാദിപ്പിക്കുന്നത്.

ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി എം.എൽ.എ. ഇത് നഷ്ടത്തിലാണെന്ന് സൂചിപ്പിക്കുകയുണ്ടായി. നഷ്ടത്തിലായിരുന്ന ഒരു കാലമുണ്ടായിരുന്നു, ആ ചരിത്രഭാഗം ഇപ്പോൾ വിശദീകരിക്കുന്നില്ല. പക്ഷേ ഇപ്പോൾ ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാം മലബാർ സിമന്റ്സ് അവരുടെ ചരിത്രത്തിലെ റിക്കോർഡ് ലാഭത്തിലാണ് നിൽക്കുന്നത് എന്നുള്ളത്. പക്ഷേ ആറ് ശതമാനമേ ഉൽപാദിപ്പിക്കുന്നുള്ളൂ, അത് ഇരുപത്തഞ്ച് ശതമാനമായി വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഒപ്പംതന്നെ കൊമേഴ്സ് മിഷനിൽ നേരത്തെ പറഞ്ഞതുപോലെ വ്യാപാര സംവിധാനത്തെക്കൂടി ഉൾപ്പെടുത്തുന്ന രൂപത്തിൽ ഒന്നുകൂടി അതിന്റെ ലക്ഷ്യങ്ങൾ പുനർനിർവ്വചിക്കാൻ കഴിഞ്ഞ യോഗം തീരുമാനിച്ചിട്ടുണ്ട്. വില നിയന്ത്രിക്കാൻ കഴിയുന്ന രൂപത്തിലുള്ള ഇടപെടലുകൾ സർക്കാർ നടത്തുന്നതായിരിക്കും.

ശ്രീ. ഷാഫി പറമ്പിൽ: സർ, പുതിയ സംരംഭങ്ങളുണ്ടാകേണ്ടതിന്റെ അനിവാര്യത നമുക്കെല്ലാവർക്കും ബോദ്ധ്യമുണ്ട്. നമ്മുടെ സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾ മിക്കതും ശ്രദ്ധചെലുത്തുന്നത് ഐ.ടി.-യുമായി ബന്ധപ്പെട്ട വ്യവസായങ്ങളിൽ മാത്രമാണ്. Manufacturing, food processing ഉൾപ്പെടെയുള്ള യൂണിറ്റുകളുടെ കാര്യത്തിൽ സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ, ഇൻഡസ്ട്രി സൈഡിൽ അതിന് കൂടുതൽ

സപ്പോർട്ട് കൊടുക്കാൻ ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളും കൂടിയുള്ള ടൈഅപ്പ് പരമാവധി പ്രോത്സാഹിപ്പിക്കേണ്ട സമയമാണ് എന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്? പാലക്കാട് ജില്ലയിൽ കോച്ച് ഫാക്ടറിക്ക് ഏറ്റെടുത്ത സ്ഥലത്ത് ഗിഫ്റ്റ് സിറ്റി മാതൃകയിൽ ഇൻഡസ്ട്രിയൽ ഫിനാൻസ് & ട്രേഡ് പാർക്ക് ആരംഭിക്കണം. തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ് ഒരു നിവേദനം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഒരുവർഷമായി പ്രസ്തുത കമ്പനി അടച്ചിട്ടിരിക്കുകയാണ്. 800 തൊഴിലാളികളുള്ള ഒരു സ്ഥാപനമാണത്. അതിൽ അങ്ങയുടെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ടപ്പുമായി ബന്ധപ്പെട്ട കാര്യം ഐ.റ്റി. വകുപ്പിന് കീഴിലാണ്. പക്ഷേ നമുക്കഭിമാനത്തോടുകൂടി പറയാം ഇന്ത്യയിൽ സ്റ്റാർട്ടപ്പിന്റെ കാര്യത്തിൽ ഇപ്പോൾ കേരളം മൂന്നാം സ്ഥാനത്താണെങ്കിൽ അധികം വൈകാതെ ഒന്നാം സ്ഥാനത്തേയ്ക്കെത്താൻ പോകുകയാണ്. ഐ.ടി. മാത്രമല്ല ജാക്ക് ഫ്രൂട്ടിന്റെ സ്റ്റാർട്ടപ്പ് ഉൾപ്പെടെ പല മേഖലകളിലും സ്റ്റാർട്ടപ്പുകളുണ്ട്, നല്ല രീതിയിൽ ഐ.ടി. വകുപ്പ് ഏകോപിപ്പിക്കുന്നുണ്ട്, ഇനിയും മുന്നോട്ടുപോകും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. അദ്ദേഹം പറഞ്ഞ കോച്ച് ഫാക്ടറിയുടെ കാര്യം, നമ്മൾ വിലയ്ക്കുവാങ്ങി നൽകിയതാണ്.

അതിന്റെ മറ്റ് വശങ്ങൾ പിന്നീട് ചർച്ചചെയ്യാം. നിവേദനത്തിന്റെ കാര്യവും പരിശോധിക്കാം. അവസാനം ഇവിടെ ശ്രീ. പി. ടി. തോമസ് എം.എൽ.എ. സൂചിപ്പിച്ച മുസ്ലീം-ക്രിസ്ത്യൻ വിഭജനത്തിന് ശ്രമിക്കുന്നതാരാണ്? അത് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ചർച്ചചെയ്തതാണ്. മതനിരപേക്ഷ നിലപാട് വെള്ളംചേർക്കാതെ സ്വീകരിക്കുന്ന ചരിത്രമാണ് ഇടതുപക്ഷത്തിനുള്ളത്. ഇന്ത്യൻ പാർലമെന്റിൽ നിങ്ങൾ വർഗ്ഗീയതയ്ക്കൊപ്പമാണോ മതനിരപേക്ഷതയ്ക്കൊപ്പമാണോ എന്ന ചോദ്യത്തെ അടിസ്ഥാനപ്പെടുത്തി ഒരേയൊരു തവണ മാത്രമെ വോട്ടെടുപ്പ് നടന്നിട്ടുള്ളൂ. ബി.ജെ.പി. നടത്തിയ രഥയാത്ര ബീഹാറിലെത്തിയപ്പോൾ ബീഹാർ മുഖ്യമന്ത്രിയായിരുന്ന ശ്രീ.ലാലു പ്രസാദ് യാദവ് അത് തടഞ്ഞു. വി. പി. സിംഗായിരുന്നു അപ്പോൾ പ്രധാനമന്ത്രി. രഥയാത്ര തടഞ്ഞതിന് അവിശ്വാസപ്രമേയം കൊണ്ടുവന്നപ്പോൾ മതനിരപേക്ഷതയ്ക്കൊപ്പമാണോ നിൽക്കുന്നതെന്ന ചോദ്യത്തിൽ 'അല്ല' എന്ന നിലപാടിലാണ് കോൺഗ്രസ്സ് നിലയുറപ്പിച്ചത്. അന്ന് ബി.ജെ.പി.-ക്കൊപ്പം ചേർന്ന് വോട്ട് ചെയ്താണ് വി.പി.സിംഗിനെ അധികാരത്തിൽനിന്നും താഴെയിറക്കിയതെന്ന ചരിത്രം മറന്നുപോകരുത്. അതാണ് ഇന്ത്യയുടെ പാർലമെന്ററി ചരിത്രത്തിലെ ഏക വോട്ടെടുപ്പ്. അതുകൊണ്ട് വ്യവസായത്തിന്റെ ചർച്ചയാണെങ്കിൽക്കൂടി അദ്ദേഹം അതുകൂടി

പരാമർശിച്ചതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. നല്ല രീതിയിൽ ഒറ്റക്കെട്ടായി നിന്നാൽ വ്യവസായക്കുതിപ്പുണ്ടാക്കാനും കൂടുതൽ സംരംഭങ്ങളെ ആകർഷിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. അതിന് ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള ക്രിയാത്മകമായ എല്ലാ നിർദ്ദേശങ്ങളും പരിഗണിക്കാം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സമയത്തിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എല്ലാ അംഗങ്ങളും കൂടുതലും പ്രതിപക്ഷത്തുനിന്നുള്ളവർ ചോദ്യങ്ങളുമായി ഇടപെട്ടുകൊണ്ടിരുന്നപ്പോൾ മന്ത്രി വളരെ ഉദാരമായാണ് വഴങ്ങിയത്. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗമായതിനാലാണ് ചെയർ കൂടുതൽ ഇടപെടാത്തത്. സമയം പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം. എം. മണി വളരെ വിശദമായി കഴിഞ്ഞ സർക്കാരിന്റെ കാലത്തെ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വൈദ്യുതി വകുപ്പിൽ കഴിഞ്ഞ പ്രാവശ്യം വലിയ ഇടപെടലുകളാണ് നടത്തിയത്. അതുമൂലം സംസ്ഥാനത്തിന് ദേശീയ

തലത്തിൽ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയെ വിഭജിക്കുന്നതിനും സ്വകാര്യവത്കരിക്കുന്നതിനുമുള്ള നടപടികളാണ് രാജ്യവ്യാപകമായി നടന്നുവരുന്നത്. എന്നാൽ വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്തില്ലെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഉറച്ചനയം കാരണം അത് നടപ്പിലായില്ല. വൈദ്യുതി ഉത്പാദന മേഖലയിൽ 334 മെഗാവാട്ടിന്റെ പദ്ധതികളാണ് മുൻസർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയത്. പാരമ്പര്യേതര ഊർജ്ജ ഉല്പാദന മേഖലയിൽ കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കിന്റെ ഒന്നാംഘട്ടത്തിൽ 100 MW പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 70 സബ്സ്റ്റേഷനുകളും 1674 സർക്യൂട്ട് കിലോമീറ്റർ പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. അന്തർസംസ്ഥാന ലൈനുകളായ ഇടമൺ-കൊച്ചി, പുഗലൂർ-മാടക്കത്തറ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുകവഴി ഇറക്കുമതി ശേഷിയിൽ 2000 മെഗാവാട്ടിന്റെ വർദ്ധനവുണ്ടാക്കാൻ വകുപ്പിന് സാധിച്ചു. മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ കൂടാതെ വൈദ്യുതി വിതരണം ചെയ്തിട്ടുണ്ട്. 2017 മേയ് മാസത്തോടെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചുകൊണ്ട് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ

വൈദ്യുതീകൃത സംസ്ഥാനമായി മാറാൻ കേരളത്തിന് സാധിച്ചു. 4,036 കോടി രൂപയുടെ 'ദ്യുതി' പദ്ധതിയിൽ 1,473 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു. ഡാമുകളുടെ സുരക്ഷയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര ജലകമ്മീഷന്റെ സാങ്കേതിക മേൽനോട്ടത്തിലും ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്താലും നടപ്പിലാക്കിവരുന്ന DRIP (ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്) പദ്ധതിയുടെ ഭാഗമായി 125 കോടി രൂപയുടെ പ്രവർത്തനങ്ങൾ മുൻസർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി. ആറ് വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു. 'നിലാവ്' പദ്ധതിപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 1.94 ലക്ഷം തെരുവുവിളക്കുകൾ മാറ്റി LED ബൾബുകൾ സ്ഥാപിച്ചു. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു.

110 കെ.വി. മങ്കട, മണ്ണത്തി എന്നീ സബ്സ്റ്റേഷനുകളുടെയും പോത്താനിക്കാട്, മറയൂർ എന്നീ സെക്ഷൻ ഓഫീസുകളുടെയും മന്ദിരം

ഉദ്ഘാടനം ചെയ്തു. 220 കെ.വി. കുന്ദമംഗലം, 110 കെ.വി. എടക്കര, നിലമ്പൂർ എന്നീ സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചു. 1000 വാട്സ് വരെ "കണക്ടഡ് ലോഡ്" ഉള്ളതും പ്രതിമാസം 50 യൂണിറ്റ് വരെ മാത്രം ഉപയോഗമുള്ളതുമായ BPL വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ യൂണിറ്റൊന്നിന് നിശ്ചയിച്ചിട്ടുള്ള 1.50 രൂപ എന്ന നിരക്കിൽ വൈദ്യുതി നൽകാൻ തീരുമാനമെടുത്തു. 500 വാട്സ് വരെ "കണക്ടഡ് ലോഡ്" ഉള്ളതും 30 യൂണിറ്റുവരെമാത്രം പ്രതിമാസം വൈദ്യുതി ഉപയോഗിക്കുന്നതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടുകൂടി സൗജന്യമായി വൈദ്യുതി നൽകാൻ തീരുമാനിച്ചു. കോവിഡ് സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വ്യാവസായിക ഉപഭോക്താക്കൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 25 ശതമാനം ഇളവ് നൽകാനും സംസ്ഥാനത്തെ സിനിമാ തിയേറ്ററുകൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 50 ശതമാനം ഇളവ് നൽകാനും തീരുമാനിച്ചു. കൂടുതൽ ഇളവുകൾ നൽകണമെന്ന് ആഗ്രഹമുണ്ടെങ്കിലും സാമ്പത്തികസ്ഥിതി വളരെ മോശമായതിനാൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് എന്ത് നടപടി സ്വീകരിക്കണമെന്ന്

തീരുമാനമെടുക്കുന്നതാണ്.

സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ : നിലവിലുള്ള ആഭ്യന്തര ഉല്പാദനം 25 മുതൽ 30 ശതമാനം മാത്രമാണ്. 70 മുതൽ 75 ശതമാനം വരെ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്ന് വാങ്ങിയാണ് നമ്മുടെ ആവശ്യകത നിറവേറ്റുന്നത്. കെ.എസ്.ഇ.ബി.എൽ.-ന്റെ വരുമാനത്തിൽ ഏറിയ പങ്കും വൈദ്യുതി വാങ്ങുന്നതിനാണ് ചെലവഴിക്കുന്നത്. ചെലവുകുറഞ്ഞ ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് സർക്കാരിന്റെ പ്രഥമ പരിഗണന. ഏറ്റവും ചെലവുകുറഞ്ഞ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നത് ജലവൈദ്യുത മേഖലയിലാണ്. എന്നാൽ ജലവൈദ്യുത മേഖലയിൽ എന്തുകൊണ്ടോ കേരളത്തിന് വേണ്ടത്ര ഇടപെടാൻ സാധിച്ചില്ല. 3000 ടി.എം.സി. വെള്ളമാണ് ഇവിടെയുള്ളത്. അതിൽ 1600 ടി.എം.സി. വെള്ളം ഉപയോഗിക്കാൻ കഴിയുമെന്ന് പഠന റിപ്പോർട്ടിൽ പറയുന്നുണ്ട്. നിർഭാഗ്യവശാൽ ജലസേചന-വൈദ്യുതി വകുപ്പുകൾ 300 ടി.എം.സി. ജലം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ബാക്കി ജലം പല കാരണങ്ങൾകൊണ്ടും ഉപയോഗിക്കാൻ സാധിക്കുന്നില്ല. നിർമ്മാണം പുരോഗമിക്കുന്ന 193.5 MW ന്റെ 10 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും. ഈ സാമ്പത്തിക വർഷം 90 MW

സ്ഥാപിതശേഷിയുള്ള 5 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതാണ്. ചാലക്കുടി പുഴയിൽ പ്രളയജലം നിയന്ത്രിക്കുന്നതിനും പാലക്കാട് ജില്ലയിലെ കാർഷിക, ജലസേചന, കുടിവെള്ള പദ്ധതി വൈദ്യുതി ഉല്പാദന മേഖലകളിൽ ഉപകാരപ്പെടുന്ന കാരപ്പാറ പദ്ധതിയുടെ സാദ്ധ്യതാപഠനം ഇറിഗേഷൻ വകുപ്പ് നടത്തിയിട്ടുണ്ട്. അതിൽ വൈദ്യുതി വകുപ്പിനെക്കൂടി ഉൾപ്പെടുത്തുമ്പോൾ വലിയ മാറ്റമാണുണ്ടാകുന്നത്. ഇടുക്കി ഡാമിനെക്കാളും ഹെഡ് കൂടിയുള്ള പദ്ധതിയാണിത്. അതിനാൽ നല്ല രീതിയിലുള്ള ഇലക്ട്രിസിറ്റി ഉല്പാദനം ലഭിക്കും. ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇറിഗേഷൻ കനാലിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി എനർജി മാനേജ്മെന്റ് വഴി നടപ്പാക്കും. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780 MW കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് ഈ സാമ്പത്തിക വർഷം സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്. 2026-നുള്ളിൽ 1000 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്ന് ലഭ്യമാക്കും. വെസ്റ്റ് കല്ലട, കായംകുളത്തെ NTPC, ബാണാസുരസാഗർ എന്നിവിടങ്ങളിലായി 242 MW ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. കാസർഗോഡ് സോളാർ പാർക്കിൽ 100 MW സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും

ലക്ഷ്യമിടുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെയും വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, മറ്റുസർക്കാർ വകുപ്പുകൾ എന്നിവയുടെയും അധീനതയിലുള്ള പ്രദേശങ്ങളിൽ ഭൗമോപരിതല സൗരോർജ്ജ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. പി.എം.കുസും പദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകർക്ക് ആശ്വാസം നൽകുന്ന രീതിയിൽ തരിശുഭൂമികൾ, ഉപയോഗശൂന്യമായ പാറമടകൾ, നിർജ്ജീവമായ പ്ലാന്റുകൾ എന്നിവ ലീസിന് സ്വീകരിച്ച് 40 MW-ന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു പ്രദേശത്തെ പത്തോ ഇരുപതോ കർഷകരുടെ ഗ്രൂപ്പുകൾക്ക് ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിച്ചാൽ അവർക്കതിന്റെ ഗുണം ലഭിക്കുന്നതാണ്. കർഷകരുടെ ആവശ്യത്തിനുപുറമെയുള്ള വൈദ്യുതി ഗ്രിഡ്ലിലേയ്ക്ക് നൽകിയാൽ ലഭിക്കുന്ന ഏകദേശം മൂന്ന് രൂപ അവർക്ക് പരമാവധി ഉപയോഗിക്കാൻ സാധിക്കും. കൂടാതെ വൈദ്യുതി ലൈനുകളെത്താത്ത സ്ഥലങ്ങളുണ്ടെങ്കിൽ അവിടെ ജലസേചന ആവശ്യങ്ങൾക്കായി കർഷകർക്ക് സോളാർ പമ്പുകൾ സ്ഥാപിച്ച് കൃഷി വർദ്ധിപ്പിക്കാൻ സാധിക്കും. പമ്പുള്ള കൃഷിക്കാർക്ക് പി.എം. കുസും പദ്ധതിയിൽ വലിയൊരു ലാഭമാണുണ്ടാകാൻ സാദ്ധ്യതയുള്ളത്. സോളാർ പമ്പ് രണ്ടുമണിക്കൂറോ ഒരുമണിക്കൂറോ ഉപയോഗിച്ചതിനുശേഷം

ബാക്കി അഞ്ചോ ആറോ മണിക്കൂർ ലഭിക്കുന്ന വൈദ്യുതി ഗ്രിഡ്ഡിൽ കൊടുക്കാവുന്നതാണ്. മൈക്രോ ഇറിഗേഷൻ പദ്ധതിക്കൂടി വന്നാൽ രണ്ടുമണിക്കൂർ എന്നുള്ളത് ഒരുമണിക്കൂറായി കുറയ്ക്കാനും സാധിക്കും. ബാക്കിയുള്ള സമയം ഗ്രിഡ്ഡിലേയ്ക്ക് നൽകിയാൽ അവർക്ക് പശുവളർത്തൽപോലെയുള്ള അഡീഷണൽ വരുമാനം ലഭിക്കാൻ കഴിയുന്ന വിധത്തിലുള്ള വലിയൊരു മാറ്റമാണ് കാർഷികരംഗത്ത് കൊണ്ടുവരാൻ സാധിക്കുന്നത്. അത് കാർഷികരംഗത്ത് വലിയ ചലനം സൃഷ്ടിക്കും. അതിന്റെകൂടെ മൈക്രോ ഇറിഗേഷനുംകൂടി വൈദ്യുതി കൊടുത്താൽ വിളവ് ഇന്നത്തേതിൽനിന്നും നാലിരട്ടിയോ അഞ്ചിരട്ടിയോ ആയി വർദ്ധിപ്പിക്കാൻ സാധിക്കും. നാണ്യവിളകളെ നനയ്ക്കുന്ന സ്വഭാവം കേരളത്തിലില്ല. എന്നാൽ നാണ്യവിളകളെ മോട്ടോർ ഉപയോഗിച്ച് നനയ്ക്കാൻ സാധിക്കും. 23 ലക്ഷം ഹെക്ടർ കൃഷിയുണ്ടെങ്കിലും മൂന്ന് ലക്ഷം ഹെക്ടറിൽ മാത്രമേ ഇറിഗേറ്റ് ചെയ്യുന്നുള്ളൂ. കേരളത്തിലാണ് ഇത്രയും നാണ്യവിളകൾ ഇറിഗേറ്റ് ചെയ്യാത്ത സ്ഥലം. നാണ്യവിളകൾ ഇറിഗേറ്റ് ചെയ്താൽ നാലോ അഞ്ചോ ഇരട്ടി വിളവ് വർദ്ധിപ്പിക്കാൻ സാധിക്കും. പാലക്കാടാണ് നന്നായി പ്രിസിഷൻ ഫാമിംഗ് ചെയ്യുന്നത്. അവിടെ ഇലക്ട്രിസിറ്റിയാണ് മെയിൻ ഘടകം. അതുപയോഗിക്കുമ്പോൾ അഞ്ചോ ആറോ ഇരട്ടി വിളവ് വർദ്ധിപ്പിക്കാൻ

സാധിക്കും. അത് പരമാവധി ഉപയോഗപ്പെടുത്തണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അതുപോലെ കണികാജലസേചനവും ഊർജ്ജക്ഷമതയുള്ള പമ്പുകളുടെ ഉപയോഗവും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി, പി.എം.കുസും പദ്ധതിയിൽ രൂപകൽപ്പന ചെയ്യുന്നതായിരിക്കും. അതായത് പഴയ പമ്പുകളുടെ ഉപയോഗത്തിന് വൈദ്യുതി വളരെയധികം ചെലവാകുന്നതാണ്. അത് ഊർജ്ജക്ഷമതയുള്ള പമ്പുകളാക്കി പുതുക്കാനും അതോടൊപ്പം മൈക്രോ ഇറിഗേഷനുംകൂടി കൊടുത്താൽ വലിയ രീതിയിൽ വൈദ്യുതി ലാഭിക്കാനും ഭൂഗർഭ ജലശോഷണം കുറയ്ക്കാനും സാധിക്കും. അതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കാനുള്ള പദ്ധതിയുണ്ട്. ആ പദ്ധതി ആവിഷ്കരിച്ചാൽ വലിയ മാറ്റം സൃഷ്ടിക്കാൻ സാധിക്കും. പ്രസരണ മേഖലയിൽ നടപ്പുസാമ്പത്തിക വർഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 28 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു 400 കെ.വി. സബ്സ്റ്റേഷനും ആറ് 220 കെ.വി. സബ്സ്റ്റേഷനുകളും കൂടാതെ പത്തൊൻപത് 110 കെ.വി. സബ്സ്റ്റേഷനുകളും രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. ഗ്രീൻ കോറിഡോർ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള വയനാട് 400 കെ.വി.

സബ്സ്റ്റേഷനുൾപ്പെടെ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണവും വയനാട്, കാസർഗോഡ് 400 കെ.വി. പ്രസരണ ലൈനിന്റെ നിർമ്മാണവും വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. വിതരണ മേഖലയിൽ ദ്യുതി പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം 3.6 ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനാണുദ്ദേശിക്കുന്നത്. ടി കാലയളവിൽ 3,725 കിലോമീറ്റർ എച്ച്. റ്റി. ലൈൻ, 4,434 കിലോമീറ്റർ എൽ. ടി. ലൈനും 2,738 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുമാണ് വിഭാവന ചെയ്തിട്ടുള്ളത്. കൂടാതെ, വിതരണനഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 4,480 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റാനും 43,861 കിലോമീറ്റർ എൽ.ടി./എച്ച്.ടി. ലൈൻ റീ-കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനുപുറമെ, 5.5 ലക്ഷം കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. 24x7 വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും നൽകാനുള്ള സംവിധാനങ്ങൾ തുടർന്നും ഉറപ്പുവരുത്തും. വാതിൽപ്പടി സേവനം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തൽ ലക്ഷ്യമിടുന്നു. സുരക്ഷ എന്നത് തൊഴിലാളികളുടെ അവകാശമാണെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. സുരക്ഷിതമായി

ജോലിചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എല്ലാ ജീവനക്കാർക്കും ലഭ്യമാക്കും. ഡിവിഷൻ - സബ്ഡിവിഷൻ തലത്തിലുള്ള സുരക്ഷാ ഓഡിറ്റുകൾ നടത്തി സുരക്ഷാ വീഴ്ചയ്ക്ക് കർശന നടപടി സ്വീകരിക്കും. വൈദ്യുതികമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കും. വൈദ്യുതി കണക്ഷനുകൾ വലിക്കേണ്ട പുതിയ സർവ്വീസ് കണക്ഷനുകൾ കഴിവതും കവചിത ചാലകങ്ങൾ ഉപയോഗിക്കാൻ K.S.E.B.L. തീരുമാനിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് വൈദ്യുത വാഹനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. കേരളത്തിലെ 140 മണ്ഡലങ്ങളിലും ഊർജ്ജമിത്ര കേന്ദ്രങ്ങൾവഴിയുള്ള വിതരണ സംവിധാനമൊരുക്കും. ഇ.എം.സി.-യിൽ എൽ.ഇ.ഡി. ലൈറ്റ് ടെസ്റ്റിംഗ് ലാബിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മറയൂരിനുസമീപമുള്ള 4 ആദിവാസി ഊരുകളിലെ സൗരോർജ്ജ ചെറുകിട ജലവൈദ്യുത പദ്ധതികളെ ഒരു മൈക്രോ ഗ്രിഡ് പ്രോജക്ട് മുഖാന്തരം ഇന്റർകണക്ട് ചെയ്ത് പൂർണ്ണസമയവും വൈദ്യുതി ഉറപ്പാക്കാൻ 4.5 കോടി രൂപയുടെ കേന്ദ്രസഹായത്തോടെയുള്ള പദ്ധതി നടപ്പാക്കുന്നതാണ്.

വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല അനെർട്ട് വഴി സംസ്ഥാനത്തുടനീളം സ്ഥാപിക്കും. പുനരുപയോഗ ഊർജ്ജ പാർക്ക് ഇടുക്കിയിലെ രാമക്കൽമേടും പുനരുപയോഗ ഊർജ്ജ ഹബ്ബ് പാലക്കാട് കുഴൽമന്ദത്തും സ്ഥാപിക്കും. ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിന്റെ സേവനങ്ങൾ ഓൺലൈൻ മുഖാന്തരമാക്കും. പുതിയതായി മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിക്കും. ജനറേഷൻ രംഗത്ത്, ഹരിത ഊർജ്ജ ഉൽപ്പാദനത്തിനാവശ്യമായ മാറ്റങ്ങൾ ഉൾക്കൊണ്ട് അടുത്ത 5 വർഷംകൊണ്ട് കുറഞ്ഞത് 3000 മെഗാവാട്ട് സോളാർ, കാറ്റാടി, ജലവൈദ്യുത പദ്ധതികൾ എന്നിവവഴി സംസ്ഥാനത്തിനുള്ളിൽത്തന്നെ ഉൽപ്പാദിപ്പിക്കാനുള്ള മിഷൻ മോഡ് പദ്ധതികൾ അനെർട്ട്, കെ.എസ്.ഇ.ബി.എൽ., ഇ.എം.സി., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുടെ സംയോജിതമായ പ്രവർത്തനഘടനയോടെ നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നു. എല്ലാ മേഖലയിലുമുള്ള ഏജൻസികളും പദ്ധതിയുടെ ഭാഗമാകും. ദരിദ്ര ജനവിഭാഗങ്ങൾക്കും ആദിവാസികൾക്കും മത്സ്യബന്ധന സമൂഹത്തിനും സ്ത്രീ നേതൃത്വ ഭവനങ്ങൾക്കും സോളാർ പ്ലാന്റുകൾ നിർമ്മിച്ചുനൽകാൻ സർക്കാർ ലക്ഷ്യമിടുന്നു.

കേന്ദ്ര വൈദ്യുതി നിയമ (ഭേദഗതി) ബിൽ 2021: കേന്ദ്ര വൈദ്യുതി

വിതരണ മേഖലയുടെ സ്വകാര്യവൽക്കരണം മുഖ്യ അജണ്ടയായി ഒരു പ്രദേശത്ത് ഒന്നിലധികം വിതരണ കമ്പനികൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയുടെ കരട് ബിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. വിവിധ നിർദ്ദേശങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും ചില നിർദ്ദേശങ്ങളും സംബന്ധിച്ച് ശക്തമായ വിയോജിപ്പും ആശങ്കയും കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. പാർലമെന്റ് നടപ്പ് സമ്മേളനത്തിൽ ഈ ബിൽ അവതരിപ്പിക്കാൻ നീക്കമുള്ളതിനാൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക രേഖാമൂലം ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയിൽ ഡീലൈസൻസിംഗ് നടപ്പാക്കുകയും യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് വിതരണ പ്രവർത്തനം ഏറ്റെടുക്കാൻ അവസരം നൽകുകയുമാണ് കരട് ബില്ലിൽ ലക്ഷ്യമിടുന്നത്. നിലവിൽ പൊതുമേഖലാ കമ്പനികളുടെ ഉടമസ്ഥതയിലുള്ളതും രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണംകൊണ്ട് കെട്ടിപ്പടുത്തതുമായ അതിവിപുലമായ ഏകദേശം 12,500 കോടി രൂപ ബുക്ക് വാല്യൂ ഉള്ള വൈദ്യുതി വിതരണ ശൃംഖലകൾ സ്വകാര്യ കമ്പനികളുടെ ലാഭക്കച്ചവടത്തിനായി വിട്ടുകൊടുക്കപ്പെടുകയും

ചെയ്യും. സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി നൽകിവരുന്ന ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കുകവഴി സാമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും കർഷകർക്കും വൈദ്യുതി അപ്രാപ്യമാകുന്ന അവസ്ഥയാണ് സംജാതമാകുന്നത്. ഒരു പ്രദേശത്ത് ഒരേ ശൃംഖലയിൽനിന്നും വിവിധ കമ്പനികൾക്ക് വൈദ്യുതി വിതരണം നടത്താൻ അനുവാദം നൽകുകവഴി സ്വകാര്യ കമ്പനികൾക്ക് റവന്യൂ ശേഷിയുള്ള വൻകിടക്കാരെമാത്രം തെരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കുകയും സാധാരണക്കാർക്കും കർഷകർക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിനുള്ള ബാദ്ധ്യത നിറവേറ്റിവരുന്ന പൊതുമേഖല വലിയ നഷ്ടത്തിലേയ്ക്കും തകർച്ചയിലേയ്ക്കും പോകുകയും ചെയ്യും. കൂടിയ നിരക്കിൽ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിരിക്കുന്ന നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വലിയ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. വൈദ്യുതിമേഖലയിൽ കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി ശൃംഖലാ നവീകരണമടക്കമുള്ള കാര്യങ്ങളിലൊന്നും ബാദ്ധ്യതയില്ലാത്തത് വൈദ്യുതി വികസനത്തിന് വലിയ തടസ്സമാണ് സൃഷ്ടിക്കുക.

നിലവിൽ 27,000-ൽപ്പരം ജീവനക്കാർ കെ.എസ്.ഇ.ബി.എൽ.-ന്റെ

വിതരണ മേഖലയിൽ ജോലിചെയ്യുന്നുണ്ട്. വിതരണ മേഖലയിലെ സ്വകാര്യവൽക്കരണം ഈ തൊഴിലാളികളുടെ ഭാവി ഇരുളടഞ്ഞതാക്കും. നിർണ്ണായകമായ എല്ലാ തീരുമാനങ്ങളും കേന്ദ്ര സർക്കാരിന്റെ അധികാരത്തിന് കീഴിലാകുന്നതോടെ രാജ്യത്തെ ഫെഡറൽ വ്യവസ്ഥയുടെ നഗ്നമായ ലംഘനമാണ് ഈ കരട് ബിൽ മുഖേന നടക്കുന്നത്. കേന്ദ്ര നിയമത്താലുണ്ടാകുന്ന മത്സരാടിസ്ഥാനത്തിലുള്ള വിതരണ മേഖലയിൽ മത്സരാധിഷ്ഠിതമായി മുന്നോട്ട് വന്നാൽമാത്രമേ കെ.എസ്.ഇ.ബി.എൽ.-ന് നിലനിൽക്കാനാവുകയുള്ളൂ. ചെലവ് കുറഞ്ഞ വൈദ്യുതി ഉൽപ്പാദനത്തിൽ കൂടുതൽ നിക്ഷേപിച്ചുകൊണ്ടും ചെലവ് കുറഞ്ഞ പാരമ്പര്യേതര ഊർജ്ജം കുഴിവതും വാങ്ങിക്കൊണ്ടും ചെലവേറിയ കരാറുകൾ പുനഃപരിശോധിച്ചുകൊണ്ടും ജീവനക്കാരുടെ പുനർവിന്യാസം ശാസ്ത്രീയമായി നടത്തിക്കൊണ്ടും മാത്രമേ കെ.എസ്.ഇ.ബി.എൽ.-ന് ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ ഇപ്പോഴത്തെ ഭേദഗതി മൂലമുണ്ടാകുന്ന വെല്ലുവിളികൾ നേരിടാനാകൂ. നിലവിലുള്ള ഊർജ്ജ മിശ്രണവും പ്രസരണ-വിതരണ സാങ്കേതിക വിദ്യയും കമ്പ്യൂട്ടിംഗ് സാങ്കേതിക വികസനത്തോടെ ഏറെ മാറുകയാണ്. ഈ മാറ്റങ്ങൾ സശ്രദ്ധം നിരീക്ഷിച്ചും കമ്പ്യൂട്ടർവൽക്കരിച്ച ഡിജിറ്റൽ ബിസിനസ്സ് സങ്കേതങ്ങൾ കമ്പനിയാകെ സ്വീകരിച്ചും

ആധുനികവത്ക്കരിച്ചുകൊണ്ടും മാത്രമേ കെ.എസ്.ഇ.ബി.എൽ.-ന് മുന്നോട്ടുവരാൻ കഴിയുകയുള്ളൂ. ബോർഡിന്റെ വിതരണ-ഉൽപ്പാദന ബിസിനസ്സ് തന്ത്രമാകെ നവീകരിക്കുന്നതിനുള്ള കൂട്ടായ പരിശ്രമമാണുണ്ടാകേണ്ടത്. സാമ്പത്തിക നവീകരണത്തിനും മുൻതൂക്കം നൽകും. ഇപ്രകാരം ഒരു കർമ്മപരിപാടി ആവിഷ്കരിച്ചുകൊണ്ട് നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ച് പൊതുമേഖലയെ ശക്തിപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കെ.എസ്.ഇ.ബി.എൽ.-നെ വരുംവർഷങ്ങളിൽ കൂടുതൽ ശാക്തീകരിക്കും. കോവിഡ്-19-ൽ വിൽപ്പന-പ്രവർത്തിക്കുറവ് നേരിടുന്ന വാണിജ്യസ്ഥാപനങ്ങൾക്ക് കൂടുതൽ ആശ്വാസം പകരാൻ ശ്രമിക്കും. 2020-2021 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ വാണിജ്യ നഷ്ടം ക്രമാതീതമായി വർദ്ധിക്കുന്നത് ഒഴിവാക്കേണ്ടതുണ്ട്. എന്നാലും പരിമിതിക്കുള്ളിലും വ്യവസായ വാണിജ്യ മേഖലകളുടെ വൈദ്യുതി ബിൽ സംബന്ധമായ പ്രയാസങ്ങൾ ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കും. 30-6-2021-ലെ കണക്ക് പ്രകാരം അന്നുവരെയുള്ള ആകെ കുടിശ്ശിക 2,936 കോടി രൂപയാണ്. കുടിശ്ശിക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി.എൽ.-ന് മുന്നോട്ടുപോകാൻ പറ്റാത്ത സാഹചര്യമാണ്

നിലവിലുള്ളത്. കുടിശ്ശിക അടയ്ക്കുന്നതിന് ഗഡുക്കൾ അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം എല്ലാ ഉപഭോക്താക്കളും പ്രയോജനപ്പെടുത്തണമെന്നഭ്യർത്ഥിക്കുന്നു. കെ.എസ്.ഇ.ബി.എൽ.-ൽ കോവിഡ് മഹാമാരിയിലും പ്രളയകാലത്തും നിസ്തുലസേവനം നൽകിയ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും ആദരിക്കും. ബോർഡിന്റെ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തവിധം ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും. എല്ലാ സ്ഥിരം തസ്തികകൾക്കും പ്രൊമോഷന് വേണ്ടതായ ചട്ടങ്ങൾക്ക് 3 മാസത്തിനകം അന്തിമ രൂപം നൽകും. ബോർഡ് ചെയർമാനും ഡയറക്ടർമാർക്കും എല്ലാ സർക്കിളുകളിലും ഉപഭോക്താക്കൾക്ക് നേരിട്ട് വീഡിയോ കോൺഫറൻസ് വഴി പരാതി ബോധിപ്പിക്കാവുന്ന ഇ-ടൗൺഹാൾ സങ്കേതം വഴി പരാതികൾ കേട്ട് പ്രതിമാസം നടപടി സ്വീകരിക്കും. സ്വകാര്യമേഖലയോട് മത്സരിക്കുന്ന കാര്യക്ഷമതയുള്ള കൺസ്യൂമർ ഓൺലൈൻ സേവനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ൽ ഒരുക്കും. ഇതിനായി 1912 കാൾ സെന്ററിന് പുറമെ ജില്ല/സർക്കിൾ തലങ്ങളിൽ ഓൺലൈൻ കൺട്രോൾ റൂമുകളൊരുക്കും. നിർദ്ദിഷ്ട പദ്ധതികളിലൂടെ കൂടുതൽ ഹരിതോർജ്ജം വൈദ്യുതി ഗ്രിഡ്ഡിൽ വരുമ്പോൾ അതിനുവേണ്ട മാറ്റങ്ങളും ബോർഡ് സാങ്കേതിക മാറ്റംവഴി ഉൾക്കൊള്ളും. ഇതിനായി

ദേശീയ തലത്തിൽ വൈദഗ്ധ്യമുള്ള വിദഗ്ധസമിതിയെ നിയോഗിക്കും. സ്വകാര്യ മേഖലയിൽനിന്നുള്ള സാങ്കേതിക വിദഗ്ധരെയും ഇതിനായി നിയോഗിക്കും. വൈദ്യുതി എത്താത്ത വിദൂര വനപ്രദേശങ്ങളിലെ 60 -ഓളം കോളനികളിലെ ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കിവരുന്നു. വൈദ്യുതി കണക്ഷന് ഇതുവരെ അപേക്ഷ നൽകാത്തവർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കർമ്മപദ്ധതി തയ്യാറാക്കും. അങ്കണവാടികൾ വൈദ്യുതീകരിക്കാൻ എസ്റ്റിമേറ്റ് തുകയിൽ ഇളവോടുകൂടിയ നടപടികൾ സ്വീകരിക്കും. കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന ചെറിയ സംരംഭങ്ങൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകും. പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററിംഗ്, സിസ്റ്റം ഇംപ്രൂവ്മെന്റ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായി കേന്ദ്ര പദ്ധതിക്കുള്ള കരട് മാർഗ്ഗനിർദ്ദേശം കേന്ദ്ര ഊർജ്ജവകുപ്പിൽനിന്നും ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് കൂടുതൽ തുക ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നൽകുന്നതാണ്. പദ്ധതിയുടെ നടപ്പാക്കൽ കാലയളവ്, 2021-22 സാമ്പത്തിക വർഷത്തിൽ രൂപരേഖ തയ്യാറാക്കാനും 2025-2026-ഓടുകൂടി പൂർത്തീകരിക്കാനും

ലക്ഷ്യമിടുന്നു. ഇതൊക്കെയാണ് ബോർഡ് സ്വീകരിക്കാൻ ലക്ഷ്യമിടുന്ന പ്രവൃത്തികൾ. കൂടുതലായി സമയം നീട്ടുന്നില്ല, ഈ ഡിമാൻഡ് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുകയാണ്.

ധനാഭ്യർത്ഥന നമ്പർ XXXVII

വ്യവസായങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ. അൻവർ സാദത്ത്, സജീവ് ജോസഫ്, ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ്, പി. സി. വിഷ്ണുനാഥ്, എ. പി. അനിൽ കുമാർ, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, കുറുക്കോളി മൊയ്തീൻ, മഞ്ഞളാംകുഴി അലി, നജീബ് കാന്തപുരം, സണ്ണി ജോസഫ്, എം. വിൻസെന്റ്, സി. ആർ. മഹേഷ്, ഐ. സി. ബാലകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ) ടി. ജെ. വിനോദ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, എന്നീ അംഗങ്ങൾ XXXVII ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ

7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺകുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ശ്രീ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. യു. ജനീഷ് കുമാർ

27. ശ്രീ. ജോബ് മൈക്കിൾ

28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു

30. ശ്രീ. കെ. കൃഷ്ണൻകുട്ടി

31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

32. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

33. ശ്രീ. കോവൂർ കുഞ്ഞുമോൻ

34. ശ്രീ. ലിന്റോ ജോസഫ്

35. ശ്രീ. ടി. ഐ. മധുസൂദനൻ

36. ശ്രീ. പി. മമ്മിക്കുട്ടി

37. ശ്രീ. എം. എം. മണി

38. ശ്രീ. മാത്യു. ടി. തോമസ്

39. ശ്രീ. കെ. ജെ. മാക്സി

40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

41. ശ്രീ. കെ. പി. മോഹനൻ

42. ശ്രീ. എ. സി. മൊയ്തീൻ

43. ശ്രീ. എം. മുകേഷ്

44. ശ്രീ. സി. സി. മുകുന്ദൻ

45. ശ്രീ. ഡി. കെ. മുരളി

46. ശ്രീ. മുരളി പെരുനെല്ലി

47. ശ്രീ. പി. നന്ദകുമാർ

48. ശ്രീ. എ. പ്രഭാകരൻ

49. ശ്രീ. പ്രമോദ് നാരായൺ

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. പി. പ്രസാദ്

52. ശ്രീ. കെ. ഡി. പ്രസേനൻ

53. ശ്രീമതി യു. പ്രതിഭ

54. ശ്രീ. കെ. പ്രേംകുമാർ

55. ശ്രീ. കെ. രാധാകൃഷ്ണൻ

56. ശ്രീ. പി. ടി. എ. റഹീം

57. ശ്രീ. എ. രാജ

58. ശ്രീ. എം. രാജഗോപാലൻ

59. ശ്രീ. കെ. രാജൻ

60. ശ്രീ. പി. രാജീവ്

61. ശ്രീ. കെ. കെ. രാമചന്ദ്രൻ

62. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

63. ശ്രീ. ടി. പി. രാമകൃഷ്ണൻ

64. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

65. ശ്രീ. റോഷി അഗസ്റ്റിൻ

66. ശ്രീ. കെ. എം. സച്ചിൻദേവ്

67. ശ്രീ. സജി ചെറിയാൻ

68. ശ്രീ. എച്ച്. സലാം

69. ശ്രീമതി ശാന്തകുമാരി കെ.

70. ശ്രീ. വി. ശശി

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. ഐ. ബി. സതീഷ്

73. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

74. ശ്രീ. എ. എൻ. ഷംസീർ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. വാഴൂർ സോമൻ

77. ശ്രീ. പി. വി. ശ്രീനിജൻ

78. ശ്രീ. ജി. സ്റ്റീഫൻ

79. ഡോ. സുജിത് വിജയൻപിള്ള

80. ശ്രീ. കെ. വി. സുമേഷ്

81. ശ്രീ. പി. പി. സുമോദ്

82. ശ്രീ. പി. എസ്. സുപാൽ

83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

84. ശ്രീ. തോമസ് കെ. തോമസ്

85. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

86. ശ്രീ. വി. എൻ. വാസവൻ

87. ശ്രീമതി വീണാ ജോർജ്ജ്

88. ശ്രീ. ഇ. കെ. വിജയൻ

89. ശ്രീ. പിണറായി വിജയൻ

90. ശ്രീ. എം. വിജിൻ

91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതിക്കൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

8. ശ്രീ. പി. കെ. ബഷീർ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. പി. ജെ. ജോസഫ്

12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

13. ശ്രീ. സി. ആർ. മഹേഷ്

14. ശ്രീ. കെ. പി. എ. മജീദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. കുറുക്കോളി മൊയ്തീൻ

17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ

19. ശ്രീ. നജീബ് കാന്തപുരം

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. ടി. ജെ. വിനോദ്

35. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 91

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX

വൈദ്യുത പദ്ധതികൾ

മി. സ്പീക്കർ: സർവ്വശ്രീ നജീബ് കാന്തപുരം, കെ. ബാബു (തൃപ്പൂണിത്തുറ), കുറുക്കോളി മൊയ്തീൻ, മഞ്ഞളാംകുഴി അലി, സണ്ണി ജോസഫ്, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, എ. കെ. എം. അഷ്റഫ്, എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, ടി. വി. ഇബ്രാഹിം, ഐ. സി.

ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, എം. വിൻസെന്റ്, എ. പി. അനിൽകുമാർ, സനീഷ്കുമാർ ജോസഫ്, ഷാഫി പറമ്പിൽ, പി. ടി. തോമസ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXXIX-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ ചെയ്തില്ല)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺകുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി

17. ശ്രീ. പി. പി. ചിത്തരഞ്ജൻ

18. ശ്രീമതി ദെലീമ

19. ശ്രീ. ചിറ്റയം ഗോപകുമാർ

20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

21. ശ്രീ. സി. കെ. ഹരീന്ദ്രൻ

22. ശ്രീ. കെ. ടി. ജലീൽ

23. ശ്രീമതി കാനത്തിൽ ജമീല

24. ശ്രീ. ജി. എസ്. ജയലാൽ

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. യു. ജനീഷ് കുമാർ

27. ശ്രീ. ജോബ് മൈക്കിൾ

28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു

30. ശ്രീ. കെ. കൃഷ്ണൻകുട്ടി

31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

32. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

33. ശ്രീ. കോവൂർ കുഞ്ഞുമോൻ

34. ശ്രീ. ലിന്റോ ജോസഫ്

35. ശ്രീ. ടി. ഐ. മധുസൂദനൻ

36. ശ്രീ. പി. മമ്മിക്കുട്ടി

37. ശ്രീ. എം. എം. മണി

38. ശ്രീ. മാത്യു. ടി. തോമസ്

39. ശ്രീ. കെ. ജെ. മാക്സി

40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

41. ശ്രീ. കെ. പി. മോഹനൻ

42. ശ്രീ. എ. സി. മൊയ്തീൻ

43. ശ്രീ. എം. മുകേഷ്

44. ശ്രീ. സി. സി. മുകുന്ദൻ

45. ശ്രീ. ഡി. കെ. മുരളി

46. ശ്രീ. മുരളി പെരുനെല്ലി

47. ശ്രീ. പി. നന്ദകുമാർ

48. ശ്രീ. എ. പ്രഭാകരൻ

49. ശ്രീ. പ്രമോദ് നാരായൺ

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. പി. പ്രസാദ്

52. ശ്രീ. കെ. ഡി. പ്രസേനൻ

53. ശ്രീമതി യു. പ്രതിഭ

54. ശ്രീ. കെ. പ്രേംകുമാർ

55. ശ്രീ. കെ. രാധാകൃഷ്ണൻ

56. ശ്രീ. പി. ടി. എ. റഹീം

57. ശ്രീ. എ. രാജ

58. ശ്രീ. എം. രാജഗോപാലൻ

59. ശ്രീ. കെ. രാജൻ

60. ശ്രീ. പി. രാജീവ്

61. ശ്രീ. കെ. കെ. രാമചന്ദ്രൻ

62. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

63. ശ്രീ. ടി. പി. രാമകൃഷ്ണൻ

64. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

65. ശ്രീ. റോഷി അഗസ്റ്റിൻ

66. ശ്രീ. കെ. എം. സച്ചിൻദേവ്

67. ശ്രീ. സജി ചെറിയാൻ

68. ശ്രീ. എച്ച്. സലാം

69. ശ്രീമതി ശാന്തകുമാരി കെ.

70. ശ്രീ. വി.ശശി

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. ഐ. ബി. സതീഷ്

73. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

74. ശ്രീ. എ. എൻ. ഷംസീർ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. വാഴൂർ സോമൻ

77. ശ്രീ. പി. വി. ശ്രീനിജൻ

78. ശ്രീ. ജി. സ്റ്റീഫൻ

79. ഡോ. സുജിത് വിജയൻപിള്ള

80. ശ്രീ. കെ. വി. സുമേഷ്

81. ശ്രീ. പി. പി. സുമോദ്

82. ശ്രീ. പി. എസ്. സുപാൽ

83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

84. ശ്രീ. തോമസ് കെ. തോമസ്

85. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

86. ശ്രീ. വി. എൻ. വാസവൻ

87. ശ്രീമതി വീണാ ജോർജ്ജ്

88. ശ്രീ. ഇ. കെ. വിജയൻ

89. ശ്രീ. പിണറായി വിജയൻ

90. ശ്രീ. എം. വിജിൻ

91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
13. ശ്രീ. സി. ആർ. മഹേഷ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. ടി. ജെ. വിനോദ്

35. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 91

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9:00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ 28-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.54-ന് പിരിഞ്ഞു.)

******

അനുബന്ധം

(നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*91) കാണുക)

ക്രമ നം.	വിള	അടിസ്ഥാന വില	അടിസ്ഥാന ഉത്പാദന ക്ഷമത (MT/Ha)
1	മരച്ചീനി	12	15
2	നേന്ത്രൻ വയനാടൻ നേന്ത്രൻ	30 24	10 10
3	കൈതച്ചക്ക	15	14
4	കുമ്പളം	9	11
5	വെള്ളരി	8	10
6	പാവൽ	30	10
7	പടവലം	16	15
8	വള്ളിപ്പയർ	34	8
9	തക്കാളി	8	15
10	വെണ്ട	20	8
11	കാബേജ്	11	20
12	ക്യാരറ്റ്	21	15
13	ഉരുളക്കിഴങ്ങ്	20	15
14	ബീൻസ്	28	11
15	ബീറ്റ്റൂട്ട്	21	12
16	വെളുത്തുള്ളി	139	05